
ഹയർ സെക്കണ്ടറി തുല്യത കോഴ്സ്
(Higher Secondary Equivalency Course)

ഗാന്ധിയൻ സ്റ്റഡീസ്
GANDHIAN STUDIES

XII

രണ്ടാം വർഷം



സ്വയംപഠനസാമഗ്രി
(SELF - LEARNING MATERIAL)

കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

കേരളസംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി (KSLMA)
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലനസമിതി (SCERT) കേരളം
2018

ഹയർ സെക്കണ്ടറി തുല്യത കോഴ്സ്
(Higher Secondary Equivalency Course)

രണ്ടാം വർഷം

XII

ഗാന്ധിയൻ സ്റ്റഡീസ്
GANDHIAN STUDIES

സ്വയംപഠന സാമഗ്രി
(SELF-LEARNING MATERIAL)

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്:
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2018

ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാ ഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by :

Kerala State Literacy Mission Authority

TC No.27/1461, Convent Road, Kammattom Lane, Vanchiyoor, Thiruvananthapuram-35

Ph: Off . (0471) 2472253/2472254 Tele-Fax : (0471) 2462252)

E-mail : stateliteracymission@gmail.com, Web: www.literacymissionkerala.org.

State Council of Educational Research and Training (SCERT)

Poojappura, Thiruvananthapuram 695012, Kerala

© Department of Education, Government of Kerala

First Edition	:	2016
Typesetting & Layout	:	KSLMA
Cover design	:	KSLMA
Printed at	:	
Price	:	**₹ 80**

(C) Department of Education, Government of Kerala

ആമുഖം

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ അനൗപചാരിക വിദ്യാഭ്യാസ പദ്ധതിയിലെ തുല്യതാകോഴ്സ് 2015 മുതൽ പതിനൊന്നാം തരത്തിലേക്കുകൂടി വ്യാപിപ്പിച്ചപ്പോൾ അതിനു വേണ്ട അക്കാദമിക് പ്രവർത്തനങ്ങളുടെ ചുമതലയേറ്റെടുത്ത എസ്.സി.ഇ.ആർ.ടി ഏറെ അഭിമാനത്തോടെയാണ് അതിന്റെ തുടർച്ചയായ പന്ത്രണ്ടാം തരത്തിനുവേണ്ട പഠനസാമഗ്രികൾ അവതരിപ്പിക്കുന്നത്. പതിനൊന്നാം തരത്തിനുവേണ്ടി എസ്.സി.ഇ.ആർ.ടി തയാറാക്കിയ ഓരോ പഠനസാമഗ്രിയും ഉള്ളടക്കത്തിലും അവതരണത്തിലും സൂക്ഷിച്ച മികവും പ്രയോഗക്ഷമതയും ഏറെ പ്രശംസിക്കപ്പെട്ടു എന്നതിൽ സന്തോഷമുണ്ട്.

ഔപചാരികവിദ്യാഭ്യാസം തുടരാൻ സാധിക്കാതെപോയ 19700 പേർ കഴിഞ്ഞ അധ്യയന വർഷം സംസ്ഥാന ഹയർസെക്കണ്ടറി കോഴ്സിനു തുല്യമായ പതിനൊന്നാംതരം ക്ലാസിൽ ചേർന്നു പഠനമാരംഭിച്ചിട്ടുണ്ട്. കേരള ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് സമൂഹശാസ്ത്ര പഠനത്തിനു നിർദ്ദേശിച്ചിട്ടുള്ള എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങളുടെ ഉള്ളടക്കവും അവതരണക്രമവും നിലവാരവും നിലനിർത്തിക്കൊണ്ടാണ് പുസ്തകങ്ങൾ തയാറാക്കിയിരിക്കുന്നത്. ഒപ്പം ജീവിതത്തിന്റെ വൈവിധ്യമാർന്ന മേഖലകളിൽ പ്രവർത്തിക്കുന്ന മുതിർന്ന പഠിതാക്കൾക്ക് തങ്ങളുടെ ജീവിത പരിസരവുമായി ബന്ധപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കും നിരന്തര മൂല്യനിർണ്ണയത്തിനും വേണ്ടത്ര ഇടം ഈ പഠനസാമഗ്രികൾ നൽകിയിട്ടുണ്ട്.

ഒന്നാം വർഷ പഠിതാക്കളിൽ നിന്നും സമ്പർക്ക ക്ലാസുകൾ കൈകാര്യം ചെയ്ത അധ്യാപകരുടെയും നിർദ്ദേശങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ട് സ്വയം വിലയിരുത്തലിനുള്ള കൂടുതൽ ചോദ്യങ്ങളും ആയതിന്റെ ഉത്തരസൂചികയുംകൂടി നൽകി സമ്പുഷ്ടമാക്കാൻ പഠനസാമഗ്രിക്കു പിന്നിൽ പ്രവർത്തിച്ച വിദഗ്ധർ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

ഈ സ്വയം പഠന സാമഗ്രിക്കൊപ്പം അധികവായനയും ജീവിതാനുഭവങ്ങളും താങ്കളെ മഹത്തരമായ വിജയത്തിലേക്ക് നയിക്കും എന്ന പ്രതീക്ഷയോടെ, വിജയം ആശംസിക്കുന്നു.

ഡോ.ജെ.പ്രസാദ്
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

ശില്പശാലയിൽ പങ്കെടുത്തവർ

ജെ.ജോൺ ക്രിസ്റ്റഫർ
ജി.എച്ച്.എസ്.എസ്. മങ്ങാട്, കൊല്ലം

മാത്യു പ്രകാശ്.കെ.എ.
സെന്റ് ഗൊരേറ്റി എച്ച് എസ്.എസ്.
പുനലൂർ, കൊല്ലം

വിനയകുമാർ.എം.
ജി.എച്ച്.എസ്.എസ്. കോട്ടപ്പുറം,
മലപ്പുറം

ഫൈസൽ.കെ.
ഇ.എം.ഇ.എ.എച്ച്.എസ.എസ്
കൊണ്ടോട്ടി, മലപ്പുറം

പ്രമോദ്.എസ്.
ജി.എം.ജി.എച്ച്.എസ്.എസ്.
ചടയമംഗലം, കൊല്ലം

അബ്ദുൾ സമദ്.കെ.സി
ജി.എച്ച്.എസ്.എസ്. പുത്തൂർ, വടകര

ഡോ.എൽ.കൃഷ്ണൻ നാടാർ
സെന്റ് ജോൺസ് എച്ച്.എസ്.എസ്.
ഉണ്ടൻകോട്, തിരുവനന്തപുരം

കെ.എം.അബ്ദുൽ ഗഫൂർ
ജി.എച്ച്.എസ്.എസ്.എടപ്പാൾ, മലപ്പുറം

സാനു കെ.സുഗതൻ
ടി.ആർ.കെ.എച്ച്.എസ്.എസ്.
വണിയംകുളം, പാലക്കാട്

വിദഗ്ധ സമിതി

അജിത് ആർ.പിള്ള
ഡി.ബി.എച്ച്.എസ്.എസ്, പരുമല, പത്തനംതിട്ട

അക്കാദമിക് ചുമതല

അഞ്ജന വി.ആർ.ചന്ദ്രൻ
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

കോഡിനേഷൻ

കെ. അയ്യപ്പൻ നായർ
അസി.ഡയറക്ടർ (തുല്യത & അക്കാദമിക്) സംസ്ഥാന സാക്ഷരത മിഷൻ

കോഡിനേഷൻ സഹായം

റിയാന അൻസാരി
പ്രോഗ്രാം ഓഫീസർ, സംസ്ഥാന സാക്ഷരത മിഷൻ

ബീന എ.ആർ
പ്രോഗ്രാം ഓഫീസർ, സംസ്ഥാന സാക്ഷരത മിഷൻ

എം.എം.ഷറഫുദ്ദീൻ
കോർഡിനേറ്റർ (തുല്യത), സംസ്ഥാന സാക്ഷരത മിഷൻ

പഠിതാക്കളോട്

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 1998ൽ ആരംഭിച്ച തുടർവിദ്യാഭ്യാസപരിപാടികളിൽ ഏറ്റവും ശ്രദ്ധേയവും ജനകീയ വുമാണ് തുല്യതാ പരിപാടി. നവസാക്ഷരർ, സ്ക്കൂളിൽ നിന്ന് കൊഴിഞ്ഞുപോ യവർ തുടങ്ങി ഔപചാരിക വിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കാതെ പോയ വർക്ക് അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ തുടർപഠനത്തിന് സാക്ഷരതാ മിഷൻ അവസരം നൽകുന്നു. നാലാംതരം, ഏഴാംതരം, പത്താംതരം തുല്യത യിലൂടെ വിജയിച്ച ലക്ഷക്കണക്കിനാളുകൾക്ക് ഉപരിപഠനത്തിനും സ്ഥാനകയ റ്റത്തിനും ഇതിലൂടെ അവസരവും ലഭിച്ചിട്ടുണ്ട്.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ പഠനാനുഭവങ്ങൾ പൂർണ്ണമായി ലഭിക്കാത്ത വരും പലവിധ കാരണങ്ങളാൽ പഠനം പാതിവഴിയിൽ നിർത്തേണ്ടിവന്നവരും ജീവിതായോധനത്തിനായി വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരു മാണ് തുല്യതാ പഠനത്തിലെ ബഹുഭൂരിപക്ഷം പഠിതാക്കളും. ജീവിതത്തെ ആഴത്തിൽ മനസ്സിലാക്കാനും വസ്തുനിഷ്ഠമായി സമീപിക്കാനും കഴിയുന്ന പഠനരീതിയാണ് സ്വയംപഠനസാമഗ്രികളിൽ സ്വീകരിച്ചിരിക്കുന്നത്.

ഹയർ സെക്കൻഡറി തുല്യതാ കോഴ്സിൽ മാനവികവിഷയങ്ങളായ ഹ്യൂമാ നിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളാണ് ഉൾപെടുത്തിയിട്ടുള്ളത്. മറ്റു പാഠപുസ്ത കങ്ങളിൽനിന്ന് വ്യത്യസ്തമായി സ്വയംപഠനസാമഗ്രികളാണ് സാക്ഷരതാ മിഷൻ തയ്യാറാക്കിയിട്ടുള്ളത്. എസ്.സി.ഇ.ആർ.ടിയുടെ അക്കാദമിക സഹകര ണത്തോടെ പരിചയസമ്പന്നരായ അധ്യാപകരുടെയും അനൗപചാരിക വിദ്യാ ഭ്യാസ വിദഗ്ദരുടെയും മേൽനോട്ടത്തിൽ ശാസ്ത്രീയമായ രീതിയിൽ മുതിർന്ന വരുടെ ബോധനശാസ്ത്രത്തിന്റെ വെളിച്ചത്തിൽ നിരവധി ശില്പശാലകളിലൂ ടെയാണ് പഠനസാമഗ്രികൾ തയ്യാറാക്കിയിട്ടുള്ളത്. സ്ഥിതിസമത്വം, സാമൂഹ്യ നീതി, ജനാധിപത്യബോധം, മതേതരത്വം തുടങ്ങിയവ വളർത്തുക, തൊഴിൽ/ സംരഭകത്വശേഷിക്ക് സഹായകമായ നേതൃപാടവം, ആശയവിനിമയശേഷി, സംഘാടന നൈപുണി തുടങ്ങിയ കഴിവുകൾ വികസിപ്പിക്കുക എന്നിവ ഇതിന്റെ ലക്ഷ്യങ്ങളാണ്. പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, സർട്ടിഫിക്കറ്റ് വിതരണം എന്നിവ നടത്തുന്നത് പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള ഹയർസെ ക്കൻഡറി ഡയറക്ടറേറ്റാണ്.

ഈ കോഴ്സിന് ആവശ്യമായ സ്വയംപഠനസാമഗ്രികൾ തയ്യാറാക്കുന്നതിന് സഹായിച്ച അനൗപചാരികവിദ്യാഭ്യാസ വിദഗ്ധർ, ഹയർ സെക്കണ്ടറി/കോളജ് അധ്യാപകർ, ഉദ്യോഗസ്ഥർ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു. സമ്പർക്ക പഠനക്ലാസുകൾക്ക് നേതൃത്വം നൽകുന്ന അധ്യാപകർക്കും മറ്റ് സഹപ്രവർത്ത കർക്കും ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

ഡോ.പി.എസ്.ശ്രീകല
ഡയറക്ടർ
സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

ഉള്ളടക്കം

1 ഹിന്ദ് സ്വരാജ് ..... 9 - 22
(HIND SWARAJ)

2 ഗാന്ധിജിയുടെ വിദ്യാഭ്യാസചിന്തകൾ ..... 23 - 47
(Educational Philosophy of Mahatma Gandhi)

3 സമാധാനപഠനം ..... 48 - 71
(Peace Studies)

4 സാമൂഹ്യ മാറ്റവും അഹിംസാത്മക സാമൂഹ്യപ്രസ്ഥാനങ്ങളും ..... 72 - 88
(Social Change and Non - Violent Social Movements

5 ഗ്രാമവികസനം ..... 89 - 118
(Rural Development)

6 ഗ്രാമഭരണം ..... 119 - 139
(Rural Administration)

7 ഗാന്ധിജിയുടെ വികസന കാഴ്ചപ്പാടുകൾ ..... 140 - 160
(Gandhian Vision of Development)

8 ഗാന്ധിജിയും പരിസ്ഥിതിയും ..... 161 - 215
(Gandhiji and Environment)

1

ഹിന്ദ് സ്വരാജ്

(HIND SWARAJ)



ആമുഖം

ഗാന്ധിയൻ ദർശനത്തിന്റെ പ്രമാണരേഖയാണ് ഹിന്ദ് സ്വരാജ് എന്ന് കരുതാം. ആധുനിക നാഗരികതയെക്കുറിച്ചുള്ള വിമർശനങ്ങളും അതിന്റെ പ്രശ്നങ്ങളിൽ നിന്നുള്ള വിമോചനവഴികളുമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. സ്വരാജിനെക്കുറിച്ചും യഥാർത്ഥ സംസ്കാരത്തെക്കുറിച്ചും ഗാന്ധിജി തന്റെ ആശയങ്ങൾ സംവാദരൂപത്തിൽ പങ്കുവയ്ക്കുന്നു. ഇന്ത്യ ബ്രിട്ടന്റെ അടിമത്തത്തിലല്ലെന്നും ആധുനിക നാഗരികതയുടെ കീഴിലാണ് ഇന്ത്യ അടിമപ്പെട്ടിരിക്കുന്നതെന്നും ഗാന്ധിജി നിരീക്ഷിക്കുന്നു. വിദേശമേധാവിത്വത്തിൽ നിന്നുള്ള മോചനത്തിനപ്പുറം 'സ്വയം ഭരിക്കുക, അവനവനെത്തന്നെ ഭരിക്കുക' എന്ന ദർശനമാണ് ഹിന്ദ് സ്വരാജ് മുന്നോട്ട് വയ്ക്കുന്നത്.

ഉപഭോഗ ധൂർത്തുകൾക്കായി ആവശ്യങ്ങളെ അനന്തമായി വർദ്ധിപ്പിച്ച്, നമ്മുടെ നിലനിൽപ്പിന് അത്യാവശ്യവും പകരം വയ്ക്കാനാവാത്തതുമായ വിഭവങ്ങളുടെ അനിയന്ത്രിത ചൂഷണം വികസനത്തിന്റെ പേരിൽ ഇന്ന് നടക്കുകയാണ്. ശാസ്ത്രസാങ്കേതിക വിദ്യകളിൽ അതിവേഗം വളരുമ്പോഴും സമൂഹത്തിൽ ദാരിദ്ര്യവും അസമത്വവും ഇല്ലാതാകുന്നുമില്ല. വിഷമാലിന്യങ്ങൾ കൊണ്ട് ഭൂമുഖം വികൃതമാക്കപ്പെടുകയും മാനവസമൂഹം ഒരു പാരിസ്ഥിതിക ദുരന്തത്തിന്റെ വക്കിൽ എത്തിനിൽക്കുകയും ചെയ്യുന്നു. ഈ വിപത്തുകളെ മുൻകൂട്ടി കണ്ട ഗാന്ധിജിയുടെ ദീർഘവീക്ഷണത്തിന്റെ സാക്ഷ്യപത്രമാണ് ഹിന്ദ് സ്വരാജ്. നിർധനരും ദരിദ്രരും വേട്ടയാടപ്പെടുന്നവരും ബഹിഷ്കൃതരുമായ കോടാനുകോടി മനുഷ്യർക്ക് തങ്ങളുടേതായ തിരിച്ചറിവിൽ എത്താനും, അവനവന്റെ ഇടം കണ്ടെത്താനുമുള്ള വഴികാട്ടിയാണ് ഹിന്ദ് സ്വരാജ്.

പഠനനേട്ടങ്ങൾ

- ഹിന്ദ് സ്വരാജ് ഗാന്ധിയൻ മാനിഫെസ്റ്റോ ആണെന്നു തിരിച്ചറിയുന്നു.
- ഹിന്ദ് സ്വരാജ് എഴുതിയ ചരിത്രപശ്ചാത്തലം വിലയിരുത്തുന്നു.
- സ്വരാജ് എന്ന ആശയം മനസ്സിലാക്കുന്നു.
- പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ വിമർശനം വിശകലനം ചെയ്യുന്നു.
- യഥാർത്ഥ നാഗരികതയുടെ മേന്മകൾ വിശദമാക്കാൻ കഴിയുന്നു.
- ആധുനിക നാഗരികതയുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു.
- യന്ത്രവൽക്കരണത്തെപ്പറ്റിയുള്ള ഗാന്ധിയുടെ വിമർശനം വിലയിരുത്തുന്നു.
- ഹിന്ദ് സ്വരാജിലെ ഗാന്ധിയൻ ആശയങ്ങളുടെ പ്രസക്തി തിരിച്ചറിയുന്നു

മഹാത്മാ ഗാന്ധി എഴുതിയ ആദ്യ പുസ്തകമാണ് ഹിന്ദ് സ്വരാജ് (ഇന്ത്യയുടെ സ്വയം ഭരണം). 1909-ൽ ലണ്ടനിൽ നിന്നും ദക്ഷിണാഫ്രിക്കയിലേയ്ക്ക് കിൽഡോണ കാസിൽ എന്ന കപ്പലിൽ യാത്ര ചെയ്യുമ്പോഴാണ് ഗാന്ധിജി ഈ പുസ്തകം എഴുതിയത്. 1909 നവംബർ 13 മുതൽ 22 വരെയുള്ള തുടർച്ചയായ 10 ദിവസങ്ങളാണ് ഈ പുസ്തകരചനയ്ക്കായി ഗാന്ധിജി ഉപയോഗിച്ചത്. വലത് കൈകൊണ്ട് എഴുതി തളരുമ്പോൾ ഇടതുകൈ ഉപയോഗിച്ചും ഗാന്ധിജി എഴുതി. ആദ്യം ഗുജറാത്തിയിൽ എഴുതിയ ഈ പുസ്തകം ഇന്ത്യൻ ഒപ്പീനിയൻ എന്ന പത്രത്തിൽ പരമ്പരയായി പ്രസിദ്ധീകരിച്ചു. അതിനുശേഷം 1910-ൽ ആണ് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചത്. 1910-ൽ ബോംബെ ഗവൺമെന്റ് ഈ പുസ്തകം നിരോധിച്ചതിനെത്തുടർന്ന് ഗാന്ധിജി "ഇന്ത്യൻ ഹോം റൂൾ" എന്ന പേരിൽ ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകരിച്ചു.

ഗാന്ധിജിയുടെ ആശയങ്ങൾ പൂർണ്ണമായും ഉൾക്കൊള്ളിച്ചുകൊണ്ട് രചിച്ച പുസ്തകമാണ് ഹിന്ദ് സ്വരാജ്. ഗാന്ധിജി അദ്ദേഹത്തിന്റെ മറ്റ് പല പുസ്തകങ്ങളിലേയും ആശയങ്ങൾക്ക് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. എന്നാൽ ഒരു വനിതാ സുഹൃത്തിന്റെ നിർദ്ദേശത്താൽ ഒരു വാക്ക് മാറ്റിയതൊഴിച്ചാൽ ഹിന്ദ് സ്വരാജിലെ ആശയങ്ങളൊന്നും അദ്ദേഹം മാറ്റിയില്ല. അത്രത്തോളം വ്യക്തമായ കാഴ്ചപ്പാടോടെയാണ് ഗാന്ധിജി ഹിന്ദ് സ്വരാജ് രചിച്ചത്. ഗാന്ധിജിയുടെ നയപ്രഖ്യാപനമായി ഹിന്ദ് സ്വരാജ് അറിയപ്പെടുന്നു. ഗാന്ധിയൻ ദർശങ്ങളുടെ സത്ത എന്നും അടിസ്ഥാന രൂപരേഖ എന്നും ഹിന്ദ് സ്വരാജ് വിശേഷിപ്പിക്കപ്പെടാറുണ്ട്. ഗാന്ധിയൻ ആശയങ്ങളുടെ തനിപ്പകർപ്പായ ഈ പുസ്തകം ഗാന്ധിയൻ മാനിഫെസ്റ്റോ എന്നും അറിയപ്പെടുന്നു.

മറ്റ് പുസ്തകങ്ങളിൽ നിന്നും വ്യത്യസ്തമായി സംഭാഷണശൈലിയിലാണ് ഈ പുസ്തകം എഴുതിരിക്കുന്നത്. ഇന്ത്യൻ ഒപ്പീനിയൻ പത്രത്തിന്റെ എഡിറ്ററും (ഗാന്ധിജി) വായനക്കാരനും തമ്മിലുള്ള ചോദ്യോത്തര രൂപത്തിലാണ് ഈ പുസ്തകം

രചിച്ചിരിക്കുന്നത് (വായനക്കാരന്റെ ചോദ്യങ്ങൾക്കുള്ള മറുപടിയായി ഗാന്ധിജി തന്റെ ആശയങ്ങൾ വ്യക്തമാക്കുന്ന തരത്തിൽ). ഗാന്ധിജി ആദ്യമായി രചിച്ച പുസ്തകമെന്ന നിലയിൽ ഹിന്ദ് സ്വരാജിന് വലിയ പ്രചാരം ലഭിക്കുകയും ധാരാളം വായനക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ഈ പുസ്തകം പുന:പ്രസിദ്ധീകരിക്കുകയും ചെയ്തു.

ചരിത്രപശ്ചാത്തലം

1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം ഇന്ത്യയിൽ ദേശീയബോധം ഉണർത്തുന്നതിന് ഇടയായി. 'സ്വരാജ് എന്റെ ജൻമാവകാശമാണ്, ഞാൻ അത് നേടും' എന്ന ബാലഗംഗാധര തിലകന്റെ ആഹ്വാനം ഇന്ത്യയിലെ ദേശസ്നേഹികളായ യുവജനങ്ങൾ ഏറ്റെടുത്തു. 1905-ലെ ബംഗാൾ വിഭജനം ജനങ്ങളുടെ ഇടയിൽ അസ്വസ്ഥത ഉളവാക്കി. ഇത് ബ്രിട്ടീഷുകാരോടുള്ള കടുത്ത വിദ്വേഷത്തിൽ കലാശിച്ചു. തൽഫലമായി ബ്രിട്ടീഷുകാർ പല സ്ഥലത്തും ആക്രമിക്കപ്പെടുകയും സർക്കാർ വസ്തുവകകൾ നശിപ്പിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ഗാന്ധിജി നടത്തിയ ഇംഗ്ലണ്ട് സന്ദർശനവും അവിടെയുള്ള തീവ്രചിന്താഗതിക്കാരായ ഇന്ത്യാക്കാരുമായി നടത്തിയ ചർച്ചകളും അവരുടെ അക്രമ അഭിനിവേശവും അരാജകത്വനിലപാടുകളുമാണ് ഈ പുസ്തകം എഴുതാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത്. ഭൗതികതയിൽ ഊന്നിയ ആധുനിക നാഗരികതയുടെ വ്യാപനവും ഈ പുസ്തകമെഴുതാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചു. ഹിന്ദ് സ്വരാജിൽ പറഞ്ഞിരിക്കുന്ന ആശയങ്ങൾ പലതും വർഷങ്ങൾക്ക് മുൻപുതന്നെ ഗാന്ധിജിയുടെ മനസ്സിൽ രൂപപ്പെട്ടവയാണ്. ലോകത്തോട് പ്രത്യേകിച്ച് ഇന്ത്യാക്കാരുമായി ഈ ആശയങ്ങൾ പങ്ക് വയ്ക്കണമെന്നും ബ്രിട്ടീഷ് കോളനിവത്ക്കരണമല്ല യഥാർത്ഥ ശത്രുവെന്ന് ഇന്ത്യാക്കാരോട് പറയണമെന്നും ഗാന്ധിജി ആഗ്രഹിച്ചിരുന്നു. ആധുനിക നാഗരികതയാണ് യഥാർത്ഥ ശത്രു. ഇന്ത്യയമർന്നത് ബ്രിട്ടന്റെ കാൽക്കീഴിൽ അല്ലെന്നും പാശ്ചാത്യ പരിഷ്ക്കാരത്തിന്റെ കീഴിലാണെന്നും ഗാന്ധിജി ഉറച്ചു വിശ്വസിച്ചു.

സ്വാധീനങ്ങൾ

പഠനപ്രവർത്തനം

ഗാന്ധിജിയെ സ്വാധീനിച്ച വ്യക്തികളെയും അവരുളവാക്കിയ സ്വാധീനത്തെയും കുറിച്ച് ചാർട്ട് തയ്യാറാക്കുക.

ഹിന്ദ് സ്വരാജിലെ ആശയങ്ങൾ രൂപപ്പെടുത്തുന്നതിന് നിരവധി വ്യക്തികൾ ഗാന്ധിജിയെ സ്വാധീനിച്ചിട്ടുണ്ട്. ലിയോ ടോൾസ്റ്റോയി, ജോൺ റസ്കിൻ, ഹെൻട്രി ഡേവിഡ് തോറോ, ആർ.സി. ദത്ത്, എഡ്വേർഡ് കാർപെന്റർ എന്നിവർ അവരിൽ പ്രമുഖരാണ്. അതുകൊണ്ടാണ് ഗാന്ധിജി ഹിന്ദ് സ്വരാജിന്റെ ആമുഖത്തിൽ ഇപ്രകാരം എഴുതിയത് – 'ഇതിലുള്ള കാഴ്ചപ്പാടുകളെല്ലാം എന്റേതാണ്, എന്നാൽ എന്റേത് മാത്രമല്ല'. ഗാന്ധിജി ഇംഗ്ലണ്ടിൽ ആയിരുന്നപ്പോൾ എഡ്വേർഡ് കാർപെന്ററുടെ നാഗരികത: കാരണവും നിവാരണവും (Civilization: Its Cause and Cure) എന്ന പുസ്തകം വായിക്കാൻ ഇടയായി. പിൽക്കാലത്ത് ഹിന്ദ് സ്വരാജ് എഴുതിയപ്പോൾ ഈ പുസ്തകത്തിലെ ആശയങ്ങൾ ഗാന്ധിജിയെ വളരെയധികം സ്വാധീനിച്ചു. ഹിന്ദ് സ്വരാജിൽ ഗാന്ധിജി ഇങ്ങനെ എഴുതി – "പ്രശസ്തനായ ഒരു ഇംഗ്ലീഷ് ഗ്രന്ഥകാരൻ

നാഗരികത: കാരണവും നിവാരണവും (Civilization: Its Cause and Cure) എന്ന പേരിൽ ഒരു പുസ്തകം എഴുതിയിട്ടുണ്ട്. അതിൽ ആധുനിക നാഗരികതയെ ഒരു രോഗമായി അദ്ദേഹം വിശദീകരിക്കുന്നു". ആർ.സി.ദത്തിന്റെ സ്വാധീനത്തെപ്പറ്റിയും ഗാന്ധിജി പരാമർശിക്കുന്നുണ്ട്. "ദത്തിന്റെ ഇന്ത്യയുടെ സാമ്പത്തികശാസ്ത്രം (Economic History of India) എന്ന പുസ്തകം വായിച്ചപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. വീണ്ടും വീണ്ടും അതിനെപ്പറ്റി ചിന്തിച്ചപ്പോഴൊക്കെ എന്റെ മനസ്സ് വിങ്ങി" എന്നും ഗാന്ധിജി പറയുന്നു.

ഹിന്ദ് സ്വരാജിന്റെ ഉള്ളടക്കം

ഹിന്ദ് സ്വരാജ് എന്ന പുസ്തകത്തിൽ 20 അദ്ധ്യായങ്ങളാണുള്ളത്. ഇതിൽ വളരെ ശാസ്ത്രീയവും ലളിതവുമായാണ് ആശയങ്ങൾ പ്രതിപാദിച്ചിരിക്കുന്നത്. ചെറിയ ബാലനോ ബാലികയ്ക്കോ പോലും മനസ്സിലാകുന്ന ലളിതമായ ഭാഷാ ശൈലിയിലാണ് രചന. എന്നാൽ ചില അവസരങ്ങളിൽ വളരെ ശക്തമായ ഭാഷയിൽ തന്റെ എതിർപ്പുകൾ പ്രകടിപ്പിക്കുന്നതിനും ഗാന്ധിജി ശ്രമിച്ചിട്ടുണ്ട്. ആധുനിക നാഗരികതയുടെ പ്രശ്നങ്ങളെക്കുറിച്ചും നമ്മുടെ സമൂഹത്തിൽ അത് ഉളവാക്കിയ മാറ്റത്തെക്കുറിച്ചുമാണ് ഗാന്ധിജി ഈ പുസ്തകത്തിൽ പ്രധാനമായും ചർച്ച ചെയ്യുന്നത്. ഇത് കൂടാതെ സ്വരാജ് എന്ന ആശയത്തെക്കുറിച്ചും, ബ്രിട്ടീഷ് പാർലമെന്റ്, നിഷ്ക്രിയ പ്രതിരോധം (Passive resistance), വിദ്യാഭ്യാസം, യന്ത്രവൽക്കരണം എന്നീ ആശയങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. ഈ ആശയങ്ങളെക്കുറിച്ച് താഴെ പറയുംവിധം വിശദമാക്കാം.

സ്വരാജ്

ഹിന്ദ് സ്വരാജിന്റെ നാലാം അദ്ധ്യായത്തിലാണ് ഗാന്ധിജി സ്വരാജിനെക്കുറിച്ചുള്ള തന്റെ ആശയങ്ങൾ വ്യക്തമാക്കിയിരിക്കുന്നത്. സ്വരാജ് എന്ന വാക്കിന്റെ വാച്യാർത്ഥം സ്വയം ഭരണം എന്നാണ്. എന്നാൽ സ്വരാജ് എന്നതുകൊണ്ട് ബ്രിട്ടീഷുകാരിൽനിന്നും ഇന്ത്യയുടെ ഭരണം പിടിച്ചെടുക്കുക എന്നു മാത്രമല്ല ഗാന്ധിജി അർത്ഥമാക്കിയത്. ഗാന്ധിജിയുടെ കാഴ്ചപ്പാടിലുള്ള സ്വരാജിന് വളരെ ബൃഹത്തായ അർത്ഥ തലങ്ങളുണ്ട്. എല്ലാത്തരത്തിലുള്ള നിയന്ത്രണങ്ങളിൽ നിന്നുമുള്ള മോചനം എന്നാണ് ഗാന്ധിജി സ്വരാജിലൂടെ അർത്ഥമാക്കുന്നത്-സ്വയം നിയന്ത്രണം.

എന്താണ് സ്വരാജ് എന്നതിനെപ്പറ്റി ഗാന്ധിജി ഹിന്ദ് സ്വരാജിൽ പറയുന്നത് എന്ന് ശ്രദ്ധിക്കുക."ഒരുവൻ അവനവനെത്തന്നെ ഭരിക്കാൻ പഠിക്കുമ്പോൾ, സ്വയം ഭരിക്കുമ്പോൾ, സ്വയംഭരണം, സ്വരാജ് ആയി. ആയതിനാൽ സ്വരാജ് നമ്മുടെ ഉള്ളം കയ്യിൽത്തന്നെയുണ്ട്. സ്വരാജ് ഒരു സ്വപ്നമാണെന്നു കരുതി വെറുതെ ഇരിക്കാൻ പറ്റില്ല. ഞാൻ വിഭാവനം ചെയ്യുന്ന സ്വരാജ് എങ്ങനെയുള്ളതെന്നോ? നാമതു നേടിക്കഴിഞ്ഞാൽ അന്യർക്കതു നേടാനുള്ള പ്രേരണ ജീവിതാന്ത്യം വരെ നൽകിക്കൊണ്ടിരിക്കണം. എന്നാൽ ഓരോ വ്യക്തിക്കും സ്വന്തം അനുഭവം വഴി മാത്രമേ, അതിന്റെ നേരറിയാനൊക്കൂ. മുങ്ങിത്താഴുന്ന ഒരാൾക്ക് മുങ്ങുന്ന മറ്റൊരാളെ രക്ഷിക്കാനാവില്ല. അടിമക

ളായ നമുക്കെങ്ങനെ അന്യരെ സ്വതന്ത്രരാക്കാനാകും?"

അന്നത്തെ ദേശീയവാദികൾ സ്വരാജിനെ കേവലം ''സ്വാതന്ത്ര്യം'' എന്ന രാഷ്ട്രീയത്തിലേക്ക് ചുരുക്കിയിരുന്നു. ഗാന്ധി തന്നെ പറയുന്നു, "നിങ്ങൾ സ്വരാജ് എന്ന് വിളിക്കുന്നതുണ്ടല്ലോ, അത് ശരിയായ സ്വരാജ് അല്ല". തീവ്ര ദേശീയതയുടെ വിത്തു പാകാൻ ശ്രമിച്ച നേതാക്കൾ ഉൾപ്പെടെയുള്ളവർക്കുള്ള മറുപടി കൂടിയാണത്.

ഒരുവൻ അവനെ തിരിച്ചറിയുന്നതാണ്, സ്വയം അറിയലാണ് സ്വരാജ്. "അവനവനെ അറിയുന്നതിലൂടെ" മാത്രമേ, അന്യനെയും ഇതര ജീവികളെയും അറിയാനാവൂ എന്ന സത്യം സ്വരാജ് ബോധ്യപ്പെടുത്തുന്നു. സ്വരാജ് നേടുന്നവൻ സഹജീവികളിലേക്ക് പോകുവാൻ, സമൂഹത്തിലെ സകലതിനെയും ഉൾക്കൊള്ളുന്ന അനുഭവമായി മാറുവാൻ പ്രേരിപ്പിക്കപ്പെടുന്നു.
സഹന സമരം- സത്യാഗ്രഹമാണ് സ്വരാജിലേക്കുള്ള മാർഗമെന്നു ഗാന്ധിജി പറയുന്നു. അതു ചലിക്കുന്നത് 'ആത്മീയ ശക്തിയാലും സ്നേഹശക്തിയാലും' ആണ്. അത് നേടുന്നതിന് സ്വദേശി ദർശനം വളരെ അത്യാവശ്യമാണ്.

പാർലമെന്ററി ജനാധിപത്യം

പഠനപ്രവർത്തനം

പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള ചർച്ച നടത്തി അവതരിപ്പിക്കുക.

ഹിന്ദ് സ്വരാജിൽ ഗാന്ധിജി പാർലമെന്ററി ജനാധിപത്യത്തെ പ്രത്യേകിച്ചും ബ്രിട്ടീഷ് പാർലമെന്റിനെ നിശിതമായി വിമർശിക്കുന്നുണ്ട്. കാരണം ബ്രിട്ടീഷ് പാർലമെന്റിനെ പാർലമെന്ററി വ്യവസ്ഥയുടെ മാതാവായി കണക്കാക്കുന്നു. പാർലമെന്ററി വ്യവസ്ഥ അതിന്റെ സ്വതസിദ്ധമായ രീതിയിൽ യാതൊരു നൻമയും ചെയ്യുന്നില്ല. മറ്റാരുടെയെങ്കിലും സമ്മർദ്ദം ഇല്ലാതെ അതിനു പ്രവർത്തിക്കാനും കഴിയില്ല. മാറിമാറി വരുന്ന ഭരണകർത്താക്കളുടെ നിയന്ത്രണത്തിലാണിത്. ഈ പാർലമെന്റിന് യഥാർത്ഥത്തിൽ ഒരു നേതാവുണ്ട്. മാറിമാറി വരുന്ന ഈ നേതാക്കന്മാരുടെ നിയന്ത്രണത്തിൽ ഇതിന്റെ പ്രവർത്തനം സ്ഥായിയായിരിക്കുകയുമില്ല. പാർലമെന്റിനെ അടിമത്തത്തിന്റെ പ്രതീകമായാണ് ഗാന്ധിജി കാണുന്നത്.

ഗാന്ധിജി വിഭാവനം ചെയ്ത പാർലമെന്ററി സംവിധാനം ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട സാമൂഹിക പ്രതിബദ്ധതയുള്ള വ്യക്തികളുടെ കൂട്ടായ്മയാണ്. പ്രതിഫലം ഇച്ഛിക്കാതെ പ്രവർത്തിക്കുന്ന ഇവർ ജനനൻമയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. വിദ്യാഭ്യാസമുള്ള പക്വമതികളായ വോട്ടർമാർ തിരഞ്ഞെടുക്കുന്നവരാണിവർ. ഇവരുടെ കീഴിൽ പാർലമെന്ററി സംവിധാനത്തിന്റെ പ്രവർത്തനത്തിന് സമ്മർദ്ദത്തിന്റെ ആവശ്യമില്ല. ഓരോ ദിവസവും കൂടുതൽ കൂടുതൽ ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി ഈ സംവിധാനം മുന്നോട്ടുപോകും.



ഗാന്ധിജിയുടെ കാഴ്ചപ്പാടിലുള്ള പാർലമെന്ററി സംവിധാനത്തെയും നിലവിലെ പാർലമെന്ററി സംവിധാനത്തെയും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

പഠനപുരോഗതി വിലയിരുത്താം

1. ഗാന്ധിയൻ മാനിഫെസ്റ്റോ എന്നറിയപ്പെടുന്ന പുസ്തകമേത് ? ഈ പുസ്തകത്തെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.
2. ഹിന്ദ് സ്വരാജ് എഴുതുന്നതിന് ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ കണ്ടെത്തുക.
3. ആധുനിക നാഗരികതയെ ഒരു രോഗമായി വിശേഷിപ്പിക്കുന്ന ഗ്രന്ഥമേത്.

നാഗരികതയെക്കുറിച്ചുള്ള / സംസ്കാരത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട്

പഠനപ്രവർത്തനം

നിങ്ങൾ സംസ്കാരത്തെ ക്കുറിച്ച് നേരത്തെ പഠിച്ചിട്ടുണ്ടല്ലോ. സംസ്കാരത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കി ചർച്ച ചെയ്യുക.

ഹിന്ദ് സ്വരാജിൽ ഗാന്ധിജി സംസ്കാരത്തേയും നാഗരികതയെയും കുറിച്ചുള്ള കാഴ്ചപ്പാട് വ്യക്തമാക്കിയിരിക്കുന്നു. സംസ്കാരം എന്നത് മനുഷ്യന് ശരിയായ കർത്തവ്യ മാർഗ്ഗം കാണിച്ചുകൊടുക്കുന്ന പെരുമാറ്റരീതിയാണ് എന്ന് ഗാന്ധിജി നിർവചിച്ചിരിക്കുന്നു. കർത്തവ്യനിർവഹണവും ധാർമ്മികതയും പരസ്പരപൂരകങ്ങളാണ്. ധാർമ്മികത പിന്തുടരുക എന്നാൽ നമ്മുടെ മനസ്സിന്റേയും ആഗ്രഹങ്ങളുടേയും മേൽ നിയന്ത്രണം ഉണ്ടാവുക എന്നാണർത്ഥം. ഇത് സ്വയം തിരിച്ചറിയലിന് നമ്മെ സഹായിക്കുന്നു. സംസ്കാരത്തിന് സമാനമായ ഗുജറാത്തി പദമാണ് നല്ല പെരുമാറ്റം (Good Conduct).

ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ നമ്മുടെ മനസ്സ് അസ്വസ്ഥമായ പക്ഷിയെപ്പോലെയാണ്. കിട്ടുന്തോറും കൂടുതൽ പ്രതീക്ഷിക്കുകയും എത്ര കിട്ടിയാലും അസംതൃപ്തമായിരിക്കുകയും ചെയ്യും. നമ്മുടെ ആഗ്രഹങ്ങളെ നിയന്ത്രിക്കാൻ ശ്രമിക്കുമ്പോഴും അത് അനിയന്ത്രിതമാകും. അതുകൊണ്ടാണ് നമ്മുടെ പൂർവ്വികർ സ്വാർത്ഥമായ വ്യക്തി താൽപര്യങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയത്. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ഒരു വ്യക്തി ധനവാനായതുകൊണ്ടുമാത്രം സദാ സന്തുഷ്ടനായിരിക്കണമെന്നില്ല. അതുപോലെതന്നെ ദരിദ്രനായ ഒരാൾ ദു:ഖിതനായിരിക്കണമെന്നുമില്ല. അതായത് സാമ്പത്തികനേട്ടം സന്തോഷത്തേയും ദാരിദ്ര്യം ദു:ഖത്തേയും മാത്രം പ്രദാനം ചെയ്യണമെന്നില്ല. അതുകൊണ്ടാണ് നമ്മുടെ പൂർവ്വികർ അമിതമായ ആഢംബരങ്ങളിൽ നിന്നും അനിയന്ത്രിതമായ സന്തോഷത്തിൽനിന്നും നമ്മെ പിന്തിരിപ്പിച്ചത്.

ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ലോകത്തിലെതന്നെ ഏറ്റവും മികച്ച സംസ്കാരങ്ങളിൽ ഒന്നാണ് ഇന്ത്യൻ സംസ്കാരം. ലോകത്തൊരു സംസ്കാരത്തിലും മനുഷ്യൻ

പൂർണ്ണതയിലെത്തിയിട്ടില്ല. ഇന്ത്യൻ സംസ്കാരത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അതു ധാർമ്മികതയ്ക്കു മുൻതൂക്കം നൽകുന്നു എന്നതാണ്. എന്നാൽ പാശ്ചാത്യ സംസ്കാരം അധാർമ്മികതയെ പ്രചരിപ്പിക്കുന്നു. ഇന്ത്യൻ സംസ്കാരം ദൈവവിശ്വാസത്തിൽ അധിഷ്ഠിതമാണ്. എന്നാൽ പാശ്ചാത്യസംസ്കാരം ദൈവത്തെ നിഷേധിക്കുന്നു.



നാഗരികതയെക്കുറിച്ചുള്ള / സംസ്കാരത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് വ്യക്തമാക്കി ലേഖനം തയ്യാറാക്കുക

യഥാർത്ഥ സംസ്കാരത്തിന്റെ/നാഗരികതയുടെ സവിശേഷതകൾ

പഠനപ്രവർത്തനം

ഒരു നല്ല സംസ്കാരത്തിന്റെ സവിശേഷതകൾ എന്തെന്ന് പട്ടിക തയ്യാറാക്കുക.

മൂല്യാധിഷ്ഠിതം സത്യസന്ധത .....

....

ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ യഥാർത്ഥ സംസ്കാരത്തിന്റെ/നാഗരികതയുടെ സവിശേഷതകൾ താഴെ പറയുന്നവയാണ്.

1. ഗ്രാമീണതയിൽ അധിഷ്ഠിതമാണ്.
2. ലളിത ജീവിതത്തെ പ്രോൽസാഹിപ്പിക്കുന്നു.
3. ഈശ്വരവിശ്വാസത്തിൽ അധിഷ്ഠിതമാണ്.
4. ധാർമ്മിക ഉന്നതിയെ ലക്ഷ്യമാക്കുന്നു.
5. സേവനത്തിലും നിസ്വാർത്ഥതയിലും അധിഷ്ഠിതമാണ്.
6. ജനങ്ങളെ ഒറ്റുകൊടുക്കുകയോ ഉപഭോക്താക്കളെ പ്രലോഭിപ്പിക്കുകയോ ചെയ്യുന്നില്ല.

ഈ കാരണങ്ങളാലാണ് ഗാന്ധിജി ഇന്ത്യൻ സംസ്കാരത്തെ ലോകത്തിലെതന്നെ ഏറ്റവും നല്ല സംസ്കാരങ്ങളിലൊന്നായി കണക്കാക്കുന്നത്.

ആധുനിക നാഗരികതയെക്കുറിച്ചുള്ള ഗാന്ധിജിയുടെ വിമർശനം

പഠനപ്രവർത്തനം

ആധുനിക നാഗരികതയുടെ ഗുണങ്ങളെയും ദോഷങ്ങളെയും പറ്റി ഡിബേറ്റ് നടത്തുക

ഗാന്ധിജി ആധുനിക നാഗരികതയുടെ കടുത്ത വിമർശകനായിരുന്നു. ആധുനിക പടിഞ്ഞാറൻ നാഗരികതയെയാണ് ഗാന്ധിജി പ്രധാനമായി വിമർശിക്കുന്നത്. ലോകത്തിലെ ഇതര ജനവിഭാഗങ്ങളെ അധീശപ്പെടുത്തുന്ന അതിന്റെ ആർത്തി- അതിനെ

യാണ് ഗാന്ധിജി ആധുനിക നാഗരികത എന്ന് വിശേഷിപ്പിച്ചത്. ഹിന്ദ് സ്വരാജിൽ ഗാന്ധിജി ശക്തമായ ഭാഷയിൽതന്നെ ആധുനിക നാഗരികതയെ വിമർശിക്കുന്നു. ഇതിനായി അദ്ദേഹം പൈശാചികം (Satanic), ആത്മാവില്ലാത്തത് (Soulless) അരഭ്രാന്ത് (Halfmad) എന്നീ വാക്കുകൾ ഉപയോഗിക്കുന്നു. ആധുനിക നാഗരികത ഭൗതീകതയ്ക്കും വ്യാവസായികതയ്ക്കും ഈശ്വരനിഷേധത്തിനുമാണ് മുൻതൂക്കം നൽകുന്നത്. ഇന്ത്യ കീഴടങ്ങിയത് വെള്ളക്കാരനല്ല, ആധുനിക നാഗരികതയുടെ സ്ഥാപനങ്ങൾക്കാണ് എന്ന് ഗാന്ധിജി വിശ്വസിച്ചു. ഗാന്ധിജിയുടെ അഭിപ്രായത്തിൽ വ്യക്തിയുടെയും സമൂഹത്തിന്റെയും വിമോചനത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ (സ്ഥാപനങ്ങൾ)- റെയിൽവേ, വക്കീലന്മാർ, ആധുനിക ഡോക്ടർ, ബ്രിട്ടീഷ് നീതിന്യായ വ്യവസ്ഥ, പാർലമെന്റ്, യന്ത്രവൽകരണം, ഹിന്ദു-മുസ്ലീം ശത്രുത, പടിഞ്ഞാറൻ വിദ്യാഭ്യാസ സമ്പ്രദായം എന്നിവയാണ്. ശാരീരിക സുഖഭോഗങ്ങൾക്കുള്ള ആർത്തിയാണ് ആധുനിക നാഗരികതയുടെ അടിസ്ഥാനം എന്ന് ഗാന്ധിജി വിശ്വസിച്ചു.

ആധുനിക നാഗരികതയുടെ പ്രത്യേകതകൾ: ഗാന്ധിയൻ കാഴ്ചപ്പാടിൽ

1. ആധുനിക നാഗരികതയുടെ ലക്ഷ്യം ഭൗതികനേട്ടങ്ങളും ശാരീരിക ക്ഷേമവുമാണ്.
2. ആധുനിക നാഗരികതയുടെ പ്രധാന അടയാളം യന്ത്രവൽക്കരണമാണ്. ഇവിടെ ശാരീരിക അധ്വാനത്തിന് പകരമായി യന്ത്രങ്ങൾ ഉപയോഗിക്കുന്നു. ഇത് തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങളെ ദുർബലപ്പെടുത്തുന്നതിലേക്ക് നയിക്കുന്നു.
3. സമ്പത്തും അധികാരവും കുറച്ചുപേരുടെ പക്കൽമാത്രം കേന്ദ്രീകരിക്കുന്നു.
4. ആധുനിക നാഗരികത ചൂഷണത്തിനും അക്രമത്തിനും വഴിയൊരുക്കുകയും മനുഷ്യനെ കൂടുതൽ സ്വാർത്ഥനും തന്നിഷ്ടക്കാരനുമാക്കുന്നു.
5. മതത്തിനോ ധാർമ്മികതയ്ക്കോ ആധുനിക നാഗരികതയിൽ യാതൊരു സ്ഥാനവുമില്ല. ഇത് ധാർമ്മീകവും ആത്മീയവുമായ വളർച്ച തടയുന്നു.
6. തന്നിഷ്ടപ്രകാരം എന്തും എഴുതുന്നതിനും ജനമനസ്സുകളെ മലിനമാക്കുന്നതിനുമുള്ള സ്വാതന്ത്ര്യം നൽകുന്നു.
7. ജീവിതചര്യയിലുണ്ടായിരിക്കുന്ന മാറ്റങ്ങൾ പുതിയ അസുഖങ്ങൾക്കു കാരണമാവുകയും ഇതിന് പരിഹാരമായി ധാരാളം ആശുപത്രികൾ നിർമ്മിക്കുകയും ചെയ്യുന്നു.
8. ആധുനിക നാഗരികതയിൽ പണവും ആഡംബരങ്ങളും മനുഷ്യനെ അടിമപ്പെടുത്തുന്നു.

9. ഗ്രാമവ്യവസ്ഥിതിയെ നശിപ്പിക്കുന്ന ഈ സംസ്കാരം പുതിയ ഉപഭോഗ ശീലങ്ങൾക്ക് കാരണമാകുന്നു.

10. കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന ആശയത്തിന് പ്രാധാന്യം നൽകുന്നു.

നിഷ്ക്രിയ പ്രതിരോധം (Passive Resistance)

പഠനപ്രവർത്തനം

ഗാന്ധിജി ആദ്യമായി നിഷ്ക്രിയ പ്രതിരോധം എന്ന സമരമുറ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ സാഹചര്യം ചർച്ച ചെയ്യുക.

ദക്ഷിണാഫ്രിക്കയിൽ വച്ച് ഏഷ്യാറ്റിക് രജിസ്ട്രേഷൻ ആക്ടിനതിരേയാണ് ഗാന്ധിജി നിഷ്ക്രിയ പ്രതിരോധം എന്ന സമരമുറ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. പിന്നീട് സത്യാഗ്രഹമായി മാറിയെങ്കിലും സാധാരണക്കാരുടെ ഇടയിൽ സത്യാഗ്രഹം എന്ന ആശയം പ്രചരിച്ചത് വളരെ വൈകിയാണ്. അതുകൊണ്ടുതന്നെ പലപ്പോഴും സത്യാഗ്രഹത്തിനു പകരമായി നിഷ്ക്രിയ പ്രതിരോധമെന്ന പദമാണ് ഉപയോഗിച്ചത്. പ്രതിരോധത്തിന് പകരമായി ആത്മസംയമനത്തിൽ കൂടിയും സ്വയം സഹനത്തിൽ കൂടിയും പ്രയോഗിക്കാവുന്ന ആയുധമാണ് നിഷ്ക്രിയ പ്രതിരോധം. ഇത് അത്യാവശ്യ മാണെന്നായിരുന്നു ഗാന്ധിജിയുടെ കാഴ്ചപ്പാട്. ഗാന്ധിജി ഹിന്ദ് സ്വരാജിൽ ഇപ്രകാരം എഴുതി. "ശാരീരിക ദൗർബല്യമുള്ളവർക്കും സ്വീകരിക്കാവുന്ന സമരായുധമാണിത്. ഒരു വ്യക്തിക്ക് ഒറ്റയ്ക്ക് പ്രയോഗിക്കാവുന്ന സമരായുധമാണിത്". സ്ത്രീക്കും പുരുഷനും ഒരുപോലെ ഉപയോഗിക്കാൻ പറ്റുന്ന സമരായുധവുമാണിത്.

നിഷ്ക്രിയ പ്രതിരോധം ഒരു ഇരുതല വാളാണ്. അത് പ്രയോഗിക്കുന്നവനേയും, അതിനാൽ പ്രയോഗത്തിന് ഇരയാകുന്നവനേയും അത് സഹായിക്കും. ഒരു തുള്ളി രക്തച്ചൊരിച്ചിലുപോലുമില്ലാതെ ദൂരവ്യാപകമായ ഫലം ഉളവാക്കാൻ അത് സഹായിക്കും. നിർഭയത്വമില്ലാതെ നിഷ്ക്രിയ പ്രതിരോധം ഒരടിപോലും മുന്നോട്ടുപോവുകയില്ല. അതായത് മരണത്തെക്കുറിച്ചോ, ശാരീരിക വൈഷമ്യത്തെക്കുറിച്ചോ, സമ്പത്തിനെക്കുറിച്ചോ, സ്ഥാനമാനങ്ങളെക്കുറിച്ചോ ഉള്ള ആകാംക്ഷയിൽ നിന്നും മുക്തനായികൊണ്ടു മാത്രമേ നിഷ്ക്രിയ പ്രതിരോധം എന്ന ആയുധം പ്രയോഗിക്കാൻ കഴിയുകയുള്ളൂ.

വിദ്യാഭ്യാസം

ഹിന്ദ് സ്വരാജിൽ ഗാന്ധിജി ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തെ വിമർശിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം നമ്മുടെ രാജ്യത്തെ അടിമത്തത്തിലേക്കു നയിച്ചു. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ സ്വഭാവ രൂപീകരണത്തിനാണ് മുൻതൂക്കം നൽകിയിരുന്നത്.

അന്നത്തെ പ്രാഥമിക വിദ്യാഭ്യാസം അക്ഷരാഭ്യാസത്തെ വിദ്യാഭ്യാസമായി കണ്ടിരുന്നെങ്കിലും അത് പൂർണമല്ലെന്ന് ഗാന്ധിജി വിശ്വസിച്ചു. ഒരു വ്യക്തിയെ സമഗ്രവും സമാധാന പൂർണവുമായ ജീവിതം നയിക്കുന്നതിന് സഹായിക്കുന്ന പ്രക്രിയയാണ് ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ യഥാർഥ വിദ്യാഭ്യാസം. ഇത് സാധ്യമാകണമെങ്കിൽ വിദ്യാഭ്യാസത്തോടൊപ്പം ധാർമ്മികതയും കൂടി ഉൾക്കൊള്ളണം. സ്വന്തം കടമ നിറവേറ്റാൻ പ്രാപ്തരാക്കാത്ത വിദ്യാഭ്യാസ സമ്പ്രദായത്തെ ഗാന്ധിജി വിദ്യാഭ്യാസമായി പരിഗണിക്കുന്നില്ല.

വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് ഹിന്ദ് സ്വരാജിനെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

യന്ത്രവൽക്കരണം

പഠനപ്രവർത്തനം

യന്ത്രം മനുഷ്യന് ഗുണമോ ദോഷമോ ? ചർച്ച നടത്തുക

ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ആധുനിക നാഗരികതയുടെ അടയാളമായ യന്ത്രവൽക്കരണം മനുഷ്യന്റെ മേലുള്ള വലിയ ശാപമാണ്. മനുഷ്യൻ യന്ത്രങ്ങളുടെ അടിമയായി തീർന്നിരിക്കുന്നു. ഇന്ത്യയെ ദാരിദ്ര്യത്തിലേക്ക് നയിച്ചതും ഈ യന്ത്രവൽക്കരണമാണ്. ഗാന്ധിജി ഇപ്രകാരം എഴുതി "യന്ത്രങ്ങൾ നമുക്ക് വരുത്തി വച്ച വിപത്തുകൾ അളക്കാവുന്നതല്ല. ഇന്ത്യക്കാരുടെ കൈത്തൊഴിലുകൾ നഷ്ടമായത് ഈ യന്ത്രങ്ങളുടെ വരവോടെയാണ്". അതിനാൽ ഗാന്ധിജി മനുഷ്യന്റെ കായികാധ്വാനത്തെ നശിപ്പിക്കുന്ന എല്ലാ യന്ത്രങ്ങളേയും എതിർക്കുന്നു. യന്ത്രത്തോടുള്ള അന്ധമായ അഭിനിവേശത്തെ അദ്ദേഹം എതിർത്തു. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ഇന്ത്യയുടെ തൊഴിലില്ലായ്മയ്ക്കും പട്ടിണിക്കും കാരണം യന്ത്രവൽക്കരണമാണ്. ഈ യാഥാർഥ്യം മനസ്സിലാക്കി നാം കാലക്രമേണ യന്ത്രവൽക്കരണത്തിൽ നിന്നും മോചിതരാകണം. നമ്മുടെ യഥാർഥലക്ഷ്യത്തിലെത്തിച്ചേരുന്നതിന് കുറുക്കുവഴികളൊന്നുമില്ല. യന്ത്രവൽക്കരണത്തെ ഒരനുഗ്രഹമായി കാണുന്നതിനു പകരം അതിനെ ഒരു ശാപമായി കാണുകയാണെങ്കിൽ കാലക്രമേണ അത് ഇല്ലാതെയാകും. പരിഷ്കൃതമായ സാങ്കേതിക വിദ്യക്ക് പകരമായി നമ്മുടെ പരമ്പരാഗത തനത് സാങ്കതികവിദ്യയെ പ്രോത്സാഹിപ്പിക്കണമെന്ന് ഗാന്ധിജി പറയുന്നു. ഇതിൽകൂടി മാത്രമേ നമ്മുടെ ആരോഗ്യത്തെയും സമ്പത്തിനേയും സംരക്ഷിക്കുന്നതിനും സ്വദേശി മനോഭാവം വളർത്തുന്നതിനും സ്വയംഭരണം നടപ്പിലാക്കുന്നതിനും കഴിയുകയുള്ളു.

യന്ത്രവൽക്കരണത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ വിലയിരുത്തുക.

ഇന്ത്യയിലും ദക്ഷിണാഫ്രിക്കയിലും നിലനിന്നിരുന്ന ഹിംസാത്മകമായ നിലപാടുകൾക്കുള്ള മറുപടിയായാണ് ഗാന്ധിജി ഹിന്ദ് സ്വരാജ് രചിച്ചത്. ഹിന്ദ് സ്വരാജ് വായിച്ച ഗോപാലകൃഷ്ണഗോഖലെ, ഇതിലെ ആശയങ്ങൾ വേണ്ടത്ര ആലോചിക്കാതെ രൂപപ്പെടുത്തിയതാണെന്നും ഗാന്ധിജി ഇന്ത്യയിൽ ഒരു വർഷം ജീവിച്ചാൽ അദ്ദേഹംതന്നെ ഈ പുസ്തകം നശിപ്പിക്കുമെന്നും പ്രവചിച്ചെങ്കിലും ഗാന്ധിജി തന്റെ ആശയങ്ങളിൽ ഉറച്ചുനിൽക്കുകയാണ് ഉണ്ടായത്. ഒരു വർഷത്തിനുള്ളിൽ ഗാന്ധിജി ഹിന്ദ് സ്വരാജിന്റെ ഒരു പ്രതി ടോൾസ്റ്റോയിക്ക് അയച്ചുകൊടുക്കുകയുണ്ടായി. അദ്ദേഹം ഇപ്രകാരമാണ് പ്രതികരിച്ചത്. "ഞാൻ താങ്കളുടെ പുസ്തകം വളരെയധികം താൽപ്പര്യത്തോടെയാണ് വായിച്ചത് . അതിൽ പ്രതിപാദിച്ചിരിക്കുന്ന നിഷ്ക്രിയ പ്രതിരോധം എന്ന ആശയം ഇന്ത്യാക്കാർക്ക് മാത്രമല്ല ലോകജനതക്ക് മുഴുവൻ പ്രയോജനപ്പെടുത്താവുന്നതാണ്".

പഠന പുരോഗതി വിലയിരുത്താം

5. സംസ്കാരത്തിന് ഗാന്ധിജിയുടെ നിർവചനം എന്താണ് ?
6. യഥാർത്ഥ നാഗരികതയുടെ സവിശേഷതകൾ എന്തെല്ലാം ?
7. ആധുനിക നാഗരികതയുടെ മുഖ്യ അടയാളം എന്താണ് ?
8. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്തായിരിക്കണം ?

ഹിന്ദ് സ്വരാജിന്റെ പ്രസക്തി

ഗാന്ധിയൻ ആശയങ്ങളുടെ അന്തസത്തയായി കണക്കാക്കാവുന്ന പുസ്തകമാണ് ഹിന്ദ് സ്വരാജ്. ഇന്ന് നാം അഭിമുഖീകരിക്കുന്ന ആധുനിക സംസ്കാരത്തിന്റെ പ്രശ്നങ്ങൾ എല്ലാം തന്നെ ഗാന്ധിജി ഹിന്ദ് സ്വരാജിൽ വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ പരിസ്ഥിതിയിലും ജൈവ ഘടനയിലും ഒക്കെ ഉണ്ടായിരിക്കുന്ന മാറ്റങ്ങൾക്ക് കാരണം യന്ത്രവൽക്കരണമാണെന്ന് ഹിന്ദ് സ്വരാജിൽ ഗാന്ധിജി പറയുന്നു. ഇന്ന് നാം അഭിമുഖീകരിക്കുന്ന സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവുമായ പ്രശ്നങ്ങളെ മുൻകൂട്ടിക്കണ്ട വ്യക്തിയാണ് ഗാന്ധിജി. ഹിന്ദ് സ്വരാജിൽ ഈ പ്രശ്നങ്ങളെല്ലാം വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. 100 വർഷങ്ങൾക്കു ശേഷവും ഈ പ്രശ്നങ്ങൾ യാതൊരു മാറ്റവുമില്ലാതെ തുടരുന്നു. ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരവും ഗാന്ധിജി ഹിന്ദ് സ്വരാജിൽ നിർദ്ദേശിക്കുന്നു. പക്ഷേ നാം ഉൾക്കൊള്ളാൻ ശ്രമിക്കുന്നില്ലെന്ന് മാത്രം. അഹിംസാധിഷ്ഠിതവും പ്രകൃതി കേന്ദ്രീകൃതവും ചൂഷണ രഹിതവും നിസ്വാർഥമായ ലളിത ജീവിതവുമാണ് ഹിന്ദ് സ്വരാജിലൂടെ നിർദ്ദേശിക്കുന്നത്.

സംഗ്രഹം

- ഗാന്ധിജി എഴുതിയ ആദ്യഗ്രന്ഥമാണ് ഹിന്ദ് സ്വരാജ്. ഗാന്ധിയൻ ആശയങ്ങളുടെ അന്തസത്ത ഉൾക്കൊള്ളുന്ന പുസ്തകമാണിത്
- സ്വരാജ് എന്നാൽ സ്വയം ഭരണം അഥവാ സ്വയം നിയന്ത്രണം എന്നാണ്
- ഹിന്ദ് സ്വരാജിൽ ഗാന്ധിജി പാർലമെന്ററി ജനാധിപത്യത്തെ നിശിതമായി വിമർശി

ക്കുന്നു

- മനുഷ്യന് കർമ്മമാർഗം കാണിച്ചുതരുന്ന പെരുമാറ്റ രീതിയാണ് സംസ്കാരം എന്ന് ഗാന്ധിജി നിർവചിക്കുന്നു.
- ലോകത്തിലെ തന്നെ നല്ല നാഗരികതകളിൽ ഒന്നായി ഗാന്ധിജി ഇന്ത്യൻ സംസ്കാരത്തെ കാണുന്നു
- ഹിന്ദ് സ്വരാജിൽ ഗാന്ധിജി ആധുനിക സംസ്കാരത്തെ നിശിതമായി വിമർശിക്കുന്നു. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ആധുനിക നാഗരികതയുടെ അടയാളം യന്ത്രവൽക്കരണമാണ്
- സ്വരാജ് നേടിയെടുക്കുന്നതിനുള്ള രണ്ടു മാർഗങ്ങൾ നിഷ്ക്രിയ പ്രതിരോധവും സ്വദേശിയുമാണെന്ന് ഗാന്ധിജി പറയുന്നു
- ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ വിദ്യാഭ്യാസത്തിന്റെ പ്രഥമ ലക്ഷ്യം സ്വഭാവ രൂപീകരണമാണ്
- യന്ത്രവൽക്കരണം ഇന്ത്യയെ ദാരിദ്ര്യത്തിലേക്കു നയിച്ചതായി ഗാന്ധിജി കരുതി.

സ്വയംവിലയിരുത്തൽ ചെക്ക്ലിസ്റ്റ്

	പൂർണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
ഹിന്ദ് സ്വരാജ് ഗാന്ധിയൻ മാനിഫെസ്റ്റോ ആണെന്ന് തിരിച്ചറിയാം.			
ഹിന്ദ് സ്വരാജ് എഴുതിയ ചരിത്ര പശ്ചാത്തലം വിലയിരുത്താം			
സ്വരാജ് വിശദമാക്കാം			
യഥാർത്ഥ നാഗരികതയുടെ മേന്മകൾ വിശദമാക്കാം			
ആധുനിക സംസ്കാരത്തിന്റെ ലക്ഷ്യങ്ങൾ വിശകലനം ചെയ്യാം			
ഹിന്ദ് സ്വരാജിന്റെ പ്രസക്തി വിലയിരുത്താൻ			

തുടർമൂല്യനിർണ്ണയ സാധ്യതകൾ

1. വ്യക്തി തലത്തിലും സാമൂഹ്യതലത്തിലും ഉള്ള ഗാന്ധിജിയുടെ സ്വരാജ് എന്ന ആശയത്തിന്റെ പ്രസക്തി വിലയിരുത്തി കുറിപ്പു തയ്യാറാക്കുക.
2. യന്ത്രവൽക്കരണത്തെപ്പറ്റിയുള്ള ഗാന്ധിയൻ കാഴ്ചപ്പാടിന്റെ സമകാലിക പ്രസക്തി എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.

പഠനപുരോഗതി വിലയിരുത്താം - ഉത്തരസൂചിക

1. ഹിന്ദ് സ്വരാജ്. രചനാകാലം, ശൈലി, പശ്ചാത്തലം. ഉള്ളടക്കം
2. ഇന്ത്യാക്കാരിൽ ഉണ്ടായ ദേശീയബോധം, ഗാന്ധിജിയുടെ ഇംഗ്ലണ്ട് സന്ദർശനം, തീവ്രചിന്താഗതിക്കാരായ ഇന്ത്യാക്കാരുടെ അക്രമഅഭിനിവേശം, ഭൗതികാധിഷ്ഠിതമായ ആധുനിക നാഗരികതയുടെ വ്യാപനം, എഡ്വേർഡ്കാർപെന്റർ, ആർ.സി.ദത്ത് എന്നിവരുടെ ഗ്രന്ഥങ്ങൾ.
3. നാഗരികത: കാരണവും നിവാരണവും
4. മനുഷ്യന് ശരിയായ കർത്തവ്യമാർഗ്ഗം കാണിച്ചുകൊടുക്കുന്ന പെരുമാറ്റ രീതി.
5. ഗ്രാമീണതയിൽ അധിഷ്ഠിതം, ലളിതജീവിത പ്രോൽസാഹനം, ഈശ്വരവിശ്വാസം, ധാർമ്മിക ഉന്നമനം, നിസ്വാർത്ഥ സേവനം
6. യന്ത്രവൽക്കരണം
7. സ്വഭാവ രൂപീകരണം

വിലയിരുത്തൽ ചോദ്യങ്ങൾ

1. ഹിന്ദ് സ്വരാജ് എഴുതുന്നതിന് ഗാന്ധിജിയെ പ്രേരിപ്പിച്ച ചരിത്ര പശ്ചാത്തലം ചർച്ച ചെയ്യുക.
2. ഗാന്ധിജിയുടെ സ്വരാജ് എന്ന ആശയത്തെ വിലയിരുത്തുക
3. ആധുനിക സംസ്കാരം ചൂഷണത്തിനും ഹിംസക്കും വഴിയൊരുക്കുന്നതോടൊപ്പം മനുഷ്യനെ സ്വാർഥനുമാക്കുന്നു. നിങ്ങൾ ഈ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ? വിശദമാക്കുക
4. യഥാർഥ നാഗരികതയെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് വിശദമാക്കുക.
5. ഹിന്ദ് സ്വരാജിൽ ഗാന്ധിജി ബ്രിട്ടീഷ് പാർലമെന്ററി ജനാധിപത്യത്തെ നിശിതമായി വിമർശിക്കുന്നുണ്ട്. ഇതിനുള്ള കാരണങ്ങൾ വിശകലനം ചെയ്യുക.
6. ആധുനിക നാഗരികതയുടെ പ്രത്യേകതകൾ വിവരിക്കുക.
7. ഇന്ത്യയിലെ തൊഴിലില്ലായ്മക്കും ദാരിദ്ര്യത്തിനും കാരണം യന്ത്രവൽക്കരണമാണെന്ന് ഗാന്ധിജി വിശ്വസിച്ചു. ഇതിനുള്ള കാരണങ്ങൾ കണ്ടെത്തുക.
8. ഹിന്ദ് സ്വരാജ് ഗാന്ധിയൻ മാനിഫെസ്റ്റോ ആയി കണക്കാക്കുന്നു. വിലയിരുത്തുക

വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ തുടക്കം, സ്വരാജിന്റെ ആഹ്വാനം, ഗാന്ധിജി നടത്തിയ ഇംഗ്ലണ്ട് സന്ദർശനം, ബംഗാൾ വിഭജനം
2. സ്വയംഭരണം, രാഷ്ട്രീയ സ്വാതന്ത്ര്യത്തിനപ്പുറം നിയന്ത്രണങ്ങളിൽ നിന്നുള്ള മോചനം
3. ആധുനിക സംസ്കാരത്തിന്റെ പ്രത്യേകതകൾ
4. യഥാർത്ഥ നാഗരികതയുടെ നിർവചനം, ലക്ഷണങ്ങൾ
5. പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട്
6. ഭൗതികനേട്ടങ്ങൾ, ശാരീരികക്ഷേമം, യന്ത്രവൽക്കരണം, സമ്പത്തിന്റെയും അധികാരത്തിന്റെയും കേന്ദ്രീകരണം, ധാർമ്മിക-ആത്മീയ പുരോഗതി തടസ്സപ്പെടുത്തുന്നു, ആഡംബരങ്ങളും ഉപഭോഗശീലങ്ങളും വർദ്ധിപ്പിക്കുന്നു, തുടങ്ങിയവ .....
7. യന്ത്രവൽക്കരണത്തിന്റെ ദൂഷ്യഫലങ്ങൾ
8. ഹിന്ദ് സ്വരാജിന്റെ പ്രത്യേകതയും ആശയങ്ങളും വിവരിക്കുക.

തുടർപ്രവർത്തനങ്ങൾ

1. യന്ത്രവൽക്കരണത്തെപ്പറ്റിയുള്ള ഗാന്ധിജിയുടെ നിലപാടുകൾ പരിശോധിച്ച് അതിന്റെ പ്രസക്തി വിശദമാക്കുന്ന ഒരു വിമർശന കുറിപ്പ് എഴുതുക.
2. ആഗോളവത്ക്കരണം, ഉദാരവത്ക്കരണം തുടങ്ങിയ ആശയങ്ങൾക്ക് പ്രാമുഖ്യം കല്പിക്കുന്ന ഇപ്പോഴത്തെ ലോകത്ത് അത്തരം ആശയങ്ങൾ സ്വരാജ് നേടുന്നതിന് അനുയോജ്യമാണോ? ഈ വിഷയത്തിൽ ഒരു സെമിനാർ റിപ്പോർട്ട് തയ്യാറാക്കുക.
3. ഇന്നത്തെ മുതലാളിത്ത ലോകക്രമത്തെ ഗാന്ധിജി ഹിന്ദ് സ്വരാജിൽ മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി ഒരു ഉപന്യാസം തയ്യാറാക്കുക.

തുടർവായനാ സാമഗ്രികൾ

ഹിന്ദ്സ്വരാജ് - മഹാത്മാഗാന്ധി, വിവ.സി.പി.ഗംഗാധരൻ, പൂർണോദയ, കൊച്ചി

ഗാന്ധിജിയുടെ ഹിന്ദ്സ്വരാജ് - അതിജീവനത്തിന് ഒരു കൈച്ചൂണ്ടി, കെ.അരവിന്ദാക്ഷൻ, പൂർണോദയ, കൊച്ചി

പദാവലി

സ്വരാജ് : സ്വയംഭരണം

യഥാർത്ഥ സംസ്കാരം : മനുഷ്യന് ശരിയായ കർത്തവ്യ മാർഗ്ഗം കാണിച്ചുകൊടുക്കുന്ന പെരുമാറ്റ രീതി.

2

ഗാന്ധിജിയുടെ വിദ്യാഭ്യാസചിന്തകൾ

(Educational Philosophy of Mahatma Gandhi)

തദ്ദേശീയമായ ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിനു മാത്രമേ ഒരു ജനതയുടെ നൈസർഗ്ഗികമായ സ്വത്വത്തെ പ്രകടമാക്കാൻ കഴിയൂ. ലോകത്തിന്റെ മറ്റേതെങ്കിലും കോണിൽ പരീക്ഷിക്കപ്പെട്ടതോ നടപ്പിലാക്കിയതോ ആയ ഒരു വിദ്യാഭ്യാസ സമ്പ്രദായം അത് എത്രതന്നെ മെച്ചപ്പെട്ടതാണെങ്കിലും നമുക്ക് യോജിച്ചതായിരിക്കില്ല. കാരണം അതിന് നമ്മുടെ ചരിത്രത്തോടോ ജീവിത രീതികളോടോ ആദർശങ്ങളോടോ നീതി പുലർത്താൻ കഴിയില്ല. വിദ്യയഭ്യസിക്കപ്പെടേണ്ട ജനതയുടെ സഹകരണം കൂടാതെ യാതൊരു വിദ്യാഭ്യാസവും നടപ്പിലാവില്ല. ജനങ്ങളുടെ വിശ്വാസമില്ലാത്ത ഒരു വിദ്യാഭ്യാസസമ്പ്രദായത്തിനും നിലനില്ക്കുകയും സാധ്യമല്ല. ഇംഗ്ലീഷ് വിദ്യാഭ്യാസപദ്ധതി സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും സാമ്പത്തികവുമായി ഇന്ത്യൻ ജനതയെ അടിച്ചമർത്തുന്നതിനുള്ള ഉപാധിയായിരുന്നു. ഈ തിരിച്ചറിവാണ് തദ്ദേശീയമായ വിദ്യാഭ്യാസപദ്ധതി ആവിഷ്ക്കരിക്കുന്നതിന് ഗാന്ധിജിയെ പ്രേരിപ്പിച്ചത്. അഹിംസാത്മകമായ ഒരു സമൂഹത്തിന്റെ നിർമ്മിതിയ്ക്കുള്ള ചുവടുവെയ്പാണ് അടിസ്ഥാനവിദ്യാഭ്യാസം. അടിസ്ഥാനവിദ്യാഭ്യാസത്തെക്കുറിച്ചും അതിന്റെ സവിശേഷതകളെയും സ്വാതന്ത്ര്യാനന്തരമുള്ള ഇന്ത്യൻ വിദ്യാഭ്യാസത്തെയും ഈ അധ്യായത്തിൽ സാമാന്യമായി പ്രതിപാദിച്ചിരിക്കുന്നു.



പഠനനേട്ടങ്ങൾ

- വിദ്യാഭ്യാസം എന്ന സംജ്ഞയെ നിർവ്വചിക്കാൻ കഴിയുന്നു
- വിദ്യാഭ്യാസ പ്രക്രിയയുടെ ലക്ഷ്യങ്ങൾ തിരിച്ചറിയുന്നു
- ഇന്ത്യൻ വിദ്യാഭ്യാസചരിത്രത്തിന്റെ വിവിധ ഘട്ടങ്ങൾ വിശദീകരിക്കാൻ പ്രാപ്തി നേടുന്നു
- ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതിയെ അടിസ്ഥാന വിദ്യാഭ്യാസമായി വിലയിരുത്തുന്നു.
- കൈത്തൊഴിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
- അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ രീതിശാസ്ത്രം വിശകലനം ചെയ്യുന്നു.
- സ്വാതന്ത്ര്യാനന്തരമുള്ള വിദ്യാഭ്യാസപുരോഗതിയെ വിമർശനാത്മകമായി വിലയിരുത്തുന്നു.
- സമാധാനത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ തിരിച്ചറിയുന്നു.

വിദ്യാഭ്യാസം എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?

- അറിവുകൾ നേടുക
- തൊഴിൽ പരിശീലിക്കുക
- സ്വഭാവരൂപീകരണം
- .....
- .....

ഗാന്ധിജി വിദ്യാഭ്യാസത്തെ ഇപ്രകാരം നിർവ്വചിച്ചിരിക്കുന്നു. "കുട്ടികളുടെയും മുതിർന്നവരുടെയും ഉള്ളിലുള്ള ഉത്തമാംശങ്ങളുടെ സമഗ്രമായ വികസനമാണ് വിദ്യാഭ്യാസം കൊണ്ട് ഞാനർത്ഥമാക്കുന്നത്. അതായത് ശരീരവും മനസ്സും ആത്മാവും ഒന്നിച്ചുവളരണം". വിദ്യാഭ്യാസം പഠിതാവിന്റെ സമഗ്രവികസനം ഉറപ്പാക്കുന്നതായിരിക്കണം. അതായത് അവന്റെ ശാരീരികവും ബുദ്ധിപരവും ആദ്ധ്യാത്മികവുമായ വികസനത്തെ ഉറപ്പിക്കുവാൻ വിദ്യാഭ്യാസത്തിന് കഴിയണം. ഗാന്ധിജിയെ സംബന്ധിച്ച് മനുഷ്യനെന്നത് ബുദ്ധി മാത്രമല്ല, ഭൗതികശരീരം മാത്രമല്ല, ഹൃദയമോ ആത്മാവോ മാത്രമല്ല ഇവയെല്ലാം സമഞ്ജസമായി സമ്മേളിച്ചിരിക്കുന്ന ഒന്നാണ് മനുഷ്യൻ. അതുകൊണ്ട് തന്നെ വിദ്യാഭ്യാസവും ആ രീതിയിലാവണം. അദ്ദേഹം പറയുന്നു, "ശരീരാവയവങ്ങളുടെ വേണ്ട രീതിയിലുള്ള പ്രവർത്ത

നവും പരിശീലനവും കൊണ്ടേ ബുദ്ധിപരമായ വികാസം കൈവരൂ. കൈകാലുകൾ, കണ്ണ്, ചെവി, മൂക്ക് ഇവയെല്ലാം വേണ്ട രീതിയിൽ ഉപയോഗിക്കാൻ പഠിച്ചാൽ കുട്ടിയുടെ ബുദ്ധി നന്നായി വികസിക്കും. ശരീരവും മനസ്സും വികാസം പ്രാപിക്കുന്നതോടൊപ്പം ആത്മാവും കണ്ണും തുറക്കുന്നു. അല്ലെങ്കിൽ വളർച്ച സന്തുലിതമാവില്ല". ആത്മീയപരിശീലനം എന്നതുകൊണ്ട് ഗാന്ധിജി അർത്ഥമാക്കുന്നത് ഹൃദയത്തിന്റെ പരിശീലനമാണ്. ശാരീരികവും ആത്മീയവുമായ പരിശീലനം കൊണ്ട് മാത്രമേ മനസ്സിന് സമഗ്രമായ വികാസം ലഭിക്കുകയുള്ളൂ.ഇവയെല്ലാം വേർതിരിക്കാൻ പറ്റാത്തവിധം സമഗ്രമായ ഒന്നിന്റെ ഭാഗങ്ങളാണ്.

ഒരു സമഗ്രമായ സമൂഹത്തേയും അതുപോലെ തന്നെ സമഗ്രമായ മനുഷ്യനേയും സൃഷ്ടിക്കുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് വളരെ വലുതാണ്. എല്ലാ സമൂഹങ്ങളിലും വ്യക്തികൾക്ക് സന്തോഷവും ഐശ്വര്യവും ഉണ്ടാകുന്നത് ശരിയായ വിദ്യാഭ്യാസത്തിലൂടെ മാത്രമാണ്.

ഗാന്ധിജിയെപ്പോലെ നിരവധി വിദ്യാഭ്യാസചിന്തകർ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള തങ്ങളുടെ ആശയങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ജനനം മുതൽ മരണം വരെ നീണ്ടു നിൽക്കുന്ന സുദീർഘമായ പ്രക്രിയയാണ് വിദ്യാഭ്യാസം. കേവലം അറിവ് സമ്പാദിക്കുക എന്നതല്ല വിദ്യാഭ്യാസം. ഒരു വ്യക്തി തന്റെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിലായി നേടുന്ന അറിവിന്റേയും അനുഭവങ്ങളുടേയും ആകെത്തുകയാണ് വിദ്യാഭ്യാസം എന്നത്. ഇത് ഔപചാരികമോ അനൗപചാരികമോ ആകാം.

പൗരസ്ത്യആശയവാദത്തിന്റേയും പാശ്ചാത്യപ്രായോഗികവാദത്തിന്റെയും സമജ്ഞസമായ സമ്മേളനമാണ് ഗാന്ധിജിയുടെ വിദ്യാഭ്യാസ ആശയങ്ങൾ.

വിദ്യാഭ്യാസത്തിന്റെ വിവിധ നിർവ്വചനങ്ങൾ

ഏതെങ്കിലും വിദ്യാഭ്യാസചിന്തകരെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരെല്ലാം?

- സ്വാമി വിവേകാനന്ദൻ
- രവീന്ദ്രനാഥ ടാഗോർ
- .....
- .....

നിരവധി വിദ്യാഭ്യാസചിന്തകർ വിവിധ കാലങ്ങളിലായി വിദ്യാഭ്യാസം എന്ന സംജ്ഞയെ നിർവചിച്ചിട്ടുണ്ട്. ജീവിതത്തിനുള്ള മുന്നൊരുക്കമായി വിദ്യാഭ്യാസത്തെ ചില ചിന്തകർ വിശേഷിപ്പിച്ചപ്പോൾ മറ്റു ചിലർ ഇതിനെ ജീവിതാവസാനം വരെ നീണ്ടുനിൽക്കുന്ന പ്രക്രിയയായിട്ടാണ് കണ്ടത്.

പെസ്റ്റലോസി

മനുഷ്യനിലുള്ള ആന്തരിക ശക്തിയുടെ സ്വാഭാവികവും സമജ്ഞസവും പുരോഗമനവുമായ വികാസമാണ് വിദ്യാഭ്യാസം.



സ്വാമി വിവേകാനന്ദൻ

മനുഷ്യനിലുള്ള ദൈവിക പരിപൂർണ്ണതയുടെ ആവിഷ്ക്കാരമാണ് വിദ്യാഭ്യാസം

രവീന്ദ്രനാഥടാഗോർ

നിലനില്ക്കുന്ന സകലതിനോടും മനുഷ്യന്റെ ജീവിതത്തെ ഐക്യപ്പെടുത്തുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം.



ജോൺ ഡ്യൂയി

ജീവിതത്തിലൂടെ അനുഭവങ്ങളെ നിരന്തരം പുനർനിർമ്മിക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം.

ഇന്ത്യൻ വിദ്യാഭ്യാസത്തിന് ശക്തവും മഹത്തരവുമായ ഒരു ചരിത്രമുണ്ട്. സാമ്പത്തികമായി, സാംസ്കാരികമായി, വ്യക്തിപരമായി, ദർശനപരമായി, ശാസ്ത്രീയമായി, സാമൂഹികമായി ലോകത്തിന്റെ പുരോഗതിക്കുവേണ്ടി നിലകൊണ്ടതാണ് ഇന്ത്യൻ വിദ്യാഭ്യാസം. ഭാരതീയ ചിന്ത പ്രകാരം 'സ വിദ്യാ യ വിമുക്തേ'-മോചനം നല്കുന്നതെന്തോ അതാണ് വിദ്യാഭ്യാസം. ഈ ജീവിതത്തിലുള്ള എല്ലാത്തരം അടിമത്തത്തിൽ നിന്നുമുള്ള വിടുതൽ എന്നാണ് മോചനം എന്ന് അർത്ഥമാക്കുന്നത്. അടിമത്തം രണ്ടുതരത്തിലുണ്ട്. ബാഹ്യമായ ആധിപത്യത്തോടുള്ള വിധേയത്വവും കൃത്രിമമായ ആവശ്യങ്ങളുടെ മുമ്പിലുള്ള കീഴടങ്ങലും. ഇവയിൽ നിന്നെല്ലാമുള്ള മോചനത്തിനുവേണ്ടി സ്വരൂപിക്കുന്ന ജ്ഞാനമാണ് യഥാർത്ഥവിദ്യാഭ്യാസം. മനുഷ്യരാശിയുടെ സേവനത്തിനാവശ്യമായ എല്ലാ പരിശീലനവും ജ്ഞാനത്തിൽ ഉൾപ്പെടുന്നു. സ്വഭാവരൂപീകരണവും ശീലങ്ങളുടെ നവീകരണവും ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങളായിരുന്നു. ബ്രിട്ടീഷ് ആധിപത്യത്തിനുശേഷം ഇന്ത്യയിൽ നിലവിൽ വന്ന ഇംഗ്ലീഷ് വിദ്യാഭ്യാസ സമ്പ്രദായത്തിന് ഇന്ത്യയുടെ പാരമ്പര്യങ്ങളിലും സാംസ്കാരിക വൈശിഷ്ട്യങ്ങളിലും യാതൊരു വിശ്വാസവും താല്പര്യവും ഉണ്ടായിരുന്നില്ല. തങ്ങളുടെ സ്വാർത്ഥ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ വിദ്യാഭ്യാസ സമ്പ്രദായമാണ് അവർ ഇവിടെ നടപ്പിലാക്കിയത്. താഴെപ്പറയുന്ന പോരായ്മകൾ ഈ വിദ്യാഭ്യാസ സമ്പ്രദായത്തിനുണ്ട്.

- ഇത് ഇന്ത്യക്ക് യോജിച്ചതായിരുന്നില്ല
- നഗരകേന്ദ്രീകൃതമായ വിദ്യാഭ്യാസ സമ്പ്രദായമായിരുന്നു.
- ഇംഗ്ലീഷ് ആധിപത്യമുള്ള പാഠ്യപദ്ധതിയാണ് നടപ്പിലാക്കിയത്.
- സാഹിത്യത്തിനും പുസ്തകപഠനത്തിനും വലിയ പ്രാധാന്യം നൽകി.
- പൗരത്വപരിശീലനത്തെ തള്ളിക്കളഞ്ഞു.
- ഇന്ത്യയുടെ ബഹുസ്വരതയെ പരിഗണിച്ചില്ല
- വേണ്ടത്ര ആസൂത്രണം ഉണ്ടായിരുന്നില്ല.
- ചെലവ് വളരെ കൂടുതലായിരുന്നു
- ഒരു ജനാധിപത്യ മതേതര രാജ്യത്തിന്റെ ആവശ്യങ്ങളെ പൂർത്തീകരിക്കുവാൻ അപര്യാപ്തമായിരുന്നു.

ഈ സാഹചര്യത്തിലാണ് ഗാന്ധിജി ഒരു പുതിയ വിദ്യാഭ്യാസ സമ്പ്രദായം ആവിഷ്ക്കരിക്കുന്നത്.

പഠനപ്രവർത്തനം

ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മകളെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

മെക്കാളെ മിനിട്സ് (1835)

വില്യം ബെന്റിങ് ഗവർണർ ജനറൽ ആയിരുന്ന കാലത്ത് അദ്ദേഹത്തിന്റെ കൗൺസിലിലെ നിയമമെമ്പർ ആയിരുന്നു മെക്കാളെ പ്രഭു. ബന്റിങ് പ്രഭുവിന്റെ ആവശ്യപ്രകാരമാണ് മെക്കാളെ അദ്ദേഹത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചത്. ഇന്ത്യൻ ഭാഷകളോ അറബി, പേർഷ്യൻ ഭാഷകളോ ആശയാവിഷ്ക്കാരത്തിനു പര്യാപ്ത മല്ലായെന്നായിരുന്നു മെക്കാളെയുടെ നിലപാട്. സംസ്കൃതത്തിനും മറ്റ് പൗരസ്ത്യഭാഷകൾക്കും നല്കിവരുന്ന വാർഷികസഹായധനം നിർത്തലാക്കണമെന്നും ആ തുക ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുമാത്രമായി ചിലവഴിക്കണമെന്നും അദ്ദേഹം ശുപാർശ ചെയ്തു. രക്തത്തിലും വർണ്ണത്തിലും ഭാരതീയരും, ചിന്തയിലും അഭിരുചിയിലും ആംഗലേയരുമായ ഒരു ജനതയെ വാർത്തെടുക്കുകയെന്നതായിരുന്നു മെക്കാളെയുടെ ഉദ്ദേശ്യം. ഈ വിദ്യാഭ്യാസനയത്തിന്റെ ഫലമായി ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയവർക്ക് മാത്രമേ സർക്കാരുദ്യോഗം ലഭിക്കൂ എന്ന സ്ഥിതി വന്നു. ഇതിനെ തുടർന്ന് ഇന്ത്യൻ വിദ്യാർത്ഥികളിൽ നല്ല ശതമാനം ഇംഗ്ലീഷ് സ്ക്കൂളുകളിലേക്ക് പോയി, പ്രാദേശിക ഭാഷകൾ ക്ഷയിക്കുവാനും നാട്ടുവിദ്യാലയങ്ങൾ അടച്ചുപൂട്ടുവാനും ഇംഗ്ലീഷ് സ്ക്കൂളുകളുടെ എണ്ണം വർദ്ധിക്കുവാനും ഇത് ഇടയാക്കി.

ഗാന്ധിജിയുടെ നവീന വിദ്യാഭ്യാസ സമ്പ്രദായം

ദക്ഷിണാഫ്രിക്കയിലും ഇന്ത്യയിലുമായി ഗാന്ധിജി നടത്തിയ സാമ്പത്തികവും രാഷ്ട്രീയവും ശിശുവികസനവുമായി ബന്ധപ്പെട്ട നിരവധി നിരീക്ഷണങ്ങളുടെയും പരീക്ഷണങ്ങളുടേയും ആകെത്തുകയാണ് അദ്ദേഹത്തിന്റെ വിദ്യാഭ്യാസ ആശയങ്ങൾ.

ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി സ്ഥാപിച്ച ഫീനിക്സ് സെറ്റിൽമെന്റ് (1904). ടോൾസ്റ്റോയ് ഫാം (1910) എന്നിവിടങ്ങളിൽ ശാരീരികാധ്വാനത്തെ സംബന്ധിച്ച നിരവധി പരീക്ഷണങ്ങൾ അദ്ദേഹം നടത്തുകയുണ്ടായി. ഈ അനുഭവങ്ങളാണ് പിന്നീട് കൈത്തൊഴിൽ കേന്ദ്രീകൃതവും ഉല്പാദനപരവും സ്വയംപര്യാപ്തവുമായ ഒരു പാഠ്യപദ്ധതി രൂപീകരിക്കുന്നതിൽ അദ്ദേഹത്തെ സഹായിച്ചത്.

ബ്രിട്ടീഷ് വിദ്യാഭ്യാസ സമ്പ്രദായം ഇന്ത്യയുടെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക ആവശ്യങ്ങളെ സഹായിക്കുന്നതോ പരിഗണിക്കുന്നതോ ആയിരുന്നില്ലായെന്ന് ഗാന്ധിജി പൂർണ്ണമായും തിരിച്ചറിഞ്ഞിരുന്നു. ക്രിയാത്മകവും നിർമ്മാണപരവുമായ ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ മാത്രമേ വ്യക്തികളുടെയും സമൂഹ

ത്തിന്റേയും ആദ്ധ്യാത്മികതയും ധാർമ്മികതയും വീണ്ടെടുക്കുവാൻ കഴിയു എന്ന ദ്ദേഹം വിശ്വസിച്ചു.

പഠനപ്രവർത്തനം

ഫീനിക്സ് സെറ്റിൽമെന്റിലെയും ടോൾസ്റ്റോയി ഫാമിലെയും പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഗാന്ധിജി ഒരു പ്രായോഗികവിദ്യാഭ്യാസചിന്തകനായിരുന്നുവെന്ന് മനസ്സിലാക്കാം. ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക

വാർധ വിദ്യാഭ്യാസപദ്ധതി



ജംനാലാൽ ബജാജ് വാർധയിലെ മാർവാഡി എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ പ്രസിഡന്റായിരുന്നു. ശ്രീമൻ നാരായൺ ആയിരുന്നു സെക്രട്ടറി. നവഭാരത വിദ്യാലയം എന്ന പേരിൽ ഈ സൊസൈറ്റി ഒരു ഹൈസ്ക്കൂൾ നടത്തിയിരുന്നു.1937ൽ ഈ സൊസൈറ്റി അതിന്റെ രജതജൂബിലി ആഘോഷിക്കുകയായിരുന്നു. ഇ. ഡബ്ല്യൂ.ആര്യനായകം ആയിരുന്നു ഈ സ്ക്കൂളിന്റെ പ്രിൻസിപ്പൽ. രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഗാന്ധിജിയുടെ വിദ്യാഭ്യാസആശയങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു ദേശീയ വിദ്യാഭ്യാസസമ്മേളനം വിളിച്ചുകൂട്ടി. ഗാന്ധിജിയായിരുന്നു ഈ സമ്മേളനത്തിന്റെ അധ്യക്ഷൻ. 1937 ഒക്ടോബർ 22,23 തീയതികളിലായി വാർധയിൽ വെച്ചാണ് ഈ സമ്മേളനം നടന്നത്. ശരിക്കും ഭാരതീയമായ വിദ്യാഭ്യാസസമ്പ്രദായം ഉണ്ടാകണമെന്ന് താല്പര്യം പ്രകടിപ്പിച്ചിരുന്ന ആളുകൾ മാത്രമാണ് ഈ സമ്മേളനത്തിൽ പങ്കെടുത്തത്. ഇതേ വർഷം തന്നെ ഹരിജനിൽ തന്റെ വിദ്യാഭ്യാസ ആശയങ്ങളെപ്പറ്റി ഗാന്ധിജി നിരവധി ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഈ ആശയങ്ങൾ ഗാന്ധിജി സമ്മേളനത്തിനു മുന്നിൽ ചുരുക്കി അവതരിപ്പിച്ചു. തുടർന്നുണ്ടായ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഗാന്ധിയൻ വിദ്യാഭ്യാസദർശനങ്ങളെ ആധാരമാക്കി ഒരു വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുന്നതിനായി ഡോ.സക്കീർ ഹുസൈൻ ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിച്ചു. പ്രൊഫ. കെ.ജി.സൈയ്ദിധൻ, ഇ.ഡബ്ല്യൂ.ആര്യനായകം, വിനോബഭാവെ, കാക കലേക്കർ, ജെ.സി.കുമരപ്പ, കിഷോരി ലാൽ, പ്രൊഫ.കെ.ടി.ഷാ എന്നിവരാണ് ഈ കമ്മിറ്റിയിലെ മറ്റ് പ്രമുഖാംഗങ്ങൾ.വാർധ സമ്മേളനത്തിൽ താഴെ കൊടുത്തിരിക്കുന്ന പ്രമേയങ്ങൾ പാസാക്കി.

- ഏഴു മുതൽ പതിനാലു വയസ്സുവരെയുള്ള കുട്ടികൾക്ക് ദേശവ്യാപകമായി നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നല്കണം.
- അധ്യയനമാധ്യമം മാതൃഭാഷ ആയിരിക്കണം.
- വിദ്യാഭ്യാസത്തെ ഉല്പാദനക്ഷമമായ ഏതെങ്കിലും കൈത്തൊഴിലുമായി

ബന്ധപ്പെടുത്തണം. മറ്റെല്ലാ പരിശീലനങ്ങളും പഠനങ്ങളും ഈ പ്രവർത്തനവുമായി ബന്ധിപ്പിച്ചാണ് നടത്തേണ്ടത്.

- കുട്ടികളുടെ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടായിരിക്കണം കൈത്തൊഴിലുകൾ തെരഞ്ഞെടുക്കേണ്ടത്.
- കാലക്രമത്തിൽ ഈ കൈത്തൊഴിൽ ഉൽപ്പന്നങ്ങൾ കൊണ്ട് അധ്യാപകരുടെ ശമ്പളത്തിനും വിദ്യാലയത്തിന്റെ ചെലവുകൾ നിർവഹിക്കുന്നതിനും കഴിയണം.


1938 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വാർഷികയോഗങ്ങൾ നടന്നു. യോഗത്തിൽ വച്ച് ഈ പ്രമേയങ്ങൾ ഒരു ദേശീയ വിദ്യാഭ്യാസനയത്തിന്റെ അടിത്തറയായി അംഗീകരിക്കപ്പെട്ടു. ഒരു ജനതയ്ക്ക് നൽകുന്ന വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം, ഉള്ളടക്കം, രീതി എന്നിവയെ ആശ്രയിച്ചിരിക്കും ആ നാടിന്റെ പുരോഗതി. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രായോഗിക പരിപാടി വികസിപ്പിച്ചെടുക്കുന്നതിനായി സ്വതന്ത്രമായ ദേശീയ വിദ്യാഭ്യാസസമിതിക്ക് ഹിന്ദുസ്ഥാനി താലിംസംഘ്-സമ്മേളനം രൂപം നല്കി.

ഹിന്ദുസ്ഥാനി താലീം സംഘത്തിന്റെ നേതൃത്വത്തിൽ പിന്നീട് പല വർഷങ്ങളിലായി ഗൗരവമായ ചർച്ചകളും യോഗങ്ങളും നടന്നു. 1945 ആയപ്പോഴേക്കും കുറേക്കൂടി സമൂർത്തമായ തലത്തിലേയ്ക്ക് അടിസ്ഥാന വിദ്യാഭ്യാസപദ്ധതിയെ എത്തിക്കുവാൻ ഈ ചർച്ചകൾക്കും യോഗങ്ങൾക്കും കഴിഞ്ഞു. 1945ൽ സേവാഗ്രാമിൽ ചേർന്ന താലീം സംഘത്തിന്റെ യോഗത്തിൽ, മനുഷ്യന്റെ സമ്പൂർണ്ണ വികാസമാണ്, ജീവിതകാലം മുഴുവനുമാണ് നയിതലീമിന്റെ ലക്ഷ്യമെന്ന് പ്രഖ്യാപിക്കപ്പെട്ടു.

ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതിയുടെ പ്രധാനലക്ഷ്യങ്ങൾ

രാഷ്ട്രത്തിന്റെ സംസ്കാരവും, നാഗരികതയും, ഭാവിയെക്കുറിച്ചുള്ള അഭിലാഷങ്ങളും പരിഗണിക്കുന്നതായിരിക്കണം തദ്ദേശീയമായ വിദ്യാഭ്യാസം. ഗാന്ധിയൻ വിദ്യാഭ്യാസചിന്ത പൂർണ്ണമായും ഇന്ത്യയുടെ സംസ്ക്കാരത്തേയും നാഗരികതയേയും പരിഗണിക്കുന്നതായിരുന്നു. അത് ഭാവിയെക്കുറിച്ചുള്ള അഭിലാഷങ്ങളെ പൂർത്തീകരിക്കാൻ പര്യാപ്തവുമായിരുന്നു.

പഠിതാവിനെ സ്വാശ്രയത്വത്തിലേക്ക് നയിക്കുന്നതിനുതകുന്ന വിദ്യാഭ്യാസപ്രവർത്തനങ്ങളാണ് ഗാന്ധിജി വിഭാവനം ചെയ്തത്. ദൈവത്തിലുള്ള വിശ്വാസം, ആത്മസാക്ഷാൽക്കാരം, ആത്മീയവാദം, ദൈവവുമായുള്ള ഏകത്വം ഇവയെല്ലാം ഗാന്ധിയൻ വിദ്യാഭ്യാസചിന്തയുടെ ആത്യന്തികമായ ലക്ഷ്യങ്ങളായിരുന്നു.



ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

സമ്മേളിത വ്യക്തിത്വവികസനം (Harmonious development of one's personality)

ഗാന്ധിജി പറയുന്നു. മനുഷ്യനെന്നത് ബുദ്ധി മാത്രമല്ല, ഭൗതികശരീരം മാത്രമല്ല, ഹൃദയമോ ആത്മാവോ മാത്രമല്ല ഇവയെല്ലാം സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നതാണ് മനുഷ്യൻ. ആ രീതിയിലാവണം യഥാർത്ഥവിദ്യാഭ്യാസം. ഇപ്രകാരം മനുഷ്യനിലുള്ള ആന്തരികവും ജന്മനായുള്ളതുമായ കഴിവുകളുടെ സമഗ്രവികസനമാണ് ഗാന്ധിയൻവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മനസ്സിന്റെയും തലച്ചോറിന്റെയും ശരീരത്തിന്റെയും വികസനം ഇവിടെ ഉറപ്പാക്കുന്നു.

സമ്പൂർണ്ണജീവിതത്തിനായുള്ള തയ്യാറെടുപ്പ് (Preparation for Complete living)

ഗാന്ധിജി 1946ൽ ഹരിജനിൽ ഇപ്രകാരമെഴുതി, "ആരോഗ്യവും കലയും കൈത്തൊഴിലും വിദ്യാഭ്യാസവും എല്ലാം ഒരു പദ്ധതിയിൽ ഏകീകരിക്കണം. അടിസ്ഥാനവിദ്യാഭ്യാസം (നയീതലീം) നാലിന്റേയും സമഞ്ജസസമ്മേളനമാണ്. ഇത് ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെയുള്ള ജീവിതത്തിന് അത്യാവശ്യമായ സമ്പൂർണ്ണവിദ്യാഭ്യാസമാണ്". നിലവിലുള്ള സാധാരണ വിദ്യാഭ്യാസ സമ്പ്രദായം ബുദ്ധിവികാസത്തിന് മാത്രമാണ് പ്രാധാന്യം നല്കുന്നത്. എന്നാൽ ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ജനനം മുതൽ മരണം വരെ നീണ്ടുനിൽക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. ബുദ്ധിവികാസം പ്രക്രിയയിലെ ഒരു ഘടകം മാത്രമാണ്.

കൈകാലുകൾ, കണ്ണ്, ചെവി, മൂക്ക് ഇവയെല്ലാം വേണ്ടരീതിയിൽ ഉപയോഗിക്കാൻ പഠിച്ചാൽ ബുദ്ധിവികാസം സാധ്യമാകും. ഇത് മാനസിക വികാസത്തിലേക്കും മാനസിക വികാസം ആത്മാവിന്റെ വികാസത്തിലേക്കും നയിക്കുന്നു. ഇപ്രകാരം സമ്പൂർണ്ണമായ ജീവിതമാണ് ഗാന്ധിയൻ വിദ്യാഭ്യാസം ലക്ഷ്യം വെയ്ക്കുന്നത്.

സ്വയംപര്യാപ്തത (Self Sufficiency)

സ്വയംപര്യാപ്തത എന്നത് ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതിയുടെ ഏറ്റവും വലിയ സവിശേഷതയാണ്. കേവലം സ്വാർത്ഥപരമായ ഉദ്ദേശ്യത്തോടെയല്ല സ്വയം പര്യാപ്തതയെ ഗാന്ധിജി വിവക്ഷിക്കുന്നത്. മറിച്ച് വിദ്യാഭ്യാസപരമായ ഉദ്ദേശ്യമാണ് ഇതിനുള്ളത്. ഗാന്ധിജി ഇപ്രകാരം പറയുന്നു, "അടിസ്ഥാന വിദ്യാഭ്യാസത്തിൽ അവതരിപ്പിച്ച എല്ലാറ്റിനും ഒരു ലക്ഷ്യം, അതായത്, വിദ്യാഭ്യാസപരമായ ലക്ഷ്യം മാത്രമേ ഉണ്ടാകാവൂ. കൈത്തൊഴിൽ വഴി വിദ്യാർത്ഥിക്ക് ശാരീരികവും ബുദ്ധിപരവും സദാചാരപരവുമായ വളർച്ചയുണ്ടാക്കുക എന്ന ലക്ഷ്യമാണ് അടിസ്ഥാനവിദ്യാഭ്യാസത്തിലുള്ളത്. വിദ്യാഭ്യാസപരമായ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ, ഭദ്രമായ പദ്ധതി സാമ്പത്തികമായും ഭദ്രമായിരിക്കുമെന്നാണ് എന്റെ പക്ഷം. ഉദാഹരണത്തിന് പിന്നീട് നശിപ്പിക്കാനെളുപ്പമായ കളിക്കോപ്പുണ്ടാക്കാൻ വിദ്യാർത്ഥികളെ പഠിപ്പിക്കാം. അതും അവരുടെ ബുദ്ധിശക്തിയെ വളർത്തും പക്ഷേ അതൊരു സുപ്രധാനമായ ധാർമികതത്വത്തെ- മനുഷ്യാധ്വാനവും അസംസ്കൃതവസ്തുക്കളും വിഫലമോ ഉദ്പാദനക്ഷമതയില്ലാത്തതോ ആയ കാര്യങ്ങൾക്ക് ഉപയോഗിക്കരുത് എന്ന തത്വത്തെ - അവഗണിക്കലാവും".

ഇപ്രകാരം നോക്കുമ്പോൾ മറ്റു ലക്ഷ്യങ്ങളെപ്പോലെ ഇതും സ്വാഭാവികമായി ഉൾച്ചേർക്കപ്പെട്ട ഒന്നാണെന്ന് നമുക്ക് കാണാൻ കഴിയും. പഠിതാവിനെ സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തനാക്കുന്നുവെന്നതാണ് ഇതിന്റെ കാതൽ. ജീവിതത്തിനുവേണ്ടി ജീവിതത്തിൽ നിന്ന്, ജീവിതത്തിലൂടനീളം നടക്കുന്ന ഒരു പ്രക്രിയയായിട്ടാണ് ഗാന്ധിജി വിദ്യാഭ്യാസത്തെ കാണുന്നത്.

സ്വഭാവരൂപീകരണം (Character Building)

കുടുംബത്തിന്റെ തുടർച്ചയായാണ് ഗാന്ധിജി വിദ്യാലയത്തെ കാണുന്നത്. കേവലം അക്ഷരജ്ഞാനം നേടുകയെന്നതോ ഉപജീവനമാർഗ്ഗം കണ്ടെത്തുകയെന്നതോ അല്ല യഥാർത്ഥ വിദ്യാഭ്യാസം. സ്വഭാവരൂപീകരണമാണ് വിദ്യാഭ്യാസത്തിന്റെ പ്രാഥമികമായ ലക്ഷ്യമായി ഗാന്ധിജി കാണുന്നത്. വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും പരിശുദ്ധി പാലിക്കുന്നതിൽ ശ്രദ്ധാലുക്കളല്ലെങ്കിൽ എത്ര പണ്ഡിതനാണെങ്കിലും അയാൾ തകർന്നുകഴിഞ്ഞു എന്നാണ് ഗാന്ധിജിയുടെ അഭിപ്രായം. സ്വഭാവരൂപീകരണം അധ്യാപകർക്കോ മറ്റുള്ളവർക്കോ പുസ്തകങ്ങളിൽ നിന്ന് ഉണ്ടാക്കുവാൻ കഴിയില്ല. അതവരുടെ ജീവിതത്തിൽ നിന്നുതന്നെ ഉണ്ടായിവരണം. ഉത്കൃഷ്ടമായ സ്വഭാവശക്തിയിലൂടെ മാത്രമേ സ്വരാജ്യം നേടാൻ കഴിയൂവെന്ന് ഗാന്ധിജി ഉറച്ചുവിശ്വസിച്ചു.

പൗരത്വപരിശീലനം (Training in Citizenship)

വ്യക്തിവളർച്ച, അന്തസ്സ്, കാര്യശേഷി, സഹകരണമനോഭാവം തുടങ്ങിയവ പഠിതാക്കളിൽ വികസിക്കുന്നതിനാവശ്യമായ പഠനപ്രവർത്തനങ്ങളാണ് അടിസ്ഥാന വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തേണ്ടത്. തന്റെയും, താൻ ജീവിക്കുന്ന സമൂഹത്തിലെയും പ്രശ്നങ്ങൾ വിദ്യാർത്ഥികൾ അറിഞ്ഞിരിക്കണം. അവയ്ക്ക്, തന്നാൽ കഴിയുന്ന പരിഹാരം കാണുന്നതിന് വിദ്യാർത്ഥി പ്രാപ്തനായിരിക്കണം. തന്റെ അവകാശങ്ങളെക്കുറിച്ചും ഉത്തരവാദിത്തങ്ങളെക്കുറിച്ചും അവൻ ബോധ്യമുള്ളവനാകണം. ഇപ്രകാരം രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യാൻ തയ്യാറുള്ള ജനസേവകരെ വാർത്തെടുക്കുക എന്നുള്ളതാകണം അടിസ്ഥാനവിദ്യാഭ്യാസത്തിന്റെയും കലാശാലാവിദ്യാഭ്യാസത്തിന്റേയും ലക്ഷ്യം. ഗാന്ധിജി പറയുന്നു. "മനുഷ്യമനസ്സിനെ ഓരോ നിമിഷവും ഉപയോഗപ്രദമായ നിലയിൽ ചെലവാക്കുകയെന്നതാണ് പൗരത്വാഭ്യാസനത്തിൽ ഊന്നിപറയേണ്ട തത്വം".

സാംസ്കാരിക ലക്ഷ്യം (Cultural Aim)

സാഹിത്യപരമായ അംശത്തേക്കാൾ സാംസ്ക്കാരികാംശത്തിനാണ് വിദ്യാഭ്യാസ ക്രമത്തിൽ ഗാന്ധിജി പ്രാധാന്യം നല്കിയത്. അദ്ദേഹം പറയുന്നു. 'നിങ്ങളുടെ സ്വഭാവത്തിന്റെയും പെരുമാറ്റത്തിന്റേയും ഏറ്റവും ചെറിയ വിശദാംശങ്ങളിൽ - നിങ്ങളുടെ ഇരിപ്പ്, നടപ്പ്, വേഷം മുതലായവയിൽ പോലും ആ സംസ്ക്കാരം പ്രകടമാവണം. നിങ്ങളുടെ വാക്കിലും, സന്ദർശകരോടും അതിഥികളോടുമുള്ള പെരുമാറ്റത്തിലും, അധ്യാപകരോടും കാരണവന്മാരോടും പെരുമാറുന്നതിലും നിങ്ങളുടെ ആഭ്യന്തരസംസ്കാരം നിഴലിച്ചുകാണണം'.

സമൂഹത്തിന്റെ ക്രമമായ വികാസത്തിനും തുടർച്ചയ്ക്കും സാംസ്ക്കാരിക മൂല്യങ്ങളുടെ കൈമാറ്റം അനിവാര്യമാണ്. ആധുനികവിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ തിന്മകളിലൊന്നായി ഗാന്ധിജി കാണുന്നത് അത് നമ്മുടെ അസ്തിത്വപരമായ സുസ്ഥിതിയെ തകർക്കുന്നു എന്നതാണ്. സാമൂഹികമായ ഐക്യദാർഢ്യത്തെ നിലനിർത്തുന്നത് ഉത്തമ വിശ്വസ്തതകളുടെ ഒരു പരമ്പരയാണ്. മതവിശ്വാസം, കർത്തവ്യം, രക്ഷാകർത്താക്കൾ, കുടുംബം, ധർമ്മം എന്നിവയോടുള്ള വിശ്വസ്തതകൾ ഇതിൽ പ്രധാനമാണ്. ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസക്രമം ഈ സുദീർഘപാരമ്പര്യത്തെ സംരക്ഷിച്ചുപോന്നിരുന്നു.

ഉപയോഗതാലക്ഷ്യം (Utilitarian Aim)

നിത്യജീവിതത്തിൽ ഉപയോഗപ്പെടാത്തതും പരിസരബന്ധിതമല്ലാത്തതുമായ വിദ്യാഭ്യാസത്തെ ഗാന്ധിജി പൂർണ്ണമായും തള്ളിക്കളയുന്നു. വായന, എഴുത്ത്, കണക്കുകൂട്ടൽ എന്നീ മൂന്ന് കാര്യങ്ങൾ ശുഷ്കമായ അറിവായി നല്കിയാൽ അതൊരിക്കലും പഠിതാവിന് പ്രയോജനപ്പെടില്ല. അവരുടെ ദൈനംദിന ജീവിതത്തിന് ആവ



ശ്യമായ അറിവാണ് അവർക്ക് നല്കേണ്ടത്. അത് അടിച്ചേൽപ്പിക്കരുത്. മറിച്ച് സ്വാഭാവിക അഭിരുചി ഉണ്ടാകുന്ന വിധത്തിലായിരിക്കണം പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടത്.

ഗാന്ധിജി പറയുന്നു, "അവർക്ക് (പഠിതാവിന്) ആവശ്യമില്ലാത്തതും അവർ അംഗീകരിക്കാത്തതുമായ ഒരുതരം വിദ്യാഭ്യാസമാണ് ഇന്നവർക്ക് കിട്ടുന്നത്. ഗ്രാമജീവിതത്തിലെ കണക്കുകളും, ഗ്രാമചരിത്രവും ഗ്രാമഭൂമിശാസ്ത്രവും കണക്കെഴുത്തും കത്തും വായനയുമൊക്കെയാണ് ഗ്രാമീണരെ പഠിപ്പിക്കേണ്ടത്. അത് അവർക്ക് ഒരു നിധിയാകും. വിജ്ഞാനസമ്പാദനത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് അവർ മുന്നേറും. നിത്യജീവിതത്തിൽ ഉപകാരപ്പെടാത്ത പുസ്തകങ്ങളെ അവർ നിരാകരിക്കും".

രാമരാജ്യം

പഠിതാവിലെ ഉത്തമാംശങ്ങളെ പുറത്തുകൊണ്ടുവന്ന് അവനെ പുതിയ മനുഷ്യനാക്കുക എന്നതാണ് ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതിയുടെ ആത്യന്തികലക്ഷ്യം. സ്ക്കൂളിൽ നിന്നും ലഭിക്കുന്ന സുസംഘടിതമായ സാമൂഹികജീവിതാനുഭവങ്ങളിൽ നിന്നും പഠിതാവ് നീതിയിലും സമാധാനത്തിലും അധിഷ്ഠിതമായ ദുരയില്ലാത്ത സാമൂഹികജീവിതക്രമം വികസിപ്പിക്കുന്നതിന് ശേഷിയുള്ളവനാകുന്നു. ഈ സാമൂഹികക്രമം സത്യം, സ്നേഹം, നീതി, സഹകരണജോലി എന്നിവയിൽ അധിഷ്ഠിതമായിരിക്കണം. ഇത് രാമരാജ്യത്തിലേക്കുള്ള പ്രയാണത്തെ ശക്തിപ്പെടുത്തും.

പഠനപുരോഗതി വിലയിരുത്താം

പൂരിപ്പിക്കുക

1. പഠിതാവിന്റെ ശാരീരികവും ബുദ്ധിപരവും ..... വികസനത്തെ ഉറപ്പിക്കുവാൻ വിദ്യാഭ്യാസത്തിന് കഴിയണം.
2. ഗാന്ധിജിയുടെ വിദ്യാഭ്യാസ ആശയങ്ങൾ ചർച്ചചെയ്യുന്നതിനായി 1937-ൽ കൂടിയ സമ്മേളനമാണ് .....
3. ..... ആണ് വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യം
4. ശരിയോ തെറ്റോ എന്ന് കണ്ടെത്തുക
   (a) ഇംഗ്ലീഷ് വിദ്യാഭ്യാസ സമ്പ്രദായം ഇന്ത്യയുടെ ബഹുസ്വരതയെ പരിഗണിച്ചില്ല.
   (b) ഗ്രാമ കേന്ദ്രീകൃതമായിരുന്നു ഇംഗ്ലീഷ് വിദ്യാഭ്യാസം
   (c) വാർധവിദ്യാഭ്യാസ പദ്ധതിയിൽ അധ്യയന മാധ്യമം മാതൃഭാഷ ആയിരുന്നു.
5. ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതിയുടെ ഏറ്റവും വലിയ സവിശേഷത?
6. ആരോഗ്യവും കലയും കൈത്തൊഴിലും വിദ്യാഭ്യാസവും എല്ലാം ഏകീകരിക്കുന്ന പദ്ധതി ഏത്.
7. ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം കണ്ടെത്തുക.

ഗാന്ധിയൻ സ്റ്റഡീസ്

ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതിയെ അടിസ്ഥാന വിദ്യാഭ്യാസപദ്ധതി എന്നു വിളിക്കുന്നത് എന്തുകൊണ്ട്?
(Why Gandhiji's Scheme of Education is called Basic Education)

1. ഇന്ത്യയുടെ സംസ്കാരത്തിലും ജീവിതത്തിലും അധിഷ്ഠിതമായിരുന്നു
2. എല്ലാ വിദ്യാർത്ഥികൾക്കും ജാതി,മത,ആചാരവ്യത്യാസങ്ങൾ പരിഗണിക്കാതെ ഏറ്റവും കുറഞ്ഞ അളവിലെങ്കിലും വിദ്യാഭ്യാസം ഉറപ്പാക്കുന്നു.
3. പഠിതാവിന്റെ അടിസ്ഥാന ആവശ്യങ്ങളിലും താല്പര്യങ്ങളിലും അധിഷ്ഠിതമാണ്.
4. പഠിതാവിൽ അന്തർലീനമായിരിക്കുന്ന കഴിവുകളെ ക്രിയാത്മകവും ഉല്പാദനപരവുമായ പ്രവർത്തികളിലൂടെ വികസിപ്പിക്കുന്നു.
5. പഠിതാവിന്റെ ജീവിതപരിസരങ്ങളോട് ചേർന്ന് നില്ക്കുന്നു.



വാർധവിദ്യാഭ്യാസ പദ്ധതിയുടെ പ്രത്യേകതകൾ

പ്രവർത്തനാധിഷ്ഠിതം അതായത് 'ചിന്തിക്കുന്ന കരങ്ങൾ' എന്ന സിദ്ധാന്തത്തിലധിഷ്ഠിതമാണ് ഗാന്ധിയൻ വിദ്യാഭ്യാസചിന്ത. '3R's അതായത് Reading, Writing, Arithmetic (വായിക്കുക, എഴുതുക, കണക്കുകൂട്ടുക) എന്ന ശുഷ്കമായ വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്കുപരിയായി '3H's' അതായത് മസ്തിഷ്ക്കം, ഹൃദയം, കരങ്ങൾ (Head, Heart, Hand) എന്നിവയുടെ വികസനത്തിനാണ് ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതി പ്രാധാന്യം നല്കിയത്. ഈ ലക്ഷ്യം സാക്ഷാൽക്കരിക്കത്തക്കവിധത്തിലാണ് വാർധയിൽ വെച്ച് ഗാന്ധിയൻ വിദ്യാഭ്യാസപദ്ധതിയുടെ ചട്ടക്കൂട് തയ്യാറാക്കിയത്. വാർധ വിദ്യാഭ്യാസ സമ്മേളനത്തിൽവെച്ച് രൂപപ്പെട്ടതുകൊണ്ടാണ് ഇതിനെ വാർധ വിദ്യാഭ്യാസപദ്ധതി എന്ന് വിളിക്കുന്നത്.

വാർധവിദ്യാഭ്യാസ പദ്ധതിയുടെപ്രധാനസവിശേഷതകൾ

1. സൗജന്യവും നിർബന്ധിതവുമായ പ്രാഥമികവിദ്യാഭ്യാസം. (Free and Compulsory Primary Education)

ഏഴു മുതൽ പതിനാല് വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നല്കണമെന്ന് വാർധപദ്ധതി നിഷ്കർഷിച്ചു. ഇന്ത്യ

യുടെ സംസ്ക്കാരവും ജീവിതരീതിയും പ്രതിഫലിപ്പിക്കുന്ന ബഹുജനവിദ്യാഭ്യാസത്തിലൂടെ മാത്രമേ സ്വരാജ് സാധ്യമാകൂ എന്ന് ഗാന്ധിജി ഉറച്ചുവിശ്വസിച്ചു. അതുകൊണ്ടുതന്നെ പ്രാഥമികവിദ്യാഭ്യാസം എല്ലാവർക്കും ലഭിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.

2. കൈത്തൊഴിൽ കേന്ദ്രീകൃതവിദ്യാഭ്യാസം (Craft Centered Education)

കൈത്തൊഴിൽ പഠിപ്പിക്കുക വഴിയാണ് വാർധവിദ്യാഭ്യാസപദ്ധതിയിൽ പഠനം ആരംഭിക്കുന്നത്. ഇത് പഠിതാവിന്റെ ഇന്ദ്രിയവികാസത്തിനും (Sensory development) കായിക-ചാലകവികാസത്തിനും (Physical and Motor Development) മാനസികവികാസത്തിനും (Mental Development) സഹായിക്കുന്നു. ഗാന്ധിജി പറയുന്നു, "ഉപയോഗപ്രദമായ ഒരു കൈത്തൊഴിൽ പഠിപ്പിക്കുക വഴിയാണ് ഞാൻ കുട്ടിയുടെ വിദ്യാരംഭം കുറിക്കുക. മനസ്സിനും ആത്മാവിനും പരമോന്നത വികാസം നേടാൻ ഈ വിദ്യാഭ്യാസ സമ്പ്രദായം മൂലം കഴിയും എന്നു ഞാൻ വിശ്വസിക്കുന്നു". കൈത്തൊഴിൽ അഭ്യസനത്തിലൂടെ എങ്ങനെ ബുദ്ധിവികാസം ഉണ്ടാകുന്നു എന്ന ചോദ്യത്തിന് മറുപടിയായി ഗാന്ധിജി ഇപ്രകാരം പറയുന്നു. 'യാന്ത്രികമായല്ല അതു പഠിപ്പിക്കുന്നതെങ്കിൽ തീർച്ചയായും അവരുടെ ബുദ്ധി അത്ഭുതകരമായി വളരുകതന്നെ ചെയ്യും. ഓരോ പ്രക്രിയയുടെയും കാര്യകാരണങ്ങളെക്കുറിച്ച് നിങ്ങൾ കുട്ടിയോട് പറയുമ്പോൾ തക്ളിയുടെ പ്രവർത്തനത്തെക്കുറിച്ച് അവന് വിശദീകരണം നല്കുമ്പോൾ പഞ്ഞി വിളയുന്ന പാടങ്ങൾക്ക് നടുവിലേക്ക് അവനെ കൊണ്ടുപോയി പരുത്തികൃഷിയുടെ ചരിത്രത്തെക്കുറിച്ചും സാംസ്ക്കാരിക വളർച്ചയിൽ അതിനുള്ള പങ്കിനെക്കുറിച്ചും അവനോട് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുമ്പോൾ, എത്ര കഴി നൂലുണ്ടാക്കിയെന്നും എത്രത്തോളം നേർമ്മയിലാണ് ആ നൂലുണ്ടാക്കിയതെന്നും അവർ പഠിച്ചറിയുമ്പോൾ അവരുടെ താല്പര്യം താനേ വളരുന്നു'. (ഹരിജൻ 05/06/1939)

കൈത്തൊഴിൽ കേന്ദ്രീകൃത വിദ്യാഭ്യാസപദ്ധതിയുടെ മേന്മകൾ

- പഠിതാവിന് പഠനത്തിൽ സ്വാഭാവിക താല്പര്യം ഉണ്ടാകുന്നു
- ബുദ്ധിപരമായ തൊഴിലും ശാരീരികാധ്വാനവും തമ്മിലുള്ള അന്തരം ഇല്ലാതാകുന്നു.
- ഗ്രാമവും നഗരവും തമ്മിലുള്ള ബന്ധത്തെ ശക്തിപ്പെടുത്തുന്നു
- തൊഴിലിലധിഷ്ഠിതമായ ജാതി സമ്പ്രദായത്തെ നിരാകരിക്കുന്നു.
- വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും തൊഴിലില്ലായ്മ കുറയ്ക്കുന്നതിനും സഹായിക്കുന്നു.
- പഠിതാവിന്റെ ജീവിതപരിസരത്തോട് ചേർന്നുനില്ക്കുന്നു.

മാതൃഭാഷയിലൂടെയുള്ള അഭ്യസനം

1937ലെ വാർധ വിദ്യാഭ്യാസ സമ്മേളനത്തിൽ അംഗീകരിച്ച പ്രധാന പ്രമേയങ്ങളിലൊന്ന് അധ്യയന മാധ്യമം മാതൃഭാഷ ആയിരിക്കണം എന്നതാണ്.

പഠനമാധ്യമം മാതൃഭാഷയിലായിരിക്കണമെന്നുള്ളതിന് ഉപോത്ബലകമായി ഗാന്ധി പറയുന്ന കാരണങ്ങൾ താഴെ പറയുന്നവയാണ്.

- വിദേശഭാഷയിലൂടെയുള്ള അഭ്യസനം ഭാരതസംസ്ക്കാരത്തിന്റെ എതിർദിശയിലേക്ക് നമ്മെ നയിക്കും.
- വിദേശഭാഷയിലുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് മാനസിക സംഘർഷം ഉണ്ടാക്കുന്നു.
- മൗലിക ഗവേഷണരംഗത്തേക്ക് തിരിയാനോ ഗഹനമായി ചിന്തിക്കാനോ കഴിയാതെ വരുന്നു.
- വീടും വിദ്യാലയവും തമ്മിലുള്ള പൊരുത്തം തകർക്കുന്നു.
- നാട്ടുഭാഷകളെ തകർക്കുന്നു
- വിദ്യാഭ്യാസത്തെ ചെലവേറിയതാക്കി മാറ്റുന്നു.
- വിദേശഭാഷ അടിച്ചേൽപ്പിക്കുന്നതിലൂടെ അത് ജനതയുടെ ജൈവികമായ ഓജസ്സ് നശിപ്പിച്ച് ആയുസ്സ് കുറയ്ക്കുന്നു.

അയവുള്ള പാഠ്യപദ്ധതിയും സ്വതന്ത്രസാഹചര്യവും (Flexible Curriculum and Free Enviornment)

വാർധ വിദ്യാഭ്യാസ പദ്ധതിയുടെ പ്രധാന സവിശേഷതകളിലൊന്നാണിത്. പഠിതാവിന് തന്റെ കഴിവുകളെ കണ്ടെത്തുന്നതിന് ഇത് വളരെ അനുകൂലമാണ്. പരീക്ഷയുടെ പേടിയില്ലാതെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും തങ്ങളുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സാധിക്കുന്നു.

അടിസ്ഥാന തൊഴിലിനെ കേന്ദ്രീകരിച്ചാണ് പാഠ്യപദ്ധതിയുടെ ഉള്ളടക്കം വികസിക്കുന്നത്. തിരഞ്ഞെടുത്ത അടിസ്ഥാന തൊഴിൽ, പഠനസന്ദർഭങ്ങൾ ധാരാളമായി തരുന്ന ഒന്നായിരിക്കണം. കൂട്ടായ പ്രവർത്തനങ്ങൾക്ക് ധാരാളം സാധ്യതകൾ ഉണ്ടായിരിക്കണം. ഓരോ പ്രവർത്തനവും ആസൂത്രണം ചെയ്യാനും വിലയിരുത്താനും കഴിയണം, കുട്ടികൾക്ക് മുൻകൈ എടുക്കാനുള്ള സാധ്യത ഉണ്ടായിരിക്കണം. ഇപ്രകാരം പഠിതാവിന്റെ താല്പര്യത്തിനും അഭിരുചിക്കുമനുസൃതമായിട്ടാണ് അടിസ്ഥാന വിദ്യാഭ്യാസപദ്ധതിയിൽ പാഠ്യപദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

സഹബന്ധനം (Correlation)

വിവിധ വിഷയങ്ങളെ പ്രത്യേകം പ്രത്യേകം പഠിപ്പിക്കുന്നതിനു പകരം അവ തമ്മിലുള്ള പരസ്പര ബന്ധത്തെ കണ്ടെത്തി സഹബന്ധനത്തിലൂടെ സംയോജിത ശിക്ഷണമാണ് ഗാന്ധിയൻ വിദ്യാഭ്യാസ മാതൃക മുന്നോട്ടു വെയ്ക്കുന്നത്. ഗാന്ധിജി പറയുന്നു."നൂൽനൂൽപ്പോ, മരപ്പണിയോ, കൃഷിയോ ഏതായാലും ഒരു പണി കുട്ടി ഉത്സാഹിച്ചു പഠിക്കുന്നു എന്നു കരുതുക. ഇവിടെ കുട്ടി താൻ തിരഞ്ഞെടുക്കുന്ന തൊഴിലിന്റെ തത്വം, ചരിത്രം, പണിക്കോപ്പുകൾ അവയുടെ പ്രയോഗവും നിർമ്മി

തിയും എന്നിങ്ങനെ ഒരുപാടു സംഗതികൾ തൊഴിൽ പഠനത്തോടൊപ്പം പഠിക്കുന്നു. സാധാരണ നിലയിൽ ഒറ്റപ്പെട്ട വിജ്ഞാന ഭാഗങ്ങൾ കായികാധ്വാനത്തോടൊപ്പം ഒരു സമഗ്രതയായി സമന്വയം നേടുന്നു".

ഇത്തരം വിദ്യാഭ്യാസം പഠിതാവിൽ അരോഗദൃഢഗാത്രവും അനുഭവപരിചയത്തിൽ അധിഷ്ഠിതവുമായ ബുദ്ധിവികാസത്തിനു സഹായിക്കുന്നു. മനുഷ്യന് സ്ഥൂല ശരീരമുണ്ട്. വിശേഷ ബുദ്ധിയുണ്ട്, ആത്മാവുണ്ട്. എന്നാൽ ഇതെല്ലാം പരസ്പര ബന്ധമില്ലാതെ വേറിട്ടു നിൽക്കുന്ന അവസ്ഥയിൽ മനുഷ്യനില്ല. വേർതിരിവ് അസാധ്യമായ ഇവയുടെ ഏകത്വമാണ് മനുഷ്യൻ. സഹബന്ധനത്തിലൂടെ ഈ ഏകത്വം പരിപോഷിപ്പിക്കപ്പെടുന്നു.

അഹിംസ (Non-Violence)

ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതിയുടെ അടിസ്ഥാന നിയമമാണ് അഹിംസ. വ്യക്തിത്വത്തിന്റെ സമഗ്ര വികസനം സാധ്യമാകുന്നതിന് അഹിംസാ പരിശീലനം അനുപേക്ഷണീയമാണ്. അഹിംസയുടെ അർത്ഥം സമസ്ത ചരാചരങ്ങളെയും സ്നേഹിക്കുക എന്നതാണ്. സഹകരണപഠനവും സംഘപഠനവും പഠിതാവിൽ അഹിംസയുടെ പാഠങ്ങൾ ഉറയ്ക്കുന്നതിന് സഹായിക്കുന്നു.

അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ രീതിശാസ്ത്രം (The Methodology of Basic Education)

"ആരോഗ്യവും കലയും കൈത്തൊഴിലും വിദ്യാഭ്യാസവും എല്ലാം ഒരു പദ്ധതിയിൽ ഏകീകരിച്ചതാണ് നയിതലിം (അടിസ്ഥാന വിദ്യാഭ്യാസം). കരകൗശല പരിശീലനം നേടിയതിനുശേഷം മാത്രമാണ് ഇവിടെ സാഹിത്യ പഠനം ആരംഭിക്കുന്നത്." പ്രാഥമിക വിദ്യാഭ്യാസം അക്ഷരമാലയിലൂടെ ആരംഭിക്കുന്നതുമൂലം കുട്ടികളുടെ ബുദ്ധിപരമായ വളർച്ചക്ക് തടസ്സം ഉണ്ടാകുന്നു. പുസ്തക വായനയിലൂടെയാണു ബുദ്ധി വളരുക എന്ന തെറ്റിദ്ധാരണ മാറ്റണം. മനസ്സിന്റെ ദ്രുതഗതിയിലുള്ള വളർച്ചക്ക് ഏതെങ്കിലും കൈത്തൊഴിൽ ശാസ്ത്രീയമായി പഠിക്കുകയാണു വേണ്ടത്. കൈകളും തൊഴിലുപകരണങ്ങളും എങ്ങനെ പ്രയോഗിക്കണമെന്ന് ഓരോ ഘട്ടത്തിലും മനസ്സിലാക്കാൻ തുടങ്ങുമ്പോൾ കുട്ടിയുടെ മാനസിക വളർച്ചയും ആരംഭിക്കും. ഏതൊരു കാര്യം പഠിതാവിനെ പരിചയപ്പെടുത്തുമ്പോഴും അത് കാര്യകാരണ സഹിതം പഠിതാവിന് പറഞ്ഞുകൊടുക്കണം. ഓരോ പ്രവർത്തനത്തിന്റെയും ശാസ്ത്രീയത കുട്ടികൾ മനസ്സിലാക്കണം.

അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ രീതിശാസ്ത്രത്തെ താഴെപറയുന്നപ്രകാരം ചുരുക്കാം

- പഠന പ്രക്രിയയുടെ കേന്ദ്രം കൈത്തൊഴിൽ പരിശീലനമായിരിക്കും.
- സഹബന്ധനത്തിലൂടെയായിരിക്കും പാഠ്യപദ്ധതി പുരോഗമിക്കുന്നത്.
- പ്രവർത്തനാധിഷ്ഠിതവും നേരിട്ടുള്ള അനുഭവങ്ങളിലൂടെയുമായിരിക്കും പഠനം.
- സഹകരണാത്മക/സംഘപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കുന്നു.

അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം (The Content of Basic Education)

താഴെപ്പറയുന്ന വിഷയങ്ങൾ അടിസ്ഥാനവിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. അടിസ്ഥാന കൈത്തൊഴിൽ (The Basic Craft)

a) നൂൽനൂൽപ്പും നെയ്ത്തും
b) മരപ്പണി
c) കൃഷി
d) പുഷ്പഫല കൃഷി
e) തുകൽ ഉൽപ്പന്ന നിർമ്മാണം
f) മത്സ്യ സംരക്ഷണം
g) മൺപാത്ര നിർമ്മാണം
h) പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായ മറ്റു കൈത്തൊഴിലുകൾ
i) പെൺകുട്ടികൾക്കായി ഗാർഹിക ശാസ്ത്രം

2. മാതൃഭാഷ

ആശയവിനിമയത്തിനുള്ള മുഖ്യ ഉപാധിയാണ് ഭാഷ. ഏറ്റവും ആയാസ രഹിതമായും ഭംഗിയായും ആശയവിനിമയം നടത്താൻ സാധിക്കുന്നത് മാതൃഭാഷയിലൂടെയാണ്. ഗാന്ധിജി പറയുന്നു "വിദേശ മാധ്യമം നമുക്ക് ചിന്താപരമായ മാന്ദ്യമുണ്ടാക്കി. അത് നമ്മുടെ കുട്ടികളുടെ നാഡീകരുത്ത് ക്ഷയിപ്പിച്ചു. അവരിപ്പോൾ അക്ഷരം പെറുക്കികളും അനുകരണക്കാരുമായി. സ്വന്തമായി എന്തെങ്കിലും ചെയ്യുന്നതിനോ മൗലികമായി ചിന്തിക്കുന്നതിനോ അവർക്കാകുന്നില്ല.... വിദേശമാധ്യമം നമ്മുടെ കുട്ടികളെ സ്വന്തം നാട്ടിൽ വിദേശികളാക്കിയിരിക്കുന്നു.... പ്രാദേശിക ഭാഷകളുടെ വികാസത്തെ വിദേശ മാധ്യമം തടസ്സപ്പെടുത്തി. കടുത്ത പരിഹാരക്രിയ വേണ്ട തിന്മയാണത്".

3. ഗണിത ശാസ്ത്രം

പഠിതാവിന്റെ ദൈനംദിന ജീവിതത്തിലെ തൊഴിൽപരവും സംഖ്യാപരവും ക്ഷേത്ര ഗണിത സംബന്ധവുമായ സാധാരണ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള കഴിവ് വികസിപ്പിക്കുക എന്നതാണ് ഗണിത ശാസ്ത്ര പഠനത്തിന്റെ ലക്ഷ്യം.

4. സാമൂഹ്യ പാഠങ്ങൾ

സാമൂഹ്യപാഠ പഠനത്തിന്റെ ഉദ്ദേശ്യങ്ങൾ താഴെ പറയുന്നു.

- മനുഷ്യരാശിയുടെയും ഇന്ത്യയുടെയും പുരോഗതിക്ക് അനുപേക്ഷണീയമായ വിശാലമായ മാനുഷിക താൽപ്പര്യം വളർത്തിയെടുക്കുക.
- തന്റെ ചുറ്റുപാടുമുള്ള സാമൂഹികവും ഭൂമിശാസ്ത്രപരവുമായ പരിസരത്തെപ്പറ്റി ശരിയായ ധാരണ ഉണ്ടാക്കുക.

- രാജ്യസ്നേഹമുള്ള പൗരന്മാരായി പഠിതാവിനെ മാറ്റുക.
- സ്വന്തം ഉത്തരവാദിത്തങ്ങളെപ്പറ്റിയും അവകാശങ്ങളെപ്പറ്റിയും പഠിതാവിനെ ബോധവാനാക്കുക.
- എല്ലാ മതങ്ങളോടും ബഹുമാനവും സമഭാവനയും ഉണ്ടാക്കുക.

5. സാമാന്യ ശാസ്ത്രം (General Science)

ശാസ്ത്ര വിഷയങ്ങളിൽ സാമാന്യ ധാരണ ഉണ്ടാകുന്നതിനോടൊപ്പം താഴെ പറയുന്ന ലക്ഷ്യങ്ങളും സാമാന്യ ശാസ്ത്ര പഠനത്തിലൂടെ നേടുന്നു.

- പ്രകൃതി ബോധം വളർത്തുന്നു.
- പരീക്ഷണ നിരീക്ഷണത്തിലൂടെയും കാര്യകാരണ അന്വേഷണത്തിലൂടെയും വിവരങ്ങൾ മനസ്സിലാക്കുന്നതിന് സഹായിക്കുന്നു.
- ചുറ്റുമുള്ള പ്രതിഭാസങ്ങളെയും സംഭവങ്ങളെയും ശരിയായി വിലയിരുത്തുന്നതിന് കഴിയുന്നു.
- മാനവ സേവനത്തിനായി ശാസ്ത്രത്തെ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടുന്നു.

6. ചിത്രരചന (Drawing)

- ആകൃതികളെയും നിറങ്ങളെയും തിരിച്ചറിയുന്നു.
- ആസ്വാദനശേഷി നേടുന്നു.
- വിരലുകളുടെ അനായാസമായ ചലനത്തിനു സഹായകമാകുന്നു.
- ഉൽപ്പാദിപ്പിക്കേണ്ട വസ്തുക്കളുടെ രൂപകൽപ്പന, ആസൂത്രണം എന്നിവ ഭംഗിയായി നിർവഹിക്കുന്നു.
- സ്കെയിൽ ഉപയോഗിച്ച് വരയ്ക്കാനും രേഖാചിത്രങ്ങൾ തയാറാക്കുന്നതിനും കഴിയുന്നു.

7. ഹിന്ദുസ്ഥാനി

ഇംഗ്ലീഷിന്റെ സ്ഥാനത്ത് ഇന്ത്യയെ ഒന്നിപ്പിക്കുന്ന ഒരു ഭാഷയായി ഹിന്ദുസ്ഥാനിക്ക് മാറാൻ കഴിയുമെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ ഉപയോഗിക്കുന്നത് ഹിന്ദുസ്ഥാനി ഭാഷയാണ്. അതിനാലാണ് അടിസ്ഥാന വിദ്യാഭ്യാസ പദ്ധതിയിൽ ഗാന്ധിജി ഹിന്ദുസ്ഥാനി ഉൾപ്പെടുത്തിയത്.

8. സംഗീതം (Music)

- സംഗീതാസ്വാദനശേഷി വളർത്തുന്നു.
- മനസ്സിന്റെ വികാസത്തിന് സഹായിക്കുന്നു.
- ഭാരതീയ സംഗീതത്തെപ്പറ്റിയും അടിസ്ഥാന രാഗതാളങ്ങളെപ്പറ്റിയും പഠിതാവിന് സാമാന്യ ധാരണനൽകുന്നു.

അടിസ്ഥാന വിദ്യാലയത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ (Routine work of a Basic School)

1. വ്യക്തിപരവും സാമൂഹികവുമായ ശുചിത്വം ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.
2. പ്രഭാത അസംബ്ലി.
3. ആത്മാവിഷ്ക്കാരത്തിനായി ഡയറി എഴുത്ത്.
4. പത്ര പാരായണം.
5. ദിനാചരണങ്ങളും ഉത്സവാഘോഷങ്ങളും
6. പഠനയാത്രകൾ
7. പഠിതാവിന്റെ ക്രിയാത്മക ശേഷികളുടെ വികാസം.
8. പഠന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ.

പഠനപുരോഗതി വിലയിരുത്താം

8. പഠിതാവിന്റെ ഇന്ദ്രിയ വികാസത്തിനും കായിക-ചാലക വികാസത്തിനും മാനസിക വികാസത്തിനും സഹായിക്കുന്ന വാർധവിദ്യാഭ്യാസ പദ്ധതിയിലെ സവിശേഷത എന്താണ്?
9. വാർധവിദ്യാഭ്യാസ പദ്ധതിയിൽ പഠനപ്രക്രിയയുടെ കേന്ദ്രം ഏതാണ് ?

പൂരിപ്പിക്കുക

10. വാർധവിദ്യാഭ്യാസ പദ്ധതിയിൽ വിവിധ വിഷയങ്ങളെ പ്രത്യേകം പ്രത്യേകം പഠിപ്പിക്കുന്നതിനുപകരം അവ തമ്മിലുള്ള പരസ്പര ബന്ധത്തെ കണ്ടെത്തി .....ലൂടെ സംയോജിത ശിക്ഷണമാണ് നടത്തുന്നത്.

ഇന്ത്യൻ വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനു ശേഷം (Indian Education after Independence)

സിദ്ധാന്തപരമായും പ്രായോഗികമായും ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതി മികച്ചതാണ്. എന്നാൽ സ്വാതന്ത്ര്യാനന്തരം ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നതിന് നമ്മുടെ ഗവൺമെന്റുകൾ വേണ്ടത്ര ശുഷ്കാന്തി കാട്ടിയില്ല. എന്നാൽ ഗാന്ധിയൻ ആശയങ്ങളുടെ സ്വാധീനം നമ്മുടെ വിദ്യാഭ്യാസ നയങ്ങളിൽ പ്രകടമാണ്. ജാതി-മത-വർഗ്ഗ-വർണ്ണ വിവേചനമില്ലാത്ത സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസമാണ് ഗാന്ധിജി വിഭാവനം ചെയ്തത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 45-ൽ ഈ ആശയം കാണാവുന്നതാണ്. ഭരണഘടനാപരമായ ഈ ബാധ്യതയെ ഒന്നുകൂടി ഊട്ടി ഉറപ്പിക്കുന്നതാണ് 2009-ൽ ഇന്ത്യാ ഗവൺമെന്റ് പാസാക്കിയ വിദ്യാഭ്യാസ അവകാശ നിയമം (Right to Education Act).

വിദ്യാഭ്യാസ കമ്മീഷനുകളിൽ ഗാന്ധിയൻ ചിന്തകളുടെ സ്വാധീനം

1. യൂണിവേഴ്സിറ്റി വിദ്യാഭ്യാസ കമ്മീഷൻ (1949)

(University Education Commission)

ഡോ.എസ്.രാധാകൃഷ്ണനായിരുന്നു ഈ കമ്മീഷന്റെ ചെയർമാൻ. ഉന്നത വിദ്യാഭ്യാസം കാര്യക്ഷമമാക്കുക എന്നതായിരുന്നു ഈ കമ്മീഷന്റെ പ്രധാന ലക്ഷ്യം

പ്രധാന ശുപാർശകൾ



1. സ്വഭാവ രൂപീകരണത്തിന് പ്രാധാന്യം നൽകണം.
2. ഹൈസ്കൂൾ ക്ലാസുകളിൽ തൊഴിൽ പരിശീലനം ഏർപ്പെടുത്തണം.
3. എല്ലാ ഇന്ത്യൻ ഭാഷകളും വിശിഷ്യാ രാഷ്ട്ര ഭാഷയായ ഹിന്ദിയും പരിപോഷിപ്പിക്കപ്പെടണം.
4. ഗ്രാമീണ സർവകലാശാലകൾ സ്ഥാപിക്കണം.
5. ആദ്ധ്യാത്മിക ചിന്ത വളർത്തുന്ന തരത്തിൽ മാത്രമേ മതപഠനം നടത്താവൂ.

2. സെക്കണ്ടറി എഡ്യൂക്കേഷൻ കമ്മീഷൻ (1953)

ഡോ.എ.ലക്ഷ്മണ സ്വാമി മുതലിയാർ ആയിരുന്നു സെക്കണ്ടറി വിദ്യാഭ്യാസ കമ്മീഷന്റെ അദ്ധ്യക്ഷൻ.

പ്രധാന ശുപാർശകൾ

1. ബോധന മാധ്യമം മാതൃഭാഷയായിരിക്കണം.
2. തൊഴിൽ വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
3. പാഠ്യപദ്ധതി അയവും വൈവിധ്യമുള്ളതും ആയിരിക്കണം.
4. വിദ്യാർഥികൾക്ക് കൗൺസിലിംഗ് നൽകാനുള്ള സംവിധാനം എല്ലാ വിദ്യാലയങ്ങളിലും ഉണ്ടായിരിക്കണം.

3. കോത്താരി കമ്മീഷൻ (1964)



ഡോ.D.S കോത്താരി ആയിരുന്നു ഇതിന്റെ അധ്യക്ഷൻ. വിദ്യാഭ്യാസത്തിന്റെ ദേശീയ ലക്ഷ്യങ്ങളെ കൃത്യമായി പ്രഖ്യാപിക്കുകയും അവ നേടിയെടുക്കാൻ ഒരു കർമ്മ പദ്ധതി ആവഷ്ക്കരിക്കുകയുമാണ് ഈ കമ്മീഷൻ ചെയ്തത്.

പ്രധാന ശുപാർശകൾ

1. തൊഴിൽ പരിശീലനം, സമൂഹ ജീവിതം, സാമൂഹ്യസേവനം ഇവയ്ക്ക് പാഠ്യപദ്ധതിയിൽ പ്രാധാന്യം നൽകണം.

2. ശാസ്ത്ര വിഷയങ്ങൾക്ക് പ്രാധാന്യം നൽകണം.
3. പ്രവൃത്തി പരിചയം എല്ലാ തലത്തിലും നിർബന്ധമാക്കണം.
4. അവസര സമത്വം ഉറപ്പു വരുത്തണം.

ദേശീയ വിദ്യാഭ്യാസ നയം (1968)

പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയാണ് ഈ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചത്. ഭരണ ഘടന വിഭാവനം ചെയ്ത സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസം എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതായിരുന്നു ഈ നയത്തിന്റെ പ്രധാന ഉദ്ദേശ്യം. ത്രിഭാഷാ പദ്ധതി (പ്രാദേശിക ഭാഷ, രാഷ്ട്ര ഭാഷ, ഇംഗ്ലീഷ്) നടപ്പിലാക്കുക, വിദ്യാഭ്യാസത്തിനായുള്ള മൂലധന നിക്ഷേപം ആറു ശതമാനമായി വർദ്ധിപ്പിക്കുക തുടങ്ങിയവ 1968-ലെ വിദ്യാഭ്യാസ നയത്തിന്റെ മറ്റ് പ്രധാന ലക്ഷ്യങ്ങൾ ആയിരുന്നു.

ഈശ്വർഭായ് പട്ടേൽ കമ്മറ്റി (1977)

സെക്കണ്ടറി സ്കൂൾ പാഠ്യപദ്ധതിയുടെ പരിഷ്ക്കാരമായിരുന്നു ഈശ്വർഭായ് പട്ടേൽ കമ്മറ്റിയുടെ പ്രധാന ലക്ഷ്യം. ഈ കമ്മറ്റിയുടെ പ്രധാന ശുപാർശയായിരുന്നു SUPW (Socially Useful Productive Work) പാഠ്യപദ്ധതിയിലെ അക്കാദമീയ വിഷയങ്ങൾ എല്ലാംതന്നെ SUPW യുമായി ബന്ധപ്പെടുത്തുന്നത് നന്നായിരിക്കുമെന്ന് ഈ കമ്മറ്റി ശുപാർശ ചെയ്തു.

അടിസ്ഥാന വിദ്യാഭ്യാസത്തെ സമഗ്രമാതൃക എന്നു വിളിക്കുന്നത് എന്തുകൊണ്ട്? (Why Basic Education is Called a Holistic Model)

സമ്പൂർണ ജീവിതത്തിനായി പഠിതാവിനെ തയാറാക്കുക എന്നതാണ് അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. അതിനായുള്ള പ്രവർത്തനങ്ങളാണ് ഇതിൽ വിഭാവനം ചെയ്തിരിക്കുന്നത്. താഴെ പറയുന്ന കാരണങ്ങളാൽ അടിസ്ഥാന വിദ്യാഭ്യാസത്തെ നമുക്ക് സമഗ്രമാതൃക എന്നു വിശേഷിപ്പിക്കാം.

1. ശരീരശാസ്ത്രപരമായി പഠിതാവിന്റെ മാനസികവും ശാരീരികവുമായ വളർച്ചയെ സന്തുലനം ചെയ്യുന്നു.
2. മസ്തിഷ്കം, ഹൃദയം, കൈ (Head, Heart, Hand) ഇവയുടെ സമജ്ഞസമായ വളർച്ച ഉറപ്പാക്കുന്ന ബോധനരീതി സ്വീകരിച്ചിരിക്കുന്നു.
3. സാമ്പത്തിക സ്വാശ്രയത്വവും സ്വയംപര്യാപ്തതയും ഉറപ്പാക്കുന്നു.
4. പ്രവർത്തനാധിഷ്ഠിതവും അനുഭവാധിഷ്ഠിതവുമായ പഠനത്തിലൂടെ പഠിതാവിൽ പഠനത്തോട് സ്വാഭാവിക താൽപ്പര്യം ഉളവാക്കുന്നു.

അടിസ്ഥാന വിദ്യാഭ്യാസം ശിശുകേന്ദ്രീകൃതവും പ്രവർത്തന കേന്ദ്രീകൃതവുമാണ്. പ്രകൃതിവാദത്തിന്റെയും പ്രായോഗിക വാദത്തിന്റെയും ആശയങ്ങൾ ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതിയിൽ കാണാൻ കഴിയും. ഇക്കാരണങ്ങളെല്ലാം കൊണ്ട് ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതിയെ സമഗ്ര മാതൃകയായി കാണാവുന്നതാണ്.

സമാധാനത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം (Education for Peace)

ഒരുവൻ അവനോടുതന്നെയും മറ്റുള്ളവരോടും പ്രകൃതിയോടും ഒരുമയോടെ ജീവിക്കുന്നതിന് ആവശ്യമായ മൂല്യങ്ങളും അറിവുകളും നേടുന്നതും അതിനനുയോജ്യമായ ധാരണകളും വൈദഗ്ധ്യവും സ്വഭാവരീതികളും വികസിപ്പിച്ചെടുക്കുന്ന പ്രക്രിയയാണ് സമാധാനവിദ്യാഭ്യാസം. കുടുംബങ്ങൾ, വ്യക്തികൾ, വിദ്യാലയം, സമൂഹം തുടങ്ങിയ ഇടങ്ങളിൽ സംഘർഷങ്ങൾ തടയുന്നതിനും സഹകരണം വർദ്ധിപ്പിക്കുന്നതിനും നാനാത്വത്തിൽ ഏകത്വം, തുല്യത, നീതി എന്നിവ ഉറപ്പു വരുത്തുന്നതിനാവശ്യമായ സാംസ്കാരിക പരിസരം സൃഷ്ടിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തെയാണ് സമാധാനത്തിന് വേണ്ടിയുള്ള വിദ്യാഭ്യാസം എന്നുപറയുന്നത്. പഠിതാവിന്റെ ആന്തരിക ചൈതന്യത്തെ ഉണർത്തുന്നതാണ് അടിസ്ഥാന വിദ്യാഭ്യാസം. വ്യക്തിയുടെ ആന്തരിക ചൈതന്യം എപ്പോഴും അഹിംസയോടു ചേർന്നു നിൽക്കുന്നതാണ്. അതുകൊണ്ടുതന്നെ തന്റെ വിദ്യാഭ്യാസ പദ്ധതിയുടെ ആരംഭം മുതൽ അവസാനംവരെയും അഹിംസക്ക് ഗാന്ധിജി വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്. ഇക്കാരണത്താൽ ഗാന്ധിയൻ വിദ്യാഭ്യാസത്തെ സമാധാനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം എന്നുവിളിക്കാം.

പഠനപുരോഗതി വിലയിരുത്താം

11. ശരിയോ തെറ്റോ എന്നു കണ്ടെത്തുക

(a) യൂണിവേഴ്സിറ്റി വിദ്യാഭ്യാസ കമ്മീഷൻ സ്വഭാവ രൂപീകരണത്തിനു പ്രാധാന്യം നൽകി

(b) ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 45, സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസത്തെപ്പറ്റി പരാമർശിക്കുന്നില്ല.

(c) പാഠ്യപദ്ധതിയിൽ തൊഴിൽ പരിശീലനം, സമൂഹജീവിതം, സാമൂഹ്യസേവനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതാണ് കോത്താരി കമ്മീഷൻ

(d) അടിസ്ഥാന വിദ്യാഭ്യാസം പുസ്തക കേന്ദ്രീകൃതവും ഭാഷാ പഠന കേന്ദ്രീകൃതവുമാണ്.

സമാധാനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം-ഗാന്ധിയൻ വീക്ഷണം (Education for Peace-A Gandhian View)

ഗാന്ധിയുടെ വീക്ഷണത്തിൽ അഹിംസയെ ഉണർത്തുന്നതിൽ വിദ്യാഭ്യാസത്തിന് നിസ്തുല സ്ഥാനമാണ് ഉള്ളത്. ജീവിക്കുകയും ജീവിക്കാനനുവദിക്കുകയും ചെയ്യുക, അല്ലെങ്കിൽ പരസ്പരധാരണയും സഹിഷ്ണുതയും ഉണ്ടാവുക എന്നതാണ് ജീവിത നിയമം. അഹിംസയിലൂടെ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ. ഗാന്ധിജി ഇപ്രകാരം അഭിപ്രായപ്പെടുന്നു, ".... വിദ്യാഭ്യാസത്തിൽ അഹിംസയ്ക്ക് വിദ്യാർഥികളുടെ പരസ്പര സമ്പർക്കവുമായി വ്യക്തമായ ബന്ധമുണ്ടായിരിക്കണം. അഹിംസയുടെ പരിശുദ്ധമായ അന്തരീക്ഷത്തിൽ ഒരുമിച്ചു പഠിക്കുന്ന ആൺകുട്ടികളും പെൺകുട്ടികളും സഹോദരീ സഹോദരന്മാരെപ്പോലെ സ്വാതന്ത്ര്യത്തോടെയും ആത്മ നിയന്ത്രണത്തോടെയും ജീവിതം നയിക്കും. അവർ എല്ലാവരോടും സ്നേഹ

ത്തോടെയും പരസ്പര ബഹുമാനത്തോടെയും വിശ്വാസത്തോടെയും ബന്ധപ്പെടും. ഇത്തരമൊരു അന്തരീക്ഷത്തിൽ വളർന്നു വരുന്നവർ നിർഭയരും വിശാലവീക്ഷണവും സേവന സാമർഥ്യവും ഉള്ളവർ ആയിരിക്കും. സാമൂഹിക സംഘർഷങ്ങൾ അവർക്കൊരു വിഷമ പ്രശ്നമല്ല. സ്നേഹശക്തികൊണ്ട് അവർ അതിനെ നേരിടും".



കൈത്തൊഴിൽ കേന്ദ്രീകൃത പാഠ്യപദ്ധതിയിൽ അഹിംസ സ്വയം പരിശീലിക്കുവാനാവശ്യമായ ധാരാളം പഠനാനുഭവങ്ങൾ പഠിതാവിന് ലഭിക്കുന്നു. ഇത് അവനിൽ ഒരു സംസ്കാരമായും ശീലമായും ഉറയ്ക്കുന്നു. തന്മൂലം സാമൂഹികവും പാരിസ്ഥിതികവും സ്ഥാപനപരവും രാഷ്ട്രീയവും വ്യക്തിപരവുമായ എല്ലാ സംഘർഷങ്ങളെയും സമചിത്തതയോടെയും സമാധാനപരമായും നേരിടാനും പരിഹരിക്കാനും അടിസ്ഥാന വിദ്യാഭ്യാസ പദ്ധതിയിൽ പഠിതാവിന് കഴിയുന്നു.

മറ്റ് ഗാന്ധിയൻ ആശയങ്ങളെപ്പോലെ ഗാന്ധിയൻ വിദ്യാഭ്യാസ ചിന്തയുടെയും പരമമായ ലക്ഷ്യം ആത്മ സാക്ഷാത്ക്കാരമാണ്. സമ്പൂർണ വ്യക്തിവികാസത്തിലൂടെ മാത്രമേ ഇത് സാധിക്കുകയുള്ളൂ. ഇപ്രകാരമുള്ള വ്യക്തികൾ ഉൾക്കൊള്ളുന്ന സമൂഹത്തിൽ സാമൂഹിക നീതിയും സമഭാവനയും ഉറപ്പാക്കാൻ കഴിയുന്നു. ഇത്തരം സമൂഹത്തെ സർവോദയ സമൂഹം എന്നാണ് ഗാന്ധിജി വിളിച്ചത്. സർവോദയ സമൂഹത്തിലേക്കുള്ള ഗാന്ധിജിയുടെ ചുവടുവെയ്പ്പായിരുന്നു അദ്ദേഹത്തിന്റെ വിദ്യാഭ്യാസ ദർശനവും. അതുകൊണ്ടുതന്നെ ഗാന്ധിയൻ വിദ്യാഭ്യാസത്തെ സമാധാനത്തിനു വേണ്ടിയുള്ള വിദ്യാഭ്യാസം എന്നും വിളിക്കാം.

സംഗ്രഹം

- നവവിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഗാന്ധിയൻ ആശയങ്ങൾ നീണ്ടകാലത്തെ പരീക്ഷണ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ടവയാണ്. തദ്ദേശീയമായ ഒരു വിദ്യാഭ്യാസ പദ്ധതിയ്ക്കു മാത്രമേ ആ രാജ്യത്തെ ജനതയുടെ ആവശ്യങ്ങളെയും താൽപ്പര്യങ്ങളെയും പരിഗണിക്കാൻ കഴിയൂ.
- ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ത്യയുടെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ വരുത്തിവെച്ച ദുരന്തമാണ് തദ്ദേശീമായ വിദ്യാഭ്യാസത്തെപ്പറ്റി ഗാന്ധിജിയെ ചിന്തിപ്പിച്ചത്.
- ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ ഒരു സമഗ്ര വിദ്യാഭ്യാസ

പദ്ധതിയാണ് അടിസ്ഥാന വിദ്യാഭ്യാസം. കൈത്തൊഴിൽ കേന്ദ്രീകൃത പദ്ധതി യാണത്

- സ്വാതന്ത്ര്യാനന്തരം ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുവാൻ നമുക്ക് കഴിഞ്ഞില്ല. എങ്കിലും ഇന്ത്യയുടെ വിദ്യാഭ്യാസ നയത്തിൽ ശക്തമായ സ്വാധീനമായി ഗാന്ധിയൻ വിദ്യാഭ്യാസ ചിന്ത ഇന്നും നിലനിൽക്കുന്നു.

സ്വയംവിലയിരുത്തൽ ചെക്ക്‌ലിസ്റ്റ്

	പൂർണ്ണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• വിദ്യാഭ്യാസം എന്ന ആശയത്തെ പൊതുവായി മനസ്സിലാക്കാൻ			
• ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ പോരായ്മകൾ വിലയിരുത്താൻ			
• ഗാന്ധിയൻ വിദ്യാഭ്യാസ പദ്ധതിയെ വിശകലനം ചെയ്യാൻ			
• സ്വാതന്ത്ര്യാനന്തരമുള്ള ഇന്ത്യൻ വിദ്യാഭ്യാസ സമ്പ്രദായത്തെ മനസ്സിലാക്കാൻ			

തുടർ മൂല്യനിർണ്ണയ സാധ്യതകൾ

1. വിദ്യാഭ്യാസം എന്നതുകൊണ്ട് നിങ്ങൾ അർഥമാക്കുന്നത് എന്താണ്? നിങ്ങളുടെ ആശയങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുക.
2. ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ പോരായ്മകൾ കണ്ടെത്തി ചാർട്ട് തയാറാക്കുക.
3. വാർധ വിദ്യാഭ്യാസ പദ്ധതിയുടെ നിർദ്ദേശങ്ങൾ നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുക.
4. ഗാന്ധിയൻ വിദ്യാഭ്യാസം സമ്പൂർണ വ്യക്തിത്വ വികസനമാണ് ലക്ഷ്യം വയ്ക്കുന്നത്. ഗാന്ധിയൻ വിദ്യാഭ്യാസ ലക്ഷ്യങ്ങളെ മുൻനിർത്തി സെമിനാർ പ്രബന്ധം തയാറാക്കുക, സെമിനാർ നടത്തുക.
5. വാർധ വിദ്യാഭ്യാസ പദ്ധതിയുടെ സവിശേഷതകൾ ആശയപരമായി തയാറാക്കുക.
6. അടിസ്ഥാന വിദ്യാഭ്യാസ പദ്ധതിയുടെ ഉള്ളടക്കം ബുള്ളറ്റ് ചാർട്ടായി തയാറാക്കുക.
7. അടിസ്ഥാന വിദ്യാലയത്തിലെ ദൈനംദിന പ്രവർത്തനങ്ങളെ ഇന്നുള്ള സ്കൂളിലെ പ്രവർത്തനങ്ങളുമായി താരതമ്യം ചെയ്ത് ലഘു കുറിപ്പ് തയാറാക്കുക.

പഠനപുരോഗതി വിലയിരുത്താം - ഉത്തര സൂചിക

1. ആദ്ധ്യാത്മികവുമായ
2. വാർധവിദ്യാഭ്യാസ സമ്മേളനം
3. സ്വഭാവ രൂപീകരണം
4. (a) ശരി (b)തെറ്റ് (c)ശരി
5. സ്വയംപര്യാപ്തത
6. അടിസ്ഥാന വിദ്യാഭ്യാസം (നയീ തലിം)
7. പഠിതാവിലെ ഉത്തമാംശങ്ങളെ പുറത്തു കൊണ്ടുവന്ന് അവനെ പുതിയ മനുഷ്യനാക്കുക എന്നതാണ്
8. കൈത്തൊഴിൽ കേന്ദ്രീകൃത വിദ്യാഭ്യാസം
9. കൈത്തൊഴിൽ പരിശീലനം
10. സഹബന്ധനം
11. (a)ശരി (b)തെറ്റ് (c)ശരി (d)തെറ്റ്



വിലയിരുത്തൽ ചോദ്യങ്ങൾ

1. വിദ്യാഭ്യാസത്തെ ഗാന്ധിജി എപ്രകാരം നിർവചിച്ചിരിക്കുന്നു?
2. ബ്രിട്ടീഷ് വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പോരായ്മകൾ എന്തെല്ലാമാണ്?
3. വാർധ വിദ്യാഭ്യാസ പദ്ധതിയുടെ സവിശേഷതകൾ വിവരിക്കുക.
4. ഗാന്ധിയൻ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്?
5. ബോധന മാധ്യമം മാതൃഭാഷയിലായിരിക്കണമെന്നുപറയുന്നത് എന്തുകൊണ്ട്?
6. യൂണിവേഴ്സിറ്റി വിദ്യാഭ്യാസ കമ്മീഷൻ, സെക്കണ്ടറി വിദ്യാഭ്യാസ കമ്മീഷൻ, കോത്താരി കമ്മീഷൻ ഇവയുടെ പ്രധാന ശുപാർശകൾ വിശദീകരിക്കുക.
7. ഗാന്ധിയൻ വിദ്യാഭ്യാസത്തെ സമഗ്രമാതൃക എന്നു വിളിക്കുന്നത് എന്തുകൊണ്ട്?



വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. "കുട്ടികളുടെയും മുതിർന്നവരുടെയും ഉത്തമാംശങ്ങളുടെ സമഗ്രമായ വികാസമാണ് വിദ്യാഭ്യാസം".
2. ഇന്ത്യയ്ക്ക് അനുയോജ്യമല്ലായിരുന്നു-ഗ്രാമീണ സമൂഹത്തെ പരിഗണിച്ചില്ല-പുസ്തക കേന്ദ്രീകൃതമായിരുന്നു.... ചിലവേറിയതായിരുന്നു....etc
3. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം-കൈത്തൊഴിൽ കേന്ദ്രീകൃതം-സ്വയം സഹായകം - മാതൃഭാഷയിലൂടെയുള്ള അഭ്യസനം.....etc

4. സമ്മേളിതമായ വ്യക്തിത്വ വികാസം-സമ്പൂർണ്ണ ജീവിതത്തിനായുള്ള തയാറെടുപ്പ്, സ്വഭാവരൂപീകരണം....etc
5. ആശയ പ്രകടനത്തെ സഹായിക്കുന്നു-വിദേശ ഭാഷ പഠിക്കുന്നതിന് ആയാസം കുടുതലാണ്- സ്വന്തം സംസ്കാരത്തോട് ആഭിമുഖ്യം വർദ്ധിക്കുന്നു.etc
6. മൂന്നു കമ്മീഷനുകളുടെയും പ്രദാന ശുപാർശകൾ എഴുതുക.
7. ശരീരശാസ്ത്രപരമായും ബോധനശാസ്ത്രപരമായും പഠിതാവിനെ കേന്ദ്രീകരിക്കുന്നു. സാമൂഹികമായ വേർതിരിവുകൾ ഇല്ലാതാകുന്നു. സാമ്പത്തിക സ്വാശ്രയത്വം ഉറപ്പാക്കുന്നു. പഠിതാവിന്റെ മനശാസ്ത്രപരമായ സവിശേഷതകളെ അഭിമുഖീകരിക്കുന്നു....etc

തുടർപ്രവർത്തനങ്ങൾ

1. തുടർവിദ്യാഭ്യാസകേന്ദ്രങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങളെക്കുറിച്ച് ലഘു റിപ്പോർട്ട് തയാറാക്കുക
2. തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പരിശീലിപ്പിക്കാവുന്ന കൈത്തൊഴിലുകളുടെ ലിസ്റ്റ് തയാറാക്കുക

തുടർവായനാസാമഗ്രികൾ

1. നവീന വിദ്യാഭ്യാസം - മഹാത്മാഗാന്ധി - പൂർണോദയ ബുക്ട്രസ്റ്റ്
2. വിദ്യാഭ്യാസം - മഹാത്മാഗാന്ധി - മാതൃഭൂമി ബുക്സ്
3. മഹാത്മാഗാന്ധിയുടെ തെരഞ്ഞെടുത്ത കൃതികൾ - വാല്യം 5 - പൂർണ്ണോദയ ബുക്ട്രസ്റ്റ്
4. നയിതലീമിന്റെ കഥ-മാർജറീ സൈക്സ്-കേരള ശാസ്ത്ര സാഹിത്യപരിഷത്ത്

പദാവലി

നയി തലീം - അടിസ്ഥാന വിദ്യാഭ്യാസം

സമ്മേളിത വ്യക്തിത്വം - ശരീരം, മനസ്സ്, ആത്മാവ് ഇവയുടെ സന്തുലിത വികാസം നേടിയ വ്യക്തി

രാമരാജ്യം - സത്യം, അഹിംസ, സ്നേഹം, നീതി, സഹകരണം ഇവയിലധിഷ്ഠിതമായ സാമൂഹ്യക്രമത്തിനു ഗാന്ധിജി നൽകുന്ന പേര്.

സഹബന്ധനം - വിവിധ വിഷയങ്ങൾ തമ്മിലുള്ള ബന്ധം കണ്ടെത്തി പൂർവ്വാപരബന്ധത്തോടെ ഒരു വിഷയത്തിൽ നിന്നും മറ്റൊന്നിലേക്ക് സ്വാഭാവികമായി കടക്കുകയും ബന്ധിപ്പിക്കുകയും ചെയ്യുന്ന രീതി.

3

സമാധാനപഠനം
(Peace Studies)



ആമുഖം

സമാധാനം എന്നത് നമുക്ക് പരിചിതവും അത്യന്താപേക്ഷിതവുമായ ഒന്നാണ്. സമാധാനത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഒരു സംസ്കാരമാണ് നമ്മുടേത്. വ്യക്തിഗതതലത്തിലും സാമൂഹ്യതലത്തിലും ഉള്ള സമാധാനം സുസ്ഥിര വികസനത്തിന് അനിവാര്യവുമാണ്. സമാധാനം ഇല്ലാതാക്കുന്നത് എന്താണ്? സമാധാനം എന്നാൽ എന്താണ്? എന്നീ ചോദ്യങ്ങൾ ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നു. സംഘർഷ പരിഹാരരീതികൾ, സമാധാനത്തെപ്പറ്റിയും സംഘർഷപരിഹാരത്തെപ്പറ്റിയുമുള്ള ഗാന്ധിയൻ സമീപനം എന്നിവയെപ്പറ്റി ഇവിടെ പ്രതിപാദിക്കുന്നു. വ്യക്തിപരമായും സാമൂഹ്യമായും സമാധാനത്തിനു വേണ്ടി നിലകൊണ്ട മഹാത്മാവായിരുന്നു ഗാന്ധിജി. ഗാന്ധിജിയ്ക്ക് ശേഷം ആവിർഭവിച്ച ജ്ഞാനശാസ്ത്രശാഖയാണ് സമാധാനപഠനം. സമാധാനപഠനത്തിന് ഊർജ്ജവും ദിശാബോധവും ഗാന്ധിയൻ ദർശനങ്ങളിൽ നിന്നു ലഭിക്കുന്നു. നീതിയിലധിഷ്ഠിതമായ ലോകനിർമ്മിതിയ്ക്ക് സമാധാനപഠനം കൂടുതൽ വ്യക്തത നല്കും.



പഠനനേട്ടങ്ങൾ

- ഹിംസയുടെ വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു.
- സമാധാനം, സമാധാനപഠനം എന്നീ ആശയങ്ങൾ പരിചയപ്പെടുന്നു.
- സമാധാനത്തെക്കുറിച്ചുള്ള ഗാന്ധിയൻ ധാരണകൾ മനസിലാക്കുന്നു.
- സംഘർഷത്തിന്റെ കാരണവും അർത്ഥവും വിവിധ രൂപങ്ങളും അപഗ്രഥിക്കുന്നു.
- സംഘർഷപരിഹാരവും അതിനുള്ള വിവിധ മാർഗങ്ങളും വിലയിരുത്തുന്നു.
- ഗാന്ധിയൻ സംഘർഷപരിഹാരരീതികൾ വിശകലനം ചെയ്യുന്നു.
- സംഘർഷരൂപാന്തരത്തിന്റെ മേന്മകൾ തിരിച്ചറിയുന്നു.



പഠനപ്രവർത്തനം

ഈ ചിത്രത്തിന്റെ പ്രമേയം ചർച്ച ചെയ്ത് അതിന്റെ സൂചനകൾ കണ്ടെത്തുക.

സമാധാനം എന്നത് ഏവർക്കും ചിരപരിചിതമായ പദമാണ്. എന്നാൽ സമാധാനത്തിന്റെ അർത്ഥ തലങ്ങൾ നിരവധിയാണ്. സമാധാനം എന്ന പദം നിർവചിക്കാൻ പ്രയാസമേറിയ ഒന്നാണ്. സ്നേഹം, സന്തോഷം, നീതി, സ്വാതന്ത്ര്യം എന്നിവയെപ്പോലെ അതിന്റെ അഭാവത്തിലാണ് സമാധാനത്തെയും കൂടുതൽ തിരിച്ചറിയാൻ സാധിക്കുന്നത്. അതോടൊപ്പം ഈ നാല് ഘടകങ്ങളും സമാധാനത്തിന്റെ മുഖ്യഘടകങ്ങളുമാണ്. സമൂഹത്തിൽ അത്യന്താപേക്ഷിതമായ ഒന്നാണ് സമാധാനം. അതുകൊണ്ടുതന്നെ സമാധാനത്തിന്റെ വിവിധവശങ്ങളെപ്പറ്റി പഠിക്കുന്നത് ഏറെ പ്രാധാന്യം അർഹിക്കുന്നു.

സംഘർഷങ്ങളുടെ പരിഹാരവും കൈകാര്യം ചെയ്യലും, സമാധാന മാതൃകകൾ സൃഷ്ടിക്കലും പരിപാലിക്കലും, സാമൂഹ്യ-സാമ്പത്തിക നീതി, നീതി നിർവ്വഹണം, യുദ്ധ കാരണങ്ങൾ, ആഭ്യന്തരവും ബാഹ്യവുമായ സുരക്ഷ എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളെപ്പറ്റിയുള്ള നിരവധി പഠന മേഖലകൾ സംയോജിപ്പിച്ചുള്ള ജ്ഞാന ശാസ്ത്ര ശാഖയാണ് സമാധാന പഠനം. പഠനത്തിലൂടെയും പഠനത്തോടൊപ്പം കർമപരിപാടികളിലൂടെയും ഹിംസയിൽ നിന്ന് മുക്തമായ ലോകം കെട്ടിപ്പടുക്കുവാനുള്ള അന്വേഷണവും മാർഗവുമാണ് സമാധാന പഠനം.

യുദ്ധത്തെയും അതിന്റെ പരിണതഫലങ്ങളെയും കുറിച്ചുള്ള ഗവേഷണ പഠനങ്ങളിൽ 'സമാധാന പഠനം' എന്ന പഠനശാഖയുടെ ബൗദ്ധിക പ്രചോദനം കാണാം. യുദ്ധത്തെപ്പറ്റി 1930 കളിലുണ്ടായ പഠനങ്ങളിലൂടെയാണ് സമാധാന പഠനത്തിന്റെ തുടക്കം. 1950 കളിലും 60 കളിലും യുദ്ധത്തെയും സംഘർഷത്തെയും കുറിച്ചുള്ള പഠനത്തെ സമാധാന ഗവേഷണം (Peace Research) എന്നു വിളിച്ചിരുന്നു. ഹിംസയുടെ (Violence) അഭാവമായാണ് അക്കാലത്ത് സമാധാനത്തെ കണ്ടിരുന്നത്. എന്നാൽ 1960 കളിൽ ഹിംസയെ കുറേക്കൂടി വ്യാപകമായി വിലയിരുത്തുകയും നീതി സംബന്ധിച്ച പ്രശ്നങ്ങളും ചോദ്യങ്ങളും കൂടി പഠനത്തിന്റെ ഭാഗമാക്കുകയും, സാമൂഹ്യനീതിയുടെ അഭാവത്തെ ഹിംസയുടെ രൂപമായി കരുതുകയും ചെയ്തു. അത്തരത്തിൽ സമാധാനത്തെ കൂടുതലായി മനസിലാക്കുവാൻ ഹിംസ (Violence) യെ കൂടുതൽ തിരിച്ചറിയേണ്ടതുണ്ട്.

ഹിംസ (Violence)

പഠനപ്രവർത്തനം

നിങ്ങൾ കണ്ടിട്ടുള്ളതോ അനുഭവിച്ചിട്ടുള്ളതോ ആയ അക്രമസംഭവങ്ങളെപ്പറ്റി എഴുതുക. അതുകാരണം നിങ്ങൾക്കുണ്ടായ ശാരീരികമോ മാനസികമോ ആയ വ്രണപ്പെടുത്തലിന്റെ സ്വഭാവം തിരിച്ചറിയുക. ഓരോ സംഭവങ്ങളിലും വിവിധ രൂപത്തിലുള്ള മനോവ്യഥകൾ അല്ലെങ്കിൽ മുറിപ്പെടുത്തൽ തിരിച്ചറിയുക.

> ലോകാരോഗ്യ സംഘടന ഹിംസയെ ഇപ്രകാരം നിർവചിക്കുന്നു. മുറിവ്, മരണം, മാനസികാഘാതം, അസന്തുലിത വികസനം, അവകാശനിഷേധം എന്നിവ ഉണ്ടാവുകയോ ഉണ്ടാകാൻ ഇടയാകുകയോ ചെയ്യുന്ന തരത്തിൽ ഒരാൾക്കോ മറ്റൊരു വ്യക്തിക്കോ ഒരു കൂട്ടത്തിനോ സമൂഹത്തിനോ എതിരെ മനപൂർവ്വം ഉള്ള ബലപ്രയോഗമോ ബലപ്രയോഗഭീഷണിയോ ആണ് ഹിംസ.

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളുടെ ഏതുതരത്തിലുള്ള നിഷേധത്തെയും ഹിംസയെന്നു കരുതാം. അതു മനുഷ്യന്റെ ശരീരത്തെയും മനസിനെയും ആത്മാവിനെയും മുറിപ്പെടുത്തുന്നു. ഒന്നോ അതിലധികമോ വ്യക്തികൾക്ക് ശാരീരികവും ബൗദ്ധികവും സാമൂഹ്യവുമായി ദോഷമുണ്ടാക്കുന്ന മനുഷ്യന്റെ ഏതു പ്രവർത്തനമോ പ്രവർത്തനമില്ലായ്മയോ അല്ലെങ്കിൽ സാമൂഹ്യവ്യവസ്ഥയോ ഹിംസയായി കരുതാം. അതു കേവലം കൊലപാതകമോ മറ്റുള്ളവരുടെമേൽ ഒരുവനോ ഒരു കൂട്ടമോ നേടിയെടുക്കുന്ന അധീശത്വമോ മുറിപ്പെടുത്തലോ മാത്രമല്ല. ചുരുക്കത്തിൽ നമ്മെത്തന്നെയും മറ്റുള്ളവരേയും നശിപ്പിക്കുകയോ കീഴ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്യുന്ന ഏത് പ്രവർത്തനവും - ഭൗതികമോ വൈകാരികമോ ആത്മീയമോ സ്ഥാപനപരമോ ഘടനാപരമോ ആയ നയങ്ങളും മനോഭാവങ്ങളും പെരുമാറ്റങ്ങളും - ഹിംസയാണ്. നിലവിലുള്ള സ്ഥിതിയും (ആയിരിക്കുന്ന അവസ്ഥ) ആയിരിക്കേണ്ട അവസ്ഥയും തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണത്തെ ഹിംസയെന്ന് നിർവചിക്കാം. (നിലവിലുള്ള അവസ്ഥയും, ഉണ്ടായിരിക്കുന്ന ശേഷിയുടെയും സാധ്യതകളുടെയും അടിസ്ഥാനത്തിൽ ആയിരിക്കേണ്ട അവസ്ഥയും തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണം). നേരിട്ടുള്ളത്, ഘടനാപരം, സാസ്കാരികം എന്നിങ്ങനെ യൊഹാൻ ഗാൽതുങ് ഹിംസയെ മൂന്നായി തരംതിരിക്കുന്നു. നേരിട്ടുള്ള ഹിംസ, ശാരീരികമായ ഹിംസ, വാക്കാലുള്ള ഹിംസ, എന്നിവ പ്രകടമായി ദർശിക്കാം. അതിന്റെ വേരുകൾ മിക്കവാറും ഘടനാപരവും സാംസ്കാരികവുമായ ഹിംസയോ തെറ്റിദ്ധാരണകളോ ആകാം. എന്നാൽ ഘടനാപരവും സാംസ്കാരികവുമായ ഹിംസ അദൃശ്യമായി നില്ക്കുന്നു. സാംസ്കാരികമായ ഹിംസയും ഘടനാപരമായ ഹിംസയും ചിലപ്പോൾ നേരിട്ടുള്ളതോ/വ്യക്തിപരമോ ആയ ഹിംസയിലേക്ക് നയിക്കുകയോ നയിക്കാതിരിക്കുകയോ ചെയ്യുന്നു.

വ്യക്തിപരമോ/നേരിട്ടുള്ളതോ ആയ ഹിംസ (Personal/Direct Violence)

ഹിംസ വിവിധ രൂപങ്ങളിൽ നിലനിൽക്കുന്നു. നമുക്ക് ഏവർക്കും അറിയാവുന്നതുപോലെ ബലപ്രയോഗം, കൊലപാതകം, ശാരീരിക പീഢനം, ലൈംഗിക അതിക്രമം, മർദ്ദനം തുടങ്ങിയ ശാരീരിക ഉപദ്രവങ്ങൾ അതിന്റെ പ്രകടമായ രൂപങ്ങളാണ്. മറ്റുള്ളവരെ അപമാനിക്കുന്ന തരത്തിലുള്ള വാക്കും സംസാരവും ഹിംസ യായി പരിഗണിക്കാം. ജനങ്ങൾ തങ്ങളുടെ സാധ്യതകളുടെയും കഴിവുകളുടെയും



പ്രയോഗവും ആർജ്ജനവും ആവശ്യങ്ങളുടെ നിറവേറ്റലും അസാധ്യമോ ദുഷ്കരമോ ആക്കുന്ന രീതിയിൽ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളോ ജീവിതമോ നിഷേധിക്കുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്നതിനെയാണ് യൊഹാൻ ഗാൽതുങ് ഹിംസയായി വിവരിക്കുന്നത്. ഇത്തരം ദുർബലപ്പെടുത്തലും നിഷേധവും ഒഴിവാക്കാനാകുന്നവയായി അദ്ദേഹം കരുതുന്നു. ലഭ്യമാക്കാൻ പറ്റുന്ന പലതും നിഷേധി j pt¼ mgmWv vA Xv I nwk b mb n amdp¶ Xv _ e [t b mK`cj W mb pw I nwk Xs¶ b mWv

ഘടനാപരമായ ഹിംസ (Structural Violence)

പഠനപ്രവർത്തനം

സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വങ്ങൾ/ചൂഷണങ്ങൾ എന്നിവയുടെ പട്ടിക തയ്യാറാക്കുക.





മനുഷ്യസമൂഹത്തിൽ അതിന്റെ ഘടനയിൽ തന്നെ നിലനിൽക്കുന്ന അനീതിയുടെ അംശങ്ങളെ ഘടനാപരമായ ഹിംസ എന്ന് വിലയിരുത്താവുന്നതാണ്. വിവേചനം, നിഷേധം, സാമൂഹ്യഅനീതി, സ്ത്രീപുരുഷ അസമത്വം, മനുഷ്യാവകാശങ്ങളുടെ നിഷേധം എന്നിവയെല്ലാം ഘടനാപരമായ ഹിംസയിൽപ്പെടുന്നതാണ്. ഏതെങ്കിലും ഒരു വ്യക്തിയെ ഘടനാപരമായ ഹിംസയുടെ ഉത്തരവാദിയാക്കാൻ സാധിക്കില്ല. ഘടനയുടെ/വ്യവസ്ഥയുടെ മാറ്റം കൊണ്ട് മാത്രമേ അത് ഇല്ലാതാക്കാൻ കഴിയുകയുള്ളൂ.

ജനങ്ങളുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനു വിഘാതമാകുന്ന തരത്തിൽ ജനങ്ങളെ ദ്രോഹിക്കുന്ന സാമൂഹ്യ വ്യവസ്ഥയെയോ സ്ഥാപനങ്ങളെയോ ഘടനാപരമായ ഹിംസയായി കരുതാം. ജാതി - വർണവിവേചനം, കുട്ടികൾ, വൃദ്ധർ, വികലാംഗർ എന്നിവരോടുള്ള അതിക്രമം തുടങ്ങിയവ ഘടനാപരമായ ഹിംസയുടെ ഉദാഹരണമായി കരുതാം. ജാതി വ്യവസ്ഥ, ഫ്യൂഡലിസം, മുതലാളിത്തം, പുരുഷമേധാവിത്വം എന്നിവയെല്ലാം ഘടനാപരമായ ഹിംസയുടെ ഭാഗവും സാമൂഹ്യ അനീതിക്ക് കാരണവും ആകുന്നു.

പഠനപ്രവർത്തനം

ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി അനുഭവിച്ച വർണവെറിയെപ്പറ്റിയും അതിനെതിരെ അദ്ദേഹം നടത്തിയ സമരത്തെക്കുറിച്ചും കുറിപ്പ് എഴുതുക.

സാംസ്കാരികമായ ഹിംസ (Cultural Violence)

നേരിട്ടുള്ള ഹിംസയെയും വ്യവസ്ഥാ/ഘടനാപരമായ ഹിംസയെയും ന്യായീകരിക്കുന്നതോ, നിയമവിധേയമാക്കുന്നതോ ആയ ഒരു സംസ്കാരത്തിന്റെ വീക്ഷണത്തെയോ സ്വഭാവത്തെയോ ആണ് സാംസ്കാരികമായ ഹിംസ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മതത്തിലും ദർശനത്തിലും ഭാഷയിലും കലയിലും ശാസ്ത്രത്തിലും ഒക്കെ ഇതിന്റെ ഉദാഹരണങ്ങൾ കണ്ടെത്താവുന്നതാണ്. ഘടനാപരമായ ഹിംസയായ വർണവിവേചനത്തെയും വർഗീയതയെയും സതിസമ്പ്രദായത്തെയുമൊക്കെ നീതീകരിക്കുന്ന സാമൂഹ്യപ്രവണതയ്ക്കാണ് സാംസ്കാരികമായ ഹിംസ എന്നു പറയുന്നത്. ബോധപൂർവ്വം മറ്റ് സമുദായങ്ങളോടും മതങ്ങളോടും വിദ്വേഷം പ്രചരിപ്പിക്കുന്നത് ഇതിന് ഉദാഹരണമാണ്. കുട്ടിക്കാലം മുതൽ നമ്മെ പഠിപ്പിച്ചുവരുന്നതും അങ്ങനെ ജീവിതത്തിൽ നമ്മെ ചുറ്റിപ്പറ്റിനില്ക്കുന്നതുമായ അധികാരത്തെക്കുറിച്ചും ഹിംസയുടെ ആവശ്യകതയെക്കുറിച്ചുമുള്ള മനോഭാവങ്ങളും വിശ്വാസങ്ങളും സാസ്കാരികഹിംസയിൽപ്പെടുന്നു. ഇത്തരം മനോഭാവങ്ങൾ സമൂഹത്തിൽ വ്യാപകവും പ്രാമുഖ്യം നേടിയിട്ടുള്ളതുമായിരിക്കും. (പുരുഷമേധാവിത്വം ഉൾപ്പെടെയുള്ള ലിംഗവിവേചനത്തെ സാധൂകരിക്കുന്ന/സമൂഹനിയമമായി അംഗീകരിക്കുന്ന മനോഭാവം). പാരമ്പര്യത്തിന്റേയോ മതവിശ്വാസത്തിന്റേയോ അടിസ്ഥാനത്തിൽ ശാരീരിക ഹിംസയെ ന്യായീകരിക്കുന്നത് സാംസ്കാരിക ഹിംസയാണ്. ഉദാ: ദുരഭിമാന കൊലപാതകങ്ങൾ.

ഹിംസയെ സംബന്ധിച്ച സെവിൽപ്രഖ്യാപനം

മനുഷ്യസ്വഭാവത്തിന്റെ ഭാഗമായതു കൊണ്ടുതന്നെ, യുദ്ധം അത്യന്താപേക്ഷിതമാണെന്ന വിശ്വാസത്തെ UNESCO വിലയിരുത്തുകയുണ്ടായി. 1986 ൽ ഒരുപറ്റം ശാസ്ത്രജ്ഞൻമാർ പ്രസക്തമായ ശാസ്ത്രീയ വസ്തുതകൾ പരിശോധിക്കുകയും യുദ്ധം മനുഷ്യസ്വഭാവത്തിന്റെ ഭാഗമാണെന്ന വാദത്തിനു തെളിവുകളില്ലെന്നു വ്യക്തമാക്കുകയും ചെയ്തു. 'സെവിൽ പ്രഖ്യാപനം' എന്നറിയപ്പെടുന്ന ഈ പ്രഖ്യാപനത്തിൽ താഴെ പറയുന്ന 5 ആശയങ്ങളാണ് ഉള്ളത്.

1. യുദ്ധത്തിലേർപ്പെടുക എന്നത് നമ്മുടെ പൂർവ്വികരായ മൃഗങ്ങളിൽ നിന്നു പൈതൃകമായി ലഭിച്ച ഒരു പ്രവണതയാണ് എന്നത് ശാസ്ത്രീയമായി തെറ്റാണ്
2. യുദ്ധമോ മറ്റേതെങ്കിലും ഹിംസാസ്വഭാവമോ ജനിതകമായി മനുഷ്യസ്വഭാവത്തിൽ ആസൂത്രിതമായി രൂപം കൊണ്ടിട്ടുള്ളതാണ് എന്നത് ശാസ്ത്രീയമായി തെറ്റാണ്.
3. മനുഷ്യപരിണാമത്തിന്റെ ഘട്ടത്തിൽ മറ്റു സ്വഭാവങ്ങളേക്കാൾ ഹിംസാവാസനയ്ക്ക് കൂടുതൽ പരിഗണന ലഭിച്ചു എന്നത് ശാസ്ത്രീയമായി തെറ്റാണ്.
4. മനുഷ്യന് ഹിംസാചോദകമായ തലച്ചോറാണ് എന്നത് ശാസ്ത്രീയമായി തെറ്റാണ്.
5. യുദ്ധത്തിന്റെ കാരണം ജന്മവാസനയോ ഏതെങ്കിലും പ്രചോദനമോ ആയിരിക്കാം എന്ന ധാരണ ശാസ്ത്രീയമായി തെറ്റാണ്.

സെവിൽ പ്രഖ്യാപനം ഇങ്ങനെ അവസാനിക്കുന്നു.

"യുദ്ധം മനുഷ്യമനസ്സുകളിൽ രൂപം കൊള്ളുന്നതുപോലെ തന്നെ സമാധാന വും നമ്മുടെ മനസ്സുകളിലാണ് രൂപം കൊള്ളുന്നത്. യുദ്ധം കണ്ടുപിടിച്ച വംശത്തിനു തന്നെ സമാധാനവും കണ്ടെത്താനാവും അതിനുള്ള ബാധ്യത നാം ഓരോരുത്തരിലുമാണ്".

വ്യവസ്ഥിതിയുടെ ഉല്പന്നമായാണ് ഗാന്ധിജി തിന്മയെ കണ്ടത്. അതുകൊണ്ട് ഗാന്ധിജി മുതലാളിത്തത്തെ വെറുത്തു, പക്ഷേ മുതലാളിയെ വെറുത്തില്ല; വർണ്ണ വിവേചനത്തെ എതിർത്തു, പക്ഷേ വർണ്ണവിവേചകരെ വെറുത്തില്ല; അയിത്താചരണത്തെ വെറുത്തു, പക്ഷേ അയിത്തം ആചരിച്ചവരെ വെറുത്തില്ല; പാശ്ചാത്യ ആധുനിക നാഗരികതയെ എതിർത്തു, പക്ഷേ പാശ്ചാത്യരെ വെറുത്തില്ല. ശത്രുക്കളെയല്ല ശത്രുതയെയാണ് ഇല്ലാതാക്കാൻ ശ്രമിക്കുന്നത് എന്നതാണ് അഹിംസാ മാർഗ്ഗത്തിന്റെ അന്തസത്ത എന്ന് ഗാന്ധിജി പറയുന്നു. ജീവന്റെ ഏകത്വവും ലക്ഷ്യവും മാർഗ്ഗവും പരസ്പര പൂരകമാണെന്ന വിശ്വാസവും ഗാന്ധിജിയെ നയിച്ചു. ഈ രണ്ട് തത്വങ്ങളും സ്വായത്തമാക്കുന്നത് വഴി സാംസ്കാരികമായ ഹിംസയെ അതിജീവിക്കാൻ കഴിയും. അഹിംസയ്ക്കുവേണ്ടിയുള്ള ഗാന്ധിജിയുടെ പ്രവർത്തനവും വാദഗതികളും സമൂഹത്തിൽ പ്രബലമായ ഹിംസയെ നീതീകരിക്കുന്ന മനോഭാവങ്ങളെ മാറ്റുന്നതിനുവേണ്ടിയുള്ളതായിരുന്നു.

ഹിംസാ ത്രികോണം



സമൂഹത്തിലെ സാസ്കാരികമായ ഹിംസയ്ക്ക് ഉദാഹരണങ്ങൾ കണ്ടെത്തുക?

പഠനപുരോഗതി വിലയിരുത്താം

പൂരിപ്പിക്കുക

1. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളുടെ ഏതുതരത്തിലുള്ള .....യും ഹിംസയെന്നു കരുതാം.
2. ഘടനാപരവും സാംസ്കാരികവുമായ ഹിംസ .....മായി നിൽക്കുന്നു.
3. മറ്റുള്ളവരെ അപമാനിക്കുന്ന വാക്കും സംസാരവും ..... ആണ്.
4. ഘടനാപരമായ ഹിംസയ്ക്ക് ഉദാഹരണമാണ് .....
   (യുദ്ധം, കൊലപാതകം, ബാലവേല)
5. വർണവിവേചനത്തേയും വർഗീയതയെയും പുരുഷമേധാവിത്വത്തെയും അംഗീകരിക്കുന്ന മനോഭാവം ..... ൽ പെടുന്നു.


എന്താണ് സമാധാനം? (Peace)

പഠനപ്രവർത്തനം

ഹിംസയുടെ അഭാവമെന്ന നിലയിലോ, ഹിംസയുടെ വിപരീത അർത്ഥമുള്ളതോ ആയ വാക്കുകൾ കണ്ടെത്തുക. നിങ്ങളുടെ ചുറ്റുപാടിലും കുടുംബാന്തരീക്ഷത്തിലും സമൂഹത്തിലും സമാധാനം എങ്ങനെയാണ് അനുഭവപ്പെടുന്നത്, കാണപ്പെടുന്നത്, പ്രവർത്തനക്ഷമമാകുന്നത് എന്നുവിവരിക്കുക. ആരാണ് സമാധാനം ആഗ്രഹിക്കാത്തതെന്നും ആരാണ് സമാധാനം ആഗ്രഹിക്കുന്നവരെന്നും അതിന്റെ പ്രേരകശക്തികളെന്തെന്നും തിരിച്ചറിയുക.



അക്രമവും സംഘർഷവും അക്രമ ഭീതിയും ഇല്ലാത്ത, സഹവർത്തിത്വത്തിൽ നിലനിൽക്കുന്ന അവസ്ഥയെയാണ് സാധാരണ ജനങ്ങൾ സമാധാനമായി കരുതുന്നത്. അക്രമവും വിദ്വേഷവും ഇല്ലാത്ത അവസ്ഥയെന്നതിനു പുറമെ സമാധാനപരമായ മാർഗ്ഗങ്ങളിൽ കൂടി സംഘർഷങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും സമാധാനത്തിന്റെ പരിധിയിൽ പെടുത്തുന്നു. സമാധാനം എന്നത് പരസ്പര ആശ്രയത്തിൽ കൂടിയും സഹകരണത്തിൽ കൂടിയും ഉരുത്തിരിഞ്ഞു വരേണ്ട ഒരു അവസ്ഥയാണ്. വ്യക്തികൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും ഉണ്ടാകേണ്ട സന്തോഷകരമായ സഹകരണം സമാധാനത്തിന് അനിവാര്യമാണ്. എല്ലാവരുടെയും ക്ഷേമം ഉറപ്പുവരുത്തുന്ന സാമൂഹ്യ-രാഷ്ട്രീയ ക്രമം സമാധാനം സ്ഥാപിക്കാനും നിലനിർത്താനും അത്യാവശ്യമാണ്.



സമാധാനത്തിന് ആന്തരികവും ബാഹ്യവുമായ തലങ്ങളുണ്ട്.പല ദാർശനിക, സാംസ്കാരിക, മതപാരമ്പര്യങ്ങളും സമാധാനത്തിന്റെ ആന്തരികവും ബാഹ്യവുമായ തലങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. മനസ് ശാന്തവും സ്വസ്ഥവുമായി നിലനിർത്തുന്ന അവസ്ഥയെയാണ് ആന്തരിക സമാധാനം എന്ന് പറയുന്നത്. സംഘർഷങ്ങളെയും മാനസിക ക്ലേശങ്ങളെയും വ്യക്തമായ ബോധത്തോടും ധാരണയോടും ധൈര്യമായി അഭിമുഖീകരിക്കുന്ന ഒരുവന്റെ മാനസികാവസ്ഥയാണത്. പ്രാർത്ഥന, ധ്യാനം, യോഗ തുടങ്ങിയവയുടെ പരിശീലനത്തിലൂടെ ബോധത്തിന്റെയോ പ്രബുദ്ധതയുടെയോ ആയ ഈ ആന്തരിക സമാധാനത്തിന്റെ അവസ്ഥ നേടിയെടുക്കാനാകുമെന്ന് ചില സാംസ്കാരിക പാരമ്പര്യങ്ങൾ പഠിപ്പിക്കുന്നു.ആത്യന്തികമായി ആത്മജ്ഞാനമാണ് ആന്തരിക സമാധാന ത്തിൽ എത്തിക്കുന്നത്. ബാഹ്യമായ സമാധാനത്തെ നീതിയുക്തമായ സമാധാനമെന്നും (പോസിറ്റീവ് പീസ്) നിഷേധാത്മക സമാധാന(നെഗറ്റീവ് പീസ്)മെന്നും തരംതിരിക്കാം.

നിഷേധാത്മക സമാധാനം (Negative Peace)

യുദ്ധമില്ലാത്തതോ അല്ലെങ്കിൽ അതേപോലെ വൻതോതിലുള്ള ഹിംസാത്മകമായ മനുഷ്യർ തമ്മിലുള്ള സംഘർഷങ്ങളോ ഇല്ലാത്ത അവസ്ഥയാണ് നിഷേധാത്മക സമാധാനമെന്ന് വിവക്ഷിക്കുന്നത്. വെടിനിർത്തലിനെ തുടർന്നുള്ള സമാധാനം ഇതിന് ഉദാഹരണ മാണ്. ഹിംസയുടെ അടിസ്ഥാനകാരണങ്ങൾ പരിഹരിക്കാതെയുള്ള തൽക്കാല സമാധാനത്തിന്റെ അവസ്ഥയാണിതെന്നു പറയാം. വ്യക്തിപരമോ/നേരിട്ടുള്ളതോ ആയ ഹിംസയുടെ മാത്രം അഭാവമാണിത്.

നീതിയുക്തമായ സമാധാനം (Positive Peace)

മനുഷ്യന്റെ മനസിനും സമൂഹത്തിനും അനുഗുണങ്ങളായ ഐക്യം, ധാർമികത, നീതി എന്നിവ നിലനില്ക്കുന്ന അവസ്ഥയെ നീതിയുക്തമായ സമാധാനമായി കരുതാം. സമസ്ത ജനവിഭാഗങ്ങളുടെ ആവശ്യങ്ങളും സംഘർഷങ്ങളുടെ ക്രിയാത്മകമായ പരിഹാരവും നിറവേറ്റുന്ന സാമൂഹ്യസംവിധാനങ്ങളുടെ നിർമ്മിതി, മനുഷ്യബന്ധങ്ങളുടെ പുതുക്കൽ എന്നീ ക്രിയാത്മക ഗുണങ്ങളാൽ സമ്പുഷ്ടമാണ് നീതിയുക്തമായ സമാധാനം. സമത്വം, സാഹോദര്യം, സാമൂഹ്യനീതി എന്നിവകൊണ്ട് നിറഞ്ഞ അവസ്ഥയാണത്. ചുരുക്കത്തിൽ നേരിട്ടുള്ളതും ഘടനാപരവും സാംസ്കാരികവും ആയ ഹിംസയുടെ അഭാവമോ അല്ലെങ്കിൽ നിഷേധാത്മകവും നീതിയുക്തവുമായ സമാധാനത്തിന്റെ സമ്മേളനമോ ആണ് സമാധാനം.



വിവിധ ഭാഷകളിലും സംസ്കാരങ്ങളിലും സമാധാനത്തെ വിവക്ഷിക്കാൻ വ്യത്യസ്ത പദങ്ങളാണ് ഉപയോഗിക്കുന്നത്. ശാന്തി (ഇന്ത്യ)ശാലോം (ഹീബ്രു) ഐറിൻ (ഗ്രീക്ക്)പാക്സ് (ലത്തീൻ) പിങ് (ചൈനീസ്)

സമാധാനത്തെക്കുറിച്ചുള്ള ഗാന്ധിയൻ ധാരണകൾ

പഠനപ്രവർത്തനം

ഗാന്ധിജിയുടെ സർവ്വോദയദർശനവും നീതിയുക്തമായ സമാധാനവും തമ്മിൽ താരതമ്യം ചെയ്യുക.

അഹിംസയുടെയും സമാധാനത്തിന്റെയും പര്യായമായാണ് ഗാന്ധിജിയെ ഇന്ന് പരിഗണിക്കുന്നത്. ഈ ആശയങ്ങളുടെ വ്യവസ്ഥാപിത അർത്ഥങ്ങൾ മാറ്റിമറിച്ച് അതിനെ പ്രായോഗികതലത്തിൽ വളരെ ബൃഹത്തായ ഒന്നാക്കി ഗാന്ധിജി കാട്ടിത്തന്നു. അഹിംസാ സിദ്ധാന്തങ്ങളും സങ്കേതങ്ങളും ഗാന്ധിജി വികസിപ്പിക്കുകയും പരീക്ഷിക്കുകയും അതു ലോകത്തെ മാറ്റിമറിക്കുകയും ചെയ്തു. ഗാന്ധിജിയുടെ അഹിംസാത്മക പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ ജീവിത ദർശനവുമായി ഇഴുകിച്ചേർന്നിരിക്കുന്നു. ഗാന്ധിയൻ കാഴ്ചപ്പാടിൽ സമാധാനം എന്നത് വളരെ സമഗ്രവും വിശാലവുമായ അർത്ഥം ഉള്ള ഒന്നാണ്. ഗാന്ധിജിയെ സംബന്ധിച്ച് സമാധാനം ജീവിതരീതിയിൽ നിന്നാണ് ഉരുത്തിരിഞ്ഞു വരുന്നത്. സമാധാനത്തിലേക്കു പ്രത്യേക വഴികളൊന്നുമില്ല. അതുകൊണ്ടു തന്നെ സമാധാനം തന്നെയാണ് വഴിയെന്നു ഗാന്ധിജി വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ നീതി, വികസനം, പരിസ്ഥിതി എന്നിവയുമായി സമാധാനം ബന്ധപ്പെട്ടിരിക്കുന്നു.



യൊഹാൻ ഗാൽതുങ്

സമാധാന- സംഘർഷ പഠനങ്ങളുടെ മുഖ്യജനയിതാവാണ് നോർവീജിയൻ സാമൂഹ്യ ശാസ്ത്രജ്ഞനായ യൊഹാൻ ഗാൽതുങ്. ഓസ്ലോയിലെ സമാധാന ഗവേഷണസ്ഥാപനത്തിന്റെ സഹസ്ഥാപകൻ. ജേണൽ ഓഫ് പീസ് റിസർച്ചിന്റെ (1964) സ്ഥാപക പത്രാധിപർ. ഓസ്ലോ സർവ്വകലാശാലയിൽ ലോകത്തിലെ ആദ്യത്തെ സമാധാന-സംഘർഷപഠനപീഠത്തിന്റെ അധ്യക്ഷൻ.

വരാണസിയിലെ ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്റ്റഡീസിന്റെ മട്ടുപ്പാവിൽ ഇരുന്ന് റൊഡേഷ്യ (സിംബാബ്വേ)യിലെ വർണവെറിയെപ്പറ്റിയുള്ള ആലോചനയിലാണ് ഗാൽതുങിന് ഘടനാപരമായ ഹിംസ എന്ന ആശയം ഉദിച്ചത്. സമാധാനം, സംഘർഷം, വികസനം എന്നിവയെപ്പറ്റിയുള്ള സൈദ്ധാന്തികവിചാരങ്ങളിൽ ഗാന്ധിയൻ ചിന്തകൾ ബന്ധിപ്പിക്കാനുള്ള ആഗ്രഹം അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ഗാൽതുങിന്റെ ദാർശനിക പഥങ്ങളിൽ ഗാന്ധിജിയുടെ സ്വാധീനം അദ്ദേഹം അംഗീകരിക്കുന്നു.

ഹിംസയിൽ അധിഷ്ഠിതമായ ആധുനിക വികസന മാതൃകകളെ ഗാന്ധിജി വിമർശിക്കുന്നു. ഹിംസയുടെ ഏറ്റവും നീചരൂപമായി ദാരിദ്ര്യത്തെ ഗാന്ധിജി കരുതി. അപരിമിതമായ ആവശ്യങ്ങളിലും പ്രകൃതിയുടെ അനിയന്ത്രിതമായ ചൂഷണത്തിലും അധിഷ്ഠിതമായ ആധുനിക സാമ്പത്തിക ശാസ്ത്രത്തെ ചോദ്യം ചെയ്യുന്നതാണ് ഗാന്ധിയൻ സമാധാന സമീപനം. ഗാന്ധിയൻ സമാധാനസങ്കല്പം മാനവിക മൂല്യങ്ങൾക്ക് വളരെയേറെ പ്രാമുഖ്യം നൽകുന്നു. ഗാന്ധിജിയുടെ സർവ്വോദയ സമൂഹം സമാധാനത്തിന്റെ മാതൃകാ വ്യവസ്ഥ യാണ്. സമാധാനത്തെ ഒരു അന്തിമ അവസ്ഥയായി കാണേണ്ടതില്ല; മാർഗവും ലക്ഷ്യവും ഏകീഭവിക്കുന്ന വിപ്ലവാത്മകമായ ഒരു തുടർപ്രക്രിയയാണത്.

പ്രസിദ്ധ സമാധാന ഗവേഷകനായ യൊഹാൻ ഗാൽതൂങ്, ഘടനാപരമായ ഹിംസയെന്ന ആശയം രൂപപ്പെടുത്തുന്നതിൽ ഗാന്ധിജിയോടുള്ള കടപ്പാട് അംഗീകരിക്കുന്നുണ്ട്. അടിസ്ഥാന ആവശ്യങ്ങളെ കേന്ദ്രീകരിച്ചുള്ള സ്വാശ്രയത്വത്തെക്കുറിച്ചും വികസനമാ

തൃകകളെപ്പറ്റിയുമുള്ള അദ്ദേഹത്തിന്റെ വാദഗതികളിൽ ശക്തമായ ഗാന്ധിയൻസ്പർശം കാണാം. ആധുനിക വികസനമാതൃകകളുടെ വിമർശകരും സമാധാനവും വികസനവും തമ്മിലുള്ള പാരസ്പര്യത്തിനായി നിലകൊള്ളുന്നവരുമായ നിരവധി സമാധാനഗവേഷകരുടെ ചിന്തകളിൽ ഗാന്ധിജിയുടെ സ്വാധീനം ദർശിക്കാം.

ഗാന്ധിജിയുടെ ജീവിതവും അദ്ദേഹം നേതൃത്വം നല്കിയ സമരങ്ങളും വിലയിരുത്തി സമാധാനത്തെപ്പറ്റിയുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുന്ന ലഘുലേഖനം തയ്യാറാക്കുക.

പഠനപുരോഗതി വിലയിരുത്താം

കണ്ടെത്തുക

6. സമാധാനത്തിന്റെ രണ്ടു തലങ്ങൾ
7. ബാഹ്യമായ സമാധാനത്തിന്റെ തരംതിരിവ്
8. നിഷേധാത്മക സമാധാനത്തിന്റെ ഉദാഹരണം
9. സമത്വം, സാഹോദര്യം, സാമൂഹ്യനീതി എന്നിവയുള്ള അവസ്ഥ
10. ഗാന്ധിയുടെ അഭിപ്രായത്തിൽ ഹിംസയുടെ ഏറ്റവും നീചരൂപം
11. സമാധാനത്തിന്റെ ഗാന്ധിയൻ മാതൃകാ വ്യവസ്ഥ

യുദ്ധവിരുദ്ധവാദം (Pacifism)

എല്ലാ തരത്തിലുമുള്ള യുദ്ധസന്നാഹങ്ങളെയും നിരുപാധികം തിരസ്കരിക്കുന്നതാണ് യുദ്ധവിരുദ്ധവാദം. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യം മുതൽ വ്യാപക പ്രചാരം വന്ന യുദ്ധവിരുദ്ധവാദം, യുദ്ധങ്ങളെയും സൈനികസ്ഥാപനങ്ങളെയും ഉന്മൂലനം ചെയ്യാൻ ആഹ്വാനം ചെയ്യുന്നു. ഹിംസയുടെ ധാർമികത ചോദ്യം ചെയ്യുന്ന യുദ്ധവിരുദ്ധവാദികൾ എങ്ങനെയാണോ മാർഗം, അങ്ങനെ തന്നെയായിരിക്കണം ലക്ഷ്യം എന്ന ഗാന്ധിയൻ തത്വത്തെ അംഗീകരിക്കുന്നു. ഒരുകൂട്ടം യുദ്ധവിരുദ്ധവാദികൾ സ്വയരക്ഷയ്ക്ക് പോലുമുള്ള ഹിംസയുടെ ഉപയോഗത്തെ ന്യായീകരിക്കുന്നില്ല. അന്തർദേശീയ തർക്കങ്ങൾ സമാധാനപൂർണ്ണമായി പരിഹരിക്കണമെന്ന് അവർ പറയുന്നു.

യുദ്ധവിരുദ്ധപ്രസ്ഥാനത്തിന്റെ വക്താക്കൾ യുദ്ധത്തിന്റെ അധാർമികത തുറന്നുകാട്ടുന്നു. വിമോചനത്തിനുവേണ്ടിയുള്ള യുദ്ധത്തെ ന്യായീകരിക്കുന്ന നിലപാടിനും യുദ്ധവിരുദ്ധവാദികൾ എതിരാണ്.

സമാധാന സംസ്കാരം (Culture of Peace)

ഐക്യരാഷ്ട്ര സംഘടന പറയുന്നതുപോലെ, സമാധാന സംസ്കാരം എന്നത് വ്യക്തികളിലും സമൂഹങ്ങളിലും രാഷ്ട്രങ്ങളിലുമുള്ള പ്രശ്നങ്ങൾ സംവാദത്തിലൂടെയും സന്ധിസംഭാഷണത്തിലൂടെയും അതിന്റെ മൂലകാരണങ്ങളറിഞ്ഞ് പരിഹരിക്കുന്ന, ഹിംസയെ നിരാകരിക്കുകയും സംഘർഷങ്ങളെ ഒഴിവാക്കുകയും ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും പെരുമാറ്റരീതിയും ജീവിതരീതിയുമാണ്.

യുദ്ധത്തിന്റെയും ഹിംസയുടെയും സംസ്കാരത്തിന് ബദലാണ് സമാധാനസംസ്കാരം. സമാധാനത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം, സ്ഥായിയായ വികസന സമ്പ്രദായത്തിന്റെ പ്രോത്സാഹനം, മനുഷ്യാവകാശങ്ങളോടുള്ള ബഹുമാനം, സ്ത്രീപുരുഷ സമത്വം, ജനാധിപത്യത്തിലുള്ള പങ്കാളിത്തം, നിരായുധീകരണം, വിവരങ്ങളുടെ സൗജന്യ ലഭ്യത, സഹിഷ്ണുത എന്നിവയിലൂടെ സമാധാനസംസ്കാരം വളർത്തിയെടുക്കാൻ കഴിയും. സമാധാന സംസ്കാരത്തിലധിഷ്ഠിതമായ ഒരു ബദൽ ജീവിത ശൈലിയുടെ പ്രതീകമാണ് ഗാന്ധിജിയുടെ ജീവിതം. അതുകൊണ്ടു തന്നെയാണ് ഗാന്ധിജിയുടെ ജന്മദിനമായ ഒക്ടോബർ 2 അന്തർദേശീയ അഹിംസാ ദിനമായി ഐക്യരാഷ്ട്രസഭയുടെ 61-ാം ജനറൽ അസംബ്ലി പ്രഖ്യാപിച്ചത്.

സംഘർഷം (Conflict)

പഠനപ്രവർത്തനം

സംഘർഷം **(Conflict)** എന്ന വാക്ക് ബോർഡിലോ ചാർട്ട് പേപ്പറിലോ മധ്യത്തിലായി രേഖപ്പെടുത്തുക. സംഘർഷവുമായി ബന്ധമുള്ളതോ ചേർച്ചയുള്ളതോ ആയ 5 വാക്കുകൾ ഓരോരുത്തരും കണ്ടെത്തുക. അങ്ങനെ ലഭിക്കുന്ന വാക്കുകൾ ഉപയോഗിച്ച് ബോർഡിൽ പദസഞ്ചയം തയ്യാറാക്കുക. (ഓരോരുത്തരുടെ പ്രതികരണങ്ങളും-സമകാലികസംഭവങ്ങൾ, വികാരങ്ങൾ, വ്യക്തിപരം എന്നിങ്ങനെ-ഓരോ ഗ്രൂപ്പുകളിലായി ക്രമീകരിച്ച് എഴുതാൻ ശ്രമിക്കുക)

സമൂഹത്തിലെ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് സംഘർഷം. മനുഷ്യന്റെ ആവശ്യങ്ങളുടെയും നിലനില്പിന്റെയും പ്രതിഫലനമാണ് അത്. സംഘർഷങ്ങൾ രൂപംകൊള്ളുന്നതും ശക്തിപ്രാപിക്കുന്നതും മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളുടെ പൂർത്തീകരണവുമായും വിഭവങ്ങളുടെ ലഭ്യതയുമായും ബന്ധപ്പെട്ടാണ്. അഭിപ്രായങ്ങളോ, മൂല്യങ്ങളോ, പ്രവർത്തനരീതികളോ കാഴ്ചപ്പാടുകളോ തമ്മിലുള്ള ഏറ്റുമുട്ടലാണിത്. വ്യക്തികൾ തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മ പോലെ വളരെ ചെറുതോ, യുദ്ധം പോലെ വളരെ വലുതോ ആണ് സംഘർഷം.

ഒരു വ്യക്തിയിൽ തന്നെയോ, രണ്ടോ അതിലധികം വ്യക്തികൾ തമ്മിലോ, രണ്ടോ അതിലധികം സംഘങ്ങൾ തമ്മിലോ ആണ് സംഘർഷം ജന്മംകൊള്ളുന്നത്. സംഘർഷത്തിന് വിവിധ രൂപങ്ങളുണ്ട്. ചിലപ്പോൾ രണ്ടു വ്യക്തികൾ മാത്രമായിരിക്കും അതിൽ ഉൾപ്പെട്ടിരിക്കുന്നത്. യുദ്ധത്തിലേക്ക് നയിക്കുന്ന രീതിയിൽ രാഷ്ട്രങ്ങളുടെ ഒരു സംഘംതന്നെ ചിലപ്പോൾ അതിൽ ഉൾപ്പെട്ടിരിക്കാം. രണ്ടുവ്യക്തികളുടെയോ സാമൂഹ്യഘടക (കുടുംബങ്ങൾ, സംഘടനകൾ, സ്ഥാപനങ്ങൾ) ങ്ങളുടെയോ താല്പര്യങ്ങളിലും ലക്ഷ്യങ്ങളിലും ഉദ്ദേശ്യങ്ങളിലുമുള്ള പൊരുത്തക്കേടാണ് സംഘർഷം.

യാതൊരു സംഘർഷവും പരിപൂർണമായി ഇല്ലാത്ത അവസ്ഥയല്ല സമാധാനം. എന്നാൽ സംഘർഷം സൃഷ്ടിക്കുന്ന അവസരങ്ങളും സാധ്യതകളും അഭികാമ്യമായ സാമൂഹ്യമാറ്റത്തിനായി സൃഷ്ടിപരമായി വിനിയോഗിക്കണം.

ഹിംസയുടെ എല്ലാ രൂപങ്ങളെയും ഭാവങ്ങളെയും ഒഴിവാക്കി സംഘർഷത്തെ ക്രിയാത്മകമായി അനാവരണം ചെയ്യുകയാണ് വേണ്ടത്. ജനങ്ങൾ തങ്ങളുടെ ഇടപെടലുകൾ അഹിംസാത്മകമാക്കുമ്പോഴും, ന്യായമായ ആവശ്യങ്ങളും അഭിലാഷങ്ങളും പരി

ഗണിച്ച് തങ്ങളുടെ ഇടയിലുള്ള സംഘർഷത്തെ ഗുണപരമായി കൈകാര്യം ചെയ്യുമ്പോഴുമാണ് സമൂഹത്തിൽ സമാധാനം സംജാതമാകുന്നത്.

സംഘർഷം: അർത്ഥവും പ്രക്രിയയും (Conflict:Meaning and Functions)

പഠനപ്രവർത്തനം

സമൂഹത്തിലെ സംഘർഷങ്ങളുടെയുംപ്രക്ഷോഭങ്ങളുടെയും ഉത്ഭവവും കാരണവും കണ്ടെത്തുക?

വളരെ അനാരോഗ്യകരവും ഒഴിവാക്കേണ്ടതുമായ ഒന്നാണ് സംഘർഷം എന്നാണ് സാമാന്യ ധാരണ. എന്നാൽ സംഘർഷങ്ങളെല്ലാം നിഷേധാത്മക പ്രക്രിയകളല്ല. സമൂഹത്തെ മുന്നോട്ടു നയിക്കുക എന്ന ദൗത്യമാണ് സംഘർഷത്തിനുള്ളതെന്ന് ലെവിസ് കോസർ അഭിപ്രായപ്പെടുന്നു. അങ്ങനെയാകുമ്പോൾ അതു സാമൂഹ്യ പുരോഗതിക്കുതകുന്ന പുതിയ സ്ഥാപനങ്ങളും പുതിയ സാങ്കേതിക വിദ്യകളും സാമ്പത്തിക സംവിധാനവും സൃഷ്ടിക്കും. രണ്ടോ അതിലധികം വ്യക്തികളോ, സംഘങ്ങളോ പൊരുത്തക്കേടുള്ള നിലപാടുകൾ വെളിപ്പെടുത്തുമ്പോഴാണ് സാമൂഹ്യ സംഘർഷം ഉടലെടുക്കുന്നത്. മനുഷ്യസമൂഹത്തിലെ നിർബന്ധിതവും സർഗ്ഗാത്മകവുമായ ഒരു ശക്തിയായാണ് സംഘർഷത്തെ സാമൂഹ്യ ശാസ്ത്രജ്ഞർ കാണുന്നത്.

എന്നിരുന്നാലും സംഘർഷമെന്ന പദം ഒരു നിഷേധാത്മക സൂചന മിക്കപ്പോഴും വഹിക്കുന്നു. സഹകരണത്തിനും സൗഹാർദ്ദത്തിനും സമാധാനത്തിനുതന്നെയും എതിരായ ഒരു സൂചനയാണ് പലപ്പോഴും നൽകുന്നത്. പക്ഷേ സംഘർഷവും ഹിംസയും തമ്മിൽ നൈസർഗ്ഗികമായ ഒരു ബന്ധവും ഇല്ല. സംഘർഷത്തിന് നിഷേധാത്മകാർത്ഥം കല്പിക്കുന്നത് ഒരിക്കലും സഹായകരമല്ല. കാരണം സമൂഹത്തിലെ മാറ്റത്തിന്റെയും രൂപാന്തരത്തിന്റെയും ആയ പ്രക്രിയയ്ക്ക് ഉൽപ്രേരകവും അത്യാവശ്യവുമായ ഘടകമായി സംഘർഷത്തെ ഉൾക്കൊള്ളുന്നതിനെ അതു പുറകോട്ടടിക്കും. സംഘർഷമെന്നത് മനുഷ്യ അസ്തിത്വത്തിന്റെ ഒരു അവിഭാജ്യ ഘടകവും സാമൂഹ്യമാറ്റത്തിന്റെ ചാലകശക്തിയുമാണ്. സ്വാതന്ത്ര്യസമരങ്ങളും അവകാശസമരങ്ങളും ആശയ സമരങ്ങളുമെല്ലാം സംഘർഷങ്ങളാണ് എന്ന് അറിയണം.

സംഘർഷത്തിന്റെ കാരണങ്ങൾ (Causes of Conflict)

നിരവധി കാരണങ്ങൾ കൊണ്ടാണ് സംഘർഷം ഉടലെടുക്കുന്നത്. സാഹചര്യത്തിനോ സന്ദർഭത്തിനോ അനുസൃതമായോ ബഹുമുഖമായോ ഉള്ള വിവിധ കാരണങ്ങളാലാണ് സംഘർഷം ഉണ്ടാകുന്നത്. താഴെപ്പറയുന്ന ഘടകങ്ങളും സംഘർഷങ്ങൾക്ക് കാരണമാകുന്നു.

1. രാഷ്ട്രീയവും സ്ഥാപനപരവുമായ ഘടകങ്ങൾ-ദുർബലമായ ഭരണകൂടവും സ്ഥാപനങ്ങളും , അധികാര വടംവലിയും, രാഷ്ട്രീയപരമായ ബഹിഷ്കരണവും, സാമൂഹ്യപ്രതിബദ്ധതയുടെ അഭാവവും അഴിമതിയും, സ്വത്വപ്രതിസന്ധി എന്നിവ.
2. സാമൂഹ്യ സാമ്പത്തിക ഘടകങ്ങൾ - അസമത്വം, ദാരിദ്ര്യവും അവകാശ/പങ്കാളിത്ത നിഷേധവും, പാർശ്വവത്ക്കരണം, പരസ്പരാശ്രയത്തിന്റെ അഭാവം തുടങ്ങിയവ.
3. വിഭവങ്ങളെയും പരിസ്ഥിതിയെയും സംബന്ധിക്കുന്ന ഘടകങ്ങൾ -

അത്യാർത്തി, അമിതമായ പ്രകൃതി വിഭവചൂഷണം, നീതിപൂർവ്വകമല്ലാത്ത വിഭവങ്ങളുടെ ചൂഷണത്തിലേക്കും പാരിസ്ഥിതികമായ അരക്ഷിതാവസ്ഥയിലേക്കും നയിക്കുന്ന ദേശീയ വിഭവങ്ങളുടെ അഭാവം, തുടങ്ങിയവ.

വിവിധതരം സംഘർഷങ്ങൾ (Types of Conflicts)

പഠനപ്രവർത്തനം

നിങ്ങളുടെ പ്രവർത്തനമേഖലയിലോ, അയൽപക്കങ്ങളിലോ അനുഭവിച്ചിട്ടുള്ളതോ കണ്ടിട്ടുള്ളതോ ആയ വിവിധതരം സംഘർഷങ്ങളുടെ പട്ടിക തയ്യാറാക്കുക.

സാമൂഹ്യ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും സംഘർഷങ്ങൾ ഉടലെടുക്കുന്നു. വ്യക്തികൾക്കുള്ളിലും വ്യക്തികൾ തമ്മിലും വ്യക്തിയും സമൂഹവും തമ്മിലും സമൂഹങ്ങൾക്കുള്ളിലും സമൂഹങ്ങൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലും സംഘർഷം ഉണ്ടാകാം. വിഭവങ്ങൾക്കുവേണ്ടിയും സ്ഥാനമാനങ്ങൾക്കുവേണ്ടിയും ബഹുമതികൾ അംഗീകാരം എന്നിവയ്ക്കുവേണ്ടിയും സംഘർഷങ്ങൾ ഉടലെടുക്കാം.

വ്യക്ത്യന്തര സംഘർഷം (Intra - Personal Conflict)	ഒരുവ്യക്തിയുടെ ഉള്ളിൽ തന്നെയുള്ള - ആന്തരിക സംഘർഷം
അന്തർ വ്യക്തി സംഘർഷം (Inter -Personal Conflict)	രണ്ടോ അതിലധികമോ വ്യക്തികൾ - തമ്മിലുള്ള സംഘർഷം
സമൂഹാന്തര സംഘർഷം (Intra- Group Conflict)	ഒരു സമൂഹത്തിന് ഉള്ളിൽ തന്നെയുള്ള - സംഘർഷം
അന്തർ സമൂഹ സംഘർഷം (Inter- Group Conflict)	വിവിധ സമൂഹങ്ങൾ തമ്മിലുള്ള - സംഘർഷം.
സംഘടനാന്തര സംഘർഷം (Intra -Organisation Conflict)	ഒരു സംഘടനയ്ക്കുള്ളിലുള്ള - സംഘർഷം
അന്തർ സംഘടനാ സംഘർഷം (Inter -Organisation Conflict)	സംഘടനകൾ തമ്മിലുള്ള - സംഘർഷം

സംഘർഷ പരിഹാരം (Conflict Resolution)

പഠനപ്രവർത്തനം

സംഘർഷങ്ങൾ ഉണ്ടാകുമ്പോൾ അതിനോടുള്ള വിവിധ പ്രതികരണങ്ങൾ ഗ്രൂപ്പുകളായി ചർച്ച ചെയ്യുക.

ഏതു സമൂഹവും സംഘർഷ പരിഹാരത്തിന് അവരുടേതായ രീതികളും തന്ത്രങ്ങളും രൂപപ്പെടുത്തിയിട്ടുണ്ട്. ആരൊക്കെ തമ്മിലാണോ സംഘർഷമുള്ളത് അവരെ ഒന്നിച്ചുകൊണ്ടുവന്ന് ചർച്ചചെയ്ത് അവരുടെ പ്രശ്നത്തിനുള്ള പരിഹാരം രൂപപ്പെടുത്തിയെടുക്കുന്നതാണ് സംഘർഷ പരിഹാരം. സമർത്ഥവും വിവേക പൂർവ്വവും

നീതിയുക്ത വുമായ രീതിയിൽ സംഘ ർഷത്തെ തിരിച്ചറിഞ്ഞ് കൈകാര്യം ചെയ്യുന്ന നടപടിയാണത്. മദ്ധ്യസ്ഥത, സന്ധിസംഭാഷണം എന്നിവയും ചില വിഷയ ങ്ങളിൽ ആർബിട്രേഷനും സംഘ ർഷ പരിഹാരരീതികളിൽ ഉൾപ്പെ ടുന്നു. മദ്ധ്യ സ്ഥതയിലും ആർബിട്രേഷനിലും മൂന്നാം കക്ഷി യുടെ പങ്ക് പ്രാധാന്യമുള്ളതാണ്.

സംഘർഷ പരിഹാരരീതികൾ (Methods of Conflict Resolution)

ഒരു തർക്കം പരിഹരിക്കുന്നതിനായി കോടതിയെ സമീപിക്കുക എന്നത് ഒരു പരാജയമായാണ് ഗാന്ധിജി കരുതിയി രുന്നത്. ഒരു വ്യക്തി കോടതിയെ സമീ പിക്കേണ്ടി വരുമ്പോൾ, സ്വാഭാവിക മായി ഒരു വക്കീലിനെ ആശ്രയി ക്കേണ്ടിവരുന്നു. കോടതി വ്യവഹാരം, ആ വ്യക്തിയെ തന്റെ തർക്കം നിയ ന്ത്രിക്കുന്നതിൽ പങ്കില്ലാതെ അകറ്റി നിർത്തുന്നു. ഏതു സംഘർഷത്തിനും കോടതിയിലെ നീതിന്യായ പ്രക്രിയ യ്ക്ക് തിരിച്ചറിയാനാകാത്ത ഒരു വൈകാരികവശമുണ്ട്. വക്കീലന്മാരെ സംബന്ധിച്ച് അത്തരം വൈകാരിക വശങ്ങൾക്ക് യാതൊരു നിലനില്പും ഇല്ല. അവർക്ക് വ്യക്തിയുടെ പ്രശ്ന ങ്ങളെല്ലാം വെറും കേസുകെട്ടുകളാണ്. മദ്ധ്യസ്ഥതയ്ക്കു വിരുദ്ധമായി കോടതി വ്യവഹാരം പ്രതികൂലതയും ഏറ്റു മുട്ടലും നിറഞ്ഞതാണ്. കോടതി വ്യവ ഹാരത്തിലൂടെ യഥാർത്ഥ തർക്കം പരിഹരി ക്കപ്പെടണമെന്നില്ല. ഒരു കക്ഷി ജയിക്കുകയും മറ്റു കക്ഷികൾ തോൽക്കുകയും ചെയ്യുകയാണ് പതിവ്. കോടതി വ്യവഹാരം പരാതിക്കാരനായ കക്ഷിക്ക് നിതീ ലഭ്യമാക്കണമെന്നില്ല. മിക്കപ്പോഴും കോടതിയിലൂടെയുള്ള സംഘർഷ പരിഹാര ശ്രമം ഇരുകക്ഷികൾക്കും

മദ്ധ്യസ്ഥത (Mediation)

സംഘർഷത്തിൽ കക്ഷിയല്ലാത്ത മൂന്നാമ തൊരു വ്യക്തിയുടെ സഹായത്തോടുകൂടി യുള്ള സംഘർഷപരിഹാരം. മദ്ധ്യസ്ഥൻ വിശ്വസ്തനും പക്ഷപാതരഹിതനും ആക ണം. ഇരുകക്ഷികളും അംഗീകരിക്കുന്ന മദ്ധ്യ സ്ഥൻ കക്ഷികളെ അനുരഞ്ജനത്തിനു പ്രേരിപ്പിക്കുകയും പരിഹാരത്തിനായി നിർദ്ദേ ശങ്ങളും സഹായങ്ങളും നല്കുകയും ചെയ്യുന്നു.

സന്ധിസംഭാഷണം (Negotiation)

സംഘർഷത്തിൽ ഏർപ്പെട്ടിട്ടുള്ള കക്ഷികൾ ബാഹ്യകക്ഷികളുടെ ഇടപെടലില്ലാതെ പര സ്പരം കൂടിയാലോചനയിലൂടെ പരിഹാരം കണ്ടെത്തുന്നു. സംഘർഷപരിഹാരമാർഗങ്ങ ളിൽ ഏറ്റവും അംഗീകരിക്കത്തക്കതും ആരോ ഗ്യപരവും അഭികാമ്യവുമായ ഒന്നാണ് സന്ധി സംഭാഷണത്തിലൂടെയുള്ള സംഘർഷപരി ഹാരം.

ആർബിട്രേഷൻ (Arbitration)

വ്യക്തികളോ സംഘങ്ങൾ തമ്മിലോ ഉള്ള സംഘർഷം/തർക്കം ഇരുകക്ഷികളെയും കേട്ട് ഇവരംഗീകരിക്കുന്ന മൂന്നാമതൊരു കക്ഷി (ആർബിട്രേറ്റർ) തീർപ്പു കല്പിക്കുന്ന പ്രക്രിയയാണ് ഇത്. തീരുമാനം എടുക്കാ നുള്ള അധികാരം ആർബിട്രേറ്റർക്കാണ്. കക്ഷികൾക്ക് ആർബിട്രേറ്ററുടെ മുമ്പാകെ തെളിവുകളും വീശദീകരണങ്ങളും നല്കാം. അതിന്റെ അടിസ്ഥാനത്തിൽ ആർബിട്രേറ്റർ തീരുമാനം പ്രഖ്യാപിക്കുന്നു. ആർബിട്രേ റ്ററുടെ തീരുമാനം നിയമപരമായി നില നിൽക്കും.

കോടതി വ്യവഹാരം (Adjudication)

കക്ഷികളുടെ വാദങ്ങളും തെളിവുകളും വിസ്താരം ചെയ്ത് ന്യായാധിപൻ തീർപ്പു കല്പിക്കുന്ന പ്രക്രിയ. ഏതെങ്കിലും ഒരു കക്ഷിക്ക് അനുകൂലമായിരിക്കും പലപ്പോഴും കോടതിവിധി. വിധി ഇരുകൂട്ടർക്കും നിയമപര മായി അംഗീകരിക്കാൻ ബാധ്യതയുണ്ട്.

സ്വീകാര്യമായ ഒരു പരിഹാരം കണ്ടെത്താൻ അനുവദിക്കാതെ ഒരു തീരുമാനം അടിച്ചേൽപ്പിക്കപ്പെടുന്ന അവസ്ഥയിലേക്ക് നയിക്കുന്നു. എന്നാൽ ബദൽ X Ãj] cr\ n: (Alternative Dispute Resolution) രീതികൾ പൊതുപങ്കാളിത്തമുള്ള പ്രായോഗികതയിലൂന്നിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ക്രിയാത്മക ഇടപെടലുള്ള ഒരു ബദൽ പ്രവർത്തനരീതിയാണ്. ഇപ്പോൾ ബദൽ തർക്ക പരിഹാരരീതികൾ (ADR) കോടതികൾ പ്രോത്സാഹിപ്പിക്കുകയും കോടതിയുടെ തന്നെ അനുബന്ധരീതികളാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കുടുംബ കോടതി, ലോക് അദാലത്ത് എന്നിവ ഉദാഹരണങ്ങളാണ്.

ഇന്ത്യയിൽ വളരെയധികം സ്ഥാപന വത്ക്കരിക്കപ്പെട്ടിട്ടുള്ള ഒരു ബദൽ തർക്കപരിഹാര രീതിയാണ് മദ്ധ്യസ്ഥത. നിഷ്പക്ഷനായ മൂന്നാമ തൊരാളുടെ സഹായത്തോടെ തർക്ക ത്തിൽ ഏർപ്പെട്ടിരിക്കുന്ന ഇരു കക്ഷികളും ഒരു ഉടമ്പടിയിൽ എത്തി ച്ചേരുന്ന സ്വകാര്യ, അനൗ പചാരിക തർക്ക പരിഹാര പ്രക്രിയ യാണത്. എന്നാൽ ആർബിട്രേഷൻ എന്നത് നിഷ്പക്ഷനായ മൂന്നാമ തൊരാൾ, തനിക്ക് ലഭിച്ച വസ്തു തകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ, ഇരുകൂട്ടർക്കും ബാധകമായ ഒരു തീരുമാനം (Award) പ്രഖ്യാപിക്കുന്ന ഒരു അനൗപചാരിക പ്രക്രിയയാണ്. കോടതിയിലെ നടപടി ക്രമങ്ങൾ പോലെയാണ് ആർബിട്രേഷൻ നടപടികളും. തർക്കത്തിലേർപ്പെ ട്ടിരിക്കുന്ന കക്ഷികൾക്കിടയിലെ തെറ്റിധാരണകൾ ഒന്നും ആർബി ട്രേഷനിലൂടെ മാറ്റപ്പെടുന്നില്ല. വ്യക്തി ബന്ധങ്ങൾക്ക് അവിടെ പ്രാധാന്യം ഇല്ല.

ലോക് അദാലത്ത് (ജനങ്ങളുടെ കോടതി)

ഇന്ത്യയിൽ രൂപപ്പെട്ടുവന്ന ബദൽ തർക്ക പരിഹാരരീതികളിൽ പ്രമുഖമായ ഒന്നാണ് ലോക്അദാലത്ത്. ഗ്രാമങ്ങളിലെ പ്രായമുള്ള വരുടെ മദ്ധ്യസ്ഥതയാൽ തർക്കങ്ങൾ പരി ഹരിക്കുന്ന ഒരു ചരിത്രം ഇന്ത്യയിലുണ്ട്. ഗാന്ധിയൻ തത്വങ്ങളിൽ അധിഷ്ഠിതമായ ഒരു തർക്കപരിഹാരരീതിയായി ഇതിനെ പരിഗണിക്കാം. ലോക് അദാലത്ത് സംവി ധാനത്തിൽ വിരമിച്ച ന്യായാധിപന്മാരോ മുതിർന്ന വക്കീലന്മാരോ, സാമൂഹ്യപ്ര വർത്തകരോ ഒക്കെയാണ് തർക്കപരിഹാര ത്തിന് നേതൃത്വം നല്കുന്നത്. കക്ഷികളെ തർക്കപരിഹാരത്തിലെത്തിക്കാനുള്ള ഒരു അനൗപചാരിക പരിശ്രമമാണ് ഇതെന്നുപ റയാം. സിവിൽകേസുകൾ, വിവാഹതർക്ക ങ്ങൾ, ഭൂമി/സ്വത്ത് തർക്കങ്ങൾ, തൊഴിൽ തർക്കങ്ങൾ, വാഹനഇൻഷുറൻസ് കേസു കൾ എന്നിവയൊക്കെ ലോക് അദാലത്ത് വഴി പരിഹാരം കാണുന്നുണ്ട്.

കക്ഷികൾ തമ്മിൽ പരസ്പര കൂടിയാ ലോചനയിലൂടെ സംഘർഷം പരിഹരി ക്കുന്ന രീതിയാണ് സന്ധിസംഭാഷണം. വളരെ ഉചിതവും സഹായിയായതുമായ ഒന്നാ ണിത്. മൂന്നാമതൊരാളുടെ ആശ്രയമില്ലാതെ ഇരുകക്ഷികൾക്കും സ്വീകാര്യമായ പരി ഹാരം കണ്ടെത്തി സംഘർഷം പരിഹരിക്കുന്നു.

ജനങ്ങൾക്ക് പരിചിതമായ സംഘർഷപരിഹാര സംവിധാനമാണ് കോടതി വ്യവഹാരം. വ്യക്തി ബന്ധങ്ങളെയൊന്നും പരിഗണിക്കാതെ തർക്കപരിഹാരത്തിനായി നീതിന്യായ കോടതിയെ ആശ്രയിക്കുന്ന രീതിയാണത്. ചിലപ്പോൾ കോടതിയുടെ തർക്കപരിഹാര വിധി സംഘർഷം കൂടുതൽ വഷളാക്കുന്നതിന് കാരണമായേക്കാം. എന്നിരുന്നാലും വ്യവസ്ഥാപിതവും വികസിതവുമായ തർക്കപരിഹാര സംവിധാനമായാണ്

കോടതിയെ പരിഗണിക്കുന്നത്.

കക്ഷികൾ തമ്മിലുള്ള ആശയവിനിമയത്തിനും ഉടമ്പടിയിൽ എത്തി ച്ചേരുന്നതിനും വേണ്ട സുഗമമായ ഒരു സന്നദ്ധപ്രവർത്തനത്തിന് മദ്ധ്യസ്ഥൻ നേതൃത്വം നൽകുന്നു. ആർബിട്രേഷനിൽ നിന്ന് വ്യത്യസ്തമായി മദ്ധ്യസ്ഥന് കാര്യമായ സ്വാതന്ത്ര്യം ലഭിക്കുന്നു. മദ്ധ്യസ്ഥതയുടെ വിജയം തർക്കം പരിഹരിക്കുന്നതിനുള്ള മനസിനേയും സന്നദ്ധതയെയും ആശ്രയിച്ചിരിക്കും. കോടതി വ്യവഹാരത്തിന് ബദലായ വളരെ കാര്യക്ഷമമായ ഒന്നായി ലോക് അദാലത്ത് ഇന്ത്യയിൽ മാറിയിട്ടുണ്ട്.

പഠനപ്രവർത്തനം


വിവിധ സംഘർഷപരിഹാരരീതികളുടെ ഗുണദോഷങ്ങൾ ചർച്ച ചെയ്യുക.

ഗാന്ധിജിയും സംഘർഷ പരിഹാരവും (Gandhiji and Conflict Resolution)

പഠനപ്രവർത്തനം

താഴെ കാണുന്ന ചിത്രത്തിന്റെ സാരാംശം ചർച്ച ചെയ്ത് കണ്ടെത്തുക.

സംഘർഷപരിഹാരം, സംഘർഷരൂപാന്തരം എന്നീ പദങ്ങളൊന്നും ഗാന്ധിജി ഉപയോഗിച്ചിരുന്നില്ലെങ്കിലും സംഘർഷ പരിഹാര പ്രസ്ഥാനത്തിന്റെ ഒരു മുന്നോടി യായി ഗാന്ധിജിയെ അംഗീകരി ക്കുന്നു. ഭിന്നിച്ചു നിൽക്കുന്ന രണ്ടു കക്ഷികളെ യോജി പ്പിക്കുകയാണ് തർക്ക പരിഹാരത്തിന്റെ പ്രധാന ധർമ്മമെന്ന് ഗാന്ധിജി കരുതുന്നു. വിവിധ രൂപത്തിലുള്ള സംഘർഷ ങ്ങളുമായി ബന്ധപ്പെട്ട നൂറുകണ ക്കിന് കേസുകൾ അദ്ദേഹം കൈകാര്യം ചെയ്തിട്ടുണ്ട്. ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കൻ ജീവിതത്തിൽ കോടതി വ്യവഹാ രം, മദ്ധ്യസ്ഥത, ആർബിട്രേഷൻ എന്നിവ വഴി അദ്ദേഹം സംഘർഷങ്ങൾ പരിഹരിച്ചിരുന്നു. നിയമോപദേശകനായി പോയി മദ്ധ്യസ്ഥനായി വർത്തിച്ച് സംഘർഷ പരിഹാരത്തിന്റെ വിജയ ഗാഥ ഗാന്ധിജി ആരംഭിക്കുന്നത് ദഷിണാഫ്രിക്കയിൽ നിന്നാണ്. ദാദാ അബ്ദുള്ളയും ഹാജിഖാൻ മുഹമ്മദു മായുള്ള കേസ് പരിഹരിച്ചതാണ് ആദ്യ ഉദാഹരണം. വീണ്ടും പ്രശ്നങ്ങൾ ഉണ്ടാകാതെ സൗഹൃദപരമായി തർക്കം പരിഹരിക്കുന്നതാണ് ഒരു വക്കീലിന്റെ ധർമ മെന്ന് ഈ കേസിലൂടെ ഗാന്ധിജി തിരിച്ചറിഞ്ഞു.



ഗാന്ധിജിയുടെ സംഘർഷ പരിഹാരരീതിയാണ് സത്യാഗ്രഹം. അഹിംസയെന്ന ആയുധത്തെ ഇത്രത്തോളം വികസിപ്പിക്കുകയും ജനകീയമാക്കുകയും ചെയ്തതിന് ഗാന്ധിജിയോളം പരിശ്രമിച്ച മറ്റൊരാളില്ലാ എന്ന് പറയാം. സംഘർഷ പരിഹാരത്തിനുള്ള ഗാന്ധിയൻ മാർഗ്ഗം അഹിംസയിൽ അധിഷ്ഠിതമാണ്. സംഘർഷ പരിഹാരത്തിനു നിയമപരമായ മാർഗങ്ങൾ പ്രയാസമാകുമ്പോഴും അന്യായമായ നിലപാടുകൾ തിരുത്തുന്നതിനും ഗാന്ധിജി

അഹിംസാത്മക സത്യാഗ്രഹം ഒരു സമരായുധമായി പ്രയോഗിച്ചു കാണിച്ചു തന്നു. അഹിംസാത്മക സത്യാഗ്രഹം ഒരു മികച്ച സംഘർഷ പരിഹാരരീതിയായി ഗാന്ധിജി വികസിപ്പിച്ചു. ചമ്പാരനിലെ കർഷക പ്രശ്ന പരിഹാരവും അഹമ്മദാബാദ് തുണി മിൽ തൊഴിലാളി സമരവും നവ്ഖാലിയിലെ സമാധാന ദൗത്യവുമൊക്കെ ഗാന്ധിയൻ സംഘർഷ പരിഹാരരീതിയുടെ ഉദാഹരണങ്ങളാണ്.

സംഘർഷങ്ങളെ ക്രിയാത്മക മാർഗ്ഗങ്ങളിൽകൂടി സാമൂഹ്യമാറ്റത്തിനായി വിനിയോഗിക്കേണ്ടതുണ്ട്. സംഘർഷത്തിന്റെ കാരണങ്ങളെത്തന്നെ പരിഹരിച്ചു കൊണ്ട് എല്ലാ വിഭാഗങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിച്ചു കൊണ്ടുവേണം സമാധാനം സ്ഥാപിക്കാൻ. വ്യക്തിക്ക് നൽകിയിട്ടുള്ള പരമമായ സ്ഥാനവും ധാർമ്മികതയിൽ ഉറപ്പിച്ച അടിസ്ഥാനവും സംഘർഷ പരിഹാരത്തിനുള്ള ഗാന്ധിയൻ മാർഗ്ഗത്തിന്റെ അടിസ്ഥാനമാണ്. ഗാന്ധിജിയുടെ സത്യഗ്രഹമെന്ന അഹിംസാത്മക സംഘർഷപരിഹാര രീതിയുടെ തത്വവും പ്രയോഗവും സാമൂഹ്യശാസ്ത്രജ്ഞർ ഇന്ന് പഠനവിധേയമാക്കുകയാണ്. വ്യക്തിതലത്തിലും സാമൂഹ്യതലത്തിലും ഇതിന് വളരെയേറെ പ്രസക്തിയുണ്ട്. ജീൻ ഷാർപ്പിനേപ്പോലെയുള്ള യുദ്ധവിരുദ്ധവാദികൾ ഹിംസാത്മക രാഷ്ട്രീയ സംഘർഷത്തെ വിലയിരുത്തുകയും അതിന്റെ ബദലുകളെപ്പറ്റി അന്വേഷണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ സത്യഗ്രഹത്തിന്റെ ലക്ഷ്യം, അനീതിയിലും അസമത്വത്തിലും അധിഷ്ഠിതമായ സാമൂഹ്യഘടനയെ വെല്ലുവിളിച്ചുകൊണ്ട്, അന്തർലീനമായ സാമൂഹ്യസംഘർഷത്തെ വെളിപ്പെടുത്തുന്നു എന്നുള്ളതാണ്. സത്യാഗ്രഹം, കേവലം സംഘർഷത്തെ നേരിടുന്നതിനുള്ള ഒരു രീതി എന്നതിലപ്പുറം ഗാന്ധിജിയെ സംബന്ധിച്ച് സത്യത്തിൽ വിശ്വസിച്ചു ജീവിക്കുന്ന ജീവിതരീതിതന്നെയായിരുന്നു. സാമൂഹ്യ- രാഷ്ട്രീയ സംഘർഷം എന്ന പ്രശ്നത്തെ സൈദ്ധാന്തികമായി നേരിടുന്നതിനുള്ള ഒരു താക്കോലായി സാമൂഹ്യ ശാസ്ത്രജ്ഞന്മാർ സത്യാഗ്രഹത്തെ വിലയിരുത്തുന്നു.

ഗാന്ധിജി കോടതിക്കു പുറത്തുള്ള തർക്കപരിഹാരരീതി പ്രോത്സാഹിപ്പിച്ചിരുന്നതായി കാണാം. അദ്ദേഹത്തിന്റെ ദക്ഷിണാഫ്രിക്കൻ ജീവിതത്തിൽ നിന്നും ഇതിനെ സാധൂകരിക്കുന്ന സംഭവങ്ങൾ കണ്ടെത്തുക?

സംഘർഷ രൂപാന്തരം (Conflict Transformation)

പഠനപ്രവർത്തനം

രണ്ടു പെൺകുട്ടികൾക്കും കൂടി ഒരു ഓറഞ്ച് ലഭിച്ചു. രണ്ടുപേർക്കും അത് മുഴുവനായി വേണമെന്നായി. ഒരു ഓറഞ്ച് മുഴുവനും കിട്ടാതെ മാറില്ല എന്നായി രണ്ടുപേരും. ഓരോരുത്തരുടേയും ആവശ്യം ചോദിച്ചറിഞ്ഞു ഒരാൾക്ക് വിശപ്പുമാറ്റാനായി ഓറഞ്ച് കഴിക്കണം. മറ്റേ ആൾക്ക് ഓറഞ്ചിന്റെ തൊലി കൊണ്ട് മുഖകാന്തി വർധിപ്പിക്കുന്ന ഒരു സൗന്ദര്യവർധകവസ്തുനിർമ്മിക്കണം. ഇരുകൂട്ടർക്കും ആവശ്യമുള്ള വസ്തുക്കൾ നല്കി രണ്ടു പേർക്കും സ്വീകാര്യമായി ആ പ്രശ്നം പരിഹരിച്ചു. അവർ ആ തർക്കം പരിഹരിച്ചതുകൊണ്ടുമാത്രം നിന്നില്ല; അവർ ഓറഞ്ചിന്റെ ഉള്ളിലുള്ള വിത്തുകൾ പൂന്തോട്ടത്തിൽ കുഴിച്ചിട്ടു. ഈ സംഭവവും അതിന്റെ വിവക്ഷയും ചർച്ച ചെയ്യുക.

സംഘർഷ രൂപാന്തരം കേവലം സംഘർഷ പരിഹാരമല്ല. 1990 കൾക്കു ശേഷം സംഘർഷ രൂപാന്തരം എന്നതിനു കൂടുതൽ പ്രാധാന്യം കൈവന്നു. സംഘർഷത്തിന്റെ കാരണങ്ങളെയും സംഘർഷത്തിൽ കക്ഷികളാകുന്നവരെയും രൂപാന്തരം ചെയ്യാനുള്ള പരിശ്രമമാണ് ഈ പ്രക്രിയയിൽ നടക്കുന്നത്. അസമത്വത്തിന്റെ വ്യവസ്ഥാപരമായ യാഥാർത്ഥ്യങ്ങളോ, അവകാശ നിഷേധങ്ങളോ സാമൂഹ്യ അനീതിയോ മാത്രമല്ല സംഘർഷ രൂപാന്തരം അഭിമുഖീകരിക്കുന്നത്, മറിച്ച് സംഘർഷത്തിന്റെ വിവിധ വശങ്ങളും എല്ലാ കക്ഷികളുടെയും പ്രയാസങ്ങളും അഭിമുഖീകരിക്കാത്ത ക്ലേശങ്ങളും ആവലാതികളും സംഘർഷ രൂപാന്തരം ശ്രദ്ധയിൽ കൊണ്ടുവരുന്നു. തന്റേയും മറ്റുള്ളവരുടെയും സംഘർഷകാരണമായ പ്രശ്നങ്ങളുടെയും കാഴ്ചപ്പാടുകളെ രൂപാന്തരപ്പെടുത്തി സാമൂഹ്യ ബന്ധങ്ങളെയും സാമൂഹ്യ സംഘടനകളെയും രൂപാന്തരത്തിന് വിധേയമാക്കാനുള്ള അന്വേഷണമാണിത്.

സംഘർഷത്തെ ഉപരിപ്ലവമായി മാത്രംകാണാതെ ആഴത്തിൽ സമീപിച്ച് അടിത്തട്ടിലുള്ള പ്രശ്നങ്ങൾകൂടി പരിഹരിക്കുകയാണ് സംഘർഷരൂപാന്തരം കൊണ്ട് ഉദ്ദേശിക്കുന്നത്. ഗാന്ധിജിയുടെ സത്യഗ്രഹങ്ങളൊക്കെ ജനങ്ങളെ സാമൂഹ്യമാറ്റത്തിന്റെ ആവശ്യകത (സംഘർഷകാരണമായ സാമൂഹ്യഘടനയുടെ രൂപാന്തരം) ബോധ്യപ്പെടുത്താനുള്ളതായിരുന്നു.

പഠനപ്രവർത്തനം

ഒരു ഗാന്ധിയൻ സംഘർഷപരിഹാരരീതിയെന്ന നിലയിൽ അഹമ്മദാബാദ് തൊഴിലാളി സമരത്തെ വിശകലനം ചെയ്ത് അതിലെ സംഘർഷരൂപാന്തരഘടകങ്ങൾ കണ്ടെത്തുക.

പഠനപുരോഗതി വിലയിരുത്താം

പൂരിപ്പിക്കുക

12. മനുഷ്യന്റെ ആവശ്യങ്ങളുടെയും നിലനില്പിന്റെയും പ്രതിഫലനമാണ് .....
13. രണ്ടോ അതിലധികമോ വ്യക്തികളോ, സംഘങ്ങളോ ..... വെളിപ്പെടുത്തുമ്പോഴാണ് സാമൂഹ്യ സംഘർഷം ഉടലെടുക്കുന്നത്.
14. ഒരു വ്യക്തിയുടെ ഉള്ളിൽ തന്നെയുള്ള ആന്തരിക സംഘർഷമാണ് .....
15. മദ്ധ്യസ്ഥതയിലും ആർബിട്രേഷനിലും ..... യുടെ ഇടപെടൽ പ്രധാനമാണ്
16. ..... ബദൽ തർക്ക പരിഹാര രീതിക്ക് ഉദാഹരണമാണ്.
17. ..... ൽ ഒരു കക്ഷി ജയിക്കുകയും മറ്റൊരാൾ തോൽക്കുകയുമാണ് പതിവ്.
18. ഗാന്ധിയൻ സംഘർഷ പരിഹാര രീതിയാണ് .....

സമാധാന വിദ്യാഭ്യാസം (Peace Education)

സാർവ്വത്രികമാകുന്ന അക്രമവും ഹിംസയും പരിഹരിക്കണമെങ്കിൽ മനുഷ്യന്റെ ചിന്താഗതിയിലും ജീവിത ശൈലിയിലും മാറ്റം അനിവാര്യമാണ്. മനുഷ്യവർഗം ഹിംസയിൽ നിന്നും അഹിംസയിലേക്കാണ് പുരോഗമിക്കേണ്ടത്. അതുകൊണ്ട് സമാധാനവും അഹിംസയും പുലർത്തുന്ന ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്ന അഹിംസാത്മക മൂല്യബോധമുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായം രൂപപ്പെടണം. സമൂഹത്തിൽ പലതരത്തിൽ നിലനിൽക്കുന്ന ഹിംസയെ മനസ്സിലാക്കാൻ ഉതകുന്ന പാഠ്യപദ്ധതിയുടെ ആവശ്യകത തെക്കേ അമേരിക്കൻ ചിന്തകനായ പൗളോ ഫ്രെയർ മുന്നോട്ട് വയ്ക്കുന്നു. ഹിംസയുടെ രൂപഭേദങ്ങളും അവയ്ക്ക് ബദലായ അഹിംസയുടെ മാർഗങ്ങളും നാം പഠിക്കേണ്ടതുണ്ട്. മനുഷ്യബന്ധത്തിൽ അഹിംസയ്ക്ക് പ്രാധാന്യം കിട്ടത്തക്ക രീതിയിലുള്ള പഠനപദ്ധതിയാണ് സമാധാന വിദ്യാഭ്യാസം. സമാധാനപൂർണ്ണമായ ഒരു ലോകം കെട്ടിപ്പടുക്കുവാനുള്ള ബോധനശാസ്ത്രപരമായ ഒരു ഉദ്യമമാണ് സമാധാന വിദ്യാഭ്യാസം എന്ന് പറയാം. വാർധാ വിദ്യാഭ്യാസ പദ്ധതി സമാധാന വിദ്യാഭ്യാസത്തിന് ഉദാഹരണമാണ്.

സമാധാന പ്രസ്ഥാനങ്ങൾ (Peace Movements)

യുദ്ധം, അക്രമങ്ങൾ, കലാപങ്ങൾ തുടങ്ങി ഹിംസാത്മക സംഘർഷം നടക്കുന്ന ഏതു മേഖലകളിലും ഹിംസ അവസാനിപ്പിക്കുന്നതിനുവേണ്ടി സാമൂഹ്യഇടപെടൽ നടത്തുന്ന പ്രസ്ഥാനങ്ങളെയാണ് സമാധാന പ്രസ്ഥാനങ്ങൾ എന്നു വിശേഷിപ്പിക്കുന്നത്. നിരായുധീകരണത്തിനായും ആയുധക്കച്ചവടത്തിനെതിരായും കൂട്ടായി നടത്തുന്ന പ്രവർത്തനം പലപ്പോഴും ഗുണകരമായി സാമൂഹ്യമാറ്റത്തിലേക്ക് നയിക്കാവുന്നതാണ്. ഗാന്ധിജിയുടെ സത്യാഗ്രഹപ്രസ്ഥാനവും ഇതേരീതി തന്നെയാണ് പിന്തുടരുന്നതെന്ന് നമുക്ക് കാണാം. അദ്ദേഹം നടത്തിയ സത്യാഗ്രഹങ്ങൾ എല്ലാംതന്നെ ഒന്നല്ലെങ്കിൽ മറ്റൊരുതരത്തിൽ സമൂഹത്തിൽ നിലനില്ക്കുന്ന ഹിംസയെ ലഘൂകരിക്കുന്നതിനോ ഇല്ലായ്മ ചെയ്യുന്നതിനോ ഉതകുന്നതായിരുന്നു. അതുകൊണ്ടാണ് ഗാന്ധിയൻ സത്യാഗ്രഹങ്ങളെ സമാധാന പ്രസ്ഥാനങ്ങൾ എന്ന് വിശേഷിപ്പിക്കുന്നത്.



പഠനപ്രവർത്തനം

ഏകതാ പരിഷത്ത് അല്ലെങ്കിൽ ചിപ്കോ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്ത് ആ സംഘടനകൾ സമാധാനപ്രസ്ഥാനത്തിന്റെ ഗണത്തിൽവരുന്നുണ്ടോ എന്നു വിലയിരുത്തുക.

സമാധാനവും വികസനവും (Peace and Development)

വികസനം എന്നത് സമാധാനത്തിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്നാണ്. അതേപോലെ സമാധാനം വികസനത്തിന് ഏറ്റവും അനിവാര്യമായ ഒന്നാണ്. പ്രതിരോധ

യുദ്ധ ആവശ്യങ്ങൾക്കായുള്ള പണച്ചെലവ് എപ്പോഴും തടസങ്ങൾ സൃഷ്ടിക്കുന്നത് വികസനപ്രവർത്തനങ്ങൾക്കാണ്. സമാധാനവും വികസനവും വളരെക്കുറച്ച് മാത്രമുള്ള ജനസമൂഹങ്ങളെപ്പറ്റി പഠിച്ചാൽ ഇക്കാര്യങ്ങൾ നമുക്ക് മനസിലാക്കാൻ കഴിയും. സൈനിക-പ്രതിരോധ കാര്യങ്ങൾക്ക് മുൻതൂക്കം നൽകുന്ന സമൂഹങ്ങളിൽ വികസനം മന്ദഗതിയിലായിരിക്കും. വികസനത്തിനായുള്ള ജനാഭിലാഷം പൂർത്തീകരിക്കുവാൻ അവിടങ്ങളിൽ പ്രയാസം നേരിടും. വർദ്ധിച്ചുവരുന്ന അക്രമവും ഹിംസയും നിയന്ത്രിക്കാൻ ബജറ്റിന്റെ സിംഹഭാഗവും സൈനിക, പ്രതിരോധ ചെലവുകൾക്കായി മാറ്റിവയ്ക്കുന്ന സമൂഹങ്ങളിൽ ആരോഗ്യം, വിദ്യാഭ്യാസം, ഗ്രാമീണവികസനം തുടങ്ങിയ മേഖലകളിൽ വികസനം മുരടിക്കുന്നു. യുദ്ധസന്നാഹങ്ങൾ അമിതമായ വിഭവചൂഷണവും സാമൂഹ്യ വികസനത്തിന് തടസ്സവും സൃഷ്ടിക്കുന്നു.

മൊത്തം ദേശീയ ആനന്ദം (Gross National Happiness)

മനുഷ്യക്ഷേമത്തിന്റെയും സൗഖ്യത്തിന്റെയും സാമ്പത്തീകേതര വശങ്ങൾക്കുകൂടി, സാമ്പത്തിക പുരോഗതിയോടൊപ്പം പ്രാധാന്യം നൽകുന്ന ഒരു സമഗ്ര സമീപനം ഉൾക്കൊള്ളുന്ന സുസ്ഥിര വികസന സങ്കല്പമാണിത്. മനുഷ്യന്റെ സൗഖ്യവും സന്തോഷവുമാണ് GNH ലൂടെ അളക്കുന്നത്. 1970 കളിൽ ഭൂട്ടാനിലാണ് ഈ പദം ഉപയോഗിച്ച് തുടങ്ങിയത്. സാമ്പത്തിക വളർച്ച അളക്കുന്ന GDP യെക്കാൾ യഥാർത്ഥ മനുഷ്യപുരോഗതിയും വികസനവും അളക്കുന്നതിന് GNH ആണ് ഉചിതമെന്ന വാദമാണ് ഇതിന്റെ വക്താക്കൾ ഉയർത്തുന്നത്.

യുദ്ധത്തിന്റെയും അക്രമങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും കെടുതികൾ ലോകത്തിലെ കോടിക്കണക്കിനു ജനങ്ങളാണ് അനുഭവിക്കുന്നത്. വിവിധതരത്തിലുള്ള ഹിംസകളും സംഘർഷങ്ങളും അവരുടെ സാമ്പത്തിക സാമൂഹ്യ വികസനത്തെ തകർത്തുകളയുകയാണ്. സംഘർഷ ബാധിത പ്രദേശങ്ങളിൽ മനുഷ്യർ തലമുറകളായി ഭീതിയുടെയും നാശനഷ്ടങ്ങളുടെയും ഇടയിലാണ് ജീവിക്കുന്നത്. സമാധാനത്തിന് കൂടുതൽ പ്രാമുഖ്യം നൽകേണ്ടതും ക്രിയാത്മക സംഘർഷ പരിഹാരത്തിന് ശ്രമിക്കേണ്ടതും മനുഷ്യപുരോ ഗതിക്കും നിലനിൽപ്പിനും അടിയന്തിരാവശ്യമാണ് അഹിംസ യിലും സംഘർഷ പരിഹാര ത്തിലും ഉള്ള വിദ്യാഭ്യാസം കൂടുതൽ ശക്തിപ്പെടുത്തേണ്ടത് ദീർഘകാല സുസ്ഥിരസമാധാനം നേടുവാൻ ആവശ്യമാണ്. സംഘർഷങ്ങളെ ക്രിയാത്മകമായി രൂപാന്തരം ചെയ്യുന്ന, വിഭവങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്ന ഒരു വികസന പരിപാടിയാണ്, സുസ്ഥിരവികസനം പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടു ത്തുന്നതിനും നമുക്ക് വേണ്ടത്. സമാധാനം ഇല്ലാതെ സുസ്ഥിരവികസനം സാധ്യമാകില്ല. സുസ്ഥിര വികസനമില്ലാതെ സമാധാനവും. സ്വായിയായ വികസനം യാഥാർത്ഥ്യമാക്കാൻ സമാധാന പഠനം അനിവാര്യമാണ്.

സംഗ്രഹം

- സാമൂഹ്യശാസ്ത്രമേഖലയിൽ, വിവിധ പഠനമേഖലകൾ സംയോജിച്ചുള്ള ഒരു ജ്ഞാനശാസ്ത്രശാഖയാണ് സമാധാനപഠനം. പഠനത്തിലൂടെയും ചില പ്പോൾ പഠനത്തോടൊപ്പവുമുള്ള കർമ്മപരിപാടികളിലൂടെയും ഹിംസയിൽ നിന്ന് മുക്തമായ ഒരു ലോകം കെട്ടിപ്പടുക്കുവാനുള്ള അന്വേഷണവും മാർഗ്ഗ വുമാണ് സമാധാനപഠനം.
- മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളുടെ ഏതുതരത്തിലുമുള്ള നിഷേധ ത്തെയും ഹിംസയെന്നു കരുതാം. നേരിട്ടുള്ളത്, ഘടനാപരം, സാംസ്കാ രികം എന്നിങ്ങനെ മൂന്നായി ഹിംസയെ തരംതിരിക്കാം.
- നേരിട്ടുള്ളതും ഘടനാപരവും സാംസ്കാരികവുമായ ഹിംസയുടെ അഭാ വമോ അല്ലെങ്കിൽ നിഷേധാത്മകവും നീതിയുക്തവുമായ സമാധാനത്തിന്റെ സമ്മേളനമോ ആണ് സമാധാനമെന്നു പറയാം.
- അപരിമിതമായ ആവശ്യങ്ങളിലും അനിയന്ത്രിതമായ ചൂഷണത്തിലും അധി ഷ്ഠിതമായ ആധുനിക സാമ്പത്തികക്രമത്തെ ചോദ്യം ചെയ്യുന്നതാണ് ഗാന്ധിജിയുടെ സമാധാനസമീപനം.
- മനുഷ്യന്റെ ആവശ്യങ്ങളുടെയും നിലനില്പിന്റെയും പ്രതിഫലനമാണ് സംഘർഷം (Conflict). സംഘർഷങ്ങളെ ക്രിയാത്മകമാർഗ്ഗങ്ങളിൽകൂടി സാമൂഹ്യമാറ്റത്തിനായി വിനിയോഗിക്കണം.
- സംഘർഷപരിഹാരത്തിനായി ഓരോ സമൂഹവും അനുയോജ്യമായ രീതി കളും തന്ത്രങ്ങളും രൂപപ്പെടുത്തുന്നു. സംഘർഷപരിഹാരത്തിനായി കോടതി വ്യവഹാരത്തിൽ നിന്നും വ്യത്യസ്തമായി ബദൽ തർക്കപരിഹാരമാർഗ്ഗ ങ്ങൾ കൂടുതൽ ജനോപകാരപ്രദമാണ്.
- ഭിന്നിച്ചുനിൽക്കുന്ന രണ്ടുകക്ഷികളെ ഒന്നിപ്പിക്കുകയാണ് സംഘർഷ പരിഹാരത്തിന്റെ പ്രധാന ധർമ്മമെന്ന് ഗാന്ധിജി കരുതുന്നു. ഗാന്ധിജിയുടെ സംഘർഷപരിഹാര രീതിയാണ് സത്യാഗ്രഹം.
- സംഘർഷങ്ങളെ ക്രിയാത്മകമായി സമീപിക്കുന്ന ഒരു സുസ്ഥിര വികസന മാതൃകയാണ് നമുക്ക് വേണ്ടത്.

സ്വയംവിലയിരുത്തൽ ചെക്ക് ലിസ്റ്റ്

	പൂർണ്ണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• ഹിംസയുടെ വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു			
• സമാധാനം, സമാധാനപഠനം എന്നീ ആശയങ്ങൾ പരിചയപ്പെടുന്നു.			
• സമാധാനത്തെക്കുറിച്ചുള്ള ഗാന്ധിയൻ ധാരണകൾ മനസിലാക്കുന്നു.			
• സംഘർഷത്തിന്റെ കാരണവും അർത്ഥവും വിവിധ രൂപങ്ങളും അപഗ്രഥിക്കുന്നു.			
• സംഘർഷപരിഹാരവും അതിനുള്ള വിവിധ മാർഗങ്ങളും വിലയിരുത്തുന്നു.			
• ഗാന്ധിയൻ സംഘർഷപരിഹാരരീതികൾ വിശകലനം ചെയ്യുന്നു.			
• സംഘർഷരൂപാന്തരത്തിന്റെ മേന്മകൾ വിലയിരുത്തുന്നു.			

തുടർമൂല്യനിർണ്ണയസാധ്യതകൾ

1. നിങ്ങളുടെ സമീപത്തെ പഞ്ചായത്ത് അംഗത്തെയോ പഞ്ചായത്ത് പ്രസിഡന്റിനെയോ സമീപിച്ച് പ്രാദേശിക തർക്കങ്ങളെപ്പറ്റിയും അവ പരിഹരിക്കുന്ന മാർഗ്ഗങ്ങളെപ്പറ്റിയും അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കുക.
2. സമീപകാലത്തെ വർത്തമാനപത്രം പരിശോധിച്ച് അതിലുള്ള- നേരിട്ടുള്ള ഹിംസ, ഘടനാപരമായ ഹിംസ, സാംസ്കാരികമായ ഹിംസ എന്നിവയ്ക്ക് ഉദാഹരണങ്ങൾ കണ്ടെത്തുക

പഠന പുരോഗതി വിലയിരുത്തൽ - ഉത്തര സൂചിക

1. നിഷേധത്തെയും
2. അദൃശ്യമായി
3. ഹിംസ
4. ബാലവേല
5. സാംസ്കാരികമായ ഹിംസയിൽ
6. ആന്തരികവും ബാഹ്യവും

7. നീതിയുക്തമായ സമാധാനവും നിഷേധാത്മക സമാധാനവും
8. യുദ്ധത്തിന്റെ വെടിനിർത്തൽ
9. നീതിയുക്തമായ സമാധാനം
10. ദാരിദ്ര്യം
11. സർവ്വോദയ
12. സംഘർഷം
13. പൊരുത്തക്കേടുള്ള നിലപാടുകൾ
14. വ്യക്ത്യന്തര സംഘർഷം
15. മൂന്നാംകക്ഷി
16. ലോക്അദാലത്ത്
17. കോടതി വ്യവഹാരത്തിൽ
18. സത്യാഗ്രഹം

വിലയിരുത്തൽ ചോദ്യങ്ങൾ

1. ഹിംസ എന്താണെന്നും അതിന്റെ വിവിധ തരങ്ങൾ ഏതൊക്കെയെന്നും വിശദമാക്കുക.
2. നിഷേധാത്മക സമാധാനവും നീതിയുക്തമായ സമാധാനവും തമ്മിലുള്ള വ്യത്യാസം പ്രതിപാദിക്കുക.
3. സമാധാനത്തെപ്പറ്റിയുള്ള ഗാന്ധിജിയുടെ ധാരണകൾ വിശദീകരിക്കുക
4. സംഘർഷത്തിന്റെ വിവിധ കാരണങ്ങൾ വിശകലനം ചെയ്യുക
5. വിവിധ സംഘർഷപരിഹാരരീതികൾ സംബന്ധിച്ച് ലേഖനം തയ്യാറാക്കുക
6. ഗാന്ധിജിയുടെ സംഘർഷപരിഹാരമാർഗ്ഗങ്ങൾ വിലയിരുത്തുക

വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളുടെ നിഷേധത്തെ ഹിംസയെന്നുപറയുന്നു. പ്രധാനമായും മൂന്ന് തരം. നേരിട്ടുള്ളത്, ഘടനാപരം, സാംസ്കാരികം.
2. നിഷേധാത്മകസമാധാനം - കാരണങ്ങൾ പരിഹരിക്കാതെയുള്ള താൽകാലിക സമാധാനം.
   നീതിയുക്തമായ സമാധാനം - ഘടനാപരമായ ഹിംസയുടെ അഭാവം
3. ഗാന്ധിജിയെ സംബന്ധിച്ച് സമാധാനം ജീവിതത്തിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്നു. സമധ്യാനത്തിലേക്കുള്ള വഴി സമാധാനം തന്നെയാണ്.
4. രാഷ്ട്രീയവും സ്ഥാപനപരവുമായ ഘടകങ്ങൾ സാമൂഹ്യ-സാമ്പത്തികഘടകങ്ങൾ, വിഭവങ്ങളെയും പരിസ്ഥിതിയെയും സംബന്ധിക്കുന്ന ഘടകങ്ങൾ.
5. മധ്യസ്ഥത, സന്ധിസംഭാഷണം, ആർബിട്രേഷൻ, കോടതി വ്യവഹാരം.
6. സത്യാഗ്രഹം, വ്യക്തിതലത്തിലും സാമൂഹ്യതലത്തിലുമുള്ള പ്രസക്തി.

തുടർ പ്രവർത്തനങ്ങൾ

1. ലോക് അദാലത്ത് സന്ദർശിച്ച് അതിന്റെ പ്രവർത്തനങ്ങളെപ്പറ്റി റിപ്പോർട്ട് തയ്യാറാക്കുക.
2. ലോകത്തിലെ വിവിധ സമാധാനപ്രസ്ഥാനങ്ങളെപ്പറ്റി വിവരശേഖരണം നടത്തുക.

പദാവലി (Glossary)

ഹിംസ	:	മനുഷ്യരുടെ ശാരീരികവും മാനസികവുമായ വളർച്ചയുടെ നിഷേധം
സമാധാനം	:	നേരിട്ടുള്ളതും ഘടനാപരവും സാംസ്കാരികവുമായ ഹിംസയുടെ അഭാവം
സംഘർഷം	:	മനുഷ്യന്റെ ആവശ്യങ്ങളുടെയും നിലനില്പിന്റെയും പ്രതിഫലനമാണ് സംഘർഷം.
സംഘർഷരൂപാന്തരം	:	സംഘർഷത്തിന്റെ വിവിധ വശങ്ങൾ വിശകലനം ചെയ്ത് അതിന്റെ കാരണങ്ങളും പ്രശ്നങ്ങളും നിർദ്ധാരണം ചെയ്ത് സാമൂഹ്യബന്ധങ്ങളെയും സാമൂഹ്യസ്ഥാപനങ്ങളെയും രൂപാന്തരത്തിനുവിധേയമാക്കുന്ന പ്രക്രിയ.
സമാധാന സംസ്കാരം	:	ഹിംസയുടെയും സംഘർഷത്തിന്റെയും മൂലകാരണങ്ങളെ പരിഹരിക്കത്തക്ക മൂല്യങ്ങളും സമീപനങ്ങളും പെരുമാറ്റരീതിയും സ്വായത്തമാക്കുന്ന ജീവിതരീതി.

4

സാമൂഹ്യ മാറ്റവും അഹിംസാത്മക സാമൂഹ്യപ്രസ്ഥാനങ്ങളും

Social Change and Non - Violent Social Movements

ആമുഖം

മാറ്റം എന്നത് ഒരു പ്രപഞ്ചി നിയമമാണ്. സമൂഹ ജീവിയായ മനുഷ്യന്റെ ജീവിതം സമൂഹത്തോടു അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതം പരസ്പര പൂരകമാണ്. ഓരോ സമൂഹത്തിനും അതിന്റേതായ നിയമങ്ങളും മൂല്യങ്ങളുമുണ്ട്. അതു പുരോഗമനപരമോ പ്രതിലോമകരമോ ആകാം, ഹിംസയിലോ അഹിംസയിലോ അധിഷ്ഠിതമാകാം. മനുഷ്യസമൂഹത്തിന്റെ വളർച്ചയുടെ ഭാഗമായി മനുഷ്യനെ പുരോഗതിയിലേക്കു നയിക്കുന്ന പല മാറ്റങ്ങളും സമൂഹത്തിൽ ഉണ്ടാകുന്നുണ്ട്. ഹിംസാത്മകമായ സാമൂഹ്യ പുരോഗതി മനുഷ്യസമൂഹത്തിനു നിഷേധാത്മകമായ വളർച്ചയാണ് കൊണ്ടു വന്നിട്ടുള്ളത്. അഹിംസാത്മകവും ക്രിയാത്മകവുമായ സാമൂഹിക പുരോഗതിയും മാറ്റവുമാണ് എന്നെന്നും നിലനിൽക്കുന്നത്. സാമൂഹ്യ മാറ്റത്തിന് മൂല്യാധിഷ്ഠിതമായ ഒരു ദിശാബോധം വേണം. സാമൂഹ്യ മാറ്റത്തെക്കുറിച്ചും അഹിംസാത്മകമായ സാമൂഹ്യ മാറ്റത്തിനു നിലകൊണ്ടിട്ടുള്ള സാമൂഹ്യ പ്രസ്ഥാനങ്ങളെക്കുറിച്ചുമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

പഠനനേട്ടങ്ങൾ


- സാമൂഹ്യമാറ്റം എന്ന ആശയത്തെ നിർവചിക്കുന്നു.
- സാമൂഹ്യ മാറ്റത്തിന്റെ സവിശേഷതകൾ മനസിലാക്കുന്നു.
- വിവിധതരം സാമൂഹ്യ പ്രസ്ഥാനങ്ങളെ തിരിച്ചറിയുന്നു.
- സാമൂഹ്യമാറ്റത്തെപ്പറ്റിയുള്ള ഗാന്ധിയൻ സമീപനവും മാർഗങ്ങളും വിശകലനം ചെയ്യുന്നു.

- ഗാന്ധിജിയുടെ മാതൃകാ സാമൂഹികക്രമമായ സർവോദയയുടെ പ്രസക്തി തിരിച്ചറിയുന്നു.
- സാമൂഹ്യമാറ്റത്തിന് സാമൂഹ്യ ഇടപെടലിന്റെയും സന്നദ്ധ-സാമൂഹ്യപ്രസ്ഥാനങ്ങളുടെയും പ്രസക്തി തിരിച്ചറിയുന്നു.
- ഗാന്ധിയൻ/അഹിംസാത്മക സാമൂഹ്യപ്രസ്ഥാനങ്ങളെ പരിചയപ്പെടുന്നു.

പഠനപ്രവർത്തനം

താഴെക്കാണുന്ന വ്യക്തികൾ ഇന്ത്യയിലെ ജനങ്ങളുടെ പുരോഗതിക്കായി പ്രവർത്തിച്ച പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നല്കിയവരാണ്. അവരെ തിരിച്ചറിഞ്ഞ് സംഭാവനകൾ ചർച്ച ചെയ്യുക.






സമൂഹത്തിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾക്കെതിരെ പ്രതികരിച്ച് സമൂഹത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനു വേണ്ടി വാദിക്കുകയും പോരാടുകയും ചെയ്തവരാണിവർ. മൂല്യാധിഷ്ഠിതമായ മാറ്റങ്ങൾക്കു വേണ്ടിയാണ് ഇവർ നിലകൊണ്ടത്. ഇവർ നേതൃത്വം നൽകിയ പ്രസ്ഥാനങ്ങളെ സാമൂഹ്യ പ്രസ്ഥാനങ്ങൾ എന്നു വിളിക്കാം. ചൂഷണത്തിലധിഷ്ഠിതമായ സാമൂഹിക ഘടനയെ മാറ്റിമറിക്കുന്നതിനായി പുരോഗമനപരമായ രീതിയിൽ തുടർച്ചയായും സംഘടിതമായും നടത്തുന്ന പ്രവർത്തനങ്ങളാണ് സാമൂഹ്യ പ്രസ്ഥാനങ്ങൾ രൂപത്തിലും ഭാവത്തിലും വിവിധങ്ങളായ സാമൂഹ്യപ്രസ്ഥാനങ്ങളുണ്ടെങ്കിലും അവയെല്ലാം അടിസ്ഥാനപരമായി സംഘടിതമാണ്. സാമൂഹ്യവ്യവസ്ഥയെ മാറ്റാനോ നിലനിർത്താനോ വേണ്ടി ജനങ്ങളിൽ രൂപപ്പെടുന്ന പൊതുബോധത്തിൽ നിന്നാണ് സാമൂഹ്യ പ്രസ്ഥാനങ്ങൾ പിറവി കൊള്ളുന്നത്. മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ, സമാധാന പ്രസ്ഥാനങ്ങൾ, നവസാമൂഹ്യ പ്രസ്ഥാനങ്ങൾ, സ്ത്രീ പ്രസ്ഥാനങ്ങൾ എന്നിവയൊക്കെ സാമൂഹ്യ പ്രസ്ഥാനങ്ങളിൽപ്പെടുന്നു. സാമൂഹ്യ പ്രസ്ഥാനങ്ങൾക്ക് ഹിംസാധിഷ്ഠിതമോ അഹിംസാധിഷ്ഠിതമോ ആയ ലക്ഷ്യവും മാർഗവും സ്വീകരിക്കാം. അഹിംസാധിഷ്ഠിത സാമൂഹ്യ മാറ്റവുമായി ബന്ധപ്പെട്ട സാമൂഹിക പ്രസ്ഥാനങ്ങളെപ്പറ്റിയാണ് ഇവിടെ വിശദമായി പരാമർശിക്കുന്നത്.

വിവിധതരം സാമൂഹ്യ പ്രസ്ഥാനങ്ങൾ (Types of Social Movements)

ലക്ഷ്യവും മാർഗവും സ്വഭാവവും അടിസ്ഥാനമാക്കി സാമൂഹ്യ പ്രസ്ഥാനങ്ങളെ തരം തിരിക്കാം.

പരിഷ്കരണ പ്രസ്ഥാനങ്ങൾ (Reformative Movements)

നിലവിലുള്ള സാമൂഹ്യവ്യവസ്ഥയെ പടിപടിയായും തുടർച്ചയായും ഉള്ള പ്രവർത്തനങ്ങളിലൂടെ മാറ്റുന്നവയാണ് പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ. പരിഷ്കരണ പ്രസ്ഥാനങ്ങൾ വിശാലമായ ഒരു ഗ്രൂപ്പിലോ സമൂഹത്തിലോ നടക്കുന്നതും സമൂഹത്തിന്റെ സമൂല മാറ്റം ഇല്ലാതെതന്നെ ക്രിയാത്മകമായ രീതിയിൽ സാമൂഹ്യ പരിഷ്കരണത്തിനായി നിലകൊള്ളുന്നതുമാണ്.

വിമോചന പ്രസ്ഥാനങ്ങൾ (Redemptive Movements)

നിലവിലുള്ള സാമൂഹ്യ-രാഷ്ട്രീയ വ്യവസ്ഥയുടെ സമൂല മാറ്റത്തിനായി രൂപപ്പെടുന്നതാണ് വിമോചന സാമൂഹ്യ പ്രസ്ഥാനങ്ങൾ.

വർഗാധിഷ്ഠിത പ്രസ്ഥാനങ്ങൾ (Class based Movements)

കർഷക തൊഴിലാളികൾ, ഫാക്ടറി തൊഴിലാളികൾ എന്നിവർ മെച്ചപ്പെട്ട തൊഴിൽ സാഹചര്യത്തിനും വേതനത്തിനുംവേണ്ടി രൂപം നൽകപ്പെട്ടിട്ടുള്ളതും അവരുടെ പുരോഗതിക്കായി നിലകൊള്ളുന്നതുമായ പ്രസ്ഥാനങ്ങളെ വർഗ്ഗാധിഷ്ഠിത പ്രസ്ഥാനങ്ങൾ എന്നു വിളിക്കാം.

ജാതി അധിഷ്ഠിത പ്രസ്ഥാനങ്ങൾ (Caste based Movements)

ജാതി വ്യവസ്ഥയിൽ നിന്നും സാമൂഹികനീതിയും സമത്വവും സ്വാതന്ത്ര്യവും നേടിയെടുക്കുന്നതിനായി രൂപം കൊള്ളുന്ന പ്രസ്ഥാനങ്ങളാണ് ജാതി അധിഷ്ഠിത പ്രസ്ഥാനങ്ങളിൽ മിക്കവയും. ദളിത് പ്രസ്ഥാനങ്ങളും പിന്നാക്ക ജനവിഭാഗക്കാരുടെ പ്രസ്ഥാനങ്ങളും ഇതിനുദാഹരണങ്ങളാണ്.

ആദിവാസി പ്രസ്ഥാനങ്ങൾ (Tribal Movements)

ഗോത്രവർഗ ജനവിഭാഗങ്ങൾ, നേരിടുന്ന അടിച്ചമർത്തലിന്റെയും അവഗണനയുടേയും വിവേചനത്തിന്റെയും പിന്നോക്കാവസ്ഥയുടേയും ഫലമായി അവരുടെ ഇടയിൽ രൂപം കൊണ്ട പ്രസ്ഥാനങ്ങൾ, കേരളത്തിൽ ആദിവാസികൾ ഭൂമിയ്ക്കായി നടത്തുന്ന പ്രക്ഷോഭങ്ങൾ, ഝാർഖണ്ഡിലും വടക്ക്കിഴക്കൻ സംസ്ഥാനങ്ങളിലും നടക്കുന്ന സമരങ്ങൾ എന്നിവ ആദിവാസി പ്രസ്ഥാനങ്ങൾക്ക് ഉദാഹരണങ്ങളാണ്.

സ്ത്രീ പ്രസ്ഥാനങ്ങൾ (Women's Movements)

ലിംഗവിവേചനത്തിനെതിരെ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളാണ് സ്ത്രീ പ്രസ്ഥാനങ്ങൾ. ലിംഗഭേദം, ലൈംഗികത്വം എന്നിവയിലുള്ള വിവേചനത്തെ ഇല്ലായ്മ ചെയ്യുന്നതിൽ അവരുടെ പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നു. ഭിന്നലിംഗക്കാരായ ആളുകളുടെ പ്രസ്ഥാനങ്ങളും ലിംഗ അവകാശങ്ങൾക്കുവേണ്ടി സ്ത്രീ പ്രസ്ഥാനങ്ങളോടൊപ്പം ഇന്ന് പ്രവർത്തിക്കുന്നുണ്ട്.

പരിസ്ഥിതി പ്രസ്ഥാനങ്ങൾ (Ecological Movements)

പ്രകൃതിയുടെയും പ്രകൃതിവിഭവങ്ങളുടെയും സംരക്ഷണത്തിനും ജീവജാലങ്ങളുടെ നിലനിൽപ്പിനുമായി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളാണ് പരിസ്ഥിതി പ്രസ്ഥാനങ്ങൾ.

പാരിസ്ഥിതിക നീതി സ്ഥാപിക്കുന്നതിനുവേണ്ടി പരിസ്ഥിതി പ്രസ്ഥാനങ്ങൾ നില കൊള്ളുന്നു. നർബദാ ബച്ചാവോ ആന്ദോളൻ, ചിപ്കോ പ്രസ്ഥാനം, സൈലന്റ് വാലി സമരം എന്നിവ ഇതിനുദാഹരണങ്ങളാണ്.

ഈ സാമൂഹ്യ പ്രസ്ഥാനങ്ങളെല്ലാം നമ്മുടെ സമൂഹത്തിൽ വലിയ മാറ്റങ്ങൾ വരുത്താൻ സഹായിച്ചിട്ടുണ്ട്.

സാമൂഹ്യ മാറ്റം (Social Change)

മാറ്റം സ്വാഭാവികവും തുടർച്ചയായതുമായ ഒരു പ്രക്രിയയാണ്. നിലവിലുള്ളവയ്ക്കു വരുന്ന വ്യത്യാസമോ, വ്യതിയാനമോ പൊരുത്തപ്പെടലോ ഒക്കെ മാറ്റമാണ്. ഒരു സമൂഹത്തിനും നിശ്ചലമായി നിൽക്കാൻ സാധ്യമല്ല. മനുഷ്യ സമൂഹത്തിൽ ഉണ്ടാകുന്ന മാറ്റത്തെയാണ് സാമൂഹ്യ മാറ്റം എന്നു വിശേഷിപ്പിക്കുന്നത്. മനുഷ്യൻ തന്റെ സഹജീവികളോടു പുലർത്തുന്ന ബന്ധവും മനോഭാവവും മാറുമ്പോൾ അതൊരു സാമൂഹ്യ മാറ്റമായി തീരുന്നു. മനുഷ്യ മനോഭാവത്തിലുണ്ടാകുന്ന ഏതൊരു മാറ്റവും സാമൂഹ്യ മാറ്റത്തിലേക്കു നയിക്കുന്നു.








സാമൂഹ്യ മാറ്റം - നിർവചനങ്ങൾ (Social Change: Defenitions)

സാമൂഹ്യ സംഘടനകളിൽ ഉണ്ടാകുന്ന, അതായത് സമൂഹത്തിന്റെ ഘടനയിലും ധർമ്മത്തിലും സംഭവിക്കുന്ന രൂപാന്തരങ്ങളാണ് സാമൂഹ്യമാറ്റം -കിങ്സ്ലി ഡേവിസ്

ഒരു ജനതയുടെ ജീവിതത്തിലോ കർമപഥങ്ങളിലോ നിലവിലുള്ളതിന് പകരം വയ്ക്കുകയോ പരിഷ്കരിക്കുകയോ ചെയ്യുന്ന തരത്തിൽ ഉണ്ടാകുന്ന പുതിയ രീതിയോ സമ്പ Znhbtamk nadq yanäanbnl cpXnwvþ H.T മജുംദാർ

സാമൂഹ്യ മാറ്റത്തിന്റെ സവിശേഷതകൾ (Social Change: Characteristics)

1. സാർവത്രിക പ്രതിഭാസമാണ്
2. സാമുദായിക മാറ്റമാണ്
3. ഐകരൂപ്യമില്ല
4. സ്ഥലകാല ഭേദങ്ങൾക്ക് വിധേയമാണ്
5. പ്രവചനാതീതമായിരിക്കും
6. പ്രതികരണമോ പ്രതിപ്രവർത്തനമോ സൃഷ്ടിക്കാം
7. നിരവധി ഘടകങ്ങളുടെ പ്രവർത്തന-പ്രതിപ്രവർത്തന ഫലമാണ്

സാമൂഹ്യ മാറ്റത്തിന്റെ ഘടകങ്ങൾ (Factors of Social Change)

പഠനപ്രവർത്തനം

പ്രകൃതി ദുരന്തം ഒരു സമൂഹത്തെ എങ്ങനെ ബാധിക്കുന്നു എന്ന് വിലയിരുത്തുക.

സാമൂഹ്യ മാറ്റത്തിനു സഹായിക്കുന്ന നിരവധി ഘടകങ്ങളുണ്ട്. സാംസ്കാരികം, സാങ്കേതികവിദ്യ, പരിസ്ഥിതി, ജനസംഖ്യ, മാനസികം എന്നിങ്ങനെ പരസ്പരബന്ധിതമായ നിരവധി ഘടകങ്ങളാണ് സാമൂഹ്യമാറ്റത്തിനുള്ളത്.

പഠനപ്രവർത്തനം

സാമൂഹ്യമാറ്റത്തിനായി നിലകൊള്ളുന്ന വിവിധതരം സാമൂഹ്യപ്രസ്ഥാനങ്ങളെ തിരിച്ചറിഞ്ഞ് അതിന് ഉദാഹരണങ്ങൾ കണ്ടെത്തുക.

സാമൂഹ്യ മാറ്റം – ഗാന്ധിയൻ സമീപനം (Gandhian Views on Social Change)

ഗാന്ധിയൻ സമരമാർഗങ്ങൾ സാർവ്വത്രികമായി അംഗീകാരം നേടുകയും ഗാന്ധിജി ഉപയോഗിച്ച അഹിംസാധിഷ്ഠിത സമരമാർഗ്ഗങ്ങൾ സംഹാരശേഷിയുള്ള ആയുധങ്ങളേക്കാൾ ശക്തിയുള്ളതാണെന്ന് ലോകം തിരിച്ചറിയുകയും ചെയ്തു. ഗാന്ധിജി ആവിഷ്കരിച്ചത് ക്രിയാത്മക മാറ്റത്തിനുതകുന്ന പ്രവർത്തന പരിപാടികളായിരുന്നു. ഇന്ത്യൻ ആദ്ധ്യാത്മിക പാരമ്പര്യങ്ങളിൽ നിന്നും വിവിധ ചിന്താധാരകളിൽ നിന്നും പ്രായോഗിക അനുഭവങ്ങളിൽ നിന്നും ഗാന്ധിജി ആർജിച്ച മൂല്യബോധത്തിലും ദർശനത്തിലും അധിഷ്ഠിതമായിരുന്നു അദ്ദേഹത്തിന്റെ സാമൂഹ്യ പരിവർത്തന പ്രവർത്തന പരിപാടികൾ. മാർഗവും ലക്ഷ്യവും തമ്മിലുള്ള പരസ്പരബന്ധത്തിനും അത് പ്രത്യേക പ്രാധാന്യം കൽപ്പിക്കുന്നു. സമൂഹം ഏതു ലക്ഷ്യത്തിലേക്കാണോ പുരോഗമിക്കേണ്ടത്, ആയതിനു സ്വീകരിക്കേണ്ട മാർഗം പവിത്രവും അഹിംസാത്മകവും ആയിരിക്കണം എന്നു ഗാന്ധിജി നിഷ്കർഷിക്കുന്നു. കേവലം മാറ്റത്തിനപ്പുറം സമൂഹത്തിന്റെ രൂപാന്തരമാണ് ഗാന്ധിയൻ ദർശനത്തിൽ നമുക്ക് കാണാനാവുന്നത്.

മനുഷ്യമനസുകളുടെ മാറ്റത്തിൽ നിന്നാണ് സാമൂഹ്യമാറ്റം ആരംഭിക്കേണ്ടത് എന്ന് അദ്ദേഹം വിശ്വസിക്കുന്നു. വ്യക്തിയും സമൂഹവും തമ്മിൽ ഇഴമുറിയാത്ത ബന്ധമാണുള്ളത്. വ്യക്തിയുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്ന ഗാന്ധിജി വ്യക്തി തന്നെയാണ് അവന്റെ ഭരണാധികാരി എന്നു പറയുകയും ചെയ്യുന്നു. ഓരോ വ്യക്തിയും സത്യത്തിലും അഹിംസയിലും വിശ്വസിക്കുന്ന പ്രബുദ്ധത നേടിയ വിവേകമതികളായിരിക്കണം എന്നു മാത്രം. ഒരു വ്യക്തിയുടെ നന്മയ്ക്ക് അതീതമായി പൊതു നന്മക്കായി നിലകൊള്ളണം.

പ്രപഞ്ചത്തിലെ സകല ചരാചരങ്ങളുടെയും നന്മ ലക്ഷ്യം വയ്ക്കുന്ന 'സർവോദയ' ആണ് ഗാന്ധിജിയുടെ ദർശനം. സർവോദയ സമൂഹം സാധ്യമാക്കാൻ സത്യാഗ്രഹവും നിർമാണ പരിപാടികളും മാർഗങ്ങളായി ഗാന്ധിജി നിർദ്ദേശിക്കുന്നു. സാമൂഹ്യ മാറ്റത്തിനുള്ള ഗാന്ധിയൻ മാർഗങ്ങളാണ് സത്യാഗ്രഹവും നിർമ്മാണ പരിപാടികളും.

സത്യാഗ്രഹവും നിർമ്മാണ പരിപാടികളും (Satyagraha and Constructive Programmes)

സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ സമഗ്രജീവിത വീക്ഷണമാണ് സത്യാ

ഗ്രഹം. സത്യാഗ്രഹത്തിനു വ്യക്തിപരവും സാമൂഹ്യവുമായ തലങ്ങളുണ്ട്. സത്യാഗ്രഹിയുടെ ക്രിയാത്മക തലമാണ് നിർമ്മാണ പരിപാടികൾ. അഴിമതിക്കും ചൂഷണത്തിനും അനീതിക്കും എതിരേ, വ്യക്തിക്കും സമൂഹത്തിനും പോരാടുവാനുള്ള മൂർച്ചയേറിയ ആയുധമാണ് സത്യാഗ്രഹം. വിദ്വേഷത്തിനും ഹിംസയ്ക്കും എതിരായ ശക്തമായ ബദലാണ് സത്യാഗ്രഹം. സത്യാഗ്രഹം എന്നത് കേവലം വ്യക്തിപരമായ പ്രവർത്തനമല്ല; മറിച്ച് വ്യക്തിയുടേയും സമൂഹത്തിന്റെയും എല്ലാവശങ്ങളേയും ബന്ധിപ്പിക്കുന്ന സമഗ്രമായ സമരരീതിയാണ്. സാമൂഹ്യതിന്മകൾക്കെതിരെ പ്രതികരിക്കുന്ന സമൂഹരൂപാന്തരത്തിനായി പ്രയോഗിക്കുന്ന ആയുധമാണ് സത്യാഗ്രഹം.

പൂർണ സ്വരാജ് അല്ലെങ്കിൽ പരിപൂർണ സ്വാതന്ത്ര്യം കൈവരിക്കുന്നതിനുള്ള സത്യസന്ധവും അഹിംസാത്മകവുമായ മാർഗമാണ് നിർമ്മാണ പരിപാടികൾ. ജാതി, മത, വർഗ, വർണ, വിശ്വാസ വ്യത്യാസമില്ലാതെ സ്വാതന്ത്ര്യത്തിലേയ്ക്കു നയിക്കുന്ന യഥാർഥ മാർഗമാണത്. അടിച്ചമർത്തലിനും പീഡനത്തിനും ബദലായി സമൂഹം പുതിയ ഘടനയും വിഭവങ്ങളും രീതിമാർഗങ്ങളും നിർമ്മിക്കുന്ന അഹിംസാത്മക കർമ്മപരിപാടിയാണിത്. വ്യക്തിയെയും സമൂഹത്തെയും സ്വയം അഭിവൃദ്ധിപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. ഒരു ക്രിയാത്മക തത്വമായും അഹിംസാധിഷ്ഠിത കർമ്മപരിപാടിയായും ഗാന്ധിജി നിർമ്മാണ പരിപാടികളെ കരുതി.

സമാധാനവും നീതിയും നിലനിൽക്കുന്ന ദൈവരാജ്യം ഭൂമിയിൽ കെട്ടിപ്പടുക്കുക എന്നതായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യം. മാനവിക മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്ന, വ്യക്തിയുടെ രൂപാന്തരത്തിൽ ആരംഭിക്കുന്ന ആദ്ധ്യാത്മിക സാമൂഹ്യ ക്രമമായി നിലവിലുള്ള സമൂഹത്തെ അഴിച്ചു പണിയുക എന്നതാണ് നിർമ്മാണ പരിപാടികൾ കൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചത്. പൂർണ സ്വരാജ് കൈവരിക്കുന്നതിനുള്ള, സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ മാർഗമായി ഗാന്ധിജി നിർമ്മാണ പരിപാടികളെ അവതരിപ്പിച്ചു. പൂർണ സ്വരാജ് ആത്യന്തികമായി സർവോദയ എന്ന അഹിംസാത്മകവും പ്രബുദ്ധവുമായ സാമൂഹ്യ ക്രമത്തിലേക്കു നയിക്കും.

സർവോദയ (Sarvodaya)

പഠനപ്രവർത്തനം

സമൂഹത്തിൽ നിലനിൽക്കുന്ന തിന്മകളെയും ഗാന്ധിജി പറഞ്ഞ ഏഴു തിന്മകളെയും ആസ്പദമാക്കി കുറിപ്പ് തയാറാക്കുക.

ഇന്ത്യയുടെ പുരാതന, ആത്മീയ, ധാർമ്മിക തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു സാമൂഹ്യ ക്രമമാണ് സർവോദയ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സർവോദയ സമൂഹത്തിൽ ജാതി, മത, വർഗ, വർണ വ്യത്യാസമോ, ഭൂരിപക്ഷമെന്നോ, ന്യൂനപക്ഷമെന്നോ ഉള്ള തരംതിരിവോ ഇല്ല.

ജാതിരഹിത-വർഗരഹിത സമൂഹമാണ് സർവോദയ. ജാതിയുടെയും സാമൂഹ്യ തിന്മകളുടെയും സാമ്പത്തിക അസമത്വത്തിന്റെയും സാമൂഹ്യ വേർതിരിവുകളുടെയും പ്രശ്ന

മുയർത്തുന്ന പ്രതിസന്ധികളെ അതിജീവിക്കാനാണ് ഗാന്ധിജി തന്റെ സർവോദയ ദർശനം മുന്നോട്ടു വയ്ക്കുന്നത്. വർഗരഹിതവും കക്ഷിരഹിതവുമായ ഒരു ജനാധിപത്യക്രമമാണ് ഗാന്ധിജി വിഭാവനം ചെയ്യുന്നത്.

സ്വാതന്ത്ര്യം, നീതി, സമത്വം, സാഹോദര്യം എന്നിവയാണ് സർവോദയയുടെ അടിസ്ഥാനം. ഹിംസയുടെയും ബലപ്രയോഗത്തിന്റെയും സംഘടിത രൂപമായ ഭരണകൂടത്തെ ഗാന്ധിജി എതിർക്കുന്നു. ഒരു ഭരണകൂടരഹിത വ്യവസ്ഥയാണ് സർവോദയയിലൂടെ ഗാന്ധിജി വിഭാവനം ചെയ്യുന്നത്. സ്വരാജ് സാധ്യമാകണമെങ്കിൽ സർവോദയ ഒരു അവശ്യ ഘടകമാണ്. അധികാര രാഷ്ട്രീയത്തിനു പകരം സഹകരണത്തിന്റെ രാഷ്ട്രീയത്തിനാണ് സർവോദയ ഊന്നൽ നൽകുന്നത്. സകല മനുഷ്യരുടെയും ഉയർച്ചയും സന്തോഷവും ലക്ഷ്യമിടുന്ന സർവോദയ സാമൂഹ്യക്രമം ഏഴു സാമൂഹ്യ തിന്മകളിൽ നിന്നും മുക്തമായിരിക്കണം.

ഒരു പ്രായോഗിക ആദർശവാദിയായിരുന്നു ഗാന്ധിജി. സൈദ്ധാന്തികവും പ്രായോഗികവുമായ ഗാന്ധിയൻ, സോഷ്യലിസ്റ്റ് ദർശനങ്ങളുടെ സമന്വയത്തിന്റെ അടയാളമാണ് സർവോദയ. ചിന്തയിലും വാക്കിലും പ്രവൃത്തിയിലും മൂല്യങ്ങൾ പാലിച്ച് ജീവിച്ച വ്യക്തിയായിരുന്നു അദ്ദേഹം ആശ്രമ ജീവിതം, നിർമ്മാണ പരിപാടികൾ, നിസ്സഹകരണം, സിവിൽ നിയമ ലംഘനം തുടങ്ങിയവ സർവോദയ സമൂഹം നടപ്പിലാക്കാൻ സ്വീകരിച്ച മാർഗങ്ങളായിരുന്നു. താൻ പാലിച്ചതോ അനുഭവിച്ചതോ ആയ കാര്യങ്ങൾ മാത്രമായിരുന്നു അദ്ദേഹം സംസാരിച്ചിരുന്നത്.

നിലവിലുള്ള സമൂഹത്തെ രൂപാന്തരപ്പെടുത്തി സഹായിയായ സാമാധാനവും പുരോഗതിയും ഉള്ളതാക്കി മാറ്റാൻ സമൂഹാധിഷ്ഠിത പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്. വ്യക്തിക്കും സമൂഹത്തിനും കൂടുതൽ പിന്തുണയും ശാക്തീകരണവും നൽകിക്കൊണ്ടു മാത്രമേ ചലനാത്മകമായ സാമൂഹ്യമാറ്റം സാധ്യമാകുകയുള്ളൂ. അങ്ങനെ ശാക്തീകരിക്കപ്പെട്ട പൗരന്മാരാണ് സർവോദയ സമൂഹത്തിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നത്.

പഠന പുരോഗതി വിലയിരുത്താം

1. നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയെ പടിപടിയായും തുടർച്ചയായും ഉള്ള പ്രവർത്തനങ്ങളിലൂടെ മാറ്റുന്നവയാണ് .....

2. ലിംഗ വിവേചനത്തിനെതിരെ പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങളാണ് .....

3. പരിസ്ഥിതി പ്രസ്ഥാനത്തിന് ഉദാഹരണമാണ് .....

4. ശരിയോ തെറ്റോ എന്ന് കണ്ടെത്തുക
   (a) സാമൂഹ്യമാറ്റം സ്ഥലകാലഭേദങ്ങൾക്ക് വിധേയമാണ്
   (b) സാമൂഹ്യമാറ്റത്തിന് ഐകരൂപമുണ്ട്
   (c) സാമൂഹ്യ മാറ്റം പ്രവചനാതീതമാണ്

5. സാമൂഹ്യമാറ്റത്തിന്റെ ഗാന്ധിയൻ മാർഗങ്ങൾ എന്തെല്ലാം?

സാമൂഹ്യ മാറ്റവും ശാക്തീകരണവും (Social Change and Empowerment)

പഠനപ്രവർത്തനം

നമ്മുടെ ചുറ്റുപാടുമുള്ള കുടുംബശ്രീ അയൽക്കൂട്ടങ്ങളെ നിരീക്ഷിച്ച് അവയുണ്ടാക്കിയ സാമൂഹ്യമാറ്റം ചർച്ച ചെയ്യുക.

ജനങ്ങൾ തങ്ങളുടെ ജീവനോപാധികളും അറിവും കഴിവും നേടിയെടുത്തെങ്കിലേ സമൂഹത്തിൽ പ്രവർത്തിക്കാനും ജീവിക്കാനുമുള്ള ശക്തിയും വിശ്വാസവും ലഭിക്കുകയുള്ളൂ. തങ്ങളുടെ അവകാശങ്ങളെപ്പറ്റിയുള്ള ബോധവും അതു നേടിയെടുക്കുന്നതിനുള്ള അവസരങ്ങളും അതിനുവേണ്ട പ്രചോദനവും ലഭിക്കുമ്പോൾ ജനങ്ങൾ കർമ്മശേഷിയുള്ളവരായി മാറും. വിദ്യാഭ്യാസം, കൃത്യമായ വിവരങ്ങൾ, ആഹാരം, പാർപ്പിടം, കുടിവെള്ളം എന്നിങ്ങനെയുള്ള വിഭവങ്ങളുടെ അഭാവം ഇല്ലായ്മ ചെയ്ത് ജനങ്ങളെ ശാക്തീകരിക്കുമ്പോഴാണ് സാമൂഹ്യമാറ്റം സാധ്യമാകുന്നത്.

മറ്റുള്ളവരുടെ സഹായത്താലോ തങ്ങളുടെ തന്നെ പരിശ്രമത്താലോ തങ്ങളുടെ ജീവിതത്തിനുമേൽ കൂടുതൽ നിയന്ത്രണങ്ങളോ അധികാരങ്ങളോ നേടിയെടുക്കാനുള്ള കഴിവ് ശാക്തീകരണത്തിലൂടെ ജനങ്ങൾക്ക് ലഭ്യമാകുന്നു. (ശാക്തീകരണം എന്നാൽ തങ്ങളുടെ തന്നെ ശക്തിയുടെ വളർത്തിയെടുക്കലോ, നേടിയെടുക്കലോ എന്ന് അർഥം) ജനങ്ങൾ, തങ്ങളുടെ സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള കഴിവ് ആർജിക്കുകയും അതിനനുസരിച്ച് അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നത് ശാക്തീകരണത്തിന്റെ ഭാഗമാണ്. പരിമിതികളെ അതിജീവിക്കാനുള്ള കഴിവാണ് ശാക്തീകരണം. സാമൂഹ്യ വികസനം, വിദ്യാഭ്യാസം, മനഃശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, സാമൂഹ്യ പ്രസ്ഥാനങ്ങൾ തുടങ്ങി വിവിധ വിജ്ഞാന ശാഖകൾ പ്രതിപാദിക്കുന്ന ഒരു തത്വമാണ് ശാക്തീകരണം. തങ്ങളുടെ ജീവിതഗതി സ്വയമായി നിർണയിക്കുന്നതും ഉചിതമായ തീരുമാനങ്ങൾ എടുക്കുന്നതും ശാക്തീകരണം നേടിയിട്ടുള്ള ജനങ്ങളാണ്. വ്യക്തികളുടെയും സമൂഹത്തിന്റെയും ആദ്ധ്യാത്മികവും രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ ശക്തി വർധിപ്പിക്കുന്നതാണ് യഥാർഥ ശാക്തീകരണം. മാറുന്ന ലോകത്തെയും സാഹചര്യങ്ങളെയും നേരിടുന്നതിനുവേണ്ട അറിവും കഴിവുകളും സ്വായത്തമാക്കാൻ അനുവദിക്കുന്ന പ്രക്രിയയാണ് ശാക്തീകരണമെന്നു പറയാം. തങ്ങൾക്ക് പ്രതികൂലമായ സാമൂഹ്യ സംവിധാനം മാറ്റുവാൻ ആവശ്യം ഉയർത്തുന്ന പ്രാപ്തരും ജാഗരൂകരുമായ പൗരന്മാർ, ഇത്തരം പ്രക്രിയയിലൂടെ സൃഷ്ടിക്കപ്പെടും. ശാക്തീകരണ പ്രക്രിയ അവരുടെ സംഘടിത വിലപേശൽശേഷി വർധിപ്പിക്കുകയും പൊതുലക്ഷ്യത്തിനായി അവരെ ഒന്നിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം സംഘടിതമോ വ്യക്തിപരമോ ആയ പ്രവർത്തനം/ഇടപെടൽ സാമൂഹ്യ മാറ്റത്തിന്റെ തുടക്കമാണ്. അങ്ങനെ സാമൂഹ്യ ഇടപെടൽ സാമൂഹ്യ മാറ്റത്തിന് അനിവാര്യമായിത്തീരുന്നു.

സ്വയംപഠന സാമഗ്രി

പഠനപ്രവർത്തനം

ഗാന്ധിയൻ നിർമ്മാണ പരിപാടികൾ ജനങ്ങളുടെ ശാക്തീകരണത്തിലൂടെ എങ്ങനെ സാമൂഹ്യ മാറ്റം സാധ്യമാക്കും എന്നു വിശകലനം ചെയ്യുക.

സാമൂഹ്യ മാറ്റവും – സാമൂഹിക ഇടപെടലും (Social Change and Social Action)

പഠനപ്രവർത്തനം

ക്ഷേത്രപ്രവേശന വിളംബരത്തിന്റെ സാമൂഹ്യ സാഹചര്യങ്ങൾ വിലയിരുത്തി അതിലേയ്ക്കു നയിച്ച ഇടപെടലുകൾ കണ്ടെത്തുക.

ഒരു സമൂഹത്തിന്റെയോ വിഭാഗത്തിന്റെയോ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ മറ്റു മാർഗങ്ങൾ പരാജയപ്പെടുമ്പോഴാണ് സാമൂഹ്യ ഇടപെടൽ വേണ്ടിവരുന്നത്. അധികാരത്തിലും പദവിയിലും ഉള്ള അസമത്വം സാമൂഹിക ഇടപെടലിനു കാരണമാകാം. എല്ലാ വിഭാഗം ജനങ്ങളിലും വിഭവങ്ങളുടെയും അധികാരത്തിന്റെയും നീതിപൂർവകമായ വിതരണം അതു ലക്ഷ്യമിടുന്നു. വ്യക്തിയുടെയോ സമൂഹത്തിന്റെയോ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയോ സാമൂഹ്യ സ്ഥാപനങ്ങളോ പര്യാപ്തമല്ല. അപ്പോഴാണ് സാമൂഹ്യ ഇടപെടൽ ആവശ്യമായി വരുന്നത്. ജനങ്ങളെ സംഘടിപ്പിച്ച് സാമൂഹിക വ്യവസ്ഥയിൽ ഘടനാപരമായ മാറ്റം സാധ്യമാക്കുവാൻ സാമൂഹ്യ ഇടപെടൽ വേണ്ടിവരുന്നു. രാഷ്ട്രീയ നയംമാറ്റം, വ്യാവസായിക ജനാധിപത്യം, നിയമ നിർമ്മാണം, സാമൂഹ്യ നീതി എന്നിവയിൽ അധിഷ്ഠിതമായുള്ള പ്രവർത്തനങ്ങളിലൂടെ നിലവിലുള്ള സാമൂഹ്യ, സാമ്പത്തിക സ്ഥാപനങ്ങളെ മാറ്റുകയോ വികസിപ്പിക്കുകയോ ചെയ്യുന്ന സംഘടിത പരിശ്രമമാണത്.

ചിലപ്പോൾ സാമൂഹ്യ ഇടപെടലിലൂടെ സമൂല സാമൂഹ്യമാറ്റം തന്നെ സാധ്യമാകാം. ഉദാ: സിവിൽ നിയമലംഘന പ്രസ്ഥാനം, വൈക്കം സത്യാഗ്രഹം. സമൂഹത്തിലെ അസംഘടിതരും ദരിദ്രരും ന്യൂനപക്ഷങ്ങളും അവശത അനുഭവിക്കുന്നവരുമായ ജനവിഭാഗങ്ങളാണ് സാധാരണ സാമൂഹ്യ ഇടപെടൽ നടത്താറുള്ളത്. ഇത്തരം ജനവിഭാഗങ്ങൾ കൂട്ടായ പ്രവർത്തനത്തിലൂടെ സംഘശക്തി തെളിയിച്ചു. സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക സമ്മർദ്ദം വഴി ശക്തി ബോധ്യപ്പെടുത്താനും അവകാശങ്ങൾ നേടിയെടുക്കാനും അവർക്ക് സാധിക്കുന്നു.

ഉചിതവും ഊർജിതവുമായ തന്ത്രങ്ങളിലൂടെ മാത്രമേ ഫലപ്രദമായ സാമൂഹ്യ ഇടപെടൽ സാധ്യമാകുകയുള്ളൂ. സർവോദയ സാമൂഹ്യക്രമം സ്ഥാപിക്കുന്നതിനാണ് ഗാന്ധിയൻ ആശയങ്ങൾ നിലകൊള്ളുന്നത്. അതിനുള്ള മാർഗങ്ങൾ ഉചിതവും സമാധാനപൂർണവും അഹിംസാത്മകവും ആയിരിക്കണം. വ്യക്തിപരമോ സംഘടിതമോ ആയ ഇടപെടലുകളിലെല്ലാം ഗാന്ധിയൻ മാർഗങ്ങൾ പ്രസക്തമാണ്. ദരിദ്രരുടേയും സ്ത്രീകളുടെയും കുട്ടികളുടെയും ആലംബഹീനരുടെയും മർദ്ദിതരുടെയും കുട്ടികളുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും അവകാശ പോരാട്ടങ്ങൾക്ക് ഗാന്ധിയൻ സമരതന്ത്രങ്ങൾ പ്രായോഗികവും പ്രസക്തവുമാണ്. നവസാമൂഹ്യ ക്രമത്തിനായുള്ള പ്രവർത്ത

നങ്ങളിൽ ശക്തർക്കും ബലഹീനർക്കും ഒരുപോലെ ഗാന്ധിയൻ അഹിംസാത്മക സമരതന്ത്രങ്ങൾ പ്രയോഗയോഗ്യമാണ്.

സന്നദ്ധപ്രവർത്തനവും സന്നദ്ധസംഘടനകളും (Voluntary Action and Voluntary Organisations)

പഠനപ്രവർത്തനം

മുമ്പു ചർച്ച ചെയ്തതുപോലെ ഏതെങ്കിലും തരത്തിലുള്ള സാമൂഹ്യ ഇടപെടൽ നടത്തുന്ന സന്നദ്ധസംഘടനകളെ കണ്ടെത്തുക. അവയുടെ ആരംഭവും പ്രവർത്തനവും ചർച്ച ചെയ്യുക.

അല്ലെങ്കിൽ

സന്നദ്ധപ്രവർത്തനം/വോളന്റിയറിസത്തെക്കുറിച്ചുള്ള വീഡിയോ പ്രദർശിപ്പിച്ച് ചർച്ച ചെയ്യുക.

മാനവിക മൂല്യങ്ങളാൽ പ്രചോദിതമായി നടത്തുന്നതാണ് സന്നദ്ധ പ്രവർത്തനങ്ങൾ. സ്വയം സന്നദ്ധമായ ഇത്തരം പ്രവർത്തനങ്ങൾ സാമൂഹ്യ പ്രവർത്തനങ്ങളിലേക്ക് എത്തുകയും തുടർന്ന് സമൂഹത്തിന്റെ പുരോഗതിയ്ക്കും വികസനത്തിനും ഉതകുകയും ചെയ്യുന്നു. സാമൂഹ്യ പ്രശ്നങ്ങളോട് വ്യക്തിതലത്തിലും സംഘതലത്തിലും ഉള്ള പ്രതികരണങ്ങളാണ് സാമൂഹിക പ്രവർത്തനമെന്ന് പറയാം. സ്വയം സന്നദ്ധരായി ഇത്തരം സേവനം ചെയ്യുന്നവരെ സന്നദ്ധപ്രവർത്തകർ അല്ലെങ്കിൽ സന്നദ്ധസേവകർ (Volunteer) എന്നു വിളിക്കുന്നു. ഇത്തരം സന്നദ്ധ പ്രവർത്തകരിലൂടെ സാമൂഹ്യ സേവനം നടത്തുന്ന സംഘങ്ങളാണ് സന്നദ്ധസംഘടനകൾ. സമൂഹത്തിലെ ഓരോ ആവശ്യങ്ങൾക്കായി വ്യത്യസ്ത തലങ്ങളിലും രൂപങ്ങളിലും ആണ് സന്നദ്ധസംഘടനകൾ രൂപം കൊള്ളുന്നത്. പരിസ്ഥിതി, മനുഷ്യാവകാശം, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം, ഗ്രാമവികസനം, വിദ്യാഭ്യാസം, കൃഷി, ജൈവവൈവിധ്യം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ അധിഷ്ഠിതമായാണ് സാധാരണ സന്നദ്ധസംഘടനകളുടെ ആരംഭം. ഭരണകൂടത്തിന് അനുകൂലമോ പ്രതികൂലമോ ആയി പ്രവർത്തിക്കുന്ന സംഘടനകളുണ്ട്. ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ഭരണകൂടത്തോടൊപ്പം പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുമുണ്ട്. സർക്കാരിതര സന്നദ്ധസംഘടനകളും (Non-Governmental Organisations - NGOs) ഇന്നു സമൂഹത്തിൽ വ്യാപകമായുണ്ട്. പ്രതിഫലേച്ഛയില്ലാതെ സ്വയം ഭരണത്തിലധിഷ്ഠിതമായ പ്രവർത്തന രീതിയാണ് സാധാരണ സന്നദ്ധസംഘടനകൾക്ക് ഉള്ളത്. സർക്കാരിന്റേയും മറ്റു സ്വകാര്യ സംഘടനകളുടെയും സഹായം സന്നദ്ധസംഘങ്ങൾ സ്വീകരിക്കാറുണ്ട്. അംഗങ്ങളുടെയും പൊതുജനങ്ങളുടെയും ഉദാരമായ സംഭാവനകൾ കൊണ്ടാണ് സന്നദ്ധസംഘടനകൾ സാധാരണ പ്രവർത്തിക്കുന്നത്.

സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ആളുകളെ സംഘടിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക എന്നത് സാമൂഹ്യ പ്രവർത്തകന്റെ ഉത്തരവാദിത്തമാണ്. സത്യാഗ്രഹികളെ

പരിശീലിപ്പിക്കുന്നതിനുവേണ്ടി ഗാന്ധിജി ആരംഭിച്ച സത്യാഗ്രഹ ആശ്രമങ്ങൾ ഇത്തരത്തിലൊരു പരിശീലന കളരിയാണ്.

സർക്കാരിതര സന്നദ്ധസംഘടനകൾ (NGOs)

ഒരു സാമൂഹ്യലക്ഷ്യത്തിനായി ഒന്നിലധികം വ്യക്തികൾ കൂട്ടായ ധാരണയുടെ അടിസ്ഥാനത്തിൽ ഒത്തുചേർന്ന്, സർക്കാരിൽ നിയമപരമായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളാണ് സർക്കാരിതര സന്നദ്ധസംഘടനകൾ. ഭരണസമിതികൾ സ്വയംഭരണത്തിലധിഷ്ഠിതമായാണ് പ്രവർത്തിക്കുന്നത്. ഭാരവാഹിപ്പട്ടികയും വരവുചെലവു കണക്കും വർഷാവർഷം സർക്കാരിൽ കൃത്യമായി സമർപ്പിക്കണം; കേരളത്തിൽ തിരുവിതാംകൂർ-കൊച്ചി ശാസ്ത്രീയ, സാംസ്കാരിക ധർമസംഘം രജിസ്ട്രേഷൻ ആക്ട് 1955 അനുസരിച്ചാണ് സാധാരണ ഇത്തരം സന്നദ്ധസംഘടനകൾ രജിസ്റ്റർ ചെയ്യാറുള്ളത്.

പഠന പുരോഗതി വിലയിരുത്താം

പൂരിപ്പിക്കുക

6. വ്യക്തികളുടെയും സമൂഹത്തിന്റെയും ആദ്ധ്യാത്മികവും രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ ശക്തി വർദ്ധിപ്പിക്കുന്നതാണ് .....
7. ..... സാമൂഹ്യമാറ്റത്തിന് അനിവാര്യമാണ്.
8. സാമൂഹ്യ ഇടപെടലിലൂടെ ..... സാധ്യമാകുന്നു.
9. മാനവിക മൂല്യങ്ങളാൽ പ്രചോദിതമായി നടത്തുന്നതാണ് .....

ഗാന്ധിയൻ/അഹിംസാത്മക സാമൂഹ്യ പ്രസ്ഥാനങ്ങൾ (Gandhian/Non-Violent Social Movements)

അഹിംസാത്മക സമരതന്ത്രങ്ങൾ ശക്തിമത്തായതും സാർവത്രികവുമാണ്. അഹിംസയെ ഒരു ധാർമിക തത്വമായും ജീവിതചര്യയായും ഗാന്ധിജി കരുതി. സാമൂഹ്യ തിന്മകളെ പ്രതിരോധിക്കാനുള്ള ഗാന്ധിജിയുടെ ക്രിയാത്മക തന്ത്രങ്ങളാണ് സത്യാഗ്രഹവും നിർമ്മാണ പരിപാടികളും. ഗാന്ധിജിയ്ക്കു ശേഷമുള്ള ചില അഹിംസാത്മക സാമൂഹ്യപ്രസ്ഥാനങ്ങളെപ്പറ്റി നമുക്കു പരിശോധിക്കാം.

ഭൂദാന പ്രസ്ഥാനം (Bhoodan Movement)

ആന്ധ്രാപ്രദേശിലെ പോച്ചംപള്ളി ഗ്രാമത്തിൽ 1950 ഏപ്രിൽ 18-നാണ് ഭൂദാന പ്രസ്ഥാനത്തിന്റെ തുടക്കം. ആരംഭകാലത്തുതന്നെ ഇതൊരു ദേശവ്യാപക പ്രസ്ഥാനമായി മാറി. ഭൂദാന പ്രസ്ഥാനത്തിലൂടെ ദശലക്ഷക്കണക്കിന് ഏക്കറോളം ഭൂമി ദാനം ചെയ്തു. ഗാന്ധി ശിഷ്യരായ സർവോദയ പ്രവർത്തകരുടെ ഈ ഉദ്യമത്തെ സർക്കാർ പിന്തുണയ്ക്കുകയും. ഭൂദാന പ്രസ്ഥാനത്തിലൂടെ നടന്ന ഭൂമിമാറ്റങ്ങളെ നിയമവിധേയമാക്കുകയും ചെയ്തു. ആചാര്യ വിനോബാഭാവെയാണ് ഭൂദാന പ്രസ്ഥാനത്തിന്റെ ജനയിതാവ്.

സമ്പദ്ദാനം (സ്വമേധയാ ഉള്ള സമ്പത്തിന്റെ ദാനം), ഗ്രാമദാനം (ഒരു ഗ്രാമം മുഴുവനായി ദാനം നൽകുന്നത്) എന്നിവ ഭൂദാന പ്രസ്ഥാനത്തിന്റെ വികസിത രൂപങ്ങളാണ്.

ബാബാ ആംതെയുടെ ആനന്ദ്‌വൻ (Baba Amte and Anandvan)

പഠനപ്രവർത്തനം

ബാബാ ആംതെയെക്കുറിച്ചുള്ള വീഡിയോ പ്രദർശിപ്പിക്കുക.

കുഷ്ഠരോഗികളെ വെറുക്കപ്പെട്ടവരും അവഗണിക്കപ്പെട്ടവരുമാകുന്നു. കരുതിയിരുന്നത് മുൻകാലങ്ങളിൽ കുഷ്ഠരോഗം ഒരു സാംക്രമിക രോഗമാണെന്ന തെറ്റിദ്ധാരണയും സമൂഹത്തിൽ നിന്ന് അവരെ പുറന്തള്ളാൻ ഇടയാക്കി. ഗാന്ധിശിഷ്യനായ ബാബാ ആംതെ ഈ തെറ്റിദ്ധാരണ മാറ്റുവാനായി വളരെയേറെ പ്രവർത്തിച്ചു. കുഷ്ഠരോഗികളുടെയും ഭിന്നശേഷിക്കാരുടെയും പ്രാന്തവൽക്കരിക്കപ്പെട്ടവരുടെയും പരിചരണത്തിനും പുനരധിവാസത്തിനുമായി മൂന്ന് ആശ്രമങ്ങൾ ബാബാ ആംതെ മഹാരാഷ്ട്രയിൽ സ്ഥാപിച്ചു. ആനന്ദ്‌വൻ ആരംഭിക്കുന്നത് 1948-ലാണ്. വിദർഭയിൽ ആനന്ദ്‌വൻ എന്ന പേരിൽ ഒരു ചെറിയ കുടിൽ കെട്ടി അതിൽ ആറു കുഷ്ഠരോഗികളെ താമസിപ്പിച്ചായിരുന്നു.

തുടക്കം. ഈ പുനരധിവാസകേന്ദ്രം പിന്നീട് സ്വയംപര്യാപ്തമായ പരിസ്ഥിതി സൗഹൃദസാങ്കേതികവിദ്യയുടെ പരീക്ഷണസ്ഥലമായും വളർന്നു. അവിടെ ഒരു മരത്തണലിൽ 1949 ഓഗസ്റ്റ് 15-ന് അദ്ദേഹം ഒരു ആശുപത്രി സ്ഥാപിച്ചു. രാജ്യത്താകമാനമുള്ള സാമൂഹ്യ പ്രവർത്തകർക്ക് മാതൃകയും പ്രചോദനവുമാണ് ആനന്ദ്‌വൻ.

മഹാരാഷ്ട്രയിലെ ഗഡ്ചിരോലി ജില്ലയിലെ മാഡിയാ ഗോണ്ട് ഗോത്രവർഗത്തിന്റെ ക്ഷേമത്തിനായി ലോക് ബിരാദരി പ്രകൽപ് 1973-ൽ അദ്ദേഹം സ്ഥാപിച്ചു. നർമ്മദാ ബച്ചാവോ ആന്ദോളൻ ഉൾപ്പെടെ വിവിധ പരിസ്ഥിതി വിഷയങ്ങളിൽ ബോധവൽക്കരണം നടത്താനും ബാബാ ആംതെ തന്റെ ജീവിതം ഉഴിഞ്ഞുവച്ചു.



ബാബാ ആംതെ

മുരളീദർ ദേവീദാസ് ആംതെ

ജനനം : 1914 ഡിസംബർ 26

മരണം : 2008 ഫെബ്രുവരി 9

ഗാന്ധിജിയോടൊപ്പം കിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിൽ പങ്കെടുത്തു. 1999-ൽ ഗാന്ധിസമാധാന പുരസ്കാരം ലഭിച്ചു.

സൈലന്റ്‌വാലി പ്രക്ഷോഭം (SilentValley Agitation)

ഇന്ത്യയിലെ പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനങ്ങളുടെ അമ്മയെന്നാണ്

സൈലന്റ് വാലി പ്രക്ഷോഭത്തെ വിശേഷിപ്പിക്കുന്നതാണ്. ഭാരതപ്പുഴയിലേയ്ക്ക് നീരെത്തിക്കുന്നതിൽ പ്രധാനിയായ കുന്തിപ്പുഴയുടെ ജീവാതമാവാണ് പാലക്കാട് ജില്ലയിൽ വ്യാപിച്ചു കിടക്കുന്ന സൈലന്റ് വാലി. സൈലന്റ് വാലിയുടെ ഹൃദയത്തിലൂടെ 25 കിലോമീറ്ററാണ് കുന്തിപ്പുഴ ഒഴുകുന്നത്. കുന്തിപ്പുഴയുടെ കുറുകെ അണക്കെട്ടുകെട്ടി 240 MW ശേഷിയുള്ള ജലവൈദ്യുത നിലയം സ്ഥാപിക്കാൻ 1973-ൽ പ്ലാനിംഗ് കമ്മീഷൻ അനുമതി നൽകി. കേരളസർക്കാർ അവിടെ ജലവൈദ്യുത നിലയം സ്ഥാപിക്കാൻ തീരുമാനിച്ചു. വൈദ്യുത നിലയത്തിന്റെ സ്ഥാപനം ഹെക്ടറുകണക്കിനു ജൈവ ആവാസ വ്യവസ്ഥ ഉന്മൂലനം ചെയ്യുന്നതായിരുന്നു.

സമർപ്പണ ബുദ്ധിയും ആദർശ ശുദ്ധിയുമുള്ള ഒരു കൂട്ടം മനുഷ്യർ ഇതിനെതിരെ പ്രതിഷേധം ഉയർത്തി. വിവിധ പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുന്നവർ സൈലന്റ് വാലിയുടെ അതിജീവനത്തിനായി പ്രക്ഷോഭ രംഗത്തെത്തി. സൈലന്റ് വാലിയുടെ സംരക്ഷണത്തിനായുള്ള ഈ ചെറുത്തു നിൽപ്പ് ഒരു സാമൂഹ്യ പ്രക്ഷോഭത്തിന്റെ തലത്തിലേയ്ക്ക് ഉയർത്തിയത് കേരള ശാസ്ത്രസാഹിത്യ പരിഷത്താണ്. വികസനത്തിന്റെ സാമ്പ്രദായിക വീക്ഷണങ്ങൾ ഈ പ്രക്ഷോഭത്തിലൂടെ ജനങ്ങൾ ചോദ്യം ചെയ്തു. പ്രക്ഷോഭങ്ങൾക്കൊടുവിൽ 1983 നവംബർ 15-ന് ഒരു ദേശീയ ഉദ്യാനമായി സൈലന്റ് വാലിയെ പ്രഖ്യാപിച്ചു. പുതിയൊരു പാരിസ്ഥിതിക അവബോധത്തിനും സംസ്കൃതിയ്ക്കും അതു കാരണമായി.



പഠന പുരോഗതി വിലയിരുത്താം

10. ഭൂദാന പ്രസ്ഥാനത്തിന്റെ ജനയിതാവ് ആര് ?
11. കുഷ്ഠരോഗികളുടെ പുനരധിവാസത്തിനും പരിചരണത്തിനുമായി പ്രവർത്തിച്ച സാമൂഹ്യ പ്രവർത്തകൻ
12. പരിസ്ഥിതി സംരക്ഷണത്തിനും ജൈവ ആവാസവ്യവസ്ഥ കാത്തുസൂക്ഷിക്കുന്നതിനുമായി കേരളത്തിൽ രൂപം കൊണ്ട ആദ്യത്തെ പ്രസ്ഥാനം

സംഗ്രഹം

- ലക്ഷ്യവും മാർഗവും പവിത്രമാകണമെന്നാണ് ഗാന്ധിയൻ പ്രമാണം. അതു കൊണ്ടുതന്നെ സമാധാന പൂർണമായ സമൂഹ നിർമിതിയ്ക്ക് അഹിംസാത്മക സമീപനങ്ങളാണ് ശരിയായ മാർഗം. സാമൂഹ്യമാറ്റം എന്നത് അനിവാര്യമായ ഒന്നാണ്. അത് സാധ്യമാകുന്നത് വിവിധതരം സാമൂഹ്യപ്രസ്ഥാനങ്ങളിലൂടെയാണ്.

- അഹിംസാത്മക സാമൂഹ്യമാറ്റത്തിന്റെ വക്താവാണ് ഗാന്ധിജി. സാമൂഹ്യ മാറ്റം ആരംഭിക്കുന്നത് മനുഷ്യമനസുകളിൽ നിന്നാണ്.
- സാമൂഹ്യമാറ്റത്തിനുള്ള ഗാന്ധിയൻ മാർഗങ്ങളാണ് സത്യാഗ്രഹവും നിർമ്മാണപരിപാടികളും
- ഒരു പ്രായോഗിക ആദർശവാദിയായ ഗാന്ധിജി മുമ്പോട്ടുവച്ച ജാതിരഹിത - വർഗരഹിത സമൂഹമാണ് സർവോദയ.
- ജനങ്ങളുടെ ശാക്തീകരണം സാമൂഹ്യമാറ്റത്തിന് ആവശ്യമാണ്. വ്യക്തികളുടെയും സമൂഹത്തിന്റെയും ആദ്ധ്യാത്മികവും രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ ശക്തി വർദ്ധിപ്പിക്കുന്നതാണ് ശാക്തീകരണം.
- സാമൂഹ്യഇടപെടലിലൂടെ ചിലപ്പോൾ സമൂലസാമൂഹ്യമാറ്റം തന്നെ സാധ്യമാകുന്നു. നവസാമൂഹ്യക്രമത്തിനായുള്ള സാമൂഹ്യഇടപെടലുകളിൽ ഗാന്ധിയൻ അഹിംസാത്മക സമരതന്ത്രങ്ങൾ സാർവ്വത്രികമായി പ്രസക്തവും യോഗ്യവുമാണ്.
- മാനവികമൂല്യങ്ങളാൽ പ്രചോദിതമായി നടത്തുന്ന സന്നദ്ധപ്രവർത്തനങ്ങൾ സാമൂഹ്യമാറ്റത്തിന് ആവശ്യമാണ്. വ്യക്തിതലത്തിലും സംഘതലത്തിലും സാമൂഹ്യപ്രശ്നങ്ങളോടുള്ള പ്രതികരണങ്ങളാണ് സാമൂഹ്യപ്രവർത്തനമെന്ന് പറയാം. അതിന്റെ വ്യവസ്ഥാപിത രൂപങ്ങളാണ് സന്നദ്ധസംഘടനകൾ.
- ഇന്ത്യയിലെ അഹിംസാത്മക സാമൂഹ്യപ്രസ്ഥാനങ്ങൾക്ക് ഉദാഹരണങ്ങളാണ് ഭൂദാനപ്രസ്ഥാനം, ബാബാ ആംതെയുടെ ആനന്ദ്വൻ, സൈലന്റ് വാലി പ്രക്ഷോഭം എന്നിവ.

സ്വയംവിലയിരുത്തൽ ചെക്ക് ലിസ്റ്റ്

	പൂർണ്ണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• സാമൂഹ്യമാറ്റം എന്ന ആശയത്തെ നിർവചിക്കുന്നു.			
• സാമൂഹ്യ മാറ്റത്തിന്റെ സവിശേഷതകൾ മനസിലാക്കുന്നു.			
• വിവിധതരം സാമൂഹ്യ പ്രസ്ഥാനങ്ങളെ തിരിച്ചറിയുന്നു.			
• സാമൂഹ്യമാറ്റത്തെപ്പറ്റിയുള്ള ഗാന്ധിയൻ സമീപനവും മാർഗങ്ങളും വിശകലനം ചെയ്യുന്നു.			
• ഗാന്ധിജിയുടെ മാതൃകാ സാമൂഹികക്രമമായ സർവോദയയുടെ പ്രസക്തി തിരിച്ചറിയുന്നു.			
• സാമൂഹ്യമാറ്റത്തിന് സാമൂഹ്യ ഇടപെടലിന്റെയും സന്നദ്ധ-സാമൂഹ്യ പ്രസ്ഥാനങ്ങളുടെയും പ്രസക്തി തിരിച്ചറിയുന്നു.			
• ഗാന്ധിയൻ/അഹിംസാത്മക സാമൂഹ്യപ്രസ്ഥാനങ്ങളെ പരിചയപ്പെടുന്നു.			

തുടർമൂല്യനിർണ്ണയ സാധ്യതകൾ

1. നിങ്ങളുടെ വാർഡിലെ കുടുംബശ്രീ പ്രവർത്തനങ്ങളെ വിലയിരുത്തി അതുണ്ടാക്കിയ സാമൂഹ്യമാറ്റം സംബന്ധിച്ച് കുറിപ്പ് തയ്യാറാക്കുക.
2. ശ്രീനാരായണഗുരു കേരള സമൂഹത്തിൽ ഉണ്ടാക്കിയ സാമൂഹ്യമാറ്റം സംബന്ധിച്ച് ഒരു ലഘുലേഖനം എഴുതുക.

പഠന പുരോഗതി വിലയിരുത്താം – ഉത്തരസൂചിക

1. പരിഷ്കരണ പ്രസ്ഥാനങ്ങൾ
2. സ്ത്രീ പ്രസ്ഥാനങ്ങൾ
3. നർമദാ ബച്ചാവോ ആന്ദോളൻ
4. (a) ശരി (b) തെറ്റ് (c) ശരി
5. സത്യാഗ്രഹവും നിർമ്മാണപരിപാടികളും
6. യഥാർത്ഥ ശാക്തീകരണം

7. സാമൂഹ്യ ഇടപെടൽ
8. സമൂല സാമൂഹ്യമാറ്റം
9. സന്നദ്ധ പ്രവർത്തനങ്ങൾ
10. വിനോബാ ഭാവെ
11. ബാബാ ആംതെ
12. സൈലന്റ് വാലി പ്രക്ഷോഭം

വിലയിരുത്തൽ ചോദ്യങ്ങൾ

1. വിവിധതരം സാമൂഹ്യപ്രസ്ഥാനങ്ങളെപ്പറ്റി വിശദീകരിക്കുക
2. സാമൂഹ്യമാറ്റം നിർവചിക്കുക
3. സാമൂഹ്യമാറ്റം സംബന്ധിച്ചുള്ള ഗാന്ധിയൻ സമീപനം വ്യക്തമാക്കുക
4. സാമൂഹ്യമാറ്റത്തെക്കുറിച്ചും സാമൂഹ്യഇടപെടലിനെക്കുറിച്ചുമുള്ള ഗാന്ധിയൻ സമീപനങ്ങൾ ഒരു അഹിംസാത്മക സാമൂഹ്യക്രമം കെട്ടിപ്പെടുക്കുന്നതിനായി ലക്ഷ്യം വെയ്ക്കുന്നു. അവ സാധ്യമാക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ പരിശോധിക്കുക
5. ഗാന്ധിജിയുടെ മാതൃകാസാമൂഹ്യക്രമത്തെപ്പറ്റി ലഘുകുറിപ്പ് തയാറാക്കുക
6. സാമൂഹ്യമാറ്റത്തിൽ സാമൂഹ്യഇടപെടലിന്റെ ആവശ്യകത വ്യക്തമാക്കുക
7. ഇന്ത്യയിലെ രണ്ട് അഹിംസാത്മക പ്രസ്ഥാനങ്ങളെ ഉദാഹരിച്ച് ഗാന്ധിയൻ കാഴ്ചപ്പാടിൽ അതിന്റെ പ്രാധാന്യം വിലയിരുത്തുക

വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ, വിമോചനപ്രസ്ഥാനങ്ങൾ, വർഗ്ഗാധിഷ്ഠിത പ്രസ്ഥാനങ്ങൾ, ജാതി അധിഷ്ഠിത പ്രസ്ഥാനങ്ങൾ, ആദിവാസി പ്രസ്ഥാനങ്ങൾ, സ്ത്രീ പ്രസ്ഥാനങ്ങൾ, പരിസ്ഥിതിപ്രസ്ഥാനങ്ങൾ etc.
2. സാമൂഹ്യ സംഘടനകളിൽ ഉണ്ടാകുന്ന അതായത് സമൂഹത്തിന്റെ ഘടന യിലും ധർമ്മത്തിലും സംഭവിക്കുന്ന രൂപാന്തരങ്ങളാണ് സാമൂഹ്യമാറ്റം
3. ഗാന്ധിജി ആവിഷ്കരിച്ചത് ക്രിയാത്മക മാറ്റത്തിനുതകുന്ന പ്രവർത്തന പരിപാടികളായിരുന്നു. മാർഗവും ലക്ഷ്യവും തമ്മിലുള്ള പരസ്പരബന്ധത്തിനും അത് പ്രത്യേക പ്രാധാന്യം കൽപ്പിക്കുന്നു. സമൂഹം ഏതു ലക്ഷ്യത്തിലേ ക്കാണോ പുരോഗമിക്കേണ്ടത്, ആയതിനു സ്വീകരിക്കേണ്ട മാർഗം പവിത്രവും അഹിംസാത്മകവും ആയിരിക്കണം എന്നു ഗാന്ധിജി നിഷ്കർഷിക്കുന്നു. കേവലം മാറ്റത്തിനപ്പുറം സമൂഹത്തിന്റെ രൂപാന്തരമാണ് ഗാന്ധിയൻ ദർശനത്തിൽ നമുക്ക് കാണാനാവുന്നത്. മനുഷ്യമനസുകളുടെ മാറ്റത്തിൽ നിന്നാണ് സാമൂഹ്യമാറ്റം ആരംഭിക്കേണ്ടത് എന്ന് അദ്ദേഹം വിശ്വസിക്കുന്നു.

4. സത്യാഗ്രഹം, നിർമ്മാണ പരിപാടികൾ ഇവ വിശദമാക്കുക.

5. സർവ്വോദയ.

6. ഒരു സമൂഹത്തിന്റെയോ വിഭാഗത്തിന്റെയോ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ മറ്റു മാർഗങ്ങൾ പരാജയപ്പെടുമ്പോഴാണ് സാമൂഹ്യ ഇടപെടൽ വേണ്ടിവരുന്നത്. അധികാരത്തിലും പദവിയിലും ഉള്ള അസമത്വം സാമൂഹിക ഇടപെടലിനു കാരണമാകാം. എല്ലാ വിഭാഗം ജനങ്ങളിലും വിഭവങ്ങളുടെയും അധികാരത്തിന്റെയും നീതിപൂർവകമായ വിതരണം അതു ലക്ഷ്യമിടുന്നു. വ്യക്തിയുടെയോ സമൂഹത്തിന്റെയോ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയോ സാമൂഹ്യ സ്ഥാപനങ്ങളോ പര്യാപ്തമല്ല. അപ്പോഴാണ് സാമൂഹ്യ ഇടപെടൽ ആവശ്യമായി വരുന്നത്.

7. ഭൂദാനപ്രസ്ഥാനം, ആനന്ദ്വൻ

തുടർ പ്രവർത്തനങ്ങൾ

1. നമ്മുടെ ചുറ്റുപാടുമുള്ള അഹിംസാത്മക സാമൂഹ്യപ്രസ്ഥാനങ്ങളെ കണ്ടെത്തി അതിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക. അവ സാധ്യമാക്കുന്ന സാമൂഹ്യ മാറ്റങ്ങളെ തിരിച്ചറിയുക.
2. ഒരു ഗാന്ധിയൻ സാമൂഹ്യപ്രവർത്തകൻ എന്ന നിലയിൽ സമൂഹത്തിലെ അവശത അനുഭവിക്കുന്ന ഏതെങ്കിലും വിഭാഗത്തിന്റെ ഉയർച്ചയ്ക്കും ശാക്തീകരണത്തിനുമായി ഒരു കർമ്മപദ്ധതി തയാറാക്കുക.

തുടർ വായനാസാമഗ്രികൾ

അയ്യങ്കാളി - ടി. എച്ച്. പി ചെന്താരശ്ശേരി, പ്രഭാത് ബുക്സ്, തിരുവനന്തപുരം

ശ്രീനാരായണഗുരു - എം.കെ.സാനു, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം

ഹരിത രാഷ്ട്രീയം-ഡോ.ജോർജ്ജ് കെ അലക്സ്, ഡി.സി.ബുക്സ്, കോട്ടയം

കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം - പൊക്കുടൻ, ഡി.സി.ബുക്സ്, കോട്ടയം

പദാവലി

സാമൂഹ്യമാറ്റം : സമൂഹത്തിന്റെ ഘടനയിലും ധർമ്മത്തിലും സംഭവിക്കുന്ന രൂപാന്തരങ്ങൾ

സർവ്വോദയ : ഗാന്ധിജിയുടെ മാതൃകാ സാമൂഹ്യക്രമം. സകലചരാചരങ്ങളുടെയും നന്മയും ഐശ്വര്യവും ലക്ഷ്യം വയ്ക്കുന്നു.

സന്നദ്ധപ്രവർത്തനം : മാനവിക മൂല്യങ്ങളാൽ പ്രചോദിതമായി സ്വയം സന്നദ്ധതയോടെ നടത്തുന്ന പ്രവർത്തനം.

5

ഗ്രാമവികസനം
(Rural Development)

ഗ്രാമവികസനം എന്ന ആശയം, അതിന്റെ അടിസ്ഥാന ഘടകങ്ങൾ, വിവിധ തലങ്ങൾ, ലക്ഷ്യങ്ങൾ എന്നിവ ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു. നമ്മുടെ രാഷ്ട്രം ഗ്രാമവികസനത്തിനായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങളും സമീപനങ്ങളും വിവിധ പരിപാടികളും ഇവിടെ വിശദമാക്കുന്നു. കൂടാതെ ഗാന്ധിജിയുടെ ഗ്രാമപുനരുദ്ധാരണ കാഴ്ചപ്പാടുകളെപ്പറ്റിയുള്ള സമഗ്രമായ ഒരു ചിത്രവും ഈ അധ്യായത്തിൽ നൽകുന്നു.

പഠനനേട്ടങ്ങൾ

- ഗ്രാമവികസനത്തിന്റെ പൊതു ധാരണകളും തത്വങ്ങളും വിശകലനം ചെയ്യാൻ സാധിക്കും.
- ഗ്രാമപുനർനിർമ്മാണം സംബന്ധിച്ച് ഗാന്ധിജിയുടെ കാഴ്ചപ്പാട് വിശദീകരിക്കാൻ കഴിയും
- ഇന്ത്യയിലെ ആദ്യകാല ഗ്രാമവികസന ഉദ്യമങ്ങളും സമീപനങ്ങളും പരിചയപ്പെടുന്നു.
- വിവിധങ്ങളായ ഗ്രാമവികസന പദ്ധതികളും അവയുടെ ഉദ്ദേശ്യങ്ങളും സമീപനങ്ങളും തിരിച്ചറിയാൻ സാധിക്കും
- സമീപകാല ഗ്രാമവികസന പദ്ധതികൾ വിശദീകരിക്കാൻ സാധിക്കും
- ഗ്രാമവികസന നിർവ്വഹണ ഏജൻസികൾ പരിചയപ്പെടാൻ കഴിയുന്നു.
- ഗ്രാമ വികസനത്തിൽ സന്നദ്ധ സംഘടനകളുടെ പങ്കിനെപ്പറ്റി തിരിച്ചറിയുന്നു.
- കുടുംബശ്രീയെപ്പറ്റിയും അവയുടെ പ്രവർത്തനത്തെപ്പറ്റിയും മനസിലാക്കാൻ സാധിക്കും

തന്നിരിക്കുന്ന ചിത്രങ്ങൾ താരതമ്യം ചെയ്യുക.





ഗ്രാമവികസനം : ആശയം (Concept of Rural Development)

വിശാലാർത്ഥമുള്ള വികസനത്തിന്റെ ഒരു ഉപവർഗ്ഗമാണ്. ഗ്രാമവികസനം എന്നത് വികസനം എന്നതു പരമ്പരാഗതസാമൂഹ്യക്രമത്തിൽ നിന്നും ആധുനിക സാമൂഹ്യക്രമത്തിലേക്കുള്ള മാറ്റം ലക്ഷ്യം വയ്ക്കുന്ന ഒരു പ്രക്രിയയാണ്. പൊതുവിൽ വികസനം എന്നുപറഞ്ഞാൽ ജനങ്ങളുടെ ജീവിതനിലവാരത്തിലുള്ള അഭിവൃദ്ധിയാണ് അർത്ഥമാക്കുന്നത്. സാമൂഹ്യസാമ്പത്തിക പരിഷ്കരണങ്ങളിലൂടെയും ആസൂത്രിതമായ പ്രവർത്തനങ്ങളിലൂടെയും ഗ്രാമീണ സമൂഹത്തിന്റെ സർവതോന്മുഖമായ വികസനത്തിനായി നടത്തുന്ന പ്രക്രിയയാണ് ഗ്രാമവികസനം.

ഒരു ഗ്രാമപ്രദേശം എന്നത് ജനങ്ങൾ പ്രകൃതിയുമായി ഇഴുകിച്ചേർന്ന് പ്രാഥമികമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന തൊഴിലിൽ ഏർപ്പെടുന്ന ഇടമാണ്. ഗ്രാമപ്രദേശം നാമമാത്രമായി അധിനിവേശമുള്ള വലിയ പട്ടണങ്ങളുടെയും നഗരങ്ങളുടെയും സ്വാധീനത്തിൽപ്പെടാതെ അകലെ കഴിയുന്ന പ്രദേശങ്ങളാണ്. തീവ്ര ജനസാന്ദ്രതയുള്ള നഗരത്തെയോ നഗരപ്രാന്തത്തെയോ മനുഷ്യ ആവാസമില്ലാത്ത ഇടങ്ങളെയോ അപേക്ഷിച്ച് വളരെ വ്യത്യസ്തത പുലർത്തുന്ന സ്ഥലമാണ്. സാധാരണയായി ഗ്രാമപ്രദേശങ്ങൾക്ക് ഒരു കാർഷിക സ്വഭാവമാണുള്ളത്. 2011-ലെ സെൻസസ് പ്രകാരം 69% ഇന്ത്യൻ ജനതയും ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്. ഗ്രാമീണ ജനതയുടെ ജീവിതഗുണനിലവാരം അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഗ്രാമപ്രദേശങ്ങളുടെ സർവ്വതോന്മുഖമായ വളർച്ച ഉറപ്പാക്കുന്ന പ്രക്രിയയാണ് ഗ്രാമവികസനം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. കൃഷിയുടേയും അനുബന്ധ പ്രവർത്തനങ്ങളുടെയും ഗ്രാമീണ കുടിൽ വ്യവസായങ്ങളുടെയും, കൈത്തൊഴിലുകളുടെയും, സാമൂഹ്യ സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങളുടെയും എല്ലാത്തിനുമുപരി ഗ്രാമീണ മനുഷ്യവിഭവശേഷിയുടെയും വളർച്ചയെ ചുറ്റിപ്പറ്റിയുള്ള സമഗ്രവും വിവിധ തലങ്ങളുമുള്ള ഒരു ആശയമാണ് അത്. അതുകൊണ്ട് ഗ്രാമവികസനം എന്നത് ഒരു പ്രക്രിയയായും, പ്രതിഭാസമായും, ഉപായമായും കരുതുന്നു. ഇന്ത്യൻ ഗ്രാമങ്ങളിൽ അധിവസിക്കുന്ന താഴ്ന്ന വരുമാനവും കുറഞ്ഞ ജീവിതനിലവാരവുമുള്ള ഒരു വലിയ വിഭാഗം ജനങ്ങളുടെ

സാമൂഹ്യവും സാമ്പത്തികവുമായ ഉയർച്ചയാണ് ഗ്രാമവികസനത്തിന്റെ കേന്ദ്രതത്വം. കൂടാതെ ഇത്തരക്കാർക്ക് ആദായകരമായ തൊഴിൽ പ്രദാനം ചെയ്യുന്നതിനുപുറമെ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങളും, ആരോഗ്യ-ചികിൽസാ സേവനങ്ങളും വാസ സൗകര്യങ്ങളും സജ്ജീകരിക്കണം. ഗുണഭോക്താക്കളായ ഗ്രാമീണ ജനങ്ങളുടെ സ ജീവപങ്കാളിത്തത്തോടെ തന്നെ അത് ആസൂത്രണം ചെയ്യണം. ഇവിടെ പഞ്ചായ ത്തിനും സർക്കാരിനും നിർണ്ണായക സ്ഥാനമുണ്ട്.

ഗ്രാമവികസനത്തിന്റെ പ്രഖ്യാപിത ലക്ഷ്യമാണ് സാമ്പത്തിക വളർച്ചയും സാമൂഹ്യ നീതിയും. ഗ്രാമവികസനം കാർഷിക ഉൽപാദനത്തിന് ഊന്നൽ കൊടുത്തുകൊണ്ട് തുടങ്ങുന്നു. ക്രമേണ ഇതു ദരിദ്രരായ ഗ്രാമീണ ജനങ്ങളുടെ ഉൽപാദന തൊഴിൽ അവസരങ്ങൾ വ്യാപിപ്പിക്കുന്നതിലേയ്ക്കു മുന്നേറുന്നു.

ഗ്രാമീണ കുടിൽ വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകി ഗ്രാമമേഖലയിലെ കൃഷിയു ടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും ഉൽപാദനം പരമാവധി വർദ്ധിപ്പിക്കുക എന്നതാണ് ഇന്ത്യൻ സാഹചര്യത്തിൽ ഗ്രാമവികസനം കൊണ്ട് അർത്ഥമാക്കുന്നത്.

പഠനപ്രവർത്തനം

ഗ്രാമവികസനം നടപ്പിലാക്കാനുതകുന്ന മാർഗ്ഗങ്ങൾ ചർച്ച ചെയ്ത് ക്രോഡീകരി ക്കുക.

ഗ്രാമവികസനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ (Basic Elements of Rural Development)

ഗ്രാമവികസനത്തിന് പ്രധാനമായും മൂന്ന് ഘടകങ്ങളാണുള്ളത്.

1. അടിസ്ഥാന ജീവിതാവശ്യങ്ങൾ (Basic Necessities of Life)

ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാതെ നിലനിൽപ്പ് സാധ്യമല്ല. ആഹാ രം, വസ്ത്രം, പാർപ്പിടം, അടിസ്ഥാനവിദ്യാഭ്യാസം, പ്രാഥമിക ആരോഗ്യസംരക്ഷണം, ജീവനും സ്വത്തിനും സുരക്ഷിതത്വം തുടങ്ങിയവയാണ് അടിസ്ഥാന ജീവിത ആവശ്യ ങ്ങൾ ആണ്. ഇതിലേതെങ്കിലും ഒന്നിന്റെയോ മുഴുവന്റെയോ അപര്യാപ്തത അവിക സിതമായ അവസ്ഥയാണ്.

2. ആത്മാഭിമാനം (Self respect)

എല്ലാ വ്യക്തികൾക്കും രാഷ്ട്രത്തിനും ഓരോ വിധത്തിലുള്ള ആത്മാഭിമാനം, മാന്യ ത, ബഹുമാനം തുടങ്ങിയവ അനിവാര്യമാണ്. ഇതിലേതിന്റെയെങ്കിലും കുറവോ നിഷേ ധിക്കലോ സൂചിപ്പിക്കുന്നതു വികസനത്തിന്റെ അഭാവമാണ്.

3. സ്വാതന്ത്ര്യം (Freedom)

സ്വാതന്ത്ര്യം എന്നത് അർത്ഥമാക്കുന്നത് രാഷ്ട്രീയവും ആശയപരവുമായ സ്വാതന്ത്ര്യം, സാമ്പത്തിക സ്വാതന്ത്ര്യം, സാമൂഹ്യ അടിമത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യം തുടങ്ങി യവയാണ്. അജ്ഞതയും അന്ധവിശ്വാസവും അടക്കമുള്ള അടിമത്തം വികസനത്തിനു തടസ്സം സൃഷ്ടിക്കുന്നു.

ഗ്രാമവികസനത്തിന്റെ മാനങ്ങൾ
(Dimensions of Rural Development)

ഗ്രാമവികസന പദ്ധതികളിൽ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവർക്കും, ദരിദ്രർക്കും മുൻഗണന നൽകിയിരിക്കുന്നു. ഗ്രാമവികസനത്തിന്റെ പ്രധാന മാനങ്ങൾ ചുവടെ ചേർക്കുന്നു.

1. കൃഷിയുടേയും അനുബന്ധ പ്രവർത്തനങ്ങളുടേയും വികസനം

ഗ്രാമവികസനത്തിൽ കൃഷിയ്ക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമാണ് പ്രാധാന്യം നൽകുന്നത്. അത്യുല്പാദന ശേഷിയുള്ള വിത്തുകൾ വികസിപ്പിക്കുക, വളപ്രയോഗം, കീടനാശിനികൾ, വിളപരിപാലനം, ജൈവവൈവിധ്യ സംരക്ഷണം, പരമ്പരാഗത സാങ്കേതിക വിദ്യയുടെ സംരക്ഷണം, ജനിതക സംരക്ഷണം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ വികസനം

ഗ്രാമീണജനങ്ങളുടെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ അവസ്ഥ മെച്ചപ്പെടുത്തുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ഗ്രാമീണർക്ക് സ്വതന്ത്രമായി തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കാനും, സ്വതന്ത്രവും നീതിപൂർവ്വകവുമായി വോട്ടു ചെയ്യാനും വാങ്ങൽ ശേഷി വർദ്ധിപ്പിക്കാനും, ദാരിദ്ര്യത്തിൽ നിന്നും, കടക്കെണിയിൽ നിന്ന് മോചനം നേടാനും കഴിയുമ്പോഴാണ് ഗ്രാമവികസനം അർത്ഥപൂർണ്ണമാകുന്നത്.

3. ഗ്രാമീണ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തൽ

ഇതിനായി ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും സേവന മേഖലകളും ശക്തിപ്പെടണം. റോഡുകൾ, പാലങ്ങൾ, വൈദ്യുതി, വിദ്യാഭ്യാസ സൗകര്യം, ആരോഗ്യ-ശുചിത്വം മെച്ചപ്പെടുത്തൽ എന്നിവയിൽ അടിസ്ഥാന സൗകര്യങ്ങളും ആസ്തികളും നിർമിക്കുക. വാർത്താ വിനിമയ വിവരസാങ്കേതിക വിദ്യകൾ സ്വീകരിക്കൽ, ഗ്രാമീണ വിപണിക്കായി പുത്തൻ ഉൽപ്പന്നങ്ങൾ വികസിപ്പിക്കൽ, ബാങ്കിംഗ്, ടെലിഫോൺ, ഇൻഷുറൻസ് എന്നീ സേവനങ്ങൾ വ്യാപിപ്പിക്കൽ എന്നിവ ആവശ്യമാണ്.

4. ഗ്രാമീണ ദുരന്ത നഷ്ടലഘൂകരണം (Rural Disaster risk Mitigation)

ദുരന്ത നഷ്ടലഘൂകരണം സുസ്ഥിര ഗ്രാമവികസനത്തിന്റെ പ്രധാന തലമാണ്. ദുരന്തങ്ങളുടെ ഫലമായി ജീവനും സ്വത്തിനും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ ലഘൂകരിക്കുന്ന പ്രക്രിയയാണിത്. ദുരന്തത്തെ അഭിമുഖീകരിക്കാനുള്ള ബോധവൽക്കരണം, ദുരന്തത്തിന്റെ ആഘാതം ലഘൂകരിക്കാനുള്ള നടപടികൾ, ദുരന്തനിവാരണത്തിനായി വിള ഇൻഷുറൻസ്, നദീതീര സംരക്ഷണം, വരൾച്ച-വെള്ളപ്പൊക്കനിവാരണ മാർഗ്ഗങ്ങൾ എന്നിവ ഇതിന്റെ ഭാഗമാണ്.

പഠനപ്രവർത്തനം

ഗ്രാമവികസനത്തിന്റെ അടിസ്ഥാനഘടകങ്ങളും വ്യാപ്തിയും വിശദമാക്കുന്ന ഒരു കുറിപ്പ് തയാറാക്കുക.

ഗ്രാമവികസനത്തിന്റെ കേന്ദ്രബിന്ദു (Focus of Rural Development)

ഗ്രാമവികസനം പ്രാഥമികമായി കേന്ദ്രീകരിക്കുന്നത് മനുഷ്യന്റെയും അവന്റെ ചുറ്റുപാടുകളുടെയും വികസനത്തിലാണ്. അതാത് പ്രദേശങ്ങളിൽ നിലനിൽക്കുന്ന ശക്തമായ കുടുംബബന്ധവും സാമൂഹികബന്ധവും മൂല്യാധിഷ്ഠിതമായ സാമൂഹിക ഇടപെടലുകളും കൈമോശം വരാതെയുള്ള പ്രവർത്തനമാണ് ഒന്നാമത്തേത്. രണ്ടാമതായി പാരിസ്ഥിതിക, ആവാസ വ്യവസ്ഥയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മികച്ച സാമ്പത്തിക വളർച്ച നേടുന്നതിനുള്ള ഉചിത സങ്കേതിക വിദ്യയുടെ കണ്ടെത്തലും ഉപയോഗവും ആണ് മൂന്നാമത്തേത്. ഗ്രാമീണസ്ഥാപനങ്ങൾ, സാമ്പത്തിക - മനുഷ്യവിഭവ ശേഷി എന്നിവയുടെ സംഘാടനവും പരിപാലനവുമാണ് നാലാമത്തേത്. നിലവിലുള്ള വിഭവങ്ങളുടെ വിനിയോഗത്തിലൂടെയും, പങ്കാളിത്തത്തിലൂടെയും, സമാഹരണത്തിലൂടെയും ജനങ്ങളുടെ തന്നെ മുൻകൈയ്യിൽ സ്വാശ്രയത്വം കൈവരിക്കുക എന്നതാണ് അഞ്ചാമത്തെ ലക്ഷ്യം. ആറാമതായി ദരിദ്ര ഗ്രാമീണജനതയ്ക്ക് പരമാവധി നീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തിനാണ് മുൻതൂക്കം നല്കുന്നത്.

ഓരോ പ്രദേശത്തേയും ദാരിദ്ര്യവും പട്ടിണിമരണവും ഒഴിവാക്കുന്നതിനായി പിന്നോക്കം നിൽക്കുന്ന ഉൾപ്രദേശങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന വിധത്തിൽ വികസന പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യണം. അതിനാൽ ഗ്രാമവികസനത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്നവർക്കും, കൃഷിനാശം, പ്രകൃതിക്ഷോഭം, വരൾച്ച, വെള്ളപ്പൊക്കം എന്നിവമൂലം കെടുതികളനുഭവിക്കുന്നവർക്കും ആധുനിക സമൂഹത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കാത്തവർക്കും കൂടുതൽ പരിഗണന കൊടുക്കേണ്ടിയിരിക്കുന്നു.

ഗ്രാമവികസനത്തിന്റെ ലക്ഷ്യങ്ങൾ (Objectives of Rural Development)

പഠനപ്രവർത്തനം

ഗ്രാമവികസനത്തിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയായിരിക്കണം. ചർച്ച ചെയ്ത് ക്രോഡീകരിക്കുക.

1. ദാരിദ്ര്യനിർമ്മാർജ്ജനം

ഇന്ത്യയിലും മറ്റു പല രാജ്യങ്ങളിലും ദാരിദ്ര്യം എന്നത് വലിയ പ്രശ്നമാണ്. ഒരുവന് തന്റെ ജീവിതത്തിനും കാര്യശേഷിയ്ക്കും വേണ്ട അടിസ്ഥാന ആവശ്യങ്ങൾ (ആഹാരം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം തുടങ്ങിയവ) നേടിയെടുക്കാൻ പറ്റാത്ത അവസ്ഥയാണ് ദാരിദ്ര്യം എന്ന് വിശേഷിപ്പിക്കുന്നത്. രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക പരിവർത്തനത്തിൽ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾക്ക് വലിയ പ്രസക്തിയുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ രാജ്യത്തിന്റെ സമഗ്രവളർച്ചയുടെ അടിസ്ഥാനമാണ്. അടിസ്ഥാന സൗകര്യവും തൊഴിൽ നൈപുണ്യവും സമ്പത്തും ഇതിലൂടെ ലഭ്യമാകുന്നു. നമ്മുടെ എല്ലാ പഞ്ചവത്സര പദ്ധതിയിലും ദാരിദ്ര്യനിർമ്മാർജ്ജനത്തിന് കാര്യമായ പ്രാധാന്യം നൽകിയിട്ടുണ്ട്. ദാരിദ്ര്യം ഇല്ലാതാക്കുന്നതിനായി വിവിധതരം പദ്ധതികളും പരിപാടികളും ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ട്.

2. കാർഷിക വികസനം

നമ്മുടെ രാജ്യത്തെ ഭൂരിഭാഗം ജനങ്ങളും ഗ്രാമങ്ങളിലാണ് താമസിക്കുന്നത്. ഇവർ തങ്ങളുടെ ഉപജീവനത്തിനായി പ്രത്യക്ഷമായോ പരോക്ഷമായോ ആശ്രയിക്കുന്നത്

കൃഷിയെയാണ്. ഭക്ഷ്യോത്പാദനത്തിലും ഭക്ഷ്യ സംസ്കരണത്തിലും വിതരണത്തിലും കൃഷി പ്രധാന പങ്കു വഹിക്കുന്നു. അതിനാൽ കാർഷികവികസനം ദശലക്ഷക്കണക്കിന്



ദരിദ്രജനവിഭാഗങ്ങളുടെ (പ്രധാനമായും സ്ത്രീകളും നിരക്ഷരരായ ജനങ്ങളും) ജീവിതത്തിൽ വെളിച്ചം വിതറാൻ ഉതകുന്നതാണ്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾക്ക് ദാരിദ്ര്യം കുറയ്ക്കുന്നതിലും, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലും, സാമ്പത്തികവളർച്ച മെച്ചപ്പെടുത്തുന്നതിലും നിർണ്ണായക പങ്ക് വഹിക്കാനാവും.

3. ആരോഗ്യവും ശുചിത്വവും (Health and Hygiene)

ഗ്രാമീണജനങ്ങൾക്ക് ആരോഗ്യത്തെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കാൻ നടപടി വേണം. അതിനാൽ ഗ്രാമീണർക്ക് ആരോഗ്യപ്രദവും കുറ്റമറ്റതുമായ താമസസൗകര്യങ്ങൾ സൃഷ്ടിച്ചെടുക്കുന്നതിനുള്ള അവബോധം നൽകുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

4. ഗ്രാമീണ ആസൂത്രണം (Rural Planning)

ആസൂത്രണം എന്ന് പറയുന്നത് കൃത്യമായി നിർവചിക്കപ്പെട്ട ലക്ഷ്യം പരമാവധി നേടുന്നതിനായി വിഭവങ്ങളെ സംഘടിപ്പിക്കുകയും വിനിയോഗിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന പ്രക്രിയയാണ്. ഗ്രാമവികസനത്തിലൂടെ ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് പരമാവധി നേട്ടങ്ങൾ ഉണ്ടാക്കുക എന്നതാണ് ഗ്രാമീണ ആസൂത്രണത്തിൽ ലക്ഷ്യമിടുന്നത്. ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യം എന്നത് ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തി ദീർഘകാലത്തേക്ക് ഗുണകരമാകുന്ന വിധത്തിൽ വിഭവങ്ങൾ വിനിയോഗിക്കുക എന്നതാണ്.

5. ഉൽപാദനക്ഷമതയിലെ വർദ്ധനവ് (Improvement in Productivity)

ഗ്രാമീണജനങ്ങളുടെ സാമ്പത്തികവികസനം ഉൽപാദനക്ഷമതയുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. വിഭവങ്ങളുടേയും സാങ്കേതികവിദ്യയുടേയും ലഭ്യത ഉൽപാദനക്ഷമത വർദ്ധിപ്പിക്കും. ഇതിനായി ആസൂത്രണം അനിവാര്യമാണ്. ഗ്രാമീണവിക

സന പദ്ധതികൾ ഇക്കാര്യങ്ങൾക്ക് ഊന്നൽ കൊടുക്കുകയും കാർഷിക, വ്യാവസായിക മേഖലയിൽ നല്ല ഉൽപാദനക്ഷമത കൈവരിക്കാൻ ഗ്രാമീണജനങ്ങളെ സഹായിക്കുകയും ചെയ്യുന്നു.

6. ജീവിതഗുണനിലവാര വർദ്ധന (Improvement of Quality of life)

ഭൂരിപക്ഷം ദരിദ്രരും അധിവസിക്കുന്നതു ഗ്രാമീണമേഖലയിൽ ആയതിനാൽ ഗ്രാമ വികസനത്തിന്റെ പ്രധാനലക്ഷ്യം ദരിദ്രരുടെ ജീവിതനിലവാരം ഉയർത്തുക എന്നതാണ്. അതിനായി ദാരിദ്ര്യം ഇല്ലാതാക്കുകയും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, റോഡ്, ആരോഗ്യപരിപാലനസൗകര്യം, വീട്, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ വികസനം ഉറപ്പാക്കുകയും അധികാരവികേന്ദ്രീകരണം പ്രോത്സാപ്പിക്കുകയും വേണം.

ഗ്രാമപുനരുദ്ധാരണത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ (Gandhian views on Rural Reconstruction)

ഗ്രാമപുനരുദ്ധാരണം എന്നത് കൊണ്ട് അർത്ഥമാക്കുന്നത് ഗ്രാമങ്ങളെ പുനർനിർമ്മിക്കുക എന്നതാണ്. ഗ്രാമീണജനങ്ങളുടെ പ്രശ്നങ്ങൾ ഇത്തരം പുനർനിർമ്മാണത്തിലൂടെ പരിഹരിക്കാനും അവരുടെ ജീവിതത്തിൽ നിർണ്ണായകമായ മാറ്റങ്ങൾ വരുത്താനും അതുവഴി സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാനും കഴിയുന്നു.

ഗ്രാമപുനരുദ്ധാരണത്തെപ്പറ്റിയുള്ള ഗാന്ധിയൻ സമീപനം സമഗ്രവും ജനകേന്ദ്രീകൃതവുമാണ്. അദ്ദേഹത്തിന്റെ അടിസ്ഥാന തത്വങ്ങളായ സത്യവും അഹിംസയും മനുഷ്യരുടെ നൻമയും അടിസ്ഥാനമാക്കിയുള്ളതാണിത്. സാന്മാർഗ്ഗികതയ്ക്കും, ആദ്ധ്യാത്മികതയ്ക്കും, സാമ്പത്തികവികസനത്തിനും വളരെയധികം പ്രാധാന്യം നൽകിയാണ് ഗാന്ധിജി സമഗ്രവികസനം ഉറപ്പാക്കുന്നത്. ഗ്രാമപുനരുദ്ധാരണം സാമ്പത്തിക, രാഷ്ട്രീയ, വിദ്യാഭ്യാസ, പാരിസ്ഥിതിക, ആദ്ധ്യാത്മിക വശങ്ങൾക്ക് ഊന്നൽ നൽകുന്നു. ഗ്രാമസ്വരാജ് എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ് ഗാന്ധിജി ഗ്രാമപുനർനിർമ്മാണം മുന്നോട്ടുവയ്ക്കുന്നത്.

പ്രകൃതിയെ ചൂഷണം ചെയ്യാത്തതും മനുഷ്യകേന്ദ്രീകൃതമായതുമായ ഗ്രാമീണജീവിതരീതി ഗാന്ധിജി നിർദ്ദേശിക്കുന്നു. വികേന്ദ്രീകൃത ഗ്രാമീണ സമ്പദ്‌വ്യവസ്ഥ എല്ലാവർക്കും സഹകരണാടിസ്ഥാനത്തിൽ തൊഴിൽ പ്രദാനം ചെയ്യുകയും അടിസ്ഥാന ആവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയവ നേടിയെടുക്കാൻ സഹായിക്കുകയും ചെയ്യുന്നു.



ഗാന്ധിജിയുടെ വാക്കുകൾ: "എന്റെ അഭിപ്രായത്തിൽ ഗ്രാമസ്വരാജ് ഒരു പൂർണ്ണ റിപ്പബ്ലിക്കിനെ സൂചിപ്പിക്കുന്നു. സ്വന്തം പ്രധാന ആവശ്യങ്ങൾക്ക് ഇതര ഗ്രാമങ്ങളെ ആശ്രയിക്കാത്തതും, എന്നാൽ മറ്റു പല കാര്യങ്ങൾക്കും അവയെ ആശ്രയിക്കുന്നതുമായ ഒരു റിപ്പബ്ലിക്ക്. ഓരോ ഗ്രാമത്തിന്റെയും പ്രഥമ ശ്രമം സ്വന്തം ഭക്ഷണത്തിനുള്ള ഭക്ഷ്യ ധാന്യങ്ങളും വസ്ത്രത്തിനുള്ള പരുത്തിയും ഉൽപ്പാദിപ്പിക്കുക എന്നതാണ്.... നിവൃത്തിയുള്ള പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ നിർവ്വഹിക്കണം. ഗ്രാമങ്ങളിൽ ഇന്ന് കാണുന്നതുപോലെ ജാതി തിരിവും അസ്പർശ്യതയും ഉണ്ടാകരുത്. സത്യഗ്രഹവും നിസ്സഹകരണവും വിദ്യയാക്കിയുള്ള അഹിംസയിലധിഷ്ഠമാകണം ഗ്രാമ സമൂഹത്തിന്റെ അധികാര പ്രയോഗം." എല്ലാ ഗ്രാമത്തിന്റേയും പ്രഥമ പരിഗണന അവരുടെ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിലായിരിക്കണം. ഇത്തരം സ്ഥലത്ത് മാത്രമേ എല്ലാ വിഭാഗം ആളുകൾക്കും സൗഹാർദ്ദത്തോടെ ജീവിക്കാൻ കഴിയുകയുള്ളൂ. സത്യം, അഹിംസ, സ്വാതന്ത്ര്യം, സമത്വം, എല്ലാവർക്കും തൊഴിൽ, ആഹാരത്തിനുവേണ്ടിയുള്ള പ്രയത്നം, ട്രസ്റ്റീഷിപ്പ്, വികേന്ദ്രീകരണം, സ്വദേശി, സഹകരണം തുടങ്ങിയവ ഗ്രാമവികസനത്തിന്റെ അടിസ്ഥാനതത്വങ്ങളായി ഗാന്ധിജി കണ്ടു.

സൈദ്ധാന്തികമായി ഗ്രാമപുനരുദ്ധാരണത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ സമീപനം ആദർശപര(Idealist)മായ ഒന്നായി കണക്കാക്കുന്നു. ഇവിടെ സാൻമാർഗ്ഗിക സമീപനത്തിന് പ്രത്യേക പ്രാധാന്യം കൽപ്പിക്കുന്നു. അദ്ദേഹം സംയോജിത ഗ്രാമവികസനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ മുതലായവ ശരിയാംവിധം സംയോജിപ്പിക്കുന്ന മാതൃകയാണ് മുന്നോട്ട് വയ്ക്കുന്നത്. ഗ്രാമപുനരുദ്ധാരണത്തിനായി വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ഊന്നൽ കൊടുക്കുന്ന ഗാന്ധിജിയുടെ വിദ്യാഭ്യാസപദ്ധതിയായി നയിതലിമിനെ (Nai Talim)വിശേഷിപ്പിക്കാം. ഗ്രാമീണജനതയെ സംബന്ധിച്ച് അഹിംസയിലൂന്നിയ സ്വയം നിയന്ത്രിതവും സ്വയം പര്യാപ്തതയുമുള്ള സ്വയംഭരണ ഗ്രാമങ്ങൾ പുനസൃഷ്ടിക്കുക എന്നതാണ് ഗാന്ധിജി തന്റെ ഗ്രാമപുനരുദ്ധാരണമെന്ന ആശയത്തിലൂടെ ശ്രമിക്കുന്നത്.

ഗ്രാമ പുനരുദ്ധാരണത്തിന്റെ ഗാന്ധിയൻ തന്ത്രങ്ങൾ
(Gandhian Strategies for Rural Reconstruction)

ഗാന്ധിജിയുടെ ഗ്രാമപുനരുദ്ധാരണ സമീപനം പ്രായോഗികവും ഉൽപാദനക്ഷമവുമാണ്. സത്യത്തിലും അഹിംസയിലും അടിയുറച്ച ഒരു പുതിയ സാമൂഹ്യക്രമമാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. ഇവിടെ സാമ്പത്തിക ഉയർച്ചയും ഗ്രാമീണപുരോഗതിയും ഒത്തൊരുമിച്ച് മനുഷ്യന്റെ പുരോഗതിയ്ക്കായി നിലകൊള്ളുന്നു.

നിർമ്മാണപരിപാടികൾ (Constructive Programme)

നിർമ്മാണപരിപാടികളാണ് ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ഗ്രാമപുനരുദ്ധാരണം യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗം. അദ്ദേഹം തന്റെ നിർമ്മാണപരിപാടികൾക്കായി വിവിധങ്ങളായ പ്രവർത്തനങ്ങൾ വികസിപ്പിക്കുകയും അവ പൂർണ്ണസ്വരാജിലേക്കെത്താനുള്ള സത്യസന്ധവും അഹിംസാപരവുമായ മാർഗ്ഗമായി കാണുകയും ചെയ്യുന്നു. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾവച്ച് സമൂഹത്തിന്റെ താഴെതട്ടുമുതൽ വികസനം കൈവരിക്കാനുള്ള ശ്രമമാണ് നിർമ്മാണപരിപാടികൾ. ഇതു ഗ്രാമവികസനത്തിനുവേണ്ടി മാത്രമുള്ളതല്ല, രാഷ്ട്ര പുനർനിർമ്മാണത്തിനും കൂടിയുള്ളതാണ്.

കൃഷി (Agriculture)



ആഹാരം ജീവന്റെ അടിസ്ഥാന ആവശ്യമായതിനാൽ ഗാന്ധിയൻ ഗ്രാമപുനരുദ്ധാരണ കാഴ്ചപ്പാടിൽ കൃഷി പ്രഥമ വിഷയമാണ്. കൃഷിക്ക് ഗ്രാമവികസനത്തിൽ സുപ്രധാന പങ്ക് ഉണ്ട്. ഗ്രാമീണജനങ്ങൾക്ക് വലിയ തൊഴിലവസരങ്ങൾ നൽകുന്ന ഒന്നാണ് കൃഷിയെന്നതും ഇതിനൊപ്പം പരിഗണിക്കേണ്ടതാണ്.

പഠനപ്രവർത്തനം

ഗാന്ധിജിയുടെ ഗ്രാമപുനർനിർമ്മാണ പരിപാടികളെപ്പറ്റി ഉപന്യാസം തയ്യാറാക്കുക.

പഠനപുരോഗതി വിലയിരുത്താം

പൂരിപ്പിക്കുക

1. ഗ്രാമപ്രദേശം എന്നത് ജനങ്ങൾ പ്രകൃതിയുമായി ഇഴുകിച്ചേർന്ന് ..... നിർമ്മിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഇടമാണ്.
2. അടിസ്ഥാന ജീവിതാവശ്യങ്ങൾ, ... , ... എന്നിവയാണ് ഗ്രാമവികസനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ
3. ..... എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ് ഗാന്ധിജി ഗ്രാമപുനർനിർമ്മാണം മുന്നോട്ടു വയ്ക്കുന്നത്
4. .....ആണ് ഗ്രാമ പുനരുദ്ധാരണം യാഥാർത്ഥ്യമാക്കാനുള്ള ഗാന്ധിയൻ മാർഗ്ഗം.
5. ഗ്രാമവികസനത്തിന്റെ പ്രഖ്യാപിത ലക്ഷ്യമാണ് സാമ്പത്തിക വളർച്ചയും ..... ഉം
6. ഗ്രാമവികസനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?

ഇന്ത്യയിലെ ആദ്യകാല ഗ്രാമവികസന പദ്ധതികൾ
(1903 -1948) (Early Rural Development Programmes)

സ്വാതന്ത്ര്യലബ്ധിക്ക് മുൻപുതന്നെ സാമൂഹ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ ചില ഗ്രാമപുനരുദ്ധാരണ പരിശ്രമങ്ങൾ സർക്കാരിന്റെ സഹായമില്ലാതെ നടത്തിയിരുന്നു. ഈ സമീപനങ്ങൾ പരസ്പര നിഷേധമായവയായിരുന്നില്ല. ഇത്തരം ഗ്രാമവികസന പരിശ്രമങ്ങളെ പൊതുവിൽ ഒറ്റയൊറ്റയായ സമീപനങ്ങൾ (Sporadic approaches) എന്നാണ് പറയുന്നത്. 1903 മുതൽ 1948 വരെയുള്ള ഗ്രാമവികസന ഉദ്യമങ്ങളാണ് ഇവ.

ഇതിൽ ആദ്യത്തേത് 1903-ൽ സർ ഡാനിയൽ ഹാമിൽട്ടന്റെ നേതൃത്വത്തിൽ ബംഗാളിലെ സുന്ദർബനിൽ ആരംഭിച്ച മാതൃകാഗ്രാമപദ്ധതിയാണ്. രണ്ടാമത്തേത് 1921-ൽ ഡോ. സ്പെൻസർ ഹാച്ചിന്റെ നേതൃത്വത്തിൽ കന്യാകുമാരിയ്ക്കടുത്തുള്ള മാർത്താണ്ഡം എന്ന പ്രദേശത്താരംഭിച്ച പദ്ധതിയാണ്. ഈ പദ്ധതി നൂറോളം ഗ്രാമങ്ങളെ ഉൾക്കൊള്ളുന്നു. രവീന്ദ്രനാഥ ടാഗോറിന്റെ നേതൃത്വത്തിൽ 1921-ൽ ബംഗാളിൽ ആരംഭിച്ചതാണ് ശ്രീനികേതൻ പരീക്ഷണം. ഗ്രാമപുനരുദ്ധാരണത്തിനു സഹായകരമായ ഒരു പഠനസ്ഥാപനം 1921-ൽ അദ്ദേഹം സ്ഥാപിച്ചു. ടാഗോർ തന്റെ ആശയങ്ങൾ പല പ്രായോഗിക പ്രവർത്തനങ്ങളിലൂടെയും പരിശീലനങ്ങളിലൂടെയും ജനങ്ങളിലേയ്ക്കെത്തിക്കുകയുണ്ടായി.

1927-ൽ പഞ്ചാബിലെ ഗുഡ്ഗാവ് ജില്ലയിൽ കളക്ടറായിരുന്ന എഫ്.ഐ.ബ്രെയിന്റെ നേതൃത്വത്തിലാരംഭിച്ച പദ്ധതിയാണ് മറ്റൊന്ന്. ഈ പദ്ധതിയിലാണ് ആദ്യമായി വിവിധ സർക്കാർ വകുപ്പുകളെ ഗ്രാമീണരിലേക്കടുപ്പിച്ചത്. 1932-ൽ ബറോഡയിൽ വി.കെ.കൃഷ്ണമാചാരിയുടെ നേതൃത്വത്തിൽ ഗ്രാമീണരുടെ സ്വാശ്രയം ലക്ഷ്യമാക്കി പദ്ധതികൾ നടപ്പിലാക്കി. 1933-ൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടത്തിയ സേവാഗ്രാം പരീക്ഷണം ശ്രദ്ധേയമാണ്. ഇതിൽ കുടിൽ വ്യവസായ പരിശീലനപരിപാടികളും, മദ്യനിരോധനം, അയിത്തോച്ചാടനം, സ്ത്രീവിദ്യാഭ്യാസം, വികേന്ദ്രീകൃത ഉൽപാദനം-വിതരണം തുടങ്ങിയവയ്ക്കൊക്കെ പ്രാധാന്യം നൽകിയിരുന്നു. ഗാന്ധിയുടെ തന്നെ സ്വാധീനത്തിൽ 1946-ൽ മദ്രാസ് മുഖ്യമന്ത്രിയായിരുന്ന ടി.പ്രകാശത്തിന്റെ നേതൃത്വത്തിൽ തുടങ്ങിയ പദ്ധതിയാണ് ഫിർക്ക വികസന പരിപാടി. ആദ്യം 34 പ്രവിശ്യകളിലായി നടപ്പിലാക്കിയ പദ്ധതി പിന്നീട് 50 ഇടങ്ങളിലേക്ക് വ്യാപിപ്പിച്ചു. അടിസ്ഥാനാവശ്യങ്ങളിൽ സ്വയം പര്യാപ്തത ലക്ഷ്യം വച്ചുകൊണ്ടുള്ളതുമായിരുന്നു ഇത്. എസ്. കെ.ഡേയുടെ മേൽനോട്ടത്തിൽ നടന്ന നീലോഖരി പരീക്ഷണമാണ് മറ്റൊന്ന്. ഇത് രാജ്യത്തിന്റെ മൊത്തം ശ്രദ്ധയാകർഷിച്ചു. സാമൂഹ്യവികസന പ്രസ്ഥാനത്തിന് (Community development movement) പ്രേരണയായ ഗ്രാമോദ്ധാരണ പരിശ്രമമാണിത്. പാകിസ്ഥാനിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ട 7000-ത്തോളം ആളുകളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയ പദ്ധതിയാണിത്. 1947-ൽ കൂടുതൽ ഭക്ഷ്യധാന്യം വിളയിക്കുക (Grow more food campaign) എന്ന പ്രചാരണ പദ്ധതി കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി തുടങ്ങിയതാണ്. 1948-ൽ ഉത്തർപ്രദേശിലെ ഇത്വാ ജില്ലയിൽ അമേരിക്കക്കാരനായ ആൽബർട്ട് മേയറുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഇത്വാ പൈലറ്റ് പ്രോജക്ട്. മെച്ചപ്പെട്ട കൃഷിരീതികൾ, പൊതുജനാരോഗ്യ വിദ്യാഭ്യാസം, സാക്ഷരത, കുടിൽ വ്യവസായം എന്നിവയുടെ വികസനം ലക്ഷ്യമാക്കിയുള്ളതായിരുന്നു ഈ പ്രോജക്ട്.

പദ്ധതിയുടെ നേട്ടങ്ങൾ

1. ഈ പദ്ധതികളെല്ലാം പ്രാദേശികമായ ആവശ്യങ്ങൾ മനസിലാക്കി വികസിപ്പിച്ച വയായിരുന്നു.
2. ഈ പദ്ധതികളെല്ലാം സ്വാതന്ത്ര്യാനന്തരം സർക്കാർ നേതൃത്വത്തിൽ നടപ്പിലാക്കിയ ഗ്രാമവികസന പദ്ധതികളിൽ ശക്തമായ സ്വാധീനം ചെലുത്തി.

ഒറ്റയൊറ്റയായ പദ്ധതികളുടെ പോരായ്മകൾ (Short comings of Sporadic Appoaches)

1. വ്യക്തികളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചവയായിരുന്നു.
2. മിക്ക പദ്ധതികളും ഒറ്റപ്പെട്ടതും തുടർച്ചയില്ലാത്തതുമായിരുന്നു.
3. സർക്കാർ പിന്തുണയും സാമ്പത്തിക സഹായവും ലഭിച്ചിരുന്നില്ല.
4. പദ്ധതിയിലെ ജോലിക്കാർ പരിശീലനമില്ലാത്തവരും പരിചയസമ്പത്ത് ഇല്ലാത്തവരുമായിരുന്നു.
5. ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനങ്ങളുടെ പങ്കാളിത്തം വളരെ കുറവായിരുന്നു.
6. വിലയിരുത്തൽ പ്രവർത്തനങ്ങൾ നടന്നില്ല. അതുകൊണ്ടുതന്നെ ഇവയുടെ പരിണതഫലങ്ങൾ വ്യക്തവുമായില്ല.

പഠനപ്രവർത്തനം

ഇന്ത്യയിലെ ആദ്യകാലഗ്രാമീണവികസന പദ്ധതികളെക്കുറിച്ചും അവയുടെ പോരായ്മകളെക്കുറിച്ചും ചർച്ച ചെയ്ത് വിശദമായ കുറിപ്പ് തയാറാക്കുക.

സ്വതന്ത്ര ഇന്ത്യയിലെ ഗ്രാമവികസന പദ്ധതികൾ

(Rural Development Programmes in Independent India)

സ്വതന്ത്ര ഇന്ത്യയിലെ ഗ്രാമവികസന പരിപാടികൾ തുടങ്ങുന്നത് 1952-ൽ ആരംഭിച്ച പഞ്ചവത്സര പദ്ധതിയിലൂടെയുള്ള വിവിധോദ്ദേശ സമീപനങ്ങളിലൂടെയാണ്.

A. വിവിധോദ്ദേശ സമീപനങ്ങൾ (Multipurpose Approaches)

ഈ സമീപനങ്ങളിൽ പ്രധാനമായവ പഞ്ചവത്സര പദ്ധതികളിലൂടെ നടപ്പിലാക്കിയ സമൂഹവികസന പദ്ധതികളാണ്.

പഞ്ചവത്സര പദ്ധതികൾ (Five Year Plans)

കേന്ദ്രീകൃതവും സമഗ്രവുമായ ദേശീയസാമ്പത്തിക പദ്ധതികളാണ് പഞ്ചവത്സര പദ്ധതികൾ. സ്വാതന്ത്ര്യാനന്തരം 1951-ൽ ഒന്നാം പഞ്ചവത്സര പദ്ധതി ആരംഭിച്ചു. അന്നത്തെ പ്രധാനമന്ത്രി ആയിരുന്ന ജവഹർലാൽ നെഹ്റുവാണ് ഇതിനു ചുക്കാൻ പിടിച്ചത്. വിവിധ പദ്ധതികളുടെ ആസൂത്രണത്തിലൂടെ സാമൂഹ്യ-സാമ്പത്തികവികസനം അഞ്ചു വർഷത്തേയ്ക്ക് സ്വരൂപിക്കുന്ന കേന്ദ്രസർക്കാരിന്റെ പരിപാടിയായാണ് പഞ്ചവൽസരപദ്ധതികൾ വിഭാവനം ചെയ്തത്. ആസൂത്രണകമ്മീഷൻ (Planning Commission) ആണ്

പഞ്ചവത്സര പദ്ധതികൾ രൂപകല്പന ചെയ്യുന്നതും നടപ്പിലാക്കുന്നതും നിരീക്ഷിക്കുന്നതും.

2015 ജനുവരിയിൽ ആസൂത്രണ കമ്മീഷനു പകരമായി നീതി ആയോഗ് (National Institution for Transforming India Ayog) ആരംഭിച്ചു. പ്രധാനമന്ത്രിയാണ് ഇതിന്റെ ചെയർമാൻ.

പഞ്ചവത്സര പദ്ധതികളുടെ വർഷങ്ങൾ

1	1951	–	1956	7	1985	–	1990
2	1956	–	1961	8	1992	–	1997
3	1961	–	1966	9	1997	–	2002
4	1969	–	1974	10	2002	–	2007
5	1974	–	1979	11	2007	–	2012
6	1980	–	1985	12	2012	–	2017

പഠനപ്രവർത്തനം

ഓരോ പഞ്ചവത്സരപദ്ധതികളും അവയുടെ ലക്ഷ്യങ്ങളും വിശദമാക്കുന്ന ചാർട്ട് തയ്യാറാക്കുക.

സമൂഹവികസന പരിപാടികൾ (Community Development Programme)

ആസൂത്രണ കമ്മീഷന്റെ കാഴ്ചപ്പാടിൽ സമൂഹവികസനം എന്നത് ജനങ്ങൾ തങ്ങളുടെ തന്നെ പ്രയത്നങ്ങളിലൂടെ സാമൂഹിക സാമ്പത്തിക നിലവാരത്തിൽ മാറ്റങ്ങൾ വരുത്തുക എന്നതാണ്. 1952 ഒക്ടോബർ 2-ന് സമൂഹവികസന പരിപാടി 55 സമൂഹവികസന ബ്ലോക്കുകളിലൂടെ നിലവിൽ വന്നു. ഈ പരിപാടികൾ ലക്ഷ്യം വയ്ക്കുന്നത് താഴേത്തട്ടിലുള്ള ജനാധിപത്യ സ്ഥാപനങ്ങളുടെ രൂപീകരണവും ഗ്രാമീണജനങ്ങളുടെ ഭൗതികമായ ക്ഷേമവുമാണ്. വിശാലമായ മറ്റ് ലക്ഷ്യങ്ങൾ സാമ്പത്തികവികസനം, സാമൂഹ്യനീതി, ജനാധിപത്യ വളർച്ച തുടങ്ങിയവയാണ്.

ഈ പദ്ധതികൾ ഒരു പദ്ധതിനിർവഹണ ഉദ്യോഗസ്ഥന്റെ (Project Officer) നേതൃത്വത്തിലാണ് നടന്നിരുന്നത്. അദ്ദേഹത്തിന്റെ കീഴിൽ മൃഗസംരക്ഷണം, വ്യവസായം, മരാമത്ത്, സഹകരണം തുടങ്ങിയ വിവിധ വിഭാഗങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥരും (Extension Officer) ഉണ്ടായിരിക്കും. ഓരോ പദ്ധതിയ്ക്കും 60-ഓളം വിവിധോദ്ദേശ്യ ഗ്രാമതലപ്രവർത്തകരും (Village level workers) 5 മുതൽ 10 വരെയുള്ള ഗ്രാമീണർക്ക് ഒരാൾ എന്ന ക്രമത്തിൽ ഉണ്ടായിരിക്കും.

നാഷണൽ എക്സ്റ്റൻഷൻ സർവ്വീസ് (National Extension Service - NES)

സമൂഹവികസന പരിപാടികൾക്ക് ലഭിച്ച ജനപിന്തുണയെത്തുടർന്ന് ഇത് വ്യാപിപ്പിക്കണമെന്ന് ആവശ്യമുണ്ടായി. എന്നാൽ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കുമുള്ള പദ്ധതിയുടെ വിപുലീകരണത്തിനു വിഭവപരിമിതി തടസ്സമായി. തുടർന്ന് 1953-ൽ നാഷണൽ എക്സ്റ്റൻഷൻ സർവ്വീസ് വിശാലമായ പങ്കാളിത്തത്തോടെ നടപ്പിലാക്കി. ഓരോ നാഷണൽ എക്സ്റ്റൻഷൻ സർവീസ് ബ്ലോക്കിലും 100 ഗ്രാമങ്ങളും ഏകദേശം 65,000 ജനങ്ങളും ഉൾപ്പെട്ടിരുന്നു. ഓരോ നാഷണൽ എക്സ്റ്റൻഷൻ സർവീസ് ബ്ളോക്കും

ഓരോ ബ്ലോക്ക് വികസന ഓഫീസർ നയിക്കുകയും നിരവധി ഗ്രാമസേവകർ പിന്തുണയ്ക്കുകയും ചെയ്തിരുന്നു. പിന്നീട് ഈ ഗ്രാമസേവകർ Extension Officer എന്നറിയപ്പെട്ടു.

സമൂഹവികസന ബ്ലോക്ക് (Community Development Block)



1954-ൽ നാഷണൽ എക്സ്റ്റൻഷൻ സർവ്വീസിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതും ജനകീയ പങ്കാളിത്തം കൂടുതലുള്ളതുമായവയെ സമൂഹവികസന ബ്ലോക്കായി മാറ്റി. ഇത്തരം ഓരോ സമൂഹവികസന ബ്ലോക്കിനേയും നയിച്ചത് ബ്ലോക്ക് വികസന ഓഫീസറായിരുന്നു. അദ്ദേഹത്തിനു സഹായകരമായി കൃഷി, മൃഗസംരക്ഷണം, സഹകരണം, വ്യവസായം, വിദ്യാഭ്യാസം, ശുചിത്വം, നിർമ്മാണം തുടങ്ങിയ ഓരോ മേഖലകളിലും നിർവ്വഹണ ഉദ്യോഗസ്ഥരും ഗ്രാമതല പ്രവർത്തകരും ഉണ്ടായിരുന്നു.

പഠനപ്രവർത്തനം

സമൂഹവികസനബ്ലോക്ക് സന്ദർശിച്ച് അവയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന കുറിപ്പ് തയ്യാറാക്കുക.

B. സാങ്കേതികവിദ്യാധിഷ്ഠിത സമീപനങ്ങൾ (Technological Package Approaches)

ഭക്ഷ്യവസ്തുക്കളുടെ ഇറക്കുമതി നിർത്തലാക്കി രാജ്യം സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതികൾ വിഭാവനം ചെയ്തത്. ഇതിനായി കാർഷികഉൽപാദന വർദ്ധനവിനുള്ള രീതികൾ അവലംബിച്ചു.

തീവ്രകാർഷിക ജില്ലാ പരിപാടി (Intensive Agriculture District Programme - IADP)

തീവ്രകാർഷിക ജില്ലാ പരിപാടി 1960-ൽ 15 തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിലായി ആരംഭിച്ചു. സാമ്പത്തിക സാങ്കേതിക വിഭവങ്ങളുടെ ലഭ്യത, പിന്തുണാസംവിധാനങ്ങൾ എന്നിവയിലൂടെ കാർഷികോല്പാദനം പരമാവധി വർദ്ധിപ്പിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ജലസേചനം, വെള്ളം കുറച്ചാവശ്യമുള്ള കൃഷി, ഭൂമി ഉപയോഗയോഗ്യമാക്കിത്തീർക്കൽ, വളങ്ങളുടെ വിതരണം, വിത്തുകളുടെ വർദ്ധിപ്പിക്കലും വിതരണവും, വിളസംരക്ഷണം, നവീകരിച്ച കാർഷിക ഉപകരണങ്ങളുടെ വിതരണം ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുക തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

തീവ്രകാർഷികമേഖലാ പരിപാടി (Intensive Agricultural Area Programme - IAAP) കുറഞ്ഞ മുതൽമുടക്കിൽ രാജ്യവ്യാപകമായി കൃഷിയിൽ നവീകരിച്ച സാങ്കേതികവിദ്യ വ്യാപിപ്പിക്കുക എന്നതായിരുന്നു സർക്കാരിന്റെ ലക്ഷ്യം. ഇതിന്റെ ഫലമായാണ് 1964-ൽ IAAP നിലവിൽ വന്നത്.

അത്യുല്പാദന ശേഷി കൈവരിക്കൽ പരിപാടി
(High yielding Variety Programme - HYVP)

തീവ്രകാർഷിക ജില്ലാ പരിപാടിയുടേയും തീവ്രകാർഷിക മേഖലാ പരിപാടികളുടേയും വ്യാപനം അത്യുത്പാദന ശേഷിയുള്ള വിത്തുകളുടെ ആവശ്യകതയിലേയ്ക്ക് നയിച്ചു. ആദ്യഘട്ടത്തിൽ അത്യുല്പാദന ശേഷിയുള്ള ഗോതമ്പ് മെക്സിക്കോയിൽ നിന്നും നെൽവിഭവങ്ങൾ ഫിലിപ്പീൻസിൽ നിന്നും പരീക്ഷണാടിസ്ഥാനത്തിൽ ഇറക്കുമതി ചെയ്തു. അതിനുശേഷം ഇന്ത്യൻ ശാസ്ത്രജ്ഞർ അത്യുൽപാദന ശേഷിയുള്ള ചോള ഇനങ്ങൾ വികസിപ്പിച്ചു. 1966-ൽ ആരംഭിച്ച പദ്ധതി ഭക്ഷ്യധാന്യ ഇറക്കുമതി ഇല്ലാതാക്കി, സ്വയം പര്യാപ്തത കൈവരിക്കാൻ ഇന്ത്യയെ സഹായിച്ചു. ഈ മേഖലയിലുള്ള സാങ്കേതികവികസനം പിന്നീടും തുടർന്നുകൊണ്ടിരുന്നു. ഇതുമൂലം സന്തുലിതമായ വളപ്രയോഗം, വിളസംരക്ഷണം, ജലസേചനം, പരിഷ്കരിച്ച ഉപകരണങ്ങൾ തുടങ്ങിയവയൊക്കെ നടപ്പിലായി. അങ്ങനെ ഹരിതവിപ്ലവം രാജ്യത്ത് നടപ്പിലായി. ഇതൊക്കെയാണെങ്കിലും പദ്ധതിയുടെ വിജയം ജലസേചനമുള്ള പ്രദേശങ്ങളിലും മികച്ച കർഷകരിലും മാത്രമായി ചുരുങ്ങി.

THE GREEN REVOLUTION



1940 മുതൽ 1970 വരെ കാർഷിക മേഖലയിൽ ഉൽപ്പാദനം വർധിപ്പിക്കാനായി ആഗോളതലത്തിൽ വ്യാപകമായി നടപ്പാക്കിയ ഗവേഷണ, വികസന, സാങ്കേതികവിദ്യാ കൈമാറ്റമാണ് ഹരിതവിപ്ലവം (Green Revolution). 1940-കളിൽ മെക്സിക്കോയിൽ ഡോ. നോർമൻ ഇ. ബോർലാഗിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ഈ പദ്ധതിയുടെ സമ്പൂർണവിജയം ക്രമേണ ലോകമാകെ വ്യാപിക്കുകയായിരുന്നു. ഹരിതവിപ്ലവത്തിന്റെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെട്ട അദ്ദേഹത്തിന് അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളായ സൊണോറ-64, ലെർമാ റോജോ-64 എന്നീ വിത്തിനങ്ങൾ ഉൽപ്പാദിപ്പിച്ചതിന് 1970-ൽ നോബൽ സമ്മാനം ലഭിച്ചു.

രാജ്യത്ത് നിലനിന്നിരുന്ന ഭക്ഷ്യക്ഷാമത്തെ തരണം ചെയ്യുവാൻ അന്നത്തെ കൃഷിമന്ത്രിയുടെ ഉപദേശകനായിരുന്ന എം.എസ്.സ്വാമിനാഥൻ ബോർലാഗിനെ ഇന്ത്യയിലേക്ക് ക്ഷണിച്ചു. ഇത്തരത്തിൽ ഭക്ഷ്യസുരക്ഷയ്ക്കും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും അക്ഷീണം പ്രയത്നിച്ചതിന്റെ ഫലമായി ഡോ. എം.എസ്. സ്വാമിനാഥൻ 'ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ്' എന്നറിയപ്പെടുന്നു.

C. നിർദ്ദിഷ്ട വിഭാഗത്തെ ലക്ഷ്യം വച്ചുള്ളതും മേഖലാധിഷ്ഠിതവുമായ സമീപനങ്ങൾ (Target group and area specific approaches)

വർദ്ധിച്ചുവരുന്ന സാമൂഹിക അസന്തുലിതാവസ്ഥ മനസ്സിലാക്കി 1970 മുതൽ ചില പുതിയ നയപരിപാടികൾ ഉണ്ടായി. ഇതു തിരഞ്ഞെടുത്ത വിഭാഗത്തെയും മേഖലകളെയും ലക്ഷ്യം വച്ചുകൊണ്ടുള്ളതുമായിരുന്നു. ഇത്തരം പ്രത്യേകമായ പദ്ധതികളിലൂടെ ഗ്രാമീണമേഖലയിലെ സാമ്പത്തികനിലവാരം ഉയർത്താനും സമൂഹത്തിലെ അസന്തുലിതാവസ്ഥ കുറക്കാനും സാധിച്ചു.

നിർദ്ദിഷ്ട വിഭാഗത്തെ ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികൾ (Target group programmes)

ഈ പദ്ധതികളിൽ പ്രധാനപ്പെട്ടവ ചെറുകിടകർഷകരുടെ വികസനസമിതി (Small farmers development agency) യും നാമമാത്രകർഷകരുടേയും കർഷകത്തൊഴിലാളികളുടേയും വികസനസമിതി (Marginal farmers and agricultural laboures development agency) യുമാണ്. പ്രധാന ലക്ഷ്യം ചെറുകിടകർഷകരേയും, നാമമാത്രകർഷകരേയും, കർഷകതൊഴിലാളികളേയും വികസനപ്രക്രിയയിൽ പങ്കാളികളാക്കുകയും അതുവഴി ഇത്തരം പ്രവർത്തനങ്ങളുടെ പ്രയോജനം ഇവർക്ക് ലഭ്യമാക്കുകയുമായിരുന്നു. സമൂഹത്തിലെ അവശവിഭാഗത്തിൽപ്പെട്ടവരുടെ വരുമാനവും ഉൽപാദനക്ഷമതയും വിവിധങ്ങളായ സഹായങ്ങളിലൂടെ ഉയർത്തിക്കൊണ്ടുവരുവാനുള്ള പരിപാടിയായിരുന്നു ഇത്.

മേഖലാധിഷ്ഠിത പരിപാടികൾ (Area Oriented Programmes)

ഈ വിഭാഗത്തിൽ പ്രധാനമായും 5 പദ്ധതികളാണുള്ളത്.

1. **വരൾച്ചാബാധിത മേഖലയ്ക്കായുള്ള പരിപാടികൾ**
   (Drought Prone Area Programme - DPAP)
2. **ആധിപത്യ മേഖലാ വികസനപരിപാടി**
   (Command Area Development Programme - CADP)
3. **മലയോര മേഖലാ വികസനപരിപാടി**
   (Hill Area Development Programme - HADP)
4. **മരുഭൂമി വികസനപരിപാടി**
   (Desert Development Programme - DDP)
5. **സംയോജിത തരിശുഭൂമി വികസനപരിപാടി**
   (Integrated wasteland Development Programme - IWDP)

ഈ പരിപാടികളുടെ പ്രധാനലക്ഷ്യം ഒരു പ്രദേശത്തെ എല്ലാ ഉൽപാദനക്ഷമമായ വിഭവങ്ങളുടേയും അനുയോജ്യമായ ഉപയോഗക്രമത്തിലൂടെ സംയോജിതവികസനം കൈവരിക്കുക എന്നതാണ്. സാധാരണജനങ്ങൾ പ്രാദേശിക വൈഷമ്യങ്ങൾമൂലം അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിൽനിന്നും മോചനം നേടാൻ ഈ പരിപാടികൾ വഴിയൊരുക്കുന്നു.

പഠനപ്രവർത്തനം

പ്രധാന മേഖലാധിഷ്ഠിതപരിപാടികളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

കൃഷിവിജ്ഞാൻ കേന്ദ്രം (Krishivigyan Kendra -KVK)

നിലവിലുള്ള കർഷകർക്കും കൃഷി സ്വയംതൊഴിലായി സ്വീകരിക്കുന്നവർക്കും ആവശ്യങ്ങളെ അടിസ്ഥാനമാക്കി കൂടുതൽ വിദഗ്ദ്ധ പരിശീലനം നൽകുകയാണ് കൃഷി വിജ്ഞാൻ കേന്ദ്രയുടെ ഉദ്ദേശ്യം. ആദ്യത്തെ കൃഷിവിജ്ഞാൻ കേന്ദ്രം 1974-ൽ പോണ്ടിച്ചേരിയിലാണ് ആരംഭിച്ചത്. കാർഷികോൽപ്പാദന വർദ്ധന സാധ്യമാകുന്നവിധം പരിശീലനസഹായം ചെയ്തുകൊടുക്കുക എന്നതാണീ പദ്ധതിയുടെ ലക്ഷ്യം.



സംയോജിത ശിശുവികസന പരിപാടി (1975–1976)

(Integrated Child Development Services - ICDS)

സംയോജിത ശിശുവികസനപദ്ധതി ലക്ഷ്യം വയ്ക്കുന്നത് പോഷകാഹാര വിതരണം, രോഗപ്രതിരോധമരുന്നുകൾ, ആരോഗ്യപരിശോധന തുടങ്ങിയവയിലൂടെ 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും ഗർഭിണികളായ സ്ത്രീകൾക്കും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കലാണ്. കൂടാതെ അനൗപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം, കൊച്ചുകുട്ടികൾക്കും അമ്മമാർക്കും ആരോഗ്യ-പോഷണ കാര്യങ്ങളെക്കുറിച്ചുള്ള പഠനക്ലാസ്സുകൾ നൽകുന്നു.

ജോലിയ്ക്കു പകരം ഭക്ഷണം പരിപാടി (Food for work programme - FFW)

1977 ഏപ്രിൽ മാസത്തിൽ തുടങ്ങിയ ഒരു പദ്ധതിയാണിത്. ഇത് ലക്ഷ്യം വയ്ക്കുന്നത് ദാരിദ്ര്യനിർമ്മാർജ്ജനവും ഗ്രാമപ്രദേശങ്ങളിൽ പൊതു ആസ്തികൾ/സ്ഥാപനങ്ങളുടെ നിർമ്മാണവുമാണ്. ഇതിനായി ദരിദ്ര ഗ്രാമീണർക്ക് പ്രത്യേകിച്ചും തൊഴിൽ ക്ഷാമമുള്ള സമയങ്ങളിൽ തൊഴിൽ പ്രദാനം ചെയ്യുന്നു. ഇതിൽ കൂലി ഭക്ഷ്യധാന്യങ്ങളായി സഹായവിലയ്ക്ക് നൽകി ഗുണഭോക്താക്കൾക്ക് അത്യാവശ്യ പോഷണം ഉറപ്പ് വരുത്തുന്നു.

അന്ത്യോദയ പരിപാടി (Antyodaya programme)

ദരിദ്രരിൽ ദരിദ്രരായവരെ ഉയർത്തിക്കൊണ്ടുവരുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. അന്ത്യോദയ എന്ന് പറഞ്ഞാൽ ഒരു വരിയിലെ ഏറ്റവും ഒടുവിലത്തെ ആളിന്റേയും ക്ഷേമം എന്നതാണ്. 1978-ലെ ജനതാ സർക്കാർ ആണ് ഇത് വിഭാവന ചെയ്തത്. ഈ പരിപാടി നിലനിന്നിടത്തോളം കാലം ഓരോ വർഷവും ഓരോ ഗ്രാമത്തിലേയും ദരിദ്രരിൽ ദരിദ്രരായ അഞ്ച് കുടുംബങ്ങളെ കണ്ടെത്തി അവരുടെ സാമ്പത്തിക ഉയർച്ചയ്ക്കായുള്ള പ്രയത്നങ്ങൾ നടത്തിയിരുന്നു.

മേൽപറഞ്ഞ പ്രധാന പദ്ധതികൾക്കു പുറമേ വേറെയും ചില പരിപാടികൾ നടപ്പിലാക്കിയിരുന്നു.

D സംയോജിത ഗ്രാമവികസന സമീപനം (Integrated Rural Development approach)

1970-കളോടെ ഗവൺമെന്റ് ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി നേരിട്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങി. ഇതിനായി നിരവധി പരിപാടികൾ ആസൂത്രണം ചെയ്തു. ഇതിൽ പരിശീലനപരിപാടികൾ, വായ്പാ-സഹായധന പരിപാടി, സ്വയം തൊഴിൽസഹായ പരിപാടികൾ, സാമൂഹ്യസഹായ പദ്ധതികൾ തുടങ്ങിയവ ഉൾപ്പെടുന്നു. പ്രധാനമായവ ചുവടെ ചേർക്കുന്നു.

1. സംയോജിത ഗ്രാമവികസന പരിപാടി (Integrated Rural Development Programme - IRDP)

1978 - 79 കാലഘട്ടത്തിലാണ് IRDP ആരംഭിച്ചത്. പാവപ്പെട്ട ഗ്രാമീണർക്ക് സ്വയം തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് വരുമാനമുള്ള ആസ്തികൾ പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണിത്. ഈ പദ്ധതിയുടെ പ്രധാന ധർമ്മം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സഹായം നൽകി അവരുടെ വരുമാനം വർദ്ധിപ്പിച്ച് ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്താൻ പ്രാപ്തരാക്കുക എന്നതാണ്.

ഈ പദ്ധതിയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണ കുടുംബാംഗങ്ങൾക്ക് സർക്കാർ സഹായധനവും, ധനകാര്യസ്ഥാപനങ്ങൾ കാലാവധി വച്ച് വായ്പയും നൽകിയിരുന്നു.

1980-81-ഓടെ രാജ്യത്തെ എല്ലാ വികസന ബ്ലോക്കുകളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിച്ചു. ജില്ലാഗ്രാമവികസന സമിതിയായിരുന്നു ഈ പദ്ധതിയുടെ പ്രധാന കാര്യനിർവ്വഹണസമിതി.പദ്ധതി നിർവ്വഹണത്തിനായി ബ്ലോക്കുതലത്തിൽ നിരവധി എക്സ്റ്റൻഷൻ ഓഫീസർമാർ പ്രവർത്തിക്കുന്നുണ്ട്.

2. ഗ്രാമീണയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം (Training of Rural Youth for Self Employment - TRYSEM)

1979 ആഗസ്റ്റ് 15-നാണ് ഗ്രാമീണയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലന പരിപാടി ആരംഭിച്ചത്. ഇത് സംയോജിത ഗ്രാമവികസനപരിപാടിയുടെ അനുബന്ധ പരിപാടിയായിരുന്നു. കൃഷി, അനുബന്ധ പ്രവർത്തനങ്ങൾ, സേവന മേഖലകൾ, വ്യവസായം എന്നിവയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ ഗ്രാമീണ യുവാക്കൾക്ക് സാങ്കേതികവൈദഗ്ദ്ധ്യം നൽകുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. 18 നും 35 നും ഇടയിൽ പ്രായമുള്ള യുവാക്കൾക്കാണ് പരിശീലനം നൽകുന്നത്. പട്ടികജാതി-വർഗവിഭാഗത്തിനും, സ്ത്രീകൾക്കും, വിമുക്ത ഭടൻമാർക്കും മുൻഗണന നൽകിയിരുന്നു.

3. ഗ്രാമീണമേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും വികസനം (Development of women and children in rural areas - DWCRA)

സംയോജിത ഗ്രാമവികസനപരിപാടിയുടെ അനുബന്ധപരിപാടിയായി 1982-83 കാലത്ത് ആരംഭിച്ച പദ്ധതിയാണ് ഗ്രാമീണമേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും വികസന പരിപാടി. ഇതിന്റെ ലക്ഷ്യം സ്ത്രീകളെ വരുമാനം ഉള്ളവരാക്കി മാറ്റിയെടുക്കുകയും പ്രദേശത്തെ സാധന സേവനങ്ങളുടെ ഉപഭോക്താക്കളാക്കുകയുമാണ്. ഗ്രാമീണമേഖലയിൽ പാർക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കാണ് മുൻഗണന നൽകിയിരുന്നത്. ഇവരെ പല കൂട്ടങ്ങളായി തിരിച്ച് അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയും അവർ നേരിടുന്ന പ്രശ്നങ്ങൾ പദ്ധതിയിൽ കൈകാര്യം ചെയ്യുന്നതിനും പ്രാപ്തമാക്കുന്നതായിരുന്നു ഈ പദ്ധതി.

4. തൊഴിൽ ഉറപ്പ് പദ്ധതി (Employment Assurance scheme - EAS)

1993-ലാണ് തൊഴിൽ ഉറപ്പ് പദ്ധതി ആരംഭിച്ചത് ഗ്രാമീണ തൊഴിലില്ലായ്മയും താണ തൊഴിലവസ്ഥയും (under employment) തരണം ചെയ്യുന്നതിനായാണ് ഇത് വിഭാവന ചെയ്തത്. കാർഷികമേഖല ശുഷ്ക്കിക്കുന്ന കാലാവസ്ഥയിൽ 100 ദിവസത്തെ ജോലി യഥാർത്ഥത്തിൽ ആവശ്യമുള്ളവർക്കും ജോലി അന്വേഷിക്കുന്നവർക്കും ഉറപ്പാക്കുന്ന പദ്ധതിയാണിത്. ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ കുറഞ്ഞ കാർഷികവൃത്തിയുള്ള കാലാവസ്ഥയിൽ നേട്ടമുള്ള തൊഴിൽ പ്രദാനം ചെയ്യുക എന്നതും സുസ്ഥിരവികസനത്തിനും തൊഴിലിനുമായി സാമ്പത്തിക സാഹചര്യങ്ങളും പൊതു ആസ്തികൾ ഉണ്ടാക്കുക എന്നതുമാണ്.

5. പ്രധാനമന്ത്രി റോസ്ഗാർ യോജന (Prime Ministers Rozgar Yojana - PMRY)

അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി റോസ്ഗാർ യോജന. 1993 ഒക്ടോബർ 2-നാണ് ഇത് ആരംഭിച്ചത്. ഈ പദ്ധതിയിൽ 18-നും 35-നും മദ്ധ്യേ പ്രായമുള്ള 25000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ യുവാക്കൾക്കാണ് സഹായം നൽകിയിരുന്നത്.

മേൽപറഞ്ഞ പദ്ധതികൾ കൂടാതെ ധാരാളം പദ്ധതികൾ ഈ വിഭാഗത്തിൽ ഇന്ത്യയിൽ നടപ്പിലാക്കിയിട്ടുണ്ട്. അവയിൽ ചിലപദ്ധതികൾ പേരുകൾ ചുവടെ ചേർക്കുന്നു.

6. പരീക്ഷണ ശാലയിൽ നിന്ന് കൃഷിയിടത്തിലേക്ക് (Lab to Land Programme - LLP)

7. ദേശീയ ഗ്രാമീണതൊഴിൽദാനപദ്ധതി (National Rural Employment Programme - NREP)

8. ദേശീയ കൃഷി വ്യാപന പദ്ധതി (National Agricultural Extension Project - NAEP)

9. ഭൂരഹിത ഗ്രാമീണർക്കുള്ള തൊഴിൽഉറപ്പ് പരിപാടി (Rural landless Employment Gurantee Programme - RLEGP)

10. ജവഹർ റോസ്ഗാർ യോജന (Jawahar Rozgar Yojana - JRY)
11. ദശലക്ഷം കിണർ പദ്ധതി (Million wells scheme - MWS)
12. ഇന്ദിര ആവാസ് യോജന (Indira Awaaz Yojana - IAY)
13. ജവഹർ ഗ്രാമസമൃദ്ധി യോജന (Jawahar Gram Samridhi Yojana - JGSY)
14. ദേശീയ സാമൂഹ്യപിന്തുണാ പദ്ധതി (National Social Assistance Programme - NSAP)

പഠനപ്രവർത്തനം

സംയോജിത ഗ്രാമവികസനപരിപാടികളിൽ ഏറ്റവും ജനപ്രീതി നേടിയ പദ്ധതി യേതെന്ന് കണ്ടെത്തി അതിനെപ്പറ്റി വിശദമായ റിപ്പോർട്ട് തയാറാക്കുക.

E. ഗ്രാമവികസനത്തിനുള്ള സംഘടിത സമീപനം (Group approach to Rural Development)

ഗ്രാമീണമേഖലയിലെ വികസന പരിപാടികളുടെ ബാഹുല്യം സമയവും പണവും നഷ്ടമാക്കുന്നതിന് ഇടയാക്കി. മാത്രവുമല്ല ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ലക്ഷ്യം പൂർത്തീകരിച്ചുമില്ല. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും നിലവിലുള്ള എല്ലാ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും കൂട്ടിച്ചേർത്ത് ചുരുക്കം ചില പദ്ധതികളായി അവയെ പുന:ക്രമീകരിക്കുകയും ചെയ്തു. അത്തരം പുതുക്കിയ പദ്ധതികളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്.

1. സ്വർണ്ണജയന്തി ഗ്രാം സ്വരോസ്ഗാർ യോജന (Swarnajayanthi Gram Swarozgar Yojana - SGSY)

നേരത്തേയുണ്ടായിരുന്ന IRDP, TRYSEM, DWCRA, MWS തുടങ്ങിയവ സമന്വയിപ്പിച്ച് 1999 ഏപ്രിൽ 1-ന് ആരംഭിച്ച പദ്ധതിയാണിത്. ഗവൺമെന്റ് സഹായധനത്തിലൂടെയും ബാങ്ക് വായ്പയിലൂടെയും വരുമാനം നൽകുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് പാവപ്പെട്ട കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം.

2. പ്രധാൻമന്ത്രി ഗ്രാം സഡക് യോജന (Pradhan Manthri Gram Sadak Yojana - PMGSY)

ഗ്രാമങ്ങളെ തമ്മിൽ കൂട്ടിയോജിപ്പിക്കുന്നതിനായി 2000 ഡിസംബറിൽ ആരംഭിച്ച പദ്ധതിയാണിത്. 500-ലധികം ആളുകൾ താമസിക്കുന്ന പ്രദേശങ്ങൾ തമ്മിൽ എല്ലാ കാലാവസ്ഥയ്ക്കുമനുയോജ്യമായി റോഡ് വഴി കൂട്ടിച്ചേർക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. മലയോരമേഖലയിലും ആദിവാസിമേഖലയിലും മരുഭൂമേഖലയിലും ജനസംഖ്യാനുപാതം 500 എന്നത് 250 ആക്കി കുറച്ചിട്ടുണ്ട്. ഇതിന്റെ പദ്ധതി ചിലവ് മുഴുവൻ കേന്ദ്രമാണ് വഹിച്ചിരുന്നത്. ഗ്രാമവികസന മന്ത്രാലയമാണ് ഇത് നടപ്പിലാക്കിയത്.

3. നഗരസൗകര്യങ്ങൾ ഗ്രാമീണമേഖലയിൽ പ്രദാനം ചെയ്യൽ (Providing Urban Amenities in Rural Areas - PURA)

2004 ജനുവരിയിൽ ആരംഭിച്ച പദ്ധതിയാണിത്. സന്തുലിതമായ സാമൂഹ്യ സാമ്പത്തികവികസനത്തിലൂടെ ഗ്രാമ-നഗര വിഭജനം ഇല്ലാതാക്കുക എന്നതായിരുന്നു ലക്ഷ്യം. ഗ്രാമമേഖലയിൽ പുതിയ ഭൗതിക, സാങ്കേതിക അറിവുകൾ പ്രദാനം ചെയ്ത് അതുവഴി ഗ്രാമകൂട്ടായ്മക്ക് സാമ്പത്തികാഭിവൃദ്ധി ഉണ്ടാക്കുകയായിരുന്നു പ്രഖ്യാപിത ലക്ഷ്യം. സംരഭകത്വം വിവിധ നിർവ്വഹണപ്രവർത്തനങ്ങൾ-സ്കൂൾ, ആരോഗ്യപരിപാലന യൂണിറ്റുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, ടൂറിസം, ICTകേന്ദ്രങ്ങൾ, ബാങ്കിംഗ് സിസ്റ്റം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

4. ദേശീയഗ്രാമീണ ആരോഗ്യ മിഷൻ (National Rural Health Mission - NRHM)



2005 ഏപ്രിൽ 12-ന് ദേശീയഗ്രാമീണ ആരോഗ്യ മിഷൻ ആരംഭിച്ചു.

പ്രധാന ലക്ഷ്യങ്ങൾ

1. ഗ്രാമീണജനതയ്ക്ക് ഫലപ്രദമായ ആരോഗ്യസംരക്ഷണം നൽകുക.
2. ആരോഗ്യസംരക്ഷണ മാർഗ്ഗങ്ങളുടെ ലഭ്യത കൂട്ടുക.
3. സാമൂഹ്യ ഉടമസ്ഥതയും സേവനത്തിന്റെ ആവശ്യകതയും ബലപ്പെടുത്തുക.
4. സേവനം എത്തിക്കുന്നതിനായി പൊതുആരോഗ്യ വ്യവസ്ഥ മെച്ചപ്പെടുത്തുക.
5. ഗുണനിലവാരവും ഉത്തരവാദിത്തപരതയും ഉയർത്തുക.
6. മറ്റ് ആരോഗ്യമേഖലകളുമായുള്ള സമന്വയവും വികേന്ദ്രീകരണവും പ്രോൽസാഹിപ്പിക്കുക.

പഞ്ചായത്ത് രാജിൽപ്പെടുന്ന സ്ഥാപനങ്ങൾക്ക് മറ്റ് പൊതു ആരോഗ്യ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും നടത്തുന്നതിനുമുള്ള പരിശീലനവും മറ്റും ദേശീയ ആരോഗ്യദൗത്യപദ്ധതി പ്രദാനം ചെയ്യുന്നു. ജില്ലാ ആരോഗ്യദൗത്യ പരിപാടി (DHM), പൊതുജനാരോഗ്യകേന്ദ്രങ്ങൾ (PHC), സാമൂഹ്യആരോഗ്യകേന്ദ്രം (CHC) തുടങ്ങിയവ NRHM-ന്റെ കീഴിൽ വരുന്നവയാണ്. നഗരപ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തി ഇപ്പോൾ ഈ പദ്ധതി NHM എന്നാണറിയപ്പെടുന്നത്.

5. ഭാരത് നിർമ്മാൺ (Bharat Nirman)

ഗ്രാമീണഇന്ത്യയുടെ മുഖച്ഛായ മാറ്റുന്നതിനായി ആരംഭിച്ച, നാലുവർഷം (2005-2009) നീണ്ടുനിന്ന പദ്ധതിയാണിത്. 2005 മെയ് 16-ന് ആണ് ഈ പദ്ധതി ആരംഭിച്ചത്. ഭാരത്

നിർമ്മാൺ എന്നത് ഗ്രാമീണ ഭൗതിക സാഹചര്യ വികസനത്തിനുള്ള ഒരു ആസൂത്രണമാണ്. പദ്ധതിയിലൂടെ ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ, കുടിവെള്ളം, പാർപ്പിടം, വൈദ്യുതി, ടെലിഫോൺ മുതലായവ വർധിപ്പിക്കുന്നതിനു കൂടുതൽ അവസരമൊരുക്കി.

6. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (Mahatma Gandhi National Rural Employment Gurantee Programme)



ദേശീയഗ്രാമീണ തൊഴിൽ ഉറപ്പ് നിയമം (NREGA)2000-ൽ നടപ്പിലായി. പ്രത്യേക വൈദഗ്ദ്ധ്യം ആവശ്യമില്ലാത്ത ശാരീരികാധ്വാനം ആവശ്യമുള്ള ജോലികൾ ചെയ്യാൻ സന്നദ്ധരായിട്ടുള്ള പ്രായപൂർത്തിയായ ഗ്രാമീണകുടുംബാംഗങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പു വരുത്തുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ രാജ്യത്ത് 200 ജില്ലകൾ തിരഞ്ഞെടുത്താണ് പദ്ധതി നടപ്പിലാക്കിയത്.

ഗ്രാമീണ ഇന്ത്യയിലെ തൊഴിലില്ലായ്മ പരിഹരിക്കുക എന്നതായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഒരു വർഷത്തിനുശേഷം ഈ പദ്ധതി പുനർനാമകരണം ചെയ്ത് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (MGNREGA) എന്നാക്കി.

ഉൽപാദനപരമായ തൊഴിൽ ശക്തികൾ ഗ്രാമങ്ങളിൽ സൃഷ്ടിച്ച് ദാരിദ്ര്യവും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനുള്ള ആയുധമായിട്ടാണ് MGNREG കണക്കാക്കപ്പെടുന്നത്. റോഡ്നിർമ്മാണം, ജലസ്രോതസ്സുകളുടെ ശുചീകരണം, മണ്ണിന്റേയും ജലത്തിന്റേയും സംരക്ഷണജോലികൾ തുടങ്ങിയവയൊക്കെ ഈ പദ്ധതിയിലൂടെ നടപ്പിലാക്കി. സ്വതന്ത്ര ഇന്ത്യയിലെ ഏറ്റവും വിജയം നേടിയ ദാരിദ്ര്യനിർമ്മാർജ്ജന പരിപാടിയായി ഇതു കണക്കാക്കപ്പെടുന്നു.

പഠനപ്രവർത്തനം

ഇന്നുള്ള ദേശീയതൊഴിലുറപ്പുപദ്ധതിയെക്കുറിച്ച് വിശദമായ ലേഖനം തയ്യാറാക്കുക.

പഠനപുരോഗതി വിലയിരുത്താം

7. ഗ്രാമീണ കുടുംബാംഗങ്ങൾക്ക് 100 ദിവസത്തെ തൊഴിൽ ഉറപ്പു വരുത്തുന്ന പദ്ധതി ഏതാണ്
8. 1933 -ൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ ഗ്രാമവികസന പരീക്ഷണം.
9. ഗ്രാമവികസനത്തിനുള്ള സംഘടിത സമീപനത്തിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതികൾ
10. ഗ്രാമീണ ജനതയ്ക്ക് ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്താനുള്ള പദ്ധതി ഏത്

ഗ്രാമവികസന നിർവഹണ ഏജൻസികൾ (Rural Devlopment Implementing Agencies)

ഗ്രാമവികസനപദ്ധതികൾക്ക് നേതൃത്വം നൽകുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകളാണ്. ജില്ലാ ഗ്രാമവികസന സമിതി (DRDA), ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക് (NABARD), വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ (VEO's), ബ്ലോക്കുകൾ, പഞ്ചായത്തുകൾ എന്നിവയാണ് ഗ്രാമവികസന നിർവഹണത്തിൽ പ്രധാന ചുമതല വഹിക്കുന്ന സർക്കാർ വകുപ്പുകൾ. ഇതു കൂടാതെ ചില സാമൂഹിക സന്നദ്ധ സംഘടനകളും (Voluntary Organizations) സർക്കാരിതര സംഘടനകളും (Non Governmental Organizations) സഹകരണ സംഘങ്ങളും വിവിധങ്ങളായ ഗ്രാമവികസന പരിപാടികളിൽ പങ്കാളികളാകുന്നുണ്ട്.

ഗ്രാമവികസനത്തിൽ ഉന്നത പരിഗണന ലഭിക്കുന്നതിനായി ഗ്രാമവികസന വകുപ്പ് (Department of Rural Development) 1974-ൽ ഭക്ഷ്യ-കൃഷി മന്ത്രാലയത്തിനു (Ministry of Food and Agriculture) കീഴിൽ ആരംഭിച്ചു. പിന്നീട് ഈ വകുപ്പിൽ വളരെയധികം മാറ്റങ്ങൾ വരികയും ഇന്ന് ഇതു ഗ്രാമവികസന മന്ത്രാലയം എന്ന പേരിൽ പുതിയ ഒരു പ്രധാന വകുപ്പായി മാറുകയും ചെയ്തു.

ഗ്രാമവികസന മന്ത്രാലയം (Ministry of Rural Developement - MORD)

കേന്ദ്ര സർക്കാരിന്റെ ഏറ്റവും ഉന്നത ഗ്രാമവികസന വിഭാഗമാണ് ഗ്രാമവികസന മന്ത്രാലയം. രാജ്യത്തിന്റെ ആകമാനമുള്ള വികസന തന്ത്രങ്ങളിൽ ഇത് നിർണായക പങ്ക് വഹിക്കുന്നുണ്ട്. ഈ വകുപ്പ് ധാരാളം ഗ്രാമവികസന നയങ്ങളും പരിപാടികളും രൂപകൽപ്പന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ഗ്രാമീണ ഇന്ത്യയുടെ സുസ്ഥിരവും സമഗ്രവുമായ വികസനമാണ് ഈ വകുപ്പിന്റെ കാഴ്ചപ്പാടും ലക്ഷ്യവും. ഇതിനായി ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും സാമൂഹിക സുരക്ഷാ വലയം സൃഷ്ടിച്ചും വികസനത്തിന്റെ അടിസ്ഥാന സാഹചര്യം വർദ്ധിപ്പിച്ചും ദാരിദ്ര്യ നിർമ്മാർജനം നടപ്പിലാക്കാൻ വേണ്ട ആസൂത്രണങ്ങൾ നടത്തുന്നു. ഇത്തരം പ്രവർത്തനങ്ങൾ ഗ്രാമീണ ജീവിത നിലവാരം ഉയർത്താനും വികസന നേട്ടങ്ങൾ ഏറ്റവും അവശവിഭാഗത്തിനും പ്രാപ്തമാക്കാനും ഉതകും വിധത്തിലുള്ളതാണ്.

ഗ്രാമവികസന മന്ത്രാലയത്തിന് പ്രധാനമായും മൂന്ന് വിഭാഗങ്ങളാണ് ഉള്ളത്

1. ഗ്രാമവികസന വകുപ്പ് (Department of Rural Development)
2. ഭൂവിഭവ വകുപ്പ് (Department of Land Resources)
3. കുടിവെള്ള വിതരണ വകുപ്പ് (Department of Drinking Water Supply)

ഗ്രാമവികസന വകുപ്പ് സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നിരവധി പ്രവർത്തനങ്ങൾ ഗ്രാമീണ മേഖലയിൽ നടപ്പിലാക്കുന്നുണ്ട്. ദാരിദ്ര്യ നിർമ്മാർജനം തൊഴിൽ വർദ്ധിപ്പിക്കൽ, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ, അവശ്യ സേവനങ്ങൾ തുടങ്ങിയവയൊക്കെ ലക്ഷ്യം വച്ചുകൊണ്ടാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നത്.

സംസ്ഥാന ഗ്രാമവികസന വിഭാഗം (State Rural Development Department-SRD)

ഗ്രാമവികസന മന്ത്രാലയമല്ലാതെ എല്ലാ സംസ്ഥാനങ്ങൾക്കും സംസ്ഥാന ഗ്രാമവികസന വകുപ്പ് (State Rural Development Department-SRD) എന്ന ഒരു വിഭാഗമുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ഗ്രാമവികസന മന്ത്രാലയത്തിന്റേതിനു സമാനമാണുതാനും. ഓരോ സംസ്ഥാനത്തിനും വേണമെങ്കിൽ അവരുടെ തനതായ ഗ്രാമവികസന പരിപാടികൾ ഇതിലൂടെ ആസൂത്രണം ചെയ്യാം. അല്ലെങ്കിൽ ഗ്രാമ വികസന മന്ത്രാലയത്തിന്റെ സഹായത്തോടുകൂടിയോ നടപ്പിലാക്കാം. ഈ വകുപ്പിന്റെ പ്രധാന കർത്തവ്യം പദ്ധതികൾക്കുള്ള തുകകൾ കണ്ടെത്തുക, അവയുടെ പ്രവർത്തനം നിരീക്ഷിക്കുക, പ്രവർത്തനങ്ങൾ വിലയിരുത്തുക എന്നിവയൊക്കെയാണ്.

നബാർഡ് - ദേശീയ ഗ്രാമീണ കാർഷിക വികസന ബാങ്ക്
(National Bank for Agriculture and Rural Development-NABARD)

1982-ജൂലൈ 12-നും ആണ് NABARD നിലവിൽ വന്നത്. ഇന്ത്യയുടെ ഉയർന്ന ഗ്രാമവികസനബാങ്കായ നബാർഡ് ആരംഭിച്ചത് ഇന്ദിരാ ഗാന്ധിയുടെ കാലത്താണ്. ഇതിന്റെ ആസ്ഥാനം മഹാരാഷ്ട്രയിലെ മുംബൈ ആണ്. സുസ്ഥിരമായ കാർഷിക വികസനവും ഗ്രാമീണ അഭിവൃദ്ധിയും ഫലവത്തായ വായ്പാ സഹായത്തോടെയും അനുബന്ധ പ്രവർത്തനങ്ങളിലൂടെയും സ്ഥാപനവികസനത്തിലൂടെയും മറ്റ് പുതുമയുള്ള സംരംഭങ്ങളിലൂടെയും നടപ്പിലാക്കുകയാണ് NABARD -ന്റെ ലക്ഷ്യം.

NABARD

ജില്ലാ ഗ്രാമവികസന ഏജൻസി
(District Rural Development Agency-DRDA)

ഗ്രാമവികസന മന്ത്രാലയം നടപ്പിലാക്കുന്ന വിവിധ ദാരിദ്ര്യ നിർമ്മാർജന പരിപാടികൾ ജില്ലാ തലത്തിൽ ഏകോപനം നടത്തുന്നതിനായി 1980-ൽ ആരംഭിച്ച പ്രധാന ഏജൻസിയാണ് ജില്ലാ ഗ്രാമവികസന സമിതി. സർക്കാരിന്റേയും സർക്കാരിതരസമിതികളുടേയും സഹകരണത്തോടെ അതതു ജില്ലകളിൽ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജന പരിപാടികൾക്ക് സാങ്കേതികവും സാമ്പത്തികവുമായ സഹായം കണ്ടെത്തുന്നതിനുള്ള ആസൂത്രണം നടത്തി പദ്ധതി വിജയപ്രദമായി നടപ്പിലാക്കുക എന്നതാണ് ഈ സമിതിയുടെ കർത്തവ്യം.

പരിശീലനകേന്ദ്രങ്ങൾ (Training Institutions)

ശരിയായ ഗ്രാമവികസനം നടപ്പിലാക്കുന്നതിന് പരിശീലനവും ഗവേഷണവും അത്യാവശ്യമാണെന്ന കണ്ടെത്തലാണ് വിവിധ പരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. ഇതിനായി ദേശീയ തലത്തിലും സംസ്ഥാന തലത്തിലും തുടങ്ങിയ പരിശീലന സ്ഥാപനങ്ങളാണ് യഥാക്രമം NIRD - The National Institute of Rural Development, SIRD - State Institute of Rural Development എന്നിവ.

ഗ്രാമവികസനത്തിൽ സർക്കാരിതര സന്നദ്ധ സംഘടനകളുടെ പങ്ക് (Role of NGO in Rural Development)



പ്രാദേശികമായോ, ദേശീയമായോ, അന്തർദേശീയമായോ രൂപീകൃതമായ ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന പൗര കൂട്ടായ്മയാണ് അഥവാ സംഘടനയാണ് സർക്കാരിതര സന്നദ്ധ സംഘടന (NGO) എന്നറിയപ്പെടുന്നത്. പൊതു താൽപ്പര്യം ലക്ഷ്യം വച്ച് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുണ്ട്.

പൊതു താൽപര്യത്തിനായി നിലകൊള്ളുന്ന സർക്കാരിതര സന്നദ്ധ സംഘടനകൾ വിവിധോദ്ദേശ്യങ്ങളായി വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നു. മനുഷ്യാവകാശം, പരിസ്ഥിതി, ഗ്രാമവികസനം, പുനരധിവാസം, ആരോഗ്യം തുടങ്ങി പ്രത്യേകമായ മേഖലകളിൽ NGO കൾ പ്രവർത്തിക്കുന്നുണ്ട്.

ഇന്ത്യയുടെ വികസനത്തിൽ NGO കളുടെ പങ്ക് വലുതാണ്. സാമൂഹിക സാമ്പത്തിക വികസനം, ജീവിത നിലവാരം ഉയർത്തൽ, ശാക്തീകരണം, സ്ത്രീ-ശിശു വികസനം, പൗരന്മാരുടെ വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവയിൽ NGO കൾ നിർണായക പങ്കു വഹിക്കുന്നുണ്ട്.

വികസന ദൗത്യം സർക്കാരുകൾ മാത്രം വിചാരിച്ചാൽ പരിപൂർണമായി നടപ്പാക്കാനാവുകയില്ല. ഇവിടെ കൂട്ടായ പ്രവർത്തനം അനിവാര്യമാണ്. വിവിധങ്ങളായ വകുപ്പുകളുടേയും സമിതികളുടേയും സർക്കാരിതര സംഘടനകളുടേയും കൂട്ടായ്മയുണ്ടെങ്കിൽ നമുക്ക് ഈ ദൗത്യം പൂർത്തീകരിക്കാം. അതുകൊണ്ടുതന്നെ ഇന്ന് NGO കളുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചു വരുന്നുമുണ്ട്.

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ (Khadi and Village Industries Commission-KVIC)



1956-ലെ പാർലമെന്റ് ആക്ട് പ്രകാരം 1957 ഏപ്രിലിൽ ഖാദിയും ഗ്രാമീണ വ്യവസായങ്ങളും വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ആരംഭിച്ച സമിതിയാണ് ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ (KVIC). പിന്നീട് 1987-ൽ ഈ നിയമം പാർലമെന്റ് ഭേദഗതി ചെയ്തു.

ഖാദിയുടേയും ഗ്രാമീണ വ്യവസായങ്ങളുടേയും വികസന പദ്ധതികൾ ആസൂത്രണം ചെയ്യുകയും പ്രോത്സാഹനം നൽകുകയും സംഘടിപ്പിക്കുകയും ചെയ്യുക. ഖാദി ഗ്രാമീണ വ്യവസായ വികസന പെരിപാടികളും പദ്ധതികളും നടപ്പിലാക്കൽ തുടങ്ങി നിരവധി കാര്യങ്ങൾ KVIC നിർവഹിക്കുന്നു. കൂടാതെ ഗ്രാമവികസനത്തിൽ മറ്റ് സമിതികളോടൊത്തുചേർന്ന് KVIC വിവിധങ്ങളായ പ്രവർത്തനങ്ങൾ ചെയ്യുന്നുമുണ്ട്.

പഠനപ്രവർത്തനം

നിങ്ങളുടെ പ്രദേശത്ത് ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെങ്കിലുമുണ്ടോ എന്ന് കണ്ടെത്തി അവയുടെ പ്രവർത്തന റിപ്പോർട്ട് തയാറാക്കുക.

കുടുംബശ്രീ – ഒരു കേരള സംരംഭം
(Kudumbashree-A Kerala Initiative)

ഇ.കെ. നായനാർ സർക്കാർ 1998-ൽ തുടങ്ങിയ ഒരു ദാരിദ്ര്യ നിർമ്മാർജ്ജന സംരംഭമാണ് കുടുംബശ്രീ. പ്രാദേശിക സർക്കാരുകളുടെ സഹായത്തോടെ സംഘടിതമായ പ്രവർത്തനങ്ങളിലൂടെ പരിപൂർണമായി ദാരിദ്ര്യം തുടച്ചു നീക്കുന്നതിനായി ആരംഭിച്ചതാണിത്. ഇന്ന് രാജ്യത്തെ തന്നെ ഏറ്റവും വലിയ സ്ത്രീ ശാക്തീകരണ പ്രസ്ഥാനമായി ഇത് മാറിക്കഴിഞ്ഞു. 40 ലക്ഷത്തോളം അംഗങ്ങളുള്ള ഈ പ്രസ്ഥാനം കേരളത്തിലെ 50 ശതമാനത്തോളം കുടുംബങ്ങളേയും ഉൾക്കൊള്ളുന്നു. അവശവിഭാഗത്തിൽപ്പെടുന്ന സ്ത്രീകളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിലൂടെ ജീവിത സാഹചര്യവും ഭാവിയും മെച്ചപ്പെടുത്തുന്നതിലുമെല്ലാം കുടുംബശ്രീ വളരെയധികം വിജയിച്ചിട്ടുണ്ട്. അങ്ങനെ കുടുംബശ്രീ, ആ പദം അന്വർഥമാക്കുന്നതുപോലെ, കുടുംബത്തിന്റെ ഐശ്വര്യം എന്നതിന്റെ ഉദാഹരണമായി ഈ പദ്ധതി നിലകൊള്ളുന്നു.







സംസ്ഥാന ദാരിദ്ര്യനിർമ്മാർജന മിഷൻ (State Poverty Eradication Mission-SPEM) എന്ന പേരിൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബശ്രീയുടെ സംസ്ഥാനതല സമിതിയുടെ അധ്യക്ഷൻ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയാണ്. ഓരോ ജില്ലയിലും കുടുംബശ്രീക്ക് ഓഫീസുണ്ട്.

ഏറ്റവും താഴേ തട്ടിൽ അതായത് പ്രഥമ തലത്തിൽ അയൽകൂട്ടങ്ങൾ (NHG) ഉണ്ട്. അയൽ കൂട്ടത്തിൽ നിന്നും പ്രതിനിധികളെ വാർഡ് തലത്തിലേക്കയക്കുന്നു. ഈ പ്രതിനിധികൾ ചേരുന്നതാണ് വാർഡ് തല വികസനസമിതി (Area Development Society - ADS) ഈ തലത്തിൽ നിന്നും പ്രതിനിധികളെ സമൂഹ വികസനസമിതി (Community Development society-CDS) യിലേക്ക് തെരഞ്ഞെടുക്കുന്നു. കുടുംബശ്രീയുടെ പഞ്ചായത്ത് തല സംഘടനാ സംവിധാനമാണ് CDS. അങ്ങനെ NHG, ADS, CDS എന്നിവ ചേരുന്നതാണ് കുടുംബശ്രീയുടെ ത്രിതല സംവിധാനം. ഇന്ന് ഏകദേശം 2.58 ലക്ഷം NHG യും, 19700-ൽ പരം ADS ഉം 1072 CDS ഉം കുടുംബശ്രീക്കുണ്ട്. കേരളത്തിലെ ഗ്രാമീണ സ്ത്രീകളുടെ ഉന്നമനത്തിന് നിർണായക പങ്കുവഹിച്ച പ്രസ്ഥാനമാണ് കുടുംബശ്രീ.

പഠനപ്രവർത്തനം

നിങ്ങളുടെ പ്രദേശത്തുള്ള ഏതെങ്കിലും കുടുംബശ്രീ യൂണിറ്റ് സന്ദർശിച്ച് അതിന്റെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് തയാറാക്കുക

പഠനപുരോഗതി വിലയിരുത്താം

11. കുടുംബശ്രീയുടെ ത്രിതല സംവിധാനം എങ്ങനെയാണ്
12. 1998 ൽ കേരള സർക്കാർ തുടങ്ങിയ ദാരിദ്ര്യ നിർമ്മാർജ്ജന സംരംഭം

സംഗ്രഹം

- ഗ്രാമങ്ങളുടെ സർവ്വതോന്മുഖമായ വളർച്ചയിലൂടെ ഗ്രാമീണ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള ശ്രമമാണ് ഗ്രാമവികസനം
- ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ സാധൂകരിക്കാൻ ആത്മാഭിമാനം കൈവരിക്കൽ, സ്വാതന്ത്ര്യം കൈവരിക്കൽ തുടങ്ങിയവയാണ് ഗ്രാമവികസനത്തിന്റെ അടിസ്ഥാന ഘടകങ്ങൾ
- കൃഷിയുടേയും അനുബന്ധ പ്രവർത്തനങ്ങളുടേയും വികസനം, സാമൂഹിക സാമ്പത്തിക വികസനം, ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഗ്രാമദുരിത നഷ്ടശമനം തുടങ്ങിയവയാണ് ഗ്രാമവികസനത്തിന്റെ വിവിധ മാനങ്ങൾ.
- ഗ്രാമവികസനത്തിന്റെ ലക്ഷ്യങ്ങൾ ദാരിദ്ര്യ നിർമ്മാർജ്ജനം കാർഷിക വികസനം, ആരോഗ്യവും ശുചിത്വവും മെച്ചപ്പെടുത്തൽ, ഗ്രാമീണ ആസൂത്രണം, ഉൽപ്പാദനക്ഷമതയിലെ വളർച്ച, ജീവിതനിലവാരത്തിന്റെ ഉയർച്ച തുടങ്ങിയവയാണ്.

- ഗാന്ധിജിയുടെ ഗ്രാമപുനർനിർമ്മാണം സമഗ്രവും മനുഷ്യകേന്ദ്രീകൃതവുമാണ്. ഇത് അദ്ദേഹത്തിന്റെ സത്യം, അഹിംസ, മാനുഷിക നന്മ തുടങ്ങിയവയിലധിഷ്ഠിതമാണ്.
- നിർമ്മാണ പരിപാടികളും (Constructive Programme) കൃഷിയുമാണ് ഗ്രാമപുനർനിർമ്മാണത്തിനായി ഗാന്ധിജി നിർദ്ദേശിക്കുന്ന മാർഗങ്ങൾ.
- ഇന്ത്യയിൽ സ്വാതന്ത്ര്യ ലബ്ധിക്കു മുന്നേതന്നെ പ്രാദേശികമായ ചില ഗ്രാമവികസന പരിപാടികൾ ആരംഭിച്ചിരുന്നു. സ്വാതന്ത്ര്യാനന്തരം 1952 മുതൽ ധാരാളം പദ്ധതികൾ ഗ്രാമവികസനത്തിനായി ഗവൺമെന്റ് നടപ്പിലാക്കി വരുന്നു.
- ഗ്രാമവികസന മന്ത്രാലയം, സംസ്ഥാന ഗ്രാമവികസന വിഭാഗം, കാർഷിക ഗ്രാമവികസന ബാങ്ക്, ജില്ലാഗ്രാമവികസന ഏജൻസികൾ, സന്നദ്ധസംഘടനകൾ, ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, കുടുംബശ്രീ തുടങ്ങിയവയിലൂടെയൊക്കെയാണ് ഗ്രാമവികസനം സാധ്യമാക്കുന്നത്.

ആശയം	പൂർണമായി	ഭാഗികമായി	മെച്ചപ്പെടുത്തണം
ഗ്രാമവികസനത്തിന്റെ പൊതുധാരണകളും തത്വങ്ങളും വിശകലനം ചെയ്യാൻ സാധിക്കും.			
ഗ്രാമപുനർനിർമ്മാണത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് വിശദീകരിക്കാൻ കഴിയും			
ഇന്ത്യയിലെ വിവിധങ്ങളായ ഗ്രാമവികസനപദ്ധതികൾ വിവരിക്കാൻ കഴിയും			
സമീപകാലഗ്രാമവികസനപദ്ധതികൾ ക്രോഡീകരിക്കാൻ കഴിയും			
കുടുബശ്രീയെപ്പറ്റിയും അവയുടെ പ്രവർത്തനത്തെപ്പറ്റിയും വിവരിക്കാൻ സാധിക്കും.			
പുതിയ ഗ്രാമവികസനപദ്ധതികൾ നിർദ്ദേശിക്കാൻ കഴിയും.			

സ്വയം വിലയിരുത്തൽ ചെക്ക്‌ലിസ്റ്റ്

തുടർമൂല്യ നിർണയ സാധ്യതകൾ

1. കുടുംബശ്രീ നടത്തുന്ന സ്വയം തൊഴിൽ സംരംഭങ്ങളെപ്പറ്റി ഒരു റിപ്പോർട്ട് തയ്യാറാക്കുക

2. 'പ്രാദേശിക സന്നദ്ധ സംഘടനകളും ഗ്രാമവികസനവും' എന്ന വിഷയത്തിൽ സെമിനാർ റിപ്പോർട്ട് തയ്യാറാക്കുക.
3. നിങ്ങളുടെ വാർഡിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവഹണ ത്തെപ്പറ്റി പഞ്ചായത്ത് അംഗവുമായി ഒരു ഇന്റർവ്യൂ നടത്തി റിപ്പോർട്ട് തയ്യാറാക്കുക.

പഠനപുരോഗതി വിലയിരുത്താം – ഉത്തരസൂചിക

1. പ്രാഥമികമായ ഉല്പന്നങ്ങൾ
2. ആത്മാഭിമാനം, സ്വാതന്ത്ര്യം
3. ഗ്രാമസ്വരാജ്
4. നിർമാണ പരിപാടികളാണ്
5. സാമൂഹ്യ നീതിയും
6. ദാരിദ്ര്യ നിർമ്മാർജ്ജനം, കാർഷിക വികസനം, ആരോഗ്യവും ശുചിത്വവും, ഗ്രാമീണ ആസൂത്രണം, ഉല്പാദനക്ഷമതയിലെ വർദ്ധനവ്, ജീവിത ഗുണ നിലവാര വർദ്ധന
7. MGNREGA
8. സേവാഗ്രാം പരീക്ഷണം
9. സ്വർണജയന്തി സ്വരോസ്ഗാർ യോജന, പ്രധാൻമന്ത്രി ഗ്രാം സഡക്ക് യോജ ന, നഗരസൗകര്യങ്ങൾ ഗ്രാമീണ മേഖലയിൽ പ്രദാനം ചെയ്യൽ, ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതി, ഭാരത് നിർമ്മാൺ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം
10. ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതി
11. NHG, ADS, CDS
12. കുടുംബശ്രീ

വിലയിരുത്തൽ ചോദ്യങ്ങൾ

1. ഗ്രാമവികസനത്തിന്റെ പൊതുധാരണ വിശദമാക്കുക
2. ഗ്രാമവികസനത്തിന്റെ വ്യാപ്തിയും അടിസ്ഥാന ഘടകങ്ങളും വിശദമാക്കുക.
3. ഗ്രാമവികസനത്തിന്റെ ലക്ഷ്യങ്ങൾ വിവരിക്കുക
4. ഗാന്ധിജിയുടെ ഗ്രാമ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉള്ള പ്രത്യേകത എന്താണ്?
5. ആദ്യകാല ഗ്രാമവികസന പ്രവർത്തനങ്ങൾ ഏതൊക്കെയായിരുന്നു?
6. പ്രധാന സാമൂഹ്യ വികസന പരിപാടികൾ എന്തൊക്കെയെന്ന് വിശദമാക്കുക
7. സംയോജിത ഗ്രാമവികസന പരിപാടികളിലെ ഏതെങ്കിലും അഞ്ചെണ്ണം വിശ ദമാക്കുക
8. ഗ്രാമവികസനം നടപ്പിലാക്കുന്ന പ്രധാന ഏജൻസികളെക്കുറിച്ച് ലേഖനം തയാറാക്കുക

വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. ഗ്രാമവികസന ആശയങ്ങൾ
2. ഘടകങ്ങൾ - ജീവിതത്തിലെ അടിസ്ഥാനആവശ്യങ്ങൾ, ആത്മാഭിമാനം, സ്വാതന്ത്ര്യം
3. വ്യാപ്തി - കൃഷിയുടേയും അനുബന്ധപ്രവർത്തനങ്ങളുടെയും വികസനം, സാമൂഹ്യരാഷ്ട്രീയസാമ്പത്തികവികസനം,ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തൽ, ഗ്രാമീണ ദുരന്ത നഷ്ടലഘൂകരണം.
4. ദാരിദ്ര്യനിർമ്മാർജ്ജനം, കാർഷികവികസനം, ആരോഗ്യശുചിത്വം, ഗ്രാമീണ ആസൂത്രണം, ഉല്പാദനക്ഷമതയുടെ ഉയർച്ച, ജീവിതനിലവാരത്തിന്റെ ഉയർച്ച. ഗാന്ധിജിയുടെ ഗ്രാമപുനരുദ്ധാരണകാഴ്ചപ്പാടുകൾ
5. ആദ്യഘട്ടത്തിലുണ്ടായ ഒറ്റപ്പെട്ട ഗ്രാമീണപുനരുദ്ധാരണപ്രവർത്തനങ്ങൾ, സുന്ദർബൻ, മാർത്താണ്ഡം, ശ്രീനികേതൻ പരീക്ഷണങ്ങൾ, സേവാഗ്രാം, ഫിർക്കാ വികസന പരിപാടി
6. നാഷണൽ എക്സ്റ്റൻഷൻ സർവീസ്, സമൂഹവികസനബ്ലോക്ക്
7. IRDS, TRYSEM, DWCRA, PMRY, CCP, JRY ഏതെങ്കിലും അഞ്ചെണ്ണം
8. ഗ്രാമവികസനമന്ത്രാലയം, നബാർഡ്, സംസ്ഥാന ഗ്രാമവികസനമന്ത്രാലയം തുടങ്ങിയവ

തുടർപ്രവർത്തനങ്ങൾ

1. ഗ്രാമവികസനം നഗരവൽക്കരണമാണോ? ചർച്ച ചെയ്ത് ക്രോഡീകരിക്കുക.
2. അയിത്തോച്ചാടനം ഗ്രാമവികസനത്തിന്റെ ഭാഗമാണോ? ചർച്ച ചെയ്തു നിഗമനത്തിലെത്തുക.
3. വിദ്യാഭ്യാസത്തിനു ഗ്രാമവികസനത്തിലുള്ള പ്രാധാന്യമെന്ത്? ലേഖനം തയാറാക്കുക.
4. ഇന്ത്യയിലെ ആദ്യകാല ഗ്രാമവികസന പദ്ധതികൾ ഓരോന്നിനേയും പറ്റി വിശദമായ റിപ്പോർട്ട് തയാറാക്കുക.
5. ഒരോ പഞ്ചവത്സര പദ്ധതികളുടേയും ലക്ഷ്യവും പരിപാടികളുടെ മുൻഗണനാ ക്രമത്തേയും പറ്റി കുറിപ്പ് തയാറാക്കുക.
6. ഗ്രാമവികസനത്തിലെ മേഖലാധിഷ്ഠിത പരിപാടികൾ ഓരോന്നിനേയും പറ്റി വിശദമായ കുറിപ്പ് തയാറാക്കുക.
7. സംയോജിത ഗ്രാമവികസന പരിപാടികളിൽ ചേർത്തിരിക്കുന്ന വിശദീകരിക്കാത്തപരിപാടികൾ ഓരോന്നിനേയും പറ്റി കുറിപ്പ് തയാറാക്കുക.

8. NRHM ന്റെ ഇന്നുള്ള പ്രവർത്തന രൂപരേഖ വിശദമാക്കി റിപ്പോർട്ട് തയാറാക്കുക.
9. ഒരു PHC സന്ദർശനം നടത്തി അവിടുത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി ഒരോരുത്തരും റിപ്പോർട്ട് തയാറാക്കുക.

തുടർവായന സാമഗ്രികൾ

സത്യത്തിന്റെ സ്വരം, എം.കെ. ഗാന്ധി, പൂർണ്ണോദയ, കൊച്ചി

നിർമാണ പ്രവർത്തനങ്ങൾ, എം.കെ. ഗാന്ധി, പൂർണ്ണോദയ, കൊച്ചി

പദാവലി

ഗ്രാമവികസനം:

സാമൂഹ്യസാമ്പത്തിക പരിഷ്കരണങ്ങളിലൂടെയും ആസൂത്രിതമായ പ്രവർത്തനങ്ങളിലൂടെയും നടത്തുന്ന പരമ്പരാഗത ഗ്രാമീണ സമൂഹത്തിന്റെ സർവതോന്മുഖമായ വികസനം.

ഗ്രാമീണ ദുരന്ത നഷ്ടലഘൂകരണം:

ദുരന്തങ്ങളുടെ ഫലമായി ജീവനും സ്വത്തിനും ഉണ്ടാകുന്ന നാശനഷ്ടങ്ങൾ ലഘൂകരിക്കുന്ന പ്രക്രിയ.

ഗ്രാമീണ ആസൂത്രണം:

ഗ്രാമീണ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനായി വിഭവങ്ങളെ സംഘടിപ്പിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്ന പ്രക്രിയ.

6

ഗ്രാമഭരണം

(Rural Administration)

ആമുഖം



ഗ്രാമഭരണം എന്തെന്നും പുരാതന ഇന്ത്യയിൽ എപ്രകാരമാണ് ഗ്രാമഭരണ സംവിധാനം നിലനിന്നതെന്നും ഈ അധ്യായത്തിൽ പരാമർശിക്കുന്നു. ബ്രിട്ടീഷ് അധിനിവേശാനന്തരം ഇന്ത്യയിലെ ഗ്രാമഭരണത്തിൽ വന്ന മാറ്റങ്ങൾ പരിശോധിക്കുന്നു. തുടർന്ന് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഗ്രാമഭരണ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനായി നടത്തിയ വിവിധ പരിശ്രമങ്ങൾ വിവരിക്കുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ഗ്രാമഭരണത്തെ സംബന്ധിച്ചുള്ള ഗാന്ധിയൻ കാഴ്ചപ്പാടുകൾ വിശദമായി ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു.

പഠനനേട്ടങ്ങൾ

- പുരാതന ഇന്ത്യയിലെ ഗ്രാമഭരണ സംവിധാനത്തെ വിലയിരുത്തുന്നു.
- പഞ്ചായത്ത് രാജ് ഭരണസംവിധാനം ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ എപ്രകാരമായിരുന്നുവെന്നു വിശകലനം ചെയ്യുന്നു.
- ഗാന്ധിയുടെ കാഴ്ചപ്പാടിലുള്ള പഞ്ചായത്ത് രാജ് സംവിധാനം എപ്രകാരമാണെന്നു തിരിച്ചറിയുന്നു.
- സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പഞ്ചായത്ത് രാജ് സംവിധാനം എപ്രകാരം വികസിച്ചുവെന്ന് വിലയിരുത്തുന്നു.
- 73-ാം ഭരണഘടനാ ഭേദഗതിയുടെ സവിശേഷതകൾ വിശദീകരിക്കുന്നു.
- കേരളത്തിൽ പഞ്ചായത്ത് രാജ് സംവിധാനം എപ്രകാരം പ്രവർത്തിക്കുന്നുവെന്നു തിരിച്ചറിയുന്നു.

ഭരണം എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്?

തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയേയും അവ നടപ്പിലാക്കുകയോ നടപ്പിലാക്കാതിരിക്കുകയോ ചെയ്യുന്ന രീതികളുമാണ് ഭരണം എന്ന പദം കൊണ്ട് അർഥമാക്കുന്നത്.

സൽഭരണം (Good Governance)

പൊതുസ്ഥാപനങ്ങളുടെ നടത്തിപ്പ്, പൊതുസ്വത്തിന്റെ മേൽനോട്ടം എന്നിവ നന്നായി നടത്തുക എന്നതാണ് ഈ പദപ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത്. പൊതുജനങ്ങളുടെ ആവശ്യങ്ങൾ നടപ്പിലാക്കാനുള്ള ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ് ഈ ആശയത്തിന്റെ അടിസ്ഥാനം.



നിങ്ങളുടെ പ്രദേശത്തെ ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട പ്രധാന സ്ഥാപനം ഏതാണ്?

- പഞ്ചായത്ത്
- വില്ലേജ് ഓഫീസ്
- .....
- .....

ജനങ്ങൾക്ക് ഏറ്റവുമധികം ബന്ധപ്പെടേണ്ടതും വികസന സംബന്ധമായ കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടതുമായ പ്രധാന സ്ഥാപനമാണ് പഞ്ചായത്ത്. പ്രാദേശിക സർക്കാരുകളെന്നറിയപ്പെടുന്ന പഞ്ചായത്തുകളുടെ രൂപീകരണം, പ്രവർത്തനം, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെപ്പറ്റിയുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ എന്നിവയാണ് ഈ അധ്യായത്തിൽ നാം പഠിക്കുന്നത്.

പഠനപ്രവർത്തനം

പഞ്ചായത്ത് കാര്യാലയം സന്ദർശിച്ച് പ്രവർത്തനങ്ങൾ മനസ്സിലാക്കുക. പഞ്ചായത്തുകൾ നൽകുന്ന പൊതുസേവനങ്ങളെക്കുറിച്ച് ലഘുറിപ്പോർട്ട് തയാറാക്കുക.

ഗ്രാമഭരണം പുരാതന ഇന്ത്യയിൽ (Rural Administration in Ancient India)

ഗ്രാമങ്ങളുടെ നാടാണ് ഇന്ത്യ. നമ്മുടെ രാജ്യത്തെ ജനസംഖ്യയുടെ 70% ജനങ്ങളും അധിവസിക്കുന്നത് ഗ്രാമങ്ങളിലാണ്. ഗ്രാമഭരണ സംവിധാനത്തിന് ഇന്ത്യയിൽ നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. മനുസ്മൃതിയിലും ഇതിഹാസങ്ങളായ മഹാഭാരതത്തിലും, രാമായണത്തിലും ഗ്രാമസംഘങ്ങളെപ്പറ്റിയുള്ള പരാമർശം ഉണ്ട്. ഭരണനിർവഹണത്തിലും നീതിന്യായ സംബന്ധമായ കാര്യങ്ങളിലും ഗ്രാമസംഘങ്ങൾക്ക് സവിശേഷമായ സ്ഥാനം അക്കാലത്ത് ഉണ്ടായിരുന്നു. കൗടില്യന്റെ അർഥശാസ്ത്രത്തിലും ശുക്രാചാര്യരുടെ നീതിശാസ്ത്രത്തിലും ഗ്രാമസംഘങ്ങളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. വേദകാലത്തെ ഗ്രാമഭരണ സംവിധാനത്തെപ്പറ്റി ഋഗ്വേദത്തിൽ പരാമർശമുണ്ട്. രാജാക്കന്മാരുടെ സ്വേച്ഛാധികാരത്തെ നിയന്ത്രിക്കുവാൻ സഭ, സമിതി എന്നീ പേരുകളിൽ ജനകീയ സംഘടനകൾ പ്രവർത്തിച്ചിരുന്നു. ബുദ്ധകാലഘട്ടത്തിൽ വിവിധ തലങ്ങളിലായി ജനപദങ്ങൾ, നഗരസഭ, പൗരസഭ, ഗ്രാമസഭ എന്നിവ പ്രവർത്തിച്ചിരുന്നതായി രേഖകൾ വ്യക്തമാക്കുന്നു.



പാഞ്ചുപരമേശ്വര

'പഞ്ച' എന്ന സംസ്കൃതവാക്കിൽ നിന്നാണ് പഞ്ചായത്ത് എന്ന പദം ആവിർഭവിച്ചത്. 'പഞ്ച' എന്നാൽ അഞ്ച് എന്നർഥം. ഗ്രാമജീവിതത്തിന്റെ പഞ്ചേന്ദ്രീയങ്ങളായി പഞ്ചായത്തുകളെ കണക്കാക്കി പോന്നു. ഗ്രാമത്തലവൻ ഗ്രാമത്തിന്റെ തലച്ചോറായും കരുതപ്പെട്ടിരുന്നു. പാഞ്ചുപരമേശ്വര അതായത് ദൈവം അഞ്ചു പേരിൽക്കൂടി സംസാരിക്കുന്നുവെന്നായിരുന്നു പ്രമാണം.

മൗര്യകാലഘട്ടം

ചന്ദ്രഗുപ്തമൗര്യന്റെ ഭരണകാലത്ത് ഇന്ത്യ സർന്ദർശിച്ച ഗ്രീക്ക് അംബാസഡറായ മെഗസ്തനീസിന്റ വിഖ്യാത പുസ്തകമായ ഇൻഡിക്കയിൽ മൗര്യഭരണകാലത്തെ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ഭരണസൗകര്യം മുൻനിർത്തി മൗര്യസാമ്രാജ്യം സംസ്ഥാനങ്ങളായും ജനപദങ്ങളായും ഗ്രാമങ്ങളായും വിഭജിക്കപ്പെട്ടിരുന്നു. തലസ്ഥാനത്തിന് തൊട്ടടുത്തുള്ള സംസ്ഥാനങ്ങളെല്ലാം മഹാജനപദങ്ങൾ എന്നാണ് അറിയപ്പെട്ടിരുന്നത്. ഇവ രാജാവിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയിരുന്നു. മറ്റു സംസ്ഥാനങ്ങളിൽ രാജകുടുംബാംഗങ്ങളുടെ (രാജ്കുർ) നേതൃത്വത്തിലുള്ള ഭരണമാണ് നടന്നിരുന്നത്. എല്ലാ സംസ്ഥാനങ്ങളും സ്ഥാനികന്മാരുടെ കീഴിൽ ജനപഥങ്ങളായും ജനപഥങ്ങൾ ഗ്രാമികന്മാരുടെ (ഗ്രാമണി) കീഴിൽ ഗ്രാമങ്ങളായും വിഭജിക്കപ്പെട്ടിരുന്നു.

ഓരോ ഗ്രാമത്തിന്റെയും ഭരണകാര്യങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ഗ്രാമികന്മാരുടെ നിയന്ത്രണത്തിൽ നടന്നു. ഗ്രാമികന്മാർക്കു മുകളിലായി അഞ്ചോ പത്തോ ഗ്രാമങ്ങളുടെ

ഭരണകാര്യങ്ങൾ നോക്കി വന്നിരുന്ന ഗോപന്മാരുണ്ടായിരുന്നു. ഗ്രാമങ്ങൾ സ്വയം സമ്പൂർണ സ്വതന്ത്രഘടകങ്ങളായാണ് പ്രവർത്തിച്ചിരുന്നത്. മൗര്യകാലത്തെ നഗരഭരണവും വളരെയേറെ മെച്ചപ്പെട്ടതായിരുന്നു. പാടലീപുത്രം ഉൾപ്പെടെയുള്ള എല്ലാ നഗരങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നു. മുപ്പത് അംഗങ്ങളുള്ള മുൻസിപ്പൽ കൗൺസിലാണ് നഗരങ്ങളിലെ ഭരണം നിയന്ത്രിച്ചിരുന്നത്. സുഗമമായ ഭരണത്തെ ലക്ഷ്യമാക്കി അതിനെ അഞ്ചംഗങ്ങൾ വീതമുള്ള ആറ് സമിതികളായി വിഭജിച്ചിരുന്നു. കരകൗശല വേല, വ്യവസായം, വിൽപ്പന നികുതി, കൃഷി, ജലസേചനം, മൃഗസംരക്ഷണം തുടങ്ങിയ വിഷയങ്ങളായിരുന്നു ഈ സമിതികൾ കൈകാര്യം ചെയ്തിരുന്നത്. പാരമ്പര്യത്തിലൂടെ ലഭിക്കുന്നതായിരുന്നു സമിതി അംഗത്വം.

ഗുപ്തകാല ഭരണ സമ്പ്രദായം

ഭരണസൗകര്യാർഥം ഗുപ്തസാമ്രാജ്യത്തെ "ദേശഘടകങ്ങൾ' എന്ന പേരിൽ വിഭജിച്ചിരുന്നു. 'ഭുക്തി' എന്ന പേരിൽ അറിയപ്പെട്ട പ്രവിശ്യയായിരുന്നു ഏറ്റവും വലിയ ഘടകം. രാജവംശങ്ങളുടെ ഇടയിൽ നിന്നു നിയമിക്കപ്പെട്ട വൈസ്രോയിമാരായിരുന്നു ഭുക്തികളുടെ ഭരണം നടത്തിയിരുന്നത്. ഓരോ ഭുക്തിയും 'വിഷയം' എന്ന പേരിൽ പല ജില്ലകളായി വിഭജിച്ചിരുന്നു. 'അയുക്തൻ' എന്ന ഉദ്യോഗസ്ഥനാണ് ജില്ലാ ഭരണത്തിന്റെ ചുമതല വഹിച്ചിരുന്നത്. ഏറ്റവും ചെറിയ ദേശഘടകമായിരുന്നു ഗ്രാമം. ഓരോ ഗ്രാമവും ഗ്രാമികൻ എന്ന ഉദ്യോഗസ്ഥന്റെ ചുമതലയിലായിരുന്നു.

ഗുപ്തകാല ഗ്രാമീണ ഭരണസംവിധാനം എപ്രകാരമായിരുന്നു എന്നതിനെപ്പറ്റി കുറിപ്പ് തയ്യാറാക്കുക

രണ്ടാം ചോളകാലഘട്ടം

രണ്ടാം ചോളസാമ്രാജ്യകാലത്ത് ദക്ഷിണേന്ത്യയിൽ മികച്ച ഗ്രാമഭരണ സമ്പ്രദായം നിലനിന്നിരുന്നു. ചോള സാമ്രാജ്യത്തെ, മണ്ഡലങ്ങൾ എന്നറിയപ്പെടുന്ന എട്ട് പ്രവിശ്യകളായി തിരിച്ചിരുന്നു. മണ്ഡലത്തെ വളനാടുകളായും വളനാടുകളെ നാടുകളായും വിഭജിച്ചിരുന്നു. സ്വയം ഭരണാധികാരമുള്ള ഏതാനും ഗ്രാമങ്ങളുടെ (അകരങ്ങൾ) സമൂഹത്തെ 'കൊട്ടം' എന്നാണ് വിളിച്ചിരുന്നത്. ഗ്രാമഭരണ സംബന്ധമായ എല്ലാ ചുമതലകളും അധികാരങ്ങളും ഗ്രാമീണ ജനതയിൽ നിക്ഷിപ്തമായിരുന്നു. ഓരോ ഗ്രാമവും പൂർണമായ സ്വയംഭരണാധികാരമുള്ള ദേശഘടകമായിരുന്നു. എല്ലാ പ്രായപൂർത്തിവന്നവരും ഉൾപ്പെട്ട ഒരു ഗ്രാമസമിതിയാണ് ഗ്രാമഭരണം നിർവഹിച്ചിരുന്നത്. രണ്ടുതരം കമ്മിറ്റികൾ ഗ്രാമസമിതിയുടെ ഭാഗമായി പ്രവർത്തിച്ചിരുന്നു- 'ഊരാറും സഭയും.' ഗ്രാമത്തിലുള്ള എല്ലാവരും (ഊര്) ഉൾക്കൊള്ളുന്നതാണ്, ഊരാറ്. സഭയിൽ ബ്രാഹ്മണർ മാത്രമാണ് അംഗങ്ങൾ. സഭക്ക് വിശാലമായ അധികാരങ്ങൾ ഉണ്ടായിരുന്നു. ക്ഷേത്രത്തെ സംബന്ധിക്കുന്ന കാര്യം മാത്രമല്ല ജനങ്ങളുടെ ക്ഷേമത്തെ സംബന്ധിക്കുന്ന കാര്യങ്ങളും ഇവിടെ ചർച്ച ചെയ്തിരുന്നു. നീതി നിർവഹണവും സഭയുടെ ചുമതലയിലായിരുന്നു. സഭയുടെ പ്രവർത്തനത്തിനായി പ്രത്യേക നിയമങ്ങൾ ഉണ്ടായിരുന്നു. ഓരോ സഭയും പല പഞ്ചായത്തായി തിരിച്ച് പ്രത്യേക ചുമതലകൾ നൽകിയിരുന്നു. നികുതി പിരിവ്, മരാമത്തുപണികൾ, ജലസേചനം, നീതി

നിർവഹണം തുടങ്ങിയ ഓരോ കാര്യത്തിനും പ്രത്യേകം പഞ്ചായത്തുകളുണ്ടായിരുന്നു. പഞ്ചായത്തംഗങ്ങളെ, തെരഞ്ഞെടുപ്പും നറുക്കെടുപ്പും കൂടിക്കലർന്ന ഒരു പ്രത്യേക രീതിയിലാണ് കണ്ടെത്തിയിരുന്നത്.

രണ്ടാം ചോളകാലഘട്ടത്തിലെ ഗ്രാമീണ ഭരണസംവിധാനത്തിന്റെ രേഖീയ ചിത്രീകരണം നടത്തുക.

പഞ്ചായത്തുകൾ ബ്രിട്ടീഷ് ഭരണത്തിൽ

പത്തൊൻപതാം നൂറ്റാണ്ടായപ്പോഴേക്കും ബ്രിട്ടനിൽ രാജാധിപത്യത്തിൻ കീഴിൽ ജന പങ്കാളിത്തമുള്ള തദ്ദേശഭരണത്തെക്കുറിച്ച് ആലോചനകൾ തുടങ്ങി. ഈ മാറ്റം ഇന്ത്യൻ തദ്ദേശഭരണരംഗത്തും പ്രതിഫലിച്ചു. മാത്രമല്ല പ്രാദേശികമായി ഉണ്ടായ ക്ഷാമവും മറ്റുപ്രശ്നങ്ങളും പരിഹരിക്കുന്നതിന് പഴയ പഞ്ചായത്ത് പ്രാദേശിക സമിതികൾ ഫലപ്രദമാണെന്ന് ബ്രിട്ടീഷുകാർക്ക് മനസ്സിലായി. 1687-ൽ ബ്രിട്ടീഷ് ടൗൺ കൗൺസിൽ മാതൃകയിൽ മദ്രാസ് മുനിസിപ്പൽ കോർപ്പറേഷൻ രൂപീകരിച്ചു. പരിമിതമെങ്കിലും സവിശേഷമായ ചില അധികാരങ്ങൾ ഈ കൗൺസിലിന് നൽകിയിരുന്നു. സമാനമായ നഗര കൗൺസിലുകൾ തുടർന്ന് രാജ്യത്തിന്റെ പലഭാഗത്തും രൂപീകരിക്കപ്പെട്ടു. തങ്ങളുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് പ്രാദേശിക ഭരണസംവിധാനങ്ങളെ ബ്രിട്ടീഷുകാർ ഉപയോഗപ്പെടുത്തിയത്. ഭരണകാര്യക്ഷമതക്ക് അധികാരവികേന്ദ്രീകരണം ആവശ്യമാണെന്ന് മനസ്സിലാക്കിയ ലോർഡ് മയോ (Mayo) 1870 -ൽ തെരഞ്ഞെടുക്കപ്പെട്ട നഗരഭരണ സമിതികൾ രൂപീകരിച്ചു. പ്രാദേശിക നികുതിപിരിവ് ശക്തമാക്കുന്നതിന് ഇത് അത്യാവശ്യമായിരുന്നു.

ബ്രിട്ടീഷ് സംരംഭങ്ങൾ

പ്രാദേശിക ഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി നിരവധി നിർദ്ദേശങ്ങളും നടപടികളും ബ്രിട്ടീഷ് ഭരണകാലത്ത് ഉണ്ടായി. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

റിപ്പൺ പ്രമേയം (1882)



1880 മുതൽ 1884 വരെ ഇന്ത്യയിലെ വൈസ്രോയി ആയിരുന്നു റിപ്പൺ പ്രഭു. ഇന്ത്യാക്കാർക്ക് രാഷ്ട്രീയവും ജനകീയവുമായ വിദ്യാഭ്യാസം നൽകുന്നതിന് പ്രാദേശിക സ്വയം ഭരണസർക്കാരുകൾ രൂപീകരിക്കുമെന്ന പ്രഖ്യാപനത്തോടെ 1882 മെയ് 18-ന് റിപ്പൺ പ്രമേയം നിലവിൽ വന്നു. ജില്ലാ-താലൂക്ക്-ഗ്രാമതലങ്ങളിൽ ഭരണസമിതികളുടെ രൂപീകരണം എന്നതായിരുന്നു ഈ പ്രമേയത്തിന്റെ പ്രധാന കാതൽ.

അധികാരവികേന്ദ്രീകരണ കമ്മീഷൻ (റോയൽ കമ്മീൻ-1907)

ചാൾസ് ഹോഫ് ഹൗസായിരുന്നു ഈ സമിതിയുടെ അധ്യക്ഷൻ. അഞ്ചംഗങ്ങൾ വീതമുള്ള പഞ്ചായത്തു സമിതികൾ ജില്ലാകളക്ടറുടെ നിയന്ത്രണത്തിൽ പ്രവർത്തിപ്പിക്കുക എന്നതായിരുന്നു പ്രധാന നിർദ്ദേശം.

ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് (1909)

മിന്റോ-മോർലി ഭരണപരിഷ്ക്കാരങ്ങളാണ് 1909-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ടായി നിലവിൽ വന്നത്. പ്രവിശ്യാ ഭരണസമിതികൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുക എന്നതായിരുന്നു ഈ നിയമത്തിന്റെ ഉദ്ദേശ്യം. എന്നാൽ ഫലത്തിൽ നേരെ മറിച്ചാണ് സംഭവിച്ചത്. ഭരണസമിതികളുടെ നിർദ്ദേശങ്ങളെ സ്വീകരിക്കുന്നതിനും തള്ളിക്കളയുന്നതിനുമുള്ള അധികാരം വൈസ്രോയിക്ക് ഉണ്ടായിരുന്നു.

മൊൺടേഗു-ചെംസ്ഫോർഡ് പരിഷ്കാരങ്ങൾ (1919)

ദേശീയരാഷ്ട്രീയരംഗത്ത് ഗാന്ധിജിയുടെ നേതൃത്വത്തിൽ പ്രാദേശിക സ്വയംഭരണം എന്ന ആവശ്യം ഗൗരവമായി ചർച്ചചെയ്യപ്പെട്ടു. ഇന്ത്യക്കാരെ തൃപ്തിപ്പെടുത്തുന്നതിനായിട്ടാണ് മൊൺടേഗു-ചെംസ് ഫോർഡ് പരിഷ്ക്കാരങ്ങൾ നിലവിൽ വന്നത്. 1919-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ ആക്ടിന്റെ അടിസ്ഥാനം മൊൺടേഗു ചെംസ് ഫോർഡ് ശുപാർശകളായിരുന്നു. പ്രവിശ്യകളിൽ പഞ്ചായത്ത് നിയമം പ്രാബല്യത്തിൽ വന്നു എന്നതായിരുന്നു ഈ നിയമത്തിന്റെ പ്രധാന കാതൽ. ദ്വിഭരണ സമ്പ്രദായം നിലവിൽ വന്നതും ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്.

(ചെംസ് ഫോർഡ് ഇന്ത്യയിലെ വൈസ്രോയിയും മൊൺടേഗു സ്റ്റേറ്റ് സെക്രട്ടറിയും ആയിരുന്നു)

ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് (1935)

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുമുമ്പുള്ള അവസാനത്തെ ബ്രിട്ടീഷ് നിയമനിർമ്മാണമായിരുന്നു ഇത്. മുനിസിപ്പൽ-കോർപ്പറേഷൻ, ജില്ലാബോർഡുകൾ, മറ്റ് പ്രാദേശിക സ്ഥാപനങ്ങൾ, ഗ്രാമഭരണസമിതികൾ ഇവയുടെ ചുമതലകളെപ്പറ്റി ഈ നിയമത്തിൽ വ്യക്തമായി പ്രതിപാദിച്ചിരുന്നു. ഓൾ ഇന്ത്യാ ഫെഡറേഷൻ നിലവിൽ വന്നതും നേരിട്ടുള്ള തെരഞ്ഞെടുപ്പ് സമ്പ്രദായം ഏർപ്പെടുത്തിയതും ഈ നിയമത്തിന്റെ സവിശേഷതകളായിരുന്നു. വട്ടമേശ സമ്മേളനങ്ങളിൽ ഗാന്ധിജി ഗ്രാമസ്വയംഭരണ സമ്പ്രദായത്തിന്റെ പ്രാധാന്യത്തെപ്പറ്റി പരാമർശിച്ചിരുന്നു. ഇതിന്റെ പ്രതിഫലനം ഈ നിയമത്തിൽ പ്രകടമായിരുന്നു.

> ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ഗ്രാമഭരണത്തെ ശക്തിപ്പെടുത്തുന്നതിനായി നടത്തിയ പ്രധാന പരിഷ്കരണങ്ങൾ ഏതെല്ലാമാണ്? കാലഗണനാക്രമത്തിൽ ഇവയുടെ ചാർട്ട് തയ്യാറാക്കുക.

പഞ്ചായത്ത് രാജ്-ഗാന്ധിജിയുടെ വീക്ഷണം

പഠനപ്രവർത്തനം

> മുന്നറിവിന്റെ അടിസ്ഥാനത്തിൽ ഗ്രാമസ്വരാജിനെപ്പറ്റി ഒരു ലഘുകുറിപ്പ് തയ്യാറാക്കി ചർച്ച ചെയ്യുക.

ജനാധിപത്യത്തെപ്പറ്റി ഗാന്ധിജി ഇപ്രകാരം പറയുന്നു; "സമൂഹത്തിലെ വിഭിന്ന ജന വിഭാഗങ്ങളുടെ ശാരീരികവും സാമ്പത്തികവും, ആദ്ധ്യാത്മികവുമായ വിഭവങ്ങൾ സമാഹരിച്ച് അത് പൊതു നന്മക്കുവേണ്ടി പ്രയോജനപ്പെടുത്തുന്ന സുന്ദരമായ ഒരു കലയും

ശാസ്ത്രവുമാണ് ജനാധിപത്യം" ശരിയായ ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകം ഗ്രാമങ്ങളാണെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു. അദ്ദേഹം പറയുന്നു "അധികാരത്തിന്റെ കേന്ദ്രസ്ഥാനം ഒന്നുകിൽ ന്യൂഡൽഹി അല്ലെങ്കിൽ കൽക്കത്ത, ബോംബെ തുടങ്ങിയ ഏതെങ്കിലും ഒരു മഹാനഗരം എന്നാണിപ്പോഴത്തെ സ്ഥിതി. അധികാരം ഏഴുലക്ഷം ഗ്രാമങ്ങളിലായി വികേന്ദ്രീകരിക്കുകയാവും ഞാൻ ചെയ്യുക." ജനുവരി 18, 1938-ൽ ഗാന്ധിജി ഹരിജനിൽ ഇപ്രകാരമെഴുതി. "ഇരുപതാളുകൾ ഒരു കേന്ദ്രത്തിലിരുന്ന് പ്രവർത്തിച്ചാൽ യഥാർഥ ജനാധിപത്യം ഉണ്ടാവില്ല. ഓരോ ഗ്രാമത്തിലെയും താഴെത്തട്ടിലുള്ള ജനങ്ങളിൽ നിന്നാണ് ഇത് ഉരുത്തിരിയേണ്ടത്. പഞ്ചായത്ത് ഭരണസമ്പ്രദായം വേണമെന്ന് ഒരു ഗ്രാമത്തിലെ ജനങ്ങൾ നിശ്ചയിച്ചാൽ ഒരു നിയമത്തിനും അത് തടയാനാവില്ലെന്നാണ് എന്റെ അഭിപ്രായം. ജനങ്ങളെ സേവിക്കാനുള്ളതാണ് പഞ്ചായത്തുകൾ. ഇന്ത്യയിലെ യഥാർഥ ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകം ഗ്രാമമാണ്."

അഹിംസ, സത്യം, വ്യക്തി സ്വാതന്ത്ര്യം എന്നിവ തന്റെ ആശയങ്ങളോട് പൂർണമായും ചേർന്നു നിൽക്കുന്ന വിധത്തിലാണ് ഗാന്ധിജി അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ച തന്റെ ചിന്തകൾ വികസിപ്പിച്ചത്. ഓരോ ഗ്രാമവും പ്രതിരോധ നടപടികൾ ഉൾപ്പെടെ എല്ലാ കാര്യങ്ങളിലും സ്വയം പര്യാപ്തമാവണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ജനങ്ങളുടെ പൂർണമായ പങ്കാളിത്തമാണ് ജനാധിപത്യത്തിന്റെ ശക്തിയെന്ന് അദ്ദേഹം വിശ്വസിച്ചു. അധികാരകേന്ദ്രീകരണം യഥാർഥ ജനാധിപത്യ സങ്കൽപ്പത്തിന് എതിരാണ്. പഞ്ചായത്തിന്റെ അധികാരം എത്രത്തോളം വർധിച്ചിരിക്കുന്നുവോ അത്രത്തോളം അത് ജനക്ഷേമകരമായിരിക്കും. സ്വയംഭരണ ഗവൺമെന്റ് എന്ന അർഥത്തിൽ ഗ്രാമത്തെ 'ഗ്രാമസ്വരാജ്' എന്നാണ് ഗാന്ധിജി വിളിച്ചത്.

പഞ്ചായത്ത് രാജ് ഘടന-ഗാന്ധിയൻ വീക്ഷണത്തിൽ

ഗാന്ധിജി വിഭാവനം ചെയ്ത വികേന്ദ്രീകൃത രാഷ്ട്രീയ ക്രമത്തിലെ ഏറ്റവും അടിസ്ഥാന ഘടകം വ്യക്തിയും അതിനു പുറത്ത് ഗ്രാമവുമാണ്. ഗാന്ധിജിയുടെ ആശയങ്ങളിൽ നിന്നും അദ്ദേഹം വിഭാവനം ചെയ്ത പഞ്ചായത്ത് രാജിന്റെ ഘടന താഴെ പറയുന്ന പ്രകാരം നമുക്ക് മനസ്സിലാക്കാവുന്നതാണ്.

- ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകം ഗ്രാമങ്ങൾ ആയിരിക്കും
- ഓരോ ഗ്രാമവും സ്വയംപര്യാപ്ത റിപ്പബ്ലിക്കുകൾ ആയിരിക്കും
- പ്രായപൂർത്തിയായ സ്ത്രീ പുരുഷന്മാർ അടങ്ങിയ ഗ്രാമീണർ വർഷംതോറും തെരഞ്ഞെടുക്കുന്ന അഞ്ചംഗങ്ങളടങ്ങിയ പഞ്ചായത്തായിരിക്കും ഗ്രാമഭരണം നടത്തുക.
- നിയമനിർമാണ സഭയും ജുഡീഷ്യറിയും എക്സിക്യൂട്ടീവുമെല്ലാം ഈ പഞ്ചായത്തായിരിക്കും
- സദാ വികസിച്ചുകൊണ്ടിരിക്കുന്ന പരസ്പരം സഹായിക്കുന്ന ഗ്രാമവലയങ്ങളുടെ കൂട്ടമാണ് ഗ്രാമസ്വരാജിന്റെ ഭാഗമായി നിലവിൽ വരിക. ഒരു ഗ്രാമം മറ്റൊന്നിനേക്കാൾ മുകളിലോ താഴെയോ ആയിരിക്കുകയില്ല. അവർ സ്വയം പര്യാപ്തരായിരിക്കുമ്പോൾ തന്നെ ഒരു ഗ്രാമം മറ്റൊരു ഗ്രാമത്തിനുവേണ്ടി നശിക്കാൻ സദാ സന്നദ്ധമായിരിക്കുകയും ചെയ്യും

- സമൂഹത്തെ ബാധിക്കുന്ന എല്ലാ കാര്യങ്ങളിലും തീരുമാനമെടുക്കുന്നത് പ്രാദേശികമായും പങ്കാളിത്ത അടിസ്ഥാനത്തിലുമായിരിക്കും.
- ഒരു സ്വയംപര്യാപ്ത ഗ്രാമത്തിന് ഒറ്റക്ക് നിർവ്വഹിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ അതിനു ചുറ്റുമുള്ള ഒരു സംഘം ഗ്രാമങ്ങളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നിർവ്വഹിക്കപ്പെടും. ഇപ്രകാരം ഒരു സ്വയംപര്യാപ്ത ഗ്രാമത്തിനു പുറത്തുള്ള ഗ്രാമവലയത്തെ താലൂക്ക് എന്നു പേരുള്ള രാഷ്ട്രീയ ഘടകമായി സംഘടിപ്പിക്കും
- താലൂക്കിനു പുറത്ത് ജില്ലയും ജില്ലക്ക് പുറത്ത് പ്രവിശ്യയും അതിന് പുറത്ത് ദേശരാഷ്ട്രവുമായി അത് വികസിച്ചു കൊണ്ടിരിക്കും.
- ഓരോ ഘടകവും അതിനു തൊട്ട് ഉള്ളിലുള്ള ഘടകം കൈമാറിത്തരുന്ന കർത്തവ്യങ്ങളും ഇടപാടുകളും നിർവ്വഹിച്ച് മുന്നോട്ടു പോകും. ഏറ്റവും പുറമെയുള്ള വലയം ഉള്ളിലുള്ള വലയങ്ങളെ ഞെരുക്കുന്നതിനു പകരം അവയെ ശാക്തീകരിക്കുന്നതിനുവേണ്ടി സ്വന്തം കരുത്ത് ഉപയോഗിക്കും.

പഠന പുരോഗതി വിലയിരുത്താം

1. മൗര്യകാലഘട്ടത്തിലെ ഗ്രാമഭരണ സംവിധാനത്തിന്റെ സവിശേഷതകൾ കണ്ടെത്തുക.
2. ഗാന്ധിയൻ വീക്ഷണത്തിലുള്ള പഞ്ചായത്ത് രാജ് ഘടനയുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് കണ്ടെത്തുക.
3. യഥാർത്ഥ ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകം ഏതാണ് ?

പഞ്ചായത്ത് രാജ് അനിവാര്യ ചുമതലകൾ – ഗാന്ധിയൻ വീക്ഷണം

- എല്ലാ ഗ്രാമങ്ങളും അവർക്കാവശ്യമായ ഭക്ഷ്യവിളകളും വസ്ത്രത്തിനാവശ്യമായ പരുത്തിയും കൃഷി ചെയ്ത് ഉൽപ്പാദിപ്പിക്കണം.
- കന്നുകാലി സമ്പത്ത് പരിരക്ഷിക്കണം.
- മുതിർന്നവർക്കും കുട്ടികൾക്കും വിനോദത്തിനുള്ള അവസരവും കളിസ്ഥലവും ഉറപ്പാക്കണം.
- ഭക്ഷ്യവിളകൾ കൃഷി ചെയ്ത് കഴിഞ്ഞ് ഭൂമി അധികമുണ്ടെങ്കിൽ അവിടെ നാണ്യവിളകൾ (ഗഞ്ചാവ്, കറുപ്പ്, പുകയില എന്നിവ ഒഴിച്ച്) കൃഷി ചെയ്യാവുന്നതാണ്.
- വില്ലേജ് തിയേറ്റർ, സ്കൂൾ, പബ്ലിക് ഹാൾ എന്നിവ സംരക്ഷിക്കണം.
- ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഓരോ ഗ്രാമത്തിനും അവരവരുടേതായ ജലസേചന സൗകര്യങ്ങൾ ഉണ്ടാകണം. ഇതിനായി കിണറുകൾ, ജലസംഭരണികൾ എന്നിവ നിർമ്മിക്കണം.
- വിദ്യാഭ്യാസ സൗകര്യങ്ങൾ ഉറപ്പാക്കുകയും സെക്കണ്ടറി തലം വരെ നിർബന്ധിത വിദ്യാഭ്യാസം നൽകുകയും വേണം.

- സാധ്യമാകുന്നിടത്തോളം വിവിധ പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ ചെയ്യണം.
- തൊട്ടുകൂടായ്മയുടെ അടിസ്ഥാനത്തിലുള്ള ജാതി സമ്പ്രദായം ഉണ്ടാകാൻ പാടില്ല.
- വില്ലേജ് ഗാർഡുകളുടെ സേവനം ഉറപ്പാക്കണം. ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കണം.
- പരിപൂർണ ശുചിത്വം ഉറപ്പുവരുത്തണം.
- പൊതുയോഗ സ്ഥലങ്ങൾ പരിപാലിക്കണം.
- കന്നുകാലികൾക്കായി പൊതുമേച്ചിൽ സ്ഥലങ്ങൾ ഉണ്ടായിരിക്കണം.
- സഹകരണ ക്ഷീര കേന്ദ്രങ്ങൾ രൂപീകരിക്കണം
- ഗ്രാമത്തിന്റെ സർവതോന്മുഖമായ വികസനം ഉറപ്പാക്കണം.
- ഗ്രാമവ്യവസായങ്ങളെ പുനഃരുദ്ധരിക്കുകയും സംരക്ഷിക്കുകയും പുതിയവ ആരംഭിക്കുകയും വേണം.
- ഗ്രാമീണ വൈദ്യസഹായം ഉറപ്പാക്കണം. പ്രകൃതി ജീവനമാർഗം പരമാവധി പ്രോത്സാഹിപ്പിക്കണം.
- ഗ്രാമീണർക്ക് വിവിധ മേഖലകളിൽ പരിചയവും അറിവും ഉണ്ടാകുന്നതിനായി ഗ്രാമീണ പ്രദർശനമേളകൾ സംഘടിപ്പിക്കണം.

ഗാന്ധിയൻ വീക്ഷണത്തിൽ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ എന്തെല്ലാമാണ്. ഇത് ചിത്രീകരിക്കുന്ന ഒരു ചാർട്ട് തയാറാക്കുക

പഞ്ചായത്ത് രാജ്-സ്വതന്ത്ര ഇന്ത്യയിൽ

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ എന്തായിരിക്കണമെന്ന വ്യക്തമായ കാഴ്ചപ്പാട് ഗാന്ധിജിക്ക് ഉണ്ടായിരുന്നു. ഗ്രാമപഞ്ചായത്തുകൾ സമ്പൂർണ റിപ്പബ്ലിക്കുകളാകണമെന്നായിരുന്നു ഗാന്ധിജിയുടെ അഭിപ്രായം. എന്നാൽ 1948 നവംബർ 4-ന് ഭരണഘടനയുടെ കരട് അവതരിപ്പിച്ചപ്പോൾ പഞ്ചായത്ത് ഭരണത്തെ സംബന്ധിച്ച് പരാമർശം അതിലുണ്ടായിരുന്നില്ല. ഇതിനെ തുടർന്നുണ്ടായ വിവാദങ്ങൾക്കും വിമർശനങ്ങൾക്കും ഒടുവിൽ തമിഴ്നാട്ടിൽ നിന്നുള്ള കെ.സന്താനത്തിന്റെ ഒത്തുതീർപ്പ് ഭേദഗതി അംഗീകരിച്ചുകൊണ്ട് ഭരണഘടനയുടെ നാലാംഭാഗത്ത് നിർദ്ദേശക തത്വങ്ങളിൽ അനുച്ഛേദം നാൽപ്പത് ആയി ഇങ്ങനെ എഴുതി ചേർത്തു.

'സംസ്ഥാനങ്ങൾ ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കേണ്ടതും ഭരണകൂടത്തിന്റെ ഘടകമായി സ്വയം പ്രവർത്തിക്കുന്നതിനാവശ്യമായ അധികാരവും ശക്തിയും പ്രവർത്തനാധികാരങ്ങളും അവർക്ക് നൽകേണ്ടതുമാണ്.'

നിർദ്ദേശകതത്വങ്ങളിൽ ഉൾപ്പെട്ടതിനാൽ സംസ്ഥാനങ്ങൾക്ക് ഈ നിർദ്ദേശം നടപ്പാക്കുന്നതിനു നിയമപരമായ ബാധ്യത ഉണ്ടായില്ല. അതിനാൽ ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് ഇന്ത്യയിൽ നടപ്പിലായതുമില്ല.

ഒന്നാം പഞ്ചവത്സര പദ്ധതികാലത്ത് (1951-56) ഗ്രാമവികസനത്തെ മുൻനിർത്തി വിപു

ലമായ രണ്ട് പദ്ധതികൾ നടപ്പിലാക്കപ്പെട്ടു. 1952 ഒക്ടോബർ രണ്ടിന് ആരംഭിച്ച കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാമും (CDP) 1953-ൽ ആരംഭിച്ച നാഷണൽ എക്സ്റ്റൻഷൻ പ്രോഗ്രാമും. ഗ്രാമീണ ജനതയെ സ്വാശ്രയത്വത്തിലേക്ക് നയിക്കുക എന്നതായിരുന്നു ഈ പദ്ധതികളുടെ ലക്ഷ്യം. ഇതിനായി രാജ്യമെമ്പാടും ബ്ലോക്കുകൾ രൂപീകരിച്ചു. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്കായിരുന്നു പദ്ധതിയുടെ നിർവഹണ ചുമതല. എന്നാൽ പ്രാദേശികമായി ഈ പദ്ധതി ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാപ്തമായിരുന്നില്ല. ഉദ്യോഗസ്ഥരാണ്പദ്ധതി നിർവഹണം താഴെത്തട്ടിൽ നടത്തിയത്. ഇത് കാലതാമസത്തിനും അഴിമതിക്കും വഴിതെളിച്ചു. ജനങ്ങൾക്ക് വികസന പ്രവർത്തനങ്ങളിൽ യാതൊരു പങ്കാളിത്തവുമില്ലായെന്ന തോന്നൽ ശക്തമായി. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ടാം പഞ്ചവത്സര പദ്ധതി (1956-1961) കാലയളവിൽ പഞ്ചായത്ത് സംവിധാനത്തെപ്പറ്റി പഠിക്കുന്നതിനായി ആസൂത്രണ കമ്മീഷന്റെ നിർദ്ദേശപ്രകരം ബെൽവന്ത്റായ് മേത്തയുടെ അദ്ധ്യക്ഷതയിലുള്ള കമ്മീഷനെ നിയമിച്ചു.

ബെൽവന്ത്റായ് മേത്ത കമ്മീഷൻ-1957

1957 ജനുവരിയിൽ പ്രവർത്തനമാരംഭിച്ച കമ്മീഷൻ 1958 ഡിസംബറിൽ റിപ്പോർട്ടു സമർപ്പിച്ചു. സാമൂഹ്യ വികസനത്തിനു ജനാധിപത്യ വികേന്ദ്രീകരണം അനിവാര്യമാണെന്ന് റിപ്പോർട്ട് നിർദ്ദേശിച്ചു. ഈ കമ്മറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.



- ത്രിതല പഞ്ചായത്ത് സംവിധാനം നടപ്പിൽ വരുത്തുക. ഗ്രാമ-ബ്ലോക്ക്-ജില്ലാ സമിതികളാണ് കമ്മറ്റി ശുപാർശ ചെയ്ത ത്രിതല സംവിധാനം.
- പഞ്ചായത്തുകൾ സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിനാവശ്യമായ അധികാരങ്ങളും വിഭവങ്ങളും കൈമാറുക.
- ക്ഷേമവികസന പ്രവർത്തനങ്ങൾ ത്രിതല പഞ്ചായത്തുകളിലൂടെ നടപ്പിലാക്കുക.
- പഞ്ചായത്ത് സമിതികളിൽ രണ്ട് വനിതകളെ അംഗങ്ങളായി ഉൾപ്പെടുത്തുക.

1958 ഏപ്രിൽ 1-ന് കമ്മിറ്റി ശുപാർശകൾ നിലവിൽ വന്നു. തുടർന്ന് വിവിധ സംസ്ഥാനങ്ങളിൽ പ്രാദേശിക ഭേദങ്ങളോടെ പഞ്ചായത്ത് നിയമങ്ങളും തിരഞ്ഞെടുപ്പ് രീതികളും നിലവിൽ വന്നു. (കമ്മീഷൻ റിപ്പോർട്ടിനെ തുടർന്ന് ആദ്യമായി പഞ്ചായത്ത് നിയമം നടപ്പിലാക്കിയത് രാജസ്ഥാനിലാണ്. 1959-ൽ നിലവിൽ വന്ന നാഗൂർ ആണ് ആദ്യ ഗ്രാമപഞ്ചായത്ത്) വേണ്ടത്ര അധികാരങ്ങളും ധനാഗമമാർഗ്ഗങ്ങളും കൈമാറാത്തതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് സ്വയംഭരണ സ്ഥാപനങ്ങളായി ഉയരാൻ കഴിയാതെ വന്നു. ക്രമേണ ഇവയുടെ പ്രസക്തി കുറഞ്ഞു.

അശോക്മേത്ത കമ്മീഷൻ (1978)

1977-ൽ അധികാരത്തിൽ വന്ന മൊറാർജി ദേശായ് ഗവൺമെന്റ് പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുന്നതിനായി മുൻ പ്ലാനിംഗ് കമ്മിഷൻ ഡെപ്യൂട്ടി ചെയർമാനും മന്ത്രിയുമായിരുന്ന അശോക്മേത്ത അധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.

- ദ്വിതല പഞ്ചായത്ത് സംവിധാനം നടപ്പിലാക്കുക. (പല വില്ലേജുകൾ ചേർന്ന് മണ്ഡൽ പഞ്ചായത്തും മണ്ഡൽ പഞ്ചായത്തുകൾ ചേർന്ന് ജില്ലാപരിഷത്തും)
- ന്യായ പഞ്ചായത്തുകൾ രൂപീകരിക്കുക.
- നികുതി പിരിക്കുന്നതിനുള്ള അവകാശം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുക.
- ജില്ലാ ആസൂത്രണത്തിന്റെ ചുമതല ജില്ലാ പഞ്ചായത്തിനായിരിക്കും.
- പിന്നോക്ക വിഭാഗങ്ങൾക്കും സ്ത്രീകൾക്കും അംഗത്വത്തിൽ പ്രാതിനിധ്യം ഉറപ്പാക്കുക.
- പഞ്ചായത്തുകളുടെ പ്രവർത്തനത്തിനാവശ്യമായ വിഭവങ്ങൾ കൈമാറുക.

1980-ൽ ജനതാഗവൺമെന്റ് അധികാരത്തിൽ നിന്നു പുറത്തുപോയതോടെ കമ്മറ്റി ശുപാർശകൾ നടപ്പാക്കാതെ പോയി. ഇ.എം.എസ്.നമ്പൂതിരിപ്പാട് ഈ കമ്മറ്റിയിൽ അംഗമായിരുന്നു.

> അശോക്മേത്ത കമ്മീഷന്റെയും ബൽവന്ത്റായ് മേത്ത കമ്മീഷന്റെയും ശുപാർശകൾ തമ്മിലുള്ള പ്രധാന വ്യത്യാസം കണ്ടെത്തുക?

പി.കെ.തുംഗോൺ കമ്മറ്റി-1988

രാജീവ്ഗാന്ധി പ്രധാനമന്ത്രിയായപ്പോൾ പഞ്ചായത്ത് രാജ് നിയമം നടപ്പിലാക്കാൻ പരിശ്രമിച്ചു. ഇദ്ദേഹത്തിന്റെ ഭരണ കാലയളവിൽ പ്രധാനമായും മൂന്ന് കമ്മിറ്റികൾ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകൾ സമർപ്പിച്ചു. സി.എച്ച്.ഹനുമന്തറാവു കമ്മിറ്റി (1984) ജി.വി.കെ.റാവു കമ്മിറ്റി (1985) പി.കെ.തുംഗോൺ കമ്മിറ്റി (1988) ഇതിൽ പി.കെ.തുംഗോൺ കമ്മിറ്റിയുടെ ശുപാർശകൾ താഴെ കൊടുത്തിരിക്കുന്നു.

- പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ പിൻബലം നൽകുക.
- അഞ്ചുവർഷം കൂടുമ്പോൾ തെരഞ്ഞെടുപ്പ് കൃത്യമായി നടത്തുക.
- ജില്ലാതല ആസൂത്രണത്തിന്റെയും വികസനത്തിന്റെയും ഏജൻസി ജില്ലാപഞ്ചായത്ത് ആയിരിക്കും.
- മുഖ്യമന്ത്രി ചെയർമാനായുള്ള സംസ്ഥാനതല ആസൂത്രണ കമ്മറ്റി രൂപീകരിക്കുക.

> പി.കെ.തുംഗോൺ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ കണ്ടെത്തി ചാർട്ട് തയ്യാറാക്കുക.

പഞ്ചായത്ത് രാജ് യാഥാർത്ഥ്യമാകുന്നു



രാജീവ്ഗാന്ധി 1989-ൽ പഞ്ചായത്ത് രാജ് ബിൽ 64-ാം ഭരണഘടനാ ഭേദഗതിയായി പാർലമെന്റിൽ അവതരിപ്പിച്ചു. രാജ്യസഭയിൽ ഭൂരിപക്ഷമില്ലാത്തിനാൽ ഈ ബിൽ പാസായില്ല. തുടർന്ന് അധികാരത്തിൽ വന്ന പി.വി.നരസിംഹ റാവു സർക്കാർ 1992-ൽ പാർലമെന്റിൽ അവതരിപ്പിച്ച 73,74 ഭരണഘടനാഭേദഗതികൾ പാസാകുകയും 1993 ഏപ്രിൽ 20-ന് ഇന്ത്യൻ പ്രസിഡന്റ് ഭരണഘടനാഭേദഗതിയിൽ ഒപ്പുവെച്ചതോടുകൂടി പഞ്ചായത്ത് രാജ് നിയമം നിലവിൽ വരികയും ചെയ്തു. 73-ാം ഭരണഘടന ഭേദഗതി പഞ്ചായത്ത് രാജുമായി ബന്ധപ്പെട്ടതും 74-ാം ഭരണഘടനാഭേദഗതി നഗരപാലികാ നിയമത്തെ സംബന്ധിച്ചുള്ളതുമാണ്.

പഞ്ചായത്ത് രാജ് നിയമം - സവിശേഷതകൾ

- ഗ്രാമപഞ്ചായത്തിന്റെ നിയോജകമണ്ഡലം (വാർഡ്) അടിസ്ഥാനമാക്കി വോട്ടവകാശമുള്ള മുഴുവൻ ജനങ്ങളും ഉൾപ്പെടുന്ന ഗ്രാമസഭ രൂപീകരിക്കുന്നതിന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.
- എല്ലാ സംസ്ഥാനങ്ങളിലും ഗ്രാമതലം-മദ്ധ്യതലം-ജില്ലാതലം എന്നീ മൂന്നു തലങ്ങളിൽ പഞ്ചായത്തുകൾ രൂപീകരിക്കണം. (20 ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള സംസ്ഥാനങ്ങൾക്ക് മദ്ധ്യതലം വേണമെന്നില്ല)
- നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെയായിരിക്കും ത്രിതല പഞ്ചായത്ത് അംഗങ്ങളെ തെരഞ്ഞെടുക്കുക. എം.എൽ.എ/എം.പി/എം.എൽ.സി മാർക്ക് മദ്ധ്യ-ജില്ലാതല പഞ്ചായത്തുകളിൽ അംഗത്വം നൽകാൻ സംസ്ഥാന നിയമമാവാം.
- അംഗത്വത്തിലും പ്രസിഡന്റ് പദവിയിലും മൂന്നിലൊന്നിൽ കുറയാത്ത സംവരണം. പട്ടികജാതി സംവരണത്തിലും ഇതേ തോതിൽ വനിതാ സംവരണം.
- ജനസംഖ്യാനുപാതത്തിൽ അംഗത്വത്തിലും അധ്യക്ഷപദവിയിലും പട്ടികജാതി-പട്ടികവർഗ വിഭാഗത്തിന് സംവരണം.
- സ്വതന്ത്രവും നീതിയുക്തവുമായി തിരഞ്ഞെടുപ്പു നടത്തുന്നതിന് സ്വതന്ത്രചുമതലയുള്ള തെരഞ്ഞെടുപ്പു കമ്മീഷൻ നിയമം വിഭാവനം ചെയ്യുന്നു.
- അഞ്ചുവർഷത്തിലൊരിക്കൽ പഞ്ചായത്തു സമിതികളിലേക്ക് തെരഞ്ഞെടുപ്പു നടത്തണം.
- അംഗത്തിന്റെ കുറഞ്ഞ പ്രായപരിധി 21 വയസ്സ്. അയോഗ്യത സംബന്ധിച്ച് നിയമസഭാ സാമാജികർക്കുള്ള വ്യവസ്ഥകൾ പഞ്ചായത്തിനും ബാധകമാണ്.
- സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിനും സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും ഉതകുന്ന സ്വന്തം പദ്ധതികളുണ്ടാക്കുന്നതിനും നടപ്പിലാക്കുന്നതിനും പഞ്ചായത്തിന് പൂർണ അധികാരമുണ്ട്.

- നികുതികളും ചുങ്കങ്ങളും ഫീസുകളും പിരിക്കുന്നതിന് പഞ്ചായത്തുകൾക്ക് അധികാരമുണ്ട്.
- പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി അവലോകനം നടത്തുന്നതിനും സ്ഥിതി മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും സംസ്ഥാന ധനകാര്യ കമ്മീഷൻ രൂപീകരിക്കണം.
- ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും വാർഷിക വികസന പദ്ധതികൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിനായി ജില്ലാ ആസൂത്രണ സമിതി (DPC) രൂപീകരിച്ചു. 73-ാം ഭരണഘടനാ ഭേദഗതി പ്രകാരമുള്ള ഭരണഘടനാ സ്ഥാപനമാണ് DPC. കേരളത്തിൽ DPC യുടെ ചെയർമാൻ ജില്ലാപഞ്ചായത്ത് പ്രസിഡന്റാണ്, സെക്രട്ടറി ജില്ലാ കളക്ടറും.

പഠന പുരോഗതി വിലയിരുത്താം

4. ബൽവന്ത്റായി കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാം?

പൂരിപ്പിക്കുക

5. ..... സംവിധാനമാണ് അശോക്മേത്ത കമ്മീഷൻ ശുപാർശ ചെയ്തത് ?
6. പഞ്ചായത്ത് രാജുമായി ബന്ധപ്പെട്ടതാണ് .....ാം ഭരണഘടനാഭേദഗതി.
7. ..... ലാണ് പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നത് ?
8. 1993-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാമാണ്?

ഗ്രാമസഭ

73-ാം ഭരണഘടനാ ഭേദഗതിയിലൂടെ എല്ലാ സംസ്ഥാനങ്ങളും ഗ്രാമസഭകൾ രൂപീകരിക്കണം. ഓരോ ഗ്രാമപഞ്ചായത്തിലെയും ഓരോ നിയോജക മണ്ഡലവും (വാർഡ്) ഒരു ഗ്രാമമാണ്. ഗ്രാമത്തിലെ വോട്ടവകാശമുള്ള മുഴുവൻ ജനങ്ങളും ചേർന്നതാണ് ഗ്രാമസഭ. ആ വാർഡിലെ ജനപ്രതിനിധി ആയിരിക്കും ഗ്രാമസഭയുടെ കൺവീനർ.



അധികാരം ജനങ്ങളിലേക്ക് പകരുന്ന പ്രക്രിയയിൽ വോട്ടവകാശമുള്ള മുഴുവൻ ജനങ്ങളും നേരിട്ട് പങ്കെടുക്കാനും അധികാരം പ്രയോഗിക്കാനും കഴിയുന്ന ഏക വേദിയാണ് ഗ്രാമസഭ. ഗ്രാമസഭായോഗങ്ങൾ മൂന്നു മാസത്തിലൊരിക്കൽ കൺവീനർ വിളിച്ചു ചേർക്കണം. ഇത്തരം രണ്ടു യോഗങ്ങൾ തുടർച്ചയായി വിളിച്ചു ചേർക്കുന്നതിൽ വീഴ്ച വരുത്തിയാൽ ജനപ്രതിനിധിയുടെ സ്ഥാനം നഷ്ടപ്പെടും. ആസൂത്രണം, നിർവഹണം, പരിശോധന എന്നിങ്ങനെ മൂന്നു മേഖലകളിലായി ഗ്രാമസഭയുടെ അധികാരങ്ങളും അവകാശങ്ങളും വ്യാപിച്ചു കിടക്കുന്നു.

- ആസൂത്രണം-പഞ്ചായത്തിന്റെ വാർഷിക വികസന പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുന്നതും മുൻഗണന നിശ്ചയിക്കുന്നതും ഗ്രാമസഭയാണ്.
- നിർവഹണം-പഞ്ചായത്ത് നടപ്പാക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾക്കുള്ള വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭയാണ്. ഈ മുൻഗണന മാറ്റുവാൻ പഞ്ചായത്തിന് അധികാരമില്ല.
- പരിശോധന-സോഷ്യൽ ഓഡിറ്റിംഗിലൂടെ പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങൾ പരിശോധിക്കാൻ ഗ്രാമസഭക്ക് അധികാരമുണ്ട്.

ജനങ്ങളുടെ പങ്കാളിത്തമാണ് ജനാധിപത്യത്തിന്റെ കാതൽ. ഇപ്രകാരം നോക്കുമ്പോൾ താഴെത്തട്ടിലുള്ള ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ ഗ്രാമസഭകൾക്കുള്ള പങ്ക് വളരെ വലുതാണ്. എല്ലാ വിഭാഗം ജനങ്ങളെയും ജനാധിപത്യ പ്രക്രിയയിൽ പങ്കാളിയാക്കുന്നതിന് ഗ്രാമസഭാ യോഗങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ എല്ലാ പൗരന്മാർക്കും അവകാശമുണ്ട്.

ഗ്രാമസഭ നന്ദർശിച്ച് പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കുക.

ന്യായ പഞ്ചായത്തുകൾ

വേദകാലഘട്ടം മുതൽ തന്നെ ഇന്ത്യൻ ഗ്രാമങ്ങളിൽ തനതായ തർക്കപരിഹാര സംവിധാനങ്ങൾ നിലനിന്നിരുന്നു. സഭ, സമിതി എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. ജാതി പഞ്ചായത്തുകളും തർക്കപരിഹാരങ്ങളിൽ ഏർപ്പെട്ടിരുന്നു.

1888-ലെ വില്ലേജ് കോർട്സ് ആക്ട് പ്രകാരം ഇന്ത്യയിൽ ന്യായ പഞ്ചായത്തുകളുടെ പ്രവർത്തനം ആരംഭിച്ചു. ബ്രിട്ടീഷ് ഭരണ കാലയളവിൽ ന്യായപഞ്ചായത്തുകളുടെ സ്ഥാനത്തെപ്പറ്റി വിവിധ കമ്മീഷനുകൾ ശുപാർശ ചെയ്തിരുന്നു. സ്വാതന്ത്ര്യത്തിനു ശേഷം ന്യായ പഞ്ചായത്തുകളുടെ സ്ഥാപനത്തിനു വേണ്ടത്ര പരിഗണന ലഭിച്ചില്ല. എന്നാൽ അശോക്മേത്ത കമ്മീഷൻ ന്യായ പഞ്ചായത്തുകളുടെ പ്രാധാന്യം ചൂണ്ടിക്കാട്ടി. തുടർന്ന് ആന്ധ്രാപ്രദേശ്, ഹരിയാന, കർണാടക, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ ന്യായ പഞ്ചായത്തുകളുടെ പ്രവർത്തനം ആരംഭിച്ചു. 73-ാം ഭരണഘടനാ ഭേദഗതിക്കുശേഷം ബീഹാർ, ഹിമാചൽപ്രദേശ്, പഞ്ചാബ്, ഉത്തർപ്രദേശ്, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ ന്യായപഞ്ചായത്തുകൾ നിയമപരമായി തന്നെ നിലവിൽ വന്നു. പശ്ചിമബംഗാളിൽ ന്യായപഞ്ചായത്തിലേക്ക് അഞ്ച് അംഗങ്ങളെ പ്രത്യേകം തെരഞ്ഞെടുക്കുന്നുണ്ട്. കോടതി വ്യവഹാരങ്ങളിലേക്ക് പോകാതെ പ്രാദേശികമായിതന്നെ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിനുള്ള വേദികളാണ് ന്യായ പഞ്ചായത്തുകൾ.

ന്യായപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതിന്റെ പ്രാധാന്യം എന്താണ്?

പഞ്ചായത്ത് രാജ്-കേരളത്തിൽ

കേരളപ്പിറവിക്ക് മുൻപ് തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ കേരളം വിഭജിക്കപ്പെട്ടിരുന്നു. ഓരോ പ്രദേശത്തും വ്യത്യസ്ത തരത്തിലുള്ള പഞ്ചായത്തുകളാണ് പ്രവർത്തിച്ചിരുന്നത്. ഐക്യകേരളപിറവിക്കുശേഷം അധികാരത്തിൽ വന്ന ഇ.എം.

എസ് സർക്കാർ പഞ്ചായത്തുകളുടെ പ്രവർത്തനത്തിന് ഐക്യരൂപമുണ്ടാക്കാനും ഒറ്റ നിയമത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുമായി ശ്രമം നടത്തി. ഇതിനായി കേരള പഞ്ചായത്ത് ബിൽ (1958) തയാറാക്കിയെങ്കിലും ഈ ബിൽ പാസാക്കുന്നതിനു മുമ്പ് ഈ സർക്കാർ പിരിച്ചുവിടപ്പെട്ടു. തുടർന്ന് അധികാരത്തിൽ വന്ന പട്ടം താണുപിള്ള യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് തിരുകൊച്ചി-മലബാർ പ്രദേശത്തെ വ്യത്യസ്ത നിയമങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് കേരള പഞ്ചായത്ത് ആക്ട് (1960) നടപ്പിലാക്കി. തുടർന്ന് വിവിധ സർക്കാരുകൾ പല കാലങ്ങളിലായി നടത്തിയ ഭരണ പരിഷ്ക്കരണ ശ്രമങ്ങളധികവും ഫലം കാണാതെപോയി.

- 1964-ലെ കേരള പഞ്ചായത്ത് യൂണിയൻ കൗൺസിൽ ആന്റ് ജില്ലാപരിഷത് ബിൽ
- 1967-ലെ ദ്വിതല പഞ്ചായത്ത് രാജ് ബിൽ
- 1971-ലെ കേരള ജില്ലാ ഭരണബിൽ
- 1979-ലെ ജില്ലാ ഭരണബിൽ എന്നിവയാണ് ഇവയിൽ മുഖ്യം.

1979-ലെ ജില്ലാ ഭരണബിൽ അനുസരിച്ച് 1989-ൽ ജില്ലാ കൗൺസിൽ തെരഞ്ഞെടുപ്പ് നടത്തി പ്രതിനിധികൾ അധികാരമേറ്റെങ്കിലും 1991-ൽ ജില്ലാ കൗൺസിലുകൾ പിരി ച്ചുവിട്ടു. തുടർന്ന് 1993-ലെ 73, 74 ഭരണഘടനാ ഭേദഗതിയുടെ പിൻബലത്തിൽ 1994-ഏ പ്രിൽ 23-ന് കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നു. 1995-ലും 2000-ത്തിലും ഈ നിയമത്തിൽ ഭേദഗതികൾ വരുത്തുകയുണ്ടായി. 1995 സെപ്തംബറിൽ പുതിയ നിയമമനുസരിച്ചുള്ള പഞ്ചായത്ത് തെരഞ്ഞെടുപ്പ് കേരളത്തിൽ നടന്നു. 2015-ലെ കണ ക്കനുസരിച്ച് 14 ജില്ലാ പഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 941 ഗ്രാമപഞ്ചാ യത്തുകളും നിലവിലുണ്ട്.

> പഞ്ചായത്ത് രാജ് നിയമം നടപ്പിലാക്കുന്നതിനായി കേരളത്തിൽ നടന്നിട്ടുള്ള പ്രധാന നിയമനിർമ്മാണങ്ങളുടെ കാലഗണന ചാർട്ട് തയ്യാറാക്കുക.

സെൻ കമ്മറ്റി റിപ്പോർട്ട് 1996

പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു ശുപാർശ കൾ സമർപ്പിക്കുന്നതിനാണ് 1996 ജൂലൈ 4-ാം തീയതി സത്യബ്രതസെൻ അധ്യക്ഷ നായുള്ള കമ്മറ്റിയെ കേരളാ സർക്കാർ നിയോഗിച്ചത്.

പ്രധാന ശുപാർശകൾ

- ത്രിതല പഞ്ചായത്തുകൾക്ക് സ്വതന്ത്ര സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തി ക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകണം.
- ചുമതലകൾ നൽകുമ്പോൾ മുകളിൽ നിന്നു താഴേക്കല്ല താഴെ നിന്നു മുകളിലേ ക്കാണ് നൽകേണ്ടത്. അടിസ്ഥാന ഘടകത്തിനായിരിക്കണം മുൻഗണന.
- ഗ്രാമസഭകളെ ശക്തിപ്പെടുത്തണം. അയൽകൂട്ടങ്ങളുടെ സാധ്യതകൾ പ്രയോജ നപ്പെടുത്തണം.
- പൗരാവകാശരേഖ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ, സോഷ്യൽ ഓഡിറ്റ് എന്നിവ ഏർപ്പെടുത്തണം.

- കൂടുതൽ അധികാരവും വിഭവങ്ങളും നിയന്ത്രണങ്ങളും പഞ്ചായത്തുകൾക്ക് കൈമാറണം.
- ത്രിതല പഞ്ചായത്തുകൾക്കുമേലുള്ള സർക്കാർ നിയന്ത്രണം പരമാവധി കുറയ്ക്കണം.

സെൻ കമ്മറ്റിയുടെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്?

ജനകീയാസൂത്രണം (1997 – 2002)



73, 74 ഭരണഘടനാ ഭേദഗതികളെത്തുടർന്ന് പ്രാദേശിക ഭരണ രംഗത്ത് വികേന്ദ്രീകൃതാസൂത്രണത്തിനും ഭരണ തലത്തിൽ ജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ഒൻപതാം പഞ്ചവത്സര പദ്ധതികാലത്ത് നടപ്പാക്കിയ ആസൂ ത്രണ നിർവഹണ പ്രക്രിയയാണ് ജനകീയാസൂത്രണം. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും പരിശോധനയിലും ജനപ ങ്കാളിത്തം ഉറപ്പുവരുത്തുവാൻ ജനകീയാസൂത്രണത്തിനു കഴി ഞ്ഞു. അധികാര വികേന്ദ്രീകരണത്തെ ഫലപ്രദമായി താഴെത്ത ട്ടിൽ നടപ്പിലാക്കുന്നതിൽ ജനകീയാസൂത്രണം വിജയിച്ചു. 1996 ആഗസ്റ്റ് 17-നാണ് ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ആരം ഭിക്കുന്നത്.

ജനകീയാസൂത്രണത്തിന്റെ പ്രധാന മേന്മകൾ കണ്ടെത്തുക.

ഗാന്ധിയും നിലവിലുള്ള പഞ്ചായത്ത് രാജ് സംവിധാനവും

പഠനപ്രവർത്തനം

നിലവിലുള്ള പഞ്ചായത്ത് രാജ് സംവിധാനവും ഗാന്ധിയൻ സങ്കൽപ്പത്തി ലുള്ള പഞ്ചായത്ത്രാജ് സംവിധാനവും തമ്മിൽ താരതമ്യം ചെയ്യുക.

ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകമായിട്ടാണ് ഗാന്ധിജി ഗ്രാമങ്ങളെ കണ്ടത്. ഓരോ ഗ്രാമവും സ്വയം പര്യാപ്ത റിപ്പബ്ലിക്കുകൾ ആകണമെന്നായിരുന്നു അദ്ദേഹ ത്തിന്റെ ആഗ്രഹം. അധികാരം വികേന്ദ്രീകരിക്കേണ്ടത് താഴെ നിന്നും മുകളിലേക്ക് ആയിരിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. നിയമനിർമ്മാണത്തിനും നീതിനിർവ ഹണത്തിനും പഞ്ചായത്തുകൾക്ക് അധികാരമുണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു. നില വിലുള്ള പഞ്ചായത്ത് രാജ് ഗാന്ധിയൻ ആശയങ്ങളിൽ നിന്നും ഏറെ അകലെയാണ്. മുകളിൽ നിന്നും താഴേക്ക് കൈമാറി വരുന്ന അധികാരങ്ങൾ മാത്രമാണ് ഇന്ന് പഞ്ചാ യത്തുകൾക്കുള്ളത്. സ്വയംപര്യാപ്ത ഘടകമായി പ്രവർത്തിക്കുന്നതിനുള്ള വിഭവ ങ്ങളും അധികാരവും പഞ്ചായത്തുകൾക്ക് നൽകപ്പെട്ടിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ഒരനുബന്ധ സ്ഥാപനമെന്ന നിലയിലാണ് ഈ പഞ്ചായത്തുകൾ പ്രവർത്തിക്കുന്നത്.

സാമ്പത്തിക വിഷയങ്ങൾക്കപ്പുറമുള്ള മതസൗഹാർദ്ദം, സാമൂഹിക വികസനം, സാമൂ ഹികവും സാംസ്കാരികവുമായ പരിപാടികൾ വികസിപ്പിച്ച് നടപ്പാക്കുന്നതിൽ ഗ്രാമ സഭകൾ പരാജയപ്പെട്ടു. പൊതു ആസ്തികളുടെ സംരക്ഷണം, പരിസ്ഥിതി സംരക്ഷ

ണം, തർക്ക പരിഹാരം തുടങ്ങി ഒട്ടേറെ ധർമ്മങ്ങൾ നിർവഹിക്കുവാൻ ഗ്രാമസഭകൾക്ക് കഴിയും. എന്നാൽ ഈ രീതിയിൽ ഗ്രാമസഭകളുടെ പ്രവർത്തനത്തെ വികസിപ്പിക്കാൻ ഇന്നും നമുക്ക് കഴിഞ്ഞിട്ടില്ല.

പഠനപുരോഗതി വിലയിരുത്താം

9. ശരിയും തെറ്റും കണ്ടെത്തുക.

(a) ഒരു വാർഡിലെ ജനപ്രതിനിധി ആയിരിക്കും ഗ്രാമസഭയുടെ അധ്യക്ഷൻ

(b) പഞ്ചായത്ത് നടപ്പാക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾക്കുള്ള വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭയാണ്.

(c) കോടതി വ്യവഹാരങ്ങളിലേക്ക് പോകാതെ പ്രാദേശികമായുള്ള പ്രശ്നപരിഹാര സംവിധാനമാണ് ന്യായപഞ്ചായത്തുകൾ

(d) 1994-ൽ കേരള പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നു.

10. പൂരിപ്പിക്കുക

(a) ....., ..., ... എന്നിങ്ങനെ മൂന്നു മേഖലകളിലായി ഗ്രാമസഭയുടെ അധികാരങ്ങളും അവകാശങ്ങളും വ്യാപിച്ചു കിടക്കുന്നു.

(b) പ്രാദേശിക ഭരണരംഗത്ത് വികേന്ദ്രീകൃതാസൂത്രണത്തിനും ഭരണതലത്തിൽ ജനപങ്കാളിത്തം വർധിപ്പിക്കുന്നതിനുമായി 1996-ൽ കേരളത്തിൽ നടപ്പിലാക്കിയ പ്രക്രിയയാണ് .....

സംഗ്രഹം

- ഗ്രാമഭരണ സംവിധാനത്തിന് ഇന്ത്യയിൽ നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. സ്വയം സമ്പൂർണ സ്വതന്ത്ര ഘടകങ്ങളായിട്ടാണ് ഇവ പ്രവർത്തിച്ചിരുന്നത്. എന്നാൽ ബ്രിട്ടീഷ് അധിനിവേശം നമ്മുടെ ഗ്രാമഭരണ സംവിധാനത്തെ തകർത്തു. തങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉപകരണങ്ങളായി പ്രാദേശിക ഭരണസംവിധാനങ്ങളെ ബ്രിട്ടീഷുകാർ ഉപയോഗപ്പെടുത്തി.
- ഗാന്ധിജി വിഭാവനം ചെയ്ത വികേന്ദ്രീകൃത രാഷ്ട്രീയക്രമത്തിലെ ഏറ്റവും അടിസ്ഥാന ഘടകം വ്യക്തിയും അതിനു പുറത്ത് ഗ്രാമവുമാണ്. ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകമായി ഗ്രാമങ്ങളെയാണ് ഗാന്ധിജി കണ്ടത്.
- സ്വാതന്ത്ര്യാനന്തരം ഗാന്ധിജി വിഭാവനം ചെയ്ത പഞ്ചായത്ത് രാജ് സംവിധാനം ഇന്ത്യയിൽ നടപ്പിലായില്ല.
- 1993-ലെ 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ നടപ്പിലാക്കിയ പഞ്ചായത്ത് രാജ് നിയമം ഇന്ത്യയിലെ പ്രാദേശിക ഭരണ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിച്ചു.

സ്വയംവിലയിരുത്തൽ ചെക്ക് ലിസ്റ്റ്

	പൂർണ്ണമായി കഴിയുന്നു	ഭാഗികമായി കഴിയുന്നു	മെച്ചപ്പെടേണ്ടതുണ്ട്
• പുരാതന ഇന്ത്യയിലെ ഗ്രാമഭരണം വിലയിരുത്തുന്നു.			
• ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിൽ പഞ്ചായത്ത് രാജ് ഭരണ സംവിധാനം എപ്രകാരമായിരുന്നുവെന്ന് വിലയിരുത്തുന്നു.			
• ഗാന്ധിജിയുടെ കാഴ്ചപ്പാടിലുള്ള പഞ്ചായത്ത് രാജ് സംവിധാനം എപ്രകാരമെന്ന് തിരിച്ചറിയുന്നു.			
• സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ പഞ്ചായത്ത് രാജ് എപ്രകാരം വികസിച്ചുവെന്ന് വിലയിരുത്തുന്നു.			
• 73-ാം ഭരണഘടനയുടെ സവിശേഷതകൾ വിശദീകരിക്കുന്നു.			
• കേരളത്തിൽ പഞ്ചായത്ത് രാജ് സംവിധാനം എപ്രകാരം പ്രവർത്തിക്കുന്നുവെന്ന് തിരിച്ചറിയുന്നു.			

തുടർമൂല്യനിർണയ സാധ്യതകൾ

1. ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുക.
2. അയൽക്കൂട്ടങ്ങൾക്ക് അധികാരവികേന്ദ്രീകരണത്തിലുള്ള പ്രധാന്യത്തെപ്പറ്റി സെമിനാർ തയാറാക്കുക.

പഠനപുരോഗതി വിലയിരുത്താം – ഉത്തര സൂചിക

1. ഗ്രാമങ്ങൾ സ്വയംപര്യാപ്തമായ സ്വതന്ത്രഘടകങ്ങളായാണ് പ്രവർത്തിച്ചിരുന്നത്. മൗര്യ സാമ്രാജ്യത്തെ സംസ്ഥാനങ്ങളായും ജനപദങ്ങളായും ഗ്രാമങ്ങളായും വിഭജിക്കപ്പെട്ടിരുന്നു. ഓരോ ഗ്രാമവും തെരഞ്ഞെടുക്കപ്പെട്ട ഗ്രാമികന്മാരുടെ നേതൃത്വത്തിൽ ഭരണ നിർവഹണം നടത്തി.
2. ഗ്രാമങ്ങൾ ആയിരിക്കും അടിസ്ഥാന ഘടകം. തെരഞ്ഞെടുക്കുന്ന അഞ്ചംഗ സമിതിയായിരിക്കും ഭരണം നടത്തുന്നത്. ഓരോ ഗ്രാമവും സ്വയംപര്യാപ്തമായിരിക്കും. ജനങ്ങളുടെ കൂട്ടായ പ്രവർത്തനവും പങ്കാളിത്ത ജനാധിപത്യവും ഇതിന്റെ സവിശേഷതയാണ്.

3. ഗ്രാമം
4. ത്രിതല പഞ്ചായത്ത് സംവിധാനം. പഞ്ചായത്തുകൾക്കുവേണ്ടി അധികാരങ്ങളും വിഭവങ്ങളും കൈമാറുക. വനിതാസംവരണം.
5. ദ്വിതല പഞ്ചായത്ത്
6. 73
7. 1993
8. ഗ്രാമസഭാ രൂപീകരണം. ത്രിതല സംവിധാനം. അംഗത്വത്തിലും അധ്യക്ഷ സ്ഥാനത്തിലും പട്ടികജാതി-പട്ടികവർഗ-വനിതാസംവരണം. സ്വതന്ത്ര തെരഞ്ഞെടുപ്പു കമ്മീഷൻ. സംസ്ഥാന ധനകാര്യകമ്മീഷൻ, അഞ്ചുവർഷ തെരഞ്ഞെടുപ്പ്.
9. (a) തെറ്റ് (b) ശരി (c) ശരി (d) ശരി
10. (a) ആസൂത്രണം, നിർവ്വഹണം, പരിശോധന

    (b) ജനകീയാസൂത്രണം

വിലയിരുത്തൽ ചോദ്യങ്ങൾ

1. മൗര്യകാലഘട്ടത്തിന്റെ ഗ്രാമീണ ഭരണ സംവിധാനങ്ങളെക്കുറിച്ച് ലഘു കുറിപ്പ് തയാറാക്കുക.
2. ചോളകാലഘട്ടത്തിലെ ഗ്രാമീണ ഭരണത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക.
3. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിനായി നടപ്പാക്കിയ നിയമ പരിഷ്കാരങ്ങൾ ഏതെല്ലാമാണ്. അവയുടെ സവിശേഷതകൾ വിശദീകരിക്കുക?
4. ഗാന്ധിജിയുടെ കാഴ്ചപ്പാടിലുള്ള പഞ്ചായത്തിന്റെ ഘടന വിശദീകരിക്കുക.
5. ഗാന്ധിയൻ വീക്ഷണത്തിൽ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ എന്തെല്ലാമാണ്
6. ബൽവന്ത്റായ് മേത്ത, അശോക്മേത്ത കമ്മീഷനുകളുടെ ശുപാർശകൾ വിശദീകരിക്കുക.
7. 73-ാം ഭരണഘടനാ ഭേദഗതിയുടെ സവിശേഷതകൾ എന്തെല്ലാമാണ്?
8. ഗ്രാമസഭയുടെ പ്രാധാന്യത്തെക്കുറിച്ച് ലഘു ഉപന്യാസം തയാറാക്കുക.
9. ഗാന്ധിയൻ സങ്കൽപ്പത്തിലുള്ള പഞ്ചായത്ത് രാജ് സംവിധാനവും ഇന്നുനിലവിലുള്ള പഞ്ചായത്ത് രാജ് സംവിധാനവും തമ്മിൽ താരതമ്യം ചെയ്ത് വിശകലനകുറിപ്പ് തയാറാക്കുക.

1. സംസ്ഥാനങ്ങളെ ജനപദങ്ങളായും ഗ്രാമങ്ങളായും വിഭജിച്ചു. നഗര ഭരണത്തിനായി മുൻസിപ്പൽ കൗൺസിലുകൾ നിലവിലുണ്ടായിരുന്നു. അഞ്ചംഗങ്ങൾ വീതുള്ള ആറ് സമിതികളാണ് നഗരഭരണത്തെ നിയന്ത്രിച്ചിരുന്നത്.
2. സാമ്രാജ്യത്തെ മണ്ഡലങ്ങളായും മണ്ഡലങ്ങളെ വളനാടുകളായും വളനാടുകളെ നാടുകളായും നാടുകളെ കൊട്ടങ്ങളായും തിരിച്ചിരിക്കുന്നു.

   ഗ്രാമഭരണത്തിനായി ഊരാർ, സഭ എന്നീ പേരുകളിൽ രണ്ട് സമിതികൾ പ്രവർത്തിച്ചിരുന്നു.
3. റിപ്പൺ പ്രമേയം, റോയൽ കമ്മീഷൻ, ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് മൊൺടേഗു ചെംസ്ഫോർഡ് പരിഷ്കാരങ്ങൾ, ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് (1935)
4. ഓരോ ഗ്രാമവും സ്വയം പര്യാപ്ത റിപ്പബ്ലിക്കുകൾ ആയിരിക്കും-നിയമനിർമ്മാണ സഭയും ജുഡീഷ്യറിയും എക്സിക്യൂട്ടീവുമെല്ലാം പഞ്ചായത്തായിരിക്കും - ഒരു സ്വയം പര്യാപ്ത ഗ്രാമത്തിനു പുറത്തുള്ള ഗ്രാമ വലയത്തെ താലൂക്ക് എന്നു പറയും താലൂക്കിനും അതിനു പുറത്ത് ദേശ രാഷ്ട്രവുമായി അത് വികസിച്ചുകൊണ്ടിരിക്കും.
5. ആവശ്യമായ ഭക്ഷ്യവിളകളും പരുത്തിയും കൃഷി ചെയ്യണം-കന്നുകാലി സമ്പത്ത് പരിരക്ഷിക്കണം -ജല ലഭ്യത ഉറപ്പുവരുത്തണം-ശുചിത്വം ഉറപ്പ് വരുത്തണം -തൊട്ടുകൂടായ്മ ഉണ്ടാകാൻ പാടില്ല- പൊതുയോഗ സ്ഥലങ്ങൾ സംരക്ഷിക്കണം -ഗ്രാമീണ വൈദ്യസഹായം ഉറപ്പാക്കണം.

6. ബൽവന്ത്റായ് മേത്ത	അശോക് മേത്ത
ത്രിതലം	ദ്വിതലം
വനിതാ സംവരണം	പിന്നോക്കവിഭാഗങ്ങൾക്കും വനിതകൾക്കും സംവരണം
സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നതിനാവശ്യമായ അധികാരം കൈമാറണം	ന്യായ പഞ്ചായത്തുകൾ

7. ഗ്രാമസഭ രൂപീകരിക്കണം-ത്രിതല സംവിധാനം-നേരിട്ടുള്ള തെരഞ്ഞെടുപ്പ്-വനിത/പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് സംവരണം-തെരഞ്ഞെടുപ്പ് കമ്മീഷൻ ധനകാര്യ കമ്മീഷൻ-അധികാരങ്ങളും വിഭവങ്ങളും കൈമാറി.
8. അധികാരം ജനങ്ങളിലേക്ക് പകരുന്നു-ആസൂത്രണം-നിർവഹണം-പരിശോധന ഇവയിൽ ജനപങ്കാളിത്തം ഉറപ്പാക്കി.
9. ഗാന്ധിജി വിഭാവനം ചെയ്തതു ഗ്രാമങ്ങൾ സ്വയംപര്യാപ്ത റിപ്പബ്ലിക്കുകൾ ആകണമെന്നായിരുന്നു. എന്നാൽ ഇത് കേവലം സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഏജൻസികൾ മാത്രമായി അധ:പതിച്ചു. മുകളിൽ നിന്നു താഴേക്കാണ് അധികാരങ്ങൾ കൈമാറിയത്. ഗാന്ധിയൻ സങ്കൽപ്പത്തിൽ താഴെനിന്നും മുകളിലേക്കാണ് അധികാരങ്ങൾ കൈമാറേണ്ടത്.

തുടർപ്രവർത്തനങ്ങൾ

നിങ്ങളുടെ പഞ്ചായത്ത് സന്ദർശിച്ച് പഞ്ചായത്ത്രാജ് സംവിധാനം എപ്രകാരം പ്രവർത്തിക്കുന്നുവെന്ന് മനസിലാക്കി കുറിപ്പ് തയാറാക്കുക.

തുടർവായനാ സമാഗ്രികൾ

ഹിന്ദ് സ്വരാജ് - മഹാത്മാഗാന്ധി,

പഞ്ചായത്ത് - എ.സുഹൃത്കുമാർ

സത്യത്തിന്റെ സ്വരം - മഹാത്മാഗാന്ധിയുടെ തെരഞ്ഞെടുത്ത കൃതികൾ

വാല്യം 5

പഞ്ചായത്ത്രാജ് മാസിക

പദാവലി

- **ഗ്രാമഭരണം:**

  ഒരു ചെറിയ പ്രദേശത്തിന്റെ ഭരണ നിർവഹണത്തെ സൂചിപ്പിക്കുന്നു.

- **പഞ്ചായത്ത്രാജ്:**

  ഇന്ത്യയിലെ ഗ്രാമീണ അധികാര വികേന്ദ്രീകരണ സംവിധാനമാണ് പഞ്ചായത്ത്രാജ്

- **ജനകീയാസൂത്രണം:**

  തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള അധികാരം കൈമാറിക്കൊണ്ട് കേരളത്തിൽ 1996-ൽ നടപ്പിലാക്കിയ വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയാണ് ജനകീയാസൂത്രണം.

- **ഓംബുഡ്സ്മാൻ**

  പൊതുസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കെതിരെ വ്യക്തികളുടെ പരാതികൾ അന്വേഷിക്കുന്നതിനുള്ള സംവിധാനം. ഉദാ: ബാങ്കിംഗ് ഓംബുഡ്സ്മാൻ, കൺസ്യൂമർ ഓംബുഡ്സ്മാൻ ... etc.

- **പൗരാവകാശരേഖ**

  ഒരു സ്ഥാപനത്തിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ കൃത്യമായി പ്രതിപാദിക്കുന്ന ഔദ്യോഗികരേഖ.

7

ഗാന്ധിജിയുടെ വികസന കാഴ്ചപ്പാടുകൾ

(Gandhian Vision of Development)



ആമുഖം

ആധുനിക ലോകത്തിന്റെ മുഖഛായയെത്തന്നെ മാറ്റിമറിച്ച ആശയങ്ങളിലൊന്നാണു വികസനം. യൂറോപ്പിൽനിന്നു കഴിഞ്ഞ നൂറ്റാണ്ടിൽ ഉയർന്നുവന്ന ഈ ആശയം ലോകത്തെ ഒട്ടുമിക്ക രാജ്യങ്ങളിലേക്കും കോളനിവൽക്കരണത്തിനൊപ്പം പടർന്നുപന്തലിച്ചു. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ലോകക്രമങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ ഈ ആശയത്തിന്റെ വ്യാപനത്തിനു വഴിതെളിക്കുകയും ചെയ്തു. പ്രകൃതി വിഭവങ്ങളെ വൻതോതിൽ ഉപയോഗപ്പെടുത്തി വ്യാവസായികവൽക്കരണത്തെ അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയ ഈ ആശയം ആദ്യഘട്ടത്തിൽ വലിയ വളർച്ച നേടുന്നതിനു രാജ്യങ്ങളെയും സമൂഹങ്ങളെയും സഹായിച്ചെങ്കിലും പിന്നീട് വലിയ പ്രതിസന്ധികളിലേക്ക് ലോകത്തെ ഒന്നാകെ കൊണ്ടെത്തിച്ചു. ഭൂമിയുടെയും മനുഷ്യന്റെയും നിലനിൽപ്പിനെത്തന്നെ പ്രതിസന്ധിയിലാക്കുന്ന പ്രകൃതി വിഭവങ്ങളുടെ ശോഷണം, ഊർജ പ്രതിസന്ധി, പാരിസ്ഥിതിക തകർച്ച എന്നിവയുടെ കാരണം തെറ്റായ ഈ വികസന സങ്കൽപ്പം തന്നെയായിരുന്നു. ഈ പ്രതിസന്ധികളെ മറികടക്കുന്നതിനുള്ള ഉത്തരം തേടുമ്പോഴാണ് ഗാന്ധിജിയുടെ വികസന തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളുടെ പ്രസക്തി നമുക്ക് ബോധ്യമാകുന്നത്. നിലവിലുള്ള വികസന പ്രശ്നങ്ങൾ മറികടക്കാനായി അവതരിപ്പിക്കപ്പെട്ട സുസ്ഥിര വികസനം എന്ന ആശയം ഗാന്ധിയൻ വികസന മാതൃകയുമായി എത്രത്തോളം അടുത്തുനിൽക്കുന്നതാണെന്നും ഈ അധ്യായം പരിശോധിക്കുന്നു. അതോടൊപ്പം ഗാന്ധിജി മുന്നോട്ടുവയ്ക്കുന്ന സമഗ്രവികസന സങ്കൽപ്പത്തിന്റെ പ്രസക്തിയും പ്രാധാന്യവും എന്തെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു.

പഠനനേട്ടങ്ങൾ

- വികസനം എന്ന ആശയത്തെ പൂർണമായ അർഥത്തിൽ മനസിലാക്കാൻ സാധിക്കുന്നു
- ആധുനിക വികസന സങ്കൽപ്പത്തിന്റെ അളവുകോലുകളെക്കുറിച്ച് അറിവ് നേടാൻ കഴിയുന്നു.
- ആധുനിക വികസന മാതൃക നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചുള്ള ധാരണ ലഭിക്കുന്നു.
- ബദൽ വികസന മാതൃകകളെക്കുറിച്ചുള്ള പരിചയം നേടുന്നു.
- നിലനിർത്താവുന്ന വികസനം/സുസ്ഥിര വികസനം എന്ന ആശയത്തിന്റെ പരിചയവും പഠനവും സാധിക്കുന്നു.
- വികസനത്തെക്കുറിച്ചുള്ള ഗാന്ധിയൻ സങ്കൽപ്പത്തിന്റെ പ്രസക്തിയെയും പ്രാധാന്യത്തെയും കുറിച്ചുള്ള പഠനം സാധ്യമാകുന്നു

പഠനപ്രവർത്തനം

വികസനം എന്ന ആശയത്തെക്കുറിച്ച് നിങ്ങളുടെ അറിവിൽനിന്നുകൊണ്ട് കുറിപ്പ് തയാറാക്കുക. ഇന്ത്യയിലും കേരളത്തിലും വികസനമെന്ന ആശയം നടപ്പാക്കിയതിനെപ്പറ്റിയുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ ഈ കുറിപ്പിൽ രേഖപ്പെടുത്തുക.

വികസനം: എന്ത് ? എങ്ങനെ ? ആർക്ക് ?





വികസനം എന്ന ആശയത്തിന്റെ വ്യാപ്തി ആഴമേറിയതാണ്. സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും, സാംസ്കാരികവും പാരിസ്ഥിതികവുമായ എല്ലാ തലങ്ങളിലുമുണ്ടാകുന്ന അനുസ്യൂത വളർച്ചയെയാണ് വികസനം എന്ന വാക്കുകൊണ്ട് അർഥമാക്കുന്നത്. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി നടപ്പാക്കുന്ന പദ്ധതികളെയും പ്രവർത്തനങ്ങളെയും എല്ലാം നമുക്ക് വികസനമെന്നു വിശേഷിപ്പിക്കാം..

വികസനത്തിന്റെ അന്തിമലക്ഷ്യം മനുഷ്യ പുരോഗതി തന്നെയാണ്. ഇന്ത്യയുടെ സവിശേഷമായ സാഹചര്യങ്ങളിൽ വികസനം എന്ന ആശയം എങ്ങനെ നടപ്പാക്കാം എന്നതു സംബന്ധിച്ച് നമുക്ക് ഇന്നും ആശയ വ്യക്തത കൈവരിക്കാനായിട്ടില്ല. ദീർഘകാലം നീണ്ട വിദേശ ഭരണത്തിൽ നിന്നു സ്വാതന്ത്ര്യം നേടിയ നമ്മുടെ രാജ്യത്തിന്റെ വികസനം ആരംഭിക്കേണ്ടതു ഗ്രാമങ്ങളിൽ നിന്നാണ്. ഗാന്ധിജിയുടെ സ്വപ്നവും അതായിരുന്നു. എന്നാൽ സ്വാതന്ത്ര്യം നേടിയിട്ട് കാലമേറെ പിന്നിട്ടിട്ടും കടുത്ത ദാരിദ്ര്യവും അതേത്തുടർന്നുള്ള സാമൂഹിക അനിശ്ചിതത്വവും മൂലം സാമൂഹിക സാംസ്കാരിക ജീവിതത്തിൽ നിന്ന് ഒറ്റപ്പെട്ടുകഴിയുകയാണ് കോടിക്കണക്കിന് ദരിദ്രർ ഉൾപ്പെടുന്ന ഗ്രാമീണ ഇന്ത്യയെന്നതാണ് യാഥാർഥ്യം.

ഈ ദിശയിൽ വീക്ഷിക്കുമ്പോൾ ഗ്രാമീണ ജനതയിലേക്ക് വികസനത്തിന്റെ ഗുണഫലങ്ങൾ എത്തിച്ചേരണമെങ്കിൽ സ്വാശ്രയത്വം, പ്രാദേശിക വിഭവസമാഹരണം, പരസ്പരവിശ്വാസം ആത്മവിശ്വാസം, സാധ്യതകളുടെ ഉപയോഗപ്പെടുത്തൽ എന്നീ ഘടകങ്ങളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളാണ് നടക്കേണ്ടതെന്നു നമുക്ക് കാണാൻ കഴിയും. ലഭ്യമായ ഭൗതിക മാനുഷിക വിഭവങ്ങൾ പൂർണമായി വിനിയോഗിച്ച് ഉയർന്ന വരുമാനവും മെച്ചപ്പെട്ട ജീവിതസാഹചര്യവും ജനങ്ങൾക്ക് ഉറപ്പാക്കാൻ വികസനം കൊണ്ട് സാധ്യമാകണം. സർവോപരി ഈ പ്രക്രിയയിൽ ഗ്രാമീണ ജനതയുടെ പങ്കാളിത്തം ഉറപ്പാക്കുകയും വേണം.

നാം ഇന്നു പിന്തുടരുന്ന വികസന പ്രക്രിയകൾ മനുഷ്യന്റെ പുരോഗതിയും ജീവിത നിലവാരം മെച്ചപ്പെടുത്തുകയുമാണ് ലക്ഷ്യമിടുന്നതെങ്കിലും അവ സാധാരണക്കാരിലേക്ക് എത്തുന്നില്ല എന്നതാണ് നമ്മുടെ രാജ്യം നേരിടുന്ന വെല്ലുവിളി. നിലവിലുള്ള വികസനം സാമ്പത്തിക പുരോഗതിയെയും അതുമായി ബന്ധപ്പെട്ട ഘടകങ്ങളെയും മാത്രമേ പരിഗണിക്കുന്നുള്ളു എന്നതാണ് അതിന്റെ ഏറ്റവും വലിയ പരിമിതി. ലോകമെമ്പാടും വികസനം എന്ന ആശയം ഇതേ പ്രതിസന്ധി നേരിടുകയാണ്. അതുകൊണ്ടുതന്നെ ഈ പ്രതിസന്ധിയെ മറികടക്കാനുള്ള ബദൽ അന്വേഷണങ്ങൾ എല്ലായിടത്തും നടക്കുന്നുമുണ്ട്. വികസനത്തെക്കുറിച്ച് ഗാന്ധിജി മുന്നോട്ടു വക്കുന്ന ആശയങ്ങളുടെ പ്രസക്തി അനുദിനം വർധിച്ചു വരുന്നത് ഇവിടെയാണ്. സമ്പദ് ശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയല്ലാതെ മനുഷ്യന്റെയും സമൂഹത്തിന്റെയും സമഗ്രവികസനം ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ളതാണ് ഗാന്ധിജിയുടെ വികസന ചിന്തകൾ. അതുതന്നെയാണ് ഇതിന്റെ പ്രസക്തിയെ വർധിപ്പിക്കുന്നതും.

സാമ്പത്തിക വികസനം (Economic Development)



വികസനത്തിന്റെ ആദ്യരൂപമായി കണക്കാക്കുന്നത് സാമ്പത്തിക വികസനത്തെയാണ്. സമ്പദ് വ്യവസ്ഥയുടെ വളർച്ചയുമായി ബന്ധപ്പെടുത്തിയാണ് ഇവ എപ്പോഴും കണക്കാക്കപ്പെടുന്നത്. പ്രതിശീർഷ വരുമാനത്തിന്റെ വളർച്ചയെയാണ് സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക വികസനമായി നാം കണക്കാക്കുന്നത്.

മാനവിക വികസനം (Human Development)



വിദ്യാഭ്യാസം, ആരോഗ്യം എന്നിവ മനുഷ്യന്റെ അഭിവൃദ്ധിയുടെ അവിഭാജ്യഘടകമാണ് എന്നതിനെ അടിസ്ഥാനമാക്കിയുള്ളതാണ് മാനവിക വികസനം എന്ന ആശയം. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലെ നിക്ഷേപം, തൊഴിൽ, ഉൽപ്പാദനക്ഷമത എന്നിവ വർധിപ്പിച്ചില്ലെങ്കിൽ കൂടി മാനവക്ഷേമത്തിന്റെ ഉയർച്ചയ്ക്കുള്ളതായി പരിഗണിക്കണമെന്ന് ഈ ആശയം വാദിക്കുന്നു. അതിനാൽ അടിസ്ഥാന വിദ്യാഭ്യാസവും ആരോഗ്യവും മാനവിക വികസനത്തിൽ വളരെ പ്രധാനപ്പെട്ട ഘടകങ്ങളായി പരിഗണിക്കപ്പെടുന്നു. ചുരുക്കത്തിൽ മനുഷ്യനെ കേന്ദ്രമാക്കിക്കൊണ്ട് അവനും സമൂഹവും തമ്മിലുള്ള ബന്ധങ്ങളിലെ വിവിധ ഘടകങ്ങളെ മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധയൂന്നുന്നതാണ് മാനവിക വികസനം.

സുസ്ഥിരവികസനം/നിലനിൽക്കുന്ന വികസനം (Sustainable Development)

വിഭവങ്ങളുടെ അമിത ചൂഷണം നിയന്ത്രിച്ചും പാരിസ്ഥിതിക ആഘാതങ്ങൾ കുറച്ചും കൈവരിക്കുന്ന വികസനത്തെയാണ് പൊതുവെ സുസ്ഥിരവികസനം എന്നുപറയുന്നത്. ദീർഘ കാലം നിലനിൽക്കുന്ന സാമൂഹിക സാമ്പത്തിക വ്യവസ്ഥിതി കെട്ടിപ്പടുക്കുക എന്നതാണ് ഇത് ലക്ഷ്യമിടുന്നത്. ഭാവി തലമുറയുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാനുള്ള പര്യാപ്തതയിൽ വിട്ടു വീഴ്ച ചെയ്യാതെ ഈ തലമുറയുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ ഉതകുന്ന വികസനമെന്നാണ് സുസ്ഥിര വികസനത്തിന് ബ്രണ്ട്ലാന്റ് കമ്മീഷൻ നൽകിയ നിർവചനം.



പ്രദേശാധിഷ്ഠിത വികസനം (Territorial Development)

ഒരു പ്രത്യേക ഭൂപ്രദേശം അതിന്റെ തനതായ സാമൂഹ്യ - സാമ്പത്തിക - പരി സ്ഥിതിയെയും വിഭവങ്ങളെയും ഉപയോഗപ്പെടുത്തി വളർച്ച നേടുന്നതിനെയാണ് പ്രദേശാധിഷ്ഠിത വികസനം എന്നു പറയുന്നത്. ഇതുവഴി ആ പ്രദേശം ഒന്നാകെ വികസനം നേടുകയാണ് ചെയ്യുന്നത്.



സാമൂഹ്യ വികസനം (Social Development)

ഒരു സമൂഹത്തിന് തങ്ങളുടെ ആവ ശ്യങ്ങൾ നിറവേറ്റാനും ആഗ്രഹ ങ്ങൾക്ക് അനുസരിച്ച് വളരാനുമുള്ള സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുക എന്നതാണ് സാമൂഹ്യ വികസനം എ ന്നതുകൊണ്ട് അർഥമാക്കുന്നത്. സാമൂഹ്യ സ്ഥാപനങ്ങളുടെ സഹായ ത്തിനൊപ്പം അനുയോജ്യമായ സാങ്കേതികവിദ്യകളുടെ സഹായവും ഇതിനായി ഉപയോഗിക്കാം. പുരോ ഗമനപരമായ ചിന്തകളിലൂടെയും മുന്നേറ്റങ്ങളിലൂടെയുമാണ് ഈ വികസനം സാധ്യ മാകുക.

സാമൂഹ്യ - സാമ്പത്തിക വികസനം (Socio-Economic Development)

ഒരു സമൂഹത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനം എന്നതാണ് ഇതുകൊണ്ട് ഉദ്ദേ ശിക്കുന്നത്. ആയുർദൈർഘ്യം, മൊത്ത ആഭ്യന്തര ഉൽപ്പാദനം (ജി.ഡി.പി), സാക്ഷര ത, തൊഴിൽ അവസരങ്ങൾ എന്നിവയാണ് ഇതിന്റെ അളവുകോലുകൾ. ഒരു സമൂഹ

ത്തിന്റെ ദീർഘകാലത്തെ മുന്നോട്ടുള്ള കുതിപ്പിന് അനുയോജ്യമായ വഴികൾ ആ സമൂഹത്തിന്റെ ഉള്ളിൽ നിന്നുതന്നെ കണ്ടെത്തി, മാത്രമേ ഇത്തരം വികസനം സാധ്യമാകൂ.

പഠനപ്രവർത്തനം

പഠിതാക്കൾക്ക് അറിവുള്ള വികസനത്തിന്റെ മാനദണ്ഡങ്ങളായി പരിഗണിക്കപ്പെടുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയ ചാർട്ട് നിർമിക്കുക

വികസനത്തിന്റെ അളവുകോലുകൾ

മൊത്ത ആഭ്യന്തര ഉൽപ്പാദനം (Gross Domestic Product-GDP)

ഒരു നിശ്ചിത പ്രദേശത്ത് നിശ്ചിത കാലയളവിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മൊത്തം വസ്തുക്കളുടേയും സേവനത്തിന്റെയും വിപണിമൂല്യമാണ് മൊത്ത ആഭ്യന്തര ഉൽപ്പാദനം എന്നു വിശേഷിപ്പിക്കുന്നത്.


ആളോഹരി വരുമാനം (Per Capita Income)

ഒരു രാജ്യത്തിന്റെ വാർഷിക മൊത്തവരുമാനത്തെ ആകെ ജനസംഖ്യകൊണ്ട് ഹരിക്കുമ്പോൾ കിട്ടുന്ന തുകക്കാണ് ആളോഹരി വരുമാനം അല്ലെങ്കിൽ പ്രതിശീർഷ വരുമാനം എന്നു പറയുന്നത്.

ദേശീയ വരുമാനം (National Income)

ഒരു രാജ്യത്ത് ഒരു സാമ്പത്തിക വർഷം ഉൽപ്പാദിപ്പിക്കപ്പെട്ട അന്തിമ സാധനങ്ങളുടെയും സേവനങ്ങളുടേയും പണമൂല്യത്തെ ദേശീയ വരുമാനം എന്നു പറയുന്നു.

മനുഷ്യ വികസന സൂചിക (Human Development Index - HDI)



ഇന്ത്യൻ സാമ്പത്തിക ശാസ്ത്രജ്ഞനായ അമർത്യാസെൻ, പാക്കിസ്ഥാനി സാമ്പത്തിക ശാസ്ത്രജ്ഞനായ മെഹബൂബ് ഉൾ ഹഖ് എന്നിവർ ചേർന്നാണ് ഈ സൂചികയ്ക്ക് രൂപം നൽകിയത്. ഒരു രാജ്യത്തിന്റെ സമഗ്രവികസനം സൂചിപ്പിക്കുന്ന അളവുകോലാണ് മനുഷ്യ വികസന സൂചിക അഥവാ മാനവ വികസന സൂചിക, ദേശീയ വരുമാനം, ആളോഹരി വരുമാനം എന്നിവ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിയെ മാത്രമാണ് കാണിക്കുന്നത്. ഇത്തരം സാമ്പത്തിക മാനദണ്ഡങ്ങൾക്കു പുറമേ, ജനപ്പെരുപ്പം, തൊഴിലവസരങ്ങൾ,





ജീവിതനിലവാരം, ക്രമസമാധാനനില, സാക്ഷരത തുടങ്ങിയവയും പരിഗണിച്ചു കൊണ്ടുള്ള മനുഷ്യ വികസന സൂചിക (എച്ച്.ഡി.ഐ.) രാജ്യത്തിന്റെ സമഗ്രമേഖല യിലുള്ള വികസനത്തെ പ്രതിനിധീകരിക്കുന്നു. ഇതുകൊണ്ട് വികസനത്തിന്റെ മാനദ ണ്ഡമായി ലോകമെമ്പാടും ഇതിനെ കണക്കാക്കുന്നു. ഐക്യരാഷ്ട്രസഭാ ഏജൻസി യായ ഐക്യരാഷ്ട്ര വികസന പദ്ധതി (യു.എൻ.ഡി.പി) ആണ് എച്ച്.ഡി.ഐ തയാ റാക്കുന്നത്. ലോകരാജ്യങ്ങളിൽ നോർവേയാണ് ഇപ്പോൾ എച്ച്. ഡി.ഐ. പട്ടികയിൽ ഒന്നാമതു നിൽക്കുന്ന രാജ്യം. ഇന്ത്യ ഈ പട്ടികയിൽ 135 -ാം സ്ഥാനത്താണുള്ളത്.

വളർച്ചയും വികസനവും (Growth and Development)



ഒരു രാജ്യത്തിന്റെ ആഭ്യന്തര പ്രദേശത്ത് ഉൽപ്പാദിപ്പിക്കപ്പെട്ട മുഴുവൻ സാധനസേവന ങ്ങളുടെയും പണമൂല്യമാണ് ജി.ഡി.പി. ഇത് ജനങ്ങളുടെ ഇടയിൽ വരുമാനമായി വിത രണം ചെയ്യപ്പെട്ടിരിക്കുന്നു. അതിനാൽ ജി. ഡി.പി ഉയർന്നതാണെങ്കിൽ ആ സമ്പദ്‌വ്യവ സ്ഥയിലെ വ്യക്തികൾക്ക് വാങ്ങാൻ കഴിയുന്ന സാധനസേവനങ്ങളുടെ അളവും ഉയർന്നതാ യിരിക്കും. അതുകൊണ്ടുതന്നെ ജി.ഡി.പി-യെ ക്ഷേമത്തിന്റെയും സാമ്പത്തിക വളർച്ചയു ടേയും അളവുകോലായി ആധുനിക സാമ്പ ത്തികശാസ്ത്രം പരിഗണിക്കുന്നു. എന്നാൽ വികസനം എന്നത് ഇത്തരത്തിലുള്ള ഏകകങ്ങൾ കൊണ്ട് മൂല്യം അളക്കാവുന്ന ഒന്നല്ല. അത് ജനങ്ങൾക്ക് എങ്ങനെ അനുഭവപ്പെടുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തി വിലയിരുത്തേണ്ടതാണ്. ജനങ്ങളുടെ ജീവിതനിലവാരത്തിൽ സാരമായ മാറ്റങ്ങൾ വരു ത്താൻ കഴിയുന്ന ആശയങ്ങളെ മാത്രമേ നമുക്ക് വികസനം എന്നു വിശേഷിപ്പിക്കാൻ കഴിയൂ. അതുകൊണ്ടുതന്നെ ഒരു രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാകുന്ന വളർച്ചയെ വികസനത്തിന്റെ അളവുകോലായി പരിഗണിക്കുന്നത് യാഥാർഥ്യത്തിന് ഉതകുന്നതല്ല.

പഠനപ്രവർത്തനം

ഇന്ന് ലോകം നേരിടുന്ന വികസന പ്രതിസന്ധികളെപ്പറ്റിയുള്ള ലഘുചിത്രത്തിന്റെ പ്രദർശനം. തുടർന്ന് വികസന പ്രശ്നങ്ങളെപ്പറ്റിയുള്ള ചർച്ച.

വികസന പ്രതിസന്ധി



രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോക മെമ്പാടും വികസനത്തെച്ചൊല്ലി നിരവധി വാദഗതികൾ ഉയർന്നുവരികയുണ്ടായി. ലോകജനതയുടെ ജീവിതനിലവാരം എങ്ങനെ മെച്ചപ്പെടുത്താം എന്നതിനെ അടി സ്ഥാനപ്പെടുത്തിയാണ് ഈ ചിന്തകളെല്ലാം

തന്നെ രൂപപ്പെട്ടത്. സാമ്പത്തിക വളർച്ച മെച്ചപ്പെടുത്തുന്നതിനായുള്ള ഈ ആശയങ്ങളെല്ലാം തന്നെ ഉൽപ്പാദന -ഉപഭോഗ വ്യവസ്ഥകളെ എങ്ങനെ വർധിപ്പിക്കാം എന്നതിനെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. പരിസ്ഥിതിയെ ഈ ആശയങ്ങളൊന്നും പരിഗണിച്ചിരുന്നുമില്ല. വ്യാവസായിക മേഖല തന്നെയാണ് ഈ വളർച്ചയ്ക്കു ചുക്കാൻ പിടിച്ചത്. മികച്ച ഒരു ഭാവിക്കുവേണ്ടി വൻകിട വ്യാവസായങ്ങളിൽ അധിഷ്ഠിതമായ ഒരു സമൂഹ നിർമാണമാണ് ഈ ആശയങ്ങളെല്ലാം മുന്നോട്ടുവച്ചത്. ലോകമെമ്പാടും പാരിസ്ഥിതിക തകർച്ച ഉണ്ടാകുന്നതിൽ ഈ ആശയങ്ങളും അവയെ അടിസ്ഥാനമാക്കപ്പെട്ട വികസന പദ്ധതികളും വലിയ പങ്കുവഹിച്ചു. അതോടൊപ്പം, ഈ വികസനമാതൃകകളെല്ലാം തന്നെ ദാരിദ്ര്യം അടക്കമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഉതകുന്നതല്ല എന്ന യാഥാർഥ്യം ലോകത്തിനു പതുക്കെ ബോധ്യപ്പെടാൻ തുടങ്ങുകയും ചെയ്തു. ഇതിനൊപ്പം വ്യാവസായിക രാജ്യങ്ങളിൽ മലിനീകരണം, മാലിന്യ നിർമാർജനം എന്നിവ വലിയ പ്രതിസന്ധികളായി രൂപപ്പെടുകയും ചെയ്തു, പ്രകൃതി വിഭവങ്ങളുടെ അമിത ഉപയോഗം പ്രപഞ്ചത്തിന്റെ താളം തെറ്റുന്നതിലേക്കും നയിച്ചും ചെയ്തു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പരസ്പരപൂരകമായ ബന്ധം ഉറപ്പാക്കുന്ന വികസന കാഴ്ചപ്പാട് സൃഷ്ടിക്കാൻ സാമ്പത്തികവളർച്ച മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ വികസന മാതൃകകൾക്ക് കഴിഞ്ഞില്ല.

ക്ഷയിക്കുന്ന പ്രകൃതിവിഭവങ്ങളും, വമ്പിച്ച ഊർജപ്രതിസന്ധിയും ലോകരാഷ്ട്രങ്ങളെ ഒന്നാകെ പ്രതിസന്ധിയിലേക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ കുറഞ്ഞുകൊണ്ടിരിക്കുന്ന ശേഖരം മറ്റ് ഊർജമാർഗങ്ങൾ നേടുന്നതിലേക്ക് ലോകരാജ്യങ്ങളെ നയിച്ചു. ഇതിനായി കണ്ടെത്തിയ ആണവോർജം അടക്കമുള്ളവ മറ്റ് ഗുരുതരമായ പരിസ്ഥിതി പ്രതിസന്ധികളിലേക്ക് ലോകത്തെ നയിച്ചു.

ഇതേത്തുടർന്ന് 1970-കളിൽ ലോകത്തിലെ വികസന മാതൃകകളെപ്പറ്റിയുള്ള വലിയ ചോദ്യങ്ങൾ ഉയർന്നുവരികയും ബദൽ മാതൃകകൾ തേടുന്നതിനെപ്പറ്റിയുള്ള ചർച്ചകൾ നടക്കുകയും ചെ യ്തു. ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, പരിസ്ഥിതിയെപ്പറ്റിയുള്ള കരുതലുള്ള ഒരു വികസന മാതൃക രൂപപ്പെടുത്തുക എന്നീ ആശയങ്ങളാണ് ഇതിന്റെ ഭാഗമായി രൂപപ്പെട്ടു വന്നത്.

ദാരിദ്ര്യം പരിഹരിക്കുന്നതിനുപോലും ഇന്ന് നാം പിന്തുടരുന്ന വികസന സങ്കൽപ്പത്തിന് കഴിയാതെ വരുന്നയിടത്താണ് ഗാന്ധിജിയുടെ വികസന കാഴ്ചപ്പാടുകൾക്ക് കൂടുതൽ പ്രസക്തി കൈവരുന്നത്. നിലവിലെ വികസന മാതൃകയുടെ ഉപോൽപ്പന്നങ്ങളായി രൂപപ്പെടുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും, സാമൂഹിക സാമ്പത്തിക അസമത്വങ്ങളും കൂടി വരുന്ന ഈ കാലത്ത് ഗാന്ധിജിയുടെ വികസന സങ്കൽപ്പത്തിനു കൂടുതൽ പ്രസക്തി കൈവരികയാണ്..

പഠനപുരോഗതി വിലയിരുത്താം

1) നമ്മുടെ രാജ്യത്ത് വികസനപ്രക്രിയയയെ നേരിടുന്ന വെല്ലുവിളി വികസനത്തിന്റെ ഗുണഫലങ്ങൾ ..... എത്തിച്ചേരുന്നില്ല എന്നതാണ്
(പണക്കാരിലേക്ക്, പാവപ്പെട്ടവരിലേക്ക്, ഇടത്തട്ടുകാരിലേക്ക്)
2) മനുഷ്യനും ..... തമ്മിലുള്ള ബന്ധങ്ങളിലെ ഘടകങ്ങളെ മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധചെലുത്തുന്നതാണ് മാനവിക വികസനം.
(സമൂഹം, രാജ്യങ്ങൾ, സാമ്പത്തിക ഘടകങ്ങൾ)

3) ഒരു രാജ്യത്തിന്റെ ..... സൂചിപ്പിക്കുന്ന അളവുകോലാണ് മനുഷ്യ വികസന സൂചിക

(സാമ്പത്തിക വികസനം, വ്യവസായിക വികസനം, സമഗ്ര വികസനം)

കുടിയൊഴിപ്പിക്കൽ (Displacement)

ഒരു സമൂഹത്തെ ഒന്നാകെ അവർ ജീവിച്ചുവന്നിരുന്ന പ്രദേശത്തുനിന്ന് വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി ഒഴിഞ്ഞുപോകാൻ നിർബന്ധിതരാക്കുന്നതിനെയാണ് കുടിയൊഴിപ്പിക്കൽ എന്നു പറയുന്നത്. സ്വാഭാവികമായും മനുഷ്യനിർമിതമായും സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വൻകിട പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കലുകൾ, വികസന പ്രവർത്തനങ്ങൾ എന്നിവയുടെ ഭാഗമായും ഇത്തരം കുടിയൊഴിപ്പിക്കലുകൾ ലോകമെമ്പാടും നടക്കുന്നുണ്ട്. കുടിയൊഴിപ്പിക്കലുകൾ പ്രധാനമായും രണ്ടു തരത്തിലാണ്, പ്രത്യക്ഷമായുള്ളതും പരോക്ഷമായുള്ളതും.



പ്രത്യക്ഷത്തിലുള്ളതിൽ ഒരു സമൂഹത്തെ ഒന്നാകെ ഒരു പ്രദേശത്തുനിന്ന് കുടിയൊഴിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. പരോക്ഷമായതിൽ ഒരു സമൂഹത്തിന് അവരുടെ ജീവിതമാർഗം നഷ്ടപ്പെടുത്തുകയും അതുവഴി അവരെ അവിടം ഉപേക്ഷിച്ചു പോകാൻ നിർബന്ധിതമാക്കുക എന്നതുമാണ് ഉൾപ്പെടുന്നത്.

പഠനപ്രവർത്തനം

വൻകിട വികസന പദ്ധതികൾക്കായി രാജ്യത്ത് കുടിയൊഴിപ്പിക്കപ്പെടുന്നവർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി ഒരു റിപ്പോർട്ട് തയാറാക്കുക(ഉദാ. നർമദാ അണക്കെട്ട് നിർമാണവും കുടിയൊഴിപ്പിക്കലും)

പാർശ്വവൽക്കരണം (Marginalisation)

ലോകരാജ്യങ്ങളിലെ ജനങ്ങൾക്കിടയിൽ സാമൂഹിക-സാമ്പത്തിക മേഖലകളിൽ നിലനിൽക്കുന്ന അസമത്വം വർധിക്കുന്നതിന്റെ ഭാഗമായി ഒരുവിഭാഗം ജനങ്ങൾ സമൂഹത്തിന്റെ അതിരുകളിലേക്ക് മാറ്റിനിർത്തപ്പെടുന്നു. ഇതാണ് പാർശ്വവൽക്കരണം എന്ന ആശയം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരത്തിലുള്ള പാർശ്വവൽക്കരണത്തിന്റെ ഫലമെന്നോണം സമൂഹത്തിന്റെ താഴേത്തട്ടിലുള്ള വിഭാഗങ്ങളുടെ ജീവിത നിലവാരത്തിൽ യാതൊരു മാറ്റവും സംഭവിക്കാതിരിക്കുകയും അവർ



എക്കാലവും ദാരിദ്ര്യത്തിൽ തുടരുകയും ചെയ്യുന്നു. നിലവിലെ വികസന മാതൃക ഇത്തരത്തിലുള്ള പാർശ്വവൽക്കരണത്തിനാക്കം കൂട്ടുന്നവയാണെന്നു അനുഭവങ്ങൾ നമുക്ക് ബോധ്യമാക്കിത്തരുന്നുമുണ്ട്. ഒരു സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക മുഖ്യധാരയിൽനിന്ന് എപ്പോഴും പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ അകറ്റി നിർത്തപ്പെടുകയാണ് ചെയ്യുന്നത്.

പഠനപ്രവർത്തനം

അട്ടപ്പാടിയിലെ ആദിവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി റിപ്പോർട്ട് തയാറാക്കുക.

ബദൽ വികസന മാതൃകകൾ

വികസനത്തിന്റെ ലക്ഷ്യങ്ങൾ പുനർനിർവചിക്കുന്നതിനായി നടത്തുന്ന പരീക്ഷണങ്ങളാണ് വികസന ബദലുകൾ (ആൾട്ടർനേറ്റീവ് ഡെവലപ്മെന്റ്) എന്ന ആശയം കൊണ്ട് ഉദ്ദേശിക്കുന്നത് വികസനത്തിന്റെ ലക്ഷ്യങ്ങളായി നിലവിൽ പരിഗണിക്കപ്പെടുന്ന ഘടകങ്ങൾ ഫലപ്രദമായി കൈവരിക്കുന്നതിന് ഈ മാതൃകകൾ വിജയിക്കുന്നുണ്ട്. സമൂഹത്തിന്റെ കൂടി സഹകരണത്തോടുകൂടിയുള്ള ഇത്തരം ബദൽ പരീക്ഷണങ്ങൾ ഗ്രാമീണ വികസനത്തിൽ വലിയ വിജയം കൈവരിക്കുന്നുണ്ട്. ജനപങ്കാളിത്തത്തോടുകൂടിയുള്ള ഇത്തരം വികസന മാതൃകകൾ ഇന്നു വലിയതോതിൽ പ്രാദേശിക സമൂഹങ്ങളുടെ വളർച്ചയ്ക്കു സഹായകമാകുന്നു.

പങ്കാളിത്ത വികസനം (Participatory Development)



വികസന പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളായ ജനസമൂഹത്തിന്റെ ഇടപെടലുകൾ കൂടി ഉണ്ടാക്കുന്നതിനാണ് പങ്കാളിത്ത വികസനം എന്നു പറയുന്നത്. തങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ, വിഭവങ്ങൾ എങ്ങനെ കൈകാര്യം ചെയ്യപ്പെടുന്നു എന്നതിലൊക്കെ ജനങ്ങൾകൂടി ഇടപെടുന്നു എന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത, കൃത്യതയോടെയും സ്ഥിരതയുള്ളതുമായ ഫലം എന്നിവ ഈ വികസന മാതൃക ഉറപ്പുനൽകുന്നു. സാധാരണ പൗരന്മാർ, തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾ, പൗരസമൂഹത്തിന്റെ ഭാഗമായുള്ളവർ, സ്വകാര്യ സംഘടനകൾ അതോടൊപ്പം രാജ്യാന്തര സാമ്പത്തിക സ്ഥാപനങ്ങൾ, ധനസഹായം നൽകുന്ന വ്യക്തികൾ എന്നിങ്ങനെയാണ് പങ്കാളിത്ത വികസനത്തിലെ അംഗങ്ങളെ തരംതിരിച്ചിരിക്കുന്നത്.

ദ്രുതഗതിയിലുള്ള ഗ്രാമീണ പഠന പദ്ധതി (Rapid Rural appraisal)

ഗ്രാമീണ വികസനത്തിനായി അതതു പ്രദേശത്തെക്കുറിച്ചുള്ള സമഗ്രമായ അറിവു

കൾ വളരെ വേഗത്തിൽ സമാഹരിച്ച് വിശകലനം ചെയ്യുന്ന രീതിയാണ് ദ്രുതഗതിയിലുള്ള ഗ്രാമീണ പഠന പദ്ധതി അഥവാ റാപ്പിഡ് റൂറൽ അപ്രേസൽ. ഗ്രാമീണരും നിരക്ഷരരുമായ സാധാരണ ജനങ്ങളിൽനിന്നു നേരിട്ട് വിവരങ്ങൾ ശേഖരിക്കുന്ന രീതിയാണ് ഇവിടെ പിന്തുടരുന്നത്. ഗ്രാമീണ ജനങ്ങളിൽനിന്നു വിവരങ്ങൾ ശേഖരിക്കുന്നതിന് എതു മാർഗങ്ങളും ഈ പദ്ധതിയിൽ സ്വീകരിക്കാറുണ്ട്. പ്രാദേശിക ഭാഷകളുടെയും ചിഹ്നങ്ങളുടേയും ചിത്രങ്ങളുടേയും സഹായം വരെ ഇതിനായി ഉപയോഗിക്കപ്പെടുത്തുന്നു. സങ്കീർണ്ണങ്ങളായ ഗവേഷണ പദ്ധതികൾ കൂടുതൽ സമയം ആവശ്യപ്പെടുന്നവയായതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള ലളിതമായ മാതൃകകൾ വികസന പ്രശ്നങ്ങൾക്കുള്ള പരിഹാരം കാണാനായി ഉപയോഗിക്കപ്പെടുന്നതുതന്നെ സമയലാഭത്തിനും കൃത്യമായ പ്രശ്നപരിഹാരത്തിനും കൂടുതൽ സഹായകമാകുന്നു.

പങ്കാളിത്ത ഗ്രാമീണ വികസന പഠന പദ്ധതി (Participatory Rural appraisal)

വികസനത്തിനായി സർക്കാർ ഇതര സംഘടനകളുടെ സഹായത്തോടെ പ്രാദേശിക സമൂഹങ്ങളുടെ അറിവും, അനുഭവവും ഉപയോഗപ്പെടുത്തുന്നതാണ് പങ്കാളിത്ത ഗ്രാമീണ വികസന പഠന പദ്ധതി. ഗ്രാമീണ മേഖലകളിൽ നിന്ന് വികസനം നടപ്പാക്കുന്നതിനായുള്ള അറിവുകൾ സമാഹരിക്കുന്നതിനുള്ള പ്രായോഗികമായി വിജയിക്കപ്പെട്ട മാതൃകകളിലൊന്നാണിത്. ഗ്രാമീണ ജനങ്ങളുടെ ജീവിതം, അവരുടെ ചുറ്റു പാടുകളിൽ നിന്നു മനസിലാക്കുകയും അത് പ്രായോഗികമായി വികസനത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതുവഴി ബദൽ വികസന മാതൃകകളിൽ ഏറ്റവും വിജയകരമായി ഒന്നാകാൻ പാർട്ടിസിപ്പേറ്ററി റൂറൽ അപ്രേസലിനു കഴിഞ്ഞു. 90-കളിൽ അവതരിപ്പിക്കപ്പെട്ട ഈ വികസന സമീപനം പദ്ധതികൾ മുകൾത്തട്ടിൽനിന്ന് താഴേത്തട്ടിലേക്ക് അടിച്ചേൽപ്പിക്കുന്ന രീതികൾക്ക് അവസാനം കുറിച്ചു.

പങ്കാളിത്ത കർമോത്സുക ഗവേഷണം (Participatory Action Reserch)

പങ്കാളിത്ത വികസനവുമായി ഒത്തുചേർന്നു പോകുന്ന ഗവേഷണ രീതികളിലൊന്നായാണ് പങ്കാളിത്ത കർമോത്സുക ഗവേഷണം അഥവാ പാർട്ടിസിപ്പേറ്ററി ആക്ഷൻ റിസർച്ച് എന്ന ആശയം വിലയിരുത്തപ്പെടുന്നത്. സാമൂഹിക പ്രശ്നങ്ങൾക്കുള്ള ഉത്തരങ്ങൾ അന്വേഷിക്കുകയും അതിനുള്ള പരിഹാരങ്ങൾ സമൂഹത്തിൽ നിന്നുതന്നെ കണ്ടെത്തുകയും ചെയ്യുക എന്നതാണ് പങ്കാളിത്ത കർമ്മോത്സുക ഗവേഷണത്തിൽ നടക്കുന്നത്. ഗ്രാമീണ ജനങ്ങളുടെ സാമൂഹിക ജീവിതത്തെപ്പറ്റിയുള്ള അന്വേഷണങ്ങളിലൂടെ യഥാർഥ പ്രശ്നങ്ങൾ മനസിലാക്കുകയും കുറവുകളെപ്പറ്റി ശരിയായി മനസിലാക്കി അതിനുള്ള പ്രതിവിധി കണ്ടെത്തി സമൂഹത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതും ഇത് ലക്ഷ്യമാക്കുന്നു.

പ്രാദേശിക സാമ്പത്തിക വികസനം (Local Economic Development (LED))

പ്രാദേശികമായി ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനൊപ്പം അവരുടെ സാമ്പത്തികനിലയെ ഉയർത്തുകയും അതുവഴി തൊഴിലില്ലായ്മ അവസാനിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ ആശയം കൊണ്ട് ഉദ്ദേശിക്കുന്നത്. ജനങ്ങളുടെയും വ്യവസായ ലോകത്തിന്റെയും സർക്കാർ ഇതര സംഘടനകളുടേയും സഹാ

യത്തോടെയാണ് പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുക. തദ്ദേശീയ സാമ്പത്തിക വ്യവസ്ഥകളുടെ മെച്ചപ്പെടുത്തലുകൾ വഴി മത്സരക്ഷമതയും സുസ്ഥിര സാമ്പത്തിക വളർച്ചയും ഉറപ്പാക്കി വികസനം എല്ലാവരിലേക്കും എത്തിക്കുക എന്നതാണ് ഈ ആശയം ലക്ഷ്യമിടുന്നത്. സ്വകാര്യ സംരംഭകരുടെ സഹായത്തോടെ പ്രകൃതി സംരക്ഷണവും വ്യാവസായിക പുരോഗതിയും അടിസ്ഥാന സൗകര്യ വികസനവും ഉറപ്പാക്കുക എന്നതും പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു.



പഠനപ്രവർത്തനം

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ ബദൽ വികസന മാതൃകകളെപ്പറ്റിയുള്ള ഒരു സമഗ്ര റിപ്പോർട്ട് തയാറാക്കുക.

സുസ്ഥിര വികസനം/നിലനിൽക്കുന്ന വികസനം (Sustainable Development)

പഠനപ്രവർത്തനം

സുസ്ഥിര വികസനത്തെപ്പറ്റിയുള്ള മുന്നറിവിനെ അടിസ്ഥാനമാക്കിയുള്ള ചർച്ച

പരിസ്ഥിതിയുടെ ലോലമായ സന്തുലിതാവസ്ഥക്ക് ഭംഗം വരുത്താതെ

ഇന്നത്തെ തലമുറയുടെ ആവശ്യങ്ങളെ നിറവേറ്റുകയും ഭാവിതലമുറയ്ക്ക് ഗുണനിലവാരമുള്ള ജീവിതം ഉറപ്പാക്കുംവിധം വിഭവങ്ങൾ കരുതിവയ്ക്കുകയും ചെയ്യുന്ന വികസന മാതൃകയാണ് സുസ്ഥിരവികസനം.



ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി നാശവുമായി ബന്ധപ്പെട്ട ലോക കമ്മീഷനാണ് (ബ്രണ്ട്‌ലാന്റ് കമ്മീഷൻ) ആദ്യമായി ഈ ആശയം 1987-ൽ മുന്നോട്ടു വെക്കുന്നത്. 1992-ൽ ജനീവയിൽ നടന്ന യു.എൻ. കോൺഫറൻസിലാണ് ഈ ആശയം ആദ്യമായി ചർച്ച ചെയ്യപ്പെടുന്നത്. പാരിസ്ഥിതിക സന്തുലനാവസ്ഥ, ജൈവ വൈവിധ്യം, ദേശീയ അന്തർദേശീയ തലങ്ങളിൽ പ്രകൃതി വിഭവങ്ങളുടെ നീതിപൂർവമായ വിവരണം ഇവക്കെല്ലാം മുൻഗണന കൊടുക്കുന്ന വികസന മാതൃകയാണ് സുസ്ഥിര വികസനം.





ഭാവിതലമുറയുടെ ആവശ്യങ്ങളെ എത്രത്തോളം നിറവേറ്റുവാൻ കഴിയുന്നുവോ അത്രത്തോളമുള്ള വികസനമെന്നും സുസ്ഥിരവികസനത്തെ നമുക്ക് വിശേഷിപ്പിക്കാം. നമ്മുടെ മുൻഗാമികൾ വരും തലമുറയുടെ ആവശ്യങ്ങളെ മുന്നിൽ കണ്ട് പ്രകൃതി വിഭവങ്ങൾ കരുതലോടെ ഉപയോഗിച്ചു. അതുകൊണ്ടുതന്നെ ഭാവിതലമുറകളുടെ ആവശ്യങ്ങൾക്കായി വിഭവങ്ങളെ കരുതലോടെ ഉപയോഗിക്കേണ്ട ധാർമിക ഉത്തരവാദിത്വം നമുക്കുണ്ടെന്ന് സുസ്ഥിര വികസന മാതൃകനമ്മെ ഓർമ്മിപ്പിക്കുന്നു. പരസ്പര സഹകരണവും, പ്രകൃതിയോടുള്ള കരുതലുമാണ് സുസ്ഥിര വികസനത്തിന്റെ മാർഗനിർദേശകതത്വം. അതുകൊണ്ടുതന്നെ പ്രകൃതിക്ക് പുനരുൽപാദിപ്പിക്കാൻ കഴിയുന്നതിൽ കൂടുതൽ വിഭവങ്ങൾ പ്രകൃതിയിൽനിന്ന് എടുക്കാൻ പാടില്ലെന്ന തത്വം മനുഷ്യൻ പാലിക്കേണ്ടതുണ്ട്. " പ്രകൃതിയിൽ എല്ലാവരുടേയും ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങളുണ്ട്. എന്നാൽ അത്യാർത്തിക്കുള്ളവയല്ല"യെന്ന ഗാന്ധിയൻ ദർശനം സുസ്ഥിര വികസനമെന്ന ആശയത്തിന്റെ രൂപീകരണത്തെ നിർണായകമായി സ്വാധീനിച്ചിട്ടുണ്ട്.

സുസ്ഥിരവികസനത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ

1) ജനങ്ങളുടെ വർധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പരിസ്ഥിതിക്ക് ദോഷം വരുത്താത്ത രീതിയിൽ ഉൽപ്പാദന സംവിധാനം പരിഷ്കരിക്കുക.

2) ജൈവവൈവിധ്യം സംരക്ഷിക്കുക, അതോടൊപ്പം ക്ഷയോൻമുഖ വിഭവങ്ങളുടെ ഉപയോഗത്തിൽ കുറവ് വരുത്തുക.

3) പ്രകൃതി വിഭവങ്ങളുടെ തുല്യവിതരണത്തിലൂടെ ജനങ്ങളുടെ ജീവിത നിലവാരം വർധിപ്പിക്കുകയും അതോടൊപ്പം പുനർനിർമിക്കാൻ കഴിയുന്ന പ്രകൃതി വിഭവങ്ങളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

സുസ്ഥിര വികസനം വിവിധ തലങ്ങൾ ഉൾക്കൊള്ളുന്ന ഒരു ആശയമായാണ് രൂപപ്പെടുത്തിയിരിക്കുന്നത്. മനുഷ്യന്റെ ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനൊപ്പം പരിസ്ഥിതിയുടെ സന്തുലനവും ഇത് ലക്ഷ്യം വയ്ക്കുന്നു. സാമ്പത്തിക, മാനുഷിക, പാരിസ്ഥിതിക, സാങ്കേതിക തലങ്ങളിൽ ഒരുപോലെ ഇടപെടലുകൾ നടത്തിക്കൊണ്ടു മാത്രമേ സുസ്ഥിരവികസനത്തിന്റെ പാതയിലൂടെയുള്ള യാത്ര സാധ്യമാകൂ. വികസനവും പരിസ്ഥിതിയും പരസ്പരം ബന്ധപ്പെട്ടു നിലനിൽക്കുന്നവയാണ്. ഒന്നിനു മറ്റൊന്നിനെ ആശ്രയിച്ചുകൊണ്ടു മാത്രമേ മുന്നോട്ടു പോകാനാകൂ. അതുകൊണ്ടുതന്നെ പരിസ്ഥിതിയെ സംരക്ഷിക്കാതെ വികസനവും സാധ്യമാകില്ല.

പഠനപുരോഗതി വിലയിരുത്താം – പൂരിപ്പിക്കുക

4) ഗ്രാമീണ വികസനത്തിനായി അതതു പ്രദേശത്തെക്കുറിച്ചുള്ള സമഗ്രമായ അറിവുകൾ വളരെ വേഗത്തിൽ സമാഹരിച്ച് വിശകലനം ചെയ്യുന്ന രീതിയാണ് .....
ദ്രുതഗതിയിലുള്ള ഗ്രാമീണ പഠനപദ്ധതി, പങ്കാളിത്ത കർമ്മോത്സുക ഗവേഷണം, ഗ്രാമീണ വികസന പദ്ധതി)

5) പാർശ്വവൽക്കരണത്തിന്റെ ഏറ്റവും വലിയ ദോഷവശമായി കണക്കാക്കുന്നതെന്ത്
(ദാരിദ്ര്യം, അസമത്വം, കുടിയൊഴിപ്പിക്കൽ)

6) പരസ്പര സഹകരണവും ..... മാണ് സുസ്ഥിര വികസനത്തിന്റെ അടിസ്ഥാന തത്വങ്ങൾ
(പ്രകൃതി ചൂഷണം, പ്രകൃതിയോടുള്ള കരുതൽ, പ്രകൃതി സംരക്ഷണം)

സുസ്ഥിര വികസനവും ഗാന്ധിജിയും

സുസ്ഥിരവികസനം എന്ന ആശയത്തിന് പ്രകൃതിയെക്കുറിച്ചും മനുഷ്യനെക്കുറിച്ചുമുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകളോട് വളരെ അടുത്ത ബന്ധമുള്ളതായി നമുക്ക് കാണാൻ കഴിയും. ഗാന്ധിജിയുടെ ലളിത ജീവിതം, ആവശ്യങ്ങളുടെ സ്വന്തം ഇഷ്ടപ്രകാരമുള്ള കുറയ്ക്കൽ എന്നീ ആശയങ്ങൾക്ക് പാരിസ്ഥിതികവും സാമൂഹ്യവുമായ വലിയ തലങ്ങളാണ് ഉള്ളത്. സുസ്ഥിര വികസനം മുന്നോട്ടുവെക്കുന്നത് കരുതലോടെയുള്ള ഉപയോഗവും ആവശ്യങ്ങളുടെ കുറയ്ക്കലുമാണ്. സ്വന്തം ഇഷ്ടപ്രകാരം ആവശ്യങ്ങളിൽ കുറവു വരുത്തുന്നത് ആത്മീയ പുരോഗതിക്കൊപ്പം ഒരു മനുഷ്യന്റെ സമഗ്രവികസനത്തിനും അനിവാര്യമാണെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. ഇന്നത്തെ സവിശേഷ സാഹചര്യത്തിൽ ആവശ്യങ്ങളിൽ മനുഷ്യൻ വരുത്തുന്ന കുറവും കരുതലോടെയുള്ള ഉപയോഗവും പ്രകൃതി വിഭവങ്ങളെ ഭാവിതലമുറക്കായി കരുതിവെക്കുന്നതിന് നമ്മെ സഹായിക്കും. ഉപഭോഗ തൃഷ്ണയിൽ നിന്നും, വിഭവങ്ങളുടെ ചൂഷണങ്ങളിൽ നിന്നും രക്ഷനേടുന്നതിന് ഗാന്ധിജിയുടെ ഈ ആശയങ്ങൾ ലോകത്തിനു വഴികാട്ടിയാകുന്നു. ഇതിനെ അടിസ്ഥാനമാക്കിയാണ് കരുതലോടെയുള്ള ഉപയോഗത്തിലൂടെ സ്ഥിരതയാർന്ന ഭാവി എന്ന ആശയം സുസ്ഥിര വികസനം മുന്നോട്ടുവക്കുന്നത്.

വികസനത്തെക്കുറിച്ചുള്ള ഗാന്ധിയൻ സങ്കൽപം – സമഗ്ര വികസനം

വികസനത്തെക്കുറിച്ചുള്ള ഗാന്ധിയൻ കാഴ്ചപ്പാടുകൾ ഇന്ത്യൻ പാരമ്പര്യത്തിലും സംസ്കാരത്തിലും അധിഷ്ഠിതമാണ്. ഭൂമിയിലെ സമസ്ത ജനവിഭാഗങ്ങളുടേയും ഭൗതികവും, ധാർമ്മികവും, ആദ്ധ്യാത്മികവുമായ പുരോഗതിയും ക്ഷേമവും ഉറപ്പാക്കുന്നതാണ് ഗാന്ധിയൻ വികസനമാതൃക. വികസന വഴിയിൽ ധാർമ്മികതയ്ക്കും ആദ്ധ്യാത്മികതയ്ക്കും നൽകുന്ന പ്രാധാന്യമാണ് ഇതിനെ സമഗ്രവികസനം എന്നു വിളിക്കാൻ കാരണം.



സമഗ്രവികസനത്തിന്റെ ലക്ഷ്യങ്ങൾ

1. മനുഷ്യന്റെ സമഗ്ര വികസനം
2. സ്വയം പര്യാപ്തതയും സ്വാതന്ത്ര്യവും നേടുക.
3. ചെറുകിട കുടിൽ വ്യവസായങ്ങളിലൂടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കി ദാരിദ്ര്യത്തിന് അറുതി വരുത്തുക.
4. അഹിംസയിലധിഷ്ഠിതമായ, ജാതി, വർഗ രഹിതമായ സമൂഹത്തിന്റെ സ്ഥാപനം

സമഗ്ര വികസനത്തിന്റെ സവിശേഷതകൾ

സമൂഹത്തിൽ വ്യക്തികൾക്കാണ് പ്രഥമസ്ഥാനം നൽകേണ്ടതെന്ന വിശ്വാസം വച്ചുപുലർത്തിയ ആളായിരുന്നു ഗാന്ധിജി. വ്യക്തിസ്വാതന്ത്ര്യത്തെ നിഷേധിച്ചുകൊണ്ട് സമൂഹത്തിനു രൂപം നൽകാനാവില്ലെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഓരോ വ്യക്തിയും സ്വതന്ത്രനാണെന്നും മറ്റൊരാൾക്ക് പകരക്കാരനാവില്ലെന്നും മനുഷ്യവികാസം എന്നത് ഭൗതികമായ ഒന്നുമാത്രമല്ലെന്നും ഗാന്ധിജി വിശ്വസിച്ചിരുന്നു. ഇത്തരത്തിൽ മനുഷ്യ കേന്ദ്രീകൃതവും അതോടൊപ്പം അവന്റെ സമ്പൂർണ്ണമായ വികസനം ഉറപ്പാക്കുന്നതുമാണ് സമഗ്രവികസനം. മനുഷ്യനെയും സമൂഹത്തെയും കുറിച്ചുള്ള ഗാന്ധിജിയുടെ എല്ലാ ചിന്തകളും സമഗ്രവികസനത്തിൽ ഇഴപിരിച്ചെടുക്കാനാകാത്തവിധം ഉൾച്ചേർന്നിരിക്കുന്നു. സമഗ്രവികസന മാതൃകയുടെ സവിശേഷതകൾ താഴെപ്പറയുന്നവയാണ്.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സന്തുലിതാവസ്ഥ

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പരസ്പര ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയാണ് സമഗ്രവികസനത്തിന് രൂപം നൽകിയിരിക്കുന്നത്. പ്രകൃതിയെ ചൂഷണം ചെയ്യുന്നത് ഭൂമിയിലെ ജൈവവൈവിധ്യത്തെ നാശത്തിലേക്ക് നയിക്കുമെന്ന് ഗാന്ധിജി മുന്നറിയിപ്പ് നൽകുന്നു. ഇത് പാരിസ്ഥിതികമായ അസന്തുലിതാവസ്ഥക്ക് വഴിയൊരുക്കുമെന്നും അതുവഴി പരിസ്ഥിതി ദുരന്തങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും ഗാന്ധിജി മുൻകൂട്ടികണ്ടു. അതുകൊണ്ടാണ് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സന്തുലിതവും ഗാഢവുമായ ബന്ധം നിലനിർത്തണമെന്ന് അദ്ദേഹം പറയുന്നത്. അതുകൊണ്ടുതന്നെ സമഗ്രവികസനം പ്രകൃതിയുമായും ഇതര ജീവജാലങ്ങളുമായുള്ള മനുഷ്യന്റെ സവിശേഷ ബന്ധത്തെ സംരക്ഷിക്കുന്ന തരത്തിലാണ് ഗാന്ധിജി രൂപപ്പെടുത്തിയിരിക്കുന്നത്.

ആവശ്യങ്ങളുടെ കുറയ്ക്കലും ലളിതജീവിതവും

ഗാന്ധിയൻ കാഴ്ചപ്പാടിൽ മനുഷ്യമനസ് അസ്വസ്ഥമായ ഒരു പക്ഷിക്ക് സമാനമാണ് അത് കിട്ടുന്തോറും കൂടുതൽ ആഗ്രഹിച്ചുകൊണ്ടേയിരിക്കും. ആധുനീകരണത്തിന്റെ ഭാഗമായി കടന്നുവന്ന ഉപഭോഗ സംസ്കാരവും അതിനനുസരിച്ചുള്ള നവീന ഉൽപ്പാദന വ്യവസ്ഥിതിയും വലിയ സംഘർഷങ്ങൾക്കാണ് വഴിയൊരുക്കിയത്. ഇതിനുള്ള പരിഹാരമാണ് ആവശ്യങ്ങളുടെ സ്വേച്ഛതയനുസരിച്ചുള്ള കുറയ്ക്കലും ലളിത ജീവിതവും. ഗാന്ധിജിയുടെ ഈ ആശയങ്ങൾക്കും അതുകൊണ്ട് ഇന്നും പ്രസക്തി വർധിക്കുകയാണ്. സമഗ്രവികസനത്തിൽ അതുകൊണ്ടുതന്നെ ഇവയ്ക്കും നിർണായക ഇടം ഗാന്ധിജി നൽകിയിട്ടുണ്ട്.

ധാർമ്മികവും ആദ്ധ്യാത്മികവുമായ പുരോഗതി

ഒരു മനുഷ്യന്റെ സമഗ്രപുരോഗതി ധാർമികവും ആദ്ധ്യാത്മികവും ഭൗതികവുമായ പുരോഗതി കളുടെ കൂടിച്ചേരലിൽ കൂടി മാത്രമേ സാധ്യമാകൂ എന്നു ഗാന്ധിജി വിശ്വസിച്ചിരുന്നു. ഭൗതികനേട്ടങ്ങൾ മാത്രമല്ല വളർച്ചയുടെ സൂചകങ്ങളെന്നും സാമ്പത്തികശാസ്ത്രത്തെ ധാർമ്മികതയിൽനിന്ന് വേർതിരിക്കുക എന്നത് സാധ്യമല്ലെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. ഒരു വ്യക്തിയുടേയോ ജനതയുടേയോ ധാർമ്മിക ക്ഷേമത്തെ വ്രണപ്പെടുത്തുന്ന സാമ്പത്തിക വ്യവസ്ഥിതി അധാർമ്മികവും പാപകരവുമാണെന്ന് ഗാന്ധിജി വ്യക്തമാക്കിയിരുന്നു. സമഗ്ര വികസന മാതൃക അതുകൊണ്ടുതന്നെ സാമ്പത്തിക വളർച്ചയ്ക്കൊപ്പം വ്യക്തിയുടെ ധാർമിക ആധ്യാത്മിക പുരോഗതിയും ഉറപ്പാക്കുന്ന തരത്തിലാണ് ഗാന്ധിജി രൂപപ്പെടുത്തിയിരിക്കുന്നത്.

കാർഷികവൃത്തിയിൽ അധിഷ്ഠിതമായ നാഗരികത

ഇന്ത്യ ജീവിക്കുന്നത് ഗ്രാമങ്ങളിലാണെന്ന് ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ ഗ്രാമങ്ങളുടെ വികാസത്തിലൂടെ മാത്രമേ ഇന്ത്യയുടെ വികാസവും സാധ്യമാകുക എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് തന്നെ ഈ ഗ്രാമങ്ങളാണെന്നും അതുകൊണ്ടുതന്നെ ഈ ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതയെ ഇല്ലാതാക്കുന്ന ഒന്നും രാജ്യത്തിന് ഹിതകരമാകില്ല എന്നും ഗാന്ധിജി വിശ്വസിച്ചിരുന്നു. കാർഷികവൃത്തിയിൽ അധിഷ്ഠിതമായ നാഗരികത എന്ന ആശയം മുന്നോട്ടുവയ്ക്കുന്നതു വഴി ഇന്ത്യൻ ഗ്രാമങ്ങളുടെ സമഗ്രമായ സംരക്ഷണവും പുരോഗതിയും ഉറപ്പാക്കുന്നതിനൊപ്പം രാജ്യത്തിന്റെ വികസനവും ഗാന്ധിജി ലക്ഷ്യം വയ്ക്കുന്നു.

തുല്യതയും സാമൂഹ്യ നീതിയും

ഒരു തരത്തിലുമുള്ള വിവേചനങ്ങളില്ലാത്ത ജാതി വർഗ രഹിത സമൂഹമാണ് ഗാന്ധിജി വിഭാവനം ചെയ്യുന്നത്. ദൈവമാണ് എല്ലാ ജീവജാലങ്ങളുടേയും സ്രഷ്ടാവ് എന്നതുകൊണ്ടുതന്നെ എല്ലാവരും തുല്യരാണെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. മനുഷ്യർക്കിടയിൽ ഉള്ള വിഭജനങ്ങളെല്ലാം അവൻ തന്നെ സൃഷ്ടിച്ചതാണെന്നും അതുകൊണ്ടുതന്നെ അതില്ലാതാക്കുന്നതിനുള്ള ഉത്തരവാദിത്തവും അവനാണെന്നു വിശ്വസിച്ചിരുന്നു. ചൂഷണരഹിതമായ ഒരു സമൂഹത്തിന്റെ വികസനം ഉറപ്പാക്കുന്നതിനായി, സമഗ്രവികസനത്തിന്റെ അടിസ്ഥാന ഘടകങ്ങളായി തുല്യതയെയും സാമൂഹ്യനീതിയെയും ഗാന്ധിജി ഉൾക്കൊള്ളിച്ചിരിക്കുന്നു.

സ്വയം പര്യാപ്തതയും സ്വാശ്രയത്വവും

ഗ്രാമീണ സമ്പദ് വ്യവസ്ഥകളെ സ്വയം പര്യാപ്ത കൈവരിച്ച് സ്വാശ്രയത്വം ഉള്ളവയാക്കുക എന്നത് ഗാന്ധിജിയുടെ ആശയമായിരുന്നു. ഇതിനായി പ്രാദേശിക ഉൽപ്പാദന വ്യവസ്ഥകളും വിതരണത്തിലെ തുല്യത ഉറപ്പാക്കലുമാണ് ഗാന്ധിജി മുന്നോട്ടുവയ്ക്കുന്ന മാർഗങ്ങൾ. അധികാരത്തിന്റെ എല്ലാത്തരത്തിലുമുള്ള കേന്ദ്രീകരണത്തിന് അദ്ദേഹം എതിരായിരുന്നു. അധികാര കേന്ദ്രീകരണം ചൂഷണത്തിന് വഴിയൊരുക്കുമെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. അതുകൊണ്ടുതന്നെ വികേന്ദ്രീകൃതമായ ഒരു സാമ്പത്തിക വ്യവസ്ഥിതിയാണ് സമഗ്ര വികസനത്തിൽ അദ്ദേഹം ലക്ഷ്യം വയ്ക്കുന്നത്.

ആധുനിക വികസന സങ്കൽപ്പം മുന്നോട്ടുവയ്ക്കുന്ന വികസിത സമൂഹത്തിന്റെ സ്വഭാവങ്ങളോടു പൊരുത്തപ്പെടുന്ന ഒന്നല്ല ഗാന്ധിജിയുടെ സമഗ്ര വികസനമെന്ന ആശയം വഴി ഉരുത്തിരിയുന്ന സമൂഹം. തന്റെ ആദർശാത്മക സമൂഹമായ സർവോദയയിലേക്ക് ജനങ്ങളെ എത്തിക്കുക എന്നതാണ് ഗാന്ധിജി മുന്നോട്ടുവയ്ക്കുന്ന സമഗ്ര വികസന സങ്കൽപ്പത്തിന്റെ ലക്ഷ്യം. പരിസ്ഥിതി സന്തുലനത്തിൽ ഊന്നിനിന്ന് തുല്യതയും നീതിയും ഉറപ്പാക്കുന്ന അഹിംസാധിഷ്ഠിതമായ ഒരു സമൂഹത്തിന്റെ നിർമിതിയാണ് സമഗ്ര വികസനമെന്ന തന്റെ ആശയത്തിലൂടെ ഗാന്ധിജി ലക്ഷ്യമിട്ടിരുന്നത്. പ്രകൃതിയിലെ ഇതര ജീവജാലങ്ങളെ സഹജീവികളായിക്കണ്ട് പ്രകൃതി വിഭവങ്ങളെ നീതിപൂർവമായി വിനിയോഗിച്ച് ലളിതവും സൗന്ദര്യപൂർണവുമായ ജീവിതം മനുഷ്യർക്ക് നേടിക്കൊടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ വികസന കാഴ്ചപ്പാട്. വരും തലമുറയ്ക്കുകൂടി ഉള്ളതാണ് ഈ ഭൂമിയെന്ന മഹത്തായ ആശയവും അദ്ദേഹം തന്റെ വികസന കാഴ്ചപ്പാടിൽ ഉൾക്കാഴ്ചയോടെ വിളക്കിച്ചേർത്തിരുന്നുവെന്നും നമുക്ക് കാണാൻ കഴിയും.

പഠനപ്രവർത്തനം

സമഗ്ര വികസനം ഇന്നു ലോകം നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗമാണോ എന്നതിനെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുക

പഠനപുരോഗതി വിലയിരുത്താം - പുരിപ്പിക്കുക

7) പ്രകൃതിയെ ചൂഷണം ചെയ്യുന്നത് ഭൂമിയിലെ .....നെ നാശത്തിലേക്ക് നയിക്കുമെന്ന് ഗാന്ധിജി പറയുന്നു
(മൃഗങ്ങൾ, സസ്യജാലങ്ങൾ, ജൈവവൈവിധ്യം, വനങ്ങൾ)

8) ഒരു വ്യക്തിയുടെയോ, ജനതയുടെയോ ..... ക്ഷേമത്തെ വ്രണപ്പെടുത്തുന്ന സാമ്പത്തിക വ്യവസ്ഥിതി അധാർമികമാണ്
(സാമ്പത്തികം, ധാർമികം, ആത്മീയം)

9) സമഗ്ര വികസനത്തിന്റെ ആത്യന്തിക ലക്ഷ്യം
(സർവോദയ, സ്വരാജ്, സുസ്ഥിര വികസനം)

സംഗ്രഹം

- ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി മെച്ചപ്പെട്ട മാറ്റങ്ങൾ വരുത്തുന്ന പ്രക്രിയയാണ് വികസനം
- നിലവിലുള്ള വികസന മാതൃക നിരവധി പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്
- ബദൽ വികസന മാതൃകകൾ മനുഷ്യരാശിയുടെ നിലനിൽപ്പിന് അനിവാര്യമായിത്തീർന്നിരിക്കുന്നു
- വികസന പ്രശ്നങ്ങൾക്കുള്ള ഒരു പരിഹാരമാണ് സുസ്ഥിര വികസനം എന്ന ആശയം
- സുസ്ഥിര വികസനത്തിന് ഗാന്ധിയൻ വികസന മാതൃകയുമായി അടുത്ത ബന്ധമുണ്ട്

- ഗാന്ധിയൻ വികസന മാതൃക സമഗ്രവും ഇന്നത്തെ വികസന പ്രതിസന്ധികൾക്കുള്ള പരിഹാരവുമാണ്

സ്വയം വിലയിരുത്തൽ ചെക്ക്‌ലിസ്റ്റ്

ആശയം	പൂർണം	ഭാഗികം	മെച്ചപ്പെടേണ്ടതുണ്ട്
വികസനം എന്ന ആശയത്തെപ്പറ്റിയുള്ള സമഗ്ര അറിവ് ഉണ്ടാകുന്നു.			
വികസന പ്രതിസന്ധി തിരിച്ചറിയുന്നു.			
ബദൽ വികസനമാതൃകകളെപ്പറ്റിയുള്ള പരിചയം ഉണ്ടാകുന്നു.			
സുസ്ഥിര വികസനം			
സമഗ്ര വികസനം			
സമഗ്ര വികസനം: പ്രതിസന്ധികൾക്കുള്ള മറുപടി.			

തുടർ മൂല്യ നിർണ്ണയ സാധ്യതകൾ

1 കുടിയൊഴിപ്പിക്കൽ, പാർശ്വവൽക്കരണം എന്നിവ നമ്മുടെ സമൂഹങ്ങളിൽ എത്രമാത്രം വ്യാപകമാണെന്ന് ഉദാഹരണങ്ങൾ സഹിതം കണ്ടെത്തി സചിത്ര റിപ്പോർട്ട് തയാറാക്കുക

2 വികസന പരിപാടികളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്ന ബദൽ പദ്ധതികൾ എപ്രകാരമാണ് പഞ്ചായത്തുകൾ ഉപയോഗപ്പെടുത്തുന്നതെന്ന് ഗ്രാമപഞ്ചായത്തംഗത്തിന്റെ സഹായത്തോടെ മനസിലാക്കി ഒരു കുറിപ്പ് തയ്യാറാക്കുക.

പഠനപുരോഗതി വിലയിരുത്താം – ഉത്തര സൂചിക

1 പാവപ്പെട്ടവരിലേക്ക്

2) സമൂഹം

3) സമഗ്ര വികസനം

4) ദ്രുതഗതിയിലുള്ള ഗ്രാമീണ പഠന പദ്ധതി

5) ദാരിദ്ര്യം

6) പ്രകൃതിയോടുള്ള കരുതൽ
7) ജൈവവൈവിധ്യം
8) ധാർമികം
9) സർവോദയ

വിലയിരുത്തൽ ചോദ്യങ്ങൾ

1) വികസനം എന്ന ആശയം അർഥമാക്കുന്നതെന്തെന്നു വിശദമാക്കുക

2) ആധുനിക വികസന സങ്കൽപ്പത്തിന്റെ അളവുകോലുകൾ ഏതെല്ലാം?

3) വികസന പ്രതിസന്ധിയെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

4) ബദൽ വികസന മാതൃകകളെ വിലയിരുത്തി റിപ്പോർട്ട് തയാറാക്കുക.

5) സുസ്ഥിര വികസനമെന്ന ആശയം വിശദമാക്കുന്ന ഉപന്യാസം തയാറാക്കുക.

6) വികസനത്തെക്കുറിച്ചുള്ള ഗാന്ധിയൻ സങ്കൽപ്പത്തിന്റെ പ്രസക്തിയും പ്രാധാന്യവും വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.

7) ഗാന്ധിയൻ വികസന കാഴ്ചപ്പാടിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

വിലയിരുത്തൽ ചോദ്യങ്ങൾ – ഉത്തരസൂചിക

1) വികസനം എന്ത് എങ്ങനെ ആർക്ക്, ഇന്ത്യൻ പശ്ചാത്തലത്തിൽ. മനുഷ്യവികസനം മാനവവികസനം, സുസ്ഥിരവികസനം, പ്രദേശാധിഷ്ഠിത വികസനം

2) മൊത്ത ആഭ്യന്തര ഉൽപ്പാദനം, ആളോഹരി വരുമാനം, ദേശീയ വരുമാനം, മനുഷ്യ വികസന സൂചിക

3) വികസന പ്രതിസന്ധി, കുടിയൊഴിപ്പിക്കൽ, പാർശ്വവൽക്കരണം

4) പങ്കാളിത്ത വികസനം, ദ്രുതഗതിയിലുള്ള ഗ്രാമീണ പഠന പദ്ധതി, പങ്കാളിത്ത ഗ്രാമീണ വികസന പഠന പദ്ധതി, പങ്കാളിത്ത കർമ്മോത്സുക ഗവേഷണം, പ്രാദേശിക സാമ്പത്തിക വികസനം.

5) നിലനിർത്താവുന്ന വികസനം/സുസ്ഥിര വികസനം, സുസ്ഥിരവികസനത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ.

6) വികസനത്തെക്കുറിച്ചുള്ള ഗാന്ധിയൻ സങ്കൽപ്പം-സമഗ്ര വികസനം, സമഗ്രവികസനത്തിന്റെ ലക്ഷ്യങ്ങൾ,

7) സമഗ്ര വികസനത്തിന്റെ സവിശേഷതകൾ: പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സന്തുലിതാവസ്ഥ, ആവശ്യങ്ങളുടെ കുറയ്ക്കലും ലളിതജീവിതവും, ധാർമ്മികവും ആദ്ധ്യാത്മികവുമായ പുരോഗതി, കാർഷികവൃത്തിയിൽ അധിഷ്ഠിതമായ നാഗരികത, തുല്യതയും സാമൂഹ്യ നീതിയും, സ്വയം പര്യാപ്തതയും സ്വാശ്രയത്വവും

തുടർപ്രവർത്തനങ്ങൾ

1 ഃ കരള വികസന മാതൃക എന്ന ആശയത്തെപ്പറ്റി കൂടുതൽ മനസിലാക്കി റിപ്പോർട്ട് തയാറാക്കുക

2 സാമ്പത്തിക വളർച്ചയെ അടിസ്ഥാനപ്പെടുത്തിയുള്ള വികസനമാതൃകകൾ ഇന്ത്യയ്ക്ക് അനുയോജ്യമാണോ എന്നതിനെക്കുറിച്ച് ഇന്ത്യൻ ഗ്രാമങ്ങളിലെ കർഷക ആത്മഹത്യകളെ മുൻനിർത്തി ചർച്ച നടത്തി അഭിപ്രായങ്ങൾ ക്രോഡീകരിക്കുക

3 സുസ്ഥിര വികസനമെന്ന കാഴ്ചപ്പാട് നമ്മുടെ വികസന മാതൃകകളിൽ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുക

4 ഗാന്ധിയൻ വികസന മാതൃക, വികസന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനെപ്പറ്റി നിങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അടങ്ങുന്ന രൂപരേഖ തയാറാക്കുക.

തുടർവായനാ സാമഗ്രികൾ

വേണ്ടത് സാമൂഹിക വികസനം, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
ആരുടെയാണീ ഭൂമി, ആർ. വി. ജി. മേനോൻ, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

മനുഷ്യപുരോഗതിക്ക് ഒരു ചരമക്കുറിപ്പ്, നിലോഫർ, ഉൺമ ആലപ്പുഴ

പദാവലി

വികസനം: സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും, സാംസ്കാരികവും പാരിസ്ഥിതികവുമായ എല്ലാ തലങ്ങളിലുമുണ്ടാകുന്ന അനസ്യൂത വളർച്ച.

സുസ്ഥിരവികസനം: നിലനിൽക്കുന്ന വികസനം - പരിസ്ഥിതിയുടെ ലോലമായ സന്തുലിതാവസ്ഥക്ക് ഭംഗം വരുത്താതെ ഇന്നത്തെ തലമുറയുടെ ആവശ്യങ്ങളെ നിറവേറ്റുകയും ഭാവിതലമുറയ്ക്ക് ഗുണനിലവാരമുള്ള ജീവിതം ഉറപ്പാക്കുംവിധം വിഭവങ്ങൾ കരുതിവയ്ക്കുകയും ചെയ്യുന്ന വികസന മാതൃക.

മനുഷ്യ വികസന സൂചിക അഥവാ മാനവ വികസന സൂചിക : ഒരു രാജ്യത്തിന്റെ സമഗ്രവികസനം സൂചിപ്പിക്കുന്ന അളവുകോലാണ് മനുഷ്യ വികസന സൂചിക അഥവാ മാനവ വികസന സൂചിക. രാജ്യത്തിന്റെ സാമ്പത്തിക മാനദണ്ഡങ്ങൾക്കു പുറമേ, ജനപ്പെരുപ്പം, തൊഴിലവസരങ്ങൾ, ജീവിതനിലവാരം, ക്രമസമാധാനനില, സാക്ഷരത തുടങ്ങിയവ പരിഗണിച്ചു കൊണ്ട് തയ്യാറാക്കുന്നു.

കുടിയൊഴിപ്പിക്കൽ : ഒരു സമൂഹത്തെ അവർ ജീവിച്ചുവന്നിരുന്ന പ്രദേശത്തുനിന്ന് വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി ഒഴിഞ്ഞുപോകാൻ നിർബന്ധിതരാക്കുന്ന പ്രതിഭാസം.

പാർശ്വവൽക്കരണം : സാമൂഹിക-സാമ്പത്തിക മേഖലകളിൽ നിലനിൽക്കുന്ന അസമത്വം വർധിക്കുന്നതിന്റെ ഭാഗമായി ഒരുവിഭാഗം ജനങ്ങൾ സമൂഹത്തിന്റെ അതിരുകളിലേക്ക് മാറ്റിനിർത്തപ്പെടുന്ന സാമൂഹ്യാവസ്ഥ.

പങ്കാളിത്ത വികസനം : വികസന പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളായ ജനസമൂഹത്തിന്റെ ഇടപെടലുകളിൽ കൂടി ഉണ്ടാകുന്ന വികസന മാതൃക.

ദ്രുതഗതിയിലുള്ള ഗ്രാമീണ പഠന പദ്ധതി : ഗ്രാമീണ വികസനത്തിനായി അതതു പ്രദേശത്തെക്കുറിച്ചുള്ള സമഗ്രമായ അറിവുകൾ വളരെ വേഗത്തിൽ സമാഹരിച്ച് വിശകലനം ചെയ്യുന്ന രീതിയാണ് ദ്രുതഗതിയിലുള്ള ഗ്രാമീണ പഠന പദ്ധതി അഥവാ റാപ്പിഡ് റൂറൽ അപ്രേസൽ.

പങ്കാളിത്ത ഗ്രാമീണ വികസന പഠന പദ്ധതി : വികസനത്തിനായി സർക്കാർ ഇതര സംഘടനകളുടെ സഹായത്തോടെ പ്രാദേശിക സമൂഹങ്ങളുടെ അറിവും, അനുഭവവും ഉപയോഗപ്പെടുത്തുന്ന വികസന സങ്കേതം.

പ്രാദേശിക സാമ്പത്തിക വികസനം : പ്രാദേശികമായി ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനൊപ്പം അവരുടെ സാമ്പത്തികനില ഉയർത്തുകയും അതുവഴി തൊഴിലില്ലായ്മ അവസാനിപ്പിക്കുകയും ചെയ്യുന്ന വികസന പ്രക്രിയ

8

ഗാന്ധിജിയും പരിസ്ഥിതിയും

(Gandhiji and Environment)



പരിസ്ഥിതിയെക്കുറിച്ചുള്ള ആകുലതകൾ സജീവമായി വിനിമയം ചെയ്യപ്പെടുന്നു എന്നതാണ് പുതിയ കാലഘട്ടത്തിന്റെ സവിശേഷത. പ്രപഞ്ചഘടനയെ തകർക്കുന്ന മുതലാളിത്ത വികസന കാഴ്ചപ്പാട് വിമർശനാത്മകമായി ചോദ്യം ചെയ്യപ്പെടുകയാണ്. സമൂഹത്തിന്റെ പുരോഗതിക്ക് വികസന പ്രവർത്തനങ്ങൾ അനിവാര്യമാണെങ്കിലും വികസനത്തിന്റെ വില നിർണയിക്കുമ്പോൾ അവ പാരിസ്ഥിതികമായി എത്ര ശരിയാണ് എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. വികസനത്തിന്റെ മുൻഗണനകൾ നിശ്ചയിക്കുന്നതിനനുസരിച്ച് പ്രകൃതി വിഭവങ്ങളിലുള്ള അവകാശവും നിർവചിക്കപ്പെടുന്നു. ഇത് ലോകത്തിലെമ്പാടും വലിയൊരു വിഭാഗം ജനങ്ങളെ സമൂഹത്തിന്റെ അരികുകളിലേക്കു തള്ളിമാറ്റുകയാണ്. ജനങ്ങൾക്കിടയിൽ വർധിച്ചുവരുന്ന പാരിസ്ഥിതികാവബോധവും ഇടപെടലുകളും നിലവിലുള്ള സാമ്പത്തിക ശാസ്ത്രത്തെയും അതിന്റെ വികസന സൂചകങ്ങളെയും ചോദ്യം ചെയ്യുന്നു. കൂടുതൽ ഉപയോഗിക്കുന്നതും മാലിന്യം സൃഷ്ടിക്കുന്നതുമാണു വികസനത്തിന്റെ മാനദണ്ഡമെന്ന കമ്പോളയുക്തിയും അതിന്റെ സംസ്കാരവും ചോദ്യം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. ആധുനിക മനുഷ്യന്റെ ഇടപെടലുകൾ സൃഷ്ടിച്ചിരിക്കുന്ന പാരിസ്ഥിതിക പ്രതിസന്ധികളും അവയെ മറികടക്കാനുള്ള ചില പുതിയ വഴികളും കാലോചിതമായി നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. അതിനൊപ്പം ലോകം ഇന്നു നേരിടുന്ന പാരിസ്ഥിതിക പ്രതിസന്ധി അടക്കമുള്ള പ്രശ്നങ്ങൾക്കെല്ലാമുള്ള ഉത്തരങ്ങൾ തേടുന്ന ബദൽ പരീക്ഷണങ്ങൾക്ക് മാർഗദർശിയായി ഗാന്ധിജിയെ മാറുന്നതെങ്ങനെയെന്ന തിരിച്ചറിവ് ഈ അധ്യായത്തിലൂടെ ലഭിക്കുന്നു.

പഠന നേട്ടങ്ങൾ

പരിസ്ഥിതി പ്രതിസന്ധി, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള സാമാന്യ ധാരണ ഉണ്ടാകുന്നു.

പ്രകൃതി വിഭവങ്ങളുടെ ചൂഷണം, ഉപഭോഗസംസ്കാരം, ജൈവവൈവിധ്യത്തിന്റെ നാശം എന്നിവയെക്കുറിച്ചുള്ള വിശദീകരിക്കാൻ കഴിയും.

പരിസ്ഥിതി മലിനീകരണത്തെക്കുറിച്ചുള്ള സമഗ്രമായ തിരിച്ചറിവ് ഉണ്ടാകുന്നു.

ഹരിതരാഷ്ട്രീയത്തെയും ഹരിതപ്രസ്ഥാനങ്ങളെയും കുറിച്ചുള്ള അറിവ് നേടുന്നു.

ഇന്ത്യയിലെ പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനങ്ങളെക്കുറിച്ച് ധാരണ നേടുന്നു.

പരിസ്ഥിതിവാദത്തിന്റെ പുതുവഴികളും സിദ്ധാന്തങ്ങളും പരിചയപ്പെടുന്നു

ഗാന്ധിജിയുടെ പരിസ്ഥിതി ചിന്തകളും അവയുടെ പ്രസക്തിയും തിരിച്ചറിയുന്നു

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം രൂപംകൊണ്ട ലോകക്രമം ഭൂമിയിൽ അന്നുവരെ നിലവിലുണ്ടായിരുന്ന ജീവിതരീതികളെയും സാഹചര്യങ്ങളെയും ഒന്നാകെ മാറ്റിമറിച്ചു. സാമ്രാജ്യത്വത്തിന്റെ അവസാനം കുറിച്ചതിനൊപ്പം വികസിത രാജ്യങ്ങളും ആഗോള കുത്തകകളും ചേരുന്ന കൂട്ടുകെട്ട് ആ സ്ഥാനത്തേക്കു വരുന്ന കാഴ്ചകളാണ് അന്നുമുതൽ ലോകം കണ്ടത്. വികസനം എന്ന ആശയത്തിനൊപ്പം അവികസിത സമൂഹങ്ങളിലേക്കും രാജ്യങ്ങളിലേക്കും ഈ കൂട്ടുകെട്ട് കടന്നുകയറാൻ തുടങ്ങി. ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യത്തിനും പരിഹാരമെന്ന നിലയിൽ അവികസിത സമൂഹങ്ങളിൽ അവതരിപ്പിക്കപ്പെട്ട വികസനാശയങ്ങളെല്ലാം പരാജയപ്പെടുന്ന കാഴ്ചകളാണ് ഇന്നു കണ്ടുകൊണ്ടിരിക്കുന്നത്. ലോക ജനസംഖ്യയിലെ ദരിദ്രരായ ഭൂരിഭാഗം ജനങ്ങളും താമസിക്കുന്ന മൂന്നാം ലോക രാഷ്ട്രങ്ങളിലെ പ്രശ്നങ്ങൾക്കൊന്നും പരിഹാരം കാണാൻ ആധുനിക ലോകം മുന്നോട്ടുവച്ച ഈ വികസന സിദ്ധാന്തങ്ങൾക്കു സാധിച്ചില്ല. മറിച്ച് ലോകമെമ്പാടും ഹിംസയുടെയും അക്രമത്തിന്റെയും ചൂഷണത്തിന്റെയും വർധനവിന് മാത്രമാണ് ഇതു സഹായിച്ചത്. ഈ വികസന സി



ദ്ധാന്തങ്ങളെല്ലാം തന്നെ ജനവിരുദ്ധവും പ്രകൃതി വിരുദ്ധവുമായിരുന്നുതാനും. ജനങ്ങളുടെ അടിസ്ഥാന അവകാശങ്ങളെ കവർന്നുകൊണ്ട് ചെറു ന്യൂനപക്ഷ ധനികർക്ക് ലാഭം കുന്നുകൂട്ടുന്നതിനുമാത്രമാണ് ഇതുപകരിച്ചത്. ഇതിനു പുറമേ സാമ്പത്തിക വളർച്ചയെന്ന ഒറ്റ ലക്ഷ്യത്തിലൂന്നിയുള്ള ആധുനിക സാമ്പത്തിക ശാസ്ത്രത്തിന്റെ മുന്നോട്ടുപോക്ക് പ്രകൃതിവിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണത്തിലേക്കു ലോകത്തെ നയിക്കുകയും ചെയ്തു. ഇന്നത്തെ മുതലാളിത്ത ലോക ക്രമത്തിൽ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ജൈവ, ഊർജ്ജ, രാസ, സാംസ്കാരിക കൊടുക്കൽ വാങ്ങലുകൾക്ക് സംഭവിച്ചിട്ടുള്ള അകൽച്ചകളാണ് പാരിസ്ഥിതിക പ്രതിസന്ധികളായി നമ്മെ വേട്ടയാടുന്നത്. ഭൂമിയുടെയും മാനവരാശിയുടേയും നിലനിൽപ്പിനു തന്നെ ഭീഷണിയായി പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചാണ് ഈ അധ്യായം ചർച്ച ചെയ്യുന്നത്. ഇതിനു പുറമേ ഈ പ്രകൃതി ചൂഷണത്തിനും തെറ്റായ വികസന മാതൃകകൾക്കുമെതിരേ ഉയർന്നുവന്ന സമരങ്ങൾ, പ്രസ്ഥാനങ്ങൾ, പ്രകൃതിയെ സമീപിക്കുന്ന രീതിയിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി ചർച്ച ചെയ്യുന്ന പുതുസിദ്ധാന്തങ്ങൾ എന്നിവയെക്കുറിച്ചും ഇവിടെ പരാമർശിക്കുന്നു. കൂടാതെ ആധുനിക ലോകത്തിന് ഇന്ന് അതിജീവനത്തിന്റെ ദിശാസൂചകമായി നിലനിൽക്കുന്ന ഗാന്ധിയൻ പരിസ്ഥിതി ചിന്തകളും ഈ അധ്യായത്തിൽ സവിസ്തരം പ്രതിപാദിക്കുന്നു.

പരിസ്ഥിതി വിജ്ഞാനം (Ecology)

പഠനപ്രവർത്തനം

പരിസ്ഥിതി വിജ്ഞാനത്തെയും പരിസ്ഥിതിയെയും കുറിച്ചുള്ള വിവരണം നാം ജീവിക്കുന്ന ചുറ്റുപാടുകളെ അടിസ്ഥാനപ്പെടുത്തി തയാറാക്കുക

ജീവികളും അവയുടെ ആവാസവ്യവസ്ഥയും തമ്മിലുള്ള ബന്ധത്തെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രശാഖ. ഓയിക്കോസ് (oikos = house) ലോഗോസ് (logos = discourse) എന്നീ ഗ്രീക്ക് പദങ്ങളിൽനിന്നാണ് ഇക്കോളജി എന്ന വാക്കിന്റെ ഉദ്ഭവം. ജർമൻ ജീവശാസ്ത്രകാരനായ ഏണസ്റ്റ് ഹെയ്കൽ (1834 -1919) ആണ് ആദ്യമായി ഇക്കോളജിയെ ഒരു പ്രത്യേകശാസ്ത്രശാഖയായി പരിഗണിച്ചത്. 'ശാസ്ത്രീയമായ പ്രകൃതിചരിത്രം', 'ജീവിവർഗങ്ങളെക്കുറിച്ചുള്ള (biotic communities) ഒരു പഠനം', 'വർഗസമൂഹ (communtiy population) ശാസ്ത്രം' തുടങ്ങി വിവിധതരത്തിൽ പലരും ഇക്കോളജിയെ നിർവചിച്ചിട്ടുണ്ട്. എന്നാൽ സസ്യങ്ങൾക്കും ജന്തുക്കൾക്കും തമ്മിലുള്ളതും,അവയ്ക്ക് പരിസ്ഥിതി കളോടുള്ളതുമായ ബന്ധങ്ങളെക്കുറിച്ചുള്ള പഠനം എന്ന് ഇതിനെ പൊതുവെ നിർവചിക്കാം. ഒരു പരിസ്ഥിതിയിൽ ജീവിക്കുന്ന ജീവികളുടെ വിതരണം, അവയുടെ എണ്ണം, അവ എങ്ങനെ പരിസ്ഥിതിയുമായും അതോടൊപ്പം പരസ്പരംപ്രതിപ്രവർത്തിക്കുന്നു



മുതലായ വസ്തുതകളെ ശാസ്ത്രീയമായി പഠന വിധേയമാക്കുന്ന വിഭാഗമെന്നും ഇക്കോളജി അഥവാ പരിസ്ഥിതി വിജ്ഞാനത്തെ നമുക്ക് വിശദീകരിക്കാം.

പരിസ്ഥിതി (Environment)

പ്രകൃതിയിലെ ജീവജാലങ്ങളുടെ പ്രതികരണങ്ങളെ സ്വാധീനിക്കുന്ന ജൈവികവും ഭൗതികവുമായ അവസ്ഥകളുടെ ആകെത്തുകയെയാണ് പരിസ്ഥിതി എന്നു വിശേഷിപ്പിക്കുന്നത്. ജീവികളുടെ വളർച്ചയെയോ അവയുടെ വികാസത്തെയോ സ്വാധീനിക്കുന്ന ഘടകങ്ങൾ പരിസ്ഥിതിയിൽ ഉൾപ്പെടുന്നു. പ്രകൃതിയിലെ എല്ലാ ജൈവിക ഘടകങ്ങൾ അതായത് വായു, ജലം, മണ്ണ്, വൃക്ഷ, സസ്യലതാദികൾ ജന്തുജാലങ്ങൾ എന്നിവയെല്ലാം പരിസ്ഥിതി എന്ന വിശാലമായ ആശയത്തിൽ ഉൾപ്പെടുന്നു. ഈ ജൈവ- അജൈവ ഘടകങ്ങളും അവയുടെ പരസ്പര പ്രവർത്തനങ്ങളും പരിസ്ഥിതിയിൽ ഉൾപ്പെടുന്നു.



പരിസ്ഥിതി പ്രതിസന്ധി

പ്രവർത്തനം - നാം ഇന്ന് നേരിടുന്ന പരിസ്ഥിതി പ്രതിസന്ധികളെക്കുറിച്ച് സചിത്ര വിവരണാത്മക ചാർട്ടിന്റെ നിർമാണം

പുനഃസ്ഥാപിക്കാൻ കഴിയാത്ത തരത്തിൽ പരിസ്ഥിതിയുടെ ഗുണമേന്മയിൽ ഉണ്ടാകുന്ന മാറ്റങ്ങളെയാണ് പരിസ്ഥിതി പ്രതിസന്ധി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വളരെപ്പെട്ടെന്നും ദീർഘകാലം കൊണ്ടും മനുഷ്യ ഇടപെടലുകൾ മൂലം പ്രകൃതിയുടെ സമതുലിതാവസ്ഥയിലുണ്ടാകുന്ന അനാരോഗ്യ കരമായ മാറ്റങ്ങളാണ് പരിസ്ഥിതി പ്രതിസന്ധി എന്ന ആശയത്തിനുള്ളിൽ വരുന്നത്. ജീവജാലങ്ങളുടെ വംശനാശവും, ജൈവമണ്ഡലത്തിന്റെ ശോഷണവും പരിസ്ഥിതി പ്രതിസന്ധിയുടെ ഉദാഹരണങ്ങളാണ്. 21-ാം നൂറ്റാണ്ടിൽ പരിസ്ഥിതി പ്രതിസന്ധിക്ക് ആക്കം കൂട്ടുന്ന നിരവധി പ്രവൃത്തികൾ ലോകമെമ്പാടും വ്യാപിക്കുകയും ചെയ്തു. ആഗോളീകരണം, നഗരവൽക്കരണം, ദാരിദ്ര്യം, ജനസംഖ്യാ വർധനവ്, ഉപഭോഗ ക്രമത്തിലെ മാറ്റങ്ങൾ എന്നിവ ഇതിന് ആക്കം കൂട്ടുകയും ചെയ്തു.



പരിസ്ഥിതി പ്രശ്നങ്ങൾ

കാലാവസ്ഥാ വ്യതിയാനം
ഓസോൺ പാളിയുടെ ശോഷണം
മരുവൽക്കരണം
വനനശീകരണം
ജൈവവൈവിധ്യ ശോഷണം
അപകടകാരികളായ രാസവസ്തുക്കളുടേയും മാലിന്യങ്ങളുടേയും വ്യാപനം

ഭൂമി അതിന്റെ ഏറ്റവും ദുരിത പൂർണമായ കാലത്തെയാണ് ഇന്ന് അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നത്. ഇതേ നിലയിൽ തുടർന്നാൽ ഭൂമിയുടെ തകർച്ചയിലേക്ക് അധികം ദൂരമില്ലെന്ന സത്യം നാം ഓർക്കേണ്ടതുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിൽ ആരംഭിച്ച പ്രകൃതിയുടെ മേലുള്ള മനുഷ്യന്റെ കടന്നുകയറ്റം ഇന്ന് അതിന്റെ എല്ലാ സീമകളും ലംഘിക്കപ്പെട്ടുകഴിഞ്ഞു. ഈ പരിസ്ഥിതി പ്രശ്നങ്ങളെ നേരിടാൻ നാം ശ്രമങ്ങൾ ആരംഭിച്ചില്ലെങ്കിൽ ഭൂമി ആവാസ യോഗ്യമല്ലാത്ത അവസ്ഥയിലേക്ക് പോകുമെന്നുറപ്പാണ്. വരാനിരിക്കുന്ന തലമുറയ്ക്ക് ഈ ഭൂമിയെ അതിന്റെ എല്ലാ ഗുണമേൻമയോടും കൈമാറുക എന്ന കടമ ഈ തലമുറയ്ക്ക് ഉണ്ടെന്ന് മറന്നുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് മനുഷ്യരാശിയുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. "ഭൂമിയും മണ്ണും വായുവും ജലവും നമുക്ക് പൂർവികരിൽനിന്ന് പാരമ്പര്യമായി കിട്ടിയതല്ല. ഇവ നമ്മുടെ വരും തലമുറയിൽനിന്ന് നാം കടമെടുത്തിട്ടുള്ളതാണ്. അതുകൊണ്ട് നമുക്ക് കിട്ടിയതുപോലെ നാം അവർക്ക് അതു കൈമാറേണ്ടതുണ്ട്. "മനുഷ്യന്റെ പ്രവർത്തികളിലുണ്ടാകുന്ന തിരുത്തലുകളിൽക്കൂടി മാത്രമേ ഈ പ്രതിസന്ധിയിൽനിന്ന് മനുഷ്യരാശിക്ക് മോചനം നേടാൻ കഴിയൂ.

ദാർശനിക സ്വഭാവത്തോടെ ആധുനിക നാഗരികത സൃഷ്ടിക്കാൻ പോകുന്ന ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകി എന്നതാണ് പരിസ്ഥിതി ചിന്തകളിൽ ഗാന്ധിജിയുടെ ഇടവും പ്രസക്തിയും. പാരിസ്ഥിതിക പ്രശ്നത്തെക്കുറിച്ച് ലോകം ചിന്തിച്ചിട്ടില്ലാത്ത കാലത്ത് മനുഷ്യന്റെ പ്രകൃതിയിലുള്ള വഴിവിട്ട ഇടപെടലുകൾ ദുരന്തത്തിലേക്ക് നയിക്കും എന്ന ചിന്തയിലൂന്നിയുള്ള ആശയങ്ങൾ ഗാന്ധിജി തന്റെ വാക്കുകളിലൂടെയും എഴുത്തിലൂടെയും വ്യക്തമാക്കി. പ്രകൃതി വിഭവങ്ങളിൻമേലുള്ള ചൂഷണം ഇന്നു മനുഷ്യന്റെ മുന്നോട്ടുള്ള പോക്കിനെയും ഭൂമിയുടെ നിലനിൽപ്പിനെയും തന്നെ ബാധിക്കുന്ന തലത്തിലെത്തി നിൽക്കുകയാണ്. വിഭവങ്ങളുടെ മേലുള്ള ചൂഷണം കുറയ്ക്കണമെങ്കിൽ ഇന്നത്തെ ഉപഭോഗ-ഉൽപാദനനിരക്കുകളിൽമാറ്റം വരുത്തേണ്ടതുണ്ട്. ഉത്പാദനം വർധിപ്പിക്കുന്നതിനും ഉപഭോഗം കുറക്കുന്നതിനുമുള്ള സമീപനം സ്വീകരിക്കുന്നതിലൂടെ മാത്രമേ നിലവിലുള്ള ഉത്പാദന ഉപഭോഗ നിരക്കുകളെ മാറ്റിമറിക്കാൻ കഴിയുകയുള്ളൂ. ഇതിലൂടെ മാത്രമേ പ്രകൃതിയെ മാനവരാശിയുടെ നിലനില്പ് ഉറപ്പാക്കുന്ന അവിഭാജ്യഘടകമായി മാറ്റിത്തീർക്കാൻ കഴിയൂ. ഇത്തരമൊരു മാറ്റം സാധ്യമാകണമെങ്കിൽ നമ്മുടെ കാഴ്ച്ചപ്പാടുകളും സമീപനങ്ങളും മാറുകതന്നെ വേണം. പരിസ്ഥിതി സംരക്ഷണത്തിനായി സുസ്ഥിരമായ ഒരു ജീവിതശൈലിയെന്ന സന്ദേശത്തിന്റെ പ്രസക്തി വർധിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്. മനുഷ്യരാശിക്കായി ഗാന്ധിജി നൽകിയ എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന വാക്യത്തിന്റെ പ്രസക്തി ഇവിടെയാണ് നമുക്ക് ബോധ്യമാകുന്ന

ത്. ആവശ്യങ്ങൾ പരിമിതപ്പെടുത്തുക വഴി മാത്രമേ ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളുടേയും സുസ്ഥിതി ഉറപ്പുവരുത്താനാകൂ എന്ന തിരിച്ചറിവ് ഗാന്ധിജിക്കുണ്ടായിരുന്നു. ഗാന്ധിജിയുടെ ജീവിതത്തിന്റെ മുഖമുദ്രയായിരുന്ന ലളിതജീവിതം നാം നേരിടുന്ന പ്രതിസന്ധിക്കുള്ള ഏറ്റവും വലിയ പരിഹാരമായി നമുക്ക് മുന്നിലുണ്ട്. അവിടെയാണ് ഗാന്ധിജിയുടെ ജീവിതവും ചിന്തകളും പ്രകൃതി സംരക്ഷണത്തിനുള്ള ശ്രമങ്ങളിൽ നമുക്ക് വഴികാട്ടിയായിത്തീരുന്നത്.

കാർബൺ പാദമുദ്ര (Carbon Footprint)



മനുഷ്യൻ പ്രകൃതിയിൽനിന്നെടുക്കുന്ന വിഭവങ്ങളുടെ അളവ് കണക്കാക്കുന്നതിനു പയോഗിക്കുന്ന സങ്കേതമാണ് കാർബൺ പാദമുദ്ര അഥവാ അംഗാര പാദമുദ്ര. വിവിധ ആവശ്യങ്ങൾക്കായി അന്തരീക്ഷത്തിലേക്ക് ഇത് ഉത്സർജിക്കുന്ന കാർബൺഡൈ ഓക്സൈഡ് വാതക ത്തിന്റെയും ഭക്ഷ്യ ആവശ്യകതയു ടെയും കണക്കുകൾ വച്ചിട്ടാണ് അംഗാര പാദമുദ്ര കണക്കാക്കുന്നത്. പൊതുവിൽ ആറു ഘടകങ്ങളാണ് ഇതു കണക്കാക്കാൻ ഉപയോഗിക്കുന്നത്. കാർബൺ ഉത്സർജനം. വിളഭൂമി, വന ഉൽപന്നങ്ങളുടെ ഉത്പാദനം, മത്സ്യബന്ധന മേഖലകൾ, നിർമാണ ആവശ്യങ്ങൾക്കുള്ള ഭൂമി, കാലിമേയ്ക്കൽ എന്നിവയാണീ ഘടകങ്ങൾ. കഴിഞ്ഞകൊല്ലത്തെ "ലിവിംഗ് പ്ലാനറ്റ് റിപ്പോർട്ട്" പ്രകാരം ഏറ്റവും ഉയർന്ന പ്രതിശീർഷ കാർബൺ പാദമുദ്ര സൃഷ്ടിക്കുന്നത് കുവൈറ്റ് പൗരർ ആണ്. ഏറ്റവും ഉയർന്ന നിരക്കിൽ കാർബൺ പാദമുദ്ര സൃഷ്ടിക്കുന്ന രാജ്യങ്ങളിൽ ഖത്തർ, യുഎഇ, ബഹ്റിൻ, അമേരിക്ക, സിംഗപ്പൂർ, സ്വീഡൻ, ബൽജിയം എന്നിവ ഉൾപ്പെടുന്നു.

പാരിസ്ഥിതിക പാദമുദ്ര: ഉപഭോഗത്തെയും അതിന്റെ പാരിസ്ഥിതിക ആഘാതത്തെയും അളക്കുന്ന ഒരു അളവുകോലാണ് ഇക്കോളജിക്കൽ ഫുട് പ്രിന്റ് (Ecological footprint) അഥവാ പാരിസ്ഥിതിക പാദമുദ്ര. മനുഷ്യന്റെ ആവശ്യങ്ങൾ നിവർത്തിക്കാനാവശ്യമായ പ്രകൃതി വിഭവങ്ങളുടെ അളവും , പുനരുപയോഗത്താലും അല്ലാതെയും ലഭ്യമായ പ്രകൃതിവിഭവങ്ങളുടെ അളവും തമ്മിലുള്ള വ്യത്യാസമാണ് ഇതിൽ അളക്കുന്നത്. മനുഷ്യരാശിയുടെ എല്ലാ പ്രവർത്തനങ്ങളും പ്രകൃതിയിൽ നിരവധി ആഘാതങ്ങൾക്കു കാരണമാകുന്നുണ്ട്. ഇതിന്റെ പാരിസ്ഥിതിക പ്രത്യാഘാതം എന്നു പറയുന്നത്, സ്വയം നിലനിർത്താൻ നാം കൈവശപ്പെടുത്തുന്ന പ്രകൃതിയുടെ വിലയാണ്. ലഭ്യമായ സങ്കേതിക വിദ്യകൾ ഉപയോഗിച്ച് വിഭവവിതരണം നിരന്തരമായി സാധ്യമാക്കാനും മാലിന്യങ്ങളെ വലിച്ചെടുക്കാനും ആവശ്യമായ ജീവപരമായി ഉത്പാദനക്ഷമതയാർന്ന പ്രദേശത്തിനു നൽകുന്ന, അളക്കാവുന്ന മൂല്യത്തെയാണ് 'പാരിസ്ഥിതിക പാദമുദ്ര'യെന്നു പറയുന്നത്.

പ്രകൃതിവിഭവങ്ങളുടെ ചൂഷണം

പഠനപ്രവർത്തനം

പ്രകൃതി വിഭവങ്ങളുടെ ശോഷണത്തെപ്പറ്റി പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച സംഘടിപ്പിക്കുക

പ്രകൃതി വിഭവങ്ങൾ പുനരുത്പാദിപ്പിക്കാൻ കഴിയുന്നതിനേക്കാൾ വേഗത്തിൽ അവയുടെ ഉപഭോഗം നടക്കുമ്പോൾ അവയുടെ അളവിൽ കുറവുണ്ടാകുക എന്നതു സ്വാഭാവികമായി സംഭവിക്കും. ഈ അവസ്ഥയെയാണ് പ്രകൃതി വിഭവങ്ങളുടെ ശോഷണം എന്നതുകൊണ്ട് അർഥമാക്കുന്നത്. പ്രകൃതി വിഭവങ്ങളെ രണ്ടായി തരംതിരിക്കാം.

1) പുനർനിർമിക്കാവുന്ന വിഭവങ്ങൾ (renewable resourses) നമുക്ക് പുനഃസൃഷ്ടിക്കാൻ കഴിയുന്നതും പ്രകൃതിയിൽ നിന്നുള്ളവയിൽ തീർന്നു പോകാത്തവയുമായ വിഭവങ്ങൾ. കാലക്രമത്തിൽ സ്വയം ഇവ പ്രകൃതിയിൽ ആവശ്യത്തിനനുസരിച്ച് സൃഷ്ടിക്കപ്പെടുകയും ചെയ്യും. ഉദാ: വനം, സൂര്യപ്രകാശം, കാറ്റ്.

2) പുനർനിർമിക്കാൻ കഴിയാത്ത വിഭവങ്ങൾ (non renewable resourses) ഉപയോഗത്തിനനുസരിച്ച് കുറയുന്ന ഈ വിഭവങ്ങളെ പുനർനിർമിക്കുക അസാധ്യമാണ്. തീർന്നുപോകുന്നതും വീണ്ടും രൂപപ്പെടാൻ ദീർഘകാലം ആവശ്യമുള്ളവയുമായ വിഭവങ്ങൾ ഈ പരിധിയിൽ പെടുന്നു. ഉദാ. പെട്രോളിയം ഉൽപ്പന്നങ്ങൾ.

പ്രകൃതി വിഭവങ്ങളുടെ ചൂഷണം എന്ന ആശയത്തെ പ്രധാനമായും നാം സാമ്പത്തികശാസ്ത്രത്തിന്റെ പരിവൃത്തത്തിനുള്ളിൽനിന്നാണ് പഠിക്കുന്നത്. വിഭവങ്ങളുടെ കുറവ് ആഗോള സാമ്പത്തിക വ്യവസ്ഥിതിയെ ഒന്നാകെ ബാധിക്കുന്ന ഒന്നായതിനാലാണ് വിഭവശോഷണത്തെ സാമ്പത്തിക ശാസ്ത്രവുമായി ബന്ധപ്പെടുത്തി പഠിക്കുന്നതിനു കാരണം. കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ മാത്രം മനുഷ്യൻ ഉപയോഗിച്ചുതീർത്ത പ്രകൃതി വിഭവങ്ങളുടെ അളവ് അതിനുമുമ്പുള്ള മനുഷ്യരുടെ മൊത്തം ഉപഭോഗത്തേക്കാൾ കൂടുതലാണ്. ഭൂമിക്ക് ഈ വിഭവങ്ങളെ പുനസൃഷ്ടിക്കാൻ ആവശ്യമുള്ള സമയത്തേക്കാൾ വേഗത്തിൽ അവ നാം ഉപയോഗിച്ച് തീർത്തുകൊണ്ടിരിക്കുകയാണ്. വനസമ്പത്ത്, ശുദ്ധജലം, ഫോസിൽ ഇന്ധനങ്ങൾ, കൃഷിയോഗ്യമായ ഭൂമി എന്നിവയുടെ അളവ് അനുദിനം കുറഞ്ഞു വരികയാണ്. അതുകൊണ്ടുതന്നെ ഭൂമിയെ ഇതേപടി നിലനിർത്തുന്നതിന് പ്രകൃതി വിഭവങ്ങളുടെ ചൂഷണത്തിന് നാം അറുതി വരുത്തേണ്ടിയിരിക്കുന്നു. വിഭവ ശോഷണം ഒരേ സമയം പരിസ്ഥിതിയെയും ജൈവവൈവിധ്യത്തെയും അന്തരീക്ഷത്തെയും ബാധിക്കുന്നു. വികസ്വര രാജ്യങ്ങളിൽ വിഭവങ്ങളുടെ ശോഷണം സമൂഹത്തിൽ അസന്തുലിതാവസ്ഥ വളർത്തുന്നതിനും സംഘർഷങ്ങൾക്കും വരെ കാരണമാകുന്നുണ്ട്.

ആധുനിക നാഗരികതയുടെ മുഖമുദ്രയായ ഭൗതിക ജീവിതത്തിനോടുള്ള ആസക്തിയെയും സാങ്കേതിക വിദ്യയുടെ മേധാവിത്വത്തെയും ഗാന്ധിജി തുറന്നെതിർത്തിരുന്നു. അദ്ദേഹത്തിന്റെ ആശയങ്ങളുടെ പ്രകടനപത്രിക എന്നു വിശേഷിപ്പിക്കുന്ന ഹിന്ദ് സ്വരാജിൽത്തന്നെ ഗാന്ധിജി ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനു മാത്രം പ്രാധാന്യം നൽകുന്ന ആധുനിക നാഗരികതയുടെ കടന്നുകയറ്റങ്ങളുടെ ഫലമാണ് പ്രകൃതിവിഭവങ്ങൾക്കു സംഭവിക്കുന്ന ശോഷണമെന്നു നമുക്ക് കാണാൻ സാധിക്കും. ഇന്ന് നാം നേരിടുന്ന പാരിസ്ഥിതിക പ്രതിസന്ധിയുടെ

മൂലകാരണവും ആധുനിക നാഗരികതയുടെ ഇടപെടലുകൾ കൊണ്ടാണെന്നു നമുക്ക് നിസംശയം പറയാൻ കഴിയും. അതുകൊണ്ടുതന്നെ പ്രകൃതി വിഭവങ്ങളെ കരുതലോടെ വേണം ഉപയോഗിക്കേണ്ടതെന്ന ഗാന്ധിജിയുടെ ആശയത്തിനും നിലവിലെ ഉൽപ്പാദന വ്യവസ്ഥിതിയ്ക്ക് പകരമായി അദ്ദേഹം നിർദേശിക്കുന്ന അവശ്യാധിഷ്ഠിത ഉൽപാദന വ്യവസ്ഥിതിയ്ക്കും പ്രസക്തി വർധിക്കുകയാണ്.

പഠനപുരോഗതി വിലയിരുത്താം – പൂരിപ്പിക്കുക

1) ജീവികളും .....തമ്മിലുള്ള ബന്ധത്തെപ്പറ്റി പഠിക്കുന്ന ശാസ്ത്രശാഖയാണ് ഇക്കോളജി
(ആവാസവ്യവസ്ഥ, പ്രകൃതി, മറ്റ് ജീവജാലങ്ങൾ)

2) ഗാന്ധിജിയുടെ ജീവിതത്തിന്റെ മുഖമുദ്രയായിരുന്ന ..... നാം ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗങ്ങളിലൊന്നാണ്
(സത്യാഗ്രഹ, സർവോദയ, ലളിതജീവിതം)

3) ആധുനിക നാഗരികതയെ എതിർത്തുകൊണ്ട് ഗാന്ധിജി എഴുതിയ പുസ്തകം
(ഹിന്ദ്സ്വരാജ്, എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ, അൺ ടു ദിസ് ലാസ്റ്റ്)

ഉപഭോഗ സംസ്കാരം

പഠനപ്രവർത്തനം

മലയാളിയുടെ ഉപഭോഗ സംസ്കാരത്തെക്കുറിച്ച് വിശകലനാത്മക ചർച്ച നടത്തി റിപ്പോർട്ട് അവതരിപ്പിക്കുക



കൂടുതൽ സാധനങ്ങളും സേവനങ്ങളും നേടുകയും ഉപയോഗിക്കുകയും ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന സാമൂഹിക, സാമ്പത്തിക ആശയമാണ് ഉപഭോഗ സംസ്കാരം. വിഭവങ്ങളുടെ പരിധിയില്ലാത്ത ഉപയോഗം നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്കു കാരണമാകുന്നു. മലിനീകരണം പ്രകൃതി വിഭവങ്ങളുടെ ശോഷണം എന്നിവയുടെ പ്രധാന കാരണവും വർധിച്ചുവരുന്ന ഉപഭോഗ സംസ്കാരമാണ്. വ്യക്തിഗത സന്തോഷത്തിന്റെ വർധനവിനുള്ള പ്രധാന ഘടകങ്ങളിലൊന്നായി വിഭവങ്ങളുടെ കൂടുതലായുള്ള ഉപയോഗത്തെ കാണുകയും അതിനുവേണ്ടി കൂടുതൽ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുകയും അതുവഴി സാമ്പത്തിക പുരോഗതി സമൂഹത്തിനു കൈവരിക്കാൻ കഴിയുമെന്നുമുള്ള ആശയവും ഉപഭോഗ സംസ്കാരം മുന്നോട്ടുവയ്ക്കുന്നു.

ഗാന്ധിജിയുടെ ഉപഭോഗത്തെപ്പറ്റിയുള്ള കാഴ്ചപ്പാടുകൾ പ്രവാചക സ്വഭാവത്തോടു കൂടിയതാണ്. മനുഷ്യന്റെ ഉള്ളിലാണ് ഈ പ്രശ്നങ്ങൾ എല്ലാം കുടികൊള്ളുന്നതെന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. വ്യക്തികൾ മനസ് അതിനായി തയാറാക്കിയാൽ മാത്രമേ ലോകത്തിനു സമാധാനമായി മുന്നോട്ടു പോകാനാകുകയുള്ളു എന്ന അദ്ദേഹത്തിന്റെ ആശയം ഉപഭോഗസംസ്കാരവുമായി ചേർത്ത് നമുക്ക് വായിക്കാൻ കഴിയും. വർധിച്ചുവരുന്ന ഉപഭോഗവും അതിനോടൊപ്പമുള്ള ഭൗതികജീവിതാസക്തിയും ലോകത്തെ ഇന്ന് നാശത്തിന്റെ പടിവാതിൽക്കൽ എത്തിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഇത്തരത്തിലുള്ള ഉപഭോഗരീതികളെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ലോകക്രമത്തിനു അധികകാലം മുന്നോട്ടുപോകാൻ കഴിയുകയില്ല എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ഇവിടെയാണ് ഗാന്ധിയൻ ആശയങ്ങളായ ലളിത ജീവിതം, ബോധപൂർവമായി ആവശ്യങ്ങളിൽ വരുത്തുന്ന കുറവ് എന്നിവയുടെ പ്രസക്തി. ഈ ആശയങ്ങൾ പ്രയോഗത്തിൽ വരുത്തുക വഴി ഒരു പരിധിവരെ നമുക്ക് ഉപഭോഗ സംസ്കാരം ഉയർത്തുന്ന വെല്ലുവിളികളെ ചെറുക്കുന്നതിനു കഴിയും.

ജീവജാലങ്ങളുടെ വംശനാശം : മനുഷ്യനുള്ള മുന്നറിയിപ്പ്

ഒരു പ്രത്യേക ജീവിവർഗം ഒന്നുപോലും ലോകത്തിൽ ഒരിടത്തുപോലും ഇല്ലാത്ത അവസ്ഥയെയാണ് ആ ജീവിവർഗത്തിന്റെ വംശനാശം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പരിണാമത്തിന്റെ ഘട്ടങ്ങളിൽ സ്വാഭാവികമായി സംഭവിക്കുന്ന ഒന്നാണിത്. എന്നാൽ ചില സമയങ്ങളിൽ സ്വാഭാവികമല്ലാത്ത രീതിയിൽ ജീവിവർഗങ്ങളുടെ വംശനാശത്തിന്റെ തോത് ഉയരാറുണ്ട്. മനുഷ്യന്റെ ഇടപെടലുകളാണ് മിക്കപ്പോഴും ഇത്തരത്തിൽ ജീവജാലങ്ങളുടെ വംശനാശത്തിന് ആക്കം കൂട്ടുന്നത്. ജീവികളുടെ സ്വാഭാവിക ആവാസവ്യവസ്ഥകളിലെ മനുഷ്യന്റെ ഇടപെടലുകൾ, കൂട്ടത്തോടെയുള്ള വേട്ടയാടൽ, വനവിഭവങ്ങളിൽമേലുള്ള ചൂഷണം എന്നിവയെല്ലാം ജീവിവർഗങ്ങളുടേയും സസ്യജാലങ്ങളുടേയും വംശം ഇല്ലാതാകുന്നതിലേക്കും അവയെ നാശത്തിന്റെ വക്കിലേക്ക് എത്തിക്കുന്നതിനും കാരണമാകുന്നു. ആറരക്കോടി വർഷങ്ങൾക്കുള്ളിൽ ഉണ്ടായതിനേക്കാൾ ആയിരം മടങ്ങ് വേഗത്തിലാണ് ഇന്നു ജീവജാലങ്ങളുടെ വംശനാശം സംഭവിക്കുന്നത്. ഭൂമിയിൽ ജീവിവർഗങ്ങളുടേയും സസ്യജാലങ്ങളുടേയും വംശനാശം ഒരു ഭാഗത്ത് വലിയതോതിൽ സംഭവിക്കുമ്പോൾത്തന്നെ മറുവശത്ത് മനുഷ്യ ജനസംഖ്യ വൻതോതിൽ വർധിക്കുന്ന കാഴ്ചയും നമുക്ക് കാണാൻ കഴിയുന്നു. പ്രപഞ്ചത്തിലെ ഓരോ ജീവജാലത്തിനും അതിന്റേതായ ധർമ്മങ്ങൾ നിറവേറ്റാനുള്ളതുകൊണ്ടുതന്നെ ഒന്നിന്റെ നാശം മറ്റൊന്നിനെയും ബാധിക്കും എന്നതും നാം കണക്കിലെടുക്കേണ്ടതുണ്ട്. ജീവജാലങ്ങളുടെ നാശം ആത്യന്തികമായി മനുഷ്യനെയായിരിക്കും ബാധിക്കുക എന്നുറപ്പാണ്. ജീവിവർഗങ്ങളുടേയും സസ്യജാലങ്ങളുടേയും വംശനാശം അതിനാൽ തന്നെ മനുഷ്യനുള്ള മുന്നറിയിപ്പാണ്.







റെഡ് ഡാറ്റാ ബുക്ക്

വംശനാശഭീഷണി നേരിടുന്ന ജീവികളെക്കുറിച്ചും അവയുടെ സംരക്ഷണത്തെക്കുറിച്ചുമൊക്കെ പഠിക്കുന്ന ലോകസംഘടനയായ ഇന്റർനാഷനൽ യൂനിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ(ഐ. യു സി.എൻ), അതിവേഗം ഇല്ലാതായിക്കൊണ്ടിരിക്കുന്ന ജീവികളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. റെഡ് ഡാറ്റാ ബുക്ക് എന്ന പട്ടികയിൽ 11096 വർഗം ജീവികളാണുള്ളത്. 5611 മൃഗങ്ങളും 5485 സസ്യങ്ങളും ഇതിൽപ്പെടുന്നു. ഈ പുസ്തകത്തിൽ ഓരോ ജീവിയേയും അവ അഭിമുഖീകരിക്കുന്ന വെല്ലുവിളികളുടെ അടിസ്ഥാനത്തിൽ തരംതിരിച്ചിട്ടുണ്ട്. ഓരോ പ്രാവശ്യം പുറത്തിറങ്ങുന്ന റെഡ് ഡാറ്റാ ബുക്കും ഓരോ പ്രത്യേകതരം ജീവിവർഗത്തെക്കുറിച്ചായിരിക്കും പറയുന്നത്. വന്യമൃഗങ്ങളും ഉരഗങ്ങളും മത്സ്യങ്ങ ളുമടക്കം സംസ്ഥാനത്തെ 228 ജീവി വർഗങ്ങൾ വംശനാശ ഭീഷണിയിലാണ്. ഇവയെല്ലാം തന്നെ റെഡ് ഡാറ്റാ ബുക്കിൽ ഉൾപ്പെട്ടിട്ടുമുണ്ട്. നമ്മുടെ നാട്ടിൽ കണ്ടുവന്നിരുന്നവയിൽ സസ്തനികളുടെ വിഭാഗത്തിൽ തീർത്തും കാണാതായിരിക്കുന്ന ഉരഗജീവിയായി മലബാർ വെരുകിനെയാണ് ചേർത്തിട്ടുള്ളത്. ആന, സിംഹവാലൻ കുരങ്ങ്, കാട്ടുചുണ്ടെലി, കാട്ടുനച്ചെലി, നെല്ലെലി, ഈനാംപേച്ചി, കാട്ടുനായ, ചെന്നായ, മീൻപൂച്ച, കടുവ, വരയാട് തുടങ്ങിയവയെല്ലാം വംശനാശത്തിന്റെ വക്കിലാണ്. ചാമ്പൽ അണ്ണാൻ, യൂറേഷ്യൻ നീർനായ, പുള്ളിപ്പുലി തുടങ്ങി യവ ഉടൻ അപകടത്തിലാകുന്ന ജീവികളുടെ പട്ടികയിലുണ്ട്. പക്ഷികളിൽ 50 ഇനങ്ങളെയാണ് ചുവന്ന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തലേക്കെട്ടൻ തിത്തിരി, ചുട്ടിക്കഴുകൻ, തവിട്ടുകഴുകൻ എന്നിവയാണ് ഗുരുതരമായ വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന പക്ഷികൾ. കാതിലക്കഴുകൻ, തോട്ടിക്കഴുകൻ, തെക്കൻ ചിലുമിലുപ്പൻ, സന്ധ്യക്കിളി തുടങ്ങിയ പക്ഷികളും വംശനാശ പട്ടികയിലുണ്ട്. സൂചിമുഖി ഇലക്കുരുവി, നീലക്കിളി പാറ്റപിടിയൻ, ചെറിയ മീൻ പരുന്ത്, കരിങ്കഴുകൻ, മലമുഴക്കി, ചേരക്കോഴി തുടങ്ങിയവും ഇതിൽപ്പെടും. ഉരഗവർഗങ്ങളിൽ ചൂണ്ടൻ കടലാമയാണ് തീർത്തും കാണാതായി ക്കൊണ്ടിരിക്കുന്ന ഒരു ജീവിവർഗം. ചൂരലാമ, കടലാമ, കാരാമ, ഭീമനാമ, ചിത്രയാമ എന്നിവയും നീലവയറൻ മരയരണ, വയനാടൻ മരപ്പല്ലി, കങ്കാരു ഓന്ത് എന്നിവയും വംശനാശ ഭീഷണി നേരിടുന്നവയാണ്. 12 ഇനം പാമ്പുകളിൽ മലംപച്ചോലൻ പാമ്പ്, വയലറ്റ് പാമ്പ് എന്നിവ കാണാമറയത്താകുന്ന ജീവികളാണ്. തവളകളിൽ

പത്ത് ഇനങ്ങളെ പൂർണമായും കാണാതായിട്ടുണ്ട്. കൈകാട്ടി തവള, മൂന്നാർ ഇലത്തവള, പുള്ളി പച്ചിലപ്പാറാൻ, പച്ചക്കണ്ണി ഇലത്തവള തുടങ്ങിയവയാണ് അവ. കേരളത്തിൽ 53 ഇനം തവളകളെ വംശനാശ ഭീഷണി നേരിടുന്ന പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ വംശനാശ ഭീഷണിയുള്ള 57 ഇനം മീനുകളിൽ ആറെണ്ണത്തിന്റെ വംശമറ്റതായി കണക്കാക്കുന്നുണ്ട്. മഞ്ഞ കടന്ന, പൂക്കോടൻ പരൽ, ആനമല കൊയ്മ, അരുണാചലം കല്ലൊട്ടി തുടങ്ങിയവ ഇതിൽപ്പെടുന്നു.. മലബാർ കൂരിയും നാടൻ മുഷിയും ആറ്റുവാളയും കളക്കൊടിയൻ പരലുമുൾപ്പെടെ നമ്മുടെ ജലാശയങ്ങളിൽ കണ്ടുവന്നിരുന്ന മത്സ്യങ്ങളെല്ലാം തന്നെ വംശനാശം സംഭവിക്കുന്ന ജീവികളുടെ പട്ടികയിലുൾപ്പെടുന്നു.

ജൈവവൈവിധ്യം

പഠനപ്രവർത്തനം

വംശനാശഭീഷണി നേരിടുന്ന നമ്മുടെ പ്രദേശങ്ങളിലെ സസ്യ-ജീവജാലങ്ങളുടെ സചിത്ര ചാർട്ട് തയാറാക്കുക

ഒരു പ്രത്യേക ചുറ്റളവിലുള്ള ആവാസ വ്യവസ്ഥയിൽ എത്ര തരം ജീവരൂപങ്ങൾ കാണ പ്പെടുന്നു എന്നതാണ് ജൈവ വൈവിധ്യം എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. ഒരു പ്രത്യേക ഭൗമകാലാവസ്ഥാ വ്യവസ്ഥ യിലേയോ ഭൂമി യിലെ ആകെയോ ജീവി ജാലങ്ങ ളുടെ വൈവിദ്ധ്യവും ഇതുകൊണ്ട് അർത്ഥ മാക്കപ്പെടുന്നുണ്ട്. സർവ്വ ജീവജാലങ്ങളും അടങ്ങിയതാണ് ജൈവവൈവിധ്യം. എല്ലാ ജീവജാല ങ്ങളും, അവയുടെ ആവാസ വ്യവസ്ഥയും ഇതിൽ ഉൾപ്പെടുന്നു. ആവാസവ്യ വസ്ഥയുടെ ആരോഗ്യക്ഷമ തയുടെ അളവുകോലാണ് ജൈവവൈവിധ്യം. കൂടുതൽ ജൈവവൈവിധ്യമുണ്ടങ്കിൽ ആവാസവ്യവസ്ഥ കൂടുതൽ ആരോഗ്യ മുള്ളതായി കണക്കാക്ക പ്പെടുന്നു. കാലാവസ്ഥയുടെ ഭാഗവും കൂടിയാ ണിത്. ഭൂമിയിലെ കോടാനുകോടി വരുന്ന



വ്യത്യസ്ത ജീവജാലങ്ങളും അവ തമ്മിൽ പ്രകൃതി രൂപപ്പെടുത്തിയിരിക്കുന്ന പരസ് പര ബന്ധങ്ങളും കൂടിയാണ് ജൈവവൈവിധ്യം എന്നു വിശേഷിപ്പിക്കപ്പെടുന്നത്. ഇന്നു നാം കാണുന്ന ജൈവവൈവിദ്ധ്യം കോടാനുകോടി വർഷങ്ങളിലൂടെ സംഭവിച്ച പ്രകൃതി പ്രതിഭാസ ങ്ങളുടെയും മനുഷ്യന്റെ ഇടപെട ലിന്റെയും ഭാഗമായി രൂപപ്പെ ട്ടതാണ്. മനുഷ്യനും സസ്യജന്തുജാലങ്ങളും സൂക്ഷ്മജീവികളുമൊക്കെ അടങ്ങുന്ന ജീവന്റെ ശൃംഖലയെ ജൈവവൈവിദ്ധ്യമാണ് രൂപപ്പെടുത്തുന്നത്. വൻ മരങ്ങൾ മുതൽ സൂക്ഷ്മ ജീവികൾ വരെയുള്ള പ്രകൃതിയിലെ സമ്പന്നമായ വൈവിദ്ധ്യങ്ങളുടെ ഭാഗം മാത്രമാണ് മനുഷ്യൻ. മനുഷ്യനടക്കമുള്ള ജീവജാലങ്ങളുടെ നിലനില്പ് ഈ ജൈവവൈവിദ്ധ്യത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഭൂമിയിലെ മനുഷ്യന്റെ ഇടപെ

ടലുകൾ വഴിയുണ്ടാകുന്ന ദ്രുതഗതിയിലുള്ള പാരിസ്ഥിതികമാറ്റം വംശനാശത്തിനും ജൈവ വൈവിദ്ധ്യത്തിന്റെ ശോഷണത്തിനും കാരണമാകുന്നുണ്ട്. കാലാവസ്ഥാവ്യതിയാനം, ആഗോള താപനം എന്നിവ ജൈവവൈവിധ്യത്തിന്റെ ശോഷണത്തിന് ആക്കം കൂട്ടുന്നു.

മനുഷ്യരാശിയുടെ നിലനിൽപ്പും ജൈവവൈവിധ്യവും

ഭൂമിയിലെ മനുഷ്യന്റെ ആവാസ വ്യവസ്ഥ രൂപപ്പെട്ടിരിക്കുന്നത് നാനാജാതി ജൈവ ജാതികളുമായുള്ള സവിശേഷമായ ബന്ധത്തെ അടിസ്ഥാനപ്പെടുത്തിയാണ്. അതു കൊണ്ടുതന്നെ മനുഷ്യന്റെ നിലനിൽപ്പിന്റെ ആധാരം തന്നെ ജൈവവൈവിധ്യമാണെന്നു പറയാം. മനുഷ്യ ജീവൻ നിലനിർത്തുന്നതിനും അവനെ മുന്നോട്ടു കൊണ്ടുപോകുന്നതിനാവശ്യമായ ഘടകങ്ങളെ വിതരണം ചെയ്യുന്നതിലും ജൈവവൈവിധ്യത്തിനു നിർണായകമായ പങ്കുണ്ട്. കാലാവസ്ഥയെ പരിരക്ഷിക്കുന്നതിലും, ശുദ്ധജലം, ശുദ്ധവായു എന്നിവ പകർന്നേകുന്നതിനും മനുഷ്യന് ആവശ്യമായ പ്രകൃതി വിഭവങ്ങൾ, ഭക്ഷണം എന്നിവ ലഭ്യമാക്കുന്നതിലും തുടങ്ങി എല്ലാത്തിലും ജൈവവൈവിധ്യത്തിന് അതിന്റേതായ ധർമമുണ്ട്.



കാലാകാലങ്ങളിൽ ഭൂമിയിൽ വരുന്ന മാറ്റങ്ങൾക്ക് അനുസ്യൂതമായ അതിജീവനത്തിന് മനുഷ്യനെ പ്രാപ്തനാക്കുന്നതും ജൈവവൈവിധ്യം തന്നെയാണ്. പ്രകൃതിയിൽ വിത്തുവിതരണം നടത്തുന്നതിലും പരാഗണം നടത്തുന്നതിലും അതിനൊപ്പം അതിജീവന ശേഷിയുള്ള പുതിയ ജീവി-സസ്യ വർഗങ്ങൾ ഉരുത്തിരിയുന്നതുമെല്ലാം ഈ ജൈവവൈവിധ്യത്തെ ആശ്രയിച്ചാണ്. അതുകൊണ്ടുതന്നെ മനുഷ്യന്റെ നിലനിൽപ്പിനും ഭാവിക്കുമായി സമസ്ത ജീവജാലങ്ങളെയും സംരക്ഷിക്കുക എന്നത് അവന്റെ ഉത്തരവാദിത്തങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണെന്ന് ഇന്നു ലോകം തിരിച്ചറിഞ്ഞുകഴിഞ്ഞു.

സമസ്ത ജീവജാലങ്ങളുടേയും ഏകാത്മകതത്തെ സൂചിപ്പിക്കുന്ന ഭാരതീയ തത്വദർശനമായ അദ്വൈത സിദ്ധാന്തത്തിൽ ഗാന്ധിജി അടിയുറച്ച് വിശ്വസിച്ചിരുന്നു. പ്രപഞ്ചം ഈശ്വരരൂപമായതുകൊണ്ടുതന്നെ ഇവിടെയുള്ള സകല ചരാചരങ്ങളും ഈശ്വരാംശം ഉള്ളവയാണ്. അതിനാൽ ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ആത്മസാക്ഷാത്കാരം എന്നത് എല്ലാ ജീവജാലങ്ങളിലും കുടികൊള്ളുന്നത് ഒരേ ഈശ്വരന്റെ അംശമാണെന്ന തിരിച്ചറിവാണ്. പ്രകൃതിയോടുള്ള നമ്മുടെ ഹിംസ അതുകൊണ്ട് നമ്മോടുതന്നെയുള്ള ഹിംസയാണെന്നു അദ്ദേഹം കരുതി. ഹിംസയ്ക്കു പകരം പ്രകൃതിയോടും മറ്റെല്ലാ ജീവജാലങ്ങളോടും നമുക്ക് ആദരവും സ്നേഹവുമാണ് ഉണ്ടാവേണ്ടതെന്നു ഗാന്ധിജി വിശ്വസിച്ചു. മനുഷ്യന്റെ ഇടപെടലുകൾ ജൈവവൈവിധ്യത്തെ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് അതുകൊണ്ടുതന്നെ ഗാന്ധിജിയുടെ എല്ലാത്തിലും ഈശ്വരനെ ദർശിക്കുന്ന കാഴ്ചപ്പാടുകൾ ഏറെ പ്രസക്തമാകുന്നു. മനുഷ്യന്റെ

പ്രകൃതിയോടുള്ള ഇടപെടലുകളിൽ കൂടുതൽ കരുതൽ വേണമെന്നും നിലവിലുള്ള സമീപനങ്ങളിൽ മാറ്റം ആവശ്യമാണെന്നും നാം തിരിച്ചറിയേണ്ടതുണ്ട്. പ്രകൃതിയിലെ എല്ലാ ജീവ-സസ്യജാലങ്ങളെയും ആദരിക്കുകയും അഹിംസാത്മകമായി അവയെ സമീപിക്കുകയും വേണമെന്ന ഗാന്ധിയൻ ആശയത്തിന് അതുകൊണ്ടുതന്നെ പ്രസക്തി വർധിക്കുകയാണ്.

പഠനപുരോഗതി വിലയിരുത്താം – പൂരിപ്പിക്കുക

4) ജീവജാലങ്ങളുടെ നാശം ആത്യന്തികമായി ബാധിക്കുന്നത് എന്തിനെ (വനങ്ങൾ, സസ്യങ്ങൾ, മനുഷ്യർ)

5) ആവാസ വ്യവസ്ഥയുടെ ആരോഗ്യത്തിന്റെ സൂചകമായി കണക്കാക്കാവുന്ന ഒന്നാണ്.....
(ജൈവവൈവിധ്യം, ജനസംഖ്യ, മൃഗങ്ങളുടെ എണ്ണം)

6) സമസ്തജീവജാലങ്ങളുടേയും ഏകാത്മകത്വത്തെ സൂചിപ്പിക്കുന്ന ഭാരതീയ തത്വ ദർശനമേത്
(ദ്വൈതം, അദ്വൈതം, ചാർവാകം)

പരിസ്ഥിതി മലിനീകരണം

പഠനപ്രവർത്തനം

നമ്മുടെ ചുറ്റുപാടുകളിൽ നടക്കുന്ന വിവിധ പരിസ്ഥിതി മലിനീകരണ പ്രവർത്തനങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക

ഇന്ന് ലോകം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് പരിസ്ഥിതി മലിനീകരണം. മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ദോഷകരമാകുംവിധം പരിസ്ഥിതിയിൽ ഉണ്ടാകുന്ന അനഭിലഷണീയമായ മാറ്റങ്ങളെയാണ് മലിനീകരണം എന്നു പറയുന്നത്. ഓരോ വർഷം പിന്നിടുമ്പോഴും ഭൂമിയിൽ പരിഹരിക്കാനാകാത്ത ക്ഷതങ്ങളാണ് മലിനീകരണം വഴി സൃഷ്ടിക്കപ്പെടുന്നത്. ഭൂമിയിലെ ജൈവമണ്ഡലവും നാനാജാതി ജീവജാലങ്ങളും പരിസ്ഥിതിയും തമ്മിലുള്ള പരസ്പരാശ്രയത്വമാണ് പ്രകൃതിയുടെ നിലനിൽപ്പിനു തന്നെ ആധാരമായി വർത്തിക്കുന്നത്. അതോടൊപ്പം പ്രകൃതി, ജലം, വായു, ഭൂമി, ജീവ-സസ്യജാലങ്ങൾ എന്നിവയുടെ സന്തുലിതാവസ്ഥ നിലനിർത്തുകയും വേണം.



ഈ സന്തുലിതാവസ്ഥയ്ക്കു കോട്ടം സംഭവിക്കുന്ന ഏതു പ്രവൃത്തികളും മലിനീകരണത്തിന്റെ പരിധിയിൽപ്പെടുന്നു. സാങ്കേതിക വിദ്യയുടെ സഹായത്തോടെ മനുഷ്യൻ ഭൂമിയെ കീഴടക്കാൻ ശ്രമിക്കുമ്പോൾ ഈ സന്തുലിതാവസ്ഥയ്ക്ക് കോട്ടം സംഭവിക്കുകയും അതുവഴി അവൻ സ്വന്തം നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുകയുമാണ്. വ്യവസായ വൽക്കരണവും ആധുനിക കൃഷി രീതികളും വാഹനങ്ങളുടെ വർധനവും നഗരവൽക്കരണവും വിഭവ ചൂഷണവുമെല്ലാം മലിനീകരണത്തിന്റെ ആക്കം കൂട്ടുകയാണ്.

വായു മലിനീകരണം

ഹാനികരങ്ങളായ പദാർഥങ്ങൾ വായുവിലേക്ക് പുറന്തള്ളുന്നതുമൂലമുണ്ടാകുന്ന മലിനീകരണമാണ് വായു മലിനീകരണം. ഇത് ആരോഗ്യ പ്രശ്നങ്ങൾക്കും അന്തരീക്ഷത്തിന്റെ ഗുണനിലവാരം ഇല്ലാതാക്കുന്നതിനും കാരണമാകുന്നു. വ്യവസായങ്ങൾ, വാഹനങ്ങൾ, ജനസംഖ്യാ വർദ്ധനവ് എന്നിവ വായുമലിനീകരണത്തിനുള്ള ചില സുപ്രധാന കാരണങ്ങളാണ്. അന്തരീക്ഷ വായുവിന്റെ രാസ, ഭൗതിക, ജൈവിക ഘടനയിലുണ്ടാകുന്ന ഏതു മാറ്റങ്ങളെയും നമുക്ക് വായുമലിനീകരണം എന്ന് വിശേഷിപ്പിക്കാം. മനുഷ്യ ഇടപെടലുകളും അതോടൊപ്പം പ്രകൃതി തന്നെയും വായു മലിനീകരണത്തിനു കാരണമാകുന്നുണ്ട്. വായുവിനെ മലിനീകരിക്കുന്ന ഘടകങ്ങളെ സാധാരണ രണ്ടായി തരംതിരിക്കാറുണ്ട്. ഇന്ധനങ്ങളുടെ കത്തിക്കലും വ്യവസായശാലകളുമാണ് പ്രാഥമിക മലിനീകാരികൾ. പ്രാഥമിക മലിനീകാരികളുടെ പ്രതിപ്രവർത്തനം കൊണ്ട് സൃഷ്ടിക്കപ്പെടുന്നവയാണ് ദ്വിതീയ മലിനീകാരികൾ. അഗ്നിപർവത സ്ഫോടനങ്ങൾ, മണൽക്കാറ്റ്, കാട്ടുതീ തുടങ്ങിയവ പ്രകൃതിദത്ത വായുമലിനീകരണ സ്രോതസുകളിൽ പ്രധാനപ്പെട്ടവയാണ്.



പ്രധാന വായു മലിനീകരണ സ്രോതസുകൾ

കാർബൺ മോണോക്സൈഡ് (co) നിറവും മണവുമില്ലാത്ത വാതകമാണ്. ഇത് പെട്രോൾ, ഡീസൽ, മരം തുടങ്ങിയ കാർബൺ അധിഷ്ഠിത ഇന്ധനങ്ങൾ അപൂർണ്ണമായി കത്തുന്നതു മൂലമാണ് ഉല്പാദിപ്പിക്കപ്പെടുന്നത്. സിഗറ്റ് പോലെയുള്ള പ്രകൃതിദത്തവും സിന്തറ്റിക്കുമായ ഉല്പന്നങ്ങളുടെ ജ്വലനം മൂലവും ഇത് ഉല്പാദിപ്പിക്കപ്പെടുന്നു. ഇത് നമ്മുടെ രക്തത്തിലെത്തുന്ന ഓക്സിജന്റെ അളവു കുറയ്ക്കുന്നു. കൂടാതെ നമ്മുടെ പ്രതികരണങ്ങളെ സാവധാനത്തിലാക്കുകയും വ്യക്തിയെ ആശങ്കാകുലനും ഉറക്കം തൂങ്ങിയുമാക്കി മാറ്റുകയും ചെയ്യുന്നു.

കാർബൺ ഡയോക്സൈഡ് (CO_2) ഹരിതഗൃഹ പ്രഭാവത്തിന്റെ ആധാരമായ ഈ വാതകം കരി, എണ്ണ, പ്രകൃതി വാതകങ്ങൾ എന്നിവ കത്തിക്കുന്നതു പോലെയുള്ള മനുഷ്യ പ്രവർത്തനങ്ങളുടെ ഫലമായി അന്തരീക്ഷത്തിലേക്ക് പുറംതള്ളപ്പെടുന്നതാണ്.

ക്ലോറോഫ്ളൂറോകാർബണുകൾ (CFC) ശീതീകരണ സംവിധാനങ്ങളിൽ നിന്നും റഫ്രിജറേറ്ററുകളിൽ നിന്നുമാണ് പ്രധാനമായും സ്വതന്ത്രമാക്കപ്പെടുന്നത്. വായുവിലേക്ക് എത്തുമ്പോൾ ക്ലോറോഫ്ളൂറോകാർബണുകൾ സ്ട്രാറ്റോസ്ഫിയർ (പൊക്കമനുസരിച്ച് ശീതോഷ്ണാവസ്ഥയ്ക്ക് മാറ്റം സംഭവിക്കാത്ത അന്തരീക്ഷത്തിലെ ഏറ്റവും ഉയർന്നഭാഗം) വരെയെത്തുകയും അവിടെ അവ മറ്റു ചില വാതകങ്ങളുമായി സമ്പർക്കത്തിലാവുകയും ഇത് സൂര്യന്റെ ഹാനികരങ്ങളായ അൾട്രാവയലറ്റ് രശ്മികളിൽനിന്ന് ഭൂമിയെ സംരക്ഷിക്കുന്ന ഓസോൺപാളിയുടെ ശോഷണത്തിന് കാരണമായിത്തീരുകയും ചെയ്യുന്നു.

ഈയം പെട്രോൾ, ഡീസൽ, ഈയ ബാറ്ററികൾ, പെയിൻറുകൾ, ഹെയർഡൈ ഉല്പന്നങ്ങൾ എന്നിവയിൽ കാണപ്പെടുന്നു. ഈയം കുട്ടികളെയാണ് പ്രധാനമായും ബാധിക്കുന്നത്. ഇത് നാഡീവ്യവസ്ഥയുടെ തകരാറുകൾക്കും ദഹന പ്രശ്നങ്ങൾക്കും ചില കേസുകളിൽ കാൻസറിനും കാരണമാകുന്നു.

ഓസോൺ, അന്തരീക്ഷത്തിൽ ഏറ്റവും മുകളിലത്തെ പാളിയിലാണ് കാണപ്പെടുന്നത്. സുപ്രധാനമായ ഈ വാതകം സൂര്യനിൽ നിന്നുള്ള ഹാനികരങ്ങളായ അൾട്രാവയലറ്റ് രശ്മികളിൽ നിന്ന് ഭൂമിക്ക് ആവരണമായി വർത്തിക്കുന്നു. എന്നിരുന്നാലും, ഉയർന്ന വിഷഗുണത്താൽ ഇവ താഴേത്തട്ടിൽ ഒരു മലിനീകാരിയാണ്. വാഹനങ്ങളും വ്യവസായങ്ങളുമാണ് താഴേത്തട്ടിലെ ഓസോൺ പുറന്തള്ളലിന്റെ പ്രധാന ഉറവിടം. ഓസോൺ നമ്മുടെ കണ്ണുകളിൽ ചൊറിച്ചിൽ, പൊള്ളൽ, ജലം എന്നിവയുള്ളതാക്കി മാറ്റുന്നു. ജലദോഷം, ന്യൂമോണിയ എന്നിവ യ്ക്കെതിരെയുള്ള നമ്മുടെ പ്രതിരോധത്തെ ഓസോൺ കുറയ്ക്കുന്നു.

നൈട്രജൻ ഓക്സൈഡ് പുകമഞ്ഞിനും ആസിഡ് മഴയ്ക്കും കാരണമാകുന്നു. പെട്രോൾ, ഡീസൽ, കൽക്കരി എന്നിവ ഉൾപ്പെടുന്ന കത്തുന്ന ഇന്ധനങ്ങളിൽ നിന്നാണ് ഇവ ഉല്പാദിപ്പിക്കപ്പെടുന്നത്. മഞ്ഞുകാലത്ത് കുട്ടികളിൽ ശ്വസന സംബന്ധിയായ അസുഖങ്ങൾ ഉണ്ടാകുന്നതിന് നൈട്രജൻ ഓക്സൈഡ് കാരണ മാകുന്നു.

സസ്പെൻറഡ് പർട്ടിക്കുലേറ്റ് മാറ്റർ (എസ്പിഎം)- ദീർഘകാലത്തേക്ക് അന്തരീക്ഷത്തിൽ നിലനിൽക്കുന്ന മഞ്ഞ്, പൊടി, ബാഷ്പം എന്നീ രൂപങ്ങളിൽ വായുവിൽ കാണപ്പെടുന്ന ഖരരൂപങ്ങളാണിത്. ഇവ തന്നെയാണ് കാഴ്ച കുറയ്ക്കുന്ന മൂടൽമഞ്ഞിന്റെ പ്രധാന ഉറവിടവും. നാം ശ്വസിക്കുമ്പോൾ ഈ ഘടകങ്ങളുടെ മുഖ്യഭാഗവും നമ്മുടെ ശ്വാസകോശത്തിൽ അടിഞ്ഞു കൂടുകയും ശ്വാസകോശത്തിന് തകരാർ സംഭവിക്കുന്നതിന് കാരണമാവുകയും ശ്വസന സംബന്ധിയായ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

സൾഫർ ഡയോക്സൈഡ് (SO_2) - കത്തുന്ന കൽക്കരി, താപോർജ്ജ പ്ലാൻറുകൾ എന്നിവയിൽ നിന്ന് ഉല്പാദിപ്പിക്കപ്പെടുന്ന വാതകമാണിത്. പേപ്പർ നിർമ്മാണം, ലോഹങ്ങൾ ഉരുക്കൽ തുടങ്ങിയ ചില വ്യാവസായിക പ്രക്രിയകൾ സൾഫർ ഡയോക് സൈഡ് ഉല്പാദിപ്പിക്കുന്നു. പുകമഞ്ഞിനും ആസിഡ് മഴയ്ക്കും പ്രധാന കാരണ മാണിത്. സൾഫർ ഡയോക്സൈഡ് ശ്വാസകോശ രോഗങ്ങളിലേക്ക് നയിക്കുന്നു.

വായു മലിനീകരണത്തിന്റെ പ്രത്യാഘാതങ്ങൾ

അമ്ലമഴ

പെട്രോളിയം ഇന്ധനങ്ങൾ കത്തുമ്പോൾ ഉത്പാദിക്കപ്പെടുന്ന നൈട്രജ ന്റെയും സൾഫറിന്റെയും ഓക്സൈഡുകൾ (NO_2, SO_2) അന്തരീക്ഷത്തിലെത്തി ഓക്സിജനും നീരാവിയുമായി ചേർന്ന് നൈട്രിക്, സൾഫ്യൂറിക് അമ്ളങ്ങൾ ഉണ്ടാകുകയും അമ്ളമഴയായി പെയ്തിറങ്ങുകയും ചെയ്യുന്നു. ഈ മഴ താഴെ പതിക്കുമ്പോൾ മണ്ണിൽ ചെറിയ തോതിലടങ്ങിയിട്ടുള്ള വിഷലോഹങ്ങൾ ലയിച്ച് ജലാശയങ്ങളിൽ ഒഴുകിയെത്തുന്നു. ഇത് മനുഷ്യനും ജീവജാലങ്ങൾക്കും ഹാനികരമാകുന്നു. ഇപ്രകാരം ജലാശയങ്ങളിൽ ലയിച്ചു ചേരുന്ന അലുമിനിയം മത്സ്യങ്ങളുടെ ശ്വസനാവയവത്തിൽ

ശ്ലേഷ്മോത്പാദനത്തെ ത്വരിതപ്പെടുത്തി ശ്വാസതടസ്സം സൃഷ്ടിക്കുന്നു. അമ്ലമഴ ജലാശയങ്ങളുടെ അമ്ലത വർധിപ്പിച്ച് ജലജീവികളുടെ ആവാസവ്യവസ്ഥയെ തകിടം മറിക്കുന്നു. അമ്ലമഴ നേരിട്ടും മണ്ണിന്റെ രാസഘടനയിൽ മാറ്റം വരുത്തിയും ഭക്ഷ്യചങ്ങലയിൽ വ്യതിയാനം വരുത്തിയും സസ്യങ്ങളുടെയും ജീവജാലങ്ങളുടെയും നിലനിൽപ്പിനു ഭീഷണി ഉയർത്തുന്നു.

ഓസോൺ പാളിയുടെ ശോഷണം

സൂര്യനിൽ നിന്ന് ഉത്സർജിക്കപ്പെടുന്ന അപകടകാരികളായ അൾട്രാവയലറ്റ് രശ്മികൾ വർധിച്ച തോതിൽ ഭൗമോപരിതലത്തിൽ പതിച്ചാൽ അത് മനുഷ്യനും ജന്തുക്കൾക്കും ഹാനികരമാകുകയും ആഗോള ആവാസവ്യവസ്ഥയെത്തന്നെ താറുമാറാക്കുകയും ചെയ്യും. ഈ വികിരണങ്ങളെ തടഞ്ഞുനിർത്തുന്ന ഭൂമിയുടെ സ്വാഭാവിക ആവരണമാണ് ഓസോൺപാളി. സ്ട്രാറ്റോസ്ഫിയറിൽ സ്ഥിതി ചെയ്യുന്ന ഒരു നേരിയ വാതക(ഓസോൺ) പാളിയാണിത്. 1970കളിൽ അന്റാർട്ടിക്കയിൽ നടത്തിയ ഗവേഷണങ്ങളുടെ ഫലമായും മറ്റും ഈ പാളി ശോഷിച്ചുകൊണ്ടിരിക്കുന്നതായി ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. ഫോം നിർമ്മാണം, ഇലക്ട്രോണിക് വ്യവസായം എന്നീ മേഖലകളിലും ശീതീകരണികളിലും ഉപയോഗിക്കുന്ന ക്ളോറോ ഫ്ളൂറോ കാർബണുകൾ (CFCs) ഓസോൺതന്മാത്രകളെ വിഘടിപ്പിക്കുന്നതാണിതിനു കാരണമായി കണ്ടെത്തിയിട്ടുള്ളത്. ഓസോൺ പാളി ശോഷണം നിമിത്തം ഉയർന്ന തോതിൽ അൾട്രാവയലറ്റ് രശ്മികൾ ഭൂമിയിൽ എത്തുന്നത് ത്വക്ക് അർബുദം, തിമിരം, രോഗപ്രതിരോധശക്തി ശോഷണം, സസ്യങ്ങളുടെ ഉത്പാദനക്ഷമതയിൽ ശോഷണം, സൂക്ഷ്മസസ്യങ്ങളുടെ നാശം എന്നിവയുണ്ടാകുന്നു.

ആഗോള താപനം

ഭൗമോപരിതലത്തിന് അടുത്തുള്ള വായുവിന്റെയും സമുദ്രങ്ങളുടെയും ശരാശരി താപനിലയിൽ കഴിഞ്ഞ ഏതാനും ദശകങ്ങളായുള്ള വർദ്ധനവിനെയാണ് ആഗോളതാപനം എന്നുപറയുന്നത്. ഹരിതഗൃഹവാതകങ്ങൾ എന്നറിയപ്പെടുന്ന കാർബൺ ഡൈഓക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, ക്ളോറോഫ്ളൂറോ കാർബണുകൾ, നീരാവി തുടങ്ങിയവ ഭൂമിയുടെ താപനില വർധിക്കുവാൻ കാരണമായി തീർന്നിട്ടുണ്ട്. ഭൂമിയിലെത്തുന്ന സൂര്യപ്രകാശവും ചൂടും ഗണ്യമായ തോതിൽ ഭൂമിയിൽ നിന്നു തിരികെ ബഹിരാകാശത്തേക്ക് വികിരണം ചെയ്യപ്പെടുന്നുണ്ട്. എന്നാൽ മേല്പ്പറഞ്ഞ വാതകങ്ങൾ പ്രകാശം, താപരശ്മികളെ ആഗിരണം ചെയ്ത് ഭൂതലത്തിലേക്കു തന്നെ വികിരണം ചെയ്യുന്നതാണ് താപനില ഉയരുവാൻ കാരണം. ഹരിതഗൃഹപ്രഭാവം (green house effect) എന്നാണിതറിയപ്പെടുന്നത്. അന്തരീക്ഷ താപനില ഉയരുന്നത് കാലാവസ്ഥയിൽ അപ്രതീക്ഷിത മാറ്റങ്ങളുണ്ടാക്കുന്നതിലേക്ക് നയിക്കും. ധ്രുവഹിമപാളികളും ഹിമാനികളും ഉരുകി സമുദ്രജലനിരപ്പിൽ ഗണ്യമായ ഉയർച്ച ഉണ്ടാകുകയും, ഇത് പല ദ്വീപുകളും സമുദ്രതീരപ്രദേശങ്ങളും കടലിനടിയിലാകുന്നതിന് ഇടയാക്കുകയും ചെയ്യും.

പുകമഞ്ഞ്

വായു മലിനീകരണം സൃഷ്ടിക്കുന്ന, പുകപടലങ്ങൾ കലർന്ന മഞ്ഞിനെയാണ് പുകമഞ്ഞ് അഥവാ സ്മോഗ് എന്നു പറയുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ

പാദങ്ങളിലാണ് ഇംഗ്ലീഷിലെ സ്മോക്ക്, ഫോഗ് എന്നീ പദങ്ങൾ ചേർന്ന സ്മോഗ് എന്ന പദം ഉപയോഗത്തിലായത്. പ്രധാനമായും വാഹനങ്ങളും വ്യവസായ ശാലകളും പുറം തള്ളുന്ന പുക അന്തരീക്ഷത്തിൽ കലർന്നാണ് പുകമഞ്ഞ് ഉണ്ടാകുന്നത്. മനുഷ്യർക്ക് മാരകമായ അസുഖങ്ങൾക്കും മരണത്തിനും വരെ കാരണമാകും വിധം അപകടകരമാണ് പുകമഞ്ഞ്.

നിയന്ത്രണ മാർഗ്ഗങ്ങൾ

1) ഈയം കലരാത്ത പെട്രോൾ ഉപയോഗിക്കുന്ന സാങ്കേതിക ക്ഷമതയുള്ള വാഹനങ്ങളുടെ ഉപയോഗത്തിനൊപ്പം ഗുണനിലവാരമുള്ള ഇന്ധനങ്ങളുടെ ഉപയോഗം വർധിപ്പിക്കുക.

2) വ്യവസായ ശാലകളിൽനിന്നുള്ള മലിനീകരണം നിയന്ത്രിക്കുന്നതിനു കർശന നിയമങ്ങൾ നടപ്പാക്കുക

3) പാരമ്പര്യ ഊർജ്ജസ്രോതസ്സുകളായ സൗരോർജം, തിരമാല, കാറ്റ്, ജലം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുക. അതുവഴി ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറച്ചുകൊണ്ടുവരിക.

4) ക്ലോറോ ഫ്ളൂറോ കാർബൺ, നൈട്രജൻ ഓക്സൈഡുകൾ എന്നിവയുടെ ഉപയോഗത്തിൽ നിയന്ത്രണം വരുത്തുക

5) കൽക്കരി കത്തുമ്പോഴുണ്ടാകുന്ന സൾഫർ അന്തരീക്ഷ മലിനീകരണത്തിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്. കൽക്കരിയിൽ നിന്നുള്ള സൾഫർ നീക്കം ചെയ്യുന്നതിനായുള്ള ഗവേഷണങ്ങൾക്ക് ആക്കം കൂട്ടുക.

ഗാന്ധിജി പറഞ്ഞു: നാം ശ്വസിക്കുന്ന വായു ശുദ്ധമായിരിക്കണം. തുറസായ സ്ഥലത്ത് നക്ഷത്രങ്ങൾക്കു താഴെ കിടന്നുറങ്ങുന്നത് ശീലമാക്കുന്നതു നല്ലതാണ്.

പഠനപ്രവർത്തനം

വായു മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നമ്മുടെ രാജ്യത്ത് വാഹനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനെപ്പറ്റി ചർച്ച നടത്തുക. കേരളത്തിലെ ഏറ്റവും വലിയ വ്യാവസായിക നഗരമായ കൊച്ചിയിലെ വായു മലിനീകരണത്തിന്റെ തോത് കണ്ടെത്തുക

ജലമലിനീകരണം

ജലാശയങ്ങൾ മലിനമാകുന്നതിലൂടെ ഉണ്ടാകുന്ന പരിസ്ഥിതി മലിനീകരണമാണ് ജലമലിനീകരണം. ഇതുവഴി ജലത്തിന്റെ ഭൗതിക, രാസ, ജൈവ ഘടനകളിലും അതുവഴി ഗുണനിലവാരത്തിലും മാറ്റമുണ്ടാകുകയും അത് ഉപയോഗശൂന്യമാകുകയും ചെയ്യും. മതിയായ സംസ്കരണം നടത്തി അപകടകരമായ ഘടകങ്ങൾ നീക്കം ചെയ്യാതെ മാലിന്യങ്ങൾ നേരിട്ടോ അല്ലാതെയോ ജലാശയങ്ങളിലേക്ക് കലർത്തുമ്പോഴാണ് പൊതുവെ ജലമലിനീകരണം ഉണ്ടാകുന്നത്. കുളം, തടാകം, നദി, കായൽ, കടൽ, ഭൂഗർഭ ജലസ്രോതസ്സ് എന്നിവയിൽ ആണവ വികിരണമുണ്ടാകുന്ന വസ്തുക്കൾ, കീടനാശിനികൾ, രാസവളങ്ങൾ, കളനാശിനികൾ തുടങ്ങിയവയാണ് ജലമലിനീകരണത്തിനുള്ള പ്രധാനപ്പെട്ട കാരണങ്ങൾ.

ജലം മികച്ച ഒരു ലായകമായതിനാൽ ചെറിയ അളവിലും പദാർത്ഥങ്ങളെ ലയിപ്പിക്കുന്നു. ഇത് ജലമലിനീ കരണസാദ്ധ്യത വർദ്ധിപ്പിക്കുന്നു. ജൈവവിഘ ടനത്തിന് വിധേയമാകുന്ന കാർബണികവസ്തുക്കൾ ശുദ്ധീകര ണപ്രക്രിയയിൽ സങ്കീർണ്ണങ്ങളായ കാർബണികതന്മാത്രകളെ സൂക്ഷ്മാണുക്കൾ വിഘടിപ്പിച്ച് ഹാനികരമല്ലാത്ത പദാർത്ഥങ്ങളാക്കി മാറ്റുന്നു. ജലത്തിലെ ഓക്സിജനെ ഉപയോഗിക്കുന്നതിനാൽ ലയിച്ചുചേർന്ന പദാർത്ഥങ്ങളുടെ അളവ് കൂടുന്നതിനനുസരിച്ച് ഓക്സിജന്റെ അളവ് ഗണ്യമായി കുറയുന്നു. ഇതു ജലത്തിൽ ജീവിക്കുന്ന ജീവ-സസ്യ ജാലങ്ങളെ ഒന്നാകെ നാശത്തിലേക്കു നയിക്കുന്നു. ജലമലി നീകരണം മനുഷ്യൻ ഉൾപ്പെടെയുള്ള ജീ വിവർഗങ്ങളുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന തലത്തിലെത്തിക്കഴിഞ്ഞു. ജലമലിനീകരണത്തെ പോയിന്റ് എന്നും നോൺ പോയിന്റ് എന്നും രണ്ടായി തരം തിരിക്കാവുന്നതാണ്. ഒരേ ഉറവിടത്തിൽ നിന്നുള്ള മലിനീകരണത്തെ പോയിന്റ് (ഉദാ: വ്യാവസായിക ശാലകളിൽനിന്നുള്ള മലിനീകരണം)എന്നും വിവിധ ഉറവിടങ്ങ ളിൽനിന്നുള്ള മലിനീകരണത്തെ നോൺ പോയിന്റ് (ഉദാ: പല സ്ഥലത്തുനിന്നു ഒ ഴുകിയെത്തുന്ന മഴവെള്ളം മൂലമുണ്ടാകു ന്ന മലിനീകരണം)എന്നും വിശേഷിപ്പിക്കുന്നു.



പ്രധാന ജലമലിനീകരണ സ്രോതസുകൾ

ഗാർഹിക മാലിന്യങ്ങൾ, ഡിറ്റർജന്റുകൾ, പെട്രോളിയം ഉൽപ്പന്നങ്ങൾ എന്നിവ ജല മലിനീകരണത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. അതോടൊപ്പം ഖനനം, ലോഹമാലി ന്യങ്ങൾ, ആസ്ബസ്റ്റോസ്, മെർക്കുറി തുടങ്ങിയവയും ജലത്തെ ഒന്നാകെ ഉപയോ ഗശൂന്യമാക്കുന്നതിലേക്കു നയിക്കുന്നു.

ഭക്ഷ്യവസ്തുക്കൾ, തുകൽ എന്നിവ സംസ്കരിക്കുന്ന ഫാക്ടറികൾ, ചായം, തുണിത്തരങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന ഫാക്ടറികൾ എന്നിവ ജലമാലിന്യത്തി ന്റെ പ്രധാനകാരണങ്ങളാണ്. പാറകളിൽ അടങ്ങിയിരിക്കുന്ന ലവണങ്ങൾ പ്രകൃതിദത്തമായ ജലമലിനീകരണത്തിന് കാരണമാകുന്നു. കീടനാശിനികളും രാസവളങ്ങളും ജലസ്രോതസ്സുകളെ മലിനമാക്കുന്നു. ആധുനികകൃഷിരീതിയിൽ ശാസ്ത്രീയത അവലംബിക്കാത്തതിനെത്തുടർന്ന് ഉണ്ടാകുന്ന യൂട്രോഫിക്കേഷൻ ജ ല മലിനീകരണത്തിന്റെ ഏറ്റവും വലിയ ദോഷവശങ്ങളിൽ ഒന്നാണ്. അശാസ്ത്രീ യമായ കൃഷിരീതികളുടെ ഭാഗമായുണ്ടായ അമിത രാസവള പ്രയോഗം ജലാശയങ്ങ ളിലെ ഫോസ്ഫറസിന്റെയും നൈട്രേറ്റിന്റെയും അളവിനെ വർധിപ്പിച്ചു. ഇതു ജലാശ യത്തിൽ മറ്റ് സസ്യങ്ങളുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നു. ഈ സസ്യങ്ങളുടെ പെരു കലും അവയുടെ നാശവും ജലത്തിലെ ഓക്സിജന്റെ അളവിനെ കുറയ്ക്കുകയും മറ്റ് ജീവജാലങ്ങളുടെ നാശത്തിന് കാരണമാകുകയും ചെയ്യുന്നു. ഈ പ്രതിഭാസത്തിനാ ണ് യൂട്രോഫിക്കേഷൻ എന്നു പറയുന്നത്. താപമലിനീകരണത്തിന്റെ ഭാഗമായി ജല

ത്തിലെ ചൂട് വർധിക്കുകയും അത് ജലജീവികളുടെ നാശത്തിന് കാരണമാകുകയും ചെയ്യുന്നു. ജലസ്രോതസുകളിൽ അടിഞ്ഞുകൂടുന്ന ഖരമാലിന്യങ്ങൾ വെള്ളപ്പൊക്കത്തിനിടയാക്കുന്നു. മലിനജലം കുടിക്കുന്നത് ഗുരുതരമായ രോഗങ്ങൾ പിടിപെടുന്നതിനു കാരണമാകുന്നുണ്ട്.

പരിഹാരമാർഗങ്ങൾ

1) ജലം സംരക്ഷിക്കുന്നതിനെക്കുറിച്ചും പുനരുപയോഗത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുക
2) ജലമലിനീകരണത്തിനെതിരേ ശക്തമായ നിയമങ്ങൾ നടപ്പാക്കുക
3) മാലിന്യനിർമാർജനം ഉറപ്പുവരുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തമായ ഇടപെടലുകൾ നടത്തുക
4) ഫാക്ടറികളിൽനിന്നും മാലിന്യം നദിയിലേക്കൊഴുക്കുന്നത് നിയമംമൂലം തടയുക
5) ജല നശീകരണത്തിനുള്ള പ്രധാന കാരണങ്ങളിലൊന്നായ എണ്ണച്ചോർച്ച തടയുന്നതിനും ഇതിനു കാരണമാകുന്നവർക്ക് കനത്ത പിഴ ഈടാക്കുകയും ചെയ്യുക

പഠനപ്രവർത്തനം

കേരളത്തിലെ പ്രധാന ശുദ്ധജല തടാകങ്ങളിലൊന്നായ വേമ്പനാട്ട് കായൽ നേരിടുന്ന മലിനീകരണത്തെ സംബന്ധിച്ച് കുറിപ്പ് തയാറാക്കുക

മണ്ണ് മലിനീകരണം

നിയതമായ ധർമ്മങ്ങൾ നിർവഹി ക്കുന്ന അതിസൂക്ഷ്മമായ ഒരാവാസ വ്യവസ്ഥയുടെ ആരൂഢമെന്ന് നമുക്ക് മണ്ണിനെ വിശേഷിപ്പിക്കാം. അത് നിർജീവമായ വസ്തുവല്ല മറിച്ച് ലക്ഷോപലക്ഷം സൂക്ഷ്മാണുക്കൾ മുതൽ ചെറുജീവി കൾവരെ പരസ്പരാശ്രയത്തോടെ പുലരുന്ന വിപുലമായ ഒരു ശൃംഖല യാണ്. ജീവനെ നിലനിർത്തുന്ന കർമ്മ നിരതവും അതിസങ്കീർണ്ണവുമായ ഒരു സംഘടിതമായ ജൈവവർഗ്ഗം പുലരുന്നത് മണ്ണിലാണ്. ഒരു വിഭാഗം മണ്ണിലേക്കു വീഴുന്ന ജൈവപദാർത്ഥങ്ങളെ വിഘടിപ്പിച്ച് മണ്ണിനെ ധാതുസമ്പുഷ്ടമാക്കുമ്പോൾ മറ്റുള്ളവ രാസമൂലകങ്ങളെ പരുവപ്പെടുത്തുന്നു.



അതുപോലെ ചെറു ജീവികൾ മണ്ണിനെ സുതാര്യമാക്കുകയും അതുവഴി മണ്ണിന്റെ ഘടനയിലും സംവിധാനത്തിലും സമൂലമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യുന്നു. ചുരുക്കത്തിൽ താളനിബദ്ധവും നിരന്തരവുമായ പ്രക്രിയയിലൂടെ ഭൂമിയിൽ ജീവനു നിലനിൽക്കാൻ വേണ്ട അവശ്യവസ്തുക്കളുടെ ഉൽപാദനം മണ്ണും അതിലെ

ആവാസവ്യവസ്ഥയും രൂപപ്പെടുത്തുന്നു. പ്രകൃതിയുടെ അതിസങ്കീർണ്ണമായ ഈ പ്രക്രിയയാണ് മനുഷ്യൻ മാലിന്യങ്ങൾകൊണ്ട് വിഷലിപ്തമാക്കുന്നത്. മണ്ണിനെയും ഭൂഗർഭ ജലത്തെയും മലിനീകരിക്കുന്ന വിധത്തിലും പൊതുജനാരോഗ്യത്തിനു ഹാനികരമാകുന്ന വിധത്തിലും ഖരരൂപത്തിലോ, ദ്രാവക രൂപത്തിലോ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെ മണ്ണ് മലിനീകരണം എന്നു വിശേഷിപ്പിക്കാം. പൊതുജനാരോഗ്യത്തിനു ഒന്നാകെ ഹാനികരമാകുന്ന ഒന്നാണിത്. മണ്ണ് മലിനീകരണത്തിനു പ്രധാന ഉത്തരവാദികൾ മനുഷ്യൻ തന്നെയാണ്. പ്രകൃതിയിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ മണ്ണിലെത്തുമ്പോൾ അവയെ വിഘടിപ്പിക്കാൻ പ്രകൃതിക്കു കഴിയും. അവ സ്വാഭാവികമായും മണ്ണിന്റെ ഫലഭൂയിഷ്ടതയെ വർധിപ്പിക്കുകയും ചെയ്യും. പക്ഷേ മനുഷ്യനിർമിത രാസവസ്തുക്കൾ മണ്ണിനെ നശിപ്പിക്കും. അവയെ വിഘടിപ്പിക്കാൻ മണ്ണിനു കഴിവില്ലാത്തതുകൊണ്ട് അവ ഭൂമിയെ വിഷമയമാക്കുകയാണ് ചെയ്യുക. മാലിന്യങ്ങൾ അഥവാ പ്രകൃത്യാ ഭൂമിയിൽ ഉള്ളതിനേക്കാൾ കൂടുതൽ അളവിൽ അവ എതു ജൈവ രാസ പദാർഥങ്ങൾ മണ്ണിൽ ഉണ്ടെങ്കിൽ ആ മണ്ണ് വിഷമയമാണെന്ന് പറയാൻ കഴിയും.

പ്രധാന മണ്ണ് മലിനീകരണ സ്രോതസുകൾ

വ്യാവസായിക മാലിന്യങ്ങൾ, രാസവസ്തുക്കൾ എന്നിവയാണ് മണ്ണിനെ നശിപ്പിക്കുന്നവയിൽ ഒന്നാം സ്ഥാനത്തുള്ളത്. കാർഷിക മേഖലയിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന കീടനാശിനികൾ, രാസവളങ്ങൾ എന്നിവ മണ്ണിനെ വിഷമയമാക്കുന്നതിലും ഗുണനിലവാരം ഇല്ലാതാക്കുന്നതിലും പ്രധാന പങ്ക് വഹിക്കുന്നുണ്ട്. മലിനജലം, അമ്ലമഴ, വാഹനങ്ങളിൽനിന്നുള്ള എണ്ണച്ചോർച്ച എന്നിവയ്ക്കും മണ്ണിനെ മലിനീകരിക്കുന്നതിൽ പങ്കുണ്ട്. മാലിന്യ നിക്ഷേപകേന്ദ്രങ്ങളിൽ വൻതോതിൽ സംഭരിക്കപ്പെടുന്ന മാലിന്യങ്ങൾ ഒരു പ്രദേശത്തെ മണ്ണിനെയും ഭൂഗർഭജലത്തെയും ഒന്നാകെ മലിനീകരിക്കുന്നു. മണ്ണിന്റെ മലിനീകരണം വളരെ ഗൗരവമേറിയ ഒന്നാണെന്ന തിരിച്ചറിവ് മനുഷ്യനുണ്ടാകേണ്ടിയിരിക്കുന്നു. മണ്ണിൽ ജീവിക്കുന്ന ജീവജാലങ്ങളുടേയും അതോടൊപ്പം ജൈവ സന്തുലിതാവസ്ഥയെയും ഒന്നുപോലെ ഇത് ബാധിക്കുന്നു. മണ്ണിന്റെ ഫലഭൂയിഷ്ടതയെയും വിളവിനെയും ഒന്നുപോലെ മണ്ണ് മലിനീകരണം ബാധിക്കുന്നു. മണ്ണിലെ വിഷാംശം വൻമരങ്ങളുടെ നിലനിൽപ്പിനെ പോലും ബാധിക്കും. മരങ്ങളുടെ നാശം മണ്ണൊലിപ്പിലേക്ക് നയിക്കും. മാലിന്യങ്ങൾ മണ്ണിന്റെ ലവണത്വം വർധിപ്പിക്കുകയും ഇത് മണ്ണിനെ കൃഷിക്ക് അനുയോജ്യമല്ലാതാക്കി മാറ്റുകയും ചെയ്യും. മാലിന്യങ്ങൾ കലർന്ന മണ്ണിൽനിന്നുണ്ടാകുന്ന വിഷാംശം കലർന്ന പൊടി ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. കൂടാതെ മാലിന്യങ്ങളിൽനിന്നുണ്ടാകുന്ന രൂക്ഷഗന്ധം തലവേദന, തളർച്ച, ഛർദ്ദി എന്നിവയ്ക്കും കാരണമാകുന്നു. മാലിന്യങ്ങൾ മണ്ണിന്റെ ഘടനയിൽ വരുത്തുന്ന മാറ്റങ്ങൾ മണ്ണിലെ സൂക്ഷ്മജീവികളെ ഇല്ലാതാക്കുന്നു.

നിയന്ത്രണ മാർഗങ്ങൾ

1) ബോധവൽക്കരണ പ്രവർത്തനങ്ങൾക്കൊപ്പം പേപ്പർ, പ്ലാസ്റ്റിക്, ലോഹങ്ങൾ, ഗ്ലാസ് എന്നിവ പുനരുപയുക്തമാക്കാനുള്ള ശ്രമങ്ങൾ വ്യാപകമാക്കുക.

2) മാലിന്യങ്ങൾ കുന്നുകൂട്ടുന്നത് നിയമം മൂലം തടയുക

3) ഭൂമിക്ക് അനുയോജ്യമായ മരങ്ങൾ മാത്രം വനവൽക്കരണ പരിപാടികളുടെ ഭാഗമായി നട്ടുപിടിപ്പിക്കുക

4) വിളകൾ നിർദിഷ്ട ഇടവേളകളിൽ മാറി മാറി കൃഷി ചെയ്യുക

5) ജനങ്ങളുടെ സന്നദ്ധ സംഘടനകൾ രൂപീകരിച്ച് മാലിന്യ നിർമാർജനത്തിനു മുൻകൈയെടുക്കുക

ജല–മണ്ണ് മലിനീകരണത്തിന്റെ പാഠമായി പ്ലാച്ചിമട



പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ പെരുമാട്ടി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് പ്ലാച്ചിമട. ഹിന്ദുസ്ഥാൻ കൊക്കക്കോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പ്ലാൻറ് 2000ൽ പ്രവർത്തനമാരംഭിച്ചതോടെയാണ് പ്ലാച്ചിമടയിൽ കുടിവെള്ള ക്ഷാമവും മലിനീകരണവും കാരണം ജനങ്ങളുടെ സ്വാഭാവിക ജീവിതത്തിന് ബുദ്ധിമുട്ട് ഉണ്ടാകുന്നത്. കൃഷിക്ക് പ്രാമുഖ്യമുള്ള പ്രദേശത്ത് ശുദ്ധജലദൗർലഭ്യം നേരിട്ടത് സാമൂഹികവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കി. 2002 ഏപ്രിലിൽ കൊക്കക്കോള വിരുദ്ധ സമരം ആരംഭിച്ചു. കൊക്കക്കോള കമ്പനി, പ്ലാച്ചിമട പ്ലാൻറ് പ്രവർത്തിക്കാനായി ദിനംപ്രതി ലക്ഷക്കണക്കിന് ലിറ്റർ ഭൂഗർഭജലം ഊറ്റിയെടുത്തതാണ് പ്രദേശത്തെ കിണറുകളെയും മറ്റ് കുടിവെള്ള സ്രോതസ്സുകളെയും പ്രതികൂലമായി ബാധിച്ചത്. കൂടാതെ വളമെന്ന പേരിൽ മാരകവിഷാംശമുള്ള ഖരമാലിന്യം പ്രദേശത്തെ കർഷകർക്ക് വിതരണം ചെയ്തത് മലിനീകരണത്തിന്റെവ്യാപ്തി വർധിപ്പിച്ചു. സമരം ശക്തിപ്പെട്ടതിന്റെ ഫലമായും പെരുമാട്ടി പഞ്ചായത്ത്, കേരള മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ ഇടപെടൽ കാരണവും 2004ൽ ഫാക്ടറി അടച്ചുപൂട്ടി. 2009ൽ കേരള സർക്കാർ നിയോഗിച്ച ഉന്നതാധികാര സമിതി പ്ലാച്ചിമടയിൽ തെളിവെടുപ്പ് നടത്തുകയും പ്രദേശവാസികൾക്ക് 216 കോടി രൂപയുടെ നഷ്ടപരിഹാരം കൊക്കക്കോള കമ്പനിയിൽ നിന്നും ഈടാക്കാവുന്നതാണെന്നും ശുപാർശ ചെയ്തു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭ 2011ൽ പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ല് പാസ്സാക്കുകയും രാഷ്ട്രപതിയുടെ അനുമതിക്കായി കേന്ദ്രത്തിലേക്ക് അയയ്ക്കുകയും ചെയ്തു. എന്നാൽ ബില്ല് അംഗീകരിക്കാനാകില്ലെന്ന രാഷ്ട്രപതിയുടെ തീർപ്പോടുകൂടി ബില്ല് 2016ൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് തിരിച്ചയച്ചിരിക്കുകയാണ്. കുടിവെള്ളത്തിനു പുറമേ പ്രദേശത്തെ കമ്പനിയുടെ പ്രവർത്തനങ്ങൾ മണ്ണിനെയും ഭൂഗർഭ ജലത്തെയും വിഷമയമാക്കുന്നതിലേക്കാണ് നയിച്ചതെന്നു നമുക്ക് കാണാനാകും. ചുരുക്കത്തിൽ മനുഷ്യന്റെ ഇടപെടലുകൾ ഭൂമിയെ വിഷമയമാക്കുന്നതിന്റെ പാഠപുസ്തകമായി പ്ലാച്ചിമട നമുക്ക് മുന്നിൽ ഇന്നും നിൽക്കുകയാണ്.

തുടർപ്രവർത്തനം:

പ്ലാച്ചിമട സമരത്തെപ്പറ്റി വിശദമായ റിപ്പോർട്ട് തയാറാക്കുക

ശബ്ദ മലിനീകരണം

ഒരു പ്രദേശത്തുള്ള ജീവജാലങ്ങൾക്കും മനുഷ്യനും അസ്വസ്ഥതയുണ്ടാക്കുന്ന തരത്തിൽ ഉയർന്ന ശബ്ദം അന്തരീക്ഷത്തിൽ ഉണ്ടാകുന്നതിനെ ശബ്ദ മലിനീകരണം എന്നു പറയുന്നു. ശബ്ദമലിനീകരണം പൂർണമായും മനുഷ്യ സൃഷ്ടിയാണ്. വിമാനങ്ങളും ട്രെയിനുകളും മറ്റ് വാഹനങ്ങളുമാണ് 90% ശബ്ദ മലിനീകരണത്തിനും കാരണം. മനുഷ്യനേയും മറ്റു ജീവജാലങ്ങളേയും ഒരു പോലെ ദോഷകരമായി ബാധിക്കുന്ന ഒന്നാണ് ശബ്ദമലിനീകരണം. അശാസ്ത്രീയമായ നഗരവൽക്കരണം വലിയ തോതിൽ ശബ്ദമലിനീകരണത്തിനിടയാക്കുന്നുണ്ട്. വ്യവസായ ശാലകളും മനുഷ്യവാസ സ്ഥലങ്ങളും ഒരേ പ്രദേശത്തുതന്നെ സ്ഥിതിചെയ്യുന്ന ഇന്ത്യപോലെയുള്ള രാജ്യങ്ങളിൽ ശബ്ദമലിനീകരണം ഗുരുതരമായി ജനങ്ങളെ ബാധിക്കുന്നുണ്ട്.



പ്രധാന ശബ്ദ മലിനീകരണ സ്രോതസുകൾ

വൻകിട വ്യവസായശാലകളാണ് ശബ്ദമലിനീകരണത്തിന്റെ പ്രധാന ഉറവിടങ്ങൾ. ഇതിനു പുറമേ കംപ്രസറുകൾ, ജനറേറ്ററുകൾ, എക്സോസ്റ്റ് ഫാനുകൾ, പൊടിമില്ലുകൾ എന്നിവയും ശബ്ദമലിനീകരണത്തിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട്. അശാസ്ത്രീയമായ നഗര വികസനത്തിന്റെ ഭാഗമായി അടുത്തടുത്തായുള്ള വീടുകളുടെ നിർമാണം, ചെറിയ പ്രദേശത്ത് ജനങ്ങൾ തിങ്ങിപ്പാർക്കുന്നത് തുടങ്ങിയവയൊക്കെ ശബ്ദമലിനീകരണത്തിനിടയാക്കുന്നു. വാഹനപ്പെരുപ്പം, ജനവാസ മേഖലകളിലൂടെയുള്ള വിമാനങ്ങളുടെ പറക്കൽ, ഭൗമാന്തർ ഭാഗത്തുകൂടിയുള്ള ട്രെയിൻ സർവീസുകൾ എന്നിവയെല്ലാം അപടകടകരമായ അളവിൽ അന്തരീക്ഷത്തിലേക്ക് ശബ്ദം എത്തുന്നതിനു കാരണമാകുന്നു. ഇതിനു പുറമേ വൻകിട നിർമാണപ്രവർത്തനങ്ങൾ, ഖനനം, പാലങ്ങൾ, അണക്കെട്ടുകൾ, റോഡുകൾ, മേൽപ്പാലങ്ങൾ എന്നിവയുടെ നിർമാണം എന്നിവയും ശബ്ദമലിനീകരണത്തിന്റെ പ്രധാന കാരണങ്ങളാണ്. അനുവദനീയമായ പരിധിയിൽ കൂടുതലുള്ള ശബ്ദം മനുഷ്യനെ ക്രമേണ ബധിരതയിലേക്കു നയിക്കുന്നു. ഇതിനു പുറമേ അമിത ശബ്ദം കേൾവിക്കാരെ അസ്വസ്ഥരാക്കുകയും മാനസിക ശാരീരിക പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദയമിടിപ്പ് എന്നിവ കൂട്ടുന്നു. ഗർഭസ്ഥ ശിശുവിന്റെ വളർച്ചയെപ്പോലും ശബ്ദമലിനീകരണം ബാധിക്കുന്നുണ്ട്. മനുഷ്യന്റെ പ്രവർത്തന ക്ഷമതയെ ബാധിക്കുന്നതിനൊപ്പം ഏകാഗ്രതക്കുറവ്, കണ്ണുകൾക്ക് അസ്വസ്ഥത, തളർച്ച എന്നിവയ്ക്കും ശബ്ദമലിനീകരണം ഇടയാക്കുന്നു. ഉറക്കക്കുറവിനും ഇതു കാരണമാകുന്നു. ദേശാടനപ്പക്ഷികളുടെ യാത്രയെയും മൃഗങ്ങൾക്കും പക്ഷികൾക്കും ഇണചേരുന്നതിനുള്ള എതിർലിംഗത്തിൽപ്പെട്ടവയുടെ ശബ്ദസൂചകങ്ങളെ തടസപ്പെടുത്തുന്നതിനും ശബ്ദ മലിനീകരണം കാരണമാകുന്നു.

പരിഹാരമാർഗങ്ങൾ

1) അമിത ശബ്ദം പുറത്തുവിടുന്ന യന്ത്രങ്ങൾ പ്രത്യേകം തയാറാക്കുന്ന മുറികളിൽ പ്രവർത്തിപ്പിക്കുക.

2) വാഹനങ്ങളിലെ ശബ്ദം കൂടിയ ഹോണുകൾ, സൈലൻസറുകൾക്ക് തകരാറുള്ള വാഹനങ്ങൾ, ഉയർന്ന ശബ്ദമുണ്ടാക്കുന്ന ട്രക്കുകൾ എന്നിവയുടെ നിരോധനം

3) ഉയർന്ന ശബ്ദമുണ്ടാക്കുന്ന വ്യവസായങ്ങൾ, വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ എന്നിവ ജനവാസകേന്ദ്രങ്ങളിൽനിന്ന് മാറ്റി സ്ഥാപിക്കുക

4) ശബ്ദ മലിനീകരണമുണ്ടാക്കുന്ന ഉച്ചഭാഷിണികളുടെ പ്രവർത്തനം, ഉയർന്ന ശബ്ദ മുണ്ടാക്കുന്ന പരിപാടികൾ എന്നിവ നിയന്ത്രണങ്ങൾക്ക് അനുസൃതമായി മാത്രം അനുവദിക്കുക

5) ശബ്ദമലിനീകരണം കുറയ്ക്കാനുള്ള നിയമം കർശനമായി നടപ്പാക്കുക

6) ശബ്ദം ആഗിരണം ചെയ്യാൻ വൃക്ഷങ്ങൾക്ക് കഴിവുള്ളതുകൊണ്ട് ജനവാസമേഖല കളിലും റോഡരികുകളിലും മരങ്ങൾ വെച്ചുപിടിപ്പിക്കുക.

പഠനപുരോഗതി വിലയിരുത്താം – പൂരിപ്പിക്കുക

7) ഓസോൺ പാളിയുടെ ശോഷണത്തിനു കാരണമായ വാതകം
(ക്ലോറോ ഫ്ളൂറോ കാർബൺ, നൈട്രജൻ, ഓക്സിജൻ)

8) ശബ്ദ മലിനീകണത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന്
(വനനശീകരണം, പ്രകൃതി ദുരന്തങ്ങൾ, നഗരവൽക്കരണം)

ഹരിതരാഷ്ട്രീയവും ഹരിതപ്രസ്ഥാനങ്ങളും

പശ്ചിമയൂറോപ്പിലെ ചെറു രാജ്യങ്ങളിലാണ് 1970 കളിൽ ഗ്രീൻപൊളിറ്റിക്സ് എന്ന ഹരിതരാഷ്ട്രീയത്തിന്റെ മുള പൊട്ടിത്തുടങ്ങിയത്. രണ്ടാം ലോകയുദ്ധത്തി നുശേഷം ബഹുരാഷ്ട്ര കമ്പനികളും ആധുനികവൽക്കരണത്തിനെ പിന്തുണച്ച ശക്തമായ വ്യ വസായ സമൂഹവും സർക്കാരുകളും ചേർന്ന് യൂറോപ്പിൽ സൃഷ്ടിച്ച പരിസ് ഥിതിനാശത്തെ അതിഗൗരവമായി കണ്ടുകൊണ്ടാണ് ഹരിതരാഷ് ട്രീയം ഉടലെടുക്കുന്നത്. 1970 കളിൽ ഒരു രാഷ്ട്രീയ ആശയമായി രൂപം കൊണ്ട ഹരിതരാഷ് ട്രീയം പാരിസ്ഥിതിക, വികേന്ദ്രീകൃത ഭരണത്തിനെ അനുകൂലിച്ചു. ഇടതുപക്ഷ ആശ യങ്ങളോട് അടുപ്പം പുലർത്തിയിരുന്ന ഇത്തരം പാർടികളുടെ മുൻനിരയിൽ നിന്നവ രൊക്കെ ഗാന്ധിയൻ ആശയങ്ങളിൽ ആകൃഷ്ടരായവരായിരുന്നു. പ്രകൃതി സംരക്ഷണം മാത്രമല്ല സാമൂഹികനീതി, അക്രമരാഹിത്യം, സാമൂഹികസൗഹൃദം, സമാധാനം, സ് ത്രീസമത്വം, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങളെ മുൻനിർത്തിയുള്ള രാഷ്ട്രീയ സംവിധാനമാണ് ഹരിതരാഷ്ട്രീയക്കാർ സ്വപ്നം കണ്ടത്. ഇതിനുപുറമേ പൗരാവ കാശങ്ങൾക്കും സാമൂഹിക നീതി ഉറപ്പാക്കുന്നതിനും അഹിംസാ വാദത്തിനും ഗ്രീൻ പാർട്ടികൾ മുൻഗണന നൽകി.

ഹരിത പാർട്ടികൾ യൂറോപ്പിൽ തുടക്കം കുറിക്കുകയും ഒട്ടുമിക്ക രാജ്യങ്ങളിലേക്കും വ്യാപിക്കുകയും ജനാധിപത്യശൈലിയിലുള്ള തെരഞ്ഞെടുപ്പു കളിൽ പല സ്ഥലങ്ങളിലും സ്ഥാനാർഥികളെ നിർത്തി വിജയിപ്പിക്കുകയുംചെയ്തു. നെതർലാൻഡ്സിൽ 1970ൽ ആംസ്റ്റർഡാം സിറ്റി കൗൺസിൽ തെരഞ്ഞെടുപ്പിൽ കാബൗട്ടേഴ്സ് എന്ന ഹരിത രാഷ്ട്രീയ വിഭാഗം വിജയിച്ചു. 1972ൽ ഓസ്ട്രേലിയയിൽ ഐക്യ ടാസ്മാനിയ ഗ്രൂപ്പുകാരാണ് ആദ്യ ഹരിത പാർട്ടി രൂപീകരിച്ചത്. യൂറോപ്പിൽ ഫിനിഷ് ഹരിത പാർട്ടിയും വടക്കൻ ജർമനിയിൽ ഗ്രീൻ പാർട്ടിയും രൂപപ്പെട്ടു. 1980-ൽ ജർമനിയിൽ രൂപപ്പെട്ട ഗ്രീൻ പാർട്ടി യൂറോപ്പിൽ ഒന്നാകെ ഹരിത രാഷ്ട്രീയത്തെ വളർത്തുന്നതിൽ നിർണായക പങ്കുവഹിച്ചു. ഡീ- ഗ്രൺ എന്ന വാക്കിൽനിന്നാണ് ഗ്രീൻ എന്ന ജർമൻ പദം രൂപപ്പെട്ടത്. ഗ്രീൻ പാർട്ടി അനുഭാവികൾ ഗ്രീൻസ് എന്ന പേരിലാണ് അറിയപ്പെട്ടത്. ജർമനിയിൽ തെരഞ്ഞെടുപ്പിൽ നിർണായകമായ ഗ്രീൻ പാർട്ടി പിന്നീട് അധികാരത്തിന്റെ ഭാഗമായി മാറുകയും ചെയ്തു. കിഴക്കൻ ജർമനിയിലെ അലയൻസ് വിഭാഗവും വടക്കൻ ജർമനിയിൽ ജർമൻ ഗ്രീൻ പാർട്ടിയും 1990കളുടെ തുടക്കത്തിൽ ലയിച്ചു. തുടർന്നിങ്ങോട്ട് ലോകത്തിലാകെ 100ലധികം രാജ്യങ്ങളിൽ ചെറുതും വലുതുമായ ഹരിത പാർട്ടികൾ രൂപമെടുത്തു. കാനഡയിൽ എലിസബത്ത് മെയുടെയും ലാത്വിയയിൽ ഇൻഡല്ലിസ് എംസിസിന്റെയുമൊക്കെ നേതൃത്വത്തിൽ നിരവധി മുന്നേറ്റങ്ങളുണ്ടായി.

ഗ്ലോബൽ ഗ്രീൻ ചാർട്ടർ

ഓസ്ട്രേലിയയിലെ കാൻബറയിൽ 2001-ൽ നടന്ന ആഗോള ഗ്രീൻസ് ഉച്ചകോടിയിലാണ് ഗ്ലോബൽ ഗ്രീൻ ചാർട്ടർ അംഗീകരിക്കപ്പെട്ടത്. ലോകമെമ്പാടുമുള്ള ഗ്രീൻ പാർട്ടികളുടെ പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാന രേഖയെന്ന നിലയിലാണ് ഗ്ലോബൽ ഗ്രീൻ ചാർട്ടർ പ്രിൻസിപ്പിൾസ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. 2012-ൽ സെനഗലിലെ ദാക്കറിൽ നടന്ന മൂന്നാമത് സമ്മേളനം ഗ്ലോബൽ ഗ്രീൻ ചാർട്ടർ പരിഷ്കരിച്ചു. ഗ്രീൻ പാർട്ടികളുടെ ഈ അടിസ്ഥാന രേഖ ആറ് പ്രധാനപ്പെട്ട ആശയങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്. പാരിസ്ഥിതിക വിവേകം, സാമൂഹ്യനീതി, പങ്കാളിത്ത ജനാധിപത്യം, അഹിംസ, സ്ഥായിയായ നിലനിൽപ്പ്, വൈവിധ്യത്തെ അംഗീകരിക്കുക എന്നിവയാണ് അവ. എല്ലാ ഗ്രീൻ പാർട്ടികളും ഈ പ്രമാണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് പ്രവർത്തിക്കുന്നത്. 1992-ൽ നടന്ന റിയോ ഡീ ജനീറോയിൽ നടന്ന എർത്ത് സമ്മിറ്റാണ് ഗ്രീനുകളുടെ ആഗോള കൂടിച്ചേരലിലേക്ക് വഴിതെളിച്ചത്. തുടർന്ന് നിരവധി കൂടിയാലോചനകൾക്കും കൂട്ടിച്ചേർക്കലുകൾക്കും ഒടുവിലാണ് ഈ അടിസ്ഥാനരേഖ രൂപംകൊണ്ടത്.

ഇന്ത്യയിലെ പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനങ്ങൾ

പഠനപ്രവർത്തനം

ഇന്ത്യയിലെ പരിസ്ഥിതി പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഡോക്യുമെന്ററികളുടെ പ്രദർശനം നടത്തി കുറിപ്പുകൾ തയ്യാറാക്കുക

ഇന്ത്യയിലെ പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനങ്ങളെല്ലാംതന്നെ അവ ഉയർത്തുന്ന ഭൗതികവും രാഷ്ട്രീയവുമായ കാരണങ്ങൾകൊണ്ടും ആശയങ്ങൾകൊണ്ടും ഒന്നി

നൊന്നു വ്യത്യസ്തങ്ങളാണ്. പ്രകൃതി വിഭവങ്ങളുടെ മേലുള്ള കടന്നുകയറ്റത്തിനെതിരേയുള്ള ചെറുത്തുനിൽപ്പുകളായാണ് ഇന്ത്യയിലെ പരിസ്ഥിതി സമരങ്ങളെല്ലാം രൂപം കൊണ്ടിട്ടുള്ളത്. പരിസ്ഥിതി പ്രാധാന്യം തിരിച്ചറിഞ്ഞ അഭ്യസ്തവിദ്യരായ മധ്യവർഗത്തിന്റെ പ്രകൃതി ചൂഷണത്തോടുള്ള എതിർപ്പ് ഈ സമരങ്ങൾക്ക് ഊർജം പകരുന്നു., വികസന പ്രവർത്തനങ്ങളുടെ ഫലമായി തങ്ങളുടെ ആവാസ വ്യവസ്ഥകൾ നഷ്ടപ്പെടുന്ന ആദിവാസികളും പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുമാണ് ഇന്ത്യയിലെ മിക്ക പരിസ്ഥിതി സമരങ്ങളുടെയും മുൻനിരയിലുള്ളത്. ഇന്ത്യയിലെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട സമരങ്ങളുടെ കാരണം തേടുമ്പോൾ ഇവയ്ക്കെല്ലാം പിന്നിൽ വികസനവുമായി ബന്ധപ്പെട്ട കടന്നുകയറ്റങ്ങളാണെന്നു നമുക്ക് കാണാൻ കഴിയും. സാമ്പത്തിക പുരോഗതിക്കായി വനം, ജലം, മണ്ണ് തുടങ്ങിയ പ്രകൃതി വിഭവങ്ങളെ കൂടുതലായി ഉപയോഗിക്കുമ്പോൾ ഇരകളാക്കപ്പെടുന്ന ജനവിഭാഗങ്ങളാണ് നമ്മുടെ രാജ്യത്തെ എല്ലാ പരിസ്ഥിതി സമരങ്ങളുടേയും മുൻനിരയിലുള്ളത്. പുരോഗതിയുടെ ഗുണഫലങ്ങൾ ധനികരിൽ കേന്ദ്രീകരിക്കുമ്പോൾ പുറന്തള്ളപ്പെടുന്ന ജനങ്ങളാണ് ഈ പാരിസ്ഥിതിക ദുരന്തങ്ങളുടെ തിക്തഫലങ്ങൾ കൂടുതലായി പേറേണ്ടിവരുന്നതും. പുരോഗതിയുടെ ഇരകളായ കർഷകർ, ആദിവാസികൾ, തീരദേശവാസികൾ തുടങ്ങിയവരാണ് ഇന്ത്യയിലെ ഒട്ടുമിക്ക പരിസ്ഥിതി സമരമുഖങ്ങളിലുമുള്ളത്. സാമൂഹിക രംഗത്ത് പ്രവർത്തിക്കുന്ന പ്രവർത്തകരും നിരവധി സംഘടനകളുമാണ് ഇന്ത്യയിലെ പരിസ്ഥിതി സമരങ്ങൾക്ക് ദിശാബോധം പകർന്നതും പരിസ്ഥിതി പ്രശ്നങ്ങളെ രാഷ്ട്രീയ സമരങ്ങളായി വളർത്തിയെടുത്തതും. ഇന്ത്യയിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ നിർണായമായ സംഭാവനകൾ നൽകിയ ചില പ്രസ്ഥാനങ്ങളെക്കുറിച്ചാണ് ഇനി പറയുന്നത്.

ചിപ്കോ പ്രസ്ഥാനം

സ്വതന്ത്ര ഇന്ത്യയിലെ പരിസ്ഥിതിസംരക്ഷണ സമരപ്രസ്ഥാനങ്ങളിൽ ആദ്യത്തേതും നിർണായകമായതുമായ ഒന്നാണ് ചിപ്കോ പ്രസ്ഥാനം. ഹിമാലയൻ മലനിരകളിലെ വൃക്ഷങ്ങൾ മുറിക്കുന്നതിന് കോൺട്രാക്ടർമാരെ അനുവദിക്കുന്ന ഉത്തർപ്രദേശ് സർക്കാരിന്റെ നയത്തിനെതിരേ പ്രദേശവാസികൾ നടത്തിയ പ്രക്ഷോഭമാണിത്. ചിപ്കോ എന്ന വാക്കിന്റെ അർത്ഥം 'പുണരുക' എന്നാണ്. വൃക്ഷങ്ങളെ സംരക്ഷിക്കാൻ വനിതകളടക്കമുള്ളവർ അവയെ കെട്ടിപ്പുണർന്ന് സംരക്ഷണ വലയം തീർത്തു. ഈ സമരമാർഗത്തിൽനിന്നാണ് ചിപ്കോ എന്ന പേര് ഈ പ്രസ്ഥാനത്തിനു കൈവന്നത്. അളകനന്ദാ താഴ്വരയിലെ മണ്ഡൽ ഗ്രാമത്തിലാണ് 1973-ലാണ് പ്രക്ഷോഭത്തിനു തുടക്കം കുറിക്കപ്പെട്ടത്. നേരത്തെ ഉത്തർ പ്രദേശിന്റെ ഭാഗമായിരുന്ന ഉത്തരാഖണ്ഡിൽ കൃഷി പ്രായോഗികമല്ലാത്ത പ്രദേശങ്ങളിൽ ജനങ്ങൾ ഹിമാലയൻ താഴ്വരകളിലെ വനങ്ങളെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്. കാർഷിക ആവശ്യങ്ങൾക്കായി ആഷ് ഇനത്തിലുള്ള (ഒലീവ് ഗണത്തിൽപെടുന്ന വൃക്ഷം) മരങ്ങൾ മുറിക്കാനുള്ള ഇവിടങ്ങളിലെ ഗ്രാമീണ ജനങ്ങളുടെ ആവശ്യം സർക്കാർ നേരത്തെ നിരാകരിച്ചിരുന്നു. അതേ സമയം കായിക വിനോദ ഉപകരണങ്ങൾ നിർമിക്കുന്ന കമ്പനിക്ക് മരം മുറിക്കാൻ നിശ്ചിത പ്രദേശം അനുവദിച്ച് നൽകിയതായിരുന്നു ഇവിടെ പ്രക്ഷോഭം പൊട്ടിപ്പുറപ്പെടാൻ കാരണമായത്. സമരം അതിവേഗം മറ്റ് ഹിമാലയൻ ജില്ലകളിലേക്കും വ്യാപിച്ചു. ദസോളി ഗ്രാം സ്വരാജ്യ സംഘ് എന്ന സംഘടനയുടെ സഹായത്തോടെ സ്ത്രീകൾ സമരത്തിൽ സജീവമാകുകയും വൃക്ഷങ്ങളെ മുറിക്കാൻ അനുവദിക്കാതെ




അവയെ പുണർന്ന് സംരക്ഷിക്കുക എന്ന പുതിയ സമരമാർഗം വ്യാപകമായി ആരംഭിക്കുകയും ചെയ്തു. ഈ സമരം നേടിയെടുത്ത വിജയം രാജ്യമെമ്പാടുമുള്ള പരിസ്ഥിതി സമരങ്ങൾക്കും സംരക്ഷണ പ്രവർത്തനങ്ങൾക്കും ആവേശമേകി. രാജ്യത്തിന്റെ പ്രകൃതി വിഭവങ്ങളുടെ ഉപയോഗം സംബന്ധിച്ച നയങ്ങളുടെ രൂപീകരണത്തിനു നാന്ദിയായതും ചിപ്കോ പ്രസ്ഥാനമായിരുന്നു.

ചിപ്കോ പ്രസ്ഥാനം പരിസ്ഥിതിവാദത്തിനു പൊതുവായി നൽകിയ സംഭാവനകളിലൊന്ന് 'ആവാസ വ്യവസ്ഥയാണ് സ്ഥിരസമ്പത്ത്' എന്ന മുദ്രാവാക്യമാണ്. ചിപ്കോ പ്രക്ഷോഭത്തിനു നേതൃത്വം നൽകിയ ഗാന്ധിമാർഗ പ്രവർത്തകനായ സുന്ദർലാൽ ബഹുഗുണ ചിപ്കോ നൽകുന്ന സന്ദേശം ഇന്ത്യയെമ്പാടും എത്തിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചു. വനനശീകരണത്തിനും മരം മുറിക്കലിനുമെതിരേ ഹിമാലയൻ മലനിരകളിൽ ഉടനീളം അദ്ദേഹം കാൽനട പ്രചാരണ യാത്ര സംഘടിപ്പിച്ചു. തുടർച്ചയായ ആശയപ്രചരണവും അഹിംസാമാർഗത്തിലൂടെയുള്ള സമരങ്ങളും ലക്ഷ്യം കണ്ടത് ഒരു ദശകം പിന്നിട്ടപ്പോഴാണ്. ഈ പ്രദേശത്തെ മരം മുറിക്കുന്നത് 15 വർഷത്തേക്ക് നിരോധിച്ചുകൊണ്ട് പ്രധാനമന്ത്രി ഇന്ദിരാഗാന്ധി 1980-ൽ ഉത്തരവിട്ടു. ബഹുഗുണയ്ക്കൊപ്പം പ്രക്ഷോഭത്തിൽ നിർണായക പങ്ക് വഹിച്ചയാളായിരുന്ന ഛണ്ഡി പ്രസാദ് ഭട്ട്. വനസമ്പത്തിനെ ദുരുപയോഗം ചെയ്യാതെ പ്രാദേശിക വികസനത്തിനായി അവയെ എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിലൂന്നി ഗ്രാമീണർക്കുള്ള പരിശീലന പരിപാടികൾ അടക്കമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. മരത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുകിട വ്യവസായങ്ങൾക്കും മറ്റ് ഉൽപ്പന്നങ്ങൾക്കും ഊന്നൽ നൽകി പ്രാദേശിക ജനങ്ങൾക്ക് ജീവിതമാർഗം കണ്ടെത്തുന്ന പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി.

ഹിമാലയൻ മലനിരകളിലെ വനങ്ങൾ സംരക്ഷിക്കുന്നതിൽ വിജയിച്ച പ്രസ്ഥാനം പിന്നീട് രാജ്യത്തെ ഒട്ടുമിക്ക വന സംരക്ഷണ സമരങ്ങൾക്കും പ്രചോദനമേകി. പശ്ചിമഘട്ടവും, വിന്ധ്യാചലവും സംരക്ഷിക്കുന്നതിനായുള്ള സമരങ്ങൾ അതിൽ പ്രധാനമാണ്. പ്രകൃതി വിഭവങ്ങളിൻമേൽ ജനങ്ങളുടെ അവകാശം ഉറപ്പുവരുത്തുന്ന തരത്തിലുള്ള നിയമനിർമാണങ്ങളാണ് നടക്കേണ്ടതെന്ന ചിന്തകൾ മുന്നോട്ടുവയ്ക്കുന്നതിനും ഈ പ്രക്ഷോഭത്തിനു കഴിഞ്ഞു. പ്രകൃതി സംരക്ഷണത്തിനും, പുനരുജ്ജീവനത്തിനും വിഭവങ്ങളുടെ കരുതലോടെയുള്ള ഉപയോഗം എങ്ങനെ സാധ്യമാക്കാം എന്നതിനും നൽകിയ സംഭാവനകൾ മാനിച്ച് ബദൽ നൊബേൽ പ്രൈസ് എന്നറിയപ്പെടുന്ന റൈറ്റ് ലൈവ്‌ലി ഹുഡ് അവാർഡ് 1987-ൽ ചിപ്കോ പ്രസ്ഥാനത്തിനു ലഭിച്ചു.

സുന്ദർലാൽ ബഹുഗുണ

ഇന്ത്യയിലെ പരിസ്ഥിതി പ്രവർത്തകരിൽ പ്രഥമസ്ഥാനീയൻ. ചിപ്കോ പ്രസ്ഥാനത്തിലൂടെ അന്താരാഷ്ട്ര പ്രശസ്തി. ഗാന്ധിയൻ സമരരീതികൾ പരിസ്ഥിതി സമരങ്ങളിൽ ഉപയോഗിക്കുക വഴി ഇന്ത്യൻ പരിസ്ഥിതി സമരങ്ങൾക്കു ദിശാബോധം നൽകി. ഉത്തരാഖണ്ഡിലെ തെഹ്രി എന്ന സ്ഥലത്തി നടുത്തുള്ള മറോദ എന്ന ഗ്രാമത്തിൽ 1927 ജനുവരി 9നു ജനിച്ചു. ഗാന്ധിയൻ ആശയങ്ങളെ അടിസ്ഥാനപ്പെടുത്തി തൊട്ടുകൂടായ്മക്കെതിരേയുള്ള പോരാട്ടവുമായിട്ടാണ് സാമൂഹിക പ്രവർത്തനം ആരംഭിക്കുന്നത്. 1970-കളിൽ ചിപ്കോപ്രസ്ഥാനത്തിന്റെ നേതൃനിരയിലും 1980 മുതൽ 2004 ന്റെ അവസാനംവരെ തെഹ്രി അണക്കെട്ട് വിരുദ്ധ പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളി എന്ന നിലയിലും ഹിമാലയ സാനുക്കളിലെ വനസംരക്ഷണത്തിനായി വർഷങ്ങളോളം അദ്ദേഹം പോരാടി. ചിപ്കോ പ്രസ്ഥാനത്തിനു പ്രത്യേകമായും പരിസ്ഥിതി വാദത്തിന് പൊതുവായും അദ്ദേഹം നൽകിയ പ്രധാന സംഭാവനകളിലൊന്ന് 'ആവാസ വ്യവസ്ഥയാണ് സ്ഥിരസമ്പത്ത്' എന്ന മുദ്രാവാക്യമാണ്. തന്റെ പ്രസ്ഥാനത്തിന് ജനപിന്തുണ തേടിക്കൊണ്ട് 1981 മുതൽ 1983 വരെ അദ്ദേഹം നടത്തിയ ഹിമാലയത്തിലെ ഗ്രാമഗ്രാമാന്തരങ്ങളിലൂടെയുള്ള യാത്ര ചിപ്കോയെ ജനമധ്യത്തിലേക്ക് കൊണ്ടുവരാൻ സഹായിച്ചു. ഈ യാത്രയ്ക്ക് അവസാനം കുറിച്ചത് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുമായുള്ള കൂടിക്കാഴ്ചയെത്തുടർന്നായിരുന്നു. 15 വർഷത്തേക്ക് ഹിമാലയത്തിലെ വൃക്ഷങ്ങൾ മുറിക്കുന്നത് നിരോധിച്ചു കൊണ്ടുള്ള ഉത്തരവ് ഈ കൂടിക്കാഴ്ചയുടെ ഫലമായി സർക്കാർ പുറപ്പെടുവിച്ചു. രാജ്യത്തുടനീളം വനനശീകരണം,വലിയ അണക്കെട്ടുകൾ, ഖനനം തുടങ്ങിയ നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്കെതിരെ നടക്കുന്ന പ്രക്ഷോഭപരിപാടികളുടെ മുൻനിരയിൽ ഇന്നും അദ്ദേഹം സജീവമാണ്. പരിസ്ഥിതി സംരക്ഷണത്തിനായി ആത്മസംയമനത്തിന്റെയും അഹിംസയുടെയും പുതിയ സമരമുഖം തുറന്ന സുന്ദർലാൽ ബഹുഗുണയെ2009 ജനുവരി 26 ന് ഭാരതത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ബഹുമതിയായ പത്മ വിഭൂഷൺ പുരസ്കാരം നൽകി രാജ്യം ആദരിച്ചു. പരിസ്ഥിതി പ്രവർത്തനങ്ങളിലെ സംഭാവന മാനിച്ച് ഓണറി ഡോക്ടറേറ്റ് നൽകി റൂർക്കി ഐഐടിയും അദ്ദേഹത്തെ ആദരിച്ചു.



നവധാന്യ പ്രസ്ഥാനം

നമ്മുടെ നാട്ടിലെ തനത് കാർഷിക പാരമ്പര്യത്തെയും സംസ്കാരത്തെയും വിത്തിനങ്ങളെയും സംരക്ഷിക്കുക എന്നതാണ് നവധാന്യ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഭാരതത്തിന്റെ ജൈവ വൈവിധ്യത്തെയും സാംസ്കാരിക വൈവിധ്യത്തെയും സംരക്ഷി

ക്കുന്ന നവധാന്യ എന്ന പേര് അർഥമാക്കുന്നത് ഒൻപത് ധാന്യവിത്തുകൾ എന്നു ത ന്നെയാണ്. ജൈവ-പാരിസ്ഥിതിക തകർച്ചയുടെ ഗുരുതരമായ ഘട്ടത്തിലൂടെയാണ് ലോകം ഇന്നു കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ വിത്തിനങ്ങളു ടെ സംരക്ഷണം എന്നതു മനുഷ്യകുലത്തിന്റെ നിലനിൽപ്പിനു തന്നെ ആവശ്യമായി മാറിയിരി ക്കുകയാണ്. ഭക്ഷ്യശൃംഖലയുടെ ആദ്യത്തെ ക ണ്ണിയാണ് വിത്ത്. വിത്ത് സ്വാതന്ത്ര്യം നഷ്ടപ്പെടു കയെന്നാൽ ഭക്ഷ്യസ്വാതന്ത്ര്യം തന്നെ ഇല്ലാതാ കുകയെന്നാണ്. കർഷക കുടുംബങ്ങളാണ് പ്രാ ദേശിക പരിസ്ഥിതിക്കിണങ്ങുന്നതും രോഗപ്രതി രോധ ശേഷിയുള്ളതുമായ വിത്തിനങ്ങൾ രാജ്യ ത്ത് കൈകാര്യം ചെയ്തുവന്നിരുന്നത്. എന്നാൽ വിത്തുകച്ചവട രംഗം ഇന്നു നിയന്ത്രിക്കുന്നത് ആ ഗോള കുത്തകകളാണ്. പുതിയ സാങ്കേതിക വി ദ്യകളുടെ സഹായത്തോടെ രൂപപ്പെടുത്തുന്ന അത്യുൽപ്പാദന ശേഷിയുള്ള വിത്തു കൾ വിപണിയിലെത്തിക്കുന്ന കുത്തകകൾ അവയുടെ ഉൽപ്പാദനത്തെയും വിതരണ ത്തെയും ഒന്നാകെ നിയന്ത്രിക്കുന്ന തലത്തിലേക്ക് എത്തിക്കഴിഞ്ഞു. ഇതു നമ്മുടെ രാജ്യത്തും കർഷകരുടെ നിലനിൽപ്പിന്റെതന്നെയും പ്രശ്നമായി മാറിക്കഴിഞ്ഞിരിക്കു ന്നു. കോളനി ഭരണം പ്രകൃതി വിഭവങ്ങളെയാണ് കൊള്ളയടിച്ചിരുന്നതെങ്കിൽ, വി ത്ത് കുത്തകകൾ രാഷ്ട്രത്തിന്റെ ഭക്ഷ്യ സുരക്ഷയുടെ കടയ്ക്കൽ കത്തിവയ്ക്കുക യാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഇക്കാലത്ത് നവധാന്യ പ്രസ്ഥാനത്തിന്റെ പ്രസക്തി വർധിച്ചു വരികയാണ്. വിത്തു സംരക്ഷണം എന്നാൽ ജൈവവൈവിധ്യ ത്തിന്റെ സംരക്ഷണം, കാർഷിക സംസ്കാരത്തിന്റെ സംരക്ഷണം, സുസ്ഥിരത എന്ന ിവയൊക്കെ ഉറപ്പുവരുത്തുകയാണ്. നവധാന്യ ഇന്ത്യയിലെ പതിനേഴ് സംസ്ഥാനങ്ങ ളിലെ വിത്തുസംരക്ഷകരേയും ജൈവകർഷകരെയും ഒരു കുടക്കീഴിൽ കൊണ്ടുവ രുന്നു.



പരിസ്ഥിതി പ്രവർത്തകയും എഴുത്തുകാരിയും ബൗദ്ധിക സ്വത്തവകാശനിയമം, ജൈവസമ്പന്നത, ജൈവസാങ്കേതികത, ജൈവനൈതികത, ജനിതക സാങ്കേതിക വിദ്യ എന്നീ രംഗങ്ങളിൽ നിർണായക ഇടപെടലുകൾ നടത്തുന്നയാളുമായ ഡോ. വ ന്ദന ശിവയാണ് നവധാന്യയ്ക്കു തുടക്കമിട്ടത്. വന്ദന ശിവ നേതൃത്വം നൽകുന്ന റി സർച്ച് ഫൗണ്ടേഷൻ ഫോർ സയൻസ് ടെക്നോളജി ആൻഡ് ഇക്കോളജിയാണ് നവ ധാന്യയുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. മണ്ണിനെയും കർഷകരെയും ജൈവവൈവിധ്യത്തെ ഒന്നാകെയും കാത്തുസൂക്ഷിക്കുന്ന അഹിംസാത്മക കൃഷിയു ടെ അന്വേഷണമാണ് നവധാന്യ മുന്നോട്ടുവയ്ക്കുന്നത്.

നമ്മുടെ രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയുടെ ആകെത്തുകയെന്നു നവധാന്യ പ്രസ്ഥാനത്തെ നമുക്ക് വിശേഷിപ്പിക്കാം. നമ്മുടെ നാട്ടിലെ തനതു വിത്തിനങ്ങൾ കൃഷിചെയ്യുന്ന കർഷകരെയും അവരുടെ കൃഷി രീതികളെയും സംരക്ഷിക്കുക, വംശ നാശം നേരിടുന്ന വിത്തുകൾ സംരക്ഷിക്കുക, കർഷകരുടെ തനത് ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക എന്നിവയും നവധാന്യയുടെ പ്രവർത്തന മേഖലകളാണ്. ഈ പ്രവർത്തനങ്ങളിലൂടെ തദ്ദേശീയമായ കൃഷി അറിവുകളെയും സംസ്കാരത്തെയും

കാത്തുസൂക്ഷിക്കുക എന്ന വിശാലമായ ഒരു ലക്ഷ്യം കൂടി നവധാന്യ മുന്നോട്ടുവയ്ക്കുന്നു. ജനിതക സാങ്കേതികവിദ്യയിലൂടെ ഉൽപ്പാദിപ്പിക്കുന്ന വിത്തുകളുടെ ദോഷവശങ്ങളെപ്പറ്റിയും കാർഷിക അറിവുകൾ കൊള്ളയടിക്കുന്ന ബൗദ്ധിക സ്വത്തവകാശ നിയമങ്ങളെക്കുറിച്ചും ആഗോളീകരണ കാലത്ത് ഭക്ഷ്യ സുരക്ഷ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക എന്ന വലിയ ദൗത്യവും നവധാന്യ ഏറ്റെടുത്തിട്ടുണ്ട്.

നവധാന്യ ഇതുവരെ നമ്മുടെ രാജ്യത്തുനിന്ന് 5000 വിത്തുകൾ സംരക്ഷിച്ചിട്ടുണ്ട്. ഇവയിൽ 3000 നെൽ വിത്തിനങ്ങൾ, 150 ഇനം ഗോതമ്പ്, രജ്മ വിത്തുകൾ, ചോളം, ചാമ, റാഗി, പയർവർഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ നിരവധി ഇനങ്ങളുടെ വിത്തുകൾ എന്നിവ നവധാന്യയുടെ വിത്ത് ബാങ്കിൽ ഇടം പിടിച്ചിട്ടുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇത്തരത്തിലുള്ള 111 വിത്ത് ബാങ്കുകൾ നവധാന്യ മുൻകൈയെടുത്ത് സ്ഥാപിച്ചിട്ടുണ്ട്. ജൈവസമ്പത്തും സാംസ്കാരിക വൈവിധ്യവും സംരക്ഷിക്കാനായി സ്ത്രീകൾ നേതൃത്വം നൽകുന്ന പ്രസ്ഥാനമായിട്ടാണ് നവധാന്യ പ്രവർത്തിക്കുന്നത്.

വന്ദനാശിവ

പരിസ്ഥിതി തത്ത്വചിന്തകയും ഗ്രന്ഥകാരിയും പരിസ്ഥിതി പ്രവർത്തകയുമാണ് വന്ദന ശിവ. കാർഷികരംഗത്തും ഭക്ഷ്യരംഗത്തുമുള്ള നടപ്പുശീലങ്ങളുടെ മാറ്റത്തിനായി വാദിക്കുന്ന ശിവ തനതു കാർഷിക രീതികളിലേക്കും വിത്തിനങ്ങളിലേക്കും മടങ്ങിപ്പോകണമെന്ന വാദം ശക്തമായി ഉന്നയിക്കുന്നു. തദ്ദേശീയ കാലിവർഗങ്ങളുടെ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങളിലും ചിപ്കൊ പ്രസ്ഥാനപ്രവർത്തനങ്ങളിലും പങ്കാളി. 1952 നവംബർ 2ന് ഡെറാഡൂൺ താഴ്വരയിലാണ് ജനനം. ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലും ശാസ്ത്രം, സാങ്കേതികത, പരിസ്ഥിതി നയം എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്തിയിട്ടുണ്ട്. ബൗദ്ധിക സ്വത്തവകാശ നിയമം, ജൈവസമ്പത്തിന്റെ സംരക്ഷണം, ജൈവസാങ്കേതികത, ജൈവ നൈതികത, ജനിറ്റിക് എൻജിനീയറിംഗ് എന്നീ രംഗങ്ങളിൽ ബൗദ്ധികമായും സന്നദ്ധ പ്രവർത്തനത്തിലൂടെയും മികച്ച സംഭാവനകൾ. പരിസ്ഥിതിയും സ്ത്രീകളും തമ്മിലുള്ള സവിശേഷ ബന്ധത്തെ അടിസ്ഥാനമാക്കിയുള്ള ഇക്കോ ഫെമിനിസമെന്ന ആശയത്തിനു രൂപം നൽകുന്നതിൽ മുഖ്യപങ്ക്. നവധാന്യയുടെ രൂപവത്കരണത്തിലൂടെ തനത് വിത്തിനങ്ങളുടെ സംരക്ഷണത്തിനു നൽകിയ സംഭാവനകൾ നിസ്തുലം. എർത്ത് ഡെമോക്രസി(Earth Democracy), സ്റ്റേയിംഗ് എലൈവ് (Staying Alive), സോയിൽ നോട്ട് ഓയിൽ (Soil not oil) എന്നിവ അവർ എഴുതിയ പുസ്തകങ്ങളിൽ പ്രധാനപ്പെട്ടവയാണ്.



വിത്തിന്റെ കാവലാൾ

നാടൻ നെല്ലിനങ്ങളുടെ കലവറയായിരുന്നു ഒരുകാലത്ത് വയനാട്. 120ഓളം നെല്ലിനങ്ങളാണ് ഇവിടെ കൃഷിചെയ്തിരുന്നത്. ഇവയിൽ കുറേയെങ്കിലും ഇന്നും നിലനിൽക്കുന്നതിനു കാരണം പരമ്പരാഗതമായി നെല്ല് കൃഷിചെയ്യുന്ന ആദിവാസി ജനസമൂഹങ്ങളാണ്. കുറിച്യസമുദായ ത്തിൽപ്പെട്ട ചെറുവയൽ രാമൻ എന്ന കർഷകന്റെ ജീവിതം വി ത്ത് സംരക്ഷണത്തിൽ നമുക്ക് വലിയൊരു പാഠമാ ണ് പകർന്നു നൽകുന്നത്. തനത് വിത്തിനങ്ങളുടെ കാവലാളാകുന്ന രാമൻ 35 ഇനം നെൽ വിത്തിനങ്ങ ളാണ് കൃഷിചെയ്തു സംരക്ഷിക്കുന്നത്. തലയ്ക്കൽ ചന്തുവിന്റെ പിൻഗാമികളായി കരുതപ്പെടുന്ന കുലങ്ങളിൽപ്പെട്ട തലക്കര കുലത്തിലെ അംഗമായ രാമൻ പത്താംവയസ്സിൽ തുടങ്ങിയ കൃഷി, ഇന്നും തുടരുന്നു. കൃഷിപ്പണികൾ എല്ലാം സ്വന്തമായാണ് ചെയ്യുക. ഒന്നരയേക്കർ വയലിൽ 35 നാടൻ ഇനം നെല്ലുകൾ രാമൻ കൃഷിചെയ്ത് സംരക്ഷിക്കുന്നു. പരമ്പരാഗതമായി നാലിനമാണ് രാമൻ കൃഷിചെയ്തിരുന്നത്. ഭക്ഷണാവശ്യത്തിനു തൊണ്ടി എന്ന ഇനമാണ് കൃഷിചെയ്യുന്നത്. മറ്റുള്ളവ വിത്താവശ്യത്തിനായി കൃഷിചെയ്യുന്നു. മുണ്ടകൻ, ചെന്താടി, ചെന്നെല്ല്, ചേറ്റുവെള്ളിയൻ, വെളിയൻ, ഓണമൊട്ടൻ, ജീരകശാല, ഗന്ധകശാല, തൊണ്ണൂറാം പുഞ്ച, നവര, കയമ, കുറുമ്പാളി, കറുത്തൻ തുടങ്ങി വിശിഷ്ടമായ ഒട്ടേറെ ഇനങ്ങൾ ഇക്കൂട്ടത്തിലുണ്ട്. നെൽവിത്തിന്റെ സംഭരണത്തിൽ പരമ്പരാഗതരീതിയാണ് രാമൻ പിന്തുടരുന്നത്. വിളവെടുത്ത നെല്ലിനെ ഒരാഴ്ച വെയിലും മഞ്ഞും കൊള്ളിക്കുന്നു. തുടർന്ന് മുളങ്കുട്ട ചൂടാക്കി വെയിലിന്റെ ചൂടോടെ നെല്ലിനെ അതിൽ സംഭരിക്കും. വൈക്കോൽ, കൂടാരംപോലെ കെട്ടിയുണ്ടാക്കുന്ന വിത്തുകൂടയും നെൽസംഭരണത്തിന് ഉപയോഗിക്കുന്നുണ്ട്. പരമ്പരാഗതരീതിയിൽ രണ്ടു വർഷംവരെ മുളയ്ക്കൽശേഷി നഷ്ടപ്പെടാതെ വിത്തുകൾ സൂക്ഷിക്കാനാവുമെന്ന് അദ്ദേഹം പറയുന്നു. അപൂർവ നെൽവിത്തുകളുടെ സൂക്ഷിപ്പുകാരൻ എന്നതിനേക്കാൾ നമ്മുടെ മഹത്തായ കാർഷിക സംസ്കാരത്തിന്റെയും ജൈവ സമ്പത്തിന്റെയും പ്രതീകം കൂടിയാണ് ഈ കർഷകൻ.



നർമദാ ബച്ചാവോ ആന്ദോളൻ

നർമദ നദിക്ക് കുറുകേ അണക്കെട്ടുകൾ നിർമിക്കുന്നതിലൂടെ പദ്ധതി പ്രദേശ ത്തെ ആദിവാസികളും കർഷകരും വൻതോതിൽ കുടിയൊഴി പ്പിക്കപ്പെടുന്നതിനും അതുമൂലമുണ്ടാകുന്ന പരിസ്ഥിതി വിനാശത്തിനുമെതിരെ രൂപംകൊണ്ട പ്രസ്ഥാനമാണ് നർമദ ബചാവോ ആന്ദോളൻ (എൻ.ബി.എ) എന്ന പേരിൽ പ്രശസ്തമായിത്തീർന്നത്. 1989ൽ മേധാപട്കറുടെ നേതൃത്വത്തിലാണ് ഈ പ്രസ്ഥാനം



രൂപം കൊണ്ടത്. അഹിംസാത്മകമായ പ്രക്ഷോഭരീതി സ്വീകരിച്ചിരിക്കുന്ന ഈ പ്രസ്ഥാനത്തിൽ മനുഷ്യാവകാശ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, ശാസ്ത്രജ്ഞർ, ബുദ്ധിജീവികൾ, സാമൂഹ്യ പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവർ സജീവ പങ്കാളികളാണ്. അണക്കെട്ടിനെതിരായ സമരം ഇപ്പോഴും തുടരുന്നു. അണക്കെട്ടുനിർമാണം നിർത്തിവയ്ക്കണമെന്നും കുടിയൊഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കണമെന്നും വാദിക്കുന്ന ഗുജറാത്തിലെ ആർച്ച്വാഹിനി, നർമദ അൻസർ ഗ്രസ്ഥസമിതി, മധ്യപ്രദേശ് ആസ്ഥാനമായുള്ള നർമദ ഖാദി നവനിർമാൺ സമിതി, മഹാരാഷ്ട്രയിലെ നർമദ ധരൺ ഗ്രസ്ഥസമിതി തുടങ്ങിയ സംഘടനകളും എൻ.ബി.എ.യുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ട്.

1947ലാണ് നർമദ നദിയിലെ വെള്ളം എങ്ങനെ ഉപയോഗിക്കാമെന്ന് പഠിക്കാൻ കമ്മീഷനെ നിയോഗിച്ചത്. ഗുജറാത്ത്, മധ്യപ്രദേശ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലൂടെ കടന്നുപോകുന്ന നദിയിലെ ജലവിതരണ തർക്കം പരിഹരിക്കുന്നതിനു 1969 -ൽ നദീജല തർക്ക പരിഹാര സമിതി നിലവിൽ വന്നു. 1979 -ൽ റിപ്പോർട്ട് സമർപ്പിച്ചു.

സമിതിയുടെ നിർദേശാനുസരണം 30 വലിയ അണക്കെട്ടുകളും 135 ഇടത്തരം അണക്കെട്ടുകളും 3000 ചെറു അണക്കെട്ടുകളും നിർമിക്കാൻ തീരുമാനിച്ചു. 1984ൽ നിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഗുജറാത്തിലെ സർദാർ സരോവർ, മഹാരാഷ്ട്രയിലെ നർമദാ സാഗർ എന്നിവയാണ് പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട അണക്കെട്ടുകൾ. ലക്ഷക്കണക്കിന് ജനങ്ങളുടെ കാർഷിക, കുടിവെള്ള പ്രശ്നങ്ങൾ പദ്ധതിവഴി പരിഹരിക്കപ്പെടുമെന്നാണ് സർക്കാർ അവകാശപ്പെട്ടത്. സർക്കാരിന്റേത് അതിവാദങ്ങളാണെന്നും യഥാർഥത്തിൽ ഗുണഭോക്താക്കളെക്കാൾ ദുരിത ബാധിതരാണുണ്ടാവുകയെന്നും വിമർശകർ ചൂണ്ടിക്കാണിച്ചു. മൂന്ന് ലക്ഷം പേരെ മാറ്റിപ്പാർപ്പിക്കേണ്ടിവരുമെന്നും, ഏഴുലക്ഷം പേരുടെ ഉപജീവനമാർഗം ഇല്ലാതാവുമെന്നും വ്യക്തമാക്കപ്പെട്ടു. ദുരിത ബാധിതരുടെ മൂന്നിൽ ഒന്ന് കെവാട്സ്, ഹാർസ് എന്നീ ആദിവാസി വിഭാഗങ്ങളാണ്.

1985ൽ മേധാപട്കറും സംഘവും പദ്ധതി പ്രദേശം സന്ദർശിക്കുകയും അണക്കെട്ടുകൾ ഉണ്ടാക്കുന്ന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് സമരപരിപാടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. വലിയ വിഭാഗം ജനങ്ങൾ പദ്ധതിയുടെ ഇരകളാകുമെന്ന ആശങ്ക ഇവർ മുന്നോട്ടുവച്ചു.. പദ്ധതിയുടെ പ്രത്യാഘാതങ്ങളെക്കുറിച്ച് സൂക്ഷ്മമായ പഠനം നടത്താതെയാണ് അണക്കെട്ട് നിർമാണത്തിനൊരുങ്ങുന്നതെന്ന പരാതിയും പ്രതിഷേധക്കാർ ഉയർത്തി. ഇതേത്തുടർന്ന് പാരിസ്ഥിതിക നിബന്ധനകളുടെ ലംഘനം, സൂക്ഷ്മപഠനങ്ങളുടെയും

ആസൂത്രണത്തിന്റെയും അഭാവം എന്നീ കാരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പദ്ധതിനിർദേശം മരവിപ്പിച്ചു.

മേധാപട്കർ തുടർന്ന് പ്രക്ഷോഭ രംഗത്തിറങ്ങുകയും ഗവേഷണപഠനം ഉപേക്ഷിച്ച് പദ്ധതിബാധിതമായ മധ്യപ്രദേശിൽ നിന്ന് ആരംഭിച്ച് നർമദ താഴ്വരയിൽ അവസാനിക്കുന്ന വിധത്തിൽ അയൽ സംസ്ഥാനങ്ങളിലൂടെ 36 ദിവസം നീണ്ട ഐക്യദാർഢ്യമാർച്ച് സംഘടിപ്പിക്കുകയും ചെയ്തതോടെ നർമദാ ബച്ചാവോ ആന്ദോളൻ ലോകശ്രദ്ധ നേടി. തുടർന്നു പ്രക്ഷോഭത്തിന്റെ ഭാഗമായി മേധാ 22 ദിവസം നീണ്ട നിരാഹാരസമരം നടത്തി. 1991ൽ ലോകബാങ്ക് പദ്ധതിയെക്കുറിച്ച് സ്വതന്ത്ര അന്വേഷണം നടത്താൻ തീരുമാനിച്ചു. ബാങ്കിന്റെ നയങ്ങൾക്ക് വിരുദ്ധമായാണ് പദ്ധതിയെന്ന് വിശദീകരിച്ചുകൊണ്ട് 1995ൽ വായ്പ നല്കാനുള്ള തീരുമാനം ലോകബാങ്ക് പിൻവലിച്ചു. പദ്ധതിപ്രവർത്തനം തടയണമെന്ന് ആവശ്യപ്പെട്ട് എൻ.ബി.എ. കോടതിയെ സമീപിച്ചു. അണക്കെട്ട് നിർമാണം നിർത്തിവയ്ക്കാനും പുനരധിവാസപ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും 1995ൽ കോടതി സംസ്ഥാനസർക്കാരുകളോട് നിർദേശിച്ചു. നീണ്ട നിയമ നടപടികൾക്കുശേഷം 1999 ൽ നിർമാണപ്രവർത്തനം തുടരാൻ കോടതി അനുവദിച്ചു.

രാജ്യത്തിന്റെ വികസനവുമായി വൻകിട പദ്ധതികളെ ബന്ധപ്പെടുത്തുന്നതിനെ ആദ്യമായി ചോദ്യം ചെയ്തത് നർമദ ബചാവോ ആന്ദോളനാണ്. സ്വാതന്ത്ര്യം നേടിയതിനുശേഷം നടപ്പാക്കിയ ഡാമുകൾ അടക്കമുള്ള വൻകിട പദ്ധതികളെ സാമൂഹ്യ ചിലവുകളുടെ അടിസ്ഥാനത്തിൽ ലാഭകരമാണോ അല്ലയോ എന്ന് വിശകലനം ചെയ്യണമെന്ന വാദവും ആന്ദോളൻ മുന്നോട്ടുവച്ചു. വികസന പദ്ധതികളുടെ ഭാഗമായി കുടിയിറക്കപ്പെടുന്നവരുടെ പുനരധിവാസം, ജീവിത മാർഗങ്ങൾക്കുണ്ടാകുന്ന നഷ്ടം, പാരിസ്ഥിതിക ആഘാതങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിവേണം ഈ കണക്കെടുപ്പെന്ന ആവശ്യവും ആന്ദോളൻ ഉന്നയിച്ചു. പദ്ധതി പ്രദേശങ്ങളിലെ ജനങ്ങളുടെ അനുവാദം കൂടാതെ വൻകിട പദ്ധതികൾക്ക് അനുമതി നൽകുന്ന സർക്കാരുകളുടെ തീരുമാനങ്ങളെയും നർമദാ ബച്ചാവോ ആന്ദോളൻ ചോദ്യം ചെയ്യുന്നു. ഗാന്ധിയൻ സമരമാർഗങ്ങളിൽ അടിസ്ഥാനപ്പെടുത്തിയുള്ള ഈ പ്രക്ഷോഭങ്ങൾ ജലസത്യാഗ്രഹം പോലെയുള്ള പുതിയ മാർഗങ്ങളിലൂടെ ശ്രദ്ധയാകർഷിച്ചു.

പദ്ധതി പ്രദേശങ്ങളിൽനിന്ന് കുടിയിറക്കപ്പെട്ട ആദിവാസി മേഖലകളിൽ വിദ്യാലയങ്ങൾ, ആരോഗ്യസേവനം, ജനങ്ങളെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനാവശ്യമായ പങ്കാളിത്ത ജനാധിപത്യത്തിലെ ഇടപെടലുകൾ എന്നിവയിലൂടെ അവർ വലിയ സാമൂഹിക പ്രവർത്തനമാണ് നടത്തിവരുന്നത്. കുടിയൊഴിപ്പിക്കപ്പെട്ട മനുഷ്യർക്കും, പ്രകൃതിക്കും വേണ്ടിയുള്ള സമരങ്ങളിലൂടെ ലോകമെമ്പാടുമുള്ള നവസാമൂഹിക പ്രസ്ഥാനങ്ങൾക്ക് പ്രചോദനം നൽകിയ മുന്നേറ്റമായാണ് നർമദ ബചാവോ ആന്ദോളനെ ഇന്ന് ലോകം വിലയിരുത്തുന്നത്.

മേധാ പട്കർ

നർമ്മദാ നദിയെ രക്ഷിക്കാൻ വേണ്ടി രൂപംകൊണ്ട കൂട്ടായ്മയായ നർമ്മദ ബചാവോ ആന്ദോളൻ എന്ന സംഘടനയുടെ സ്ഥാപക നേതാവും, ദേശീയ സംഘടനയായ നാഷണൽ അലയൻസ് ഓഫ് പീപ്പിൾ മൂവ്മെന്റിന്റെ ദേശീയ കൺവീനറുമാണ് മേധാ പട്കർ. ലോകത്തെ അണക്കെട്ടുകളുടെ പാരിസ്ഥിതിക, സാമൂഹ്യ, സാമ്പത്തിക ആഘാതങ്ങളെക്കുറിച്ചു പഠിക്കുന്ന അന്താരാഷ്ട്ര സംഘടനയായ വേൾഡ് കമ്മീഷൻ ഓഫ് ഡാംസ് എന്ന സംഘടനയിൽ പ്രതിനിധി കൂടിയാണ്. 1954 ഡിസംബർ 1ന് മുംബൈയിലാണ് ജനനം. ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിൽ നിന്ന് സാമൂഹ്യ ശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടി. ജോലിയും ഗവേഷണവും ഉപേക്ഷിച്ച് മഹാരാഷ്ട്ര, മദ്ധ്യപ്രദേശ്, ഗുജറാത്ത് സംസ്ഥാനങ്ങളിലെ കർഷകരുടെയും ആദിവാസികളുടെയും ഉന്നമനത്തി നായുള്ള പ്രക്ഷോഭങ്ങളിൽ പങ്കെടുത്തു. ഇതിന്റെ തുടർച്ചയായി നർമ്മദ ബചാവോ ആന്ദോളൻ എന്ന സംഘടനയുടെ രൂപവത്കരണത്തിനു നേതൃത്വം നൽകി. നർമ്മദ നദിയ്ക്കും അതിന്റെ പോഷകനദികൾക്കും കുറുകെ പല സ്ഥലങ്ങളിലായി നിർമ്മിച്ചുകൊണ്ടിരുന്ന അണക്കെട്ടുകളുടെ പദ്ധതി ബാധിതപ്രദേശങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളിൽ ഇടപെട്ടുകൊണ്ടായിരുന്നു പരിസ്ഥിതി പ്രശ്നങ്ങളിൽ സജീവമാകുന്നത്. പദ്ധതി ബാധിതരായ പത്തു ലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാരത്തിനും അവരുടെ പുനരധിവാസത്തിനുംവേണ്ടി മേധ സംഘടിപ്പിച്ച സമരങ്ങൾ ദേശീയ ശ്രദ്ധ ആകർഷിച്ചു. പരിസ്ഥിതി-സാമൂഹ്യ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് നിരവധി ബഹുമതികൾ നേടിയിട്ടുണ്ട്.



ഇന്ത്യൻ പരിസ്ഥിതി പ്രസ്ഥാനങ്ങളും ഗാന്ധിജിയും

ഇന്ത്യയിലെ എല്ലാ ജനമുന്നേറ്റങ്ങൾക്കും ഇന്നും വഴിവിളക്കായി നിൽക്കുന്നതു ഗാന്ധിജിയുടെ ജീവിതവും അത് നൽകുന്ന സന്ദേശവുമാണ്. ഇന്ത്യയിലെ പരിസ്ഥിതിക്കു വേണ്ടിയുള്ള മുന്നേറ്റങ്ങളിൽ അദ്ദേഹത്തിന്റെ ജീവിതവും ദർശനവും ആഴത്തിൽ സ്വാധീനം ചെലുത്താനായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇന്ത്യൻ പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ ആത്മീയാചാര്യൻ എന്നു ഗാന്ധിജിയെ വിശേഷിപ്പിക്കാം. ഗാന്ധിയൻ സമരമാർഗങ്ങളായ അഹിംസയെയും സത്യാഗ്രഹത്തെയും അടിസ്ഥാനപ്പെടുത്തിയാണ് ചിപ്കോ മുതൽ നർമദാ ബചാവോ ആന്ദോളൻ വരെയുള്ള പരിസ്ഥിതി മുന്നേറ്റങ്ങൾ രൂപപ്പെടുത്തിയത്. പരിസ്ഥിതി പ്രശ്നങ്ങളുടെ മൂലകാരണമായ ആധുനിക നാഗരികതയെ ഗാന്ധിജി മുന്നോട്ടുവച്ച ആശയങ്ങളിൽ ഊന്നിയാണ് ഇവർ വിമർശിച്ചതും. ഈ പ്രസ്ഥാനങ്ങളെല്ലാം തന്നെ പിന്നീട് ഗാന്ധിയൻ അഹിംസയുടേയും സമാധാനസ്ഥാപനത്തിന്റെയും പ്രത്യക്ഷമായ ആവിഷ്കാരങ്ങളായി മാറുകയും ചെയ്തു.

ഇന്ത്യയിൽ 1970-കളിലാണ് പരിസ്ഥിതി പ്രസ്ഥാനങ്ങൾ സജീവമായിത്തുടങ്ങിയത്. ഇവരുടെ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ തലങ്ങളെയും വിവിധ രീതികളിൽ സ്പർശിക്കുകയും സ്വാധീനം ചെലുത്തുകയും ചെയ്തു. പ്രകൃതി വിഭവങ്ങളുടെ മേലുള്ള ജനങ്ങളുടെ അവകാശങ്ങളുടെ സംരക്ഷണം, മണ്ണ് നശീകരണം തടയുക, പ്രകൃതി വിഭവങ്ങളുടെ വാണിജ്യവൽക്കരണത്തെയും പരിസ്ഥിതി മലിനീകരണത്തെയും എതിർക്കുക, പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുക, കുടിയൊഴിപ്പിക്കപ്പെട്ട ജനതയുടെ പുനരധിവാസം ഉറപ്പാക്കുക എന്നിവയായിരുന്നു ഈ പ്രസ്ഥാനങ്ങൾ ഉയർത്തിക്കാട്ടിയ പ്രധാന പ്രശ്നങ്ങൾ. ജനങ്ങൾക്കിടയിൽ പാരിസ്ഥിതിക അവബോധം വളർത്തുന്നതിലും സമരങ്ങളിൽ ചില നിർണായക വിജയങ്ങൾ നേടുന്നതിലും ഈ പ്രസ്ഥാനങ്ങൾക്കു കഴിഞ്ഞു. നമ്മുടെ ജനാധിപത്യത്തിന്റെ ഭാഗങ്ങളായി ഈ പ്രസ്ഥാനങ്ങളെല്ലാം ഇന്ന് മാറിക്കഴിഞ്ഞു. സാമൂഹിക- പാരിസ്ഥിതിക മുന്നേറ്റങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തത്തിനും ശാക്തീകരണത്തിനും ഈ പ്രസ്ഥാനങ്ങൾ വഴിതെളിക്കുകയും ചെയ്തു.

ജോൺസിയെന്ന ഹരിതദർശനം

കേരളത്തിലെ പരിസ്ഥിതി പ്രവർത്തകരുടെ ആചാര്യൻ എന്ന് വിശേഷണത്തിനർഹനാണ് ജോൺസിയെന്നറിയപ്പെട്ടിരുന്ന ജോൺ സി. ജേക്കബ്. ഋഷിതുല്യമായ ജീവിതം നയിച്ച ആ പ്രകൃതിസ്നേഹിയാണ് കേരളത്തിൽ പരിസ്ഥിതി വാദത്തിന്റെ വിത്തുപാകിയത്. 1979 ൽ അദ്ദേഹം സ്ഥാപിച്ച സീക്ക് (സൊസൈറ്റി ഫോർ എൻവിറോൺ മെന്റൽ എജ്യുക്കേഷൻ ഇൻ കേരള) കേരള പാരിസ്ഥിതിക ചരിത്രത്തിൽ അവഗണിക്കാനാവാത്ത സംഭാവനകൾ നൽകിയ സംഘടനയാണ്. 1986ൽ ഒരേ ഭൂമി ഒരേ ജീവൻ എന്ന പ്രസ്ഥാനവും, പ്രസിദ്ധീകരണവും തുടർന്ന് പ്രതിഷ്ഠാനം കൂട്ടായ്മയും ആരംഭിച്ചു. 1936ൽ കോട്ടയം ജില്ലയിലെ കുറിച്ചിയിൽ ജനിച്ച അദ്ദേഹം വിദ്യാർഥിയായിരിക്കെ പ്രകൃതി നിരീക്ഷണത്തിൽ തല്പരനായിരുന്നു. അദ്ധ്യാപകനായിരിക്കെ സ്വന്തം വിദ്യാർഥികളെ വനങ്ങളിലും കടൽത്തീരത്തും ദ്വീപുകളിലും കൊണ്ടുപോയി പ്രകൃതിയുടെ പാഠങ്ങൾ പഠിപ്പിച്ചു. 1977ൽ ദക്ഷിണേന്ത്യയിലെ ആദ്യത്തെ പ്രകൃതി സഹവാസ ക്യാമ്പ് ഏഴിമലയിൽ സംഘടിപ്പിച്ചു. തുടർന്ന് ദക്ഷിണേന്ത്യയിലെ വിവിധ ഇടങ്ങളിൽ നിരവധി ക്യാമ്പുകൾ സംഘടിപ്പിക്കാൻ നേതൃത്വം നൽകി. മലയാളത്തിലെ ആദ്യത്തെ പാരിസ്ഥിതിക പ്രസിദ്ധീകരണമായ 'മൈന'യ്ക്കു ആരംഭം കുറിച്ചു. 1981 ൽ ആദ്യത്തെ പരിസ്ഥിതി മാസികയായ 'സൂചിമുഖി' ആരംഭിച്ചു. 1995 ൽ തുടങ്ങിയ പ്രസാദം മാസിക 2008 ഒക്ടോബർ 11 ൽ അദ്ദേഹം മരിക്കുന്നതു വരെ തുടർന്നു.



2012-ൽ വയനാട്ടിലെ ചെമ്പ്ര വെള്ളാർമല നിരകളിലെ കാട്ടിമട്ടം പ്രദേശത്തു നിന്നു കണ്ടെത്തിയ ബാൾസമിനേസി സസ്യകുടുംബത്തിലെ നിത്യഹരിത വനങ്ങളിലെ മരങ്ങളിൽ പറ്റിപ്പിടിച്ചു വളരുന്ന സസ്യത്തിന് ജോൺസിയുടെ സ് മരണാർഥം ഇംപേഷ്യൻസ് ജോൺസിയാന എന്ന് നാമകരണം ചെയ്യപ്പെട്ടിട്ടുണ്ട്.

പഠനപുരോഗതി വിലയിരുത്താം – പൂരിപ്പിക്കുക

9) ഹരിത പാർട്ടികൾക്ക് തുടക്കം കുറിച്ചതെവിടെ
(യൂറോപ്പ്, ഇന്ത്യ, അമേരിക്ക)

10) ചിപ്കോ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയതാര്
(സുന്ദർലാൽ ബഹുഗുണ, മേധ പട്കർ, ഇന്ദിരാ ഗാന്ധി)

11) നവധാന്യ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചതാര്
(സുന്ദർലാൽ ബഹുഗുണ, മേധ പട്കർ, വന്ദന ശിവ)

12) രാജ്യത്തിന്റെ വികസനവുമായി വൻകിട പദ്ധതികളെ ബന്ധപ്പെടുത്തുന്നതിനെ ആദ്യമായി ചോദ്യം ചെയ്ത പദ്ധതി
(നർമദ ബച്ചാവോ ആന്ദോളൻ, നവധാന്യ, ചിപകോ പ്രസ്ഥാനം)

പരിസ്ഥിതിവാദം: പുതുവഴികൾ

പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റിയുള്ള ചിന്തകൾ 1960-കളിലാണു ലോകത്ത് ആരംഭിക്കുന്നത്. പരിസ്ഥിതി നശീകരണത്തെയും അതിന്റെ കാരണങ്ങളെയും പ്രത്യാഘാതങ്ങളെയും കുറിച്ചുള്ള ശാസ്ത്രീയമായ അറിവുകളാണ് ഈ ചിന്തകൾക്ക് അടിസ്ഥാനമിട്ടത്. മനുഷ്യൻ പരിസ്ഥിതിയെ സമീപിക്കുന്ന രീതികളിൽ മാറ്റം വരുത്തണമെന്ന ആശയങ്ങൾക്ക് ഇതു ശക്തികൂട്ടുകയും ചെയ്തു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി നിരവധി പുതിയ ആശയ സംഹിതകൾ രൂപപ്പെടുന്നതിന് ഇതു കാരണമായിത്തീർന്നു.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ഈ രണ്ടാം ദശകപാതിയിൽ നമ്മൾ പാരിസ്ഥിതിക പ്രതിസന്ധികളെക്കുറിച്ച് ഏറെ വ്യാകുലപ്പെടുമ്പോൾ തീർച്ചയായും റേച്ചൽ കേഴ്സൺ എന്ന മഹത്വനിതയും അവരുടെ നിശബ്ദവസന്തം അഥവാ സൈലന്റ് സ്പ്രിങ് എന്ന കൃതിയും പരാമർശിക്കപ്പെടാതിരിക്കാൻ സാധ്യമല്ല. 1962- ലാണ് കീടനാശിനികളുടെ അമിതോപയോഗം വരുത്തുന്ന ദൂഷ്യവശങ്ങൾ ചൂണ്ടിക്കാണിക്കുന്ന കേഴ്സണിന്റെ സൈലന്റ് സ്പ്രിങ് എന്ന പുസ്തകം പുറത്തിറങ്ങിയത്. ആധുനിക പരിസ്ഥിതി മുന്നേറ്റങ്ങൾക്ക് തുടക്കം കുറിക്കപ്പെടുന്നത് ഇവിടെ നിന്നുമാണ്.

വർധിച്ചുവരുന്ന മനുഷ്യ ജനസംഖ്യ ഉയർത്തുന്ന ആശങ്കകൾ പങ്കുവച്ച, പോൾ-ആനി എർലിച്ചുമാർ രചിച്ച് 1968-ൽ പുറത്തിറങ്ങിയ പോപ്പുലേഷൻ ബോംബ് എന്ന പുസ്തകം പരിസ്ഥിതിയെ കൂടുതൽ പരിഗണിക്കേണ്ടതാണെന്ന ചിന്തകൾ വ്യാപകമാകുന്നതിനു കാരണമായി. ജനസംഖ്യാപെരുപ്പം ഉപഭോഗം വർധിപ്പിക്കുന്നതിനും ഇതിനായുള്ള മനുഷ്യ പ്രവൃത്തികൾ കാലാവസ്ഥയ്ക്കും ആവാസ വ്യവസ്ഥിതിയ്ക്കും

ഗുരുതരമായ ആഘാതമേൽപ്പിക്കുകയും ചെയ്യുമെന്ന ആശങ്കയാണ് ഈ പുസ്തകം മുന്നോട്ടുവച്ചത്.

1968-ൽ വിവിധ വിഭാഗങ്ങളിൽനിന്നുള്ള ശാസ്ത്രജ്ഞർ റോമിൽ ഒത്തുചേരുകയും ലോകത്തിന്റെ ഭാവിയെക്കുറിച്ചും സാമ്പത്തിക വളർച്ചയെ വർധിച്ച് വരുന്ന ഉപഭോഗത്തിനെപ്പറ്റിയും ചർച്ച നടത്തുകയുണ്ടായി. ഈ യോഗം പിന്നീട് ക്ലബ് ഓഫ് റോം എന്ന പേരിൽ അറിയപ്പെട്ടു. ഇറ്റാലിയൻ വ്യവസായിയായിരുന്ന ഒറേലിയ പാർസ്യയും സ്കോട്ടിഷ് ശാസ്ത്രജ്ഞനായ അലക്സാണ്ടർ കിംഗുമായിരുന്നു ഇതിനു ചുക്കാൻ പിടിച്ചത്. തുടർന്ന് ഈ യോഗത്തിന്റെ തുടർച്ചയായി അമേരിക്കയിലെ മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ (എം.ഐ.ടി.) ഡോണെല്ല മെഡോസ്, ഡെനിസ് മെഡോസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ക്ലബ് ഓഫ് റോമിന്റെ ആവശ്യപ്രകാരം നടത്തിയ അതിബൃഹത്തായ പഠനവും അതിന്റെ കണ്ടെത്തലുകളും 1972-ൽ ദി ലിമിറ്റ്സ് ഓഫ് ഗ്രോത്ത് എന്ന പ്രശസ്തമായ പുസ്തകമായി പ്രസിദ്ധീകരിക്കപ്പെട്ടു. മനുഷ്യൻ ഇതേവരെ ചെയ്തിരുന്നത് അതേപടി നടക്കുകയാണെങ്കിൽ വരുന്ന ഒന്നൊന്നര നൂറ്റാണ്ടിലെ അവന്റെ ജീവിതവുമായി ബന്ധപ്പെട്ട അവശ്യ ഘടകങ്ങൾ എങ്ങനെ മാറും എന്നതായിരുന്നു ഈ പഠനത്തിന്റെ അടിസ്ഥാനം. ആദ്യം എല്ലാം വളർന്നു കൊണ്ടിരിക്കും. പക്ഷേ വളർച്ച, ദുരന്തം, തളർച്ച എന്ന രീതിയിൽ ആയിരിക്കും അനുഭവപ്പെടുക എന്ന ഞെട്ടിക്കുന്ന അറിവായിരുന്നു ഈ പഠനം പുറത്തുവിട്ടത്. പരിസ്ഥിതിയെയും അതിന്റെ ഭാവിയെയും പറ്റി മനുഷ്യൻ കൂടുതൽ ചിന്തിക്കേണ്ടതുണ്ടെന്ന ചർച്ചകൾ ലോകമെമ്പാടും വ്യാപിക്കുന്നതിന് ഈ പഠനം കാരണമായിത്തീർന്നു.

ലോകത്ത് ഇതേത്തുടർന്ന് രൂപപ്പെട്ട പരിസ്ഥിതിയോടുള്ള ആഭിമുഖ്യം ഗ്രീൻപീസ്, ഫ്രണ്ട്സ് ഓഫ് എർത്ത് എന്നീ സംഘടനകൾ രൂപം കൊള്ളുന്നതിനു കാരണമായി. 1970-ലെ വസന്തത്തിലെ ആദ്യ ദിനമായ മാർച്ച് 21-നു അമേരിക്കയിലെ സാൻഫ്രാൻസിസ്കോയിലും മറ്റ് ചില നഗരങ്ങളിലും ആചരിച്ച ഭൗമദിനം ഈ മുന്നേറ്റങ്ങളുടെ ചരിത്രത്തിലെ നാഴികക്കല്ലായി മാറി. പരിസ്ഥിതി വിഷയങ്ങളിൽ അവബോധം വളർത്തുക എന്ന ലക്ഷ്യമിട്ടായിരുന്നു ഈ ദിനാചരണം ആരംഭിച്ചത്. ഐക്യരാഷ്ട്ര സഭയുടെ പരിസ്ഥിതി പരിപാടികളുടെ ഭാഗമായി ഭൂമിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനായി നടപ്പാക്കേണ്ട പ്രവൃത്തികളെപ്പറ്റി സാർവത്രിക അവബോധം വളർത്തുക എന്ന ലക്ഷ്യം വച്ച് പരിസ്ഥിതി ദിനാചരണത്തിന് 1973- ജൂൺ 5ന് തുടക്കമായി. ഇത്തരത്തിൽ പരിസ്ഥിതി പ്രതിസന്ധികളെപ്പറ്റിയും അവ മറികടക്കാൻ പുതിയ മാർഗങ്ങൾ വേണമെന്നുമുള്ള ആശയങ്ങൾ ലോകമെമ്പാടും വ്യാപിക്കുന്നതിന് ഈ പ്രവർത്തനങ്ങൾ വഴിയൊരുക്കി. ഇതു പിന്നീട് പ്രകൃതിയും മനുഷ്യനും തമ്മിൽ ആരോഗ്യകരമായ ബന്ധം ഏതുരീതിയിലാണ് രൂപപ്പെടുത്തേണ്ടതെന്നതിനെപ്പറ്റിയുള്ള പുതിയ ആശയങ്ങൾ ഉയർന്നുവരുന്നതിനിടയാക്കി. ഡീപ് ഇക്കോളജി അഥവാ ഗാഢ പരിസ്ഥിതിവാദം, എൻവയോൺമെന്റൽ ആൻഡ് ഇക്കോളജിക്കൽ എക്കണോമിക്സ് അഥവാ പാരിസ്ഥിതിക - ജൈവ സാമ്പത്തികശാസ്ത്രം, അപ്രോപ്രിയേറ്റ് ടെക്നോളജി അഥവാ അനുയോജ്യ സാങ്കേതിക വിദ്യ എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്.

നിശബ്ദ വസന്തം

ലോകമെമ്പാടുമുള്ള പരിസ്ഥിതിസ്നേഹികളുടെ 'ബൈബിൾ' എന്നു വിശേഷിപ്പിക്കാവുന്ന കൃതിയാണ് സൈലന്റ് സ്പ്രിങ്. പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി മേരിക്കൻ സമുദ്രജീവി ശാസ്ത്രജ്ഞയായ റേച്ചൽ കേഴ്സൺ എഴുതിയ 'സൈലന്റ് സ്പ്രിങ്ങ്' ആധുനിക പരിസ്ഥിതി വാദത്തിന് അടിത്തറയിട്ടു. കൃഷിപരിപാലന മുറകളിൽ കീടനാശിനികളായ ഡി.ഡി.റ്റി. മുതലായ രാസവസ്തുക്കൾ വ്യാപകമായി ഉപയോഗിക്കുന്നത് വന്യ ജീവികളേയും അവയുടെ ആവാസ സ്ഥാനങ്ങളേയും പ്രതികൂലമായി ബാധിക്കുമെന്നും അതു മാനവരാശിയുടെ നിലനിൽപ്പിനു തന്നെ ഭീഷണിയായത്തീരു മെന്നുമുള്ള അവബോധം ജനങ്ങൾക്കും സർക്കാരു കൾക്കും നൽകാനായി ട്ടാണ് അവർ ഈ പുസ്തകം രചിച്ചത്. അമേരിക്കയിൽ 1972-ൽ ഡി.ഡി.റ്റി. നിരോധിക്കു ന്നതിനും മറ്റുകീടനിശിനികളുടെ ഉപയോഗത്തിൽ നിയന്ത്രണമേർപ്പെടു ത്തുന്നതിനും പുസ്തകം കാരണമായി. മനുഷ്യാരോഗ്യവും പരിസ്ഥിതിയും സംരക്ഷിക്കാനായി 1970ൽ രൂപം കൊണ്ട പരിസ്ഥിതി സംരക്ഷണ സമിതി എന്ന അമേരിക്കൻ സംരംഭത്തിനും പ്രചോദനമായിത്തീർന്നു റേച്ചലിന്റെ തൂലിക.



1907 മേയ് 27 ന് പെൻസിൽവാനിയയിൽ ജനിച്ച കേഴ്സൺ ജീവശാസ്ത്രത്തിലും മറൈൻ ബയോളജിയിലുമായിരുന്നു ഉപരിപഠനം നടത്തിയത്. ജോൺസ് ഹോപ്കിൻസ് സർവ്വകലാശാലയിലെയും വുഡ്സ് ഹോൾ പരീക്ഷണ ശാലയിലെയും അനുഭവങ്ങൾ റേച്ചലിന്റെ അന്വേഷണ ത്വരയ്ക്കു കരുത്തു പകർന്നു. ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ ശാസ്ത്രജ്ഞയായിരുന്ന കേഴ്സന്റെ മറ്റു പ്രധാന കൃതികൾ Under the Seawind, The Sea Around Us, The Edge of the Sea എന്നിവയാണ്. പുസ്തകത്തിന്റെ ആദ്യപ്രതി പുറത്തുവന്നത് 1962 സെപ്തംബർ 27നായിരുന്നു. ഡി.ഡി.റ്റി പോലുള്ള മാരകകീടനാശിനികൾ പരിസ്ഥിതിയിലുണ്ടാക്കുന്ന മാരകഫലങ്ങളെക്കുറിച്ച്, പക്ഷികൾ പാടാതാവുന്ന ഒരു കാലത്തെക്കുറിച്ച് മുന്നറിയിപ്പുതരുന്നത്ര ലളിതമായി പറഞ്ഞത് ഈ പുസ്തകത്തിലായിരുന്നു. ഇൻസെക്ട് ബോംബ് എന്ന വിളിപ്പേരുമായി അമേരിക്കയിലെത്തിയ ഡി.ഡി.റ്റി 1945 കളിൽ വിമാനമാർഗ്ഗം ജനവാസ കേന്ദ്രങ്ങളുൾപ്പെടെയുള്ള പ്രദേശങ്ങളിൽ തളിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. ഇത് പരിസ്ഥിതിയുടെ നാശത്തിന് ആക്കംകൂട്ടി. ഇതിനെതിരായ കേസുകൾ പരാജയപ്പെട്ടപ്പോൾ 1958 ജനുവരിയിൽ ദ ബോസ്റ്റൺ ഹെറാൾഡ് എന്ന ദിനപ്പത്രത്തിൽ അച്ചടിച്ചുവന്ന പ്രശ്ന സംബന്ധിയായ ഒരു കത്തിന്റെ പകർപ്പ് ഓൾഗാ ഓവൻസ് ഹക്കിൻസ് എന്നയാൾ കാഴ്സണ് അയച്ചുകൊടുത്തു. ഈ കത്താണ് സൈലന്റ് സ്പ്രിംഗ്

എഴുതുന്നതിന് അവർക്ക് പ്രചോദനമായത്. നവപാരിസ്ഥിതിക ചിന്തകളുടെ തരംഗം സൃഷ്ടിച്ച് നിശ്ശബ്ദ വസന്തം ലോകം മുഴുവൻ ചർച്ചാവിഷയമായി. 1964 ഏപ്രിൽ 14 ന് കേഴ്സൺ വിടവാങ്ങി. തന്റെ പ്രവർത്തനങ്ങൾ ലോകത്തിനു പുതിയ തിരിച്ചറിവുകൾ നൽകും എന്ന ശുഭാപ്തി വിശ്വാസം റേച്ചൽ എന്നും കാത്തുസൂക്ഷിച്ചിരുന്നു.

പഠനപ്രവർത്തനം

റേച്ചൽ കേഴ്സൺ എഴുതിയ 'സൈലന്റ് സ്പ്രിങ്ങ്' എന്ന പുസ്തകത്തിന്റെ മലയാള പരിഭാഷയായ നിശബ്ദ വസന്തത്തെക്കുറിച്ച് ചർച്ച സംഘടിപ്പിച്ച് വിശകലനക്കുറിപ്പ് തയാറാക്കുക

ഗാഢപരിസ്ഥിതിവാദം

മനുഷ്യനുൾപ്പെടെ കോടി ക്കണക്കിന് ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥ ഉൾക്കൊള്ളുന്നതാണ് ഭൂമി. പരിസ്ഥിതി വിജ്ഞാനത്തിനപ്പുറത്ത് ഈ ജീവജാലങ്ങൾ തമ്മിൽ ആന്തരിക പാരസ്പര്യത്തിന്റെ ഒരു അതീന്ദ്രിയ തലം ഉണ്ടെന്ന ആശയമാണ് ഡീപ് ഇക്കോളജി അഥവാ ഗാഢപരിസ്ഥിതിവാദം മുന്നോട്ടുവയ്ക്കുന്നത്. സമകാലിക പരിസ്ഥിതി തത്വശാസ്ത്രങ്ങളിൽ പ്രമുഖസ്ഥാനമാണ് ഗാഢപരിസ്ഥിതി വാദത്തിനുള്ളത്. നോർവീജിയൻ തത്വചിന്തകനായ ആർനെ നെസ് ആണ് 1972-ൽ ഈ ആശയം ആദ്യമായി അവതരിപ്പിച്ചത്. ദി ഷാലോ ആൻഡ് ദി ഡീപ് : ലോംഗ് റേഞ്ച് ഇക്കോളജി മൂവ്മെന്റ് എന്ന പ്രബന്ധത്തിലൂടെയായിരുന്നു നെസ് ഡീപ് ഇക്കോളജി എന്ന ആശയത്തെ ലോകത്തിനു മുന്നിൽ വച്ചത്. പ്രകൃതിയോടുള്ള മനുഷ്യന്റെ സമീപനത്തിൽ വലിയ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന ആശയമാണ് ഡീപ് ഇക്കോളജിയിലൂടെ നെസ് അവതരിപ്പിക്കുന്നത്. ഭൂമിയിലെ കോടാനുകോടി ജീവജാലങ്ങളിൽ ഒന്നു മാത്രമാണ് മനുഷ്യനെന്നും പ്രകൃതിയുമായുള്ള നമ്മുടെ ഏകത്വം തിരിച്ചറിയുന്നതിലൂടെ മാത്രമേ മനുഷ്യകുലത്തിനു ആത്മസാക്ഷാത്കാരം കൈവരിക്കാനാകൂ എന്നും ഡീപ് ഇക്കോളജിയിലൂടെ നെസ് ലോകത്തോടു പറയുന്നു.



മനുഷ്യകേന്ദ്രീകൃതമായാണ് പരിസ്ഥിതി ചിന്തകൾ ലോകമെമ്പാടും ചർച്ച ചെയ്യപ്പെടുന്നത്. പരിസരമലിനീകരണം, വനനശീകരണം, ജലദൗർലഭ്യം തുടങ്ങിയുള്ള പരിസ്ഥിതി പ്രശ്നങ്ങളെല്ലാം മനുഷ്യനെ എങ്ങനെ ബാധിക്കും എന്നതിനെക്കുറിച്ചുള്ള ആശങ്കകളാണ് പരിസ്ഥിതി ചിന്തകളിൽ എപ്പോഴും ഉയർന്നു വരാറുള്ളത്. മനുഷ്യരുടെ സുഖസൗകര്യങ്ങൾ ഒരുക്കുന്ന ഒരു ഉപകരണമായി പരിസ്ഥിതിയെ കണ്ടുകൊണ്ടാണ് ഈ ചിന്തകളെല്ലാം മുന്നോട്ടുപോകുന്നത്. എന്നാൽ മനുഷ്യന്റെ താത്പര്യങ്ങളെ അടിസ്ഥാനമാക്കിയല്ല പരിസ്ഥിതി പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടത് എന്ന ദർശനമാണ് ഗാഢപരിസ്ഥിതി വാദം മുന്നോട്ടുവയ്ക്കുന്നത്.

ഗാന്ധപരിസ്ഥിതിവാദമനുസരിച്ച് ജീവജാലങ്ങൾക്കിടയിൽ ശ്രേണീചിന്ത പാടില്ല. ഓരോ ജീവിക്കും അതിന്റേതായ തനിമയും അവകാശവും വ്യക്തിത്വവുമുണ്ട്. മനുഷ്യന് നേരിട്ടു പ്രയോജനപ്പെടുന്നതാണെങ്കിലും അല്ലെങ്കിലും ഓരോന്നിനും അതാതിന്റെ പാരിസ്ഥിതികമായ സ്ഥാനവും ബന്ധവുമുണ്ട്. സൂക്ഷ്മജീവികൾ മുതൽ കൂറ്റൻ തിമിംഗലങ്ങൾ വരെ ഓരോന്നിനുമുള്ള തനതു മൂല്യത്തെയാണ് അല്ലാതെ, മനുഷ്യൻ ജീവികൾക്കിടയിൽ സൃഷ്ടിക്കുന്ന മുൻഗണനാ ക്രമങ്ങളും ലാഭനഷ്ടക്കണക്കുകളുമല്ല നാം പരിഗണിക്കേണ്ടതെന്ന വാദമാണ് ഗാന്ധപരിസ്ഥിതിവാദികൾ ഉയർത്തുന്നത്.

ഡീപ് ഇക്കോളജി എന്ന പരിസ്ഥിതി വിജ്ഞാന ശാഖയ്ക്ക് രൂപം നൽകിയതിനു തന്നെ ഏറ്റവും സ്വാധീനിച്ചതു മഹാത്മാ ഗാന്ധിയാണെന്നു നെസ് വ്യക്തമാക്കിയിട്ടുണ്ട്. ഗാന്ധിയൻ ആശയങ്ങളായ സമസ്ത ജീവജാലങ്ങളുടേയും ഏകത്വം, അഹിംസ എന്നിവയിലൂടെ ഗാന്ധിജി പരിസ്ഥിതി തത്വശാസ്ത്രത്തിന് ഉറച്ച അടിത്തറ പാകിയെന്നു നെസ് പറയുന്നു. ഡീപ് എക്കോളജി എന്ന ആശയം രൂപപ്പെടുന്നതിനു എത്രയോ കാലം മുമ്പുതന്നെ ഗാന്ധിജി ലളിത ജീവിതത്തെക്കുറിച്ചും പ്രകൃതിയുമായി പുലർത്തേണ്ട ബന്ധത്തെക്കുറിച്ചും എഴുതുകയും നിത്യജീവിതത്തിൽ പരീക്ഷിക്കുകയും ചെയ്തിരുന്നു. മനുഷ്യന്റെ പ്രകൃതിയുമായുള്ള അത്യഗാധമായ ബന്ധത്തെക്കുറിച്ചുള്ള സൂചനകൾ അദ്ദേഹത്തിന്റെ രചനകളിലുടനീളം നമുക്ക് കണ്ടെത്താനാകും. ഡീപ് ഇക്കോളജി അടക്കമുള്ള പരിസ്ഥിതി ചിന്തകൾ മുന്നോട്ടുവയ്ക്കുന്നത് ഇതേ ആശയങ്ങളാണ്. ചുരുക്കത്തിൽ ഗാന്ധപരിസ്ഥിതിവാദം അടക്കമുള്ള സമീപകാല പരിസ്ഥിതി ചിന്തകൾക്കുപോലും നിദാനമായിട്ടുള്ളത് ഗാന്ധിയൻ ആശയങ്ങളാണെന്നു നമുക്ക് പറയാൻ കഴിയും.

ഇക്കോളജിക്കൽ ആൻഡ് എൻവിയോൺമെന്റൽ ഇക്കണോമിക്സ്

സാമ്പത്തികശാസ്ത്രവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധങ്ങളെപ്പറ്റി ചർച്ച ചെയ്യുന്ന രണ്ട് പ്രധാനപ്പെട്ട വിജ്ഞാന ശാഖകളാണ്. പരിസ്ഥിതിവിജ്ഞാന സാമ്പത്തിക ശാസ്ത്രവും(ഇക്കോളജിക്കൽ ഇക്കണോമിക്സ്) പരിസ്ഥിതി സാമ്പത്തിക ശാസ്ത്രവും. സാമ്പത്തിക വളർച്ചയെ അടിസ്ഥാനപ്പെടുത്തി മുന്നോട്ടുപോകുന്ന ഇന്നത്തെ ലോകക്രമത്തിൽ ഉൽപ്പാദനം, ഉപഭോഗം എന്നിവയെ മാത്രം അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക ശാസ്ത്രമല്ല മറിച്ച് പ്രകൃതിയെക്കൂടി പരിഗണിക്കുന്ന ബദൽ സാമ്പത്തിക ശാസ്ത്ര ചിന്തകൾ ആവശ്യമാണെന്ന ചിന്തയാണ് ഈ ആശയങ്ങൾക്ക് ആധാരം

പരിസ്ഥിതി വിജ്ഞാന സാമ്പത്തികശാസ്ത്രം (Ecological Economics)

സാമ്പത്തികശാസ്ത്രത്തെ പരിസ്ഥിതിയുടെ ഭാഗമായിത്തന്നെ കാണുകയും മനുഷ്യ വികാസത്തിന് അനുഗുണമാകുന്ന തലത്തിലേക്കു വളർത്തിയെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പഠനശാഖയാണ് പരിസ്ഥിതി വിജ്ഞാന സാമ്പത്തിക ശാസ്ത്രം. ഭൂമിയുടെ സ്വാഭാവിക ആവാസ വ്യവസ്ഥിതിയെയും മാനുഷിക മൂല്യങ്ങളെയും ആരോഗ്യത്തെയും സുസ്ഥിരതയെയും മെച്ചപ്പെടുത്തുന്നതിനായി സാമ്പത്തിക ശാസ്ത്രത്തെ വികസിപ്പിച്ചെടുക്കുക എന്നതാണ് പരിസ്ഥിതി വിജ്ഞാന സാമ്പത്തിക ശാസ്ത്രത്തിന്റെ പ്രധാന ഉദ്ദേശ്യം. മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധത്തെ ശാസ്ത്രീയമായി മനസിലാക്കി പ്രകൃതിയെ അസ്ഥിരപ്പെ

ടുത്താതെ വിഭവങ്ങളുടെ തുല്യവിതരണം ഉറപ്പാക്കുക എന്നതും ഈ സാമ്പത്തിക ശാസ്ത്രത്തിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

പരിസ്ഥിതി സാമ്പത്തിക ശാസ്ത്രം (Environmental Economics)

വികസനത്തിനായി മനുഷ്യൻ പ്രകൃതിയിൽ നടത്തുന്ന ഇടപെടലുകളിൽ ഒരേസമയം സാമ്പത്തിക ശാസ്ത്രത്തിന്റെയും പരിസ്ഥിതിയുടേയും മൂല്യം കണക്കാക്കി ലാഭനഷ്ടങ്ങൾ കണക്കാക്കുന്ന സാമ്പത്തികശാസ്ത്ര ശാഖയാണ് പരിസ്ഥിതി സാമ്പത്തിക ശാസ്ത്രം. വികസന പ്രവർത്തനങ്ങൾ പരിസ്ഥിതിക്കേൽപ്പിക്കുന്ന ആഘാതങ്ങൾ കണക്കാക്കി അതിന്റെ സാമ്പത്തിക മൂല്യത്തെ അടിസ്ഥാനപ്പെടുത്തി പദ്ധതികൾ ലാഭകരമാകുമോയെന്നുള്ള പഠനവും ഈ സാമ്പത്തിക ശാസ്ത്രശാഖ ലക്ഷ്യം വയ്ക്കുന്നു. ആധുനിക സാമ്പത്തികശാസ്ത്രം വളർച്ചയുടെ അളവുകോലുകൾ പരിഗണിക്കുമ്പോൾ പരിസ്ഥിതിയെ ഇന്നും ഒരു ഘടകമായി കണക്കുകൂട്ടുന്നില്ല. വികസനത്തിന്റെ പരിസ്ഥിതി ചെലവുകളായ മലിനീകരണം, പ്രകൃതി വിഭവങ്ങളുടെ ശോഷണം വഴിയുണ്ടാകുന്ന നഷ്ടം തുടങ്ങിയവ മുഖ്യധാരാ സമ്പദ്ശാസ്ത്രത്തിന്റെ അളവുകോലുകൾക്കു പുറത്താണ് ഇന്നും ഇടംപിടിച്ചിരിക്കുന്നത്. ഈ ചെലവുകളെ കണക്കിലെടുക്കുന്ന സാമ്പത്തികശാസ്ത്ര ശാഖയെന്നതാണ് പരിസ്ഥിതി സാമ്പത്തിക ശാസ്ത്രത്തിന്റെ പ്രസക്തി. ഭൂമിയുടെ നിലനിൽപ്പിനു പരിസ്ഥിതിയുടെ സംരക്ഷണം അനിവാര്യമാണെന്ന നിലയ്ക്ക് വികസനത്തിനൊപ്പം അതു പ്രകൃതിയിൽ വരുത്തുന്ന മാറ്റങ്ങൾ എന്തുതന്നെയായാലും അതു കണക്കിലെടുക്കണമെന്ന വാദം നമ്മുടെ നിലനിൽപ്പിനു തന്നെ ആവശ്യമാണ്. അതുകൊണ്ട് ഇത്തരം ബദൽ സാമ്പത്തിക ശാസ്ത്ര സിദ്ധാന്തങ്ങൾ മനുഷ്യരാശിയുടെ നിലനിൽപ്പിനുതന്നെ ആവശ്യമായിത്തീർന്നിരിക്കുകയാണ്.

യഥാർത്ഥ സാമ്പത്തിക ശാസ്ത്രം പ്രവർത്തിക്കേണ്ടത് സാമൂഹ്യനീതിക്കുവേണ്ടിയും ദരിദ്രർ ഉൾപ്പെടെയുള്ളവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായിരിക്കണമെന്നുമുള്ള ഗാന്ധിജിയുടെ വാക്കുകൾക്ക് ഇന്നു പ്രസക്തിയേറി വരികയാണ്. ഗാന്ധിയൻ സാമ്പത്തിക ശാസ്ത്രത്തെ പ്രായോഗിക തലത്തിലേക്കു വികസിപ്പിച്ചെടുത്ത സാമ്പത്തിക ശാസ്ത്രജ്ഞനായ ഡോ.ജെ.സി.കുമരപ്പ ഗാന്ധിയൻ സാമ്പത്തിക ശാസ്ത്രത്തെ നിലനിൽപ്പിന്റെ സാമ്പത്തിക ശാസ്ത്രമെന്നാണ് സംഗ്രഹിച്ചിരിക്കുന്നത്. പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളുടേയും നിലനിൽപ്പ് പരസ്പരമുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണെന്നും ഒന്നും അവയ്ക്കായി മാത്രമല്ല നിലനിൽക്കുന്നതല്ലെന്നുമുള്ള ചിന്തയാണ് ഗാന്ധിയൻ സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനം. പ്രകൃതിയുമായുള്ള ഈ ജൈവബന്ധത്തിനു കോട്ടം വരുത്താതെ മുന്നോട്ടു പോകാനായാൽ നമുക്ക് നിലനിൽപ്പിന്റെ സമ്പദ്വ്യവസ്ഥയിൽ എത്തിച്ചേരാനാകുമെന്നു കുമരപ്പ പറയുന്നു. ഗാന്ധിയൻ സാമ്പത്തിക ശാസ്ത്ര ചിന്തകളിൽ എപ്പോഴും പ്രകൃതിയുമായുള്ള മനുഷ്യബന്ധം അന്തർലീനമാണ്. നിലവിലുള്ള സാമ്പത്തിക ശാസ്ത്രചിന്തകളിൽനിന്ന് ഇതിനെ വ്യത്യസ്തമാക്കുന്നതും അതുതന്നെയാണ്. മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളിലും പരിസ്ഥിതിയെ അതിന്റെ മൂല്യം കണക്കാക്കി പരിഗണിക്കണമെന്ന ആശയം മുന്നോട്ടുവയ്ക്കുന്ന പുതിയ സാമ്പത്തിക ആശയങ്ങളെയെല്ലാം ഗാന്ധിയൻ സാമ്പത്തികശാസ്ത്രത്തിന്റെ തുടർച്ചകളായി അതുകൊണ്ടു നമുക്ക് വിലയിരുത്താൻ കഴിയും. ലോകമെമ്പാടുമുള്ള സമ്പദ് വ്യവസ്ഥകൾ നേരിടുന്ന മാന്ദ്യവും പ്രതിസന്ധി

കളും അതോടൊപ്പമുള്ള പരിസ്ഥിതി തകർച്ചയും ഗാന്ധിജിയുടെ സാമ്പത്തിക ചിന്തകൾക്കുള്ള പ്രസക്തി വർധിപ്പിക്കുകയാണ്.

പരിസ്ഥിതിയും സാമ്പത്തികശാസ്ത്രവും ഗാന്ധിയൻ ചിന്തകളിൽ

ഗാന്ധിയൻ സാമ്പത്തികശാസ്ത്രത്തിനു സൈദ്ധാന്തിക അടിത്തറ പാകിയ ഡോ. ജെ.സി. കുമരപ്പ സാമ്പത്തിക ശാസ്ത്രത്തിൽ ഇപ്പോൾ ശ്രദ്ധാകേന്ദ്രമായി മാറിയിരിക്കുന്ന പരിസ്ഥിതി ചിന്തകളെപ്പറ്റി പ്രവാചക സ്വഭാവത്തോടെ സംസാരിച്ചയാളാണ്. കുമരപ്പയുടെ *ഇക്കണോമി ഓഫ് പെർമനൻസ്* (നിലനിൽപ്പിന്റെ സമ്പദ് വ്യവസ്ഥ) എന്ന പുസ്തകം, തന്റെ ആശയങ്ങൾ രൂപപ്പെടുത്തുന്നതിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് *സ്മാൾ ഈസ് ബ്യൂട്ടിഫുൾ* എന്ന പുസ്തകത്തിലൂടെ ലോകത്തെ ഒന്നാകെ സ്വാധീനിച്ച ഇ.എഫ്. ഷൂമാക്കർ രേഖപ്പെടുത്തിയിട്ടുണ്ട്. *ഇക്കണോമി ഓഫ് പെർമനൻസിൽ* പാരിസ്ഥിതിക മലിനീകരണം എന്ന വിഷയത്തെക്കുറിച്ച് കുമരപ്പ വ്യക്തമായി പരാമർശിക്കുന്നുണ്ട്. നമ്മുടെ സാമ്പത്തിക ഇടപാടുകൾ മറ്റ് ജീവജാലങ്ങളുടെ മേൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളോടൊപ്പം തന്നെ ജലം, വായു, സൂര്യപ്രകാശം എന്നിവയിലുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും നാം ആഴത്തിൽ പരിഗണിക്കേണ്ടതുണ്ടെന്നു അദ്ദേഹം പറയുന്നു. 'ഇന്ത്യക്ക് വേണ്ട ആസൂത്രണം' എന്നതിന് ലേഖനത്തിൽ മനുഷ്യശേഷിയെ കേന്ദ്രീകരിച്ചുകൊണ്ടാവണം ആസൂത്രണം എന്ന് ഊന്നൽകൊടുത്തുകൊണ്ട് കേന്ദ്രീകൃത വ്യവസായങ്ങൾ ഒഴിവാക്കേണ്ടതാണെന്നു കുമരപ്പ പറയുന്നു. ഉത്പാദനത്തിന്റെ തുടർച്ചയാവണം ആവശ്യവും ഉപഭോഗവും എന്ന് അദ്ദേഹം വാദിക്കുന്നു. മുതലാളിത്തത്തിൽ അത് തിരിച്ചാണ്. ഉപഭോഗവും ആവശ്യവും പലരീതികൾ ഉപയോഗിച്ച് സൃഷ്ടിച്ചശേഷം അവയുടെ ഉത്പാദനം ആസൂത്രണം ചെയ്യുന്ന രീതി കുമരപ്പയുടെ കാലത്തുനിന്ന് ഇന്ന് എത്രയോ കൂടിയിരിക്കുന്നു. അദ്ദേഹം ആവർത്തിച്ചുപറയുന്ന മറ്റൊരു കാര്യമുണ്ട്; അവശ്യവസ്തുക്കളെല്ലാം തന്നെ പ്രാദേശികമായി ലഭ്യമായവയാണെങ്കിൽ മാത്രമേ യുദ്ധം ഒഴിവാക്കാനാവൂ. മിച്ചം മാത്രമായിരിക്കണം കച്ചവടം ചെയ്യപ്പെടുന്നത്, വില നിലവാരമായിരിക്കരുത്. 'അഹിംസാത്മകമായ ആസൂത്രണം' എന്ന മറ്റൊരു ലേഖനത്തിൽ അദ്ദേഹം കേന്ദ്രീകൃത വ്യവസായങ്ങളുടെ സത്ത തന്നെ ഹിംസയാണെന്ന് പറയുന്നുണ്ട്. ഒരു ഉത്പാദന യൂണിറ്റിന് വേണ്ടുന്ന അസംസ്കൃത വസ്തുക്കൾ ലോകത്തിന്റെ നാനാഭാഗത്തുനിന്നും ശേഖരിക്കപ്പെടുന്നവയാണെങ്കിൽ, അവയുടെ യാത്രാമാർഗ്ഗങ്ങളും മറ്റും നിയന്ത്രിക്കേണ്ടി വരും. അത് വാങ്ങാൻ ഉപഭോക്താക്കളെ പ്രേരിപ്പിക്കേണ്ടിവരും. ഇതൊക്കെ പലതരം ഹിംസകൾക്ക് കാരണമാകും. ഉൽപ്പന്ന കേന്ദ്രീകൃതമായ ആസൂത്രണവും ഹിംസയും പിരിക്കാനാവാത്ത ഇണകളാണെന്നാണു കുമരപ്പ പറയുന്നത്. മനുഷ്യകേന്ദ്രീകൃതമായ ആസൂത്രണം അദ്ദേഹം പകരമായി വെക്കുന്നു. ആധുനിക മുതലാളിത്ത വികസനത്തിന്റെ കാതൽ എന്താണ് എന്നു വെളിവാക്കുന്ന കുമരപ്പയുടെ നിരീക്ഷണങ്ങൾക്ക് ഇന്ന് എന്നത്തേക്കാളും പ്രസക്തിയുണ്ട്. പരിസ്ഥിതിയിൽ ഒന്നാകെ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ ഹിംസാത്മകമായ ഇടപെടലുകൾ നടത്തുന്ന ആധുനിക മനുഷ്യന്റെ സാമ്പത്തിക ഇടപാടുകൾക്ക് ബദലായി നമുക്ക് ഗാന്ധിജിയെയും കുമരപ്പയെയും മുന്നിൽ വയ്ക്കാവുന്നതാണ്. പക്ഷേ നിലനിൽപ്പിന്റെ സാമ്പത്തിക ശാസ്ത്രം, ലാഭം എന്നതിനേക്കാൾ മൂല്യങ്ങൾക്കും ധാർമികതയ്ക്കും പ്രാധാന്യം നൽകുന്നതുകൊണ്ടുതന്നെ ആധുനിക ലോകത്തിന് ഇന്നും അവ അസ്വീകാര്യമായി

നിലനിൽക്കുകയാണ്. സ്വതന്ത്ര ഭാരതം പോലും തിരസ്കരിച്ച ഗ്രാമകേന്ദ്രീകൃതമായ അഹിംസാത്മകമായ ഗാന്ധിയൻ സാമ്പത്തിക ചിന്തകളിലേക്കുള്ള തിരിച്ചുപോക്ക് അനിവാര്യമാണെന്ന് പ്രകൃതിതന്നെ നമ്മെ ഓർമ്മിപ്പിക്കുന്നു. അവിടെ കുമരപ്പയും ഗാന്ധിജിയും നമുക്ക് മുന്നിൽ വഴികാട്ടികളായുണ്ട്.

പ്രവർത്തനം:

ഗാന്ധിയൻ സാമ്പത്തിക ശാസ്ത്രത്തെ പരിസ്ഥിതി സാമ്പത്തിക ശാസ്ത്രവുമായി താരതമ്യപ്പെടുത്തി ചാർട്ട് തയാറാക്കുക


അനുയോജ്യ സാങ്കേതികവിദ്യ (Appropriate Technology)

ബ്രിട്ടീഷ് സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്ന ഇ.എഫ്. ഷൂമാക്കറാണ് അനുയോജ്യ സാങ്കേതികവിദ്യ എന്ന ആശയം 1970-കളിൽ ലോകത്തിനു മുന്നിൽ അവതരിപ്പിച്ചത്. സാങ്കേതിക വിദ്യ താഴേത്തട്ടിലേക്കെത്തുന്നതും ഒരു ജനതയുടെ സാമൂഹ്യ, പാരിസ്ഥിതിക, സാംസ്കാരിക, ആദ്ധ്യാത്മിക മേഖലകളിൽ ഒരു പോലെ ഗുണമുണ്ടാക്കുന്നതാകണമെന്നുമുള്ള കാഴ്ചപ്പാടാണ് അനുയോജ്യ സാങ്കേതിക വിദ്യയുടെ അടിസ്ഥാനം. എല്ലായിടത്തും ഒരു സാങ്കേതികവിദ്യ എന്നതിനുപകരം ഓരോ സമൂഹത്തിനും വേണ്ടത് അവർതന്നെ വികസിപ്പിക്കുക എന്ന സമീപനമാണ് അനുയോജ്യ സാങ്കേതിക വിദ്യ മുന്നോട്ടുവയ്ക്കുന്നത്. സ്മാൾ ഈസ് ബ്യൂട്ടിഫുൾ എന്ന തന്റെ വിഖ്യാത ഗ്രന്ഥത്തിലൂടെയാണ് ഷൂമാക്കർ ഇന്റർമീഡിയേറ്റ് ടെക്നോളജി എന്ന പേരിൽ ഈ ആശയം ആദ്യമായി മുന്നോട്ടുവയ്ക്കുന്നത്. പ്രയോഗിക്കുന്ന മേഖലകളിലും ഉപയോഗങ്ങളിലും അനുയോജ്യ സാങ്കേതിക വിദ്യ ഒന്നിനൊന്നു വ്യത്യസ്തമായിരിക്കുമെങ്കിലും അതിന്റെ അടിസ്ഥാനഘടകങ്ങൾ ഒന്നുതന്നെയായിരിക്കും. ചെറുകിട, വികേന്ദ്രീകൃത, തൊഴിൽ തീവ്ര, പരിസ്ഥിതി സൗഹൃദ, ഊർജ ഉപയോഗം കുറവുള്ള, തദ്ദേശീയമായി നിയന്ത്രിക്കാവുന്നവയായിരിക്കും അനുയോജ്യ സാങ്കേതിക വിദ്യകൾ. അതോടൊപ്പം അനുയോജ്യ സാങ്കേതികവിദ്യ എന്നതു പൂർണമായും മനുഷ്യകേന്ദ്രീകൃതമായ ഒന്നായിരിക്കുകയും ചെയ്യും. ഇതിനുപുറമേ പുനരുൽപാദിപ്പിക്കാവുന്ന ഊർജസ്രോതസുകളായ സൂര്യൻ, കാറ്റ്, വെള്ളം എന്നിവയെ കൂടുതലായി ഉപയോഗിക്കുക എന്നതിനും ഈ ആശയം കൂടുതൽ ഊന്നൽ നൽകുന്നുണ്ട്. പരിസ്ഥിതിക്ക് ആഘാതമേൽപ്പിക്കാതെ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുക എന്നതും അനുയോജ്യ സാങ്കേതികവിദ്യ സാധ്യമാക്കുന്നു. വീട്ടകങ്ങളെയും വ്യവസായശാലകളെയും കൂടുതൽ സ്വയം പര്യാപ്തവും സാധാരണ ജനങ്ങളുടെ ജീവിതത്തെ കൂടുതൽ നിലവാരമുള്ളതാക്കുന്നതിനും അനുയോജ്യ സാങ്കേതികവിദ്യ സഹായിക്കുന്നു.

സാമ്പത്തിക മാന്ദ്യവും യുദ്ധക്കെടുതിയും ഊർജപ്രതിസന്ധിയും പാരിസ്ഥിതിക വിനാശവും പെരുകിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വളർച്ചാനിരക്കിൽ അന്ധമായി ഊന്നിക്കൊണ്ടുള്ള വികസനസമവാക്യങ്ങൾ പരാജയങ്ങളാകുമ്പോൾ ചെറുതാണു സുന്ദരമെന്നു ലോകം പതുക്കെപ്പതുക്കെയെങ്കിലും തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഷൂമാക്കറും അനുയോജ്യമായ സാങ്കേതിക വിദ്യയും കൂടുതൽ പ്രസക്തമാകുന്ന കാലത്തിലൂടെയാണ് നാം ഇന്നു കടന്നുപോകുന്നത്.

ചെറുതാണ് സുന്ദരം (Small is Beautiful)

കഴിഞ്ഞ നൂറ്റാണ്ടിൽ മുതലാളിത്ത സമ്പദ് വ്യവസ്ഥക്കുണ്ടായ വികാസ പരിണാമങ്ങളാണ് 1973ൽ പ്രസിദ്ധീകരിക്കപ്പെട്ട സ്മാൾ ഈസ് ബ്യൂട്ടിഫുളിന്റെ സാമൂഹ്യപരിസരം. ഫോസിൽ ഇന്ധന ങ്ങളേയും മറ്റു പുനരുല്പാദിക്കാൻ സാധ്യമല്ലാത്ത പ്രകൃതി വിഭവങ്ങളെയും വീണ്ടുവിചാര മില്ലാതെ കൊള്ളയടിച്ച് കൊണ്ടുള്ള വികസനരീതി ഭയാനകമാനങ്ങൾ കൈവരിക്കുന്നത് എഴുപതുകളോടെ ആയിരുന്നു. രണ്ടാം ലോകമഹായുദ്ധം അവസാനിക്കും വരെ ഉണ്ടായിട്ടുള്ള മൊത്തം വ്യാവസായിക ഉൽപാദന ത്തേക്കാൾ കൂടുതലാ യിരിക്കും എഴുപതുകളുടെ ആദ്യപകുതിയിലെ മാത്രം വ്യാവസായിക ഉൽപാദനത്തിന്റെ അളവ് എന്ന അറിവ് മനുഷ്യനു പ്രകൃതിയോടുള്ള പിഴുതു കളയാനാകാത്ത ആശ്രിത ത്വത്തെ തിരിച്ചറിഞ്ഞി രുന്ന ഷൂമാക്കറെ പോലുള്ള സാമ്പത്തിക ശാസ്ത്രജ്ഞരെ അലട്ടി. ഈ ഉത്കണ്ഠകളെതന്നെയാണ് *സ്മാൾ ഈസ് ബ്യൂട്ടിഫുളിൽ* ഷൂമാക്കറും കൈ കാര്യം ചെയ്യുന്നത്. വളരെ വലിയ സ്വീകരണമാണ് ഈ പുസ്തകത്തിന് ലഭിച്ചത്. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം പ്രസിദ്ധീ കരിച്ച ഏറ്റവും സ്വാധീനം ചെലുത്തിയ 100 പുസ്തകങ്ങളിൽ ഒന്നായി ടൈംസ് ലിറ്റററി സപ്ലിമെന്റ് *സ്മാൾ ഈസ് ബ്യൂട്ടിഫുളിനെ* വിശേഷിപ്പിച്ചു. വികസനത്തെക്കുറിച്ചുള്ള പരമ്പരാഗതധാരണകളെ പൊളിച്ചെഴുതു കയായിരുന്നു ഈ പുസ്തകത്തിലൂടെ ഏണസ്റ്റ് ഫ്രഡറിക് ഷുമാക്കർ ചെയ്തത്. വികസനത്തിന്റെ പടിഞ്ഞാറൻ പാഠങ്ങൾ പഠിച്ചു പുരോഗതി നേടേണ്ടത് എങ്ങനെയെന്നു ബർമക്കാരെ പഠിപ്പിക്കാൻ പോയആൾ അവിടെ നിന്നു സ്വയം പഠിക്കുകയായിരുന്നു. 'ബുദ്ധിസ്റ്റ് ഇക്കണോമിക്സ്' എന്ന ഷുമാക്കറിന്റെ പ്രയോഗത്തിൽ ആ ദർശനങ്ങളുടെ സാരം മുഴുവനുമുണ്ട്. മഹാത്മാഗാന്ധി അദ്ദേഹത്തിന് എക്കാലത്തും വലിയ പ്രചോദനമായിരുന്നു. പീപ്പിൾസ് ഇക്കണോമിസ്റ്റ് എന്നാണ് ഗാന്ധിജിയെ ഷുമാക്കർ വിശേഷിപ്പിച്ചത്. ഭൗതിക വാദത്തിലൂന്നിയ പാശ്ചാത്യവികസന സങ്കൽപ്പങ്ങൾക്കുള്ള ബദലായാണ് ഗാന്ധിയൻ ദർശനങ്ങളെ അദ്ദേഹം കണ്ടത്. ഗാന്ധിയിൽ ലോകത്തിന്റെ നിലവിലുള്ള പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടെന്ന് തിരിച്ചറിയുകയായിരുന്നു ഈ സാമ്പത്തിക ചിന്തകൻ. 1911ൽ ജർമനിയിലെ ബോണിലാണ് ഷുമാക്കർ ജനിച്ചത്. ബോണിലും ബെർലിനിലും പഠിച്ചു. ഓക്സ്ഫഡിലെ ന്യൂകോളജിലെത്തിയ അദ്ദേഹം അതിനുശേഷം കൊളംബിയ സർവകലാശാലയിലും ഉപരിപഠനം നടത്തി. ജൻമനാട്ടിൽ തിരിച്ചെത്തിയ ഷുമാക്കർ കണ്ടത് ഹിറ്റ്ലറുടെ തേർവാഴ്ചയാണ്. നാസി പ്രത്യയശാസ്ത്രത്തോട് സന്ധി ചെയ്യാൻ ഒരുക്കമല്ലാതിരുന്ന അദ്ദേഹം ഇംഗ്ലണ്ടിലേക്കു പോയി. പ്രതീക്ഷിച്ചതുപോലെ സുഖകരമായ സ്വീകരണമല്ല അവിടെ ലഭിച്ചത്. ഷുമാക്കറിന്റെ ചിന്തകളുടെ മൗലികതയും പ്രസക്തിയും ലോകപ്രശസ്ത സാമ്പത്തികശാസ്ത്രജ്ഞനായിരുന്ന ജെ. എം.





കെയിൻസിനെ അദ്ദേഹവുമായി അടുപ്പിച്ചു. 1955 ൽ ബർമയിലേക്കു നടത്തിയ യാത്രയാണ് ഷുമാക്കർ എന്ന ചിന്തകനെ നമ്മുടെ കാലത്തും പ്രസക്തനാക്കി നിർത്തുന്നത്. അവിടുത്തെ ജനങ്ങളുടെ ലളിത ജീവിതത്തിൽനിന്നു പഠിച്ച പാഠങ്ങൾ ഉൾക്കൊണ്ടാണ് അദ്ദേഹം സ്മാൾ ഈസ് ബ്യൂട്ടിഫുൾ രചിക്കുന്നത്. തുടർന്ന് പരിസ്ഥിതി സൗഹൃദ സാങ്കേതികവിദ്യകളുടെ വ്യാപനം ലക്ഷ്യമിട്ട് അദ്ദേഹം ഇന്റർമീഡിയറ്റ് ടെക്നോളജി ഗ്രൂപ്പിനു രൂപം നൽകി. തന്റെ ഉചിത സാങ്കേതിക വിദ്യ യെന്ന ആശയം പ്രചരിപ്പിക്കാൻ ലോകമെങ്ങും അദ്ദേഹം സഞ്ചരിച്ചു. 1977ൽ അത്തരമൊരു യാത്രയ്ക്കിടെ സ്വിറ്റ്സർലൻഡിൽ വച്ച് ഷൂമാക്കർ ഓർമയായി.

പഠനപ്രവർത്തനം

കേരളത്തിലെ ഭവന നിർമാണ മേഖലകളിൽ നടക്കുന്ന അനുയോജ്യ സാങ്കേതിക വിദ്യാ പരീക്ഷണങ്ങളെക്കുറിച്ചും അവയുടെ പ്രസക്തിയെക്കുറിച്ചും റിപ്പോർട്ട് തയാറാക്കുക

ഗാന്ധിജി: അനുയോജ്യ സാങ്കേതിക വിദ്യയുടെ മുൻഗാമി

അനുയോജ്യ സാങ്കേതികവിദ്യ എന്ന പദം ഗാന്ധിജി ഒരിക്കലും ഉപയോഗിച്ചിട്ടില്ലെങ്കിലും അദ്ദേഹത്തെയാണ് ഈ ആശയത്തിന്റെ മുൻഗാമിയായി നാം കരുതിപ്പോരുന്നത്. ഇന്ത്യൻ ഗ്രാമങ്ങളെ സ്വയം പര്യാപ്തമാക്കുന്നതിനായി പ്രാദേശികവും ഗ്രാമകേന്ദ്രീകൃതവുമായ ചെറുകിട സാങ്കേതികവിദ്യകളാണ് അദ്ദേഹം മുന്നോട്ടുവച്ചത്. ന്യൂനപക്ഷത്തിന്റെ സുഖസൗകര്യങ്ങൾക്കായി മഹാഭൂരിപക്ഷത്തേയും ചൂഷണം ചെയ്യുന്ന ലാഭകേന്ദ്രീകൃതമായ വ്യവസ്ഥിതിയെ അദ്ദേഹം ഒരിക്കലും അംഗീകരിച്ചിരുന്നില്ല. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ഗാന്ധിജി പ്രാദേശിക സമ്പദ് വ്യവസ്ഥകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ചർക്കയെ ഗ്രാമവ്യവസായങ്ങളുടെ പ്രതീകമാക്കുകയും ചെയ്തു. 1920-കൾ മുതൽ ആരംഭിച്ച ഖാദി പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുടെ ഫലമായി വസ്ത്രനിർമാണത്തിലെ ബ്രിട്ടീഷ് കുത്തകയെ തകർത്തെറിയുന്നതിനും ഗാന്ധിജിക്ക് സാധിച്ചു. ഗാന്ധിജിയുടെ ദർശനങ്ങൾ തന്റെ ആശയങ്ങൾ രൂപപ്പെടുത്തിയതിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു ഇ.എഫ്. ഷൂമാക്കർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഗാന്ധിജിയുടെ ഗ്രാമവികസനത്തിനായുള്ള ആശയങ്ങൾ ഇന്റർമീഡിയറ്റ് ടെക്നോളജി രൂപപ്പെടുത്തുന്നതിനും തുടർന്ന് അനുയോജ്യ സാങ്കേതിക വിദ്യയിലേക്കുള്ള വളർച്ചയിലും ഷൂമാക്കർ ഉപയോഗപ്പെടുത്തിയിരുന്നു. വികസന പ്രതിസന്ധികൾക്കുള്ള പരിഹാരം എന്ന നിലയിൽ അനുയോജ്യ സാങ്കേതികവിദ്യ എന്ന ആശയത്തിനു കൂടുതൽ പ്രാധാന്യം ലഭിച്ചുകൊണ്ടിരുന്ന ഈ കാലഘട്ടത്തിൽ ചെറുകിട സാങ്കേതിക വിദ്യകളെ അടിസ്ഥാനപ്പെടുത്തിയുള്ള ഗാന്ധിയൻ വികസന ആശയങ്ങളുടെ പ്രസക്തി അനുദിനം വർധിച്ചുവരികയാണ്.

മഹാത്മാ ഗാന്ധിയുടെ പരിസ്ഥിതി ചിന്തകൾ

ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിനു നെടുനായകത്വം വഹിച്ച വ്യക്തി എന്ന നിലയിലും അഹിംസയിലൂന്നിയ സത്യാഗ്രഹ സമരത്തിലൂടെ കഴിഞ്ഞ നൂറ്റാണ്ടിനെത്തന്നെ വിസ്മയിപ്പിച്ച വ്യക്തിത്വവുമായിട്ടാണ് ഗാന്ധിജിയെ ലോകം അറിയുന്നത്. അഹിംസ, സമാധാനം, നീതി, തുല്യത, മനുഷ്യാവകാശം, സാമുദായിക സൗഹാർദം ഇ

തിനേക്കാൾ ഉപരി മനുഷ്യനന്മ എന്നിവയുടെ പ്രതീകമായിട്ടാണ് ലോകം ഗാന്ധിയെ വിലയിരുത്തുന്നത്. എന്നാൽ അദ്ദേഹം പ്രകൃതി സംരക്ഷണത്തിനും പ്രകൃതി മാതാവിനോട് കരുതലുള്ള സമീപനത്തിന്റെ പേരിലും ലോകത്തിനു മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന കാര്യം ഇന്നും നാം തിരിച്ചറിഞ്ഞിട്ടില്ല. ആധുനിക പരിസ്ഥിതി വാദികളുടെ ഗണത്തിൽ പെടുത്താവുന്ന ആളായിരുന്നില്ല ഗാന്ധിജി. അദ്ദേഹം പ്രകൃതിയെക്കുറിച്ചുള്ള ഒരു തത്വശാസ്ത്രത്തിനും രൂപം നൽകിയിട്ടില്ല. എന്നാൽ പ്രകൃതിയെക്കുറിച്ചുള്ള ചിന്തകൾ ഗാന്ധിജിയുടെ രചനകളിലുടനീളം ചിതറിക്കിടക്കുന്നത് നമുക്ക് സൂക്ഷ്മപരിശോധനയിൽ കണ്ടെത്താനാകും. സത്യവും അഹിംസയും അടിസ്ഥാനമാക്കിയുള്ള ഗാന്ധിയൻ സത്യാഗ്രഹവും ലളിത ജീവിതശൈലിയും പ്രകൃതിക്കും സഹജീവികൾക്കും യാതൊരു കോട്ടവും വരുത്താതെ മനുഷ്യന് സുസ്ഥിര വികസനത്തിലേക്കെത്താനുള്ള സാധ്യതകൾ തുറന്നു നൽകുന്നു. അതുകൊണ്ടാണ് ലോകം ഗാന്ധിജിയെ ഇന്ന് പ്രായോഗിക പരിസ്ഥിതി ശാസ്ത്രത്തിന്റെ അപ്പോസ്തലനെന്നു വിശേഷിപ്പിക്കുന്നത്. എല്ലാവരുടേയും ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങൾ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടേയും ആർത്തിയെ തൃപ്തിപ്പെടുത്താനുള്ളതില്ലെന്ന ഗാന്ധിയൻ വാക്യം ആധുനിക പരിസ്ഥിതി വാദത്തിന്റെ അടിസ്ഥാന പ്രമാണമായിട്ടാണ് ഇന്നു പരിഗണിക്കപ്പെടുന്നത്.



ശാസ്ത്രവും സാങ്കേതികവിദ്യയും മനുഷ്യന്റെ ഭാഗധേയങ്ങളെ നിയന്ത്രിക്കുകയും മാറ്റിമറിക്കുകയും ചെയ്യുന്ന ലോകത്തിലാണ് ഇന്നു നാം ജീവിക്കുന്നത്. അതോടൊപ്പം വികസനത്തിനായി പ്രകൃതി വിഭവങ്ങളുടെ മേൽ നടത്തുന്ന ചൂഷണം സൃഷ്ടിച്ച ഗുരുതരമായ പാരിസ്ഥിതിക പ്രതിസന്ധി ദുരന്തങ്ങളായി മനുഷ്യരാശിയെ വേട്ടയാടുന്നു. പ്രകൃതിയുടെ ആവശ്യങ്ങളെ പരിഗണിക്കാത്ത ശാസ്ത്രവും മനുഷ്യന്റെ ആവശ്യങ്ങളെ പരിഗണിക്കാത്ത വികസനവും മനുഷ്യരാശിയുടെ അതിജീവനത്തിനുതന്നെ ഭീഷണിയായി മാറുകയാണ്. വികസനത്തിന്റെ പേരിൽ നടക്കുന്ന മനുഷ്യ പ്രവൃത്തികൾ ഇന്ന് പ്രകൃതിവിഭവങ്ങളുടെ ചൂഷണത്തിനു വേണ്ടി മാത്രമാകുമ്പോൾ വികസനമെന്ന സങ്കൽപ്പം തന്നെ ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നു. ഇവിടെയാണ് പ്രകൃതിയുമായുള്ള സഹവർത്തിത്വത്തിലൂടെ മനുഷ്യാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഒരു പുതിയവഴി ഗാന്ധിജി തന്റെ ഹരിത ചിന്തകളിലൂടെ ലോകത്തിനായി തുറന്നു നൽകുന്നത്.

പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്നതിനുള്ള ഗാന്ധിജിയുടെ ചിന്തകൾ സമഗ്രമായ ഒന്നാണ്. അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് പരിസ്ഥിതി പ്രതിസന്ധി ഒരു ഭീഷണിയായി ഉയർന്നുവന്നിരുന്നുമില്ല. എന്നാൽ ഇന്നത്തെ പ്രതിസന്ധിയുടെ ലക്ഷണങ്ങൾ അ

ദ്ദേഹത്തിനു തിരിച്ചറിയാൻ കഴിഞ്ഞിരുന്നു. അതുകൊണ്ടുതന്നെ പാരിസ്ഥിതിക പ്രതിസന്ധിയുടെ മൂലകാരണമായ ആധുനിക നാഗരികതയെ അദ്ദേഹം തുറന്നെതിർത്തു. പരിസ്ഥിതിക്കു മാത്രമല്ല ലോകത്തിന്റെ നിലനിൽപ്പിനുതന്നെ ആധുനിക നാഗരികത ഭീഷണിയായിരിക്കുമെന്ന് പ്രവാചക സ്വഭാവത്തോടെ ഗാന്ധിജി മുന്നറിയിപ്പ് നൽകി. പരിസ്ഥിതി പ്രശ്നങ്ങൾക്കുള്ള യാതൊരു പരിഹാര മാർഗങ്ങളും നമുക്ക് ഗാന്ധിജിയുടെ ചിന്തകളിൽ പ്രത്യക്ഷത്തിൽ കാണാനാകില്ല. എന്നാൽ പുനഃസൃഷ്ടിക്കാവുന്നതും അല്ലാത്തതുമായ എല്ലാത്തരം പ്രകൃതി വിഭവങ്ങളിൻ മേലുള്ള കരുതൽ, യന്ത്രങ്ങളോടുള്ള മനുഷ്യ സമീപനത്തിൽ സന്തുലിതാവസ്ഥ ഉറപ്പാക്കുക എന്നീ ആശയങ്ങളിലൂടെ ലോകം നേരിടുന്ന പാരിസ്ഥിതിക പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള ഉത്തരം അദ്ദേഹം നൽകി. ലളിത ജീവിതമെന്ന ഗാന്ധിയൻ ആശയം ഉപഭോഗാസക്തിക്കും അതിനായി പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്യുന്നതിനും എതിരായുള്ള സന്ദേശമാണ് നൽകുന്നത്. ഗാന്ധിയൻ ചിന്തകളുടെ സമഗ്രത ഭൂമിയുടെ സന്തുലിതാവസ്ഥയെയും വ്യവസ്ഥകളെയും നിലനിർത്തുന്നതിന് നമുക്കുള്ള വഴികാട്ടിയാകുകയാണ്. ഭൂമിയിലെ കോടിക്കണക്കിനു വരുന്ന ജീവജാലങ്ങൾക്ക് മനുഷ്യൻ തന്റെ നേട്ടങ്ങൾക്കായി മാത്രം നടത്തുന്ന പ്രവർത്തനങ്ങൾ ഭീഷണിയാവുകയാണ്. പുരോഗതിയുടെ പേരിൽ പ്രകൃതി വിഭവങ്ങൾക്കുമേൽ നടത്തുന്ന കടന്നുകയറ്റം കോടിക്കണക്കിന് ജൈവജാതികളെ ഭൂമിയിൽനിന്ന് ഇല്ലാതാക്കിക്കഴിഞ്ഞു. മനുഷ്യന് ജീവൻ സൃഷ്ടിക്കാൻ കഴിവില്ലാത്തതുകൊണ്ടുതന്നെ ജീവനെടുക്കാനും അവകാശമില്ലെന്നു ഗാന്ധിജി പറയുന്നു. ഭാരതീയ പാരമ്പര്യം പ്രകൃതിക്ക് മാതാവിന്റെ സ്ഥാനം നൽകുകയും അവയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി തിരിച്ചറിയുകയും ചെയ്തിരുന്നു. എല്ലാ ജീവജാലങ്ങൾക്കും ഈ ഭൂമിയിൽ മനുഷ്യനെപ്പോലെ ജീവിക്കാൻ അവകാശമുണ്ടെന്നും അതുകൊണ്ടുതന്നെ മറ്റു ജീവജാലങ്ങളോട് സചേതനമായ ജൈവബന്ധം സൂക്ഷിക്കാൻ മനുഷ്യനു ബാധ്യതയുണ്ടെന്നും ഗാന്ധിജി കൂട്ടിച്ചേർക്കുന്നു.

ഗാന്ധിജി മുന്നോട്ടുവയ്ക്കുന്ന പ്രധാന ആശയങ്ങളായ സമാധാനം അഹിംസ എന്നിവ പരിസ്ഥിതിയുടെ സുസ്ഥിരതയുമായി ആഴത്തിൽ ബന്ധമുള്ളവയാണ്. ഭൂമിയിലെ ഏറ്റവും ശ്രേഷ്ഠമായ ജൈവജാതികളിലൊന്നാണ് മനുഷ്യൻ.അതുകൊണ്ടുതന്നെ അവന് ചില ഉത്തരവാദിത്തങ്ങളുമുണ്ട്. ഭൂമിയിലെ മറ്റു ജീവജാലങ്ങളുടെ സംരക്ഷണവും ക്ഷേമവും ഉറപ്പാക്കേണ്ടതിന്റെ ഉത്തരവാദിത്തം മനുഷ്യനുള്ളതാണെന്നു ഗാന്ധിജി പറയുന്നു. പക്ഷേ ഇന്ന് തന്റെ ഭൗതിക ജീവിതം മെച്ചപ്പെടുത്തുന്നതിനായുള്ള ശ്രമങ്ങളിൽ അവൻ തന്റെ പവിത്രമായ കടമ മറക്കുകയാണ്.ഭൂമിയിലെ സകല ചരാചരങ്ങളുടേയും സംരക്ഷകനാകേണ്ട മനുഷ്യൻ ഇന്ന് പ്രകൃതിയുടെയും തന്റെയും തന്നെ അന്തകനാകുന്ന കാഴ്ചയാണ് നാം കാണുന്നത്. പ്രകൃതി ആവശ്യപ്പെടുന്ന മനുഷ്യ ജീവിതം ഇതല്ലെന്നും നമ്മുടെ ജീവിതശൈലിയിൽ തിരുത്തലുകൾ ആവശ്യമാണെന്നുമുള്ള പാഠമാണ് ഇത് നമുക്ക് നൽകുന്നത്. പ്രകൃതിയോടും മറ്റ് ജീവജാലങ്ങളോടും ചേർന്ന് ആരോഗ്യകരവും സഹവർത്തിത്വം പുലർത്തുന്നതുമായ ജീവിതം മനുഷ്യൻ അനുവർത്തിക്കേണ്ടിയിരിക്കുന്നു. ഈ പ്രകൃതി നിയമമാണ് ഗാന്ധിജി നമുക്ക് അതിജീവനത്തിനായി നൽകുന്ന പാഠം. പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളോടുമുള്ള ആദരവും അഹിംസയും സഹകരണവുമാണ് ഗാന്ധിജി പരിസ്ഥിതി സംരക്ഷണത്തിനായി മാനവരാശിക്കു നൽകുന്ന ഹരിതമാർഗം.

പ്രകൃതി സംരക്ഷണം ഭാരത പാരമ്പര്യത്തിൽ



രാജസ്ഥാനിലെ ജോധ്പൂറിലെ രാജാവായിരുന്ന അഭയ് സിംഹിനുവേണ്ടി 1730ൽ ഒരു പുതിയ കൊട്ടാരം പണിയാനുള്ള ആവശ്യത്തിനായി മരം മുറിക്കാൻ ഖേജാർലി എന്ന ഗ്രാമത്തിലെത്തി. മരം മുറിക്കുന്നതിനാവശ്യമായ ജോലിക്കാരുമായെത്തിയ ഉദ്യോഗസ്ഥരെ അമൃതാദേവി എന്ന സ്ത്രീ തടഞ്ഞു. അവരുടെ അപേക്ഷവകവയ്ക്കാതെ സംഘം മരം വെട്ടാനുള്ള ഒരുക്കം തുടർന്നു. മരം വെട്ടാൻ അനുവദിക്കുന്നതിലും ഭേദം തന്റെ തല വെട്ടുന്നതാണ് നല്ലത് എന്നായിരുന്നു അമൃതാദേവിയുടെ പ്രതികരണം. പണിക്കാർ മരം വെട്ടാൻ കൊണ്ടുവന്ന കോടാലി തന്നെ അവരുടെ കഴുത്തിൽ പ്രയോഗിച്ചു. ഇതുകണ്ടുനിന്ന അമൃതാദേവിയുടെ മൂന്നു പെണ്മക്കളും തങ്ങളുടെ കഴുത്ത് നീട്ടിക്കൊടുത്തു. രാജസേവകർ അവരെയും വധിച്ചു. വിവരമറിഞ്ഞു ചുറ്റുപാടുകളിൽ നിന്നെല്ലാം അനേകം പേരെത്തി. മരങ്ങളെ രക്ഷിക്കാനായി അവർ അവയെ ആലിംഗനം ചെയ്തു നിന്നു എന്നാണ് പറയപ്പെടുന്നത്. ആദ്യമാദ്യം പ്രായം ചെന്നവരും പിന്നീട് ചെറുപ്പക്കാരും മരങ്ങളെ രക്ഷിക്കാൻവേണ്ടി ജീവൻ നൽകാനായി മുന്നോട്ടു വന്നു. മുന്നൂറ്റി അറുപത്തിമൂന്നു പേരാണ് അവിടെ ജീവൻ ബലിയർപ്പിച്ചത്. ഇതറിഞ്ഞ മഹാരാജാവ് അവിടുത്തെ ജനങ്ങളോട് ക്ഷമചോദിക്കുകയും അവിടെ മരം വെട്ടുന്നതും നായാട്ടു നടത്തുന്നതും നിരോധിക്കുകയും ചെയ്തു. ബിഷ്ണോയ് മതവിശ്വാസികളായിരുന്നു അന്നു മരങ്ങളെ രക്ഷിക്കാൻ ജീവൻ ബലികഴിച്ചത്. സസ്യങ്ങളും മൃഗങ്ങളും എല്ലാം ജീവൻ കൊടുത്തും സംരക്ഷിക്കപ്പെടേണ്ടവയാണെന്നവർ വിശ്വസിച്ചിരുന്നു. ബിഷ്ണോയ്കളുടെ അന്നത്തെ പ്രവൃത്തിയെ അനുകരിച്ചാണു ചിപ്കൊ പ്രസ്ഥാനം മരങ്ങളെ ആലിംഗനം ചെയ്യുന്ന സമരരീതി അവലംബിച്ചത്. അമൃതാദേവിയുടെയും മറ്റും ജീവസമർപ്പണം പോലെയുള്ള ത്യാഗങ്ങൾ വേറെ ഉണ്ടാവില്ല. എങ്കിലും ജീവജാലങ്ങളെ സംരക്ഷിക്കേണ്ടതു തങ്ങളുടെ കടമയാണെന്നു വിശ്വസിച്ചിരുന്ന പല സമൂഹങ്ങളും ലോകത്തിലുണ്ടായിട്ടുണ്ട്. പുരോഗതിയുടെ പേരിൽ പ്രകൃതിയെ നശിപ്പിക്കാൻ അശേഷം മടി കാട്ടാത്ത ഇന്നത്തെ സമൂഹത്തെക്കാൾ വിവേകമുള്ളവരായിരുന്നു അവർ എന്നു നമുക്ക് മനസിലാക്കാൻ കഴിയും. എന്തായാലും ഇന്നും ബിഷ്ണോയ് ഗ്രാമങ്ങൾ രാജസ്ഥാൻ മരുഭൂമിയിലെ മരുപ്പച്ചകളായി നിലനിൽക്കുന്നു. പരിസ്ഥിതിയുടെ ആരോഗ്യം തങ്ങളുടെ നിലനിൽപ്പിനു അത്യന്താപേക്ഷിതമാണെന്നു പ്രാചീന കാലത്തെ എല്ലാ സമൂഹങ്ങളും വിശ്വസിച്ചിരുന്നു. മരങ്ങൾ നിറഞ്ഞ ചില പ്രദേശങ്ങൾ വിശുദ്ധ വനങ്ങൾ എന്ന നിലയ്ക്ക് സംരക്ഷിച്ചു നിലനിർത്തുന്ന ശീലം ലോകത്തിൽ പലയിടങ്ങളിലും ഉണ്ടായിരുന്നു. മതവിശ്വാസങ്ങളുമായി ബന്ധപ്പെട്ടാണ് ഇവ പലപ്പോഴും സംരക്ഷിച്ചിരുന്നത്. കേരളത്തിൽ ഇത്തരം പ്രദേശങ്ങളെ കാവുകൾ എന്നു വിളിക്കുന്നു.

മഹാത്മാഗാന്ധിയുടെ പരിസ്ഥിതി ചിന്തകളുടെ പ്രസക്തി

പ്രവർത്തനം:

ഗാന്ധിജിയുടെ പരിസ്ഥിതി ചിന്തകളുടെ പ്രസക്തിയെപ്പറ്റി ചർച്ച സംഘടിപ്പിക്കുക

ഗാന്ധിജി പരിസ്ഥിതി സംരക്ഷണം എന്ന വാക്ക് ഒരിക്കൽപോലും ഉപയോഗിച്ചിട്ടില്ല. പക്ഷേ അദ്ദേഹത്തിന്റെ പ്രവൃത്തികളും വാക്കുകളും ഗാന്ധിയെ ഒരു യഥാർഥ പരിസ്ഥിതി വാദിയെന്ന വിശേഷണത്തിന് അർഹനാക്കുന്നു. അദ്ദേഹം ജീവിച്ച കാലത്ത് പരിസ്ഥിതി പ്രതിസന്ധികൾ ഇന്നത്തെപ്പോലെ തിരിച്ചറി യപ്പെട്ടിരുന്നില്ല. പക്ഷേ ആധുനിക നാഗരികത ലോകത്തെ തെറ്റായ ദിശയിലേക്കാണ് നയിക്കുന്നതെന്നു തികഞ്ഞ ഉൾക്കാഴ്ചയോടും ദീർഘദർശിത്വത്തോടും കൂടി അദ്ദേഹം മുന്നറിയിപ്പ് നൽകി. 1909-ൽ പുറത്തിറങ്ങിയ ഗാന്ധിയൻ ദർശനങ്ങളുടെ പ്രകടന പത്രിക എന്നു വിശേഷിപ്പിക്കപ്പെടുന്ന ഹിന്ദ് സ്വരാജിൽ അദ്ദേഹം അനിയന്ത്രിതമായ യന്ത്രവൽക്കരണത്തെയും വ്യവസായ വൽക്കരണത്തെയും കുറിച്ച് മനുഷ്യരാശിക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. പാശ്ചാത്യ നാഗരികതയെ അനുകരിക്കാനുള്ള ഇന്ത്യൻ സമൂഹത്തിന്റെ ശ്രമത്തിനെതിരേ അദ്ദേഹം മുന്നറിയിപ്പ് നൽകി. ഇന്ത്യയിലെ വലിയ ജനസംഖ്യ പാശ്ചാത്യ നാഗരികതയെ പുൽകിയാൽ അവർക്കു ജീവിക്കാൻ ഭൂമിയിലെ വിഭവങ്ങൾ മതിയാകാതെ വരുമെന്ന ഗാന്ധിജിയുടെ തിരിച്ചറിവായിരുന്നു ഈ മുന്നറിയിപ്പിനു കാരണം. അനിയന്ത്രിതമായ വ്യവസായവൽക്കരണവും യന്ത്രവൽക്കരണവും പ്രകൃതിയുടെയും മനുഷ്യന്റെയും ആരോഗ്യത്തെയും നശിപ്പിക്കുമെന്ന് ഗാന്ധിജി ചൂണ്ടിക്കാട്ടി. വൻകിട വ്യവസായവൽക്കരണത്തെ അടിസ്ഥാനമാക്കിയുള്ള ഉപഭോഗ സംസ്കാരത്തിനു പകരം അധ്വാനത്തെ അടിസ്ഥാനമാക്കിയുള്ള ലളിത ജീവിതമാണ് ഗാന്ധിജി മുന്നോട്ടുവയ്ക്കുന്നത്. മറ്റുള്ളവർക്കില്ലാത്തതൊന്നും തനിക്കും വേണ്ടെന്ന ചിന്തയുടെ അടിസ്ഥാനത്തിൽ അദ്ദേഹം ലളിത ജീവിതശൈലി സ്വീകരിക്കുകയും മറ്റുള്ളവരോട് അങ്ങനെ ജീവിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. എല്ലാവരുടേയും ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവ ങ്ങൾ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടേയും ആർത്തിയെ തൃപ്തിപ്പെടുത്താനുള്ള തില്ലെന്നു ഗാന്ധിജി വിശ്വസിച്ചിരുന്നു. തന്റെ ട്രസ്റ്റീഷിപ്പ് സിദ്ധാന്തത്തിലൂടെ ധനികർ അവരുടെ ആവശ്യങ്ങളിൽ കുറവു വരുത്തുന്നതിനൊപ്പം അവർ സമ്പത്ത് സമൂഹത്തിന്റെ പൊതുനന്മയ്ക്കായും ദരിദ്രരുടെ ക്ഷേമത്തിനായും നീക്കി വയ്ക്കണമെന്നും അദ്ദേഹം നിർദേശിച്ചു. തന്റെ യഥാർഥ ആവശ്യം തിരിച്ചറിയുകയും കൃത്രിമമായി സൃഷ്ടിക്കപ്പെടുന്ന ആവശ്യങ്ങളെ തിരിച്ചറിയാനുള്ള ശേഷി നേടുന്നതിലൂടെയും മാത്രമേ മനുഷ്യന് ഇങ്ങനെ ചിന്തിക്കാനാകൂവെന്നും ഒരു മനുഷ്യന്റെ യഥാർഥ ആവശ്യം അവന്റെ ആ നിമിഷത്തിലെ ജീവിതം നിറവേറ്റാൻ മാത്രമുള്ളതാണെന്നും ഗാന്ധിജി വിശ്വസിച്ചിരുന്നു. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ഈ ചിന്തകൾ നമ്മുടെ നിൽനിൽപ്പിനു വേണ്ടി മാത്രമുള്ളതായിരുന്നില്ല മറിച്ച് വരുന്ന തലമുറകൾക്കു വേണ്ടിയുള്ളതു കൂടിയായിരുന്നു. ഈ കാണുന്ന ഭൂമിയും അതിൽ ഉൾപ്പെടുന്ന മണ്ണും വായുവും ജലവും മറ്റ് പ്രകൃതി വിഭവങ്ങളും നമുക്ക് പാരമ്പര്യമായി ലഭിച്ചതല്ലെന്നും മറിച്ച് വരും തലമുറകളിൽനിന്ന് നാം വായ്പയെടുത്തതാണെന്നുമുള്ള വലിയ ആശയമാണ് ഗാന്ധിജി നമുക്ക്

പകർന്നേകുന്നത്. അതുകൊണ്ട് അടുത്ത തലമുറയ്ക്ക്, ഇവയെല്ലാം നമുക്ക് ലഭിച്ചതുപോലെ കൈമാറുന്നതിനുള്ള ബോധ്യം നമുക്കുണ്ടാക ണമെന്ന ചിന്തയാണ് ഗാന്ധിജി തന്റെ ജീവിതത്തിലൂടെയും ചിന്തകളിലൂടെയും നമുക്ക് നൽകുന്നത്.

പഠനപുരോഗതി വിലയിരുത്താം – പൂരിപ്പിക്കുക

13) ക്ലബ് ഓഫ് റോം എന്ന യോഗം നടന്നതെവിടെ
(പാരീസ്, റോം, ന്യൂയോർക്ക്)

14) ഗാഢപരിസ്ഥിതി വാദം എന്ന ആശയത്തിനു രൂപം കൊടുത്തതാര്
(ആർനെ നീസ്, വന്ദനാ ശിവ, റേച്ചൽ കാഴ്സൺ)

15 ഗാന്ധിയൻ സാമ്പത്തിക ശാസ്ത്രത്തിനു പ്രായോഗിക രൂപം നൽകിയതാര്
(ജെ.സി, കുമരപ്പ, ഷുമാക്കർ, വന്ദന ശിവ)

16) ഗാന്ധിയൻ ആശയങ്ങളായ സമാധാനം, അഹിംസ എന്നിവ പരിസ്ഥിതിയുടെ ..... ആഴത്തിൽ ബന്ധമുള്ളതാണ്
(സുസ്ഥിരത, തകർച്ച, സംരക്ഷണം)

17) വൻകിടവ്യവസായ വൽക്കരണത്തെ അടിസ്ഥാനമാക്കിയുള്ള ഉപഭോഗ സംസ്കാരത്തിനു പകരം ഗാന്ധിജി മുന്നോട്ടുവയ്ക്കുന്നത്
(അധ്വാനത്തെ അടിസ്ഥാനമാക്കിയുള്ള ലളിതജീവിതം, സുസ്ഥിര വികസനം, സർവോദയ)

സംഗ്രഹം

- വളരെപ്പെട്ടെന്നും ദീർഘകാലം കൊണ്ടും മനുഷ്യ ഇടപെടലുകൾ മൂലം പ്രകൃതിയുടെ സമതുലിതാവസ്ഥയിലുണ്ടാകുന്ന അനാരോഗ്യകരമായ മാറ്റങ്ങളാണ് പരിസ്ഥിതി പ്രതിസന്ധി.
- വിഭവങ്ങളുടെ പരിധിയില്ലാത്ത ഉപയോഗം നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്കു കാരണമാകുന്നു. മലിനീകരണം, പ്രകൃതി വിഭവങ്ങളുടെ ശോഷണം എന്നിവയുടെ പ്രധാന കാരണം വർധിച്ചുവരുന്ന ഉപഭോഗ സംസ്കാരമാണ്.
- ഭൂമിയിലെ കോടാനുകോടി വരുന്ന വ്യത്യസ്ത ജീവജാലങ്ങളും അവ തമ്മിൽ പ്രകൃതി രൂപപ്പെടുത്തിയിരിക്കുന്ന പരസ്പര ബന്ധങ്ങളും കൂടിയാണ് ജൈവ വൈവിധ്യം എന്നു വിശേഷിപ്പിക്കപ്പെടുന്നത്. മനുഷ്യന്റെ നിലനിൽപ്പിന്റെ ആധാരം തന്നെ ജൈവവൈവിധ്യമാണെന്നു പറയാം.
- പ്രകൃതി വിഭവങ്ങളുടെ മേലുള്ള കടന്നുകയറ്റത്തിനെതിരേയുള്ള ചെറുത്തുനിൽപ്പുകളായാണ് ഇന്ത്യയിലെ പരിസ്ഥിതി സമരങ്ങളെല്ലാം രൂപം കൊണ്ടിട്ടുള്ളത്. ഇന്ത്യയിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ നിർണായമായ സംഭാവനകൾ നൽകിയ ചില പ്രസ്ഥാനങ്ങളാണ് ചിപ്കോ പ്രസ്ഥാനം, നവധാന്യ പ്രസ്ഥാനം, നർമ്മദാ ബച്ചാവോ ആന്ദോളൻ എന്നിവ. ഇന്ത്യയിലെ പരിസ്ഥിതി

ക്കു വേണ്ടിയുള്ള മുന്നേറ്റങ്ങളിൽ ഗാന്ധിജിയുടെ ജീവിതവും ദർശനവും ആഴത്തിൽ സ്വാധീനം ചെലുത്താനായിട്ടുണ്ട്.

- പരിസ്ഥിതി നശീകരണവും അതിന്റെ കാരണങ്ങളും പ്രത്യാഘാതങ്ങളും മനുഷ്യൻ പരിസ്ഥിതിയെ സമീപിക്കുന്ന രീതിക്ക് മാറ്റം വരുത്തണമെന്ന നിലപാടിന് ശക്തികൂട്ടി. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആരോഗ്യകരമായ ബന്ധം രൂപപ്പെടുത്തണമെന്ന ചിന്തയെ അടിസ്ഥാനപ്പെടുത്തി രൂപം കൊണ്ട ആശയങ്ങളാണ് ഗാഢപരിസ്ഥിതിവാദം, ഉചിത സാങ്കേതിക വിദ്യ, പാരിസ്ഥിതിക-ജൈവ സാമ്പത്തിക ശാസ്ത്രം എന്നിവ.

- പ്രകൃതിയുടെ ആവശ്യങ്ങളെ പരിഗണിക്കാത്ത ശാസ്ത്രവും മനുഷ്യന്റെ ആവശ്യങ്ങളെ പരിഗണിക്കാത്ത വികസനവും മനുഷ്യരാശിയുടെ അതിജീവനത്തിനുതന്നെ ഭീഷണിയായി മാറുകയാണ്. പ്രകൃതിയുമായുള്ള സഹവർത്തിത്വത്തിലൂടെ മനുഷ്യാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഒരു പുതിയവഴി ഗാന്ധിജി തന്റെ ഹരിത ചിന്തകളിലൂടെ ലോകത്തിന് തുറന്നു നൽകുന്നു. പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളോടുമുള്ള ആദരവും അഹിംസയും സഹകരണവുമാണ് ഗാന്ധിജി പരിസ്ഥിതി സംരക്ഷണത്തിനായി മാനവരാശിക്കു നൽകുന്ന ഹരിതമാർഗം.

സ്വയം വിലയിരുത്തൽ ചെക്ക് ലിസ്റ്റ്

ആശയം	പൂർണം	ഭാഗികം	മെച്ചപ്പെടേണ്ടതുണ്ട്
പരിസ്ഥിതി വിജ്ഞാനം, പരിസ്ഥിതി			
പരിസ്ഥിതി പ്രതിസന്ധിയും പ്രശ്നങ്ങളും			
പരിസ്ഥിതി മലിനീകരണങ്ങൾ			
ഹരിത രാഷ്ട്രീയം			
ഇന്ത്യയിലെ പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനങ്ങൾ			
പരിസ്ഥിതിവാദം പുതുവഴികൾ			
ഗാന്ധിയൻ പരിസ്ഥിതി ചിന്തകൾ			

തുടർമൂല്യ നിർണ്ണയ സാധ്യതകൾ

1) നമ്മുടെ ചുറ്റുപാടുകളിൽ നടക്കുന്ന വിവിധ തരം മലിനീകരണങ്ങൾ കണ്ടെത്തി ഓരോ മേഖലകളിലെയും ഉദാഹരണങ്ങൾ സഹിതം സമഗ്രമായ റിപ്പോർട്ട് തയാറാക്കുക.

2) ചിപ്കോ പ്രസ്ഥാനം നവധാന്യ, നർമദാ ബച്ചാവോ ആന്തോളൻ എന്നീ പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ കണ്ടെത്തി ക്രോഡീകരിച്ച് ലേഖനം തയാറാക്കുക.

പഠനപുരോഗതി വിലയിരുത്താം – ഉത്തരസൂചിക

1. ആവാസവ്യവസ്ഥ
2 ലളിതജീവിതം
3 ഹിന്ദ്സ്വരാജ്
4 മനുഷ്യർ
5 ജൈവവൈവിധ്യം
6 അദ്വൈതം
7 ക്ലോറോ ഫ്ളൂറോ കാർബൺ
8 നഗരവൽക്കരണം
9 യൂറോപ്പ്
10 സുന്ദർലാൽ ബഹുഗുണ
11 വന്ദന ശിവ
12 നർമദ ബച്ചാവോ ആന്ദോളൻ
13 റോം
14 ആർനെ നീസ്
15 ജെ.സി, കുമരപ്പ
16 സുസ്ഥിരത
17 അധ്വാനത്തെ അടിസ്ഥാനമാക്കിയുള്ള ലളിതജീവിതം

വിലയിരുത്തൽ ചോദ്യങ്ങൾ

1) പരിസ്ഥിതി വിജ്ഞാനം പരിസ്ഥിതി എന്നിവയെക്കുറിച്ച് കുറിപ്പ് എഴുതുക
2) പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് വിശദമാക്കുക
3) ജൈവവൈവിധ്യത്തിന്റെ പ്രാധാന്യം എന്തെന്ന് വ്യക്തമാക്കുക
4) വിവിധ തരത്തിലുള്ള മലിനീകരണത്തെപ്പറ്റി ഉപന്യാസം തയാറാക്കുക
5) ഗ്ലോബൽ ഗ്രീൻ ചാർട്ടറിനെപ്പറ്റി വിശദമാക്കുക
6) ചിപ്കോ സമരത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക
7) നവധാന്യ പ്രസ്ഥാനത്തിന്റെ വിവിധ കർമപരിപാടികൾ എന്തെല്ലാം
8) നർമദാ ബച്ചാവോ പ്രസ്ഥാനത്തെപ്പറ്റി കുറിപ്പ് തയാറാക്കുക
9) പരിസ്ഥിതിയും സാമ്പത്തിക ശാസ്ത്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വ്യക്തമാക്കുക
10) അനുയോജ്യ സാങ്കേതിക വിദ്യയുടെ പ്രസക്തിയെപ്പറ്റി ചർച്ചാക്കുറിപ്പെഴുതുക

11) ഗാന്ധിജിയുടെ പരിസ്ഥിതി ചിന്തകളെയും അവയുടെ പ്രസക്തിയെയും പറ്റി ഉപന്യാസം തയാറാക്കുക

വിലയിരുത്തൽ ചോദ്യങ്ങൾ – ഉത്തരസൂചിക

1) പരിസ്ഥിതി വിജ്ഞാനം, പരിസ്ഥിതി എന്നിവയുടെ നിർവചനം

2) കാലാവസ്ഥാ വ്യതിയാനം, ഓസോൺ പാളിയുടെ ശോഷണം, മരുവൽക്കരണം, വനനശീകരണം, ജൈവവൈവിധ്യ ശോഷണം, അപകടകാരികളായ രാസവസ്തുക്കളുടേയും മാലിന്യങ്ങളുടേയും വ്യാപനം

3) ജീവിവർഗങ്ങളുടെ വംശനാശം മനുഷ്യനുള്ള മുന്നറിയിപ്പ്, ജൈവവൈവിധ്യം, മനുഷ്യരാശിയുടെ നിലനിൽപ്പും ജൈവവൈവിധ്യവും

4) പരിസ്ഥിതി മലിനീകരണം, വായു മലിനീകരണം, ജലമലിനീകരണം, മണ്ണ് മലിനീകരണം, ശബ്ദമലിനീകരണം

5) ഗ്ലോബൽ ഗ്രീൻ ചാർട്ടർ

6) ചിപ്കോ പ്രസ്ഥാനം

7) നവധാന്യ പ്രസ്ഥാനം

8) നർമദാ ബച്ചാവോ പ്രസ്ഥാനം

9) പരിസ്ഥിതിയും സാമ്പത്തികശാസ്ത്രവും ഗാന്ധിയൻ ചിന്തകളിൽ

10) അനുയോജ്യ സാങ്കേതിക വിദ്യ

11) മഹാത്മാ ഗാന്ധിയുടെ പരിസ്ഥിതി ചിന്തകൾ, മഹാത്മാഗാന്ധിയുടെ പരിസ്ഥിതി ചിന്തകളുടെ പ്രസക്തി

തുടർപ്രവർത്തനങ്ങൾ

1) കേരളത്തിലെ പരിസ്ഥിതിയെക്കുറിച്ചും ജൈവവൈവിധ്യത്തെക്കുറിച്ചുമുള്ള സമഗ്രവും സചിത്രവുമായ റിപ്പോർട്ട് തയാറാക്കുക

2) പരിസ്ഥിതിയിൽ മനുഷ്യൻ നടത്തുന്ന ഇടപെടലുകൾ സൃഷ്ടിക്കുന്ന ദുരന്തങ്ങളെക്കുറിച്ചുള്ള ചാർട്ട് തയാറാക്കുക

3) ആഗോള താപനത്തിന്റെ പ്രത്യാഘാതങ്ങളെ തുറന്നുകാട്ടുന്ന ചർച്ച സംഘടിപ്പിക്കുക

4) പരിസര മലിനീകരണം ഒഴിവാക്കാൻ നടപ്പാക്കാനാകുന്ന ഉറവിട മാലിന്യ സംസ്കരണ പദ്ധതികളെക്കുറിച്ച് പഠനം നടത്തുക

5) വിവിധ രാജ്യങ്ങളിലെ പരിസ്ഥിതി പ്രസ്ഥാനങ്ങളെക്കുറിച്ചും പരിസ്ഥിതി സമരങ്ങളെപ്പറ്റിയും ചാർട്ട് നിർമിക്കുക

6) ജൈവവൈവിധ്യം, പരിസ്ഥിതി സംരക്ഷണം എന്നിവയെ മുൻനിർത്തി പശ്ചിമഘട്ടം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സമഗ്ര പഠന റിപ്പോർട്ട് തയാറാക്കുക

7) റേച്ചൽ കാഴ്സന്റെ നിശബ്ദ വസന്തം എന്ന പുസ്തകത്തിന് ആസ്വാദനക്കുറിപ്പ് തയാറാക്കുക

8) അനുയോജ്യ സാങ്കേതിക വിദ്യയെ മുൻനിർത്തി ലാറി ബേക്കറിന്റെ കെട്ടിക നിർമാണശൈലിയെപ്പറ്റി സചിത്ര പഠന റിപ്പോർട്ട് തയാറാക്കുക

9) ജൈവവൈവിധ്യത്തെ തിരിച്ചറിയുന്നതിനായി നിങ്ങളുടെ സമീപത്തുള്ള കാവുകൾ, കുളങ്ങൾ നദീതടങ്ങൾ ചെറുവനങ്ങൾ എന്നിവയിലേക്ക് പഠനയാത്ര സംഘടിപ്പിക്കുക

10) ഗാന്ധിജിയുടെ പരിസ്ഥിതി ചിന്തകളെ വിമർശനാത്മകമായി വിലയിരുത്തിക്കൊണ്ട് വിശദമായ കുറിപ്പ് തയാറാക്കുക

തുടർവായനാ സാമഗ്രികൾ

ഹരിതദർശനം, ജോൺസിയുടെ ആത്മകഥ, മാതൃഭൂമി, കോഴിക്കോട്

ജീവിതത്തിലേക്ക് മടങ്ങുക, സുന്ദർലാർ ബഹുഗുണ, മോഡേൺ ബുക്സ്, വയനാട്

അന്യംനിൽക്കുന്ന ജീവികൾ, എസ്. ശാന്തി, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

കാലാവസ്ഥയും ആവാസവ്യവസ്ഥയും, പ്രൊഫ എം.കെ. പ്രസാദ്, ഭാഷാ സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

മലയാളിയുടെ പാരിസ്ഥിതിക രാഷ്ട്രീയം സി.ആർ. നീലകണ്ഠൻ, ഭാഷാ സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

പരിസ്ഥിതി ശാസ്ത്രീയ വീക്ഷണം, ഒരു സംഘം ലേഖകർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

ജലവിവേകത്തിലേക്ക്, രാമസ്വാമി ആർ അയ്യർ, ഡി.സി. ബുക്സ്, കോട്ടയം

പ്രകൃതി, പരിസ്ഥിതി, ദാരിദ്ര്യം, ജലം, ഊർജം. ആനന്ദ്, ഡി.സി. ബുക്സ്, കോട്ടയം

ഭൂമിക്ക് ഒരവസരം നൽകൂ, പി.പി.കെ. പൊതുവാൾ, കേരള ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

സൈലന്റ് വാലി ഒരു പരിസ്ഥിതി സമരത്തിന്റെ ചരിത്രം, സജി ജെയിംസ്, ഡി.സി. ബുക്സ്, കോട്ടയം

പ്രകൃതി നിരീക്ഷണവുംഏ വ്യഖ്യാനവും, പ്രൊഫ, ജോൺ സി ജേക്കബ്, മലബാർ നാചറൽ ഹിസ്റ്ററി സൊസൈറ്റി, കോഴിക്കോട്.

ജൈവവൈവിധ്യം : നിരീക്ഷണവും പഠനപദ്ധതികളും, ഡോ. പി. പ്രമോദ്,

മലബാർ നാചറൽ ഹിസ്റ്ററി സൊസൈറ്റി, കോഴിക്കോട്.
ഹരിതരാഷ്ട്രീയം : ചരിത്രം, സിദ്ധാന്തം, പ്രയോഗം, ഡോ. ജോർജ്ജ് കെ. അല
ക്സ്, ഡി.സി. ബുക്സ്, കോട്ടയം

പദാവലി

പരിസ്ഥിതി വിജ്ഞാനം : ജീവികളും അവയുടെ ആവാസവ്യവസ്ഥയും തമ്മിലുള്ള ബന്ധത്തെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രശാഖ.

പരിസ്ഥിതി : പ്രകൃതിയിലെ ജീവജാലങ്ങളുടെ പ്രതികരണങ്ങളെ സ്വാധീനിക്കുന്ന ജൈവികവും ഭൗതികവുമായ അവസ്ഥകളുടെ ആകെത്തുകയാണ് പരിസ്ഥിതി.

ഉപഭോഗ സംസ്കാരം : കൂടുതൽ സാധനങ്ങളും സേവനങ്ങളും നേടുകയും ഉപയോഗിക്കുകയും ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന സാമൂഹിക, സാമ്പത്തിക ആശയം.

ജൈവവൈവിധ്യം : ഒരു പ്രത്യേക ചുറ്റളവിലുള്ള ആവാസ വ്യവസ്ഥയിൽ എത്ര തരം ജീവരൂപങ്ങൾ കാണപ്പെടുന്നു എന്നതാണ് ജൈവവൈവിധ്യം.

പരിസ്ഥിതി മലിനീകരണം : മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ദോഷകരമാകുംവിധം പരിസ്ഥിതിയിൽ ഉണ്ടാകുന്ന അനഭിലഷണീയമായ മാറ്റങ്ങൾ.

വായു മലിനീകരണം : ഹാനികരങ്ങളായ പദാർഥങ്ങൾ വായുവിലേക്ക് പുറന്തള്ളുന്നതുമൂലമുണ്ടാകുന്ന മലിനീകരണം.

ജലമലിനീകരണം : ജലാശയങ്ങൾ മലിനമാകുന്നതിലൂടെ ഉണ്ടാകുന്ന പരിസ്ഥിതി മലിനീകരണം.

മണ്ണ് മലിനീകരണം : മണ്ണിനെയും ഭൂഗർഭജലത്തെയും മലിനീകരിക്കുന്ന വിധത്തിലും പൊതുജനാരോഗ്യത്തിനു ഹാനികരമാകുന്ന വിധത്തിലും ഖരരൂപത്തിലോ, ദ്രാവകരൂപത്തിലോ നടത്തുന്ന മാലിന്യ നിക്ഷേപം.

ശബ്ദ മലിനീകരണം : ഒരു പ്രദേശത്തുള്ള ജീവജാലങ്ങൾക്കും മനുഷ്യനും അസ്വസ്ഥതയുണ്ടാക്കുന്ന തരത്തിൽ ഉയർന്ന ശബ്ദത്തിൽ അന്തരീക്ഷത്തിൽ ഉണ്ടാകുന്ന മലിനീകരണം.

ഗ്ലോബൽ ഗ്രീൻ ചാർട്ടർ : ലോകമെമ്പാടുമുള്ള ഗ്രീൻ പാർട്ടികളുടെ പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാന രേഖ.

ഗാഢപരിസ്ഥിതിവാദം : ഭൂമിയിലെ മനുഷ്യനുൾപ്പെടെയുള്ള കോടിക്കണക്കിന് ജീവജാലങ്ങൾ തമ്മിൽ ആന്തരിക പാരസ്പര്യത്തിന്റെ ഒരു അതീന്ദ്രിയ തലം ഉണ്ടെന്ന ആശയം.

പരിസ്ഥിതി വിജ്ഞാന സാമ്പത്തികശാസ്ത്രം : സാമ്പത്തികശാസ്ത്രത്തെ പരിസ്ഥിതിയുടെ ഭാഗമായിത്തന്നെ കാണുകയും മനുഷ്യ വികാസത്തിന് അനുഗുണമാകുന്ന തലത്തിലേക്കു വളർത്തിയെടുക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പഠനശാഖ.

പരിസ്ഥിതി സാമ്പത്തിക ശാസ്ത്രം : വികസനത്തിനായി മനുഷ്യൻ പ്രകൃതിയിൽ നടത്തുന്ന ഇടപെടലുകളിൽ ഒരേസമയം സാമ്പത്തിക ശാസ്ത്രത്തിന്റെയും പരിസ്ഥിതിയുടേയും മൂല്യം കണക്കാക്കി ലാഭനഷ്ടങ്ങൾ കണക്കാക്കുന്ന സാമ്പത്തിക ശാസ്ത്ര ശാഖ.

അനുയോജ്യ സാങ്കേതികവിദ്യ : സാങ്കേതിക വിദ്യ താഴേത്തട്ടിലേക്കെത്തുന്നതും ഒരു ജനതയുടെ സാമൂഹ്യ, പാരിസ്ഥിതിക, സാംസ്കാരിക, ആദ്ധ്യാത്മിക മേഖലകളിൽ ഒരു പോലെ ഗുണമുണ്ടാക്കുന്നതാകണമെന്നുമുള്ള കാഴ്ചപ്പാട്. എല്ലായിടത്തും ഒരു സാങ്കേതികവിദ്യ എന്നതിനുപകരം ഓരോ സമൂഹത്തിനും ഉചിതമായത് അവർത്തന്നെ വികസിപ്പിക്കുക എന്ന സമീപനം.



STATE COUNCIL OF EDUCATIONAL
RESEARCH AND TRAINING (SCERT)

KERALA STATE LITERACY MISSION
AUTHORITY (KSLMA)